
നേതൃസ്മൃതി

കെ.എം. സീതിസാഹിബ്



പി. ഖാലിദ്

കെ.എം.സീതി സാഹിബ്

പി.ഖാലിദ്



പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com

Malayalam
Nethrusmrithi - 10

K.M. Seethi Sahib

(Biography)
by
P.Khalid

General Editor
P.A.Rasheed

All rights reserved
First Edition : September 2013

Published by
Grace Educational Association
Regd 245/04
PB No. 3, Malappuram Dist. 676 317

Typesetting & Layout:
appletalk prindesign
Cover: entermedia
Printed at : Printers Port

Distributors
Grace Books
Camp Sayyid, PB No. 3
Malappuram Dist. 676317
9895114673, 9633902944

₹ 100.00

mappilaheritagelibrary.com

പ്രസാധകക്കുറിപ്പ്

നവകേരള ശില്പികളിലൊരാളായ കെ. എം. സീതിസാഹിബ് (1889 -1961) എക്കാലവും ഓർമ്മിക്കപ്പെടേണ്ട ധിഷണശാലിയായ നേതാവാണ്. അദ്ദേഹത്തെക്കുറിച്ചു പുതിയ തലമുറയ്ക്ക് അറിവ് പകരുക എന്ന ഉദ്ദേശ്യത്തോടെയാണ് ഗ്രേസ് എജ്യുക്കേഷണൽ അസോസിയേഷൻ ഈ കൃതി പ്രസിദ്ധീകരിക്കുന്നത്.

നിയമസഭാസാമാജികൻ, സ്പീക്കർ, പ്രഗത്ഭ വാഗ്മി, എഴുത്തുകാരൻ, സ്വാതന്ത്ര്യസമരസേനാനി, മുസ്‌ലിം ലീഗിന്റെ സമുന്നതനേതാവ് , വിദ്യാഭ്യാസപ്രവർത്തൻ, സംഘാടകൻ എന്നിങ്ങനെ ആ വ്യക്തിത്വത്തിന്റെ ബഹുമുഖശോഭ അനാവരണം ചെയ്യുന്ന ഗവേഷണപഠനങ്ങൾ തന്നെ ആവശ്യമാണ്. ആ ദിശയിൽ ഒരു സൂചകമായി ഈ കൃതി സ്വീകരിക്കപ്പെടുമെന്നു പ്രത്യാശിക്കുന്നു. പത്രപ്രവർത്തകനും കഥാകാരനായ പി. ഖാലിദ് ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നു.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രൊജക്ടുകളിൽ ഒന്നാണ് നേതൃസ്മൃതി. ഈ പരമ്പരയിലെ പത്താമത്തെ പുസ്തകമാണിത് ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറകൾക്കു കൈമാറാനുള്ള ഈ ശ്രമത്തെ മലയാളി വായനക്കാർ താൽപര്യപൂർവം സ്വീകരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്.

പ്രസിദ്ധീകരണത്തിന് സഹായിച്ച ദമാം മലപ്പുറം ജില്ലാ കെ.എം. സി.സി ക്കും ഭാരവാഹികളായ കുഞ്ഞിമുഹമ്മദ് കടവനാട്, അബ്ദുൽ റഷീദ് മങ്കട, അബൂബക്കർ ഹാജി ആനമങ്ങാട് എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com



പി. ഖാലിദ്

കൊണ്ടോട്ടി എരഞ്ഞോളി വീട്ടിൽ പാണ്ടികശാല മുഹമ്മദ് ബാവയുടേയും ഓടക്കൽ കതീശക്കുട്ടിയുടേയും മകനായി 1954 സെപ്തംബർ 9 ന് ജനനം. എടവണ്ണ ഇസ്‌ലാഹിയ ഓറിയന്റൽ ഹൈസ്കൂൾ, മമ്പാട് എം.ഇ.എസ്. കോളേജ് എന്നിവിടങ്ങളിലായി പഠനം. ഹൈസ്കൂൾ പഠന കാലത്ത് ചന്ദ്രിക, മാതൃഭൂമി വാരികകളിൽ എഴുത്തിന് തുടക്കം. 1977ൽ ചന്ദ്രികയിൽ എഡിറ്റോറിയൽ സ്റ്റാഫിൽ ചേർന്നു. മുപ്പത് വർഷത്തെ സേവനത്തിനുശേഷം ചന്ദ്രിക അസോസിയേറ്റ് എഡിറ്ററായിരിക്കെ വിരമിച്ചു.

പ്രസിദ്ധീകരിച്ച കൃതികൾ:

കാത്തുവെച്ച മോഹങ്ങൾ (നോവൽ)

നിലവിളികൾക്കെല്ലാം ഒരേ ഛായ (കഥാസമാഹാരം)

മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരക കമ്മിറ്റി അംഗം, കേരള വർക്കിംഗ് ജർണലിസ്റ്റ് യൂണിയൻ ദേശീയ കമ്മിറ്റി അംഗമായിരുന്നു.

സുലൈഖ : ഭാര്യ

സുഹാന, സുഹാദ്, സുഹാസ് : മക്കൾ

ഇന്റർമെൻ മുഹമ്മദലി : മരുമകൻ

വിലാസം: പി. ഖാലിദ്, വഴിയോരം, കോടങ്ങോട്
പി. ഒ. കൊണ്ടോട്ടി 673 638
ഫോൺ : 9656276735

mappilaheritagelibrary.com

ആമുഖം

ചരിത്രം ദാനവരമായി നല്കിയ സഫലജൻമമായിരുന്നു കെ. എം. സീതിസാഹിബിന്റേത്. ഒരു ജനതയ്ക്ക് വെളിച്ചമാകാൻ സ്വയം എരിഞ്ഞടങ്ങിയ ദീപശിഖ.

മലബാർ കലാപം ഇന്നും കാളിമയാർന്ന ഓർമ്മയാണ്. ജാലിയൻ വാലാബാഗ് കൂട്ടക്കുരുതി നടന്ന മൈതാനത്തിന്റെ ഓർമ്മപോലെ, ഭാരതയുദ്ധം കഴിഞ്ഞ കുരുക്ഷേത്രഭൂമിയുടെ ഓർമ്മ പോലെ.

കലാപത്തിനു ശേഷമുള്ള പത്തുവർഷക്കാലം മലബാർ ഇരുറുളുറങ്ങുന്ന നിഴൽമാലകളാൽ ആവരണം ചെയ്യപ്പെട്ടു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും കോൺഗ്രസിന്റേയും കാലൊച്ചകൾ അകന്നുപോയി. ഈ മൃതഭൂമിയിലേക്കാണ് ആർദ്രസാന്നിദ്ധ്യമായി കെ. എം. സീതിസാഹിബ് കടന്നുവന്നത്. ഖേദചിന്തകളിൽ ആണ്ടുകിടന്നിരുന്ന ഒരു ജനതയ്ക്ക് അദ്ദേഹം ഹരിതസ്വപ്നങ്ങൾ നൽകി. ആ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ സ്വയം എരിഞ്ഞടങ്ങി. കേരളത്തിൽ മറ്റൊരു നേതാവും തന്റെ സമുദായത്തിന് വേണ്ടി ഇങ്ങിനെ ജീവിച്ച് മരിച്ചിട്ടില്ല.

സീതിസാഹിബിന്റെ രാഷ്ട്രീയ ജീവചരിത്രം എഴുതുവാൻ ആജൻമ കൂട്ടുകാരൻ പി.എ. റഷീദ് പറഞ്ഞപ്പോൾ പകച്ചുപോയി. ചുറ്റിലുമുയർന്ന കാപട്യങ്ങളെ തന്റെ നിഷ്കളങ്കതകൊണ്ട് തോൽപ്പിച്ചുകളഞ്ഞ പുരുഷരത്നത്തെ വെറുമൊരു കഥയെഴുത്തുകാരനായ ഇവന് പകർത്താനാവുമോ? സന്ദേഹമായിരുന്നു ഉള്ളു നിറയെ. പലരും എഴുതിയതാണ് സീതിസാഹിബിന്റെ ചരിത്രം. 'ചരിത്രം മഹാനായ അധ്യാപകനാണ്. അനുഭവങ്ങളുടെ തുറന്നിടലിലൂടെ അത് മനുഷ്യനെ പ്രചോദിപ്പിക്കുന്നു. ഭാവിയുടെ താക്കോലെന്ന നിലയിൽ ഭൂതകാലത്തെക്കുറിച്ച് കൃത്യമായി അറിയുവാൻ ആഗ്രഹിക്കുന്നവർക്കുള്ളതാണ് ചരിത്ര'മെന്നു പറഞ്ഞത് പ്രശസ്ത ഗ്രീക്ക്ചിന്തകൻ തുസിഡൈസ് ആണ്. സ്മൃതികളുടെ ഏറ്റുപാടൽ കുടിയാണ് ചരിത്രം.

ആ ഒരർത്ഥത്തിൽ ഈ രചന വിജയിക്കുമോ എന്നറിയില്ല. എഴുതാനിരിക്കുമ്പോൾ മനസ്സ് ധ്യാനനിർഭരമായിരുന്നു എന്നെനിക്കറിയാം. ചില അദ്ധ്യായങ്ങളിൽ കണ്ണീർ വീണു. ഓരോ അദ്ധ്യായവും എഴുതിത്തീരുമ്പോൾ രത്നദീപ്തിയാർന്ന ആ പുഞ്ചിരി ഹൃദയത്തിൽ അണയാത്തിരിയായി മുനിഞ്ഞു കത്തുന്നുണ്ടായിരുന്നു. ജീവിതത്തിലുടനീളം സാ

mappilaheritagelibrary.com

തികപ്രകാശം പ്രസരിപ്പിച്ച ആ ധർമ്മതേജസ്സിനോടുള്ള നീതിയായിരിക്കേണമേ ഈ പുസ്തകമെന്ന് ഞാൻ പ്രാർത്ഥിച്ചു.

പ്രാർത്ഥന അല്ലാഹു സ്വീകരിച്ചുവോ ? കാലമാണ് ഉത്തരം.

ഈയൊരു ഗ്രന്ഥരചനയ്ക്ക് എന്നെ സ്നേഹപൂർവ്വം ശാസിച്ച, പേരിടാനാവാത്ത ബന്ധങ്ങളുടെ സുരഭിലകാലം കഴിഞ്ഞിട്ടില്ലെന്ന് എന്നെ ഓർമ്മിപ്പിച്ച പി. എ. റഷീദിന് കാലപ്പഴക്കത്താൽ ചതഞ്ഞരഞ്ഞ ' നന്ദി' കൊണ്ട് പൊതിയുന്നില്ല.

സഹോരദങ്ങളോടുള്ള കടപ്പാടുകൾക്ക് നാം നന്ദി പറയാറുമില്ല. സ്നേഹനിർഭരമായ വാക്കുകളാൽ ഈ രചനക്ക് ഊർജ്ജം പകർന്ന ഗ്രെയ്സ് ബുക്സ് അശ്റഫ് തങ്ങൾ, ചടുലമായ സമീപനങ്ങൾകൊണ്ട് എന്നെ പ്രചോദിപ്പിച്ച മൂജീബ് റഹിമാൻ എന്നിവർക്കും 'നന്ദിയില്ല.' പ്രാർത്ഥനാനിർഭരമായ ഹൃദയത്തോടെ ഈ പുസ്തകം ഞാൻ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കട്ടെ.

സ്നേഹപൂർവ്വം

നിങ്ങളുടെയെല്ലാം

പി. ഖാലിദ്

mappilaheritagelibrary.com

ഉള്ളടക്കം

1	അന്വേഷണങ്ങളുടെ ആരംഭം	9
2	പരിവർത്തനങ്ങളുടെ കാലം	20
3	മതമൈത്രിയുടെ സുഗന്ധം	38
4	കിനാവിലെ വസന്തങ്ങൾ	51
5	ചോരച്ചാലുകളിൽ അലിഞ്ഞ കണ്ണീർമഴ	63
6	ഗാന്ധിജിയെ വിസ്മയിപ്പിച്ച പരിഭാഷകൻ	72
7	കൊച്ചി നിയമസഭയിൽഎതിരില്ലാതെ	80
8	നിലാവും മഞ്ഞും പെയ്യുന്നനദീതീര രാത്രി	95
9	പരീക്ഷണങ്ങളുടെ കാലം	108
10	കോൺഗ്രസ്സിനോട് വിട	118
11	മാഞ്ഞും തെളിഞ്ഞും ചന്ദ്രിക	126
12	മുസ്‌ലിം ലീഗ് പടരുന്നു	139
13	അടയുന്ന വാതിലുകൾ	152
14	ഒരു പരിഭാഷയുടെ ഓർമ്മ	161
15	മാറ്റുരയ്ക്കലിന്റെ ദിനരാത്രങ്ങൾ	171
16	മരണഗന്ധം വീശിയടിച്ച ചുടലക്കാറ്റ്	180
17	പിടയുന്ന മനസ്സോടെ ഒരു വേർപിരിയൽ	192
18	പരീക്ഷണ നാളുകളിൽ ഒരു കോളേജ്	202
19	അഗ്നിജ്വാലയിൽ ഒരു വസന്തം	211
20	തെരഞ്ഞെടുപ്പുകൾക്കിടയിൽ ചോരപ്പാട്	222
21	ഒരു സമ്മേളനത്തിന്റെ അലയൊലികൾ	229
22	കാറ്റിലുലയാത്ത കനക ദീപസ്തംഭം	238
23	കണ്ണീരിന്റെ സ്ഫടികജാലകങ്ങൾ	251
24	പുതുയുഗപ്പിറവിയിലൊരുചുവപ്പ് രാശി	257
25	ശാശ്വതസത്ത പകരുമൊരുജീവരേഖ	266
26	വിഭ്രാന്തമായ ദുരന്തകാലം	277
27	മൗനത്തിന്റെ ഹൃദ്യനാദം	285
28	യുഗസന്ധ്യ	296

mappilaheritagelibrary.com

mappilaheritagelibrary.com

ഒന്ന്
അന്വേഷണങ്ങളുടെ ആരംഭം

സാമൂഹികവും രാഷ്ട്രീയവുമായ അരാജകത്വമായിരുന്നു പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കേരളത്തിലെ അവസ്ഥ. അതുവരെ ടിപ്പുസുൽത്താന്റെ ഭരണം തെല്ലൊരാശ്വാസം അവർക്ക് നൽകിയിരുന്നു. മലബാറിലെ ടിപ്പുസുൽത്താന്റെ പരാജയം വീണ്ടും ദുരിതങ്ങളുടെ നിലയില്ലാകയങ്ങളിലേക്കാണു കേരളീയരെ, പ്രത്യേകിച്ച് മലബാറിലെ ജനതയെ തള്ളിയിട്ടത്.

1781-ലായിരുന്നു ടിപ്പുസുൽത്താൻ തന്റെ സൈന്യത്തിന്റെ നേതൃത്വം ഏറ്റെടുത്ത് ഈസ്റ്റിന്ത്യാകമ്പനിയോടു നേരിട്ടുള്ള യുദ്ധത്തിന് തയ്യാറായത്.

ടിപ്പു മലബാറിൽ പ്രവേശിച്ചതോടുകൂടി ചരിത്രത്തിൽ പുതിയൊരു അധ്യായം തന്നെ എഴുതിച്ചേർക്കപ്പെടുകയായിരുന്നു. മലബാർ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത മഹാസംഭവങ്ങൾക്കാണ് ടിപ്പുവിന്റെ ആഗമനത്തോടെ പില്ക്കാലം സാക്ഷ്യം വഹിച്ചത്.

ഇംഗ്ലീഷുകാരോട് നീക്കുപോക്കില്ലാത്ത യുദ്ധത്തിന് ജീവിതം അർപ്പിച്ച ടിപ്പു മഹാസംഭവങ്ങൾ സൃഷ്ടിച്ച ചരിത്രപുരുഷനായി. ടിപ്പുവിന്റെ പടയോട്ടക്കാലത്തെപ്പറ്റി ആശയക്കുഴപ്പം സൃഷ്ടിക്കുന്ന ചരിത്രരചനകളാണ് ഇംഗ്ലീഷ് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളത്. അന്ധമായ ടിപ്പുവിരോധമായിരുന്നു ഇതിന്റെ അടിസ്ഥാനം. പാവപ്പെട്ട കൃഷിക്കാർക്കുവേണ്ടി ജന്മിമാരോടും നാടുവാഴികളോടും ഏറ്റുമുട്ടിയതാണ് ടിപ്പുവിന്റെ ചരിത്രം. മലബാറിലെ മുസ്ലിംകളടക്കമുള്ള കൃഷിക്കാർ ജന്മിമാരിൽനിന്നും മാടമ്പിമാരിൽനിന്നും രക്ഷനൽകണമെന്നപേക്ഷിച്ചുകൊണ്ട് ടിപ്പുസുൽത്താന്റെ പിതാവ് ഹൈദരലിഖാന് നൽകിയ നിവേദനത്തെ തുടർന്നാണ് മൈസൂർ സുൽത്താനായിരുന്ന ഹൈദരലിയുടേയും തുടർന്ന്, മകനായ ടിപ്പുവിന്റെയും പടനീക്കങ്ങൾ കേരളത്തിലേക്കും പ്രത്യേകിച്ച് മലബാറിലേക്കും നീണ്ടത്.

ടിപ്പുവിന്റെ സമരത്തെ മതഭ്രാന്തായി ചിത്രീകരിക്കപ്പെട്ടത് വിശ്വാസ്യത നഷ്ടപ്പെട്ട ചരിത്രത്തിലെ ഇരുണ്ട ഏടുകളാണിന്ന്. വസ്തുനിഷ്ഠമായ ചരിത്രാന്വേഷണത്തിന്റെ ഫലമായി ഇത്തരം കറുത്ത ഏടുകൾ ചരി

mappilaheritagelibrary.com

ത്രത്തിന്റെ താളുകളിൽ നിന്നും ചീന്തികൊണ്ടിരിക്കുന്നു ഇപ്പോൾ.

ടിപ്പുവിനെ സഹായിച്ചു എന്നതിന്റെ പേരിൽ നാട്ടിലെ നാടൻപ്രമാണിമാരിൽ നിന്നും ഭൂപ്രഭുക്കന്മാരിൽ നിന്നും കൊടിയ യാതനകളും മർദ്ദനങ്ങളുമാണ് മുസ്‌ലിംകളടക്കമുള്ള സാധാരണ ജനത അനുഭവിച്ചത്. ടിപ്പുവിന്റെ ഭരണകാലത്ത് സ്വതന്ത്രമായ അഭിപ്രയപ്രകടനങ്ങൾ നടത്താൻ സ്വാതന്ത്ര്യമുണ്ടായിരുന്ന നാട്ടുരാജാക്കന്മാർപോലും ഇംഗ്ലീഷ് ശക്തിയുടെ മുമ്പിൽ നിശ്ശബ്ദരായി.

ഇംഗ്ലീഷുകാർ മലബാറിൽ സാമൂതിരിയേയും ചിറയ്ക്കൽ, അറക്കൽ, കോട്ടയം, കടത്തനാട്, വള്ളുവനാട് തുടങ്ങിയ രാജാക്കന്മാരേയും മാലിക്ഖാനും മറ്റുപദവികളും നൽകി ഭരണത്തിൽ നിന്നു അകറ്റി. സിംഹാസനാരോഹണം എന്ന നാമമാത്രമായ ചടങ്ങുകളിൽ പൊലിപ്പിച്ച് നിർത്തി അവർ രാജാക്കന്മാരെ.

ഭൂവുടമകളേയും നമ്പൂതിരിമാരേയും മറ്റിടത്തരം ജന്മിമാരേയും (ഇവരിൽ മുസ്‌ലിംകളും, ഹിന്ദുക്കളും ഉണ്ടായിരുന്നു) ഭൂവുടമാവകാശം നൽകി പ്രീണിപ്പിച്ചു. അവരുടെ ഭൂമികളിൽ പണിയെടുത്തു കഴിയുന്ന കുടിയാന്മാരുടെ വിധിനിർണ്ണയിക്കാനുള്ള അവകാശം ജന്മിമാർക്ക് തന്നെ നൽകി. നാടുവാഴികളും ഇംഗ്ലീഷുകാരുടെ മറപിടിച്ച് മുസ്‌ലിംകളുടെ അവകാശങ്ങൾ ഓരോന്നായി എടുത്തുമാറ്റുവാൻ തുടങ്ങി. ടിപ്പുവിന്റെ കാലത്തുണ്ടായിരുന്ന സ്വച്ഛന്ദത ഇല്ലാതാവുകയായിരുന്നു. രാജ്യം അരക്ഷിതമായ ഒരു ചുറ്റുപാടിലേക്ക് നീങ്ങിക്കൊണ്ടിരുന്നു.

മുസ്‌ലിംകളുടെ അവകാശങ്ങൾക്ക് പരിരക്ഷനൽകണമെന്ന് അവരുടെ നേതാക്കൾ ഇംഗ്ലീഷ് ഭരണാധികാരികളോട് അപേക്ഷിച്ചുവെങ്കിലും അതെല്ലാം ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. ടിപ്പുവിനെ സഹായിച്ചു എന്നതിന്റെ പേരിൽ മലബാർ മാപ്പിളമാരെ ദ്രോഹിക്കുവാൻ ഇംഗ്ലീഷ് ഭരണകൂടം അത്യുത്സാഹം കാണിക്കുകയും ചെയ്തു.

ഇംഗ്ലീഷ് മേധാവിത്വത്തിനെതിരെ സംഘടിതവും അസംഘടിതവുമായ നിരന്തര ഏറ്റുമുട്ടലുകൾ പലയിടങ്ങളിലും അരങ്ങേറി. മുസ്‌ലിംകളുടെ അവസ്ഥ കൂടുതൽ കൂടുതൽ ദയനീയമാവുകയായിരുന്നു.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊമ്പതാം നൂറ്റാണ്ടിലും നടന്ന ഇത്തരം ദുഃഖസംഭവങ്ങൾ കാരണം മലബാറിലെ മാപ്പിളമാർക്കിടയിൽ സാമ്പത്തികാധഃപതനം തലപൊക്കാൻ തുടങ്ങി. 1832ൽ മലബാറിൽ സംഭവിച്ച ഭൂകമ്പവും തുടർന്നുണ്ടായ വെള്ളപ്പൊക്കവും അവരെ ദാരിദ്ര്യത്തിൽ മുക്കി.

മതരംഗമാണെങ്കിൽ ഇതിലും പരിതാപകരവും കുത്തഴിഞ്ഞതുമായിരുന്നു. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകിക്കഴിഞ്ഞിരുന്ന വിഭാഗമായിരുന്നു ഭൂരിഭാഗം മുസ്‌ലിംകളും. അവരുടെ അജ്ഞതയും അറിവ് നേടണമെന്ന വിചാരമില്ലായ്മയും നാശത്തിന്റെ പടുകുഴിയിലേക്കാണ് അവരെ നയിച്ചത്.

mappilaheritagelibrary.com

ഈ അവസരത്തിൽ തന്നെയാണ് ക്രിസ്ത്യൻ പാതിരിമാരിൽ നിന്നും അതിശക്തമായ എതിർപ്പുകൾ മുസ്ലിംകൾക്ക് നേരിടേണ്ടിവന്നതും.

ഇസ്ലാമിനേയും തിരുനബിയേയും അധിക്ഷേപിച്ചും അവഹേളിച്ചും കേരളമൊട്ടാകെ അവർ യഥേഷ്ടം ചുറ്റിസഞ്ചരിച്ചു.

ഇതിനവർക്ക് സർക്കാറിന്റെ നിർലോഭമായ സഹായവും ഉണ്ടായിരുന്നു.

ക്രൈസ്തവരുടെ ഈ മുന്നേറ്റം ഫലപ്രദമായി തടഞ്ഞുനിർത്തുവാൻ ജീവിതം ബലിയർപ്പിച്ച കേരളീയ നവോത്ഥാനനായകരിൽ അഗ്രഗണ്യ നായിരുന്നു സനാഉല്ല മക്തി തങ്ങൾ.

സയ്യിദ് മുഹമ്മദ് മഖ്ദൂസഖാഫ് തങ്ങളുടെ പുത്രനായ സയ്യിദ് അഹ മ്മദ് തങ്ങളാണു മക്തിതങ്ങളുടെ പിതാവ്. ശരീഫാ ബീവിയാണ് മാതാ വ്. ചാവക്കാട് ഹയർഎലിമെന്ററി സ്കൂളിൽ നിന്നു വിദ്യാഭ്യാസം നേടി അറബി, മലയാളം, ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, പേർഷ്യൻ, തമിഴ് ഭാഷക ളിൽ പ്രാവീണ്യം നേടി. ബ്രിട്ടീഷ് സർക്കാറിനു കീഴിൽ ഏതാനുംവർ ഷം എക്സൈസ് ഇൻസ്പെക്ടറായി ജോലിചെയ്തു. മതപ്രചാരണത്തിൽ താല്പര്യം ജനിച്ച് ജോലി രാജിവെച്ച് മുഴുസമയം സമുദായോദ്ധാരക നായി. കേരളമുസ്ലിം സമൂഹത്തിൽ ആദ്യമായി മലയാള ഗദ്യത്തിൽ എഴുതി അച്ചടിച്ചത് മക്തിതങ്ങളാണ്. 30 ലധികം കൃതികൾ മലയാള ത്തിലും അറബിമലയാളത്തിലുമായി രചിച്ചു.

1888ൽ കോഴിക്കോടുനിന്ന് 'പരോപകാരി' എന്ന മാസിക ആരംഭിച്ചു. 1890-ൽ അറബി മലയാളത്തിൽ ഒരു ദിനപത്രം ഇറക്കി. 1899-ൽ 'സത്യ പ്രകാശം' വാരിക കൊച്ചിയിൽ നിന്ന് ആരംഭിച്ചു. 1909-ൽ ഇറങ്ങിയ 'തുർ ക്കി സമാചാരം' എന്ന സായാഹ്ന പത്രമാണ് മക്തി തങ്ങളുടെ അവസാ നത്തെ പത്രം. 1912-ൽ സെപ്തംബർ 18ന് ഫോർട്ട് കൊച്ചിയിൽ അദ്ദേ ഹം മരണപ്പെട്ടു.

മലബാറിലെ ഇരുളടഞ്ഞ സാമൂഹ്യജീവിതത്തിന് നെയ്ത്തിരി പക രാനെത്തിയവരിൽ മുൻപന്തിയിലാണ് വെളിയങ്കോട് ഉമർ ഖാസിയും സ നാഉല്ല മക്തി തങ്ങളും. ദാരിദ്ര്യത്തിന്റെ നീരാളിപ്പിടുത്തത്തിൽ നിന്നും ആത്മീയതയുടെ തകർച്ചയിൽ നിന്നും മലബാർ മുസ്ലിംകളെ രക്ഷി ച്ചെടുക്കുവാൻ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെതന്നെ മക്തി തങ്ങളെപ്പോലുള്ള മതപണ്ഡിതന്മാരും അപൂർവ്വം ചില ധനാഢ്യരും ആ വേശപൂർവ്വം പ്രവർത്തിച്ചു.

മക്തി തങ്ങൾ പാറശ്ശാല മുതൽ മംഗലാപുരം വരെ ഏകനായി സ ഞ്ചരിച്ച് തന്റെ സമുദായോദ്ധാരണ പ്രവർത്തനങ്ങളിൽ മുഴുകി.

ബ്രീട്ടീഷ് സർക്കാറിന്റെ നിരന്തരമായ പകപോക്കലുകളിൽ മനം മടു ത്ത് ഈ കാലഘട്ടങ്ങളിൽ മലബാറിലെ നിരവധി മുസ്ലിം കുടുംബ ങ്ങൾ തിരുവിതാംകൂർ ഭാഗങ്ങളിൽ കുടിയേറിപ്പാർത്തു.

ഇതോടുകൂടി മുസ്ലിംകളിൽ പുതിയൊരു ഉണർവ്വ് സംജാതമായി. ആത്മീയവും രാഷ്ട്രീയവുമായ പുതിയൊരു വെളിച്ചത്തിലേക്ക് അവർ

mappilaheritagelibrary.com

നയിക്കപ്പെട്ടു.

തിരുവിതാംകൂറിലെ കുന്നത്തനാട് താലൂക്ക് മാറമ്പള്ളി മുറിയിൽ അബ്ദുൽ സീതി ജനിച്ചത് അക്കാലത്ത് ഏറ്റവും പ്രശസ്തിയാർജ്ജിച്ച കോട്ടപ്പുറം തറവാട്ടിലായിരുന്നു.

ചെറുപ്പത്തിൽ തന്നെ ചിന്താശക്തി പ്രകടിപ്പിച്ച ഒരു ബാലനായിരുന്നു കോട്ടപ്പുറത്ത് അബ്ദുൽ സീതി. കാര്യങ്ങളെ കാരണസഹിതം നോക്കിക്കാണുന്ന ഒരു പ്രകൃതമായിരുന്നു അബ്ദുൽ സീതിയുടേത്. അന്നത്തെ പ്രശസ്ത ഇസ്ലാം മതപഠനകേന്ദ്രമായ പൊന്നാനിയിലാണ് അദ്ദേഹം തന്റെ മതപഠനം പൂർത്തിയാക്കിയത്. ഇവിടെ നിന്നും മതസംബന്ധമായ വിവിധ വിഷയങ്ങളിൽ അദ്ദേഹം പാണ്ഡിത്യം നേടി. തുടർന്ന് കൊച്ചിയിലെ വൈപ്പിൻകരയിലുള്ള മറ്റൊരു സ്ഥാപനത്തിൽ ചേർന്ന് പ്രാഥമിക വിദ്യാഭ്യാസം കരസ്ഥമാക്കി.

ഈ കാലത്ത് അദ്ദേഹത്തെ തേടി നിരവധി മതസ്ഥാപനങ്ങൾ വന്നു. പള്ളിയിൽ ഖതീബായും ദർസുകളിൽ മുദരിസായും ജോലി വാഗ്ദാനം ചെയ്തുകൊണ്ടുള്ള സ്ഥാപനങ്ങൾ. പക്ഷേ ആ അപേക്ഷകളൊന്നും അദ്ദേഹം സ്വീകരിച്ചില്ല.

ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കൃഷിയും വ്യാപാരവുമാണ് അദ്ദേഹം തെരഞ്ഞെടുത്തത്. ഈ രണ്ട് രംഗത്തും അദ്ദേഹം അതീവ ശ്രദ്ധ പുലർത്തി. ഇതിനെ തുടർന്ന് അദ്ദേഹം സാമ്പത്തികമായി ഉയർന്നു.

പിതാവിന്റെ മരണത്തെ തുടർന്ന് അബ്ദുൽ സീതി താമസം പഴയ കൊച്ചി സംസ്ഥാനത്തിലെ കുഴപ്പിള്ളിയിലേക്ക് മാറ്റി. അവിടത്തെ പൗര പ്രമുഖനും ധനാഢ്യനുമായിരുന്ന വലിയവീട്ടിൽ കൊച്ചു ബാവയുടെ പുത്രി ഫാത്വിമയെ വിവാഹം കഴിച്ചു.

അബ്ദുൽ സീതി ഫാത്വിമ ദമ്പതികൾക്ക് അഞ്ച് പുത്രന്മാരുണ്ടായി.

തുടർന്ന് അബ്ദുൽ സീതി കൊടുങ്ങല്ലൂരിലെ ഏറിയാട് പ്രദേശത്തെ പൗരപ്രമാണി കറുകപ്പാടത്ത് മാളിയം വീട്ടിൽ കുഞ്ഞിപ്പോക്കർ കുട്ടി സാഹിബിന്റെ പുത്രി കൊച്ചു ഖദീജയെ വിവാഹം കഴിച്ചു.

ഖദീജയിൽ അബ്ദുൽ സീതിക്ക് 1874 ൽ ജനിച്ച സീമന്ത പുത്രനാണ് സീതിമുഹമ്മദ്. സമുദായത്തിൽ അക്കാലത്ത് നടമാടിയിരുന്ന അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഒരിക്കലും അംഗീകരിച്ചിരുന്നില്ല അബ്ദുൽ സീതി.

രോഗശയ്യയിലായപ്പോൾ അദ്ദേഹം മകൻ സീതിമുഹമ്മദിനെ അരികിൽ വിളിച്ചുകൊണ്ട് പറഞ്ഞു. "ഞാൻ മരണപ്പെട്ടാൽ ഒരിക്കലും എന്റെ ചാവടിയന്തിരം നടത്തരുത്." മക്തി തങ്ങളുടെ സമുദായോദ്ധാരണ പ്രവർത്തനങ്ങൾ അബ്ദുൽ സീതിയിലും പരിവർത്തനം സൃഷ്ടിക്കുന്നുണ്ടായിരുന്നു. മകൻ സീതി മുഹമ്മദിന്റെ ഹൃദയത്തിലേക്ക് ഉപ്പ അബ്ദുൽസീതി പകർന്ന പുരോഗമന ചിന്തയുടെ ആദ്യ കിരണം. അതവിടെ നിറഞ്ഞു കത്തുവാൻ തുടങ്ങി.

mappilaheritagelibrary.com

1902 ൽ അബ്ദുൽ സീതി മരണപ്പെട്ടു. മകൻ സീതി മുഹമ്മദ് ഉപ്പയുടെ ആജ്ഞ അക്ഷരംപ്രതിയനുസരിച്ചു. അബ്ദുൽ സീതിയുടെ ചാവടിയന്തിരം നടന്നില്ല. നാട്ടിലത് വമ്പിച്ച കോലാഹലമാണു ഉയർത്തിയത്.

***

ആയിരത്തി എണ്ണൂറുകൾ ഇന്ത്യയുടെ ചരിത്രത്തിൽ വിക്ഷോഭമായ ഒരു കാലത്തെയാണു അടയാളപ്പെടുത്തുന്നത്.

ചരിത്ര വിക്ഷോഭങ്ങളുടെ കാലം. ആ കാലത്തായിരുന്നു ബ്രിട്ടീഷുകാർ ശിപായി ലഹള എന്ന് പരിഹസിച്ച ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപ്പുറപ്പെട്ടത്. 1857-ൽ. ഇന്ത്യൻ മുസ്ലിംകളുടെ തകർച്ചയുടെ സമാരംഭം കൂടിയായി 1857.

ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ മുസ്ലിംകൾ ആവേശത്തോടെയാണ് പങ്കെടുത്തത്. സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ബ്രിട്ടീഷ് അധികാരികളിൽ നിന്ന് അതികഠിനമായ ശിക്ഷാമുറകളാണ് മുസ്ലിംകൾക്ക് നേരിടേണ്ടിവന്നത്. മുസ്ലിംകളുടെ നിലനില്പിനെ തന്നെ ബാധിച്ച ശിക്ഷാമുറകൾ. സമരത്തിന്റെ പരാജയത്തെത്തുടർന്ന് ഇന്ത്യ പൂർണ്ണമായും ബ്രിട്ടന്റെ ഭരണത്തിൻ കീഴിലായി. ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്നും 1857-ലെ സായുധ കലാപത്തെത്തുടർന്ന് ഇന്ത്യയുടെ ഭരണം ബ്രിട്ടൻ നേരിട്ട് കയ്യാളാൻ തുടങ്ങി. ബ്രിട്ടന്റെ പ്രതിനിധികളായി വൈസ്രോയിമാർ ഇന്ത്യയിലെത്തി. അതൊരു പുതിയ ഭരണ ക്രമത്തിന്റെ തുടക്കമായിരുന്നു. ഇന്ത്യൻ മുസ്ലിംകളുടെ ദുരിതകാലത്തിന്റെയും. അതുവരെ ഉത്തരേന്ത്യ മുഴുവൻ മുഗൾരാജവംശത്തിന്റെ ഭരണത്തിൻകീഴിലായിരുന്നുവല്ലോ. മുഗളർ അവരുടെ നാടിന്റെ സംസ്കാരമോ ആചാരാഘോഷങ്ങളോ ഇന്ത്യയിൽ പ്രചരിപ്പിക്കുവാനോ അടിച്ചേല്പിക്കുവാനോ തുനിഞ്ഞിരുന്നില്ല. പകരം അവർ ഇന്ത്യൻ സംസ്കാരവുമായി ഇഴുകിച്ചേരുകയായിരുന്നു. ഹിന്ദുസ്ഥാനിൽ പുതിയൊരു സംസ്കാരം അതോടെ ഉയിരെടുത്തു.

ഒരു പുതിയ സംസ്കാരത്തിന്റെ അരുണോദയം. ചിത്രകലയിലും സംഗീതത്തിലും വിദ്യാഭ്യാസത്തിലുമെന്നുവേണ്ട നാനാതുറകളിലും ഈ സംസ്കാരത്തിന്റെ സ്വാധീനം കാണപ്പെട്ടു. പുതിയ ഉയരങ്ങൾ താണ്ടിയ ഒരു ജീവിതരീതി ജനതയ്ക്ക് ലഭിച്ചു. 'ഭാരതീയ പൈതൃകം' എന്ന സുപ്രസിദ്ധ കൃതിയിൽ പ്രൊഫ: ഹുമയൂൺ കബീർ ഈ സാംസ്കാരിക സമന്വയത്തെ ഹിന്ദുസ്ഥാനി ജീവിതരീതി എന്നാണു വിശേഷിപ്പിച്ചത്.

ഈ ജീവിതതാളത്തിനാണു ബ്രിട്ടന്റെ കോടാലി വീണത്. ബ്രിട്ടീഷ് ഇന്ത്യയുടെ നിഷ്ഠൂരമായ നടപടികളെത്തുടർന്ന് രാജ്യം അരക്ഷിതാവസ്ഥയിലായി. സംസ്കാരങ്ങൾ പലായനം ചെയ്തു. ഭരണകർത്താക്കളാകേണ്ടവർ തെരുവിലലഞ്ഞു. ഇന്ത്യൻ ജനതക്ക് ഇത് സഹിക്കാവുന്നതിലപ്പുറമായിരുന്നു. അവിടെ ഹിന്ദുവും മുസൽമാനും ഉണ്ടായിരുന്നില്ല; ഒരൊറ്റമനസ്സ്. പരുപരുത്ത ജീവിതയാഥാർത്ഥ്യങ്ങൾ ഇന്ത്യൻസമൂഹമ

mappilaheritagelibrary.com

നഃസാക്ഷിയെ തട്ടിയുണർത്തി. സ്വത്വബോധവും സ്വാതന്ത്ര്യബോധവും അവരുടെ ഉള്ളിൽ ജ്വലിക്കാൻ തുടങ്ങി. അവർ മറ്റെല്ലാം മറന്നു. സ്വാതന്ത്ര്യത്തിനായി തെരുവിലിറങ്ങി. അതൊരു സായുധ കലാപമായിരുന്നു. അതായിരുന്നു 1857 ലെ ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം.

വ്യക്തമായ ദിശാബോധമോ നേതൃത്വമോ ഇല്ലാതെപോയ പരാജയപ്പെട്ട ഒരു സമരമായി അത് മാറി. ഹിന്ദുക്കളും മുസ്‌ലിംകളും മതപുരോഹിതരും ധനാഢ്യരും സാധാരണക്കാരും ഒന്നിച്ച് അണിനിരന്നിട്ടും വിജയിക്കാതെ പോയ എന്നാൽ വിജയിക്കുമെന്ന് ബ്രിട്ടീഷുകാർ ഭയപ്പെട്ട സമരം അങ്ങിനെ അതിദയനീയമാം വിധം പരാജയപ്പെട്ടു. വ്യവസായിക വിപ്ലവത്തെ തുടർന്ന് അധുനാതുനമായ ആയുധങ്ങളുപയോഗിച്ച് ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാൻ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് വലിയ ക്ലേശമൊന്നും ഉണ്ടായില്ല.

***

ഒന്നാം സ്വാതന്ത്ര്യസമരത്തിന് മുമ്പുതന്നെ മുസ്‌ലിംകളെ സംശയദൃഷ്ടിയോടെയാണ് ബ്രിട്ടീഷ് അധികാരികൾ നോക്കിക്കണ്ടിരുന്നത്. മുസ്‌ലിംകൾ വിശ്വസ്തരല്ലെന്ന മുൻവിധിയിലായിരുന്നു അവർ. ഒന്നാം സ്വാതന്ത്ര്യസമരാനന്തരം മുസ്‌ലിംകളുടെ നില കൂടുതൽ പരുങ്ങലിലായി.

പുതിയ ഭരണാധികാരികൾ, പുതിയ ഭരണകൂടം, പുതിയഭാഷ, അറിയാത്ത സംസ്കാരത്തിന്റെ അടിച്ചേൽപ്പിക്കൽ. മുസ്‌ലിം സമൂഹത്തെ ആകമാനം നിരാശയുടെ കാർമേഘം വന്നു മൂടി. സമരത്തിന് നേതൃത്വം നൽകിയത് മുസ്‌ലിം പണ്ഡിതന്മാരായിരുന്നുവെന്ന് ബ്രിട്ടീഷ്കാർക്കറിയാമായിരുന്നു. മുസ്‌ലിം പണ്ഡിതന്മാർ സമരത്തിന് മതപരമായ സാധുതയും നൽകിയിരുന്നു. തുടർന്നാണ് അതൊരു ബഹുജന മുന്നേറ്റമായി ഉത്തരേന്ത്യ മുഴുവൻ പടർന്നത്.

വളരെ വൈകാതെ തന്നെ ബ്രിട്ടീഷ് സർക്കാർ പ്രതികാരനടപടികളും ആരംഭിച്ചു. സായുധസമരത്തിന്റെ ഉത്തരവാദിത്തം മുസ്‌ലിംകളിൽ അടിച്ചേൽപ്പിക്കപ്പെട്ടു. അനേകം മുസ്‌ലിംകളെ നിസ്സാരകാരണങ്ങൾ ഉന്നയിച്ച് തൂക്കിക്കൊന്നതായി 'ഡെസ്റ്റിനി ഓഫ് ഇന്ത്യൻ മുസ്‌ലിം' എന്ന ചരിത്ര ഗ്രന്ഥത്തിൽ പ്രശസ്ത പണ്ഡിതൻ ഡോ: ആബിദ് ഹുസൈൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഉയർന്നവരും ഇടത്തരക്കാരുമായ കുടുംബങ്ങളേയും നാശം അഭിമുഖീകരിച്ചു. അവരെയെല്ലാം സർക്കാർ ഉദ്യോഗങ്ങളിൽ നിന്നു ബ്രിട്ടീഷ് ഭരണകൂടം നീക്കി. കൂട്ടക്കൊലകളുടെ ദിവസങ്ങളായിരുന്നു പിന്നീട്. ഒരൊറ്റ ദിവസം മാത്രം പതിനായിരം മുസ്‌ലിംകൾ വരെ വധിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. വഖഫ് സ്വത്തുക്കൾ പിടിച്ചെടുക്കപ്പെട്ടു, മദ്രസാവിദ്യാഭ്യാസം മരവിപ്പിക്കപ്പെട്ടു. ഒരു ജനതയുടെ ഭാഷയും സംസ്കാരവും നശിപ്പിക്കുവാനായി ബോധപൂർവം നിർമ്മിക്കപ്പെട്ട പദ്ധതിയായിരുന്നു ഇവയൊക്കെയും.

മുസ്‌ലിംകളാണെന്ന് തിരിച്ചറിയുന്നവരെ വെടിയുണ്ടകൾക്കിരയാക്കി.

mappilaheritagelibrary.com

ജീവനോടെ തിളച്ച എണ്ണയിൽ മുക്കിക്കൊന്നു. തെരുവീഥികളിലെ മര ച്ചില്ലകളിൽ മുസ്‌ലിംകളുടെ മയ്യിത്തുകൾ തൂങ്ങിക്കിടന്നു.

ആരാധനാലയങ്ങളിൽ ഓഫീസുകൾ തുറന്നു. ഹൗളുകളിൽ കുതി രച്ചാണകം കലക്കി. പള്ളികളിൽ കുതിരകളെ ബന്ധിച്ചു. എന്നുവേണ്ട മനുഷ്യത്വം മരവിപ്പിക്കുന്ന പകപോക്കലുകൾ നിർബാധം നടന്നുകൊ ണ്ടിരുന്നു. മുസ്‌ലിംകളിൽ നിന്നും തൂക്കിലേറ്റപ്പെട്ടവർ മാത്രം ഇരുപതി നായിരം വരുമെന്ന് കണക്കാക്കുന്നു.

മുഗളവംശത്തിന്റെ വേരറുക്കുക എന്നതും ബ്രിട്ടീഷ് സർക്കാറിന്റെ ലക്ഷ്യമായിരുന്നു. അവസാനത്തെ മുഗൾ ചക്രവർത്തി ബഹദൂർഷാക്ക് അഭയം നൽകാമെന്ന് വാഗ്ദാനം ചെയ്തശേഷം അദ്ദേഹത്തെയും ഭാ ര്യയേയും കുടുംബത്തെ മുഴുവനും ചങ്ങലകളിൽ പൂട്ടി തെരുവീഥികളി ലൂടെ നടത്തിച്ചു. പുത്രന്മാരായ മീർസാ മുഗൽ, മീർസാ ഖിള്ർ, മീർസാ അബൂബക്കർ എന്നിവരുടെ അറുത്തെടുത്ത ശിരസ്സുകൾ പിതാവായ രാ ജാവിന് പ്രഭാതഭക്ഷണമായി തളികയിൽ വച്ചുകൊടുത്തു.

അനന്തരം ഈ ശിരസ്സുകൾ ഡൽഹിയിലെ ഖുനിർദർവാസ (രക്തക വാടം) യിൽ കെട്ടിത്തൂക്കി. (സ്വാതന്ത്ര്യ സമരം: നഷ്ടപ്പെട്ട താളുകൾ)

1857-ൽ ഉത്തരേന്ത്യയിൽ സ്വാതന്ത്ര്യസമരം ആളിപ്പടരുമ്പോൾതന്നെ മലബാറിലും സമരങ്ങൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. ഉത്തരേന്ത്യയിൽ ഉണ്ടാ കുന്ന ചെറുചലനങ്ങൾ പോലും അക്കാലങ്ങളിൽ കേരളത്തിലും, പ്ര ത്യേകിച്ച് മലബാറിലും അലയടിച്ചു. സംഘടിതമായ രൂപത്തിലായിരു ന്നില്ലെങ്കിലും 1857-ലെ സ്വാതന്ത്ര്യ സമരത്തിൽ കേരളവും അതിന്റെ തായ പങ്ക് നിർവഹിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക പ്രശ്നങ്ങളെ മുൻനിർത്തിയാണ് ദേശീയ സമര പ്രസ്ഥാനം കേരളത്തിൽ, പ്രത്യേകിച്ച് മലബാറിൽ ഉടലെടുത്തത്.

കർഷകരെ ദ്രോഹിക്കുന്ന നിലപാടുകളായിരുന്നു ഭൂരിഭാഗം ജന്മികളും അനുവർത്തിച്ചിരുന്നത്. സംഘടിതരായ ജന്മികളുടെ കർഷകദ്രോഹ ന ടപടികൾക്ക് നാടുവാഴികൾ കൂട്ടുനിന്നു. അതിൽ നിന്നും നുരപൊങ്ങിയ കർഷകരോഷമാണ് നാടുവാഴിവിരോധമായും പിന്നീട് സ്വാതന്ത്ര്യ സമ രമായും പൊട്ടിപ്പുറപ്പെട്ടത്.

വിദേശശക്തികൾക്കെതിരായി തിരുവിതാംകൂറിലും മലബാറിലും പൊ ട്ടിപ്പുറപ്പെട്ട സമരങ്ങളുടെ പശ്ചാത്തലം ഇത്തരം രോഷപ്രകടനങ്ങൾ കൂ ടിയാണ്. സർക്കാർ ജന്മികൾക്കൊപ്പം നിന്നതോടെ സമരം സർക്കാറി നെതിരെ തിരിഞ്ഞത് സ്വാഭാവികം. വേലുത്തമ്പിദവളയുടേയും പഴശ്ശി രാജാവിന്റെയും നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യസമരങ്ങളുടെ അടി സ്ഥാനവും ഇതുതന്നെയായിരുന്നു.

1857ലെ ലഹളയോടൊപ്പം കേരളത്തിലും സമരം പൊട്ടിപ്പുറപ്പെടാൻ ഇതെല്ലാം കാരണങ്ങളാണ്. ബ്രിട്ടീഷുകാർ കൊണ്ടുവന്ന കൊളോണി യൽ നാടുവാഴി സാമ്പത്തികക്രമത്തിനെതിരെ ആഞ്ഞടിച്ചുകൊണ്ടാണ്

mappilaheritagelibrary.com

1857-ൽ മലബാറിലെ മാപ്പിളമാർ സമരത്തിലേക്ക് ചാടിവീണത്.

ബ്രിട്ടീഷ് മേധാവിത്വത്തെ ചോദ്യം ചെയ്യാനും ധിക്കരിക്കുവാനും ചെറിയ ചെറിയ സംഘങ്ങളും വ്യക്തികളും ധൈര്യസമേതം രംഗത്തുവരുന്നതും ഈ വേളയിലാണ്.

1857 സെപ്തംബർ 30 ന് കോട്ടയം തങ്ങളുടെ ബന്ധുവായ മായൻ തലശ്ശേരിയിലെ നിരത്തുവക്കുകളിൽ നിന്നും ഒറ്റയ്ക്ക് ബാങ്ക് വിളിക്കുകയും "അല്ലയോ ജനങ്ങളേ നിങ്ങൾക്ക് ഉണരാറായില്ലേ? അങ്ങ് ഉത്തരദേശത്ത് വെള്ളക്കാർക്കെതിരെ നമ്മുടെ ജനം യുദ്ധം ആരംഭിച്ചിരിക്കുന്നു." എന്ന് നിരത്ത് വക്കിൽ നിന്നും ഉറക്കെ വിളിച്ചു പറയുകയും ചെയ്തു. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ബ്രീട്ടീഷുകാർക്കെതിരെ സമരം തുടങ്ങിയെന്നും മലബാർ മാപ്പിളമാർ ഈ അവസരം പാഴാക്കരുതെന്നും അദ്ദേഹം പറയുന്നുണ്ടായിരുന്നു. ഈ സമയത്ത് ഉത്തരേന്ത്യക്കൊപ്പം തന്നെ ബ്രിട്ടീഷുകാർ മലബാറിലും അതീവശ്രദ്ധ പുലർത്തി. ഉത്തരേന്ത്യക്ക് മുമ്പു തന്നെ സമരം പൊട്ടിപ്പുറപ്പെട്ട ദേശമായിരുന്നുവല്ലോ മലബാർ.

റോഡരികിൽ പ്രസംഗിച്ചു നിന്ന മായനെ ബ്രിട്ടീഷ് പോലീസ് പിടിച്ച് ജയിലിലടച്ചു. ക്രൂരമർദനങ്ങൾക്ക് വിധേയനാക്കി. മർദനങ്ങൾ സഹിക്കാനാവാതെ ആ ധീരദേശാഭിമാനി ജയിലിൽ മരണപ്പെട്ടു.

കണ്ണൂർ, തലശ്ശേരി, കോഴിക്കോട് പട്ടണങ്ങളിൽ ബ്രിട്ടീഷ് പട്ടാളം തയ്യാറായിനിന്നു. ഏറനാട്ടിലെ പൊന്മളയിൽ പൂവാടൻ കുഞ്ഞിപ്പഹാജിയും കൂട്ടുകാരും ജനങ്ങളെ ആവേശഭരിതരാക്കികൊണ്ടിരുന്നു. ബ്രിട്ടീഷുകാർ ചെയ്യുന്ന കിരാതപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി നാടൊട്ടുക്കും സമരവീര്യം തുളുമ്പുന്ന മാപ്പിളപ്പാട്ടുകൾ രചിക്കപ്പെട്ടു. 1843-1852 വർഷങ്ങളിൽ ബ്രീട്ടീഷുകാർക്കെതിരെ പൊരുതിമരിച്ച പൂർവഗാമികളുടെ അപദാനങ്ങൾ പാടിപ്പുകഴ്ത്തിക്കൊണ്ടും ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരത്തിന്റെ അനിവാര്യത ഊന്നിപ്പറഞ്ഞുകൊണ്ടുമുള്ള മാപ്പിളപ്പാട്ടുകൾ ബ്രിട്ടീഷുകാരുടെ ഉറക്കം കെടുത്തി. ഉത്തരേന്ത്യയിൽ നടക്കുന്ന സ്വാതന്ത്ര്യസമരത്തിന് കുഞ്ഞിപ്പഹാജീയും കൂട്ടുകാരും പ്രചോദനം നൽകിയെന്നാരോപിച്ച് ബ്രിട്ടീഷ്സർക്കാർ അവരെ തടങ്കലിലാക്കി. പിന്നീട് കൊന്നുകളഞ്ഞു.

ഉത്തരേന്ത്യയിൽ നടന്ന ഒന്നാം സ്വാതന്ത്ര്യസമരത്തിനു പോലും മലബാറിലെ യുവകേസരികൾ പ്രചോദനം നൽകി എന്നു വേണം മനസ്സിലാക്കാൻ.

പുറത്തറിയപ്പെടാതെപോയ ഒരേറ്റുമുട്ടലായിരുന്നു 1857 ൽ മലബാറിലെ മാപ്പിളമാർ ബ്രിട്ടീഷുകാരുമായി നടത്തിയ ഏറ്റുമുട്ടലുകൾ. ഈ സമരത്തിന് വർഗ്ഗീയച്ഛായ നൽകി തരംതാഴ്ത്തി അടിച്ചമർത്തുകയായിരുന്നു ബ്രിട്ടീഷ് സർക്കാർ. നിരന്തരമായ ഇത്തരം സമരങ്ങളും കലാപങ്ങളും മുസ്ലിംകളെ സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പുറകോട്ട് വലിച്ചു. മലബാറിലെ മാപ്പിളമാർ തലമുറകളിലൂടെ

mappilaheritagelibrary.com

അവരുടെ സമരവീര്യം നിലനിർത്താൻ നടത്തിയ തീക്ഷ്ണസമരങ്ങൾ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിലെ ഐതിഹാസിക സംഭവങ്ങൾക്ക് ആവേശം പകർന്നുനൽകിയിട്ടുണ്ടെങ്കിലും അവയൊക്കെയും എല്ലാനിലയിലും തകരുകയായിരുന്നു.

അവരുടെ മക്കൾ അനാഥരാക്കപ്പെട്ടു. നിരാലംബരായ മാപ്പിള സ്ത്രീകളെ അതിഘോരമായ വനപ്രദേശങ്ങളുള്ള, നരഭോജികൾ മേയുന്ന ആന്തമാൻദ്വീപുകളിലേക്ക് നാടുകടത്തി. പുരുഷന്മാർ നാടുകടത്തപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തു. അവിരാമം നടന്നുകൊണ്ടിരുന്ന ഇത്തരം സംഭവങ്ങൾ സമുദായസ്നേഹികളായ പണ്ഡിതന്മാരേയും ചുരുക്കം ചില ധനാഢ്യരേയും ഇരുത്തിച്ചിന്തിപ്പിച്ചു.

ഒരേസമയം ഉത്തരേന്ത്യയിലും മലബാറിലും ഇത്തരം ചിന്താസരണികൾ ഉണ്ടായി. നിരാശയിൽ മുങ്ങിയ ഉത്തരേന്ത്യൻ മുസ്ലിംകളെ ഈ പതനത്തിൽ നിന്നും കരകയറ്റാൻ ഉൽബുദ്ധരായ ഒരു പറ്റം മുസ്ലിംകൾ അന്വേഷണം തുടങ്ങി.

ഇതിന്റെ ഫലമായിട്ടാണ് 1863 ൽ നവാബ് അബ്ദുൽ ലത്തീഫിന്റെ നേതൃത്വത്തിൽ കൽക്കത്തയിൽ മുഹമ്മദൻ ലിറ്റററി സൊസൈറ്റി ആരംഭിക്കുന്നത്. മാറിവരുന്ന പരിതസ്ഥിതിക്കനുസരിച്ച് മുസ്ലിംകളെ സജ്ജരാക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശ്യം. ആധുനിക വിദ്യാഭ്യാസം നേടണമെന്നും വിദ്യാസമ്പന്നരാകണമെന്നും അദ്ദേഹം മുസ്ലിംകളെ ഉദ്ബോധിപ്പിച്ചു.

എന്നാൽ മുസ്ലിം ജനസാമാന്യത്തിന്റെ ഉള്ളിൽ ഉറഞ്ഞുനിന്നിരുന്ന ബ്രിട്ടീഷ് വിരോധത്തെ അലിയിച്ചു കളയാൻ ഈ സംരംഭങ്ങൾക്കൊന്നുമായില്ല. അവർ നവാബിന്റെ നവീകരണ പ്രസ്ഥാനവുമായി യോജിച്ചു പോകാൻ വിസമ്മതിച്ചു. വിവിധങ്ങളായ എതിർപ്പുകളെ നേരിടേണ്ടിവന്നതും പരിമിതമായ വിഭവശേഷിയും നവാബിന്റെ പ്രസ്ഥാനത്തെ തകർത്തു കളഞ്ഞു.

ഇന്ത്യയിലാകമാനം പ്രസരിക്കേണ്ടിയിരുന്ന നവാബ് ലത്തീഫിന്റെ വൈജ്ഞാനിക വിപ്ലവജ്വാല ഒരു കരിന്തിരിയായി എരിഞ്ഞടങ്ങി. ഫിനിക്സ് പക്ഷി ചാരത്തിൽ നിന്ന് ഉയർന്നുപൊങ്ങുമെന്ന് പറയും പോലെ പരാജയപ്പെട്ട നവാബ് ലത്തീഫിന്റെ വൈജ്ഞാനിക വിപ്ലവത്തിന്റെ ആശയങ്ങളിൽ ആവേശം പൂണ്ട് ഒരാൾ രംഗത്ത് വന്നു- സർ സയ്യിദ് അഹ്മദ് ഖാൻ.

പരാജയപ്പെട്ട നവാബ് സർസയ്യിദിൽ ഒരുൾവിളിയായി. മേധാശക്തിയും ആജ്ഞാശക്തിയും ഒന്നിച്ചുചേർന്ന പ്രതിഭാസമ്പന്നനായിരുന്നു സർ സയ്യിദ് അഹ്മദ് ഖാൻ.

അദ്ദേഹം ബ്രീട്ടീഷ് സർക്കാറിന്റെ കീഴിൽ പ്രാപ്തനായൊരു സിവിൽ ഉദ്യോഗസ്ഥനായിരുന്നു. മുസ്ലിംകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി അദ്ദേഹം അലിഗഡിൽ ഒരു കോളേജ് ആരംഭിച്ചു. നവാബ്

mappilaheritagelibrary.com

അബ്ദുൽ ലത്തീഫിന് നേരിട്ടതുപോലെതന്നെ അഹ്മദ് ഖാനും മുസ്ലിംകളിൽ നിന്നും രൂക്ഷമായ എതിർപ്പുകൾ നേരിടേണ്ടിവന്നു. അദ്ദേഹം പക്ഷേ നിരാശനായില്ല. അലിഗഡ് കോളേജിന്റെ പ്രവർത്തനത്തിന് വേണ്ടി അദ്ദഹം സ്വന്തം വർഗ്ഗത്തിൽപ്പെട്ട അലിഗഡിലെ ധനാഢ്യരെയും സെമീന്ദാർമാരേയും സമീപിച്ചു. അവർ അദ്ദേഹത്തെ സഹായിച്ചു. ഈ സ്ഥാപനമാണു പില്ക്കാലത്ത് അലിഗഡ് സർവ്വകലാശാലയായി ഉയർന്നത്.

ഇതേ അവസ്ഥതന്നെയായിരുന്നു ഈ കാലഘട്ടത്തിൽ കേരളത്തിലും അരങ്ങേറിയിരുന്നത്. പാശ്ചാത്യ വിദ്യാഭ്യാസത്തോടുള്ള എതിർപ്പ് കേരള മുസ്ലിംകളിൽ പ്രത്യേകിച്ച് മലബാറിലെ മുസ്ലിംകളിൽ രൂക്ഷമായ നിലയിലാണു പ്രകടമായിരുന്നത്.

ഇംഗ്ലീഷുകാരോടുള്ള വിരോധം അവരുമായി ബന്ധപ്പെട്ടതിനെയെല്ലാം ബഹിഷ്കരിക്കുക എന്ന നിലപാടിലേക്കാണ് അവരെ എത്തിച്ചത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു നേരെ മുഖംതിരിക്കാൻ അവരെ പ്രേരിപ്പിച്ചതും ഇതുതന്നെയായിരുന്നു.

അങ്കുശമില്ലാത്ത സ്വാതന്ത്ര്യബോധം, അതെങ്ങിനെ സർഗ്ഗാത്മകമായി പ്രാവർത്തികമാക്കാം എന്നു മാത്രം അവർക്കറിയാതെപോയി.

മോചനം അവരാഗ്രഹിച്ചു. അതെങ്ങിനെ നേടിയെടുക്കാനാകുമെന്ന ബുദ്ധിപരമായ നേതൃത്വം നൽകാൻ അവർക്കാരുമുണ്ടായിരുന്നില്ല. ഇടക്കിടെ പൊട്ടിപ്പുറപ്പെട്ട കലാപങ്ങളിൽ പ്രകടമായിരുന്നത് അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന സ്വാതന്ത്ര്യബോധമായിരുന്നു.

ഇതേകാലത്താണ് മക്തിതങ്ങളും യുവാവായ ശൈക്ക് ഹമദാനി തങ്ങളും അവരുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങിയിരുന്നതും. ചന്തകളിലും കവലകളിലും ക്രിസ്ത്യൻ മിഷനറിമാർ ഇസ്ലാമിനെതിരെയും അന്ത്യപ്രവാചകനെതിരേയും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പ്രസംഗിക്കുവാനും അവഹേളിക്കുവാനും തുടങ്ങിയപ്പോൾ അതിനെ വസ്തുനിഷ്ഠമായി അപഗ്രഥിച്ച് അവരുടെ വായ്ത്താരികൾക്കെതിരെ ചുട്ടമറുപടികൾ കൊടുത്തുകൊണ്ടാണ് സനാഉല്ല മക്തി തങ്ങൾ തന്റെ പ്രവർത്തനങ്ങൾ സജീവമാക്കിയത്. സ്വന്തം സമുദായത്തിൽ നിന്നും ക്രിസ്ത്യൻ മിഷനറിമാരിൽ നിന്നും കൂട്ടമായ എതിർപ്പുകളുണ്ടായിട്ടും തളരാതെ അദ്ദേഹം ഏകനായിത്തന്നെ മുന്നോട്ട് പോയി. ദ്വിമുഖ എതിർപ്പുകളായിരുന്നു അദ്ദേഹത്തിന് നേരിടാനുണ്ടായിരുന്നത്. ക്രിസ്ത്യൻ മിഷനറിമാർ പ്രവർത്തിച്ചിരുന്നത് ബ്രീട്ടീഷ് സർക്കാറിന്റെ ധനസഹായത്തോടെയായിരുന്നുവെങ്കിൽ മക്തി തങ്ങൾക്ക് എവിടെ നിന്നും സഹായം ലഭിച്ചില്ല. തന്റെ കിടപ്പാടം വരെ അന്യാധീനപ്പെടുത്തിയാണ് അദ്ദേഹം സമൂഹത്തിന് വെളിച്ചമായത്.

മക്തി തങ്ങളെ അല്പമെങ്കിലും സഹായിച്ചിരുന്നത് ഹിന്ദുക്കളായിരുന്നു. ഹിന്ദുപുരാണങ്ങളിലും ഇതിഹാസങ്ങളിലുമുള്ള അദ്ദേഹത്തിന്റെ

mappilaheritagelibrary.com

അഗാധമായ ജ്ഞാനം അദ്ദേഹത്തെ ഒരു പുണ്യപുരുഷനായി കാണാനാണ് അവരെ പ്രേരിപ്പിച്ചത്. പരിഷ്കരണ പ്രവർത്തനങ്ങൾ ഭൂരിപക്ഷം മുസ്ലിംകളും മനസ്സിലാക്കുന്നില്ലല്ലോ എന്ന വ്യഥ മക്തി തങ്ങളെ അവസാന നാളുകളിൽപ്പോലും അലട്ടിയിരുന്നു. എന്നാൽ ചുരുക്കം ചിലരിൽ അദ്ദേഹം പകർന്ന അഗ്നി ഒരു ജ്വാലയായ് പടരുന്നുണ്ടായിരുന്നു. അവരിൽ ഒരാളായിരുന്നു അബ്ദുൽ സീതി. അതുകൊണ്ടായിരുന്നുവല്ലോ തന്റെ ചാവടിയന്തിരം നടത്തരുതെന്ന് അദ്ദേഹം മകൻ സീതി മുഹമ്മദിനോട് മരണക്കിടക്കയിൽ കിടന്നുകൊണ്ട് പറഞ്ഞതും.

mappilaheritagelibrary.com

രണ്ട്
പരിവർത്തനങ്ങളുടെ കാലം

മക്തി തങ്ങളും ഹമദാനി ശൈഖ് തങ്ങളും അക്കാലത്ത് നടത്തിക്കൊണ്ടിരുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ ബഹുഭൂരിപക്ഷം ജനങ്ങളും സ്വീകരിച്ചിരുന്നില്ലെങ്കിലും ചുരുക്കം ചിലരിൽ അത് പരിവർത്തനങ്ങളുടെ, അനുരണനങ്ങൾ സൃഷ്ടിച്ചു. അതിൽപ്പെട്ട ഒരാളായിരുന്നു അബ്ദുൽ സീതി. 1874 ൽ അബ്ദുൽ സീതിയുടെ സീമന്തപുത്രനായി സീതി മുഹമ്മദ് ജനിച്ചു.

അക്കാലത്ത് യഥാസ്ഥിതികത്വത്തിനെതിരെയും സ്ത്രീവിദ്യാഭ്യാസത്തിനായും മക്തി തങ്ങൾ രചിച്ച ഒരു കാവ്യ ശകലമായിരുന്നു

അടുക്കളവിട്ട് പോയില്ല.
അറിവുള്ളോരെ കണ്ടില്ല
കിത്താബൊന്നും പഠിച്ചില്ല
ഫത്വാക്കൊട്ടും മുട്ടില്ല.

മരുമക്കത്തായ സമ്പ്രദയത്തിനെതിരെയും സ്ത്രീ വിദ്യാഭ്യാസത്തിനു വേണ്ടിയും മക്തി തങ്ങൾ നിരന്തരം പോരാടി. കേരള മുസ്ലിംകളുടെ നവോത്ഥാന നായകൻ എന്ന് ചരിത്രം അദ്ദേഹത്തെ വിശേഷിപ്പിച്ചു.

മാറിയ പരിതസ്ഥിതിയിൽ മുസ്ലിം ജനത പുതിയകാലത്തെ പഠിക്കണമെന്നും ഉൾക്കൊള്ളണമെന്നും അതുവഴി മാത്രമേ പുരോഗതി ഉണ്ടാവുകയുള്ളൂവെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു വേണ്ടിയും സ്ത്രീ വിദ്യാഭ്യസത്തിനു വേണ്ടിയും ശക്തിയുക്തം വാദിച്ചതിനാൽ അദ്ദേഹത്തിന് നാനാഭാഗങ്ങളിൽ നിന്നും ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നു.

മക്തി തങ്ങളുടെ പുരോഗമനാശയങ്ങൾക്കും അദ്ദേഹത്തിന്റെ പ്രസിദ്ധീകരണങ്ങൾക്കും പ്രചാരണം നൽകുവാനായി പ്രവർത്തിച്ചവരിൽ മുമ്പന്തിയിലായിരുന്നു യുവത്വത്തിലേക്ക് കാലെടുത്തു വെച്ചുകൊണ്ടിരുന്ന സീതി മുഹമ്മദ്.

ആ കൂട്ടത്തിൽ യുവാക്കളായ കെ.എം. മൗലവിയും ഇ.കെ മൗലവിയും ഉണ്ടായിരുന്നു.

കെ.എം. മൗലവി, ഇ.കെ മൗലവി, വക്കം എം. മുഹമ്മദ് അബ്ദുൽ

mappilaheritagelibrary.com

ഖാദർ മൗലവി, മക്തി തങ്ങൾ, ശൈഖ് ഹമദാനി തങ്ങൾ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എന്നിവരുടെ സമകാലീനനായി അവരിൽ നിന്നും പ്രസരിച്ച ചിന്താധൂസരം ഏറ്റുവാങ്ങിവളർന്ന യുവാവായിരുന്നു കോട്ടപ്പുറം സീതി മുഹമ്മദ്.

തന്റെ സമ്പത്തും സമയവും അദ്ദേഹം ഇവരുടെ ആശയാദർശങ്ങൾ പ്രചരിപ്പിക്കുന്നതിനായി വിനിയോഗിച്ചു.

ഈ അബ്ദുൽ സീതി മകൻ സീതി മുഹമ്മദിന്റെ നെഞ്ചിൽ കൊളുത്തിവെച്ച നെയ്ത്തിരി അണയാതെ സൂക്ഷിക്കുകയായിരുന്നു ആ ചെറുപ്പക്കാരൻ.

ആറാമത്തെ വയസ്സിൽ തന്നെ സീതി മുഹമ്മദ് ഖുർആൻ പാരായണം ആരംഭിച്ചിരുന്നു. സമുദായമധ്യത്തിൽ വളർന്നുവന്ന അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും സീതിമുഹമ്മദ് ശക്തിയായി എതിർത്തുകൊണ്ടിരുന്നു.

ഇസ്ലാമിക കാര്യങ്ങളെക്കുറിച്ചും, വിശ്വാസാനുഷ്ഠാനങ്ങളെക്കുറിച്ചുമുള്ള അറിവ് പിതാവ് അബ്ദുൽ സീതിയിൽ നിന്നുതന്നെ അദ്ദേഹം കരസ്ഥമാക്കിയിരുന്നു. അറബി വ്യാകരണം, കർമശാസ്ത്രം തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം അവഗാഹം നേടി.

സീതി മുഹമ്മദിന്റെ സ്വഭാവരൂപീകരണത്തിലും വിദ്യാഭ്യാസകാര്യത്തിലും മാതാപിതാക്കൾ തുടക്കം മുതൽതന്നെ അതീവശ്രദ്ധ പുലർത്തി. ഗുരുകുല സമ്പ്രദായത്തിലുള്ള നാട്ടാശാന്മാരിൽ നിന്നായിരുന്നു അദ്ദേഹം മാതൃഭാഷയിൽ പരിജ്ഞാനം നേടിയത്.

അക്കാലത്ത് കിട്ടാവുന്ന വിദ്യാഭ്യാസമെല്ലാം മകൻ സീതി മുഹമ്മദിന് ലഭ്യമാക്കാൻ അബ്ദുൽ സീതി അതീവ ശ്രദ്ധാലുവായിരുന്നു.

വിജ്ഞാനസമ്പാദനത്തിലും മതപരവും സാമൂഹികവുമായ പരിഷ്കരണ പ്രവർത്തനങ്ങളിലും സജ്ജീവമായിരിക്കുമ്പോഴും ഉപ്പയെപ്പോലെ തന്നെ കൃഷിയിലും വ്യാപാരത്തിലും സീതിമുഹമ്മദും ശ്രദ്ധിച്ചു.

അതിനാൽ ധനപരമായി സ്വന്തം നിലയ്ക്കു തന്നെ വളരെ ഉയർന്ന നിലയിൽ എത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു.

അയ്യാലിൽ ഞാറവളപ്പിൽ കുഞ്ഞുമരയ്ക്കാർ അഹമ്മദ് മുസ്ല്യാരെന്ന പണ്ഡിതന്റെ കീഴിൽ നിന്നായിരുന്നു സീതി മുഹമ്മദ് മതപരമായ ഉപരിപഠനം നടത്തിയിരുന്നത്. ഗുരുവും ശിഷ്യനും വാദപ്രതിവാദങ്ങൾ പതിവായിരുന്നു.

ഹജ്ജിന് പോകുന്നതിനു മുമ്പേ അതേക്കുറിച്ച് ഇ.കെ.മൗലവിയിൽ നിന്ന് വിശദമായി പഠിച്ചറിഞ്ഞതിനു ശേഷമാണ് സീതി മുഹമ്മദ് ഹജ്ജിന് പുറപ്പെട്ടത്.

അറിയുന്നതിലും പഠിച്ചുവെച്ച കാര്യങ്ങൾ സ്വജീവിതത്തിൽ പകർത്തുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

ഖുർആനും സുന്നത്തും അനുസരിച്ച് മതപ്രബോധനം നടത്തുവാൻ

mappilaheritagelibrary.com

കേരളത്തിലെ മതപണ്ഡിതന്മാർക്ക് അദ്ദേഹം പ്രോത്സാഹനം നൽകി.

ഉൽപതിഷ്ണുക്കളായ മുസ്‌ലിം പണ്ഡിതന്മാർക്ക് ഈ പ്രോത്സാഹനം അക്കാലങ്ങളിൽ ഏറെ സഹായകമായി. ഇതു വഴിയാണ് ഇസ്‌ലാഹിപ്രസ്ഥാനത്തിന് കേരളത്തിൽ വേരോട്ടമുണ്ടായത്. കേരള മുസ്‌ലിംകളെ ഭൗതികമായും ആത്മീയമായും ഉയർത്തിക്കൊണ്ടുവരുവാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ഈ ആവശ്യത്തിനായി പൊന്നാനി മഊനത്തുൽ ഇസ്‌ലാം സംഘത്തിന്റെ ഒരു ശാഖ 1901-ൽ അഴീക്കോട് സ്ഥാപിച്ചു. ശാഖയുടെ പ്രഥമ സെക്രട്ടറി സീതി മുഹമ്മദ് തന്നെയായിരുന്നു.

സ്വമേധയാ ഇസ്‌ലാം മതം സ്വീകരിക്കുവാൻ വരുന്നവർക്കും മതവിജ്ഞാനം ആർജിക്കുവാൻ താല്പര്യമുള്ളവർക്കും അദ്ദേഹം നിർലോഭമായ സഹായങ്ങൾ നൽകി. ഇതിനായി തന്റെ സമ്പാദ്യം അദ്ദേഹം യഥേഷ്ടം ചെലവഴിച്ചു.

ഇത്തരം സൽക്കർമ്മങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതോടൊപ്പം തന്നെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും തിന്മകൾക്കുമെതിരെ നിർഭയം പോരാടുകയും ചെയ്തു. കച്ചവടവും വ്യവസായവുമെല്ലാം അദ്ദേഹം സമുദായ പരിഷ്കരണോദ്ദേശ്യത്തിനായി നീക്കിവെച്ചു.

1903 ൽ അഴിക്കോട്ടും പരിസരങ്ങളിലും പടർന്നു പിടിച്ച കോളറ മാരകമായിരുന്നു. എത്രയോ ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ടു ആ മഹാമാരി അവിടെ ഭീകരനൃത്തമാടി. ദുരിതത്തിലായ ജനങ്ങളെ സേവിക്കുവാൻ സീതി മുഹമ്മദ് നേരിട്ടിറങ്ങുകയായിരുന്നു. രോഗികളെ ശുശ്രൂഷിക്കാനും അവർക്കുവേണ്ടി ധനം ചെലവഴിക്കുവാനും അദ്ദേഹം മുൻപന്തിയിൽ നിന്നുതന്നെ പ്രവർത്തിച്ചു.

1902-ൽ പിതാവ് അബ്ദുൽ സീതി മരണപ്പെട്ടു. അബ്ദുൽ സീതി മരണപ്പെട്ട് പത്തു വർഷം കഴിഞ്ഞപ്പോൾ 1912-ൽ സനാഉല്ലാ മക്തി തങ്ങൾ രോഗം മൂർച്ഛിച്ച് ഈ ലോകത്തോട് വിടപറയുകയുണ്ടായി.

ക്രിസ്ത്യൻ മിഷനറിമാരുമായുള്ള നിരന്തര സംവാദവും പ്രഭാഷണങ്ങളും അതിനായി നടത്തിയ തുടരെത്തുടരെയുള്ള യാത്രകളും അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തിയിരുന്നു. അറുപത്തിയഞ്ചാമത്തെ വയസ്സിൽ മക്തി തങ്ങൾ മരണപ്പെടുമ്പോൾ അദ്ദേഹത്തിന് അവശേഷിച്ചിരുന്നത് എഴുതുവാൻ ഉപയോഗിച്ചിരുന്ന ഒരു പേന മാത്രമായിരുന്നു.

കോളറബാധിതരായ രോഗികളെ പരിപാലിച്ചും ധനപരമായി അവരെ സഹായിച്ചും സീതിമുഹമ്മദ് സേവന പ്രവർത്തനങ്ങളിൽ മുഴുകി. പാവപ്പെട്ടവരുടെ വീടുകളിൽ അരിയും മറ്റ് അവശ്യസാധനങ്ങളും സ്വന്തം കീശയിൽ നിന്നും പണം മുടക്കി നേരിട്ടു തന്നെ എത്തിച്ചു. മരിച്ചവർക്കു വേണ്ടി കഫൻതുണിയും മറ്റ് സാധനങ്ങളും അദ്ദേഹം തന്നെ അവരുടെ വീടുകളിൽ എത്തിച്ചു. നിശ്ശബ്ദവും നിഷ്കാമവുമായി സീതി മുഹമ്മദ് നടത്തിയ ഈദൃശ പ്രവർത്തനങ്ങൾ കൊടുങ്ങല്ലൂരിന്റെയും അ

mappilaheritagelibrary.com

ഴീക്കോടിന്റെയും ചരിത്രത്തിന്റെ ഭാഗമാണ്.

അക്കാലത്ത് കൊടുങ്ങല്ലൂരിൽ വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും ഉണ്ടായിരുന്നില്ല. 1909 ൽ സീതി മുഹമ്മദ് സ്വന്തം ചെലവിൽ അഴീക്കോട് ഒരു മുസ്‌ലിം പ്രൈമറിസ്ക്കൂൾ സ്ഥാപിച്ചു.

സ്കൂളുകളുടെ ഏഴയലത്ത് വരാൻപോലും മുസ്‌ലിം സമുദായം കൂട്ടാക്കാതിരുന്ന കാലം. സ്കൂളുകളിൽ പഠിക്കുന്നത് ഹറാമാണെന്ന ഫത്വകൾ സുലഭമായി ഇറങ്ങിക്കൊണ്ടിരുന്ന കാലം.

ഇംഗ്ലീഷുകാരോടുള്ള അടിസ്ഥാനപരമായ എതിർപ്പുകളായിരുന്നു മുസ്‌ലിം ഭൂരിപക്ഷത്തെ ഇത്തരമൊരു നിലപാടുകളിലേക്കെത്തിച്ചത്. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്നും ആര്യനെഴുത്ത്, അതായത് മലയാളം അക്ഷരങ്ങൾ, എഴുതുന്നത് നിഷിദ്ധമാണെന്നും യാഥാസ്ഥിതിക പണ്ഡിതന്മാർ യാതൊരു തെളിവുകളുമില്ലാതെ പ്രബോധനം ചെയ്തുകൊണ്ടിരുന്നു. മുസ്‌ലിം പെൺകുട്ടികൾ കയ്യെഴുത്ത് പഠിക്കുന്നതിനെതിരെ ഫത്വകൾ ഇറങ്ങി. ഇത്തരം എതിർപ്പുകൾ യഥേഷ്ടം ഏറ്റുവാങ്ങികൊണ്ടാണ് സീതി മുഹമ്മദ് അഴീക്കോട്ട് മുസ്‌ലിം പ്രൈമറി സ്കൂൾ സ്ഥാപിച്ചത്.

അന്നത്തെ കാരണവന്മാരിൽ ചിലർ സീതിമുഹമ്മദിനെപ്പോലുള്ള ഉൽപതിഷ്ണുക്കളായ ചെറുപ്പക്കാരോട് ചോദിച്ചു:

"സ്കൂളുകൾ ഉണ്ടായിട്ടായിരുന്നോ പൂർവികർ ഇവിടെ ജീവിച്ചിരുന്നത്" ഇത്തരം തർക്കശാസ്ത്ര പണ്ഡിതന്മാരുടെ കുത്തുവാക്കുകളും നിസ്സഹകരണവും പ്രതിഷേധങ്ങളും ഏറ്റുവാങ്ങിക്കൊണ്ടാണ് സീതി മുഹമ്മദ് തന്റെ സ്കൂൾ പ്രവർത്തനവുമായി മുന്നോട്ടു പോയത്. ഇതിന് മുമ്പുതന്നെ തന്റെ വീടിനോട് ചേർന്നുള്ള ഒരു കെട്ടിടത്തിൽ പ്രത്യേകം അധ്യാപകരെ വെച്ച് ഏതാനും കുട്ടികൾക്ക് അദ്ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസവും നൽകിയിരുന്നു.

വിദ്യാഭ്യാസമില്ലാത്ത ഒരു തലമുറക്ക് പുരോഗതിപ്പെടുവാനോ ഉന്നതനിലയിൽ എത്തുവാനോ കഴിയില്ലെന്ന് അദ്ദേഹം വളരെ നേരത്തെ തന്നെ മനസ്സിലാക്കിയതുകൊണ്ടാണ് എല്ലാ എതിർപ്പുകളേയും തൃണവൽക്കരിച്ച് തന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയത്.

പിൽക്കാലത്ത് കൊടുങ്ങല്ലൂരിന്റെ മുഖപടംതന്നെ മാറ്റിയിട്ടു ഈ പ്രൈമറിസ്കൂൾ. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മുസ്‌ലിം ബിരുദധാരികളെ സമ്മാനിക്കാൻ കൊടുങ്ങല്ലൂരിന് ഭാഗ്യം ലഭിച്ചത് ഈ പ്രൈമറി സ്കൂൾ വഴിയായിരുന്നു. കേരളം കടപ്പെട്ട രണ്ട് ദേശീയ നേതാക്കളായ കെ.എം.സീതിസാഹിബും മുഹമ്മദ് അബുദുറഹിമാൻ സാഹിബും ഒരുമിച്ച് അവരുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത് ഈ പ്രൈമറി സ്കൂളിൽ നിന്നായിരുന്നു.

ഒരു പ്രൈമറിസ്കൂളായി തന്നെ ഇന്നും ഈ സ്ഥാപനം കൊടുങ്ങല്ലൂരിന്റെ ചരിത്ര ഏടായി നിലനില്ക്കുന്നു. കൊടുങ്ങല്ലൂരിലെ മുസ്‌ലിം സ

mappilaheritagelibrary.com

മുദായത്തെ ഇതര സമുദായങ്ങൾക്കൊപ്പം വിദ്യാഭ്യാസപരമായും സാമൂഹികമായും ഉയർത്തിക്കൊണ്ടുവരുവാൻ സീതിമുഹമ്മദ് അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന് താങ്ങും തണലുമായി ബന്ധു പടിയത്ത് കുഞ്ഞാലൻകുട്ടി സാഹിബും കൂടെയുണ്ടായിരുന്നു.

അക്കാലങ്ങളിൽ സംഘടനകൾ എന്താണെന്നോ അവ എന്തിനു വേണ്ടിയാണെന്നോ സഭകൾ എന്താണെന്നോ അതിന്റെ ആവശ്യം എന്തിനാണെന്നോ മുസ്ലിം സമുദായത്തിന് അറിഞ്ഞുകൂടായിരുന്നു. സാമൂഹികവും സംസ്കാരികവുമായ ജ്ഞാനം എന്താണെന്ന് അവരറിയാതെ പോയി. അതിനാൽ അത്തരം സംഘടനകളും അന്ന് ഉണ്ടായിരുന്നില്ല.

ഈ കുറവ് പരിഹരിക്കുവാനാണു 1912ൽ ഹാജി സീതി മുഹമ്മദ് അഴീക്കോട്ട് "ലജ്നത്തുൽ ഹമദാനിയ്യ" എന്ന ഒരു സാംസ്കാരിക സംഘടനയ്ക്ക് രൂപംനൽകിയത്. ഹമദാനി തങ്ങളോടുള്ള ആദരവായിരുന്നു ഇത്തരമൊരു നാമകരണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

സംഘടനയുടെ പ്രചോദന കേന്ദ്രമായി പ്രവർത്തിച്ചതും ശൈഖ് ഹമദാനി തങ്ങളായിരുന്നു. അദ്ദേഹത്തിന്റെ പ്രേരണയാലാണ് സീതി മുഹമ്മദ് ഇത്തരമൊരു സാംസ്കാരിക സംഘടന ഉണ്ടാക്കിയത്. വ്യക്തമായ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തന്നെയായിരുന്നു സംഘടന പ്രവർത്തിച്ചത്. മുസ്ലിംകൾക്കിടയിലെ അഭിപ്രായവ്യത്യാസങ്ങൾ ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് പരിഹരിക്കാനുള്ള ഒരു എളിയ സംരംഭം എന്ന നിലയിലാണ് സംഘടന പ്രവർത്തിക്കുവാൻ തുടങ്ങിയത്. തുടക്കത്തിൽ സീതി മുഹമ്മദ് തന്നെയായിരുന്നു സംഘടനയുടെ പ്രസിഡണ്ട്.

പില്ക്കാലത്ത് കൊടുങ്ങല്ലൂർ മുസ്ലിംകളുടെ സമുദായിക സാംസ്കാരിക ഉന്നമനത്തിന്റെ ശിലാസ്തംഭമായി ഈ സംഘടന. കൊടുങ്ങല്ലൂർ മുസ്ലിംകളെ നവോത്ഥാനത്തിന്റെ പുതിയൊരു സരണയിലേക്ക് നയിക്കുന്നതിൽ ഈ സ്ഥാപനം അതിമഹത്തായ പങ്ക് നിർവഹിച്ചു.

അക്കാലത്ത് മുസ്ലിം സമുദായോദ്ധാരണ പ്രവർത്തനങ്ങളിൽ സീതി മുഹമ്മദിന്റെ മാർഗ്ഗദർശ്ശിയായി പ്രവർത്തിച്ചിരുന്ന പണ്ഡിതനായിരുന്നു ശൈഖ് ഹമദാനി തങ്ങൾ. മതപരമായ വിഷയങ്ങളിൽ അദ്ദേഹത്തിന് അഗാധമായ ജ്ഞാനം ഉണ്ടായിരുന്നു.

മദ്രസാ പഠന നവീകരണത്തിന്റെ ആദ്യശില്പിയായ ചാലിലകത്ത് മൗലാനാ കുഞ്ഞഹമദ് ഹാജിയുടെ ശിഷ്യനായിരുന്നു ഹമദാനി തങ്ങൾ.

സനാഉല്ല മക്തി തങ്ങളെപ്പോലെ ഹമദാനി തങ്ങളും ഖുർആനും സുന്നത്തും അനുസരിച്ചു ജീവിക്കുവാൻ മുസ്ലിംകളെ നിരന്തരം ഉപദേശിച്ചു കൊണ്ടിരുന്നു.

ഒരു മുസ്ലിം എങ്ങിനെ ജീവിക്കണമെന്ന് അദ്ദേഹം തന്റെ അനുയായികൾക്ക് സ്വജീവിതത്തിലൂടെ പകർന്നു നൽകി. അനുയായികളെ അതിനായി പരിശീലിപ്പിച്ചു. മലയാളം അറിയാത്തവർക്കു വേണ്ടി പരിഷ്കരിച്ച അറബി മലയാളം ഭാഷയിൽ ലഘുലേഖകൾ പ്രസിദ്ധം ചെയ്തു.

mappilaheritagelibrary.com

അതിൽ ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കേണ്ടുന്നതിന്റെ അവശ്യത്തെക്കുറിച്ചും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സമുദായത്തെ എങ്ങിനെ കാർന്ന് നശിപ്പിക്കുമെന്നും അദ്ദേഹം വിശദമാക്കി.

ലഘുലേഖകളെല്ലാം തന്നെ മക്തി തങ്ങളെപ്പോലെ സ്വന്തം കയ്യിൽ നിന്നും കാശ് ചെലവാക്കിയാണു ഹമദാനി തങ്ങളും പ്രസിദ്ധം ചെയ്തത്. സൗജന്യമായി അദ്ദേഹം അത് വിതരണം ചെയ്തു.

മക്തി തങ്ങളുടെ ആശയാദർങ്ങൾക്കനുസൃതമായി ജീവിതം ചിട്ടപ്പെടുത്തിയ അബ്ദുൽ സീതിയുടെ മകനായ സീതിമുഹമ്മദും മക്കളും ഹമദാനി തങ്ങളുടെ ശിഷ്യരായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല. ഇതിൽ നിന്നുണ്ടായ തലമുറകളാണ് പിൽക്കാലത്ത് കേരള മുസ്ലിം നവോത്ഥാന മണ്ഡലത്തെ പ്രകാശമാനമാക്കിയത്.

ലജ്നത്തുൽ ഹമദാനിയ്യ എന്ന സാംസ്കാരിക സംഘടനക്കുശേഷം ഹാജിമുഹമ്മദ് 1917-ൽ കൊച്ചിയിൽ 'കൊച്ചി മുസ്ലിം വിദ്യാഭ്യാസ സംഘം' എന്നൊരു സംഘടന സ്ഥാപിച്ചു.

സീതി മുഹമ്മദിനു പുറമെ കോഴിക്കോട്ടെ പ്രധാനപ്പെട്ട ചില വ്യക്തികളും ഈ സംഘടനയുടെ പ്രവർത്തകരായി.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൊച്ചി രാജാവിന്റെ ശ്രദ്ധയിൽ പെടുകയും സ്ഥാപനത്തിന് അനുകൂലമായ പല നടപടികളും സർക്കാർ തലത്തിൽ എടുക്കുകയും ചെയ്തു.

സീതി മുഹമ്മദ് മരിക്കുന്നതുവരെ ഈ സംഘടനയുടെ സെക്രട്ടറി സ്ഥാനത്ത് തുടർന്നു. സീതി മുഹമ്മദിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ കൊച്ചി സർക്കാർ അദ്ദേഹത്തെ 1920ൽ കൊച്ചി വിദ്യാഭ്യാസ കോഡ് പരിഷ്കരണ കമ്മിറ്റിയിലേക്ക് തെരഞ്ഞെടുത്തു. മുസ്ലിംകളുടെ വിദ്യാഭ്യാസ പോഷണത്തിനായി സർക്കാറിന് എന്തൊക്ക ചെയ്യാനാകുമെന്ന് പല നിർദ്ദേശങ്ങളും ഇതുവഴി സർക്കാറിന് സമർപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

എല്ലാം അന്ധമായി അനുസരിക്കുക എന്നത് സീതി മുഹമ്മദിന്റെ സ്വഭാവമായിരുന്നില്ല. കാര്യങ്ങളെ അദ്ദഹം സസൂക്ഷമം നിരീക്ഷിക്കുമായിരുന്നു. തനിക്ക് ബോധ്യപ്പെട്ടതിനെ സ്വീകരിക്കുവാനും അത് സമൂഹത്തിൽ ഉറക്കെപ്പറയുവാനും അദ്ദേഹം മടിച്ചില്ല. സമകാലികനായ ഇ. കെ. മൗലവി പറയുന്നു.

"പൊതു ജനങ്ങളിൽ നിന്നും എന്തു തരത്തിലുള്ള പ്രതികരണമാണുണ്ടാവുക എന്ന ഭയപ്പെട്ട് പല അഭിപ്രായങ്ങളും വെട്ടിത്തുറന്ന് പറയുന്നതിൽ ഞാൻ വൈമനസ്യം കാണിച്ച അവസരത്തിൽ സത്യം തുറന്നു പറയുന്നതുകൊണ്ട് ആയുസ് അവസാനിച്ചുപോവുകയോ ജീവിതം നിരോധിക്കപ്പെട്ടുപ്പോവുകയോ ഉണ്ടാവുകയില്ല എന്നും അക്രമിയായ രാജാവിന്റെ മുമ്പിൽ സത്യം തുറന്നു പറയുന്നതാണ് ഏറ്റവും ഉത്തമമായ ജിഹാദ് എന്നും ഹദീസുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം (സീതി മുഹ

mappilaheritagelibrary.com

മ്മദ്) എനിക്ക് പലപ്പോഴും ധൈര്യം തന്നിട്ടുണ്ട്. ('സീതി സാഹിബ്', ടി. എം.സാവാൻ കുട്ടി) സീതി മുഹമ്മദിന്റെ പ്രഥമ ഭാര്യ പടിയത്ത് കൊച്ച് ഇബ്രാഹിം സാഹിബിന്റെ പുത്രിയായ പി.കെ. ഫാത്വിമ സാഹിബയായിരുന്നു. 1894-ലാണ് സീതി മുഹമ്മദ് ഇവരെ വിവാഹം ചെയ്തത്.

സീതിമുഹമ്മദിന്റെ താങ്ങും തണലുമായ അവർ, ഔദാര്യത്തിലും ദാനധർമ്മത്തിലും ഭർത്താവിനൊപ്പമോ അതിലപ്പുറമോ ആയിരുന്നു. കേരള മുസ്ലിംകളുടെ സർവതോന്മുഖമായ പുരോഗതിക്ക്, അവരുടെ യഥാർഥ മാർഗ്ഗദർശിയായി പില്ക്കാല കേരളം വിശേഷിപ്പിച്ച കെ.എം. സീതി സാഹിബ് ഇവരുടെ സീമന്ത പുത്രനായി 1899 ആഗസ്ത് പതിനൊന്നിന് ജനിച്ചു. പി.കെ ഫാത്വിമയിൽ സീതി മുഹമ്മദിന് കെ.എം. സീതിസാഹിബ് കൂടാതെ ഇബ്രാഹിം (ബി.എ.എൽ എൽ.ബി, അലിഗർ) സബ് ജഡ്ജിയായിരുന്ന മുഹ്യുദീൻ സാഹിബ് (എം.എ അലിഗർ) അലിസാഹിബ് (എക്സിക്യൂട്ടീവ് എഞ്ചിനിയർ) ഡോ: മുഹമ്മദ് സാഹിബ് (എം.ബി.ബി.എസ്) മുഹമ്മദലി സാഹിബ്(എം.എ.എൽ.എൽ. ബി. അലിഗർ)കൊച്ചു ഖദീജ, ആയിശ കുഞ്ഞി എന്നീ മക്കളാണുണ്ടായിരുന്നത്.

1923-ൽ കെ.എം. സീതി സാഹിബിന്റെ മാതാവ് ഫാത്വിമ മരണപ്പെട്ടു. ഭാര്യയുടെ മരണം സീതി മുഹമ്മദിനെ വല്ലാതെ ഉലച്ചു.

ഇരുപത്തിയൊമ്പത് വർഷം നീണ്ടുനിന്ന ദാമ്പത്യത്തിന് പരിസമാപ്തി. തുടർന്ന് സീതിമുഹമ്മദ് പി.ബി. അബൂബക്കർ ഹാജിയുടെ വിധവ ഖദീജയെ വിവാഹം ചെയ്തു.

അവരിൽ സീതി മുഹമ്മദിന് ഫാത്വിമ എന്ന പുത്രി ജനിച്ചു. തുടർന്ന് ആയിശ എന്ന വിധവയേയും സീതി മുഹമ്മദ് വിവാഹം കഴിച്ചിരിന്നു. കേരള മുസ്ലിംകളുടെ നവോത്ഥാന സംരംഭത്തിൽ ഒരു കൊടുങ്കാറ്റായി വീശിയടിച്ച മുസ്ലിം ഐക്യ സംഘടന ജന്മം കൊള്ളുന്നതു സീതി മുഹമ്മദിന്റെ പരിശ്രമത്തിലാണ്. മുസ്ലിം സമുദായത്തിന്റെ മതപരവും വിദ്യഭ്യാസപരവും സമുദായികവുമായ പരിഷ്കരണത്തിന്റെ വിപ്ലവകാഹളം മുഴക്കിക്കൊണ്ടാണ് 1922ൽ മുസ്ലിം ഐക്യസംഘം ഉണ്ടാകുന്നത്.

1921-ലെ മലബാർ കലാപത്തിന്റെ തിക്തമായ ഓർമകൾ ചാരം മൂടിക്കിടക്കുന്ന അഗ്നിയായി അപ്പോഴും മാപ്പിളമാരുടെ മനസ്സിൽ നീറുന്നുണ്ടായിരുന്നു.

അത് കെട്ടടങ്ങിയിരുന്നില്ല. ചിന്തകളില്ലാത്ത ലോകത്ത് ആവേശം മാത്രം നീക്കിയിരുപ്പുള്ള മാപ്പിളമാരുടെ ഉള്ളിലെ തീ ഊതിയൂതി വീണ്ടുമത് ആളിപ്പടർന്നേക്കാവുന്ന ഒരു പരിസരത്തിൽ നിന്നാണ് അവരെ ചിന്തയുടെ വെട്ടത്തിലേക്ക് നയിച്ച് മുസ്ലിം ഐക്യസംഘം പ്രവർത്തിച്ചത്.

തുടക്കത്തിൽ ഈ സംഘടന നിഷ്പക്ഷ സംഘമെന്ന പേരിൽ കൊടുങ്ങല്ലൂരിലെ മുസ്ലിംകൾക്കിടയിൽ ഉണ്ടാകുന്ന കക്ഷിവഴക്കുകൾ പറ

mappilaheritagelibrary.com

ഞ്ഞു തീർക്കുന്ന ഒരു സംഘടനയായിരുന്നു. തുടർന്ന് അതിന്റെ ലക്ഷ്യങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും വിപുലമായ അർഥങ്ങൾ തേടിക്കൊണ്ടാണ് മുസ്‌ലിം ഐക്യസംഘമെന്ന പേരിൽ പ്രവർത്തിക്കുവാൻ തുടങ്ങിയത്. ഐക്യസംഘത്തിന്റെ ആദ്യത്തെ പ്രസിഡണ്ടായി സീതി മുഹമ്മദ് തെരഞ്ഞെടുക്കപ്പെട്ടു. നീണ്ട പന്ത്രണ്ട് വർഷത്തെ പ്രയത്നങ്ങൾകൊണ്ട് ഐക്യസംഘത്തിന്റെ പ്രവർത്തനം കന്യകുമാരി മുതൽ ഗോകർണ്ണം വരെ വ്യാപിച്ചു.

വിദ്യാർഥികളായിരുന്ന സീതി സാഹിബും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും സംഘടനയുടെ സജീവ പ്രവർത്തകരായി മാറി.

സീതിമുഹമ്മദിനെ കൂടാതെ കെ.എം. മൗലവി, ഇ.കെ.മൗലവി, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, കെ. അബ്ദുറഹിമാൻ സാഹിബ്, ഹസ്സനലികുഞ്ഞാവ മുതലായ പ്രധാനികളായിരുന്നു സംഘടനയുടെ അമരത്തുണ്ടായിരുന്നത്.

മുസ്‌ലിംകൾക്കിടയിലുണ്ടാകുന്ന കക്ഷി വഴക്കുകൾ രമ്യമായി പരിഹരിക്കുന്ന സംഘടന എന്നതു തന്നെയായിരുന്നു മുസ്‌ലിം ഐക്യസംഘത്തിന്റെ ആദിരൂപം.

തുടർന്ന് കൊടുങ്ങല്ലൂരിന് പുറത്തേക്ക് ഐക്യസംഘത്തിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചു. അതൊരു വിപ്ലവജ്വാലയായി കേരളമൊട്ടാകെ പടരുകയായി. പിന്നീട് പല സ്ഥലങ്ങളിലും പൊട്ടിപ്പുറപ്പെട്ട മതപരമായ കക്ഷി വഴക്കുകളും തർക്കങ്ങളും സംഘടനാ നേതാക്കൾ ഇടപെട്ട് രമ്യമായി പറഞ്ഞുതീർത്തു. വെല്ലൂർ ബാഖിയാത്ത് സ്വാലിഹാത്തിലെ സദർമുദരിസും മതപണ്ഡിതനും ചിന്തകനുമായിരുന്ന ഹസ്രത്ത് മൗലാനാഅബ്ദുൽ ജബ്ബാർ സാഹിബ്, ജെ.ഡി.റ്റി.യത്തീംഖാന സ്ഥാപകരിൽ ഒരാളായ മൗലവി മുഹമ്മദാലി എം.എ (കാൺബറ) പ്രസിദ്ധ ഇംഗ്ലീഷ് ഇസ്‌ലാം മതപ്രഭാഷകനും ഇംഗ്ലണ്ട് സ്വദേശിയും ഖുർആന്റെ ഇംഗ്ലീഷ് വിവർത്തകനുമായ മുഹമ്മദ് മർമഡ്യൂക് പിക്താൾ തുടങ്ങിയ മഹാന്മാർ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയ ഐക്യസംഘത്തിന്റെ വാർഷിക യോഗങ്ങളിൽ പ്രഭാഷണങ്ങൾ നടത്തിയവരായിരുന്നു.

ഔദാര്യത്തിലും ദാനധർമ്മത്തിലും മറ്റാരേക്കാളും മുന്നിട്ടു നിന്നിരുന്ന സീതി മുഹമ്മദിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൊടുങ്ങല്ലൂരിന് ഒട്ടേറെ കഥകൾ പറയുവാനുണ്ട്, 1924 ലെ വെള്ളപ്പൊക്കത്തിൽ ദുരിതബാധിതരെ സഹായിക്കുവാനായി നിരവധി പദ്ധതികൾ സ്വന്തം ചെലവിൽ അദ്ദേഹം പ്രാവർത്തികമാക്കി.

രാഷ്ട്രീയ സേവനത്തോടൊപ്പം സാമുദായികവും സാമൂഹികവുമായ പ്രവർത്തനങ്ങളിലും അദ്ദേഹം ഇടപെട്ടു. രാഷ്ട്രീയ കാര്യങ്ങളിൽ പലപ്പോഴും സീതിമുഹമ്മദ് സ്വതന്ത്രമായ നിലപാടുകളാണ് എടുത്തിരുന്നത്. മുസ്‌ലിം വിദ്യാർഥികൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ ബഹിഷ്ക്കരിച്ച് സ്വാതന്ത്ര്യസമരത്തിനായി പുറത്തിറങ്ങുന്നതിനെ അദ്ദേഹം ഒരിക്ക

mappilaheritagelibrary.com

ലും അംഗീകരിച്ചിരുന്നില്ല. സർക്കാർ വിദ്യാലയങ്ങൾ ബഹിഷ്കരിക്കണമെന്ന കോൺഗ്രസ്സിന്റെ ആഹ്വാനം ആ കാരണത്താൽ അദ്ദേഹം നിരസിച്ചു. വിദ്യാഭ്യാസ രംഗത്ത് അധഃപതനത്തിന്റെ ആഴങ്ങളിൽ നിപതിച്ചു കിടക്കുന്ന മുസ്ലിം സമുദായത്തിന് ഇനിയൊരു വിദ്യാഭ്യസ ബഹിഷ്കരണം താങ്ങാവുന്നതിലേറെയാണെന്ന് വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു.

എന്നാൽ ഖിലാഫത്ത് പ്രസ്ഥാനത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. തലശ്ശേരിയിൽ നടന്ന ഒരു ഖിലാഫത്ത് സമ്മേളനത്തിൽ മകൻ സീതിയേയും കൂട്ടിയാണു അദ്ദേഹം പങ്കെടുത്തത്.

സ്വദേശി വസ്ത്രധാരണ പ്രചാരണത്തിൽ അദ്ദേഹം സജീവമായി പങ്കെടുത്തു. മുസ്ലിം പത്രങ്ങൾക്കും മാസികകൾക്കും സഹായം നൽകി. വർത്തമാന പത്രങ്ങളെ വേണ്ടത്ര ഗൗരവത്തിലെടുക്കാതിരുന്ന ആ കാലത്ത് പത്രങ്ങളുടെ പ്രചാരണത്തിനായി പ്രവർത്തിച്ചു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ അൽ അമീൻ പത്രത്തിന്റെ പ്രധാന ജനയിതാവ് സീതി മുഹമ്മദ് ആയിരുന്നു. മരിക്കും വരെ അദ്ദേഹം അതിന്റെ ഡയറക്ടർ ബോർഡ് അംഗവുമായിരുന്നു.

വക്കം മൗലവിയുടെ ഇസ്ലാഹി പ്രസ്ഥാനത്തെ ജനങ്ങൾക്കിടയിൽ പരിചയപ്പെടുത്തുന്നതിൽ 'അൽ അമീനും', 'അൽ ഇസ്ലാഹും', 'അൽ ഇർഷാദും', മുസ്ലിം ഐക്യസംഘടനയും പ്രധാനമായ പങ്കാണ് നിർവഹിച്ചത്.

വക്കം മൗലവിയുടെ 'മുസ്ലിം ദീപിക' സി.വി. ഹൈദ്രൂസ് സാഹിബിന്റെ 'മലബാർ ഇസ്ലാം.' ഇ.മൊയ്തു മൗലവിയുടെ 'അൽ ഇസ്ലാഹ്', കെ.സി. കോമുക്കുട്ടിയുടെ 'യുവലോകം' തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ മുസ്ലിംകൾക്കിടയിൽ പ്രചരിപ്പിക്കുന്നതിൽ ഗണനീയമായ സംഭാവനകളാണു സീതി മുഹമ്മദ് നിർവഹിച്ചത്.

1924 വെള്ളപ്പൊക്കക്കാലത്ത് 'ഫത്താഹുൽ മന്നാൻ' എന്ന തന്റെ മോട്ടോർ ബോട്ടിൽ അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും കയറ്റി ദുരിതമനുഭവിക്കുന്ന നാനാജാതി മതസ്ഥരുടെ ഇടയിലേക്ക് ചെന്ന സീതി മുഹമ്മദിനെ കൃതജ്ഞതയുടെ നിറഞ്ഞൊഴുകുന്ന കണ്ണുകളോടെയാണു അവരൊക്കെയും സ്വീകരിച്ചത്.

അഴീക്കോട്ട് സീതി മുഹമ്മദിന് ബോട്ട് ജെട്ടികളും ധാരാളം ബോട്ടുകളും ഉണ്ടായിരുന്നു. 1921-ലെ മലബാർ കലാപകാലത്ത് അഭയം തേടിവന്ന ഏറനാട്ടിലേയും വള്ളുവനാട്ടിലേയും ഹതഭാഗ്യരെ രണ്ട് കൈയും നീട്ടി സ്വീകരിച്ച് അവർക്ക് ഭക്ഷണവും വസ്ത്രങ്ങളും നൽകിയതും സീതി മുഹമ്മദ് ആയിരുന്നു. മണപ്പാട്ട് പി.കുഞ്ഞിമുഹമ്മദ് ഹാജി കെ. എം.കുഞ്ഞിമുഹമ്മദ് ഹാജി എന്നിവരും സീതിമുഹമ്മദിന്റെ നേതൃത്വത്തിൽ സഹായ പ്രവർത്തനങ്ങൾ നടത്തി.

അദ്ദേഹത്തിന്റെ ഔദാര്യം ആരെയും അതിശയിപ്പിക്കുന്നതായിരുന്നു.

mappilaheritagelibrary.com

ഇത്തരം ഔദാര്യങ്ങളാകട്ടെ പരമരഹസ്യമായി സൂക്ഷിക്കുവാനും അ ദ്ദേഹം മറന്നില്ല. അദ്ദേഹത്തിന്റെ ഔദാര്യത്തെക്കുറിച്ച് ഇ.കെ മൗലവി പറയുന്നു: "സാമാന്യം ധനശേഷി ഉണ്ടായിരുന്ന ഒരാൾ കാലക്രമത്തിൽ ക്ഷയിച്ചുപോയി. സാമ്പത്തികമായി തകർന്ന ആ മനുഷ്യൻ ദാരിദ്ര്യത്തി നടിപ്പെട്ടു. എന്നാൽ അയാൾ അഭിമാനിയുമായിരുന്നു. വിവാഹ പ്രായ മെത്തിയ മകളെ കല്യാണം കഴിച്ചയക്കുവാൻ യാതൊരു വഴിയും കാ ണാതെ അയാൾ വല്ലാതെ പ്രയാസപ്പെട്ടു. അയാളുടെ ദയനീയാവസ്ഥ കണ്ട് ഒരു സുഹൃത്ത് ഉപദേശിച്ചു "നിങ്ങൾ സീതിമുഹമ്മദ് ഹാജിയുടെ അടുത്ത് ചെന്ന് നിങ്ങളുടെ കാര്യങ്ങൾ ഒന്ന് പറഞ്ഞുനോക്കൂ."

അയാൾക്ക് സീതി മുഹമ്മദ് ഹാജിയെ പരിചയമുണ്ടായിരുന്നില്ല. മു മ്പ് കണ്ടിട്ടില്ല, കേട്ടിട്ടുണ്ട്. അവസാനം അയാൾ സീതിമുഹമ്മദിനെ കാ ണുവാൻ തന്നെ തീരുമാനിച്ചു.

തന്റെ പൂർവ്വകാല സ്ഥിതിയും ഇപ്പോഴത്തെ അവസ്ഥയും മകളെ ക ല്യാണം കഴിച്ചയക്കുവാൻ പറ്റാത്തതും അയാൾ വിശദമായി തന്നെ സീതി മുഹമ്മദിനെ ധരിപ്പിച്ചു. ഒടുവിൽ ഗദ്ഗദത്തോടെ ആ സാധു പറഞ്ഞു: "മകളുടെ കാതിലെ ചിറ്റുകളെങ്കിലും ഒന്ന് മാറ്റാൻ കഴിഞ്ഞിരുന്നെങ്കിൽ." എല്ലാം കേട്ടതിന് ശേഷം സീതിമുഹമ്മദ് അയാളോട് പറഞ്ഞു. "ശരി ക ല്യാണ നിശ്ചയം കഴിയട്ടെ, എന്നിട്ട് വരൂ" അത് കേട്ടതോടെ അയാൾക്ക് വല്ലാത്ത ഇച്ഛാഭംഗം ഉണ്ടായി. "വല്ലതും സഹായിക്കണമെന്ന് ഉദ്ദേശ്യമു ണ്ടായിരുന്നെങ്കിൽ അത് ഇപ്പോൾത്തന്നെ ആയിക്കൂടേ, വരേണ്ടിയിരു ന്നില്ല." അങ്ങിനെ പലവിധ ചിന്തകളോടെ നിരാശാഭരിതനായി അയാൾ തിരിച്ചുപോയി. ദിവസങ്ങൾ കഴിഞ്ഞു മകളുടെ വിവാഹനിശ്ചയവും ക ഴിഞ്ഞു. ഒരു ദിവസം കൊടുങ്ങല്ലൂർ വഴി കൊച്ചിക്ക് പോകേണ്ടിവന്ന ആ മനുഷ്യൻ സീതിമുഹമ്മദ് പറഞ്ഞതോർത്തു. മകളുടെ വിവാഹനി ശ്ചയം കഴിഞ്ഞിരിക്കുന്നു. ഇതുവഴി വരികയും ചെയ്തു. സീതി മുഹമ്മ ദ് അയാളോട് വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. മകളുടെ വിവാഹ നി ശ്ചയം കഴിഞ്ഞ കാര്യം ആ സാധു സീതി മുഹമ്മദിനെ ധരിപ്പിച്ചു. സീതി മുഹമ്മദ് അകത്തേക്ക് പോയി ഒരു പൊതിയുമായി വന്നു എന്നിട്ട് ആ പൊതി അയാൾക്ക് നീട്ടിക്കൊണ്ട് പറഞ്ഞു "ഇപ്പോൾ ഇതേ ഇവിടെയു ള്ളൂ. വിവാഹത്തിന്റെ രണ്ട് ദിവസം മുമ്പ് വന്നാൽ വല്ലതും തന്ന് സഹാ യിക്കാം."

അയാൾ ആ പൊതിയുമായി നടന്നു. വഴിയിൽ വെച്ച് വെറുതെ പൊ തിയൊന്നഴിച്ചു നോക്കി. മഞ്ഞളിച്ചുപോയി കണ്ണുകൾ. നാവ് വരണ്ടു. പൊതിയിൽ ഒമ്പത് പവൻ കിടന്ന് തിളങ്ങുന്നു. ഹാജി സീതിമുഹമ്മദി ന് പൊതിമാറിയിരിക്കുന്നു. പണമെന്ന ധാരണയിൽ അദ്ദേഹം തനിക്ക് തന്നിരിക്കുന്നത് സ്വർണ്ണമാണ്. വേഗം തിരികെ ഏല്പിക്കണം. അയാൾ തിരിച്ചു നടന്നു. പൊതി ഹാജി സാഹിബിന് നീട്ടികൊണ്ടയാൾ പറഞ്ഞു.

"മുതലാളി പൊതി മാറിയിരിക്കുന്നു. ഇത് ഉറുപ്പികയല്ല ഇതിൽ ഒമ്പ

mappilaheritagelibrary.com

ത് പവൻ സ്വർണ്ണമുണ്ട്."

സീതിമുഹമ്മദ് അയാളോട് ശാന്തനായി പറഞ്ഞു: "അതല്ലേ ഞാൻ നേരത്തെ പറഞ്ഞത് ഇവിടെ ഇപ്പോൾ ഇതേ ഉള്ളൂവെന്ന്. നിങ്ങൾ കല്യാണത്തിന്റെ രണ്ട് ദിവസം മുമ്പ് വരൂ, അന്ന് കല്യാണത്തിന് ആവശ്യമായ വസ്ത്രങ്ങളും മറ്റും ഞാൻ വാങ്ങിത്തരാം"

ഹാജിസാഹിബിന്റെ മറുപടി കേട്ടതോടെ ആ സാധുമനുഷ്യന്റെ പ്രാർത്ഥനാ മന്ത്രങ്ങൾ കണ്ണുനീർത്തുള്ളികളായി അയാളുടെ കവിളിലൂടെ ഒലിച്ചിറങ്ങി. "നിങ്ങൾ ഇതു കൊണ്ടുപോയി മകൾക്ക് ചിറ്റു ഉണ്ടാക്കുക"സീതി മുഹമ്മദ് സാഹിബ് അയാളെ ആശ്വസിപ്പിച്ച് യാത്രയാക്കി. മടക്കയാത്രയിൽ അയാൾ മനസ്സിൽ കൂട്ടിനോക്കി. ചിറ്റുണ്ടാക്കിയാലും സ്വർണം ബാക്കിയാണ്. കല്യാണവും മറ്റും കഴിഞ്ഞാലും മിച്ചം വരും. വീണ്ടുമയാൾ പ്രാർത്ഥിച്ചിരിക്കണം സീതിമുഹമ്മദിന് വേണ്ടി, അയാളുടെ കുടുംബത്തിന് വേണ്ടി.

(ഹാജി. കെ, സീതിമുഹമ്മദ്, ഇ.കെ മൗലവി പേജ് 22)

ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഹാജി സീതിമുഹമ്മദിന്റെ ഈ സ്വഭാവവിശേഷം ജാതിമതഭേദമന്യേ എല്ലാവരുടേയും ആദരവുകൾക്ക് അർഹമായി.

മതത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് തന്നെ ഒരു ധനാഢ്യൻ എങ്ങനെ സമൂഹത്തിന് ഉപകാരപ്പെടുമെന്നതിന്റെ നേർസാക്ഷ്യമാവുകയായിരുന്നു സീതിമുഹമ്മദ്.

ഖാദി വസ്ത്രങ്ങൾ മാത്രമായിരുന്നു അദ്ദേഹം ഉപയോഗിച്ചിരുന്നത്. ഭാര്യ മരണപ്പെട്ടപ്പോൾ അവരുടെ കഫൻ പുടവയായി സീതി മുഹമ്മദ് ഉപയോഗിച്ചതും ഈ ഖാദിയായിരുന്നു. സീതി മുഹമ്മദ് മരണപ്പെട്ടപ്പോൾ ഉപ്പയെ പുതപ്പിക്കാൻ മകൻ ഉപയോഗിച്ചതും ഈ ഖാദിയായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്ന് പ്രവർത്തിച്ചതിനാൽ പ്രവർത്തനങ്ങൾക്കാവശ്യമായിവരുന്ന ചെലവുകളിലേക്കായി സീതി മുഹമ്മദിന്റെ കുടുംബം മത്സരബുദ്ധിയോടെയാണ് സംഭാവന നൽകിയിരുന്നത്. മറ്റേതെങ്കിലും കുടുംബം ദേശീയ പ്രസ്ഥാനത്തിന് വേണ്ടി ഈ വിധം അക്കാലത്ത് പ്രവർത്തിച്ചിരുന്നുവോ? സംശയമാണ്.

ഒരുദാഹരണം:

ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനത്തിനായുള്ള ഫണ്ടിലേക്ക് ഹാജി സീതി മുഹമ്മദിന്റെ ഭാര്യയും കെ.എം.സീതിയുടെ മാതാവുമായിരുന്ന ഫാത്വിമ ഒരു സ്വർണ്ണ മോതിരം സംഭാവനയായി നൽകി. ആ മോതിരം പൊതുസമ്മേളനത്തിൽ വച്ച് ലേലം വിളിച്ചപ്പോൾ ഭർത്താവ് സീതി മുഹമ്മദ് തന്നെ ലേലത്തിലെടുത്ത് മോതിരം ഭാര്യക്ക് തിരിച്ചുനൽകി. മകൻ സീതി സംഭാവന നൽകിയത് ഉപ്പ നൽകിയ ഒരു റിസ്റ്റ് വാച്ചായിരുന്നു. അത് ലേലം വിളിച്ചപ്പോൾ സീതി മുഹമ്മദ് അതും ലേലത്തിലെടുത്ത് തിരിച്ചു നൽകി. മറ്റൊരവസരത്തിൽ ഭാര്യ ഫാത്വിമ വീണ്ടും അതേ

mappilaheritagelibrary.com

സ്വർണ്ണമോതിരം തന്നെ സംഭാവന ചെയ്തു.വീണ്ടും സീതി മുഹമ്മദ് അത് ലേലത്തിലെടുത്ത് ഭാര്യക്കുതന്നെ നൽകി. രണ്ടാഴ്ച കഴിഞ്ഞില്ല മറ്റൊരു ഫണ്ടിലേക്ക് സീതി സാഹിബിന്റെ മാതാവ് സ്വർണ്ണ മോതിരം പിന്നെയും സംഭാവനയായി നൽകി. അതും ലേലത്തിൽ വൻ വിലയ്ക്ക് വിളിച്ചെടുത്ത് സീതിമുഹമ്മദ് സാഹിബ് ഭാര്യയ്ക്ക് തിരിച്ചു നൽകുക യായിരുന്നു.

ഐക്യസംഘത്തിന്റെ പ്രഥമ യോഗത്തിൽ അധ്യക്ഷത വഹിച്ചത് കേ രളത്തിലെ ഇസ്ലാഹി പ്രസ്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്ക പ്പെടാവുന്ന മൗലാനാ വക്കം എം. മുഹമ്മദ് അബുദുൽ ഖാദിർ മൗലവി യായിരുന്നു. കൊടുങ്ങല്ലൂർ, ആലുവ, കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, മലപ്പുറം, തിരൂർ, തിരുവനന്തപുരം, കാസർക്കോട്, എറണാംകുളം മുത ലായ പ്രദേശങ്ങളിൽ നടത്തിയ സംഘത്തിന്റെ വാർഷിക യോഗങ്ങളിൽ സംബന്ധിച്ച പ്രതിഭാധനരായ പണ്ഡിതന്മാരുടെ പ്രഭാഷണങ്ങൾ പുസ് തക രൂപത്തിൽ പ്രസിദ്ധീകരിച്ച് ഐക്യസംഘം പ്രവർത്തകർ കേരള ത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തു.നവോത്ഥാനത്തിന്റെ സുഗന്ധം കേരളമൊട്ടാകെ പ്രസരിക്കുന്നതിന് ഇത് കാരണമായി.

'മുസ്ലിം ഐക്യം' എന്ന മലയാള മാസിക, 'അൽ ഇർഷാദ്' എന്ന അറബി മലയാളം മാസിക, ഇ. മൗയ്തു മൗലവിയുടെ 'അൽ ഇസ്ലാ ഹ്' എന്ന അറബി മലയാളം മാസിക എന്നിവ ഐക്യസംഘത്തിന്റെ പ്രധാന പ്രസിദ്ധീകരണങ്ങളായിരുന്നു. അൽ ഇർഷാദിന്റെ പത്രാധിപർ ഇ.കെ.മൗലവിയായിരുന്നു. അതിൽ മതവിധി സംബന്ധിച്ച സംശയങ്ങൾ ക്ക് ഉത്തരം നൽകിയിരുന്നത് കെ.എം.മൗലവിയും.

ഇസ്ലാമിന്റെ സുന്ദരമായ മുഖം അനാവരണം ചെയ്യുവാനും അനാ ചാരങ്ങളും അന്ധവിശ്വാസങ്ങളും മതത്തെ എത്രമാത്രം മലിനപ്പെടുത്തു ന്നുവെന്ന് തുറന്നെഴുതുവാനും ഈ പ്രസിദ്ധീകരണങ്ങൾ തയ്യാറായി.

കെ.എം. സീതി സാഹിബ് പഠനകാലത്തു തന്നെ ഈ മാസികക ളിൽ എഴുതുമായിരുന്നു. നബി(സ)യുടെ വിവാഹങ്ങളെ അവഹേളിച്ചെ ഴുതിയ ക്രിസ്തീയ ലേഖനങ്ങൾക്ക് മറുപടിയായി 'നബിയുടെ വിവാഹ ങ്ങൾ' എന്ന ലേഖനപരമ്പര ചരിത്രദൃഷ്ടിയിലൂടെ സീതി സാഹിബ് 'മു സ്ലിം ഐക്യ'ത്തിൽ പ്രസിദ്ധീകരിച്ചത് അക്കാലത്ത് വലിയ വാർത്ത യായി.

മലബാർ ലഹളയുടെ പര്യവസാനത്തോടെ 'മുസ്ലിം ഐക്യം' വി ദ്യാഭ്യാസ പ്രചാരണത്തിന് ഊന്നൽ നൽകി. വിദ്യാഭ്യാസത്തിലൂടെ മാ ത്രമേ സമുദായത്തിന് പുരോഗതി പ്രാപിക്കാനാകൂവെന്ന സംഘടനയു ടെ ആഹ്വാനം പല മുസ്ലിം മനസ്സുകളിലും ചലനം സൃഷ്ടിച്ചു. വിദ്യാ ഭ്യാസം നേടുന്നതിലൂടെ മുസ്ലിം സമുദായത്തിൽ നടമാടുന്ന അനാചാ രങ്ങളും അന്ധവിശ്വാസങ്ങളും സമുദായമധ്യത്തിൽ നിന്നും നിഷ്ക്കാ സനം ചെയ്യപ്പെടുമെന്ന മുസ്ലിം ഐക്യസംഘത്തിന്റെ വിശ്വാസം അ

mappilaheritagelibrary.com

സ്ഥാനത്തായില്ല. വിദ്യാഭ്യാസം ലഭിച്ചുകൊണ്ടിരുന്ന പൊതുസമൂഹത്തിൽ നിന്നും പയ്യെ പയ്യെ അന്ധവിശ്വാസജഡിലങ്ങളായ പല അനാചാരങ്ങളും തിരോഭവിക്കുന്നതാണ് പിന്നീടു കേരളം കണ്ടത്.

ഇത്തരമൊരു സംഘടനക്ക് ജന്മം നൽകി എന്നത് മാത്രം മതിയാകും. സീതി മുഹമ്മദ് എന്ന സമുദായ പരിഷ്കർത്താവ് എന്നെന്നും ഓർമിക്കപ്പെടാൻ.

1927-ൽ സീതി മുഹമ്മദ് സാഹിബും കേരള മുസ്ലിം ഐക്യത്തിന്റെ സജീവ പ്രവർത്തകരായിരുന്ന കെ.എം.മൗലവി, പി.എം.സിക്കന്തർ സാഹിബ്, മണപ്പാട്ട് കുഞ്ഞിമുഹമ്മദ്, പി.കൊച്ചുമൊയ്തീൻ, പി.കെ. മൂസക്കുട്ടി, പി കുഞ്ഞിക്കോമു എന്നിവരെല്ലാം ഹജ്ജിന് പോവുകയും ഹജ്ജ് കർമ്മം കഴിഞ്ഞതിനു ശേഷം അന്നത്തെ സഊദി അറേബ്യൻ ഭരണാധികാരിയായിരുന്ന സുൽത്താൻ അബ്ദുൽ അസീസ് ഇബ്നു സഊദിന് ഹജ്ജാജികൾക്ക് സർക്കാർ ചെയ്തുകൊടുക്കേണ്ട ചില പരിഷ്കരണങ്ങളെ സംബന്ധിച്ച് നിവേദനം നൽകുകയും ചെയ്തു. രാജാവ് നിവേദനം അനുഭാവപൂർവ്വം തന്നെ പരിഗണിച്ചു. നിവേദനത്തിൽ പറഞ്ഞ പരിഷ്കരണ പ്രവർത്തനങ്ങളെല്ലാം നടപ്പിലാക്കുകയും ചെയ്തു.

ഹജ്ജ് കർമ്മം കഴിഞ്ഞ് വന്നതിനു ശേഷം സീതിമുഹമ്മദ് അധിക കാലം ജീവിച്ചില്ല. 55ാം വയസ്സിൽ ഉദരസംബന്ധമായ രോഗം ബാധിച്ച് അദ്ദേഹം മരണപ്പെട്ടു. 1929 മിഥുനം 4-ാം തീയതി രാവിലെ എട്ടു മണിക്കായിരുന്നു ആ ദേഹവിയോഗം. മകൻ സീതിയുടെ എറണാകുളത്തുള്ള വീട്ടിൽ വെച്ചായിരുന്നു ആ സാമൂഹിക സാമുദായിക പരിഷ്കർത്താവ് എന്നെന്നേക്കുമായി ഈ ലോകത്തോട് യാത്ര പറഞ്ഞത്.

എറണാകുളത്തു നിന്നും ഹാജി സീതി മുഹമ്മദിന്റെ ജനാസ ബോട്ട് മാർഗ്ഗമാണ് സ്വദേശമായ അഴീക്കോട്ടേക്ക് കൊണ്ടുപോയത്. അഴീക്കോട്ടുകാരുടെ എല്ലാമെല്ലാമായിരുന്ന ആദരണീയനായ ആ സാമൂഹിക നേതാവിനെ അവസാനത്തെ കാഴ്ച്ച കാണാൻ നദിയുടെ ഇരുകരകളിലുമായി മറ്റൊരു മനുഷ്യക്കടൽ തന്നെ ഉണ്ടായിരുന്നു. ജാതിമതഭേദമന്യേ കൂടിയ ആ വമ്പിച്ച ജനസമുദ്രത്തിൽ നിന്നും അടക്കിപ്പിടിച്ച തേങ്ങലുകൾ നദിയുടെ ഓളങ്ങൾക്കൊപ്പം ഉയരുന്നുണ്ടായിരുന്നു.

കേരളത്തിലെ പല മുസ്ലിം പള്ളികളിലും സീതി മുഹമ്മദിനു വേണ്ടി മയ്യിത്ത് നമസ്കാരങ്ങൾ നടത്തപ്പെട്ടു. കൊച്ചി, തിരുവിതാംകൂർ, കോഴിക്കോട്, മദിരാശി എന്നിവിടങ്ങളിലെ മലയാളം ഇംഗ്ലീഷ് പത്രങ്ങളിലെല്ലാം ഹാജി സീതി മുഹമ്മദിന്റെ നിര്യാണം വമ്പിച്ച പ്രാധാന്യത്തോടെയാണ് അച്ചടിച്ചുവന്നത്. പത്രങ്ങളും അദ്ദേഹത്തിന്റെ വിദ്യാഭ്യസ സാമൂഹിക പ്രവർത്തനങ്ങളെക്കുറിച്ച് മുഖപ്രസംഗങ്ങൾ എഴുതി.

കെ.എം. സീതി സാഹിബ് എന്ന സുകൃതജന്മത്തെ കേരളജനതക്ക് സമ്മാനിക്കുവാൻ അല്ലാഹു തെരഞ്ഞെടുത്ത പുണ്യപുരുഷനായിരുന്നു സീതി മുഹമ്മദ്. സംശുദ്ധവും നിസ്വാർഥവുമായ ഒരു ജീവിതം സ്വന്തം

mappilaheritagelibrary.com

മകന് ഒരു പാഠമായി നൽകിക്കൊണ്ടാണു സീതി മുഹമ്മദ് തന്റെ ജീവിത ദൗത്യം പൂർത്തിയാക്കി ലോക സ്രഷ്ടാവായ അല്ലാഹുവിലേക്ക് മടങ്ങിയത്.

പിതാവിന്റെ ജാജ്വല്യമായ ജീവിതം കണ്ടുവളർന്ന ആ മകനാണു കേരളത്തിന്റെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സാമുദായിക ഭൂമികയിൽ പ്രകാശഗോപുരമായി ജീവിതാന്ത്യം വരെ പ്രഭാപൂരം പൊഴിച്ച് നിന്നത്.

കേരള മുസ്ലിംകളുടെ ചരിത്രം തിരുത്തിയെഴുതുവാൻ പരമകാരുണികനായ അല്ലാഹു സീതിമുഹമ്മദിനെ സജ്ജമാക്കുകയായിരുന്നുവോ? കെ.എം. സീതി സാഹിബ് എന്ന വരദാനത്തിന് ജന്മം നൽകാൻ?

ഒരു ജനതയുടെ നെടുനിശ്വാസങ്ങളും ഗദ്ഗദങ്ങളും സ്വന്തം നെഞ്ചിൽ ഏറ്റുവാങ്ങിയ പുരുഷരത്നം. അവരുടെ തേങ്ങലുകളിൽ സമാശ്വാസത്തിന്റെ മന്ദമാരുതനായി, അവരുടെ ദുഃഖസാഗരത്തിൽ മന്ത്രമധുര സ്വപ്നമായി അവരുടെ ജീവിതാന്ധകാരത്തിൽ പ്രതീക്ഷയുടെ പ്രസന്നനാളമായി അർത്ഥ ദീപ്തിയോടെ സ്വന്തം ജീവിതം എരിയിച്ചു തീർത്ത നേതാവ്, എരിഞ്ഞ് മണക്കുന്ന സ്മൃതി ചന്ദനമായി ഓർമകൾക്ക് സുഗന്ധം പകർന്നുകൊണ്ട് കടന്നുപോയ സാത്വിക വിശുദ്ധി

കെ.എം.സീതി സാഹിബ്

***

കാലം മായ്ക്കാത്ത ഓർമകളില്ലെന്നും സുഖപ്പെടാത്ത മുറിവുകളില്ലെന്നും പറയുമ്പോഴും ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ മുറിപ്പാടുകൾ മുസ്ലിം മനസ്സുകളിൽ അടർന്നുവീഴാത്ത ഒരു കണ്ണീർത്തുള്ളിതന്നെയായിരുന്നു. കാലത്തിന്റെ കവിളിൽ പറ്റിപ്പിടിച്ച കണ്ണീർത്തുള്ളി. നീറുന്ന ഓരോർമയായി ആ ദു:ഖഭരിതമായ സംഭവം നെഞ്ചിനുള്ളിൽ പുകയുമ്പോഴും ഗതകാലത്തിന്റെ തിക്തസ്മരണകളുടെ തടവിൽ കിടക്കുവാനോ മോഹങ്ങളെ നുള്ളിക്കളയുവാനോ മുസ്ലിം സമുദായത്തിൽ വളർന്നുകൊണ്ടിരുന്ന ചിന്താശേഷിയുള്ള ഒരു വിഭാഗം തയ്യാറായില്ല. അവർ പ്രസരിപ്പിച്ച ചിന്തയുടെ സ്ഫുരണങ്ങൾ നാടാകെ പ്രസരിക്കുവാൻ തുടങ്ങി.

കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ എന്തെന്ത് മാർഗ്ഗങ്ങൾ ആരായാമെന്നതിനെക്കുറിച്ച് അവർ ഗാഢമായി ചിന്തിച്ചു. അതിന്റെ ഫലമായിട്ടാണു സർസയ്യിദ് അഹ്മദ്ഖാനെപ്പോലുള്ള നവോത്ഥാന നായകർ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തനങ്ങൾ തടങ്ങിയത്.

മുസ്ലിം താല്പര്യങ്ങളെക്കുറിച്ച് ചിന്തിച്ച് പഠിച്ച് പ്രശ്നങ്ങൾക്ക് എങ്ങിനെ പരിഹാരം കാണാമെന്നുള്ള ആലോചനയാണ് 1857 ന് ശേഷം ഇന്ത്യൻ മുസ്ലിം നവോത്ഥാന ശില്പികളെ മുന്നോട്ട് നടത്തിയത്. ഇതിനകം ബ്രിട്ടീഷ് സർക്കാറിന്റെ അധികാരം ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും അരക്കിട്ട് ഉറപ്പിച്ചിരുന്നു. പുതിയഭരണം, പുതിയഭാഷ, പുതിയ

mappilaheritagelibrary.com

രീതികൾ. മുസ്‌ലിംകളല്ലാത്ത ഇതര മതസ്ഥരെല്ലാം ഈ മാറ്റങ്ങൾ പെട്ടെന്ന് ഉൾക്കൊണ്ടു.

എന്നാൽ പുതിയ മാറ്റത്തോട് പ്രതികരിക്കുവാനോ ഉൾക്കൊള്ളുവാനോ മുസ്‌ലിം സമുദായത്തിലെ ബഹുഭൂരിപക്ഷവും തയ്യാറായില്ല. പുതിയ ജീവിത പരിസരങ്ങളിൽ ഭാവി ജീവിതം എങ്ങിനെ കരുപ്പിടിപ്പിക്കാം എന്നതിനെക്കുറിച്ച് അവർക്കൊരു ബോധവും ഉണ്ടായിരുന്നില്ല. എന്നാൽ ഇതേപ്പറ്റി ഗാഢമായി ആലോചിച്ച സർ സയ്യിദ് അഹമ്മദ് ഖാനെപ്പോലെയുള്ളവർക്കു നേരെ അവർ കല്ലെറിയുകയും ചെയ്തു. അദ്ദേഹത്തെ ദ്രോഹിക്കുവാനും കാണുന്നേടത്തു വെച്ച് ശകാരിക്കുവാനും ഉപദ്രവിക്കാനും തുടങ്ങി.

സമുദായത്തെ, ഉദ്ധരിക്കാനിറങ്ങിയ അദ്ദേഹത്തിന് പല സ്ഥലങ്ങളിൽ നിന്നും കിട്ടിയത് കല്ലേറുകളായിരുന്നു. തനിക്ക് കിട്ടിയ കല്ലേറിൽ നിന്നും ഒരു കൽക്കഷ്ണം എടുത്തുയർത്തിക്കൊണ്ട് അഹമ്മദ് ഖാൻ പറഞ്ഞു:

"ഈ കല്ലുകളിൽ നിന്ന് ഞാൻ മുസ്‌ലിം സമൂഹത്തിനൊരു വിദ്യാഭ്യാസ സാംസ്കാരിക കേന്ദ്രം പടുത്തുയർത്തുക തന്നെ ചെയ്യും." പാഴായില്ല ആ വാക്കുകൾ, പൊന്നായിത്തീർന്ന ആ വാക്കുകളാണ് പിന്നീട് അലീഗർ സർവ്വകലാശാലയായി ഉയർന്നത്. കേരളത്തിലാകട്ടെ വക്കം അബ്ദുഖാദർ മൗലവിക്കും മക്തി തങ്ങൾക്കും ഹമദാനി തങ്ങൾക്കും കെ.എം. മൗലവിക്കും ഇ.കെ മൗലവിക്കും സീതിമുഹമ്മദിനും സമാനമായ എതിർപ്പുകളായിരുന്നു നേരിടാനുണ്ടായിരുന്നത്.

മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ മുസ്‌ലിം ഭൂരിപക്ഷം കാണിച്ച വൈമനസ്യം അവരെ കൂടുതൽ കൂടുതൽ പിന്നിലേക്ക് തള്ളുകയാണെന്ന വേദനിപ്പിക്കുന്ന സത്യം അവരറിയാതെ പോയി. 1885-ൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആകട്ടെ മുസ്‌ലിംകളുടെ അവകാശ സംരക്ഷണത്തിനോ അവരുടെ താല്പര്യങ്ങൾ കാത്തുസൂക്ഷിക്കുന്നതിനായി ബ്രിട്ടീഷ് അധികാരികളെ പ്രേരിപ്പിക്കുന്നതിനോ പ്രത്യേകമായ ശ്രദ്ധയൊന്നും കൊടുത്തതുമില്ല.

ഇതിന് കോൺഗ്രസ്സിന് പറയുവാനുണ്ടായിരുന്ന ന്യായം ഇന്ത്യയിലെ എല്ലാവിഭാഗം ജനങ്ങളെയും പ്രതിനിധീകരിക്കുന്ന സംഘടനയാണു കോൺഗ്രസ്സ് എന്നായിരുന്നു.

ബ്രിട്ടീഷ് അധികാരികളുടെ പ്രതികാര പ്രവർത്തനങ്ങളാൽ മുസ്‌ലിംകളുടെ നിലനില്പുതന്നെ ചോദ്യം ചെയ്യപ്പെടുകയാണെന്ന ദുഃഖസത്യം ആരാരും അറിഞ്ഞില്ല. കോൺഗ്രസ്സ് ഓർത്തതുമില്ല.

അത്തരമൊരവസ്ഥയെ യാഥാർഥ്യബോധത്തോടെ സമീപിക്കുന്നതിൽ കോൺഗ്രസ്സ് പരാജയപ്പെട്ടു. മുസ്‌ലിംകളിലെ ചിന്തിക്കുന്ന വിഭാഗത്തെ കോൺഗ്രസ്സിന്റെ ഈ നിലപാട് സദാസമയവും അലട്ടി. മുസ്‌ലിംലീഗിന്റെ പിറവിയുടെ അടിസ്ഥാനം ഇതായിരുന്നു.

mappilaheritagelibrary.com

വിദ്യാഭ്യാസം, സാംസ്കാരികം, സാമ്പത്തികം, ഉദ്യോഗം തുടങ്ങിയ എല്ലാ തുറകളിൽ നിന്നും തൂത്തെറിയപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്ലിം ജനത. അവരെ പകയോടെ മാത്രം കാണുന്ന ബ്രിട്ടീഷ് ഭരണാധികാരികൾ. ഈയൊരു പശ്ചാത്തലത്തിലാണ് സർസയ്യിദ് അഹമദ്ഖാൻ സമുദായത്തിന്റെ ദയനീയാവസ്ഥ പരിഹരിക്കുവാനായി തുനിഞ്ഞിറങ്ങുന്നത്. പ്രാരംഭമായി അദ്ദേഹം മുഹമ്മദൻ എഡുക്കേഷണൽ കോൺഫറൻസ് എന്നൊരു സംഘടന രൂപീകരിക്കുകയായിരുന്നു.

എല്ലാവർഷവും യോഗം ചേർന്ന് മുസ്ലിംകൾ അനുഭവിക്കുന്ന അവശതകൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതായിരുന്നു സംഘടനയുടെ ലക്ഷ്യം. ബ്രിട്ടീഷ് സർക്കാറിൽ ഉയർന്ന ഉദ്യോഗം വഹിച്ചിരുന്ന അഹമ്മദ് ഖാന് മുസ്ലിംകളുടെ ക്ഷേമത്തിനായി പല നിർദേശങ്ങളും ബ്രിട്ടീഷ് അധികാരികളുടെ മുമ്പാകെ സമർപ്പിക്കുവാൻ കഴിഞ്ഞു. നേരത്തെ ഭരണാധികാരികൾ വലിയ താല്പര്യം കാണിച്ചിരുന്നില്ലെങ്കിലും കാലാന്തരത്തിൽ അഹമ്മദ് ഖാന്റെ നിർദേശങ്ങളോട് അവർ അനുകൂലമായി പ്രതികരിക്കുവാൻ തുടങ്ങി.

ഈ സന്ദർഭങ്ങളിലൊന്നും തന്നെ അഹമ്മദ്ഖാൻ മുസ്ലിംകളുടെ ഭരണ പങ്കാളിത്തത്തെക്കുറിച്ചോ അവരുടെ രാഷ്ട്രീയഭിപ്രായങ്ങളെക്കുറിച്ചോ ചിന്തിക്കുവാൻ മെനക്കെട്ടില്ല. അതൊരു ബോധപൂർവ്വമായ തീരുമാനമായിരുന്നു.

വിദ്യാഭ്യാസം ലഭിച്ചുകഴിഞ്ഞാൽ മുസ്ലിംകൾ സ്വാഭാവികമായും രാഷ്ട്രീയത്തെക്കുറിച്ചും ഭരണപങ്കാളിത്തത്തെക്കുറിച്ചും ചിന്തിച്ചുകൊള്ളുമെന്നദ്ദേഹം മനസ്സിലാക്കി. ആ കണക്കുകൂട്ടൽ പിഴച്ചതുമില്ല.

വിദ്യാഭ്യാസം നേടിയതോടെ മുസ്ലിംകൾ സാമൂഹിക രാഷ്ട്രീയ ഭരണകാര്യങ്ങളിൽ താല്പര്യപൂർവ്വം ഇടപെടാൻ തുടങ്ങി. ഈ ഘട്ടത്തിൽ തന്നെയായിരുന്നു മുസ്ലിംകളുടെ വിദ്യാഭ്യാസ, സാമൂഹിക, രാഷ്ട്രീയ കാര്യങ്ങളിൽ ആഗാഖാൻ താല്പര്യം കാണിക്കുവാൻ തുടങ്ങിയതും. ഇന്ത്യൻ നേഷണൽ കോൺഗ്രസ്സിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതിനുവേണ്ടി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. കോൺഗ്രസ്സിന്റെ ഉന്നതരായ നോതാക്കളുമായുള്ള ബന്ധവും മറ്റു സ്വാധീനവും അദ്ദേഹം ഇതിനുവേണ്ടി ഉപയോഗിച്ചുവെങ്കിലും കോൺഗ്രസ്സിന്റെ കടവിൽ അദ്ദേഹത്തിന്റെ കൊതുമ്പുവള്ളം അടുത്തില്ല. അദ്ദേഹം അതിദയനീയമാം വിധം ഈ സംരംഭത്തിൽ പരാജയപ്പെടുകയും ഒടുവിൽ അതിൽ നിന്ന് നിഷ്ക്രമിക്കുകയും ചെയ്തു.

ആഗാഖാൻ പറയുന്നു: "രാജ്യത്തിലെ ഉത്തരവാദിത്തമുള്ള ഏക രാഷ്ട്രീയ സംഘടനയായ കോൺഗ്രസ്സിന് മുസ്ലിംകളെ പ്രതിനിധീകരിക്കുവാനോ അവരുടെ ന്യായമായ ആവശ്യങ്ങളേയും ആഗ്രഹങ്ങളേയും കൈകാര്യം ചെയ്യുവാനോ സാധ്യമല്ലെന്ന് ഇക്കഴിഞ്ഞ പ്രധാനപ്പെട്ട ര

mappilaheritagelibrary.com

ണ്ട് വർഷം കൊണ്ട് എനിക്ക് മനസ്സിലായി. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള വിടവ് നികത്താൻ ഞാൻ ശ്രമിച്ചു. ഈ കാര്യത്തിനായി ന മ്മുടെ കുടുംബ സുഹൃത്തും കോൺഗ്രസ്സിലെ ഉന്നതനുമായ സർ ഫി റോസ് മേത്തയുടെ സ്വാധീനം വരെ ഉപയോഗപ്പെടുത്തിനോക്കി, ഒന്നും ഫലിച്ചില്ല."

യാഥാർഥ്യവുമായി പൊരുത്തപ്പെട്ടുപോകാനുള്ള കോൺഗ്രസ്സിന്റെ പ രാജയമാണ് ഹിന്ദു മുസ്‌ലിം പ്രശ്നങ്ങളുടെ പരിഹാര നിർദ്ദേശങ്ങൾ പ രിഹരിക്കാതെ പോയതെന്ന് അദ്ദേഹം സമർഥിച്ചു.

(WHAT PRICE FREEDOM : MOHAMMED RAZAKHAN Page:24 ഉദ്ധരണി സീതിസാഹിബ് ടി.എം.സവാർകുട്ടി)

അന്നത്തെ സാഹചര്യത്തിൽ ആഗാഖാന് വിജയിക്കുവാൻ യാതൊ രു സാധ്യതയുമുണ്ടായിരുന്നില്ല. മുസ്‌ലിംകളെയും ഹിന്ദുക്കളെയും ഒരു മതിൽക്കെട്ടിനപ്പുറത്തും ഇപ്പുറത്തുമായി പ്രതിഷ്ഠിച്ചു കഴിഞ്ഞിരുന്നു. രാഷ്ട്രീയ നിരീക്ഷകനായ പ്രശസ്ത എഴുത്തുകാരൻ എം.സി. വടകര 'സി.എച്ച്. രാഷ്ട്രീയ ജീവചരിത്രം' എന്ന തന്റെ ഗ്രന്ഥത്തിൽ പറയു ന്നു. "മുസ്‌ലിംകളുടെ പ്രഖ്യാതമായ വിദ്യാഭ്യാസ സമ്പ്രദായത്തെയാ ണ് ബ്രിട്ടീഷുകാർ ആദ്യമായി തകർത്തു കളഞ്ഞത്. മുസ്‌ലിം ഭവനങ്ങ ളോട് ചേർന്നു പ്രവർത്തിച്ചിരുന്ന മതവിദ്യാഭ്യാസ കേന്ദ്രങ്ങളും മഖ്ത ബുകളും അവർ തകർത്തു. മുസ്‌ലിം നാഗരികത നശിപ്പിക്കുക എന്നത് അവർ ഇന്ത്യയിൽ നടപ്പിലാക്കിയ അവരുടെ വിദ്യാഭ്യാസത്തിന്റെ പരമ മായ ലക്ഷ്യമായിരുന്നു എന്ന് പാശ്ചാത്യ ചരിത്രകാരന്മാർ തന്നെ പറ ഞ്ഞുവച്ചിട്ടുണ്ട്: ബ്രിട്ടീഷുകാരനായ ഹണ്ടർ ആ സത്യം ഇങ്ങിനെ അ നാവരണം ചെയ്യുന്നു. "നാം ഏർപ്പെടുത്തിയ പൊതു വിദ്യാഭ്യാസം ഇ ന്ത്യയിൽ നൂറ്റാണ്ടുകളായി ഉറങ്ങിക്കിടന്നിരുന്ന ഹിന്ദു സമുദായാംഗങ്ങ ളെ തട്ടിയുണർത്താനും അവരുടെ കടമകളെപ്പറ്റി ബോധവാന്മാരാക്കാ നും തങ്ങൾക്കാവശ്യമില്ലാത്ത പൈതൃകങ്ങളെ തള്ളിപ്പറയുവാനും മു സ്‌ലിംകൾക്കും അവരുടെ മതത്തിനുമെതിരായ വിദ്വേഷം ജനിപ്പിക്കുവാ നും പര്യാപ്തമായിരുന്നുവെന്നത് ഒരു യാഥാർഥ്യം മാത്രമാണ്. ഇന്ത്യ യുടെ ഭരണം ബ്രിട്ടീഷുകാർക്ക് കൈമാറുന്നതിന് മുമ്പ് മുസ്‌ലിംകൾ ഇ വിടെ രാഷ്ട്രീയശക്തി മാത്രമായിരുന്നില്ല. പ്രബലമായ ബൗദ്ധിക ശ ക്തികൂടിയായിരുന്നു. (സി.എച്ച് രാഷ്ട്രീയ ജീവചരിത്രം എം.സി വടകര)

ഇത്തരമൊരു പരിതസ്ഥിതിയിൽ എങ്ങനെയാണ് ആഗാഖാന്റെ ശ്രമ ങ്ങൾ വിജയം കാണുക? എതിർപ്പുകളുടെ തിരമാലകൾ ഒന്നിന് പുറ കെ ഒന്നായി ആഞ്ഞടിക്കുന്നത് ഏറ്റുവാങ്ങിക്കൊണ്ടാണ് സർസയ്യിദ് 1877 ൽ ഇന്ത്യിലെ ആദ്യത്തെ മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനമായ അലീഗർ കോളേജിന് തുടക്കമിട്ടത്.

സർസയ്യിദിന്റെ ഈ സംരംഭത്തിന് കേരളത്തിൽ നിന്ന് സീതിമുഹ മ്മദിനെപ്പോലുള്ള ഉൽപതിഷ്ണുക്കളായ മുസ്‌ലിം നേതാക്കളിൽ നിന്നും

mappilaheritagelibrary.com

വമ്പിച്ച സഹായസഹകരണങ്ങൾ ലഭിച്ചു. ആയിരത്തി എണ്ണൂറുകൾ ഇന്ത്യയുടെ സ്വാതന്ത്ര്യസമര രാഷ്ട്രീയ ചരിത്രത്തിൽ പൊള്ളുന്ന ഒരദ്ധ്യായമാണ്. വിഭജിച്ച് ഭരിക്കുക എന്ന കുതന്ത്രം ബ്രിട്ടീഷുകാരുടെ ബുദ്ധിയിൽ നിന്നും ഉടലെടുത്തത് ഈ കാലത്താണ്. ഈ കുതന്ത്രം പ്രാവർത്തികമാക്കാൻ ലോഡ് കഴ്സൺ ഇന്ത്യയുടെ വൈസ്രോയിയായി 1898-ൽ ഇന്ത്യയിലെത്തി.

1877-ൽ അലിഗർ കോളേജ് സ്ഥാപിച്ച് ഇരുപത്തിരണ്ട് വർഷത്തിന് ശേഷം ഇങ്ങ് കേരളത്തിൽ പുണ്യപുരുഷന്മാരുടെ പാദസ്പർശമേറ്റു പുളകിതമായ മണ്ണിൽ കൊടുങ്ങല്ലൂരിൽ 1899 ആഗസ്ത് പതിനൊന്നിന് സുകൃതങ്ങളുടെ നിറവ്പോലെ ഒരു കുഞ്ഞുജനിച്ചു. ഹാജി സീതി മുഹമ്മദിന്റെയും പി.കെ ഫാത്തിമയുടെയും സീമന്തപുത്രനായിട്ട് പില്ക്കാലത്ത് കേരളത്തിന്റെ ഭാഗധേയം നിർണയിച്ച പ്രധാന ശില്പി-കെ.എം സീതി സാഹിബ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് ആ സമയം പ്രായം ഇരുപത്തിനാല്. കാലത്തിന്റെ അപ്രതിരോധ്യമായ കൂലംകുത്തിയൊഴുക്ക്, അതിന്റെ അനുസ്യൂതമായ പ്രയാണം. ഇതിൽ നിന്നെല്ലാമാണു ചരിത്രവും ചരിത്ര പുരുഷന്മാരും സൃഷ്ടിക്കപ്പെടുന്നത്. അവർ കാലത്തെ അവരുടെ ചിന്തകൾക്കും പദ്ധതികൾക്കും അനുസ്യൂതമായി തിരിച്ചുവിട്ടവരാണ്. അവരാണു ചരിത്രവിധാതാക്കൾ. സ്വന്തത്തിനു വേണ്ടി ജീവിക്കുന്നവർ മരിച്ചവരെപ്പോലെയാണെന്നും മറ്റുള്ളവർക്ക് വേണ്ടി ജീവിച്ചവർ ഒരിക്കലും മരിക്കുന്നില്ലെന്നും പറഞ്ഞത് സ്വാമി വിവേകാനന്ദനാണ്. സീതി സാഹിബ് ഒരു ജനതയ്ക്ക് വേണ്ടി ഒരു സമൂഹത്തിന് വേണ്ടി ജീവിച്ചു.

പരമകാരുണികനായ ദൈവത്തിന് കേരള മുസ്ലിംകളോട് ഒരു പാട് കരുണ തോന്നിയ നിമിഷം. ആ നിമിഷത്തിന്റെ ഓർമ്മയ്ക്കായി നൽകപ്പെട്ട സമ്മാനം. ആ സമ്മാനമായിരുന്നു കെ.എം. സീതി സാഹിബ്.

mappilaheritagelibrary.com

മൂന്ന്
മതമൈത്രിയുടെ സുഗന്ധം

ഇരുപതാം നൂറ്റാണ്ട് അതിന്റെ പേറ്റുനോവ് അനുഭവിച്ചുകൊണ്ടിരുന്നപ്പോൾ തന്നെയാണ് കെ.എം. സീതി സാഹിബും ജനിക്കുന്നത്.1899 ആഗസ്ത് പതിനൊന്നാം തിയ്യതി ജനിച്ച സീതിയുടെ രണ്ടാം ജന്മവർഷത്തിൽ 1901 ഒക്ടോബർ 21, 22 തീയതികളിൽ ലഖ്നോവിൽ സുപ്രസിദ്ധ ബാരിസ്റ്ററായിരുന്ന ഷറഫുദീൻ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഒരു യോഗമാണ് ഒരു മുസ്ലിം രാഷ്ട്രീയ സംഘടയുടെ സാധ്യതയെക്കുറിച്ച് ആലോചിക്കുന്നത്. പത്ത് ബാരിസ്റ്റർമാർ, ആറ് അഭിഭാഷകർ, നാല് പ്രമുഖ വ്യക്തികൾ എന്നിവരായിരുന്നു യോഗത്തിൽ പങ്കെടുത്തിരുന്നത്.

യോഗം ചെറുതായിരുന്നുവെങ്കിലും അവരുയർത്തിയ ആശയം മഹത്തായിരുന്നു. ഇന്ത്യൻ മുസ്ലിംകളുടെ പ്രശ്നങ്ങൾ എങ്ങിനെ പരിഹരിക്കാനാകും അതെങ്ങിനെ പ്രയോഗത്തിൽ കൊണ്ടുവരാനാകും ഇത്തരം കാര്യങ്ങളെക്കുറിച്ചായിരുന്നു മുഖ്യമായും ചർച്ച നടന്നിരുന്നത്. ഇത്തരത്തിൽ ചേരുന്ന പ്രഥമ യോഗം എന്ന നിലയിൽ ഈ സമ്മേളനം ചരിത്രപ്രാധാന്യമർഹിക്കുന്നതായി മാറി.

ഗൗരവസ്വഭാവമുള്ള വിഷയമാണ് തങ്ങളുടെ മുന്നിലുള്ളതെന്ന തിരിച്ചറിവിൽ യോഗത്തിൽ പങ്കെടുത്തവർ കുറേക്കൂടി വിപുലമായ തോതിൽ മറ്റൊരു യോഗം വിളിക്കുന്നതായിരിക്കും ഉചിതമെന്ന തീരുമാനത്തിൽ എത്തുകയായിരുന്നു.

പ്രിവീ കൗൺസിൽ അംഗമായിരുന്ന ജസ്റ്റിസ് അമീർ അലി ഇന്ത്യൻ മുസ്ലിംകളുടെ ഭാവിയെക്കുറിച്ച് ചിന്തിക്കുകയും തദനുസൃതമായി ചില നീക്കങ്ങൾ നടത്തുകയും ചെയ്ത പ്രമുഖ വ്യക്തിയായിരുന്നു. അന്നത്തെ രാഷ്ട്രീയ പരിസ്ഥിതി വെച്ചുനോക്കുമ്പോൾ മുസ്ലിംകൾക്ക് ഒരു പ്രത്യേക സംഘടന അനിവാര്യമാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസം അദ്ദേഹം പലരുമായും പങ്കുവെച്ചു. തുടർന്നാണ് മുസ്ലിംകൾക്ക് ഒരു പ്രത്യേക സംഘടന അനിവാര്യമാണെന്ന ആവശ്യത്തിന് ബലംവെച്ച് തുടങ്ങിയത്. എന്നാൽ അത് എങ്ങനെ വേണം, എന്തൊക്കെയായിരിക്കണം കാര്യപരിപാടികൾ, എന്നതിനെക്കുറിച്ചൊന്നും വ്യ

mappilaheritagelibrary.com

ക്തമായ ഒരു ധാരയണയും ഉണ്ടായിരുന്നില്ല. സഹോദര സമുദായങ്ങളോടുള്ള സൗഹൃദം നിലനിർത്തിക്കൊണ്ട് മുസ്‌ലിം താല്പര്യ സംരക്ഷണം എങ്ങിനെ സാധിതമാക്കാം എന്നതായിരുന്നു അവരെ അലട്ടിയിരുന്നത്. മുസ്‌ലിംകളോട് സഹതാപമുണ്ടായിരുന്ന ഏതാനും ചില ബ്രിട്ടീഷ് ഉദ്യോഗസ്ഥരും ഇത്തരം ചിന്ത വെച്ചുപുലർത്തിയിരുന്നു. അവർ അലിഗർ കോളേജുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുമായിരുന്നു.

മുസ്‌ലിംകൾക്ക് സാംസ്കാരികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾ ചർച്ച ചെയ്യാൻ ഒരു സമിതി ആയിരിക്കും നല്ലതെന്ന് അവർ അഭിപ്രായപ്പെട്ടു.

അത്തരമൊരു അഭിപ്രായ രൂപീകരണത്തെ തുടർന്നാണ് ലഖ്നോവിൽ നേരത്തെ പറഞ്ഞ ബാരിസ്റ്റർ ഷറഫുദീൻ സാഹിബിന്റെ നേതൃത്വത്തിൽ മുസ്‌ലിം സംഘടനാ രൂപീകരണ ചർച്ച നടന്നത്.

സർ സയ്യിദ് അഹമ്മദ്ഖാൻ ദീർഘദർശനം ചെയ്തപോലെ തന്നെ ഒടുവിൽ സംഭവിച്ചു. വിദ്യാഭ്യാസം ലഭിച്ചുതുടങ്ങിയപ്പോൾ അവകാശങ്ങളെക്കുറിച്ചും സമുദായ താല്പര്യങ്ങളെക്കുറിച്ചും മുസ്‌ലിംകൾ ചിന്തിക്കുവാൻ തുടങ്ങി.

കേന്ദ്ര സംസ്ഥാന നിയമസഭകളിലും മറ്റ് ഭരണകേന്ദ്രങ്ങളിലും തങ്ങളുടെ അവകാശങ്ങൾ അവതരിപ്പിക്കാനും നേടിയെടുക്കാനും രാഷ്ട്രീയമായി സംഘടിച്ചേ പറ്റൂ എന്ന ഉറച്ച തീരുമാനത്തിൽ അവരെത്തിച്ചേരുകയായിരുന്നു.

തുടർന്ന് 1906 ൽ മുസ്‌ലിംലീഗ് എന്ന സംഘടന രൂപീകരിച്ചു. അതല്ലാതെ പലരും യാതൊരു തെളിവുമില്ലാതെ അടിസ്ഥാനരഹിതമായി പ്രചരിപ്പിക്കുന്നതുപോലെ ബ്രിട്ടീഷുകാരുടെ സൃഷ്ടിയായോ അവരുടെ ആശീർവാദത്തോടെയോ അല്ല മുസ്‌ലിം ലീഗ് രൂപീകരിക്കപ്പെട്ടത്. വൈസ്രോയി ആയിരുന്ന മിന്റോപ്രഭുവിനെ 1906 ഒക്ടോബർ 1 ന് ആഗാഖാന്റെ നേതൃത്വത്തിൽ 35 പേരടങ്ങുന്ന ഒരു സംഘം മുസ്‌ലിം പ്രമുഖർ സിംലയിൽ ചെന്നുകാണുകയും മുസ്‌ലിംകളുടെ സാമൂഹികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾ ഉൾകൊള്ളിച്ചുകൊണ്ടുള്ള നിവേദനം സമർപ്പിക്കുകയും ചെയ്തു. ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഇത്തരത്തിലൊരു നീക്കം.

ഈ കാരണത്താൽ വൈസ്രോയിയുമായുള്ള കൂടിക്കാഴ്ച്ചയും നിവേദനം സമർപ്പിക്കലും ഇന്ത്യൻ മുസ്‌ലിംകളുടെ ചരിത്രത്തിന്റെ ഭാഗമായി. 1906 ഡിസംബർ മുപ്പതിന് നവാബ് മുശ്താഖുൽ മുൽക്കിന്റെ അധ്യക്ഷതയിൽ ഡാക്കയിലെ ഷാ ബാഗ് കെട്ടിടത്തിൽ ചേർന്ന ഇന്ത്യൻ മുസ്‌ലിം അസോസിയേഷന്റെ സമാപന സമ്മേളനത്തോടനുബന്ധിച്ച് ചേർന്ന രാഷ്ട്രീയ സമ്മേളനത്തിലാണു മുസ്‌ലിംലീഗ് ഒരു അഖിലേന്ത്യാ സംഘടനയായി മാറുന്നത്. 1901 ൽ ബാരിസ്റ്റർ ഷറഫുദീന്റെ അധ്യക്ഷതയിൽ ലഖ്നോവിൽ ചേർന്ന സമ്മേളനത്തെ പറ്റിയും അന്ന് അവിടെ ന

mappilaheritagelibrary.com

ടന്ന ചർച്ചകളെപ്പറ്റിയും അധ്യക്ഷൻ നവാബ് മുശ്താഖുൽ മുൽക്ക് യോഗത്തെ ബോധ്യപ്പെടുത്തി.

മുസ്‌ലിംകൾക്ക് ഏകീകൃതമായ ഒരു രാഷ്ട്രീയ പാർട്ടിയുടെ അനിവാര്യതയെക്കുറിച്ച് യോഗം തീരുമാനത്തിലെത്തിയതിനെത്തുടർന്നാണ് മുസ്‌ലിംലീഗ് ജന്മമെടുക്കുന്നത്.

സർക്കാറിനോട് അവകാശങ്ങൾക്കായി വാദിക്കുമ്പോൾ തന്നെ രാജ്യത്തോടുള്ള സ്വന്തം കടമ നിറവേറ്റണമെന്നും യോഗം തീരുമാനിച്ചു. കേരളത്തിലും ചില ചലനങ്ങൾ ദൃശ്യമാകാൻ തുടങ്ങിയിരുന്നു.

മുസ്‌ലിം സമുദായത്തിന് സമർഥമായ നേതൃത്വം നൽകാൻ ഹമദാനി തങ്ങളുടെ നേതൃത്വത്തിൽ സീതി മുഹമ്മദിനെപ്പോലുള്ള ഉൽപതിഷ്ണുക്കളായ സമുദായസ്നേഹികൾ രംഗത്തിറങ്ങി. ശൈഖ് ഹമദാനി തങ്ങൾ വടുതലയിലെ ഒരു സാധാരണ കുടുംബത്തിലാണ് ജനിച്ചത്. വെല്ലൂരിലെ ലത്തീഫിയാ മദ്രസയിൽ അദ്ദേഹം ഉപരിപഠനം പൂർത്തിയാക്കി. അറബി, ഉറുദു, പേർഷ്യൻ ഭാഷകളിൽ അദ്ദേഹം പ്രാവീണ്യം നേടി. മട്ടാഞ്ചേരിയിൽ അദ്ദേഹം നിർമിച്ച പള്ളി ഒരു സാംസ്കാരിക കേന്ദ്രവും കൂടിയായി ഉയർന്നു. സർസയ്യിദ് അഹമ്മദ് ഖാന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ അകൃഷ്ടനായ ഹമദാനി തങ്ങൾ ആലുവയിൽ അതേപോലെ ഒരു കോളേജ് ഉയർന്നു വരണമെന്ന് അതിയായി ആഗ്രഹിച്ചു. സർസയ്യിദിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉത്തരേന്ത്യ മുഴുവൻ ആഞ്ഞടിച്ചുകൊണ്ടിരിക്കെ ഇങ്ങ് കേരളക്കരയിൽ ഹമദാനി തങ്ങളുടെ നേതൃത്വത്തിലും അത്തരം പ്രവർത്തനങ്ങൾ അരങ്ങേറുന്നുണ്ടായിരുന്നു. ഹമദാനി തങ്ങളുടെ ശക്തിസ്രോതസ്സായി സീതി മുഹമ്മദും നിലകൊണ്ടു.

കവിതകളും മഹാന്മാരുടെ ഉദ്ധരണകളുമടങ്ങിയ ഹമദാനി തങ്ങളുടെ പ്രസംഗങ്ങൾ മുസ്‌ലിം സമൂഹത്തിലും ഉണർവ്വ് ഉണ്ടാക്കിത്തുടങ്ങി. മുസ്‌ലിംകളിലെ ഒരു വിഭാഗം ഇതേക്കുറിച്ച് കൂടുതൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും താല്പര്യം കാണിച്ചു തുടങ്ങി. ഹമദാനി തങ്ങൾക്ക് കോളേജ് സ്ഥാപിക്കാൻ അന്നത്തെ തിരുവിതാംകൂർ ദിവാൻ ഏഴ് ഏക്കർ സ്ഥലം നൽകി.

എന്നാൽ സമുദായത്തിലെ ബഹുഭൂരിപക്ഷവും അപ്പോഴും വിദ്യാഭ്യാസം നേടുന്നതിൽ വിമുഖരായിരുന്നുവെന്ന് മാത്രമല്ല അത്തരം സ്ഥാപനങ്ങൾ ഉയർന്നു വരുന്നതിനെ നഖശിഖാന്തം എതിർക്കുകയും ചെയ്തു. ഇംഗ്ലീഷ് പഠിക്കുന്നതും മലയാളം പഠിക്കുന്നതും മതപരമായി നിഷിദ്ധമാണെന്ന ഫത്വകൾ യഥേഷ്ടം ഇറങ്ങിത്തുടങ്ങി. ഇതിന്റെയൊക്കെ ഫലമായി ഹമദാനി തങ്ങൾ ആഗ്രഹിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനം ആലുവയിൽ ഉയർന്നില്ല.

ഒടുവിൽ ഹമദാനി തങ്ങളെ സീതിമുഹമ്മദ് കൊടുങ്ങല്ലൂരിലേക്ക് കൂട്ടിക്കൊണ്ട് വരികയായിരുന്നു. സീതി മുഹമ്മദിന്റെ നേതൃത്വത്തിൽ അ

mappilaheritagelibrary.com

ഴീക്കോട്ട് അങ്ങിനെയാണ് നേരത്തെ പരിചയപ്പെട്ട 'ലജ്നത്തുൽ ഹമദാനി സഭയും' ഏറിയാട് പ്രദേശത്ത് 'ലജ്നത്തുൽ ഇസ്ലാം സംഘവും' ഉണ്ടാകുന്നത്.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയും വക്കം അബ്ദുൽ ഖാദർ മൗലവിയും ഹമദാനി തങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും നൽകി. ഭിന്നിച്ചുനിൽക്കുന്ന മുസ്ലിം സമുദായത്തിന്റെ ഏകീകരണോദ്ദേശ്യം പ്രതാപാദിക്കുന്ന 'ഇൽഫത്തുൽ ഇസ്ലാം' എന്നൊരു ഗ്രന്ഥം ഹമദാനി തങ്ങൾ രചിക്കുകയുണ്ടായി. ഇതിന്റെ ഫലമായി കേരളത്തിലുടനീളം അദ്ദേഹത്തിന് ശിഷ്യരെ ലഭിച്ചു.

ഒരു തത്വചിന്തകന്റെ സമഗ്രമായ നിരീക്ഷണപാടവവും നിർഭയനായ സമുദായ സേവകന്റെ നിസ്വാർത്ഥതയും ഉൽപ്പതിഷ്ണുവായ ദേശാഭിമാനിയുടെ ധീരോദാത്തതയും ഹമദാനി തങ്ങൾക്കുണ്ടായിരുന്നുവെന്ന് പി.എ. സെയ്ത് മുഹമ്മദ് 'കേരള മുസ്ലിം ഡയറക്ടറി'യിൽ നിരീക്ഷിക്കുന്നുണ്ട്.

ഉപ്പ സീതി മുഹമ്മദ് ഉണ്ടാക്കിയ പ്രൈമറി സ്കൂളിൽ പോകുന്നതിനു മുമ്പേ മതപരമായ പ്രാഥമിക പഠനം സീതി സ്വഭവനത്തിൽ നിന്നും അഴീക്കോട്ട് പള്ളിയിൽ നിന്നും പൂർത്തിയാക്കിയിരുന്നു. സീതിയുടെ ബാല്യത്തിൽ തന്നെ മതാപിതാക്കൾ അദ്ദേഹത്തിന്റെ സ്വഭാവരൂപീകരണത്തിൽ അതീവ ശ്രദ്ധ പുലർത്തി.

സീതി മുഹമ്മദിന്റെയും ഹമദാനി തങ്ങളുടേയും നേതൃതത്വത്തിൽ 1909 ൽ ആരംഭിച്ച വിദ്യാലയത്തിലാണ് സീതിയും മുഹമ്മദ് അബ്ദുറഹിമാനും അവരുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

ഈ പ്രൈമറി സ്കൂളിൽ സീതിയുടേയും മുഹമ്മദ് അബ്ദുറഹിമാന്റെയും സഹപാഠികളിൽ പ്രധാനികളായിരുന്നു എൻ.കെ. അലി അക്ബർ, പി.കെ. ഇബ്രാഹിം, കെ.എ. അബ്ദുല്ല, എൻ.എ. അബ്ദുറഹിമാൻ, കെ.സി. സഹോദരന്മാർ എന്നിവർ. ഹാജർ പട്ടികയിലെ ഒന്നാമത്തെ നാമം സീതി എന്നായിരുന്നു. ശീമോൻ സാറ് എന്ന അധ്യാപകനായിരുന്നു സീതിയുടേയും മുഹമ്മദ് അബ്ദുറഹിമാന്റെയും മലയാള അധ്യാപകൻ. മാതൃഭാഷയും ഇംഗ്ലീഷും പഠിച്ചിരുന്നവരെ മുസ്ലിം സമുദായത്തിലെ ബഹുഭൂരിപക്ഷവും വെറുപ്പോടെ വീക്ഷിച്ചിരുന്ന കാലം. ഭാവിയിലെ രണ്ട് മഹാന്മാരെ വാർത്തെടുക്കുവാനുള്ള ആദ്യ നിയോഗം ശീമോൻ എന്ന അധ്യാപകന് ദൈവം നൽകിയതാവണം. സീതിക്കും അബ്ദുറഹിമാനും ആദ്യാക്ഷരം പകർന്നു നൽകിയത് ശീമോൻ മാഷായിരുന്നു. ഒരേ ബെഞ്ചിൽ തോളോടു തോൾ ചേർന്ന് അവർ പഠിച്ചു. ഒന്നിച്ചു കളിച്ചു. ഒന്നിച്ചു സ്കൂളിൽ പോയി. ഒന്നിച്ചു മടങ്ങി. എല്ലാം ഒന്നിച്ച്. അവർ പിരിയാൻ വിടാത്ത കൂട്ടുകാരായി. പക്ഷെ വിധി അവരെ അകറ്റി. രണ്ട് പ്രസ്ഥാനത്തിന്റെ നേതാക്കളായി അവർ. ആശയങ്ങൾ വിഭിന്നമായപ്പോഴുണ്ടായ അകൽച്ച. സീതിയും മുഹമ്മദ് അബ്ദുറഹിമാനും ഒരു മന

mappilaheritagelibrary.com

സ്സും രണ്ട് ശരീരവുമായി ബാല്യത്തിലും, യൗവ്വനാരംഭത്തിലും കഴിഞ്ഞു പോന്ന ആ സതീർത്ഥ്യർ കയ്യെത്താവുന്നിടത്തായിരുന്നെങ്കിലും നോക്കെത്താദൂരത്തോളം അകന്നുപോയി.

അവരെ രണ്ട് പ്രസ്ഥാനങ്ങളായി തന്നെ വേർതിരിക്കുകയായിരുന്നുവോ കാലം? പ്രൈമറിസ്കൂൾ സ്ഥാപിക്കുന്നതിനും മുമ്പെ സീതി മുഹമ്മദ് സ്വഭവനത്തിനരികെ ഒരു കെട്ടിടത്തിൽ കുട്ടികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുവാൻ ഒരു സ്ഥാപനം തുടങ്ങിയിരുന്നു. ഈ വിവരം അറിഞ്ഞ അന്നത്തെ കൊച്ചി വിദ്യാഭ്യാസ ചീഫ് ഇൻസ്പെക്ടർ സി.മത്തായി വളരെയധികം സന്തോഷിച്ചു. ഇദ്ദേഹം പ്രമുഖ വിദ്യാഭ്യാസവിചക്ഷണനായിരുന്ന ഡോ: ജോൺ മത്തായിയുടെ മൂത്ത ജ്യേഷ്ഠ സഹോദരനായിരുന്നു. ഹരിഹര അയ്യർ എന്ന അധ്യാപകനായിരുന്നു ഇവിടെ സീതിക്കും മുഹമ്മദ് അബ്ദുറഹിമാനും ഇംഗ്ലീഷിലെ പ്രാഥമിക പാഠങ്ങൾ പഠിപ്പിച്ചു കൊടുത്തിരുന്നത്. ഹരിഹര അയ്യർക്ക് ശേഷം സി.മത്തായി അയച്ചുകൊടുത്ത കെ. അബ്ദുൽ വഹാബ് ഷാ എന്ന വിദ്യാഭ്യാസ പ്രവർത്തകന്റെ സഹായത്തോടെയാണ് അഴീക്കോട്ട് പ്രൈമറി സ്കൂൾ സ്ഥാപിച്ചത്. തുടർന്ന് അദ്ദേഹം പ്രൈമറി സ്കൂളിലെ മലയാള അധ്യാപകനും ഇംഗ്ലീഷ് അധ്യാപകനുമായി.

നാട്ടുകാർ തീർത്ത പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ടാണ് ഇവിടെ നിന്നും സീതിയും മുഹമ്മദ് അബ്ദുറഹിമാനും അവരുടെ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കുട്ടികളെ സ്കൂളിൽ അയക്കുക എന്നത് ഇക്കാലത്ത് ഒരു ധീരകൃത്യം തന്നെയായിരുന്നു. കുട്ടികളെ സ്കൂളിൽ അയക്കുന്ന രക്ഷിതാക്കളോ ധീരരിൽ ധീരരും.

ഈ കാലത്താണ് തലശ്ശേരിയിലെ ഒരു പ്രമുഖ കുടുംബത്തിൽ അംഗമായിരുന്ന മാഹിൻ എന്നൊരാൾ ഇംഗ്ലീഷ് പഠിക്കാനായി താല്പര്യമെടുത്തത്. അദ്ദേഹം ഇംഗ്ലീഷ് പഠിക്കുകയും പരിഷ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുപോരുകയും ചെയ്തു. അദ്ദേഹം ചെയ്ത 'മഹാ അപരാധ' ത്തിന് സമുദായം അദ്ദേഹത്തെ ഒരു സ്ഥാനപ്പേര് നൽകി വിളിച്ചു 'കാഫിർ മാഹിൻ.' ഇതേ സമയത്തു തന്നെയായിരുന്നു യാഥാസ്ഥിതികരെ വിറളിപിടിപ്പിച്ച് കൊണ്ട് സീതിയും മുഹമ്മദ് അബ്ദുറഹിമാനും വിദ്യാഭ്യസത്തിനായി ഇറങ്ങിപ്പുറപ്പെടുന്നതും. അഴീക്കോട് സ്കൂളിൽനിന്നും മൂന്നാം ക്ലാസ്സിൽ വിജയിച്ച ഇരുവരും അവിടെ പഠനം പൂർത്തിയാക്കി. സീതിയും അബ്ദുറഹിമാനും മറ്റു ചില സഹപാഠികളും കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ ചേർന്നു. ഇവിടെ നിന്നും മുഹമ്മദ് അബ്ദുറഹിമാൻ കോഴിക്കോട് ബാസൽമിഷൻ സ്കൂളിൽ ചേർന്നു. അദ്ദേഹത്തിന്റെ സീനിയറായി സീതിയും ഇവിടെ വിദ്യാർഥിയായി ഒരു വർഷം.

ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെയുള്ള ജനകീയ പ്രസ്ഥാനം കൊച്ചിയിൽ ആരംഭിക്കുന്നതും ഈ കാലഘട്ടത്തിൽ തന്നെ. ഇരുപതാം നൂ

mappilaheritagelibrary.com

റ്റാണ്ടിന്റെ ആരംഭദശയിൽ ഇന്ത്യയുടെ സ്വയംഭരണത്തിനു വേണ്ടി ഡോ:ആനിബസന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹോംറൂൾ ലീഗിന്റെ പ്രവർത്തനങ്ങൾ കൊച്ചിയിലെങ്ങും വ്യാപിക്കാൻ തുടങ്ങിയിരുന്നു. 1914 ൽ ഹോംറൂൾ ലീഗിന്റെ ഒരു യോഗം തൃശൂരിൽ ചേർന്നു. ഗോഖലെ മെമ്മോറിയൽ അസോസിയേഷൻ എന്നൊരു സംഘടന തൃശൂരിലും ഉണ്ടായി.1918 ൽ കൊച്ചി മഹാജനസഭ എന്നൊരു സംഘടനയും ഉടലെടുത്തു. രാജഭരണത്തിൽ ജനങ്ങൾക്ക് പങ്കാളിത്തം വേണമെന്നായിരുന്നു സഭയുടെ മുഖ്യ അജണ്ട. എന്നാൽ ഇത്തരം പ്രവർത്തനങ്ങളോ സംഘടനകളോ ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചിരുന്നില്ല.

1885ൽ ജന്മം കൊണ്ട കോൺഗ്രസിന്റെ പ്രവർത്തനം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് കൊച്ചിയിൽ തുടങ്ങുന്നത്. ഇതിനു ശേഷമാണ് ജനങ്ങൾ സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുവാൻ തുടങ്ങിയത്.

ഇതിന്റെ മുൻപന്തിയിൽ തന്നെ ഖദർവസ്ത്രമണിഞ്ഞിരുന്ന, ഭാര്യ മരിച്ചപ്പോൾ അവർക്കായുള്ള കഫൻ പുടവ ഖദർതുണിയാൽ അണിയിച്ച, സീതി മുഹമ്മദും ഉണ്ടായിരുന്നു.

ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന സീതിയിലും സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ചലനം സൃഷ്ടിച്ചിരുന്നു. ഹൈസ്കൂൾ പഠനകാലത്തു തന്നെ സീതിയും ഖദർ വസ്ത്രങ്ങളാണു ധരിച്ചിരുന്നത്. ഹൈസ്കൂൾ ഫൈനൽ പരീക്ഷ സീതി കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ എഴുതി വിജയിച്ചു. സമർഥനും സൽസ്വഭാവിയുമായ വിദ്യാർഥി എന്ന നിലയിൽ സ്കൂളിലെ മുഴുവൻ അധ്യാപകരുടേയും സഹപാഠികളുടേയും സ്നേഹഭാജനമായി ആ കുട്ടി. ഭൗതിക വിദ്യാഭ്യാസത്തിനു നേരെ മുഖംതിരിഞ്ഞു നിന്ന ഒരു സമുദായത്തിൽ നിന്നും വിജ്ഞാനദാഹവുമായി വിദ്യാഭ്യാസത്തിനായി ഇറങ്ങിത്തിരിച്ച സീതിയേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും അധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചത് സ്വാഭാവികം. സ്വസമുദായത്തിന്റെ പിന്നോക്കാവസ്ഥക്കെതിരെയുള്ള പോരാട്ടത്തിന് സ്വന്തം ജീവിതത്തിലൂടെ തന്നെ സീതിസാഹിബ് തുടക്കം കുറിക്കുകയായിരുന്നു.

ഹൈസ്കൂൾ പഠനകാലത്തു തന്നെ നല്ലൊരു പ്രസംഗകനെന്ന പേര് സ്കൂളിനകത്തും പുറത്തും നേടിയെടുക്കാൻ സീതിക്ക് കഴിഞ്ഞു. സീതി മുഹമ്മദിന് ഇംഗ്ലീഷ് ഭാഷ അറിയില്ലായിരുന്നു. പിതാവിന് ഇംഗ്ലീഷ് പത്രങ്ങൾ വായിച്ച് അതിന്റെ അർഥം പറഞ്ഞ് കൊടുക്കുക എന്നത് സ്കൂൾ വിദ്യാർഥിയായ സീതിയുടെ ഒരു ഡ്യൂട്ടിതന്നെയായിരുന്നു. ഇംഗ്ലീഷ് ഭാഷ അറിയില്ലായിരുന്നെങ്കിലും എല്ലാ ഇംഗ്ലീഷ് പത്രങ്ങളും സീതി മുഹമ്മദ് വാങ്ങിക്കുമായിരുന്നു. എന്നിട്ട് മകൻ സീതിയെക്കൊണ്ട് എല്ലാം വായിപ്പിക്കും. ചില ദിവസങ്ങളിൽ സീതി മുഹമ്മദിന് രാത്രിയിലായിരിക്കും പത്രവായന. ആ സമയം മകൻ ഉറക്കമായിരിക്കും. ഉപ്പ മക

mappilaheritagelibrary.com

നെ വിളിച്ചുണർത്തും. നട്ടപ്പാതിരയ്ക്ക് മകനെക്കൊണ്ട് പത്രം വായിപ്പിക്കും. ഉറക്കപ്പിച്ചോടെ പത്രം വായിക്കുമ്പോൾ ബാലനായ സീതി ചിലപ്പോൾ സങ്കടപ്പെടും. പഠനം വീട്ടിൽ നിന്നും അകലെ മറ്റെവിടെയെങ്കിലും ആയിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്ന് ഉറക്കം മുറിഞ്ഞുള്ള വായനക്കിടയിൽ ആലോചിച്ചു പോകാറുണ്ടായിരുന്നുവെന്ന് സീതി സാഹിബ് തന്റെ ഒരു ലേഖനത്തിൽ അനുസ്മരിക്കുന്നുണ്ട്. ഒരു പക്ഷേ ആ പിതാവ് മകന് ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുവാൻ കണ്ടെത്തിയ ഒരു മാർഗ്ഗവുമായിരുക്കാം ഈ വായന. ഉപ്പയുടെ അർദ്ധരാത്രിയിലുള്ള ഈ വിളിച്ചെഴുന്നേൽപ്പിക്കലും ഇംഗ്ലീഷ് പത്രങ്ങളുടെ വായനയുമാണ് തന്നെ ഇംഗ്ലീഷ് പ്രസംഗങ്ങളുടെ പരിഭാഷകനാക്കിയതെന്ന് പിൽക്കാലത്ത് ഈ വിദ്യാർഥി അഭിമാനത്തോടെ ഓർത്തു. ഇന്ത്യകണ്ട ഏറ്റവും നല്ല പ്രസംഗകരിൽ പരിഭാഷകരിൽ ഒരാളായി മാറാനുള്ള ഗൃഹപാഠമായിരുന്നു സീതിമുഹമ്മദ് ഒരർഥത്തിൽ മകന് നൽകിയിരുന്നത്. അത് മകനറിഞ്ഞില്ല. ഉപ്പയറിഞ്ഞിരുന്നില്ല. ഗാന്ധിജിയുടെ പ്രിയപ്പെട്ട പരിഭാഷകനായി ഉയരുവാൻ വരെ സാധിച്ച ഇംഗ്ലീഷ് പത്രപാരായണം. ഗാന്ധിജിയെ, നെഹ്റുവിനെ, ബ്രിട്ടീഷ് സർക്കാറിനെ വിസ്മയിപ്പിച്ച പ്രഭാഷണ പ്രതിഭ. ഇന്ത്യയുടെ ട്രാൻസ്ലേറ്റർ ജനറൽ എന്ന് പ്രസംഗവേദിയിൽ വെച്ച് കെട്ടിപ്പിടിച്ചുകൊണ്ട് ബംഗാൾ പ്രധാനമന്ത്രിയായിരുന്ന ഫസലുൽ ഹഖ് വിശേഷിപ്പിച്ച പ്രഭാഷണ കലയുടെ രാജാകുമാരൻ സീതിസാഹിബ്.

സീതിയുടെ ഹൈസ്കൂൾ പഠനകാലത്താണ് 1916-ൽ വാണിയമ്പാടിയിൽ ദക്ഷിണേന്ത്യാ മുസ്ലിം വിദ്യാഭ്യാസ സമ്മേളനം നടക്കുന്നത്. യോഗത്തിൽ സംബന്ധിക്കുവാൻ ഹൈസ്കൂൾ വിദ്യാർഥിയായ സീതിയും എത്തി. സർ ഹൈദർ അൽബരിയായിരുന്നു സമ്മേളനാധ്യക്ഷൻ. തനിക്കൊരു ഇംഗ്ലീഷ് പ്രസംഗം നടത്തിയാൽ കൊള്ളാമെന്നുണ്ടെന്ന് ആ സ്കൂൾ വിദ്യാർഥിയായ ബാലൻ സംഘാടകരോട് വളരെ വിനയപൂർവം അറിയിച്ചു. സംഘാടകർ ആ കൊച്ചു പയ്യനെ ആപാദചൂഡം ഒന്നു നോക്കി. എന്നിട്ടവർ അവനെ സമാധാനിപ്പിക്കും വിധം പറഞ്ഞു. "കുട്ടിക്ക് ഇപ്പോൾ പ്രസംഗിക്കാനുള്ള പ്രായം ആയിട്ടില്ല. ഇത് വലിയ ആളുകൾ പ്രസംഗിക്കുന്ന സമ്മേളനമല്ലേ, കുട്ടി വലുതാകുമ്പോൾ പ്രസംഗിക്കാമല്ലോ." വളരെ നിരാശയോടെയാണ് ആ കൊച്ചു വിദ്യാർഥി സീതി അന്ന് ആ സമ്മേളനനഗരി വിട്ടത്. അന്നത്തെ ഉദ്ഘാടകൻ അക്ബർ ഹൈദരിയും സംഘാടകരും വളരെ വൈകാതെ അറിഞ്ഞു. പ്രസംഗ കലയിലെ രാജാകുമാരനെയാണ് അവസരം നൽകാതെ തിരിച്ചയച്ചതെന്ന്. അന്ന് നിരാശയോടെ മടങ്ങിയത് സീതിയായിരുന്നെങ്കിൽ പിന്നീട് നിരാശപ്പെടേണ്ടി വന്നത് വാണിയമ്പാടിയിൽ മുസ്ലിം വിദ്യാഭ്യാസ സമ്മേളനം സംഘടിപ്പിച്ചവരായിരിക്കണം.

പ്രസംഗത്തിലെന്നപോലെ പ്രബന്ധ രചനയിലും കായികവിനോദങ്ങളിലും ആ വിദ്യാർഥി സമർഥനായിരുന്നു. പഠനത്തിൽ എല്ലാ ക്ലാസ്സുക

mappilaheritagelibrary.com

ളിലും ഒന്നാമനായിത്തുടർന്നു. കൊടുങ്ങല്ലൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ സീതിയുടെ പിതാവ് സീതിമുഹമ്മദിന് എഴുതി: "താങ്കളുടെ മകൻ സീതി എന്റെ ഗുരുത്വമുള്ള പ്രിയ ശിഷ്യനാണ്." ഒരു മകനെക്കുറിച്ച് ഒരു പിതാവിന് ഇതിലപ്പുറം എന്ത് സർട്ടിഫിക്കറ്റാണ് വേണ്ടത്. അഭിമാനിക്കാൻ വേറെ എന്തുവേണം.

***

സ്വാതന്ത്ര്യസമരത്തിന്റെ ആദ്യനാളുകളിൽ കോൺഗ്രസ്സും മുസ്ലിം ലീഗും യോജിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. 1916 -ൽ കോൺഗ്രസ്സിന്റെയും മുസ്ലിം ലീഗിന്റെയും നേതാക്കൾ കൽക്കത്തയിൽ ഒത്തുചേർന്നു. ഭരണഘടനാ കാര്യങ്ങളായിരുന്നു ചർച്ചാവിഷയം. നിയമസഭകളിലെ മുസ്ലിം പ്രാതിനിധ്യത്തിന്റെ അഭാവം എങ്ങിനെ പരിഹരിക്കാം എന്നതായിരുന്നു ചർച്ചയുടെ കാതൽ. എന്നാൽ യോഗത്തിന് ഒരു തീരുമാനത്തിൽ എത്താനായില്ല. 1916 ഡിസംബറിൽ വീണ്ടും കോൺഗ്രസ്സിന്റെയും മുസ്ലിം ലീഗിന്റെയും പ്രതിനിധികൾ ലഖ്നോവിൽ ചേർന്നു. ചരിത്ര പ്രാധാന്യമുള്ള ഒരു യോഗമായിരുന്നു ഇത്. ഈ യോഗത്തിൽ വെച്ചാണ് 'ലഖ്നോ സന്ധി' എന്ന പേരിൽ മുസ്ലിം ലീഗും കോൺഗ്രസ്സും സംയുക്തമായി ഒരു ധാരണയിൽ എത്തിച്ചേരുന്നതും കരാറിൽ ഒപ്പുവെക്കുന്നതും. അംബികാചാരൺ മസുംദാറിന്റെ അധ്യക്ഷതയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം മുസ്ലിം ലീഗും കോൺഗ്രസ്സും തമ്മിലുണ്ടാക്കിയ ലഖ്നോ കരാർ എന്ന ഭരണ പരിഷ്കാര പദ്ധതി അംഗീകരിച്ചു. ബ്രിട്ടീഷ് സർക്കാറിന്റെ സാമ്രാജ്യ നിയമസഭയിലും സംസ്ഥാന നിയമസഭകളിലും മുസ്ലിംകൾക്ക് നിശ്ചിതശതമാനം സീറ്റുകൾ സംവരണം ചെയ്തു കൊണ്ട് പ്രത്യേക നിയോജക മണ്ഡലങ്ങളിൽ മുസ്ലിംകൾക്കും വോട്ടവകാശം നൽകുക, ഹിന്ദുമെമ്പർമാരുടേയും മുസ്ലിം മെമ്പർമാരുടേയും നാലിൽ മൂന്ന് ഭാഗത്തിന് സമ്മതമല്ലാത്ത ഒരു വിഷയവും നിയമസഭകൾ ആലോചനക്കൊടുക്കാതിരിക്കുക- ഇവയായിരുന്നു ലഖ്നോ കരാറിലെ വ്യവസ്ഥകൾ. 1916 ഡിസംബറിൽ രൂപം കൊണ്ട കരാർ 1917 ന്റെ ആരംഭത്തോടെ കോൺ ലീഗ് പദ്ധതിയെന്ന പേരിൽ നാടുനീളെ പ്രചരിപ്പിക്കപ്പെട്ടു. ആവശ്യങ്ങൾ നേടിയെടുക്കാൻ സഹനസമരത്തിനുപോലും സന്നദ്ധരാവാൻ ഇരുപാർട്ടികളും തയ്യാറായി.

ലഖ്നോ കരാറിന്റെ ചരിത്രപ്രാധാന്യം എന്തുമാകട്ടെ കരാർ സൃഷ്ടിച്ച ഹിന്ദു-മുസ്ലിം മൈത്രിയും തുടർന്നുണ്ടായ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളും ഉജ്ജ്വലം തന്നെയായിരുന്നു. 1917 ഡിസംബർ അവസാന വാരത്തിൽ ആനിബസന്റിന്റെ അധ്യക്ഷതയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമ്മേളനം കൽക്കത്തയിൽ ചേർന്നു. പരിപൂർണ്ണമായ ഉത്തരവാദിത്ത ഭരണം ഏർപ്പെടുത്തുന്നതിന്റെ സമയപരിധി നിശ്ചയിക്കുക, അതിലേക്കുള്ള പ്രാരംഭ പ്രവർത്തനമെന്ന നിലക്ക് കോൺ -ലീഗ് പദ്ധതിയെന്ന ലഖ്നോ കരാർ നിയമമാക്കി ഉടൻ നടപ്പിലാക്കുക,

mappilaheritagelibrary.com

വേറൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമില്ലാതെതന്നെ ഈ ലക്ഷ്യം പ്രാപിക്കാനുള്ള സ്വയം വികസനശക്തി പുതിയനിയമത്തിനു ഉണ്ടാക ണം തുടങ്ങിയ പ്രമേയങ്ങൾ യോഗം ഐക്യകണ്ഠേന പാസാക്കി.

ബ്രിട്ടന്റെ പരമോദ്ദേശ്യം ഇന്ത്യക്ക് ക്രമപ്രവൃദ്ധമായി ഉത്തരവാദിത്ത ഭരണം അനുവദിക്കുക എന്നതാണെന്ന് ഇന്ത്യാസെക്രട്ടറി മൊണ്ടേഗു വിന്റെ 1917 ആഗസ്ത് 20 ലെ പ്രസ്താവനയോടുള്ള പ്രതികരണമായിരു ന്നു പ്രസ്തുത പ്രമേയങ്ങൾ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഹിന്ദുക്ക ളുടെയും മുസ്ലിംകളുടേയും യോജിച്ചുള്ള പോരാട്ടമെന്ന നിലയിൽ ല ഖ്നോ സന്ധിക്ക് ചരിത്രത്തിൽ വമ്പിച്ച പ്രാധാന്യം തന്നെയുണ്ട്.

ഇന്ത്യക്കാരുടെ സ്വയംഭരണാവകാശത്തിനുള്ള വഴിതെളിയുന്നതായും ഹിന്ദുമുസ്ലിം പ്രശ്നപരിഹാരം ഉണ്ടാകുന്നുവെന്ന പ്രതീതിയും ജനി പ്പിച്ചു ഈ കരാർ.

ഗാന്ധിജിയുടേയും അലിസഹോദരന്മാരുടേയും സംയുക്തമായ നേ തൃത്വവും ഖിലാഫത്ത് പ്രക്ഷോഭത്തിലെ ലീഗ് കോൺഗ്രസ് സംയുക്ത മുന്നേറ്റവും ഹിന്ദു മുസ്ലിം ഐക്യത്തെ ബലപ്പെടുത്തി.

ഹിന്ദുക്കളും മുസ്ലിംകളും ഇത്രയധികം വൈകാരികമായി യോജി പ്പോടെ പ്രവർത്തിച്ച മറ്റൊരു കാലഘട്ടവും സ്വാതന്ത്ര്യ സമരചരിത്രത്തിൽ മുമ്പോ പിമ്പോ ഉണ്ടായിട്ടില്ല. എന്നാൽ ഈ ബന്ധം ഏറെ നാൾ നീണ്ട് നിന്നില്ല. കോൺഗ്രസും ലീഗും തമ്മിൽ പുലർത്തിപ്പോന്ന മൈത്രിബ ന്ധം തകരുകയായിരുന്നു.

ഈ കാലത്തു തന്നെയാണ് സീതിയുടെ സ്കൂൾ പഠനം അവസാനി ക്കുന്നത്. എറണാകുളം മഹാരാജാസ് കോളേജിൽ അദ്ദേഹം പ്രീ യൂ ണിവേഴ്സിറ്റിക്ക് ചേർന്നു. കോളേജിലും സീതി ശ്രദ്ധാർഹനായി. മുസ് ലിം വിദ്യാർഥികൾ മതപരമായ അനുഷ്ഠാനങ്ങളോട് വൈമുഖ്യം കാ ണിക്കുന്നത് സീതിക്ക് തീരെ ഇഷ്ടപ്പെട്ടില്ല. കോളേജ് വിദ്യാർഥിയായി രിക്കുമ്പോൾ സുബ്ഹി നമസ്കാരത്തിനും നോമ്പെടുക്കുന്നതിനും ഒരി ക്കലും വീഴ്ചവരുത്തിയില്ല. മതപരമായ കാര്യങ്ങളിൽ ഒരു തരം കണി ശത തന്നെ അദ്ദേഹം പുലർത്തി. ഒരു യഥാർഥ മുസ്ലിം ആയിത്തന്നെ അദ്ദേഹം തന്റെ കോളേജ് പഠനകാലം തുടർന്നു.

സ്വയം വിദ്യാഭ്യാസം നോടുന്നതോടൊപ്പംതന്നെ തന്റെ സമുദായത്തേ യും മതത്തെയും സേവിക്കേണ്ടത് അനിവാര്യമാണെന്ന് ആ കോളേജ് വിദ്യാർഥി മനസ്സിലാക്കി. തുടർന്ന് അതിനനുസരിച്ചുള്ള പ്രവർത്തനവും തുടങ്ങി. ഇവിടം മുതലാണ് സീതി എന്ന വിദ്യാർഥിയിൽ മാറ്റത്തിന്റെ അനുരണനങ്ങൾ ദൃശ്യമാകാൻ തുടങ്ങുന്നത്.

കൊച്ചി സംസ്ഥാനത്തെ മുസ്ലിംകൾ അക്കാലത്ത് വിദ്യാഭ്യാസപര മായി ഏറെ മുന്നിലല്ലെന്നു മാത്രമല്ല എല്ലാ തുറകളിലും പിന്നാക്കമായി രുന്നു. അസന്തുലിതമായ ഈ അവസ്ഥ ആ വിദ്യാർഥിയെ മഥിച്ചുകൊ ണ്ടിരുന്നു.

mappilaheritagelibrary.com

1919-ൽ കൊച്ചി ദിവാനായിരുന്ന ടി.വി ജയരാഘവാചാരിക്ക് തൃശൂരിലെ മുസ്‌ലിം പൗരന്മാരുടെ വക ഒരു സ്വീകരണം നൽകി. ആ സ്വീകരണത്തിന് നന്ദി പറയവെ അദ്ദേഹം സൂചിപ്പിച്ചു. "ഞാനിവിടെ വന്നപ്പോൾ വിദ്യാഭ്യാസ വിഷയത്തിൽ ഏറ്റവും അധഃപതിച്ചുകിടന്ന രണ്ട് സമുദായങ്ങളെയാണ് കണ്ടത്. ഒന്ന് മുസ്‌ലിം സമുദായം. മറ്റൊന്ന് അധ: കൃത വിഭാഗം" അന്നത്തെ മുസ്‌ലിം സമുദായത്തിന്റെ ദയനീയാവസ്ഥയായിരുന്ന ദിവാന്റെ വാക്കുകളിലൂടെ പുറത്തു വന്നത്. ഈ അധഃപതനം കൊച്ചിയിൽ മാത്രമായിരുന്നില്ല. കേരളമൊട്ടാകെ ഇത് തന്നെയായിരുന്നു അവസ്ഥ. ഇതു മാറ്റിയെടുക്കക തന്നെ വേണം. അല്ലാതെ തന്റെ സമുദായം ഒരിക്കലും രക്ഷപ്പെടുവാൻ പോകുന്നില്ല; ആ വിദ്യാർഥി തീരുമാനിച്ചു.

സ്വന്തം ജീവിതം കരുപ്പിടിപ്പിക്കും മുമ്പെ സീതി സാഹിബ് ഈ ദൗത്യം എറ്റെടുക്കുയായിരുന്നു. പ്രാരംഭ പ്രവർത്തനമായി തന്റെ പ്രിയ കൂട്ടുകാരനും ബന്ധുവുമായ മുഹമ്മദ് അബ്ദുറഹിമാനേയും മറ്റുചില സുഹൃത്തുക്കളെയും കൂട്ടി 1918-ൽ "കൊച്ചിൻ മുസ്‌ലിം വിദ്യാഭ്യാസ സംഘം" എന്ന സംഘടന രൂപീകരിച്ചു അഴീക്കോട്ടായിരുന്നു സംഘത്തിന്റെ ആസ്ഥാനം. സംഘത്തിന്റെ പ്രവർത്തനവുമായി സീതി സജീവമായി. പ്രവർത്തനത്തിന്റെ ഭാഗമായി 1918 ഒകോടോബർ 5ന് സീതി ഹമദാനി തങ്ങളുമൊന്നിച്ച് കോഴിക്കോട്ട് എത്തി. ജസ്റ്റിസ് സർ അബ്ദുറഹിമാനെ കണ്ട് മുസ്‌ലിം വിദ്യാഭ്യാസ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായിരുന്നു അവരെത്തിയത്. കേരളത്തിലെ അന്നത്തെ പ്രമുഖ ധനാഢ്യരായ കൊയപ്പത്തൊടി മുഹമ്മദ് കുട്ടി ഹാജി, കെ. കുഞ്ഞഹമ്മദ് കോയ ഹാജി, ഹാജി അലിബറാമി എന്നിവർ സ്ഥാപിച്ച മദ്രസത്തുൽ മുഹമ്മദിയ്യ സ്കൂളിന്റെ ഉൽഘാടനം നിർവഹിക്കാൻ എത്തിയതായിരുന്നു ജസ്റ്റിസ്. ഈ കാലത്തു തന്നെയാണ് സീതിയിൽ രാഷ്ട്രീയാഭിമുഖ്യം അങ്കുരിക്കുന്നതും. എറണാംകുളം മഹാരാജാസ് കോളേജിൽ നിന്നും ഇന്റർമീഡിയറ്റ് ഒന്നാമനായി ജയിച്ച് ബി. എക്ക് തിരുവനന്തപുരം മഹാരാജാസിൽ ചേർന്നു. അക്കാലങ്ങളിൽ പലരും ഇന്റർ പാസായിക്കഴിഞ്ഞാൽ ഉപരിപഠനത്തിനായി മദിരാശിയിലേക്കാണ് പോയിരുന്നത്. എന്നാൽ സീതി തിരുവനന്തപുരം തെരഞ്ഞെടുക്കുകയായിരുന്നു. മനഃപൂർവ്വമായിരുന്നു ആ തീരുമാനം. തന്റെ തുടർന്നുള്ള സമുദായ വിദ്യാഭ്യാസകാര്യത്തിലുള്ള പ്രവർത്തനങ്ങൾക്ക് തിരുവനന്തപുരത്തു തന്നെ തുടരുകയാണ് അഭികാമ്യമെന്ന് ആ യുവവിദ്യാർഥി മനസ്സിലാക്കി. തിരുവനന്തപുരത്ത് ആയാൽ വേറെയും ഗുണങ്ങളുണ്ടായിരുന്നു. മാർഗ്ഗനിർദേശങ്ങൾക്കായി സമീപിക്കുവാൻ വക്കം അബ്ദുൽ ഖാദർ മൗലവിയെ എളുപ്പത്തിൽ ലഭിക്കുമെന്നതും തിരുവനന്തപുരം തന്നെ തുടർ പഠനത്തിനായി തെരഞ്ഞെടുക്കുവാൻ സീതിയെ പ്രേരിപ്പിക്കുകയായിരുന്നു.

ഹൈസ്കൂൾ വിദ്യാർഥിയായിരുന്ന കാലം മുതൽക്കു തന്നെ വക്കം

mappilaheritagelibrary.com

അബ്ദുൽ ഖാദർ മൗലവിയുമായി സീതി ബന്ധപ്പെടാറുണ്ടായിരുന്നു. അക്കാലത്ത് വക്കം അബ്ദുൽ ഖാദർ മൗലവി എറണാകുളത്തും ആലപ്പുഴയിലും നിരന്തരം വരികയും വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. ആലപ്പുഴയിൽ 'ലജ്നത്തുൽ മുഹമ്മദിയ്യ' സംഘത്തിന്റെ പ്രവർത്തനങ്ങളുമായി സീതി ഹമദാനി തങ്ങളുമായി ബന്ധപ്പെട്ടിരുന്നു. തിരുവനന്തപുരും കാഴ്ചബംഗ്ലാവിന് സമീപമുള്ള പാളയം എൽ. എം. എസ്. ചർച്ചിനടുത്തുണ്ടായിരുന്ന മുസ്‌ലിം ഹോസ്റ്റലിലായിരുന്നു സീതി താമസിച്ചിരുന്നത്. സീതിയുടെ കൂടെയുണ്ടായിരുന്ന അന്തേവാസികളധികം പേരും വക്കം അബ്ദുൽ ഖാദർ മൗലവിയുടെ അനുയായികളോ അതല്ലെങ്കിൽ ബന്ധുക്കളോ ആയിരുന്നു. അതിനാൽ തന്നെ ഒന്നോ രണ്ടോ ആഴ്ച കഴിയുമ്പോൾ വക്കം മൗലവി ഈ ഹോസ്റ്റൽ സന്ദർശിക്കുമായിരുന്നു. ഒന്നോ രണ്ടോ ദിവസം അവിടെ കഴിച്ചു കൂട്ടും. ഈ സമയത്ത് മുസ്‌ലിംകളെ സംബന്ധിക്കുന്ന നാനാജാതി വിഷയങ്ങളെക്കുറിച്ച് അദ്ദേഹം വിദ്യാർഥികളുമായി ചർച്ച ചെയ്തു. തിരുവിതാംകൂറിലെ പൊതുസ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കുവാനും അവർക്ക് ചില പരീക്ഷകൾ ഏർപ്പെടുത്തുവാനും ഇടവന്നത് വക്കം മൗലവിയുടെ നേതൃത്വത്തിൽ സർക്കാറിന് നൽകിയ നിവേദനത്തെതുടർന്നായിരുന്നു. അത്തരമൊരു നിവേദനത്തിന്റെ കളമൊരുങ്ങിയതാകട്ടെ മുസ്‌ലിം ഹോസ്റ്റലിലെ ചർച്ചയിൽ നിന്നും.

മുസ്‌ലിം വിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ വക്കം മൗലവിയുടെ സാന്നിധ്യത്തിൽ അന്നത്തെ തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടർ മി. ഹോഡ്ഡനും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് ഉയർന്ന ഉദ്യോഗസ്ഥൻമാരും മുസ്‌ലിം ഹോസ്റ്റലിൽ വന്നിരുന്നതായി വക്കം മൗലവിയെ അനുസ്മരിക്കുന്ന ഒരു ലേഖനത്തിൽ സീതി സാഹിബ് രേഖപ്പെടുത്തിയിട്ടുണ്ട്. മുസ്‌ലിം ഹോസ്റ്റലിലെ തിരുവിതാംകൂർ മുസ്‌ലിം യുവജനസമാജത്തിന്റെ സെക്രട്ടറിയായി സീതിയെയാണു തെരഞ്ഞെടുത്തത്. പ്രസിഡണ്ടായി ആദം സേട്ടുവിനെയും തെരഞ്ഞെടുത്തു. ആദം സേട്ടു തിരുവിതാംകൂർ പ്രജാസഭയിലും നിയമസഭകളിലും മുസ്‌ലിം സമുദായത്തെ പില്ക്കാലത്ത് പ്രതിനിധീകരിച്ചു. വക്കം മൗലവിയുടെ ഉറ്റസുഹൃത്തുമായിരുന്നു ആദം സേട്ടു.

തിരുവന്തപുരത്തെ പഠനകാലത്ത് ഒന്നാം തരം പ്രസംഗകനും എഴുത്തുകാരനുമായി സീതി അറിയപ്പെട്ടുതുടങ്ങി. അതോടൊപ്പം തന്നെ ഫുട്ബോൾ, നീന്തൽ എന്നീ കായിക വിനോദങ്ങളിലും അദ്ദേഹം പങ്കെടുത്തുപോന്നു. ഇതിനിടയിലൊന്നും മതപരമായ ചിട്ടകൾ പാലിക്കുന്നതിൽ അദ്ദേഹം വീഴ്ച വരുത്തിയില്ല. യാതൊരു കാരണവശാലും നമസ്കാരം പാഴാക്കുകയോ നോമ്പിൽ നിന്ന് വിട്ടുനിൽക്കുകയോ ഉണ്ടായില്ല.

ലഖ്നോ സന്ധിയെത്തുടർന്ന് കോൺഗ്രസ്സും ലീഗും സഹകരിച്ച് പ്രവർത്തിക്കാൻ തുടങ്ങിയത് സീതിയെ വല്ലാതെ ആകർഷിച്ചു. കൗതുക

mappilaheritagelibrary.com

പൂർവ്വം രണ്ട് പാർട്ടികളുടേയും പ്രവർത്തനങ്ങൾ അദ്ദേഹം നിരീക്ഷിച്ചു പോന്നു.

എല്ലാവരുടേയും ആദരവ് പിടിച്ചുപറ്റിയ വിദ്യാർഥി. വശ്യമായ പുഞ്ചിരിയോടെയല്ലാതെ സീതിയെ ആരും കണ്ടിട്ടില്ല. തികഞ്ഞ ബഹുമാനവും ആദരവും അദ്ദേഹം തന്റെ സഹപാഠികൾക്കും അധ്യാപകർക്കും നൽകി. വിനയാന്വിതമായ പെരുമാറ്റം കാരണം കാമ്പസിന്റെ തന്നെ മനം കവർന്നു ആ വിദ്യാർഥി. സ്വഭാവഗുണത്തിന് കോളേജിലെ വിദ്യാർഥികൾക്ക് നൽകിപ്പോരുന്ന 'മഹാദേവ അയ്യർ സ്മാരക സ്വർണ്ണമെഡൽ' 1919 ൽ സീതിയെത്തേടിയാണു വന്നത്.

1919മുതൽ 1923 വരെയുള്ള കോളേജ് വിദ്യാഭ്യാസ കാലം അദ്ദേഹത്തിന്റെ ഭാവിജീവിതത്തിന്റെ ഗതിവിഗതികൾ തീരുമാനിക്കുന്നതിൽ നിർണായക പങ്കാണ് വഹിച്ചത്. രാഷ്ട്രീയ, വിദ്യാഭ്യാസ, സാമൂഹിക പ്രവർത്തനങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കുവാൻ തുടങ്ങുകയായിരുന്നു അദ്ദേഹം. സഹപാഠികളെ തന്നിലേക്ക് വലിച്ചടുപ്പിക്കാനുള്ള സവിശേഷമായ ഒരു ഗുണം സീതി സാഹിബിന് ഉണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ സഹപാഠിയായിരുന്ന പി.ടി കൊച്ചുണ്ണി പണിക്കർ ഒരിടത്ത് രേഖപ്പെടുത്തിയതായി കൊച്ചുണ്ണിയുടെ സഹോദരനും പി.എസ്.സി അംഗവും പ്രശസ്ത എഴുത്തുകാരനുമായിരുന്ന പി.ടി ഭാസ്ക്കരപ്പണിക്കർ സീതിസാഹിബിനെക്കുറിച്ചുള്ള അനുസ്മരണലേഖനത്തിൽ കുറിക്കുന്നു.

"സരസമായ, ഹൃദ്യമായ ആ സംഭാഷണം ഒരാളെപ്പോലും മുഷിപ്പിക്കുന്നതായിരുന്നില്ല. ചിന്തയിലോ വാക്കുകളിലോ പ്രവൃത്തിയിലോ ഒരിക്കലുമദ്ദേഹം കടുംപിടുത്തക്കാരനായിരുന്നില്ല. അന്ന് പൊതുവേ പ്രചാരത്തിലുണ്ടായിരുന്ന വാഗ്ധോരണിയായിരുന്നില്ല സീതിയുടെ ശൈലി. ഉചിതമായ ഭാഷാപ്രയോഗം, ശബ്ദനിയന്ത്രണത്തിലെ വൈദഗ്ധ്യം, പ്രഭാഷണത്തിലെ മാധുര്യം ഇതെല്ലാം മറ്റു പ്രഭാഷകരിൽ നിന്നും അദ്ദേഹത്തെ വേറിട്ട് നിർത്തി. തനിക്ക് പറയാനുള്ളത് വള്ളിപുള്ളി തെറ്റാതെ കേൾവിക്കാരെ ബോധ്യപ്പെടുത്താൻ അദ്ദേഹത്തിനു കഴിഞ്ഞു." അനുസ്മരണ ലേഖനത്തിൽ പറയുന്നു. പതുക്കെ പതുക്കെ വിദ്യാർഥിലോകത്തെ രാഷ്ട്രീയാവേശം പിടികൂടിക്കൊണ്ടിരിക്കുയായിരുന്നു. ആനിബസന്റ് വിദ്യാർഥിലോകത്തിന്റെ പ്രിയങ്കരിയായ നേതാവായി ഉയർന്നു കഴിഞ്ഞിരുന്നു. ക്ലാസ്സിൽ ഹാജർ വിളിക്കുമ്പോൾ പ്രസന്റ് എന്ന് പറയുന്നതിനു പകരം കുട്ടികൾ ബസന്റ് എന്ന് പറഞ്ഞതായി സീതി സാഹിബ് തന്റെ ഒരു ലേഖനത്തിൽ പറയുന്നുണ്ട്.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും യോജിച്ചുള്ള ഒരു പ്രവർത്തനകാലവും കൂടിയായിരുന്നു അത്. സീതിയും ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുവാൻ തുടങ്ങി. എന്നാൽ രാഷ്ട്രീയവേദികളിലോ യോഗങ്ങളിലോ പ്രസംഗിക്കുവാനൊന്നും അദ്ദേഹം മെനക്കെ

mappilaheritagelibrary.com

ട്ടതുമില്ല. അന്നത്തെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളെല്ലാം കോളേജ് അസംബ്ലികളിൽ ഒതുങ്ങി. 1921 മാർച്ചിൽ നടന്ന കോളേജ് വാർഷികാഘോഷത്തിൽ വിദ്യാർഥികളെ പ്രതിനിധീകരിച്ച് പ്രസംഗിക്കുവാനായി കാമ്പസ് തെരഞ്ഞെടുത്തത് സീതിയെയായിരുന്നു.

അക്കാലത്ത് ഒരു കോളേജ് അതിലെ വിദ്യാർഥിക്ക് നൽകുന്ന ഏറ്റവും വലിയ ബഹുമതിയായിരുന്നു ഈ തെരഞ്ഞെടുപ്പ്. വിദ്യാർഥി ലോകം തങ്ങളിൽപ്പെട്ട ഒരാൾക്ക് നൽകുന്ന ഏറ്റവും ഹൃദ്യമായ ആദരവും. കാമ്പസ് സ്വാതന്ത്ര്യസമരങ്ങളാൽ ചൂടുപിടിക്കുകയായിരുന്നു. പലരും ക്ലാസ്സ് ബഹിഷ്ക്കരിച്ച് തെരുവീഥിയിലേക്കിറങ്ങി. മറ്റു ചിലർ കോളേജ് പഠനം തന്നെ ഉപേക്ഷിച്ച് മുഴുവൻസമയ സ്വാതന്ത്ര്യസമര പ്രവർത്തകരായി.

സീതിക്കും വെറുതെയിരിക്കാനായില്ല. അദ്ദേഹവും ക്ലാസ്സ് ബഹിഷ്കരിക്കുവാൻ തന്നെ തീരുമാനിച്ചു. എന്ത് തീരുമാനമെടുക്കുന്നതിനു മുമ്പും ഉപ്പയോട് അനുമതി വാങ്ങുക എന്നത് അനുസരണയുള്ള ആ മകന്റെ സ്വഭാവമഹിമയായിരുന്നു. സീതി ഉപ്പയ്ക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുവാൻ ക്ലാസ്സ് ബഹിഷ്ക്കരിക്കുവാനായി അനുമതി ചോദിച്ചു കൊണ്ടെഴുതി.

ഉപ്പ നമ്പൂരിമഠത്തിൽ സീതി മുഹമ്മത് മകന്റെ എഴുത്ത് കിട്ടിയ ഉടനെ തന്നെ മറുപടിയും എഴുതി: "വിദ്യാലയം ബഹിഷ്ക്കരിക്കാതിരിക്കുന്നത് മതവിരുദ്ധമാണെന്ന് നീ എന്നെ ബോധ്യപ്പെടുത്തിയതിന് ശേഷം നിനക്ക് എന്ത് വേണമെങ്കിലും ചെയ്യാം." സീതി പിതാവിനെ അക്ഷരം പ്രതിയനുസരിച്ചു. വക്കം മൗലവിയും കുട്ടികൾ ക്ലാസ്സ് ബഹിഷ്കരിക്കുന്നതിനെതിരായിരുന്നു. അദ്ദേഹത്തിന്റെ മരുമകനും സീതിയുടെ കൂടെ പഠിക്കുന്നുണ്ടായിരുന്നു. അധഃകൃത വർഗ്ഗത്തേക്കാളും വിദ്യാഭ്യാസപരമായി അധഃപതിച്ചു കിടക്കുന്ന മുസ്ലിം സമുദായം ഇനിയൊരു ബഹിഷ്കരണവും കൂടി നടത്തിയാൽ മുസ്ലിംകളുടെ അവസ്ഥ ഭയാനകമായിത്തീരുമെന്ന ദീർഘദർശനമായിരുന്നു സീതിമുഹമ്മദ് മകന് എഴുതിയ മറുപടി. പില്ക്കാലത്ത് മുസ്ലിം വിദ്യാർഥി ഫെഡറേഷന്റെ മുദ്രാവാക്യം തന്നെ ഇതായി. സി.എച്ച് മുഹമ്മദ് കോയ ആ മുദ്രാവാക്യത്തിന് അനശ്വരത നൽകി. 'പഠിക്കുക പഠിക്കുക പിന്നെയും പഠിക്കുക'. മുസ്ലിം സമുദായത്തിന് വഴിവിളക്കായി മാറി ആ മുദ്രാവാക്യം,

mappilaheritagelibrary.com

നാല്
കിനാവിലെ വസന്തങ്ങൾ

സമരജ്വാലകൾ ആളിപ്പടരുമ്പോൾ അതിൽ വസന്തം കിനാവുകാണാൻ കഴിയുക എന്നത് അസുലഭസൗഭാഗ്യമാണ്. കോൺഗ്രസ്സിന്റെയും മുസ്‌ലിം ലീഗിന്റെയും യോജിച്ചുള്ള സ്വാതന്ത്ര്യസമര പോരാട്ടങ്ങൾ അത്തരമൊരു സൗഭാഗ്യമായിരുന്നു ഇന്ത്യൻ ജനതയ്ക്ക് നൽകിയത്. ഏതൊരു സുന്ദരസ്വപ്നത്തിനും ഒരു നിദ്രയുടെ ആയുസ്സല്ലേയുള്ളൂ.

മർദ്ദനങ്ങളുടെ പേടിക്കാഴ്ചകൾ കാണുമ്പോഴും അനുഭവിക്കുമ്പോഴും ഒരു ജനതയ്ക്ക് ആത്മബലം നൽകിയത് സ്വപ്നസന്നിഭമായ ആ ഐക്യത്തിന്റെ സാഫല്യമായിരുന്നു. ആനിബസന്റ് ഉയർത്തിവിട്ട പ്രക്ഷോഭം ആരെയും ആകർഷിക്കുന്നതായിരുന്നു. ഇന്ത്യയിലെ നേതാക്കളും അവർക്കൊപ്പം നിന്നു. ഒന്നാം ലോക മഹായുദ്ധത്തിൽ ബ്രിട്ടൺ ഉൾപ്പെടുന്ന കക്ഷികൾ വിജയിച്ചാൽ ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ സ്വാതന്ത്ര്യം സാധ്യമാകുമെന്ന് ബ്രിട്ടൻ പ്രഖ്യാപിച്ചു. അതിനായി ജർമൻ സൈനിക ശക്തിയെ ഉന്മൂലനം ചെയ്യണം. അതുകൊണ്ട് ഇന്ത്യ ബ്രിട്ടന്റെ പിന്നിൽ അണിനിരക്കണം. ഇതായിരുന്നു ബ്രിട്ടന്റെ നിലപാട്. ഇന്ത്യൻ നേതാക്കൾ അത് വിശ്വസിച്ചു.

അന്ന് ലണ്ടനിലായിരുന്ന മൗലാനാ മുഹമ്മദലിയും വസീർഹസനും ബ്രിട്ടനിലെത്തിയ മുഹമ്മദലി ജിന്നയെ പോയിക്കണ്ടു. ജിന്നയെ മുസ്‌ലിം ലീഗിലേക്ക് ക്ഷണിക്കുക, അതായിരുന്നു മൗലാനയുടെ സന്ദർശനോദ്ദേശ്യം. മൗലാനാ ജിന്നയോട് പറഞ്ഞു:

"താങ്കൾ മുസ്‌ലിം ലീഗിൽ ചേരണം. താങ്കളുടെ പ്രാഗത്ഭ്യവും പ്രതിഭയും മുസ്‌ലിം ലീഗിന് വേണ്ടി വിനിയോഗിക്കണം. അതുവഴി കോൺഗ്രസ്സിനേയും മുസ്‌ലിം ലീഗിനെയും ഒരേ വേദിയിൽ കൊണ്ടുവരാൻ താങ്കൾക്ക് കഴിയും. അതിന് വേണ്ടി താങ്കൾ പരിശ്രമിക്കണം."

ആ കാലങ്ങളിൽ പൊതുവേദികളിൽ വല്ലപ്പോഴും മാത്രമേ ജിന്ന പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. പ്രിവികൗൺസിൽ പ്രാക്ടീസും ദാദാഭായി നവറോജിയുടെ പ്രിയ ശിഷ്യനുമായി ലണ്ടനിൽ കഴിഞ്ഞുവരികയായിരുന്നു ജിന്ന. ദാദഭായിക്ക് രാഷ്ട്രീയ പ്രസംഗങ്ങൾ തയ്യാറാക്കി കൊടുക്കുമായിരുന്നു അദ്ദേഹം. ഇംഗ്ലണ്ടിലെ കോമൺസ് സഭയിലേക്ക് നവറോജി മ

mappilaheritagelibrary.com

ത്സരിച്ചപ്പോൾ പ്രസംഗങ്ങൾ തയ്യാറാക്കിയതും പ്രവർത്തിച്ചതും ജിന്ന യായിരുന്നു. നവറോജി മൂന്ന് വോട്ടിന്റെ ഭൂരിപക്ഷത്തിന് ജയിച്ചത് ജിന്ന യുടെ പ്രവർത്തന ഫലമായിട്ടായിരുന്നു. ജിന്ന മൗലാനയുടെ അഭ്യർഥ ന മാനിച്ചു. ബോംബെയിൽ മുസ്‌ലിം ലീഗിന്റെയും കോൺഗ്രസ്സിന്റേയും സമ്മേളനങ്ങൾ ഒരേ പന്തലിൽ അദ്ദേഹം സംഘടിപ്പിച്ചു.

1915-ൽ ആയിരുന്നു ഈ സമ്മേളനം. ഇതിനെത്തുടർന്നുണ്ടായ പ്ര വർത്തനങ്ങളാണ് ലഖ്നോ കരാറിലേക്ക് എത്തിച്ചത്.

ഇന്ത്യ പതുക്കെ സ്വാതന്ത്ര്യസമരത്തിന്റെ അഗ്നിശൈലങ്ങൾ താണ്ടു വാൻ തുടങ്ങുകയായിരുന്നു. ഇതോടെ കോൺഗ്രസ്സിന്റേയും ലീഗിന്റെ യും യോജിച്ചുള്ള പ്രവർത്തനങ്ങളും ആനിബസന്റിന്റെ ഹോം റൂൾ പ്ര സ്ഥാനത്തിന്റെ പ്രവർത്തനങ്ങളും കൂടി ഇന്ത്യയുടെ അന്തരീക്ഷത്തെ സ്വാതന്ത്ര്യസമരത്താൽ കലുഷിതമാക്കാൻ തുടങ്ങി. എന്നാൽ സ്വാത ന്ത്ര്യം ലഭിക്കുവാൻ ഈ മാർഗങ്ങളൊന്നും പോരെന്ന് പറഞ്ഞ് വേറൊ രു വിഭാഗം തീവ്രവാദ പ്രവർത്തനങ്ങളിലേക്കും നീങ്ങി. എല്ലാം കൂടി ഇ ന്ത്യയെ പ്രക്ഷോഭങ്ങളുടെ ഉമിത്തീനീറ്റലിൽ എത്തിച്ചു. തീപിടിച്ചുവരു ന്ന ഈ സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ അവഗണിക്കാൻ ബ്രിട്ടന് കഴി ഞ്ഞില്ല.

1917-ൽ ഇന്ത്യ സ്റ്റേറ്റ് സെക്രട്ടറി മൊണ്ടേഗു ഇന്ത്യക്ക് സ്വയം ഭരണാ ധികാരം നൽകുമെന്ന് വാഗ്ദാനം ചെയ്തു. അടുത്ത വർഷം അദ്ദേഹം ചില ഭരണപരിഷ്ക്കാരങ്ങൾ പ്രഖ്യാപിക്കുകയും ചെയ്തു. മൊണ്ടേഗു ചെംസ് ഫോർഡ് ആക്ട് എന്ന പേരിൽ ഇതറിയപ്പെട്ടു.

നിയമസഭകളിലേക്ക് തെരഞ്ഞെടുക്കുന്ന അംഗങ്ങളുടെ എണ്ണം വർ ധിപ്പിക്കുമെന്നായിരുന്നു പ്രഖ്യാപനത്തിലെ പ്രധാന വാഗ്ദാനം. 1918 ൽ യുദ്ധം അവസാനിച്ചു. ബ്രിട്ടൺ ചതിച്ചു. യുദ്ധം ജയിച്ചാൽ ഇന്ത്യക്ക് സ്വ യംഭരണാവകാശം നൽകുമെന്ന വാഗ്ദാനം അവർ വിഴുങ്ങി. വാഗ്ദാന ങ്ങളെല്ലാം ജലരേഖകളായി.

ബ്രിട്ടന്റെ ചതി ഇന്ത്യൻ നേതാക്കളിൽ രോഷത്തിന്റെ അഗ്നി ജ്വലിപ്പി ക്കുകയായി. സ്വയംഭരണാവകാശം നൽകിയില്ലെന്ന് മാത്രമല്ല മാരകമാ യ ഒരുകൂട്ടം കരിനിയമങ്ങൾ ഇന്ത്യൻ ജനതക്കു മേൽ അടിച്ചേൽപ്പിക്കു കയും ചെയ്തു. റൗലത്ത് ആക്ട് എന്ന പേരിൽ കുപ്രസിദ്ധിയാർജ്ജിച്ച ഈ കരിനിയമങ്ങളത്രയും ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളെ കുഴിച്ചുമൂ ടുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. അന്നോളം ബ്രിട്ടീഷ് സർക്കാർ നടപ്പാക്കിയതിൽ വെച്ചേറ്റവും ഭയാനകവും ക്രൂരവുമായിരുന്നു ഈ ക രിനിയമങ്ങൾ. ഈ നിയമം പൗരന്റെ പ്രാഥമികാവകാശങ്ങൾ എടുത്തു കളഞ്ഞു. ഇത് ഇന്ത്യക്കാരന്റെ ആത്മാഭിമാനത്തെ ചോദ്യം ചെയ്തു. റൗലത്ത് ബിൽ സാമ്രാജ്യ നിയമസഭയിലെ ഹോം മെമ്പർ അവതരിപ്പി ച്ച ദിവസം 1919 ഏപ്രിൽ 6 ന് ഇന്ത്യയിലെങ്ങും ഹർത്താൽ ആചരിക്ക പ്പെട്ടു. സാമ്രാജ്യനിയമസഭയിലെ അംഗങ്ങൾ രാജിവെച്ച് തെരുവിലേക്കി

mappilaheritagelibrary.com

റങ്ങി. നാടെങ്ങും സത്യഗ്രഹങ്ങളും ഉപവാസങ്ങളും നടത്തപ്പെട്ടു. പലേടത്തും പോലീസ് വെടിവെപ്പ് നടത്തി. പലരും മരണപ്പെട്ടു. ധാരാളം പേർക്ക് പരിക്കേറ്റു അതിലുമെത്രയോ പേർ മർദനങ്ങൾക്കിരയായി. ഇതോടെ ഗാന്ധിജി സത്യഗ്രഹ പ്രസ്ഥാനം ആരംഭിച്ചു. ഗാന്ധിജിയെ അറസ്റ്റ് ചെയ്തു. ഗാന്ധിജിയുടെ അറസ്റ്റിൽ പ്രതിഷേധിച്ച് നേതാക്കൾ തെരുവുകളിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. കിരാതവും മൃഗീയവുമായ മർദന മുറകൾ എവിടെയും. ജനങ്ങൾ ഉറപ്പിക്കുകയായി, പൂർണ്ണ സ്വരാജ് അത് മാത്രമേ രക്ഷയുള്ളൂ. ജനത അന്തിമപോരാട്ടത്തിനൊരുങ്ങി.

തിളച്ചുമറിയാൻ തുടങ്ങിയ ഈ സമരത്തോടെയാണ് ഗാന്ധിജി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നായകസ്ഥാനത്തേക്ക് ഉയരുന്നത്. ബ്രിട്ടീഷ് സർക്കാർ ചെകുത്താനെയാണ് പ്രതിനിധീകരിക്കുന്നതെന്നും ചെകുത്താനുമായി യാതൊരു സന്ധിയുമില്ലെന്നുമുള്ള ഗാന്ധിജിയുടെ പ്രഖ്യാപനം സ്വാതന്ത്യസമരത്തെ ത്രസിപ്പിച്ചു. ഗാന്ധിജി തന്റെ നിരായുധ സമരത്തിന്റെ ആവനാഴിയിൽ നിന്നും അസ്ത്രങ്ങൾ ഓരോന്നായി തൊടുത്തുവിടാൻ തുടങ്ങിയത് 1919 ഏപ്രിൽ 6ന് അദ്ദേഹം തുടങ്ങിയ ഉപവാസ സമരത്തോടെയായിരുന്നു. നാടാകെ പ്രക്ഷോഭത്തിന്റെ അലമാലകൾ. പ്രതിഷേധങ്ങളുടെ തീക്കാറ്റുകൾ. ഇതിൽ നിന്നും മാറി നിൽക്കാൻ മുസ്ലിം പ്രബുദ്ധതക്ക് കഴുയുമായിരുന്നില്ല. മുസ്ലിം പ്രബുദ്ധതയുടെ പ്രകടിത രൂപമായ അലീഗർ പ്രസ്ഥാനത്തിന് ആളിപ്പടരുന്ന സമരാഗ്നി കണ്ടില്ലെന്ന് നടിക്കാനായില്ല. മൗലാനാ മുഹമ്മദലി ഈ വിഭാഗത്തിന്റെ സമരനേതൃത്വം ഏറ്റെടുത്തു. സഹോദരൻ ഷൗക്കത്തലി സർക്കാർ ഉദ്യോഗം വലിച്ചെറിഞ്ഞ് ഈ പ്രസ്ഥാനത്തോടൊപ്പം ചേർന്നു. 'അഹ്റാർ' ഗ്രൂപ്പ് എന്ന പേരിൽ ഈ വിഭാഗം അറിയപ്പെട്ടു.

വിശുദ്ധമക്കയുടെ പരിശുദ്ധി നിലനിർത്തുക എന്നതും 'അഹ്റാർ' ഗ്രൂപ്പിന്റെ സമര പരിപാടികളിലെ ഒരിനമായിരുന്നു. യുദ്ധത്തിൽ തോറ്റ തുർക്കിയെ ഇതിനിടെ ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യകക്ഷികൾ പങ്കുവെക്കാൻ തുടങ്ങിയിരുന്നു. മുസ്ലിം മനസ്സുകളിൽ ഉറഞ്ഞുകിടന്ന ബ്രിട്ടീഷ് വിരോധം ഉത്തേജിപ്പിക്കാനേ ഇതു ഉപകരിച്ചുള്ളൂ. തുർക്കി സാമ്രാജ്യത്തിലെ ഹിജാസിന് ബ്രിട്ടൻ സ്വാതന്ത്ര്യം നൽകി. സിറിയയെ ഫ്രഞ്ച് പിടിച്ചടക്കി. മെസൊപ്പൊട്ടാമിയയും ഫലസ്തീനും ഗ്രീക്കിന്റെ പിടിയിലമർന്നു. അർമീനിയയെ സ്വതന്ത്രമാക്കി ദാർദനൽസ് ഉൾക്കടൽ സാർവദേശീയ സമുദ്രമാക്കി. അങ്ങിനെ തുർക്കി സാമ്രാജ്യം കഷ്ണം കഷ്ണമായി വിഭജിക്കപ്പെട്ടു.

ബ്രിട്ടന്റെ ഈ നടപടികൾ ലോക മുസ്ലിംകൾ രോഷത്തോടെ കാണുകയായിരുന്നു. ലോകത്തൊട്ടാകെ ഇസ്ലാമിന്റെ പതനമാണ് വരാൻ പോകുന്നതെന്ന് അവർ ഭയപ്പെട്ടു. ലോക മുസ്ലിംകൾ വിഹ്വലതയോടെസംഭവങ്ങൾ വീക്ഷിച്ചുകൊണ്ടിരുന്നു. ഇന്ത്യൻ മുസ്ലിം മനസാക്ഷിക്കും ഇതിൽ നിന്നും മാറിനിൽക്കാൻ കഴിയുമായിരുന്നില്ല.

mappilaheritagelibrary.com

അതുവരെ തുർക്കി സുൽത്താനായിരുന്നു ലോക മുസ്‌ലിംകളുടെ ഖലീഫ. യുദ്ധത്തിനു ശേഷം തുർക്കി സുൽത്താൻ നിലനിന്നുവെങ്കിലും ഖലീഫ സ്ഥാനം ബ്രിട്ടീഷ് അധികൃതർ സുൽത്താനിൽ നിന്നും എടുത്തു മാറ്റി.

ആളിജ്വലിക്കുന്ന രോഷാഗ്നി ലോകമൊട്ടാകെ പടരുവാൻ ഇത് കാരണമായി. ഖിലാഫത്ത് തുർക്കി സുൽത്താനിൽ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭങ്ങൾ ഇന്ത്യയൊട്ടാകെ അലയടിക്കുവാൻ തുടങ്ങി. ഇസ്‌ലാമിക ഖിലാഫത്ത് പുനഃസ്ഥാപിക്കാനുള്ള സമരങ്ങളുടെ തുടർച്ചകളാണ് പിന്നീട് ഇന്ത്യ കണ്ടത്. അതൊരു ദേശീയസമരമായിമാറുവാൻ ഏറെക്കാലം വേണ്ടിവന്നില്ല. മൗലാനാ മുഹമ്മദലിയും മൗലാനാ അബുൽ കലാം ആസാദും ഗാന്ധിജിയുമായി കൂടിക്കാഴ്ച നടത്തി.

ഇതേത്തുടർന്ന് ഖിലാഫത്ത് സമരം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോൺഗ്രസ്സ് ഏറ്റെടുക്കുകയാണെന്ന് ഗാന്ധിജി പ്രഖ്യാപിച്ചു. 1919 ഏപ്രിൽ 6ന് തുടങ്ങിയ ഗാന്ധിജിയുടെ ഉപവാസം ഒരാഴ്ച നീണ്ടുനിന്നു. അപ്പോഴേക്കും സമരങ്ങളുടെ വേലിയേറ്റങ്ങളാൽ ഇന്ത്യ മുഖരിതമായി.

***

1919 ഏപ്രിൽ 13

പഞ്ചാബിലെ സ്വാതന്ത്ര്യസമര സേനാനികൾ അവരുടെ പ്രതിഷേധയോഗം ചേർന്നത് അന്നായിരുന്നു. ഗാന്ധിജി തന്റെ ഉപവാസം അവസാനിപ്പിച്ചതിന്റെ തൊട്ടടുത്ത ദിവസം. ആ ദിവസത്തെ ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ രക്തം കൊണ്ടെഴുതപ്പെടേണ്ട അധ്യായമായി. നാലുഭാഗവും ഉയർന്ന മതിലുകളാൽ ചുറ്റപ്പെട്ട ഒരു വലിയ മൈതാനിയിലായിരുന്നു അമൃതസറിൽ പഞ്ചാബികൾ യോഗം ചേർന്നിരുന്നത്. മൈതാനിയിലേക്കായ് ഒരു പ്രവേശന കവാടം മാത്രമേ ഉണ്ടായിരുന്നുള്ളൂ. വരാനും പോകാനും ഒരൊറ്റ വഴിമാത്രം. അതൊരു ദുരന്തകവാടമായിത്തീരുമെന്നൊരറിഞ്ഞു. ജാലിയൻ വാലാബാഗ്. യോഗം തുടങ്ങാറായി; ആളുകൾ ഒറ്റയായും കൂട്ടമായും വന്നുകൊണ്ടിരുന്നു. പതുക്കെ പതുക്കെ മൈതാനി ആളുകളെക്കൊണ്ട് നിറയുവാൻ തുടങ്ങി. വേദിയിൽ നേതാക്കളും അണിനിരക്കാൻ തുടങ്ങി. ഇരുപതിനായിരത്തിലധികം ജനങ്ങൾ തടിച്ചുകൂടി. അവർ അച്ചടക്കത്തോടെ നിശ്ശബ്ദരായി നേതാക്കളുടെ വാക്കുകൾക്ക് കാതോർത്തു.

ഈ സമയത്താണ് അമൃതസറിലെ സൈന്യാധിപനായിരുന്ന ജനറൽ ഡയർ ഒരു പറ്റം സൈനികരുമായി മൈതാനിയുടെ പ്രവേശനകവാടത്തിൽ നിരന്നു നിന്നത്. ജനറൽ ഡയർ ജനങ്ങളോടലറി– പിരിഞ്ഞുപോകാൻ. പിരിഞ്ഞുപോകാനുള്ള ഏക കവാടത്തിൽ അയാളും സൈന്യവും നിലയുറപ്പിച്ചുകൊണ്ടായിരുന്നു ഈ അട്ടഹാസം. ജനറൽ ഡയ

mappilaheritagelibrary.com

റുടെ അലർച്ചയോടൊപ്പം തന്നെ വെടിയൊച്ചകളും മുഴങ്ങി. തീതുപ്പുന്ന വെടിയുണ്ടകൾ നിസ്സഹായരായ ജനതയ്ക്ക് നേരെ ചീറിപ്പാഞ്ഞു. എവിടേക്കാണ് രക്ഷപ്പെടേണ്ടതെന്നറിയാതെ പാവം ജനങ്ങൾ എങ്ങോട്ടെന്നില്ലാതെ ഓടി. കനത്ത മതിലുകളിൽ അവർ ചെന്നിടിച്ചു. അവരുടെ പുറം ചുമലുകളിൽ വെടിയുണ്ടകൾ തുളഞ്ഞു കയറി. പുറവും നെഞ്ചും പിളർന്ന് ഭിത്തിയും തുരന്ന് വെടിയുണ്ടകൾ അപ്പുറത്തെത്തി. കൈക്കുഞ്ഞുങ്ങളുമായി സ്ത്രീകൾ വാവിട്ട് കരഞ്ഞു നാലുപാടും ഓടി. കുഞ്ഞുങ്ങൾ അവരുടെ കൈകളിൽ നിന്നും തെറിച്ചുപോയി. ആ പിഞ്ചുകുഞ്ഞുങ്ങളുടെ ശിരസ്സുകളിൽ, മുഖങ്ങളിൽ, പിഞ്ചിളം വയറുകളിൽ രക്ഷക്കായി ഓടുന്നവരുടെ കാലുകൾ അമർന്നു. കുഞ്ഞുങ്ങളുടെ നിലവിളികൾ വെടിയൊച്ചകളുടെ ഗർജനങ്ങളിൽ മുങ്ങിപ്പോയി. മരിച്ചുവീഴുന്നവർക്ക് മീതെ പിന്നെയും വെടിയേറ്റു മരിച്ചു വീഴുന്നവർ. ഉണ്ട തീരുംവരെ തീ തുപ്പിക്കൊണ്ടിരുന്ന തോക്കുകൾ 165 തവണയാണു ഗർജ്ജിച്ചത്. ആയിരത്തി അറുപതോളം വെടിയുണ്ടകൾ അവിടെ ഗന്ധക മണം പരത്തി നിരപരാധികളുടെ നെഞ്ച് തുളച്ചു. ഒരു വലിയ സമ്മേളനത്തിന് സാക്ഷ്യം വഹിക്കാനെത്തിയ നിസ്സഹായരായ ജനത നിമിഷങ്ങൾക്കകം ശവക്കൂമ്പാരമായി. ഇന്ത്യൻ മനഃസാക്ഷി വെറുങ്ങലിച്ച് സ്തംഭിച്ചുപോയ സംഭവം അറിഞ്ഞതോടെ ഇന്ത്യൻ തെരുവീഥികൾ പ്രതിഷേധ സമരങ്ങളുടെ തീക്കാറ്റിൽ കത്തിജ്ജ്വലിച്ചു. പണ്ഡിറ്റ് മാളവ്യ, മുഹമ്മദലി ജിന്ന തുടങ്ങിയവർ സംഭവത്തിൽ പ്രതിഷേധിച്ച് കേന്ദ്ര നിയമസഭയിൽ നിന്നും രാജിവച്ചു. രബീന്ദ്രനാഥ ടാഗോർ, ജഗദീഷ് ചന്ദ്രബോസ് എന്നിവർ തങ്ങൾക്ക് സാമ്രാജ്യ സർക്കാർ ചാർത്തിത്തന്ന 'സർ' സ്ഥാനം വലിച്ചെറിഞ്ഞു. സർ.സി.ശങ്കരൻ നായർ വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലർ സ്ഥാനം രാജിവച്ചു. ഇന്ത്യൻ സ്വാതന്ത്ര്യസമരമുഖം അലറിവിളിക്കുന്ന കടലായി. ഒന്നിനു പുറകെ ഒന്നായി പ്രതിഷേധത്തിരമാലകൾ ഭരണമുഖത്ത് ആഞ്ഞടിക്കുവാൻ തുടങ്ങി. സർക്കാർ കൂടുതൽ ജനദ്രോഹ നടപടിയിലേക്ക് നീങ്ങുകയായിരുന്നു. പഞ്ചാബിലും ലാഹോറിലും മാർഷൽ ലോ അടിച്ചേൽപ്പിക്കപ്പെട്ടു. ജനങ്ങൾ പൊതുവഴിയിൽ പട്ടാളക്കാർക്ക് മുന്നിലെത്തുമ്പോൾ നിലത്തിഴഞ്ഞു പോകണമെന്ന് ഡയർ ഉത്തരവിട്ടു. ഉള്ളിലെ കനൽ കെട്ടടങ്ങാൻ സമ്മതിക്കാതെ ഒരു യുവാവ് ഹരിണാസിംഗ് ഡയറെ നോട്ടമിടുന്നുണ്ടായിരുന്നു. അതയാൾ അറിഞ്ഞില്ല.

ബ്രിട്ടന്റെ പ്രഹസന വിചാരണ കഴിഞ്ഞ ജനറൽ ഡയർ ലണ്ടനിലേക്ക് മടങ്ങി. പിന്നാലെ അയാളുടെ വിധിയുമായി ഹരിണാസിംഗ് എന്ന യുവാവും. ലണ്ടനിലെത്തിയ ഹരിണാസിംഗ് ജനറൽ ഡയറെ പാകത്തിൽ കിട്ടാൻ കാത്തു. കിട്ടിയ അവസരം ആ ധീര ദേശാഭിമാനി പാഴാക്കിയില്ല. തന്റെ ജനതയെ കൂട്ടക്കൊല നടത്തിയ നരാധമന്റെ നെഞ്ചിന് നേരെ ഹരിണാസിംഗ് നിറയൊഴിച്ചു. ലണ്ടനിലെ തെരുവീഥിയിൽ ജനറൽ ഡയർ എന്ന കശ്മലൻ മരണപ്പെട്ടു. ഒരു രാക്ഷസന്റെ ദയനീയമായ അന്ത്യം.

mappilaheritagelibrary.com

***

1920 ൽ മൗലാനാ അബുൽ കലാം ആസാദിന്റെ അധ്യക്ഷതയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം ബ്രിട്ടീഷ് ഭരണാധികാരികൾക്ക് അന്ത്യശാസനം നൽകി. റൗലത്ത് നിയമം പിൻവലിക്കുക, സ്വരാജ് നൽകുക, ഖിലാഫത്ത് അധികാരം സുൽത്താന് തിരികെനൽകുക. ഇല്ലെങ്കിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയൊട്ടാകെ അഹിംസാത്മക നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കും. കോൺഗ്രസ്സിന്റെ ഈ മുന്നറിയിപ്പ് ഭരണാധികാരികളുടെ ഉറക്കം കെടുത്തി. മൗലാനാ മുഹമ്മദലി തുടങ്ങിവെച്ചതും ഗാന്ധിജി ഏറ്റെടുത്തതുമായ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ തിരയിളക്കം വളരെ പെട്ടെന്നു തന്നെ കേരളത്തിലും ഓളം തല്ലാൻ തുടങ്ങി. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം കേരളത്തിൽ അനുരണനം ഉയർത്തിയതു പോലെ. ദേശീയ പ്രസ്ഥാനത്തോടൊപ്പം തന്നെ ഖിലാഫത്ത് പ്രസ്ഥാനവും കേരളത്തിൽ വേരൂന്നാൻ തുടങ്ങി. ഖിലാഫത്ത് സമരം കോൺഗ്രസ് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഏറ്റെടുത്തതോടെ മുസ്‌ലിം ജനവിഭാഗം കൂട്ടത്തോടെ ഇതിൽ അണിനിരക്കുവാൻ തുടങ്ങി.

മുസ്‌ലിം ജനവിഭാഗത്തെ ദേശീയ കാഴ്ചപ്പാടിൽ കൊണ്ടുവന്ന് അതുവഴി ഇന്ത്യൻ ജനതയെ ഒറ്റക്കെട്ടായി നിർത്തി സ്വതന്ത്ര്യസമരം ശക്തിപ്പെടുത്താമെന്നായിരുന്നു ഗാന്ധിജി വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗാന്ധിജിയുടെ തീരുമാനത്തെ തകിടംമറിക്കുവാൻ കോൺഗ്രസ്സിനുള്ളിൽ തന്നെ അണിയറനീക്കങ്ങൾ ആരംഭിച്ചിരുന്നു. അവിടെ സമർഥമാംവിധം കരുക്കൾ നീങ്ങുന്നത് ഗാന്ധിജി അറിയാതെപോയി.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്തും കോൺഗ്രസ്സിന്റെ കർമ പരിപാടിയായതോടെ രാജ്യം മുഴുക്കെ പുതിയൊരു ഉണർച്ചയിലേക്ക് നിവർന്നെഴുന്നേൽക്കുകയായി. മലബാർ രാഷ്ട്രീയത്തിന്റെ ചൂട് സമീപ പ്രദേശങ്ങളിലേക്കും പ്രസരിക്കുവാൻ തുടങ്ങി. തിരുവിതാംകൂറിൽ ഇതിന്റെ ചുക്കാൻ പിടിച്ചിരുന്നത് എ. കെ. പിള്ളയും വിദ്യാർഥിയായ സീതിയുമായിരുന്നു. തിരുവിതാംകൂറിൽ ദേശീയ പ്രസ്ഥാനത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ചു പോരുന്ന സ്വാതന്ത്ര്യസമരനേതാവായിരുന്നു എ. കെ പിള്ള. കോരളത്തിൽ കെ. മാധവൻ നായരുടെ നേതൃത്വത്തിലായിരുന്നു ദേശീയപ്രസ്ഥാനത്തിന്റെയും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെയും പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങിയിരുന്നത്. ഗാന്ധിജിയുടെ ആഹ്വാനത്തോടെ ഖിലാഫത്ത് സമരത്തിന് കെ.മാധവൻ നായർ നേതൃത്വം നൽകുകയായിരുന്നു.

മലബാറിലെ മുസ്‌ലിംകൾക്കിടയിൽ അസ്വസ്ഥത ഏറിവരികയായിരുന്നു. അത് അപകടകരമാംവിധം താപത്തിലേക്ക് ഉയരുകയാണെന്ന് ഭരണാധികാരികൾ ഭയപ്പെടാൻ തുടങ്ങിയിരുന്നു.

1920 എപ്രിൽ 28 ന് മഞ്ചേരിയിൽ ഖിലാഫത്ത് കോൺഗ്രസിന്റെ ഒരു

mappilaheritagelibrary.com

സമ്മേളനം നടന്നു. ഖിലാഫത്തിനോടനുഭാവസ്വഭാവമുള്ളവരും ഇല്ലാത്തവരും നിസ്സഹകരിക്കുന്നവരും സഹകരിക്കുന്നവരും ജന്മിമാരും കുടിയാന്മാരും കൂലിക്കാരും ഹിന്ദുക്കളും മുസ്ലിംകളും ഇങ്ങിനെയുള്ളവരെല്ലാം തടിച്ചുകൂടിയ ഒരു സമ്മേളനമായിരുന്നു അതെന്ന് കെ.പി കേശവമേനോൻ തന്റെ 'കഴിഞ്ഞകാലം' എന്ന ഗ്രന്ഥത്തിൽ സമ്മേളനത്തെയും ജനപങ്കാളിത്തത്തെയും കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

അരീക്കോട്ടു നിന്നും മാപ്പിളമാർ ഘോഷയാത്രയായിട്ടാണ് ഖിലാഫത്ത് കോൺഫ്രൻസിൽ പങ്കെടുക്കാനെത്തിയതെന്ന് കെ.മാധവൻ നായർ അദ്ദേഹത്തിന്റെ 'മലബാർ കലാപം' എന്ന കൃതിയിൽ പറയുന്നുണ്ട്.

സമ്മേളനം പന്ത്രണ്ട് മണിക്ക് തന്നെ ആരംഭിച്ചു. ആയിരത്തിമുന്നൂറോളം പ്രതിനിധികളാണ് യോഗത്തിൽ പങ്കെടുത്തത്. കെ.പി. രാമൻ മേനോൻ മൊണ്ടേഗു ഭരണ പരിഷ്ക്കാരത്തെ തിരസ്കരിക്കുന്ന പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തിന്റെ കാതലായ ഭാഗത്തെ ആനിബസന്റ് എതിർത്തു. നിലമ്പൂർ രാജാവ് അതിന് പിന്തുണ നൽകി. എ. രങ്കസ്വാമി അയ്യങ്കാർ, കെ മാധവൻ നായർ, മഞ്ചേരി രാമയ്യർ തുടങ്ങിയവർ പ്രമേയത്തെ അനുകൂലിച്ചു പ്രസംഗിച്ചു. പ്രമേയം പാസായി. ആനിബസന്റും അനുയായികളും യോഗത്തിൽ നിന്നിറങ്ങിപ്പോയി. യോഗം ഖിലാഫത്തിന് പിന്തുണയും നൽകി. കോൺഫ്രൻസിന്റെ ആഹ്വാനം മലബാറിൽ എന്തെന്നില്ലാത്ത ആവേശം പകർന്നു. കോൺഗ്രസ് കമ്മിറ്റികളും ഖിലാഫത്ത് പ്രവർത്തകരും വർധിക്കുവാൻ തുടങ്ങി. കേരളം പ്രത്യേകിച്ച് മലബാർ സ്വാതന്ത്ര്യസമരത്തിന്റെ പുതിയൊരു പാതതേടുകയായിരുന്നു. വക്കീലൻമാർ കോടതി ബഹിഷ്കരിച്ചു. വിദ്യാർഥികൾ പഠിപ്പുമുടക്കി. കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ, കോമുക്കുട്ടി മൗലവി, മൊയ്തു മൗലവി, ഹസ്സൻ കോയ മൊല്ല, പരീതു സാഹിബ് തുടങ്ങിയവർ രാപകൽ ഭേദമന്യേ ഖിലാഫത്ത് പ്രവർത്തനങ്ങളിൽ വ്യാപൃതരായി.

മൊയ്തു മൗലവിയും പൊന്മാടത്ത് മൊയ്തീൻ കോയയും പ്രചാരകാരായി ഖിലാഫത്ത് കമ്മിറ്റി രൂപീകരിച്ചു. ഇതോടെ നാടിന്റെ നാനാഭാഗങ്ങളിൽ ഖിലാഫത്ത് കമ്മിറ്റികൾ ജന്മമെടുക്കാൻ തുടങ്ങി. കൊണ്ടോട്ടി, താനൂർ, മലപ്പുറം, തിരൂരങ്ങാടി, പരപ്പനങ്ങാടി, പാണ്ടിക്കാട്, അറവങ്കര എന്നിവിടങ്ങളിൽ ഖിലാഫത്ത് പ്രാദേശിക കമ്മിറ്റികൾ നിലവിൽ വന്നു.

ചന്ദ്രക്കലയുള്ള തുർക്കി തൊപ്പി, കാക്കിഷർട്ട്, പാന്റ്സ് ഇതായിരുന്നു ഖിലാഫത്ത് വളണ്ടിയർമാരുടെ വേഷം. ചന്ദ്രക്കലയോടൊപ്പം പുണ്യവചനങ്ങൾ എഴുതിയ വെള്ളക്കൊടി ഖിലാഫത്ത് പതാകയായി അംഗീകരിച്ചു. ഇവ നാട്ടിലുടനീളം പാറിക്കളിച്ചുവെന്ന് കെ.കോയക്കുട്ടി മൗലവി 1921 ലെ 'മലബാർ ലഹള' എന്ന തന്റെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബ്രിട്ടീഷ് സർക്കാർ വെറുതെയിരുന്നില്ല. അവർ ഖിലാഫത്ത് പ്രവർ

mappilaheritagelibrary.com

ത്തകർക്കിടയിലും കോൺഗ്രസ്സ് പ്രവർത്തകർക്കിടയിലും ചേരിതിരിവുകൾ പണിയാൻ തുടങ്ങി. മർദന നടപടികൾക്ക് വേഗം കൂടി. കേരളത്തിന്റെ അന്തരീക്ഷം, പ്രത്യേകിച്ചും മലബാറിന്റെ അന്തരീക്ഷം ദിവസം കഴിയുംതോറും കലുഷിതമായിത്തീർന്നു. മലബാർ ഖിലാഫത്ത് സമരത്തിന്റെ ജ്വാലാമുഖത്തേക്ക് നടന്നടുത്തു. ശാന്തമായി ഒഴുകിയ നദിപോലെ വളരെ വിനീതമായി പ്രവർത്തിക്കുവാൻ തുടങ്ങിയ ഖിലാഫത്ത് സമരം പെട്ടെന്നാണു രൗദ്രഭാവം പൂണ്ട് കൂലംകുത്തിയൊഴുകുന്ന നദിയുടെ രൂപം പൂണ്ടത്. 1920 ഫെബ്രുവരിയിൽ ഗാന്ധിജിയും മൗലാനാ ഷൗക്കത്തലിയും മലബാർ സന്ദർശിച്ചു. കോഴിക്കോട്ട് അവർ ഖിലാഫത്ത് സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. സമരയോദ്ധാക്കൾ പ്രസംഗങ്ങൾ സശ്രദ്ധം ശ്രവിച്ചു. അവരിൽ അത് കൂടുതൽ ആവേശം പകർന്നു. അക്രമരഹിതമായ മാർഗങ്ങളിലൂടെ നീങ്ങേണ്ടതിനെക്കുറിച്ച് അവർ കൂടുതൽ ബോധവാന്മാരായി. എന്നാൽ ബ്രിട്ടീഷ് ഭരണകൂടത്തിന് സമരം പ്രകോപനമാകേണ്ടതുണ്ടായിരുന്നു. എങ്കിൽ മാത്രമേ വെടിവെപ്പും കൂട്ടക്കൊലകളും നടത്തുവാൻ കഴിയൂവെന്നും അതുവഴി ദേശീയ പ്രസ്ഥാനത്തെയും ഖിലാഫത്ത് സമരത്തെയും സംയുക്തമായി പരാജയപ്പെടുത്താമെന്നും അവർ കണക്കുകൂട്ടി. അവർ പലവിധ മർദനമുറകളും ഖിലാഫത്ത് സമരഭടന്മാർക്ക് നേരെ പ്രയോഗിക്കുവാൻ തുടങ്ങി. എന്നാൽ സമരഭടന്മാർ അതെല്ലാം സഹിച്ചു. അവർ പ്രകോപിതരാകാതിരിക്കുവാൻ വേണ്ടി സംയമനത്തിന്റെ മർഗ്ഗങ്ങൾ ഉപദേശിക്കാനായി അഖിലേന്ത്യാ കമ്മിറ്റിയുടെ നിർദേശ പ്രകാരം യാക്കൂബ് ഹസൻ സേട്ട്, കെ.മാധവൻ നായർ, യു.ഗോപാല മോനോൻ, പി. മൊയ്തീൻ കോയ എന്നിവർ ഏറനാട്ടിലേക്ക് പുറപ്പെട്ടു. എന്നാൽ ബ്രിട്ടീഷ് പട്ടാളം അവരെ ഏറനാട്ടിലേക്ക് കടത്തിവിട്ടില്ല. പട്ടാളം അവരെ അറസ്റ്റ് ചെയ്ത് കണ്ണൂർ ജിയിലിലേക്കയച്ചു. മലബാറിലെ സംഭവങ്ങൾ തിരുവനന്തപുരം മഹാരാജാസ് കോളേജിലെ ബി.എ വിദ്യാർഥി സീതി സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഖിലാഫത്ത് നേതാക്കളെ അകാരണമായി അറസ്റ്റ് ചെയ്ത് ജയിലിലയച്ചത് ആ വിദ്യാർഥിക്ക് സഹിച്ചില്ല. സീതി തന്റെ സഹപാഠികളെയും കൂട്ടി പ്രതിഷേധ യോഗത്തിന് കോപ്പുകൂട്ടി. തിരുവന്തപുരം ശംഖുമുഖത്ത് കെ.എം സീതിയുടെ നേതൃത്വത്തിൽ മലബാറിൽ നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രിതഷേധിച്ച് വമ്പിച്ച സമ്മേളനം നടന്നു. അകാരണമായി ഖിലാഫത്ത് നേതാക്കളെ അറസ്റ്റ് ചെയ്ത സംഭവം മലബാറിൽ സംഘർഷത്തിന്റെ തിരികൾക്ക് തീ കൊളുത്തുകയായിരുന്നു. ഏറനാടും വള്ളുവനാടും പുകയുവാൻ തുടങ്ങി. ഒറ്റപ്പാലത്ത് നടന്ന കേരള സംസ്ഥാന കോൺഗ്രസ് സമ്മേളനത്തേയും ഖിലാഫത്ത് സമ്മേളനത്തേയും സർക്കാർ പ്രതികാരബുദ്ധിയോടെ തന്നെ നേരിട്ടു. ഏറനാടൻ ജനതയുടെ മനസ്സിലെ വെടിയറകൾക്ക് തീ കൊളുത്തുകയായിരുന്നു ഇതുവഴി സർക്കാർ ചെയ്തത്.

mappilaheritagelibrary.com

ഖിലാഫത്ത് കോൺഗ്രസ് നേതാവായിരുന്ന രാമുണ്ണി മേനോനെ ഒറ്റപ്പാലം സമ്മേളനത്തിൽ പോലീസ് അതിമൃഗീയമാംവിധം മർദിച്ചവശനാക്കി. തിരൂരങ്ങാടിയിൽ സമാധാനപരമായി കൂടിയിരുന്ന ജനങ്ങൾക്കു നേരെ കലക്ടർ തോമസിന്റെ കൽപ്പന പ്രകാരം പട്ടാളം വെടിവെച്ചു. അക്രമരഹിതമായി ആരംഭിച്ച ഒരു സമരത്തെ എങ്ങിനെ ചോരച്ചാലുകൾ തീർക്കുന്ന യുദ്ധമാക്കി മാറ്റാമെന്ന് തെളിയിച്ചു പട്ടാളവും പോലീസും. മാപ്പിള ലഹളയെന്ന് ബ്രിട്ടീഷ് സർക്കാർ നിസ്സാരമാക്കിയ മലബാർ കലാപം ഇവിടം മുതൽക്കാണ് ആരംഭിക്കുന്നത്. എന്നിട്ടും സമാധാനത്തിന്റെ മാർഗം അവലംബിക്കണമെന്നഭ്യർഥിച്ചുകൊണ്ട് ഏറനാട്ടിലും വള്ളുവനാട്ടിലും പാഞ്ഞുനടന്ന ഖിലാഫത്ത് നേതാവ് കെ.എം മൗലവിയെയായി പിന്നെ സർക്കാർ നോട്ടമിട്ടത്. അദ്ദേഹത്തെ പിടിക്കാനായി പിന്നെത്തെ പട്ടാളത്തിന്റെ നീക്കം. പട്ടാളം തന്നെ വധിച്ചേക്കുമെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് മലബാർ വിടേണ്ടിവന്നു. അദ്ദേഹം അഴീക്കോട്ട് സീതി മുഹമ്മദിന്റെ അടുക്കൽ അഭയം തേടി. മലബാറിൽ നിന്നും അഭയാർഥികളായി വന്ന എത്രയോ പേർക്ക് ഇതിനകം സീതി മുഹമ്മദ് തന്റെ ഭവനത്തിൽ അഭയം നൽകുന്നുണ്ടായിരുന്നു. കെ.എം മൗലവിയേയും അദ്ദേഹം ഇരു കൈകളും നീട്ടി സ്വീകരിച്ചു. കെ.എം. മൗലവിയുടെ അഴീക്കോട്ട് വാസമാണ് പിൽക്കാലത്ത് കെ.എം സീതിയെ സീതിസാഹിബ് എന്ന യുഗപുരുഷനാക്കി മാറ്റിയത്. സീതി സാഹിബ് എന്ന നേതാവിനെ രൂപപ്പെടുത്തിയെടുക്കുന്നതിൽ കെ.എം. മൗലവി അനല്പമായ പങ്കാണ് വഹിച്ചത്. ദേശീയ പ്രസ്ഥാനത്തിന്റെയും ഖിലാഫത്ത് സമരങ്ങളുടെയും തിരയിളക്കങ്ങൾ കാമ്പസുകളിലും വേലിയേറ്റം സൃഷ്ടിക്കുന്നുണ്ടായിരുന്നു. നിസ്സഹകരണവും ഖിലാഫത്തും ശരിയായ മാർഗമാണ് സ്വീകരിക്കുന്നതെന്ന തിരിച്ചറിവിൽ സീതി ഇതിന്റ പ്രവർത്തനങ്ങളിൽ മുഴുകുവാൻ തുടങ്ങി. ഇതിനിടയിൽ ആ വർഷം യൂണിവേഴ്സിറ്റി പരീക്ഷയെഴുതാൻ സീതിക്ക് കഴിഞ്ഞില്ല. അടുത്തവർഷം 1923 ൽ ആണ് സീതി ബി.എ പൂർത്തിയാക്കിയത്.

സ്വാതന്ത്ര്യസമരം അതിശയകരമായ വേഗം നേടുവാൻ തുടങ്ങിയിരുന്നു . ബോംബെ ഗവർണറായിരുന്ന ലോയിഡ് പ്രഭു സമരം വിജയത്തോടടുക്കുകയാണെന്ന് പരസ്യമായി തന്നെ പറയുകയുണ്ടായി

ചെങ്ങന്നൂരിൽ നടക്കുന്ന ഖിലാഫത്ത് സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിക്കുവാൻ സീതി വരുന്നുണ്ടെന്ന വിവരം അധികൃതർ മണത്തറിഞ്ഞു. യോഗത്തിൽ സ്ഥലത്തെ മജിസ്ട്രേട്ടും പങ്കെടുത്തിരുന്നു. സീതി തന്റെ പ്രസംഗം ആരംഭിച്ചു. പ്രസംഗത്തിലെ ഓരോ വാക്കും മജിസ്ട്രേട്ടിന്റെ മുഖം കടന്നൽകുത്തുന്നത് പോലെ വിവശമാക്കാൻ തുടങ്ങി. സീതി പ്രസംഗിക്കുന്തോറും മജിസ്ട്രേട്ടിന്റെ മുഖം കൂടുതൽ ചുവക്കാൻ തുടങ്ങി. യോഗം കഴിഞ്ഞ് സീതി താമസസ്ഥലമായ മുസ്ലിം ഹോസ്റ്റലിൽ എത്തിയപ്പോഴേക്കും കെ.എം. സീതിയെന്ന വിദ്യർഥിയെ നിരീക്ഷി

mappilaheritagelibrary.com

ച്ചുകൊള്ളണമെന്ന സന്ദേശം തിരുവന്തപുരം പോലീസ് കമ്മീഷണറാപ്പീസിൽ എത്തിക്കഴിഞ്ഞിരുന്നു. ഇതോടെ സീതിയുടെ ഓരോ ചലനവും പോലീസ് സസൂക്ഷ്മം നിരീക്ഷിക്കുവാൻ തുടങ്ങി.

ഹൈക്കോടതി ജഡ്ജിയായി വിരമിച്ച ഹബീബ് മുഹമ്മദ്, സി. കുട്ടൻ നായർ, ഒ.വി. രാമൻ മേനോൻ, ആർ. ഈശ്വര പിള്ളയുടെ പുത്രി ഭാരതി അഴ്ച എന്നിവരും സീതിയോടൊപ്പം പോലീസിന്റെ നോട്ടപ്പുള്ളികളായി. ക്ലാസ്സിൽ ഒ.വി രാമസ്വാമി അയ്യങ്കാരെപ്പോലുള്ള അധ്യാപകരുമായി പലപ്പോഴും സീതിയും ഭാരതീ അഴ്ച്ചയും വാദപ്രതിവാദത്തിൽ ഏർപ്പെട്ടു. അയ്യങ്കാർക്ക് നിസ്സഹകരണ പ്രസ്ഥാനവും ഗാന്ധിജിയും അത്രയങ്ങ് ദഹിച്ചിരുന്നില്ല. എന്നാൽ സീതിയേയും അദ്ദേഹത്തിന്റെ കൂട്ടുകാരേയും അയ്യങ്കാർക്ക് ഇഷ്ടമായിരുന്നു. അദ്ദേഹം പലപ്പോഴും നിസ്സഹകരണ പ്രസ്ഥാനത്തേയും ഗാന്ധിജിയേയും തള്ളിപ്പറഞ്ഞു. കുട്ടികൾ അത്തരം പ്രസ്ഥാനങ്ങളിലേക്ക് വഴിതെറ്റിപ്പോവുകയാണല്ലോ എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഷമം. ഗുരുനാഥൻ ഗാന്ധിജിയെ എതിർക്കുമ്പോഴേക്കും സീതിയും സഹപാഠികളും എതിർപ്പുമായി എഴുന്നേൽക്കും. ഇതെന്നും ക്ലാസ്സിൽ പതിവായിരുന്നു. എന്നാൽ കുട്ടികളെ അധ്യാപകർ ഏറെ ഇഷ്ടപ്പെട്ടു. അവരത്രയും മിടുക്കന്മാരായിരുന്നു. മറ്റൊരു അധ്യാപകനായ പ്രൊഫ. ചന്ദ്രശേഖരൻ ഒരിക്കൽ സീതിയെ അടുത്തു വിളിച്ച് സ്നേഹത്തോടെ പറഞ്ഞു. "സീതി, താങ്കൾ മിടുക്കനായ വിദ്യാർഥിയാണ്. ബി.എ ഒന്നാം ക്ലാസ്സിൽ തന്നെ പാസാകണം. ഖിലാഫത്ത് വഴിയെ ആകാം." സീതിയെ സൂക്ഷിച്ചുകൊള്ളണമെന്ന പോലീസ് മുന്നറിയിപ്പ് അദ്ദേഹത്തിന്റെ സഹപാഠിയായ സേതു അയ്യർ എന്ന വിദ്യാർഥിക്കാണ് വിനയായിതീർന്നത്. സീതി സേതുവായപ്പോഴുണ്ടായ വിന. തിരുവനന്തപുരത്തെ ഒരു യോഗത്തിൽ സീതി പ്രസംഗിച്ചതായിരുന്നു വിഷയം. ഇതുമായി ബന്ധപ്പെട്ട് പ്രൊഫ. സ്റ്റീഫൻ സർ സേതു അയ്യരെ വിളിപ്പിച്ചു. എന്നിട്ട് ഭീഷണിപ്പെടുത്തി: "വേണ്ടാത്തരം പ്രസംഗിച്ച് നടന്നാൽ തന്നെ ഡിസ്മിസ് ചെയ്തുകളയും." പ്രഫസറുടെ ഭീഷണി കേട്ടു പാവം അയ്യർ വിറച്ചുപോയി. ഞാൻ സീതിയല്ല സേതുവാണെന്ന് തെളിയിക്കാൻ അയ്യർക്ക് ഒരു പാട് ബുദ്ധിമുട്ടേണ്ടതായിവന്നു. അന്വേഷിക്കുന്ന പുള്ളി സീതിയാണെന്നറിഞ്ഞതോടെ പ്രൊഫ. സ്റ്റീഫൻ സാറിന്റെ കണ്ണുകൾ പിന്നെ സീതിയിലായി.

പ്രൊഫ. സ്റ്റീഫൻ സർ പിന്നീട് പ്രിൻസിപ്പാളായി. സീതിക്ക് നേരത്തെ പ്രഖ്യാപിച്ചിരുന്ന 'മഹാദേവയ്യർ സ്മാരക സ്വർണ്ണമെഡലും' മറ്റു ചില പതക്കങ്ങളും യഥാസമയം നൽകാതെ പ്രിൻസിപ്പൽ താമസിപ്പിച്ചു. സീതിക്ക് സഹിച്ചില്ല. അദ്ദേഹം നേരെ പ്രിൻസിപ്പാളുടെ മുറിയിലേക്ക് കയറിച്ചെന്ന് വളരെ വിനീതമായി തന്നെ തനിക്ക് പ്രഖ്യാപിക്കപ്പെട്ട സ്വർണ്ണമെഡലുകളും സ്വർണപ്പതക്കങ്ങളും നൽകാതെ പ്രിൻസിപ്പൽ വെച്ചു താമസിപ്പിക്കുകയാണെന്ന് പരാതിപ്പെട്ടു. നേരത്തെ ഇത് സംബന്ധി

mappilaheritagelibrary.com

ച്ച് സീതി പ്രിൻസിപ്പാൾക്ക് കത്തെഴുതിയിരുന്നു. എഴുത്തിന് പ്രതികരണം ലഭിക്കാത്തതുമൂലമാണ് അദ്ദേഹം നേരിട്ട് പ്രിൻസിപ്പാളെ കാണാൻ ചെന്നത്. "നിങ്ങളുടെ എഴുത്ത് യഥോചിതമായിരുന്നില്ല" എന്ന് പറഞ്ഞു സീതിയുടെ അവാർഡുകൾ പ്രിൻസിപ്പാൾ പെട്ടെന്നു തന്നെ കൊടുത്തു.

***

വൈക്കം സത്യഗ്രഹത്തോടെയാണ് തിരുവിതാംകൂറിൽ സ്വതന്ത്ര്യ സമരം ശക്തിപ്രാപിക്കാൻ തുടങ്ങിയത്. ഒരു നാട്ടുരാജ്യമായ തിരുവിതാംകൂറിൽ അതു വരെ ദേശീയ പ്രസ്ഥാനത്തോടും സ്വാതന്ത്ര്യസമരങ്ങളോടും അലസമനോഭാവമായിരുന്നു കൈകൊണ്ടിരുന്നത്. വൈക്കം സത്യഗ്രഹത്തിൽ പങ്കെടുത്ത ജോർജ്ജ് ജോസഫ്, കെ.പി. കേശവമേനോൻ, മദ്രാസ് സംസ്ഥാന കോൺഗ്രസ് പ്രസിഡണ്ട് ഇ.വി രാമസ്വാമി നായ്ക്കർ എ.കെ പിള്ള, കൂറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് മുതലായ നേതാക്കന്മാരെ അറസ്റ്റ് ചെയ്ത് സർക്കാർ പൂജപ്പുര ജയിലിൽ പാർപ്പിച്ചു.

വിവരമറിഞ്ഞെത്തിയ സീതിയും സഹപാഠികളും ജയിലിൽ നേതാക്കളെ കാണാനെത്തി. ജയിലധികൃതർ നീരസത്തോടെയാണ് വിദ്യാർഥികൾക്ക് നേതാക്കളെ കാണാനുള്ള അനുമതി നൽകിയത്. ഈ സന്ദർശനം അവർ നിത്യവും നടത്തിക്കൊണ്ടിരുന്നു. തടവുപുള്ളികളായി ജയിലിലടക്കപ്പെട്ട നേതാക്കൾക്കാവശ്യമായ എല്ലാ വസ്തുക്കളും സീതിയും കൂട്ടുകാരും ജയിലിൽ എത്തിച്ചുകൊണ്ടിരുന്നു. തുടക്കത്തിൽ സീതിയേയും കൂട്ടുകാരെയും അസഹിഷ്ണുതയോടെ കണ്ട ജയിലധികൃതർ സീതിയുടെ സ്വഭാവവിശേഷത്താൽ പിന്നെ മുഖം കടുപ്പിച്ചില്ല.

നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്തും ഒന്നിച്ചപ്പോൾ അതൊരു വീറുറ്റ സമര സന്നാഹമായിത്തീരുവാൻ ഏറെക്കാലം വേണ്ടിവന്നില്ല. ഗാന്ധിജിയുടെയും അലിസഹോദരന്മാരുടേയും നേതൃത്വത്തിൽ ഇന്ത്യയൊട്ടാകെ കലങ്ങിമറിയാൻ തുടങ്ങി. മൗലാനാ മുഹമ്മദലിയും ഗാന്ധിജിയും തെക്കേ ഇന്ത്യൻ പര്യടനത്തിന് തുടക്കം കുറിച്ചു. പര്യടനമധ്യേ മദിരാശിയിൽ വെച്ച് മൗലാനാ മുഹമ്മദലിയെ പോലീസ് അറസ്റ്റ് ചെയ്തു. തന്റെ ആത്മസുഹൃത്തിന്റെ അറസ്റ്റിനെത്തുടർന്ന് ഗാന്ധിജി തെക്കെ ഇന്ത്യൻ പര്യടനം റദ്ദാക്കി. തിരുനൽവേലിയിൽ വെച്ച് തിരികെ മടങ്ങുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. ഗാന്ധിജിയുടെ സന്ദർശനത്തെ വളരെ ആവേശപൂർവ്വം സ്വീകരിക്കുവാൻ കാത്തിരുന്ന സീതിയേയു കൂട്ടുകാരേയും ഈ വാർത്ത വളരെയധികം വേദനിപ്പിച്ചു. ഗാന്ധിജി ഇങ്ങോട്ടില്ലെങ്കിൽ അങ്ങോട്ട് പോയിക്കാണുക തന്നെ. സീതിയും കൂട്ടുകാരും ഗാന്ധിജിയെ കാണുവാൻ തിരുനൽവേലിയിൽ എത്തി. അവർ ഗാന്ധിജിയെ കണ്ടു തിരുവന്തപുരത്ത് വരുണമെന്നഭ്യർഥിച്ചു. ഗാന്ധിജി അവരോട് പറഞ്ഞു "എന്ത് ചെയ്യാം, എന്റെ അടുത്ത് എന്റെ പ്രിയ സുഹൃത്ത് ഇല്ല ഞാനെന്ത് ചെയ്യും"

മൗലാനയെ ഉദ്ദേശിച്ചായിരുന്നു അദ്ദേഹം അങ്ങിനെ പറഞ്ഞത്. തി

mappilaheritagelibrary.com

രുനൽവേലിയിൽ ഗാന്ധിജി പ്രസംഗിച്ചു. ഗാന്ധിജിയുടെ പ്രസംഗം സീതിയും കൂട്ടുകാരും സശ്രദ്ധം കേട്ടിരുന്നു. അവിടെ മൗലാനാ ആസാദും സുബ്ഹാനിയും പ്രസംഗകരായി ഉണ്ടായിരുന്നു.

യോഗാനന്തരം അന്തരീക്ഷം മുദ്രാവാക്യങ്ങളാൽ കിടുങ്ങി. മഹാത്മാ 'ഗാന്ധിജി കീ ജയ്' 'മൗലാനാ മുഹമ്മദാലീ കീ ജയ്'. പ്രകമ്പനം കൊള്ളിക്കുന്ന മുദ്രാവാക്യങ്ങൾ ബ്രിട്ടീഷ് ഭരണകൂടത്തിന്റെ അരമനകളിൽ ചെന്നലച്ചിട്ടുണ്ടാകാം.

ഈ കാലയളവിൽ അതായത് 1919 –1921 കാലഘട്ടങ്ങളിൽ മുസ്‌ലിം ലീഗിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലായി. ഇതിന്റെ പ്രധാന കാരണം മുസ്‌ലിം ബഹുഭൂരിപക്ഷത്തെയും ഖിലാഫത്ത് പ്രസ്ഥാനം ആകർഷിച്ചുതുടങ്ങിയതായിരുന്നു.

മുസ്‌ലിംകളോട് സംവദിക്കാനും ചർച്ചനടത്താനും കോൺഗ്രസ്സ് ഖിലാഫത്ത് പ്രസ്ഥാനത്തിലൂടെ ശ്രമങ്ങൾ ആരംഭിച്ചിരുന്നു. മുസ്‌ലീം ലീഗിനെ ചിത്രത്തിൽ നിന്ന് മായ്ച്ച് കളയുവാനുള്ള ഒരു തന്ത്രമാണിതെന്ന് മനസ്സിലാക്കിയ മുഹമ്മദലി ജിന്ന (അദ്ദേഹം ഇതിനകം മുസ്‌ലിം ലീഗിന്റെ നേതൃസ്ഥാനത്തെത്തിയിരുന്നു ഖിലാഫത്ത് പ്രസ്ഥാനത്തെ എതിർത്തത് ഈ ദുരന്തം മുന്നിൽ കണ്ടുകൊണ്ടായിരുന്നു.) അറിയാതെ ഒരു തന്ത്രത്തിന്റെ ഇരയാവുകയായിരുന്നുവോ മുസ്‌ലിം ലീഗ്?

mappilaheritagelibrary.com

അഞ്ച്

ചോരച്ചാലുകളിൽ അലിഞ്ഞ കണ്ണീർമഴ

ഖിലാഫത്ത് സമരം കരുത്തോടെ മുന്നോട്ട് നീങ്ങി. നാട്ടിലുടനീളം സമരങ്ങൾ. വളരെ മുമ്പെ ചെറിയ തോതിലുള്ള ലഹളകൾ പൊട്ടിപ്പുറപ്പെട്ട പ്രദേശമായിരുന്നു ഏറനാട്. അതിനാൽ സ്വാഭാവികമായും ഖിലാഫത്ത് സമരത്തിന്റെ കേന്ദ്രബിന്ദുവായിതീർന്നു ഏറനാട്. നാടുവാഴികൾക്കെതിരെയും ജന്മികൾക്കെതിരെയും നടത്തിയ അത്തരം സമരങ്ങളുടെ തീപ്പന്തങ്ങളായി തീർന്നത് കുടിയാന്മാരും കർഷകരുമായിരുന്നു.

ഭൂപ്രകൃതിയിൽ ഏറനാട് ഇതര പ്രദേശങ്ങളിൽ നിന്നും വേറിട്ടു നിന്നു. വയലുകളും അരുവികളും തോടുകളും സമൃദ്ധമാക്കിയ ഏറനാട് മരതകകാന്തി ചിതറി. പടിഞ്ഞാറ് അറബിക്കടൽ, കിഴക്ക് നീലഗിരി, വടക്ക് ചാലിയാർ, തെക്ക് കടലുണ്ടിപ്പുഴ എന്നിവക്കു മധ്യേ കിടക്കുന്ന ഒരു പച്ചക്കല്ല്- അതായിരുന്നു ഏറനാട്. ഓരോ ദിവസം കഴിയുംതോറും ഖിലാഫത്ത് സമരത്തിന്റെ വീറും വർധിക്കുവാൻ തുടങ്ങി. ഇത് അധികാരിവർഗ്ഗത്തിന്റെ സ്വസ്ഥത ഊതിക്കെടുത്തി. സമരമൊതുക്കാൻ ബ്രിട്ടീഷ് സൈന്യം തന്നെ രംഗത്തിറങ്ങി. അവർ ബയണറ്റുകളുമായി നിരന്നുനിൽക്കാൻ തുടങ്ങി. യുദ്ധസജ്ജരായി വന്ന പട്ടാളക്കാരെ നേരിടുവാൻ ഏറനാട്ടെ മാപ്പിളമാരുടെ കൈയിൽ ആയുധങ്ങളുണ്ടായിരുന്നില്ല, ആവേശമല്ലാതെ. ഇതിന്റെ പര്യവസാനമായിത്തീർന്നു മലബാർ കലാപം.

1921 ജനുവരി 30ന് കെ. മാധവൻ നായരേയും ഗോപാലമേനോനേയും മലബാറിലെ കോൺഗ്രസ്സിന്റെ കാര്യദർശിമാരായി തെരഞ്ഞെടുത്തു. വടക്കെ മബാറിൽ ഗോപാലമോനോനും തെക്കെ മലബാറിൽ കെ.മാധവൻ നായർക്കും ചുമതല ഏല്പിക്കപ്പെട്ടു. അവർ മലബാറിൽ സഞ്ചരിച്ച് ഖിലാഫത്ത് കമ്മിറ്റികളും കോൺഗ്രസ്സ് കമ്മിറ്റികളും രൂപീകരിച്ചു കൊണ്ടിരുന്നു. മലബാറിൽ കലാപം സൃഷ്ടിക്കുവാൻ മാധവൻ നായരും ഗോപാലമേനോനും ശ്രമിക്കുന്നുവെന്നാരോപിച്ച് മലബാർ കലക്ടർ തോമസ് ഇരുവർക്കുമെതിരെ അറസ്റ്റ് വാറന്റ് പുറപ്പെടുവിച്ചു.

വാരിയംകുന്നത്ത് കുഞ്ഞഹമ്മദാജിയുടെ നേതൃത്വത്തിൽ മലബാറിൽ കലാപത്തിന് കളമൊരുക്കുകയാണെന്നായിരുന്നു ഇവർക്കെതിരെയുള്ള

mappilaheritagelibrary.com

കുറ്റം. അക്രമരഹിതമായി നടന്നുവന്ന ഖിലാഫത്ത് സമരങ്ങളെ കലക്ടർ തോമസ് നിരോധിച്ചു. കലക്ടറുടെ നടപടി ജനവികാരം ആളിക്കത്തിച്ചു.

1921 ജൂലായ് മാസത്തിൽ കറാച്ചിയിൽ ചേർന്ന ഖിലാഫത്ത് സമ്മേളനം അംഗീകരിച്ച പ്രമേയം ഖിലാഫത്തിന്റെ പുനരുദ്ധാരണം സംഭവിക്കുന്നത് വരെ ഇന്ത്യൻ മുസ്ലിംകൾ അടങ്ങിയിരിക്കുകയില്ല, ശത്രുവിന് സൈരം കൊടുക്കുകയില്ല എന്നു പ്രഖ്യാപിച്ചു. പ്രമേയം മലബാറിനെ ചൂട് പിടിപ്പിക്കുന്നതായി. ഗാന്ധിജിയുടെ "സ്വരാജ്യം ഒരൊറ്റ കൊല്ലത്തിനുള്ളിൽ" എന്ന മുദ്രാവാക്യവും കൂടി വന്നതോടെ ഖിലാഫത്ത് സമരം രണഭൂമിയായി പരുവപ്പെടാൻ തുടങ്ങി. സാധാരണക്കാരും മാപ്പിള സമൂഹം മൊത്തത്തിലും ഗാന്ധിജിയുടെ മുദ്രാവാക്യത്തിൽ വീണുപോയി. വെള്ളക്കാർ കെട്ടുകെട്ടുന്ന ദിവസം ഇങ്ങെത്തിയതായി അവർ സ്വപ്നം കണ്ടു. ഗാന്ധിജിയെ അവർ രക്ഷാപുരുഷനായി കണ്ടു. എന്നാൽ കാത്തിരുന്നത് നിലയ്ക്കാത്ത ചോരപ്പുഴയും പെയ്തൊഴിയാത്ത കണ്ണീർ മഴയുമായിരുന്നു. മുഹമ്മദലി ജിന്ന ആദ്യം മുതലേ ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തെയും ഖിലാഫത്ത് സമരത്തെയും എതിർത്തു. എതിർപ്പ് ന്യായമായിരുന്നുവെന്ന് പിന്നീട് തെളിയുകയും ചെയ്തു. നിയമലംഘനം അക്രമത്തിലേക്ക് വഴുതിവീഴുമെന്നും അത് സ്വാഭാവികമായും സ്വാതന്ത്ര്യ സമ്പാദനത്തെ പിറകോട്ടടുപ്പിക്കുമെന്നും ഖിലാഫത്ത് മുസ്ലിംകളുടെ മതാത്മകമായ കാര്യമാണെന്നും അതിൽ കോൺഗ്രസ്സിനും ഗാന്ധിജിക്കും എന്ത് കാര്യമെന്നുമായിരുന്നു ജിന്നയുടെ നിലപാട്. ഖിലാഫത്ത് നേതാക്കളെ പട്ടാളം വേട്ടയാടാൻ തുടങ്ങി. തട്ടിപ്പറി, ഭവനഭേദനം, കൊള്ള മുതലായ ആരോപണങ്ങൾ ചുമത്തി ഖിലാഫത്ത് നേതാക്കളെ അറസ്റ്റ് ചെയ്യാൻ പട്ടാളം രംഗത്തിറങ്ങി. സമാധാന ദൂതുമായി മാപ്പിളമാർക്കിടയിൽ സഞ്ചരിക്കുകയായിരുന്ന കെ.എം. മൗലവി തന്റെ ജീവൻ അപകടത്തിലാണെന്ന അറിവിലാണ് ഹാജി സീതി മുഹമ്മദിന്റെ അടുക്കൽ അഭയം തേടിയത്.

ഖിലാഫത്ത് സമരത്തെയും നിസ്സഹകരണ പ്രസ്ഥാനത്തേയും പൊളിച്ചടുക്കുക; അതായിരുന്നു സർക്കാറിന്റെ നയം. അതിനായി സമാധാനപരമായി സമരം ചെയ്യുന്ന സമരയോദ്ധാക്കളെ പ്രകോപിതരാക്കുക. സർക്കാറിന്റെ ഈ കുതന്ത്രം മനസ്സിലാക്കി സമരഭടന്മാർക്ക് ശരിയാം വണ്ണം നേതൃത്വം നൽകാനോ സർക്കാറിന്റെ കെണിയിൽ വീഴരുതെന്ന് ഉപദേശിക്കുവാനോ നേതാക്കൾ ഉണ്ടായിരുന്നില്ല. അറസ്റ്റ് ഒഴിവാക്കാൻ പലരും ഒളിവിലോ പലായനത്തിലോ ആയിരുന്നു.

സർക്കാറിന്റെ കെണിയിൽ സാധാരണ ജനങ്ങളും ആലി മുസ്ല്യാരും കുടുങ്ങുകയായിരുന്നു. ആലി മുസ്ല്യാരെപ്പോലെ സമരമുഖത്തുണ്ടായിരുന്ന ഖിലാഫത്ത് നേതാവായിരുന്നു വാരിയംകുന്നത്ത് കുഞ്ഞഹമ്മദ്ഹാജി. പയ്യനാട് അംശം നെല്ലിക്കുത്ത് ദേശത്തെ ചക്കിപ്പറമ്പത്ത് വാരിയം കുന്നത്ത് കുഞ്ഞഹമ്മദ്ഹാജിയുടെ കുടുംബം പാരമ്പര്യമായി

mappilaheritagelibrary.com

ത്തന്നെ സ്വാതന്ത്ര്യസമര പോരാളികളായിരുന്നു. ഏകാധിപത്യത്തിനെതിരെ പൊരുതിക്കൊണ്ടിരിക്കുന്ന ഒരു കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. കുട്ടിയായിരിക്കെ കുഞ്ഞഹമ്മദ് ഹാജിയെ ഉപ്പയോടൊപ്പം സർക്കാർ നാടുകടത്തി.1857 ലെ കലാപത്തിലും 1891 ൽ മണ്ണാർക്കാട്ട് നടന്ന ബ്രിട്ടീഷ് വിരുദ്ധ ലഹളയിലും 1896 ൽ ജന്മിത്വത്തിനെതിരെ മഞ്ചേരിയിൽ നടന്ന കാർഷിക സമരത്തിലും നേതൃത്വപരമായ പങ്കാണു കുഞ്ഞഹമ്മദ്ഹാജിയുടെ പിതാവ് വഹിച്ചത്.

1857ലെ ഒന്നാം സ്വതന്ത്ര്യസമരത്തിന് ശേഷം സർക്കാർ നേരിട്ട അതിരൂക്ഷമായ സമരം നയിച്ചത് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു.

ലഹളകൾക്കൊണ്ടും അരക്ഷിതാവസ്ഥകൊണ്ടും കലങ്ങിമറിഞ്ഞ ഏറനാടിനെ സമാധാനത്തിന്റെ പാതയിലേക്ക് കൊണ്ടുവരാൻ അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. ബ്രിട്ടീഷുകാരുടെ കുതന്ത്രങ്ങളാണ് മലബാറിൽ നടന്നുകൊണ്ടിരിക്കുന്ന കലാപങ്ങൾക്ക് കാരണമെന്ന് അദ്ദേഹം പ്രസ്താവിച്ചു. ആ പ്രസ്താവന 'ഹിന്ദു' റിപ്പോർട്ട് ചെയ്തു. ദേശീയതലത്തിൽ ആ റിപ്പോർട്ട് ചലനങ്ങളുണ്ടാക്കി. 1922 ജനുവരി 22ന് ചെമ്പ്രശ്ശേരി തങ്ങളെയും കുഞ്ഞഹമ്മദ് ഹാജിയേയും മലപ്പുറം കോട്ടകുന്നിലെ വിജനമായ ചെരിവിൽ വെച്ച് ബ്രിട്ടീഷ് പട്ടാളം വെടിവെച്ച് കൊന്നു.

മാർഷൽ ലോ കോടതി 1921 നവംബർ 2ന് കോഴിക്കോട്ട് പ്രത്യേക കച്ചേരി ചേർന്ന് ആലി മുസ്ല്യാരേയും അനുചരൻമാരേയും വിചാരണ ചെയ്തു. മുസ്ല്യാർക്ക് വേണ്ടി ബ്രിട്ടീഷ് സൈന്യം എ.വി.ബാലകൃഷ്ണ മേനോൻ എന്ന വക്കീലിനെ നൽകി. ആലി മുസ്ല്യാർ പക്ഷെ അത് നിരസിച്ചു. രാജാവിനെതിരെ കുറ്റം ചെയ്തുവെന്നായിരുന്നു ആലി മുസ്ല്യാരുടേയും 38 പേരുടേയും പേരിലുള്ള ചാർജ്ജ് ഷീറ്റ്. ആയുധം വച്ച് കീഴടങ്ങിയാൽ മതി അഭയം നൽകാമെന്ന വാഗ്ദാനത്തിൽ വഞ്ചിതരായി തിരൂരങ്ങാടി പള്ളിയിൽ നിന്നും വെള്ളക്കൊടി ഉയർത്തി പുറത്തേക്ക് വന്ന ആലി മുസ്ല്യാർ എന്ന ധീരദേശാഭിമാനിയെ പിടികൂടുകയായിരുന്നു ബ്രിട്ടീഷ് സൈന്യം. അദ്ദേഹത്തിന്റെ കൈകൾ പുറകോട്ട് കെട്ടി തിരൂരങ്ങാടിയിലൂടെ നടത്തിച്ച് ചന്തയിൽ പാർപ്പിച്ചു. അടുത്ത ദിവസം തിരൂരിലേക്ക് കൊണ്ടുപോയി. തുടർന്ന് തിരൂരങ്ങാടിയിൽ പട്ടാളത്തിന്റെയും പോലീസിന്റെയും താണ്ഡവം തന്നെയായിരുന്നു. അനവധി വീടുകൾ ചുട്ടെരിക്കപ്പെട്ടു. ധനം കൊള്ളയടിക്കപ്പെട്ടു. സ്ത്രീകൾ ബലാൽ സംഗത്തിനിരയായി. കൊച്ചുകുട്ടികളെ നിഷ്ക്കരുണം കൊന്ന് കളഞ്ഞു.

വിചാരണക്ക് ശേഷം ആലിമുസ്ല്യാരെയും അനുചരരെയും കോയമ്പത്തൂർ ജയിലിലെ ഒരു ബ്ലോക്കിൽ പാർപ്പിച്ചു. 1922 ഫിബ്രുവരി 17ന് ആ ധീര ദേശാഭിമാനിയെ ബ്രിട്ടീഷ് സൈന്യം തൂക്കിക്കൊന്നു. മേട്ടുപ്പാളയം റോഡിന് സമീപം ആ മയ്യിത്ത് അവർ മറവ് ചെയ്തു. മലബാർ സമരത്തെ സാമുദായിക കലാപമായി പരിവർത്തിപ്പിക്കുവാൻ ബ്രിട്ടീഷ് സർക്കാർ അനവരതം ശ്രമിച്ചതായി കലാപത്തെ നിഷ്പക്ഷമായും വ

mappilaheritagelibrary.com

സ്തു നിഷ്ഠമായും പഠനം നടത്തിയ പല പ്രഗൽഭരും നിഗമനത്തിലെത്തിയിട്ടുണ്ട്.

സൗമ്യേന്ദ്രനാഥ ടാഗോർ എഴുതിയ 'പെസന്റ് റിവോൾട്ട് ഇൻ മലബാർ', ബോംബെ സർവകലാശാലയിലെ സാമൂഹ്യ ശാസ്ത്രവകുപ്പ് മേധാവി ഡോ. ഏ. ആർ ദേശായിയുടെ "ഇന്ത്യൻ ദേശീയതയുടെ സാമൂഹ്യപശ്ചാത്തലം" എന്ന ഗ്രന്ഥം, ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ 'ആഹ്വാനവും താക്കീതും' എന്ന ലഘുലേഖ എന്നിവയെല്ലാം ഇതിന് അടിവരയിടുന്ന തെളിവുകളാണ് (മുഹമ്മദ് അബ്ദുറഹിമാൻ പേജ് 112)

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ബ്രിട്ടീഷുകാർ തന്നെ രേഖപ്പെടുത്തിയ ഏകയുദ്ധം 'പൂക്കോട്ടൂർ ബാറ്റിൽ' എന്നറിയപ്പെടുന്ന യുദ്ധമാണ്. സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ പകരം നൽകിയ രക്തസാക്ഷികളുടെ ഏറനാടിന്റെ മധ്യത്തിലാണ് പുക്കോട്ടൂർ

1921 ആഗസ്ത് 25 ന് ഒരു വലിയ പട്ടാളസംഘം കോഴിക്കോട്ടു നിന്ന് മലപ്പുറത്തേക്ക് പുറപ്പെട്ടു. കാറുകളിൽ വെള്ളപ്പട്ടാളം. സൈക്കിളുകളിലും ലോറികളിലുമായി റിസർവ് പോലീസ്. നിരത്തിൽ മുറിച്ചിട്ടിരുന്ന മരങ്ങളും കേടുവന്ന പാലങ്ങളും നന്നാക്കി സൈന്യം പൂക്കോട്ടൂരിലെത്തി. തെക്ക് വടക്ക് റോഡ്. പടിഞ്ഞാറ് മല. കിഴക്ക് ഒരു കുന്ന്. നിരത്തിന്റെയും കുന്നുകളുടേയും ഇടയിലായി വലിയ പാടം. അവിടെയാണ് ലഹളക്കാരുടെ താവളമെന്ന് അധികൃതർക്ക് അറിവ് കിട്ടിയിരുന്നു. ക്യാപ്റ്റൻ മെക്കൻ റോയ് പരീക്ഷണാർത്ഥം ഒരു വെടി പൊട്ടിച്ചു. അതിന് മറുപടിയെന്നോണം നകാര മുഴങ്ങി. നാനാ ഭാഗങ്ങളിൽ നിന്നും വെടിയും പൊട്ടി. തക്ബീർ ധ്വനികളോടെ വാളും കുന്തവുമായി മാപ്പിളയോദ്ധക്കൾ ഇരമ്പിയാർത്തു വന്നു. പട്ടാളം അവരുടെ മുന്തിയ ആയുധങ്ങളുപയോഗിച്ച് മാപ്പിളപ്പോരാളികളുടെ നെഞ്ചു നോക്കിത്തന്നെ നിറയൊഴിച്ചു. അവർ മരിച്ചുവീഴാൻ തുടങ്ങി. എന്നിട്ടും വെടിയുണ്ടകളെ പുല്ല്പോലെ കരുതി കൂട്ടം കൂട്ടമായി മാപ്പിളമാർ വെള്ളക്കാരുടെ തോക്കിന് മുമ്പിൽ ചാടിവീണു കൊണ്ടിരുന്നു. അവർ പട്ടാളനിരയിലേക്ക് കുതിച്ച് കയറി. മരണത്തെ നിസ്സാരമാക്കിക്കൊണ്ടുള്ള മാപ്പിള യോദ്ധാക്കളുടെ പോരാട്ടവീര്യം കണ്ട് വെള്ളപ്പട്ടാളം പകച്ചുപോയി. അവർ പെട്ടെന്ന് പോരാട്ടം മതിയാക്കി മലപ്പുറത്തേക്ക് തിരിച്ചു. 35 സൈക്കിളുകൾ, ഒരു ലോറി എന്നിവ പൂക്കോട്ടൂരിൽ ഉപേക്ഷിച്ചു കൊണ്ടാണ് അവർ പോയത്. 258 ധീരരായ ദേശാഭിമാനികൾ രക്തസാക്ഷികളായി. മൃതശരീരങ്ങൾ റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് നാലിടങ്ങളിലായി സംസ്കരിച്ചു.

തുടർന്ന് നടന്ന രണ്ടാംയുദ്ധം തിരൂരങ്ങാടിയിലായിരുന്നു. അതിന്റെ നായകൻ ആലിമുസ്ല്യാരെ കോയമ്പത്തൂർ ജയിലിൽ തൂക്കികൊന്നു. അറിയപ്പെടാത്ത പതിനായിരക്കണക്കിന് മാപ്പിളമാർ സ്വാതന്ത്ര്യസമരഭടന്മാരായി ബ്രിട്ടീഷ് പട്ടാളത്തോട് പൊരുതി മരിച്ചുവീണ മണ്ണാണ് മലബാർ. കണ്ണീരും ചോരയും ഒന്നിച്ചെഴുതിയ ഇതുപോലുള്ളൊരു സ്വാതന്ത്ര്യസമരം ഇന്ത്യയുടെ മറ്റേതെങ്കിലും ഭാഗങ്ങളിൽ നടന്നതായി അറി

mappilaheritagelibrary.com

വില്ല.

മാപ്പിളമാരുടെ ഭാവി തന്നെ അന്ധകാരത്തിൽ മുക്കിയ സമരം. സഹായിക്കാനാളില്ലാതെ വഴികാണിക്കാൻ വഴികാട്ടികളില്ലാതെ ഘനാന്ധകാരത്തിനു മുന്നിൽ പകച്ചുപോയ സമൂഹം. ആലംബമില്ലാതെ, ശരണമില്ലാതെ മാപ്പിള മക്കൾ മലബാറിന്റെ തെരുവിൽ അലഞ്ഞു. അവരുടെ ഉപ്പയും ഉമ്മയും കലാപത്തിൽ മരണപ്പെട്ടവരോ ജയിലിൽ അടക്കപ്പെട്ടവരോ നാടുകടത്തപ്പെട്ടവരോ ആയിരുന്നു. 1922 ഏപ്രിൽ മാസത്തിൽ മലബാർ കലാപം അവസാനിച്ചുവെങ്കിലും അത് മലബാറിലെ മാപ്പിളമാർക്ക് വരുത്തിവെച്ച ദുരന്തം ഭീതിദവും അനുകമ്പാർഹവുമായിരുന്നു. അനേകം മാപ്പിളമാരേയും സ്ത്രീകളെയും ആന്തമാൻ ഘോരവനങ്ങളിലേക്ക് നാടുകടത്തിയിരുന്നു. മനുഷ്യമാംസം ഭക്ഷിക്കുന്ന നരഭോജികളുടെ ഇടയിലേക്ക് അബലകളായ സ്ത്രീകളെയും പുരുഷന്മാരെയും ആട്ടിത്തെളിച്ചു. ക്രൂരന്മാരായ നരഭോജികളുടെ പീഡനങ്ങൾക്കിരയായി അവരിൽ പലരും അവിടെ കൊല്ലപ്പെട്ടു. പലരും പട്ടിണി കൊണ്ടും രോഗം കൊണ്ടും മരണപ്പെട്ടു.

സ്പെയിനിലെ മുസ്ലിംകൾ അനുഭവിച്ച നരകയാതനയെ അനുസ്മരിപ്പിക്കും വിധമായിരുന്നു കലാപാനന്തര മലബാറിലെ മുസ്ലിംകൾ അനുഭവിച്ചു തീർത്തത്.

ഡോ.സയ്യിദ് മുഹമ്മദിന്റെ അധ്യക്ഷതയിൽ തലശ്ശേരിയിൽ ഖിലാഫത്ത് കമ്മിറ്റി യോഗം ചേർന്നു. പിതാവ് സീതിമുഹമ്മദിനൊപ്പം മക്കളായ കെ.എം. സീതിയും മാറ്റു സഹോദരന്മാരും ഈ യോഗത്തിൽ പങ്കെടുത്തു. സീതിയുടെ സഹപാഠിയും ബന്ധുവുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ പഠനം ഉപേക്ഷിച്ച് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കുവാനും മലബാർ കലാപത്തിന് നേതൃത്വപരമായ പങ്കുവഹിക്കാനുമായി കോഴിക്കോട്ട് താമസമാക്കിയിരുന്നു. കെ.എം മൗലവിയോടൊപ്പം പ്രവർത്തിച്ച മുഹമ്മദ് അബ്ദുറഹിമാനെ അധികൃതർ പിടികൂടി ബല്ലാരി ജയിലിലടച്ചു.

ജയിലിൽ അബ്ദുറഹിമാനെ ജയിലധികൃതർ പീഡിപ്പിക്കാൻ തുടങ്ങി. ഇതറിഞ്ഞ സീതി സാഹിബ് അടങ്ങിയിരുന്നില്ല. തൂലിക പടവാളാകുന്നതിന്റെ അക്ഷരപ്പൊരുൾ അവിടെ കണ്ടു. അക്ഷരങ്ങൾ ജ്വലിക്കുന്ന ദീപങ്ങളായി. ഇംഗ്ലീഷ്, മലയാളം പത്രങ്ങളിൽ കെ.എം സീതി എന്ന തൂലികാ നാമത്തിൽ, അബ്ദുറഹിമാനെ ജയിലിൽ ദ്രോഹിക്കുന്നതിനെതിരെ റിപ്പോർട്ടുകളും ലേഖനങ്ങളും പ്രത്യക്ഷപ്പെടാൻ തുടങ്ങി. "നീതിയോ പ്രതികാരമോ" എന്ന തലവാചകത്തിൽ കെ.എം സീതി എന്ന പേരുവെച്ച് മദിരാശിയിലെ 'സ്വരാജ്യം' ഇംഗ്ലീഷ് പത്രത്തിൽ അബ്ദുറഹിമാനു വേണ്ടി എഴുതിയ ഹൃദയസ്പർശിയായ ലേഖനം വമ്പിച്ച ചർച്ചാ വിഷയമായി. അധികൃതർ കണ്ണുതുറന്നു. അവർ അബ്ദുറഹിമാനു നേരെയുള്ള പീഡനമുറകൾ അവസാനിപ്പിച്ചു. ജയിലിൽ നിന്നും പുറത്തു വന്ന ഉടനെ തന്നെ അബ്ദുറഹിമാൻ സീതി സാഹിബിനെ കണ്ടു

mappilaheritagelibrary.com

പറഞ്ഞു:

"നിങ്ങളുടെ ലേഖനങ്ങളാണ് എന്റെ നേർക്കുള്ള പീഡനമുറകൾ അവസാനിപ്പിക്കുവാൻ അധികൃതരെ നിർബന്ധിതരാക്കിയത്."

സീതിസാഹിബ് എഴുതിയ, ബ്രിട്ടീഷുകാർ മാപ്പിളമാർക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്ന അക്രമങ്ങളുടെ വിവരങ്ങൾ കണ്ണീരോടെയാണ് അന്നത്തെ ആളുകൾ വായിച്ചത്. സീതിയുടെ റിപ്പോർട്ടുകളും ലേഖനങ്ങളും വായിച്ചാണ്, അതിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് പഞ്ചാബിലെ മൗലാനാ അബ്ദുൽ ഖാദർ ഖസദൂരിയുടെ പുത്രൻ മൗലവി മുഹ്യുദ്ദീൻ അഹമ്മദ് ഖസൂരി മലബാറിലെത്തുന്നത്. മലബാറിലെ തെരുവുകളിലൂടെ അലഞ്ഞു നടക്കുന്ന അനാഥരായ മുസ്ലിം കുട്ടികളുടെ വേദനാവീർപ്പുകളായിരുന്നു ഈ ലേഖനങ്ങളിലൂടെ സീതി സാഹിബ് എഴുതിയിരുന്നത്. മലബാറിലെത്തിയ അഹമ്മദ് ഖസൂരി, സീതി സാഹിബ് അടക്കമുള്ള മുസ്ലിം പ്രമാണിമാരെ സന്ദർശിച്ച് അനാഥരായ കുട്ടികളുടെ കാര്യത്തിൽ എന്തെല്ലാം ചെയ്യാനാകുമെന്നാലോചിച്ചു. ആ ചിന്തയുടെ ഫലമായിട്ടാണ് കോഴിക്കോട് വെള്ളിമാടുകുന്ന് റോഡിൽ ജെഡിറ്റി അനാഥമന്ദിരമെന്ന മഹാസ്ഥാപനം ഉയർന്നുവന്നത്. ജെ.ഡി.റ്റി അനാഥ മന്ദിരത്തിന്റെ അഡ്വൈസറി ബോഡിയിൽ, ഒരർഥത്തിൽ അതിന്റെ കാരണഭൂതനായ യുവാവായ കെ.എം സീതിയെ ഉൾപ്പെടുത്തി മൗലവി മുഹ്യുദീൻ അഹമ്മദ് അനാഥശാലാ നടത്തിപ്പിന് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ലോകത്ത് രണ്ട് ശക്തികളേയുള്ളൂവെന്നും അവ വാളും തൂലികയുമാണെന്നും അന്തിമ വിജയം തൂലികയുടേതായിരിക്കുമെന്നും ലോകം കണ്ട എക്കാലത്തേയും മികച്ച പോരാളി നെപ്പോളിയൻ ബോണർപാർട്ടിന്റെ പ്രവചനം അന്വർഥമാക്കി സീതി സാഹിബിന്റെ തൂലിക. അതിന്റെ അനശ്വര സ്മാരകവും കൂടിയത്രെ കോഴിക്കോട്ടെ വെള്ളിമാടുകുന്നിൽ ഇന്ന് വിവിധ തൊഴിൽ പദ്ധതികളുമായി, ബഹുമുഖ സംരംഭങ്ങളുമായി തലയുയുർത്തി നിൽക്കുന്ന ജെ.ഡി.റ്റി ഇസ്ലാം അനാഥശാല.

***

ദാദാഭായി നവറോജിയുടെ ഉറ്റ അനുയായിയും ശിഷ്യനുമായ മുഹമ്മദലി ജിന്നയുടെ മറ്റൊരു ആരാധ്യപുരുഷനായിരുന്നു ഗോപാലകൃഷ്ണ ഗോഖലെ. ജിന്നയെ പറ്റി ഗോഖലെ പറഞ്ഞത്:

"എല്ലാവിധ പക്ഷപാതിത്തങ്ങളിൽ നിന്നും അദ്ദേഹം പ്രകടിപ്പിക്കുന്ന സ്വാതന്ത്ര്യം യഥാർത്ഥമായ ആത്മസത്തയുടേതാണ്. ഇത് അദ്ദേഹത്തെ ഹിന്ദു മുസ്ലിം ഐക്യത്തിന്റെ അംബാസഡറാക്കുന്നു." ഈ പ്രയോഗം പിന്നീട് സരോജനി നായിഡു ആവർത്തിക്കുകയും ഇന്ത്യയൊട്ടാകെ അത് പ്രചരിക്കുകയും മുഹമ്മദലി ജിന്ന രാജ്യാന്തര തലത്തിൽ പ്രശസ്തനാവുകയും ചെയ്തു. ഒരു മുസ്ലിം ഗോഖലെയാവുകയാണ് തന്റെ ആഗ്രഹമെന്ന് ജിന്നയും പറഞ്ഞു. ഒമ്പത് വർഷം അദ്ദേഹം ലീഗിലും കോൺഗ്രസ്സിലുമായി പ്രവർത്തിച്ചു. 1916-ൽ മുസ്ലിം ലീഗിന്റെ ല

mappilaheritagelibrary.com

ഖ്നോ സമ്മേളനത്തിൽ അധ്യക്ഷനായിരിക്കുമ്പോഴും താനൊരു കോൺ ഗ്രസുകാരനാണെന്നായിരുന്നു ജിന്ന പറഞ്ഞത്. എന്നാൽ ഏറെക്കാലം ഈ കോൺഗ്രസ് ആഭിമുഖ്യം പുലർത്താൻ ജിന്നക്കായില്ല. കോൺഗ്ര സ്സിനുള്ളിലെ ഹിന്ദുമഹാസഭയുടെ സ്വാധീനം എല്ലാ വിഭാഗീയ പക്ഷ പാതിത്വങ്ങളിൽ നിന്നും മുക്തി നേടിയ ആ മതേതര നേതാവിനെ വ്ര ണപ്പെടുത്തി.

ദേശീയതയുടെ മരുപ്പച്ചകളല്ല താൻ കോൺഗ്രസ്സിൽ കാണുന്നത്. പ കരം, വിഭാഗീയതയുടെ അറ്റമില്ലാത്ത മരുഭൂമികളാണെന്ന് ജിന്നക്ക് ബോ ധ്യപ്പെട്ടു.

ഹൈന്ദവ വർഗീയതയുടെ കൂത്തരങ്ങായി മാറിക്കഴിഞ്ഞിരുന്ന കോൺ ഗ്രസ്സിന്റെ ഉള്ളറകൾ കണ്ട് ആ മതേതരവാദി ഞെട്ടിത്തെറിച്ചു.

കോൺഗ്രസ്സിന് ദേശീയത എന്നു പറഞ്ഞാൽ ഹിന്ദുത്വം എന്നായിരു ന്നു. ലണ്ടനിൽ കഴിഞ്ഞിരുന്ന കാലം മുതൽ ജിന്നക്ക് ഗാന്ധിജിയെ അ ത്ര പഥ്യമായിരുന്നില്ല. ഗാന്ധിജിയുടെ പല പരിപാടികളോടും അദ്ദേഹ ത്തിന് യോജിപ്പുണ്ടായിരുന്നില്ല. ഒന്നാം ലോക മഹായുദ്ധത്തിനിടയിൽ തെക്കെ ആഫ്രിക്കയിൽ നിന്നും ലണ്ടനിലെത്തിയ ഗാന്ധിജി ഇന്ത്യക്കാർ നൽകിയ ഒരു സ്വീകരണത്തിന് നന്ദി പറഞ്ഞ് പ്രസംഗിക്കവെ ഇന്ത്യ ക്കാരോട് ബ്രിട്ടീഷ് പട്ടാളത്തിൽ ചേരാൻ പറയുകയുണ്ടായി. ഈ പരാ മർശം ജിന്നക്ക് തീരെ ഇഷ്ടമായില്ല.

ബോംബെയിൽ ഗുജറാത്തി സഭയുടെ പ്രസിഡണ്ടായിരുന്നു ജിന്ന. 1915 ജനുവരിയിൽ സഭ ജിന്നയുടെ നേതൃത്വത്തിൽ ഗാന്ധിക്ക് ഒരു സ്വീ കരണം നൽകി. സ്വീകരണത്തിന് മറുപടി പറയവെ ഗാന്ധിജി പറഞ്ഞു. ഒരു മുഹമ്മദീയൻ ഗുജറാത്തി സഭക്കാരനാകുന്നതും അതിന്റെ അധ്യ ക്ഷനാകുന്നതും സന്തോഷപ്രദമാണ്. ഗാന്ധിജിയുടെ പ്രയോഗം ജിന്ന യുടെ ഹൃദയം പൊള്ളിച്ചു. താനൊരു മുഹമ്മദീയനാണെന്ന് ഗാന്ധിജി എടുത്തുപറഞ്ഞത് എന്തിനാണെന്ന് ജിന്നക്ക് എത്ര ആലോചിച്ചിട്ടും പി ടികിട്ടിയില്ല. ഇവിടം മുതൽ തുടങ്ങുന്നു അവർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ.

ഗാന്ധിജിയുടെ പല സമരങ്ങളുടേയും വിമർശകനായിരുന്നു ജിന്ന. നിയമലംഘനം പോലുള്ള സമരമുറയും ജനങ്ങളെ അക്രമത്തിലേക്കാ ണ് നയിക്കുക എന്ന് ജിന്ന ചൂണ്ടിക്കാട്ടി. അപ്രകാരം തന്നെ സംഭവിക്കു കയും ചെയ്തു. ഖിലാഫത്ത് സമരത്തെയും ഇതേപോലെതന്നെ ജിന്ന എതിർക്കുകയുണ്ടായി.ഖിലാഫത്ത് സമരം കോൺഗ്രസ്സ് ഏറ്റെടുക്കുന്ന തിലൂടെ ഹിന്ദു മുസ്ലിം ഐക്യത്തിനുള്ള പാത തെളിയുമെന്നും അതു വഴി സ്വാതന്ത്ര്യം പെട്ടെന്ന് കരഗതമാകുമെന്നും ഗാന്ധിജി വിശ്വസിച്ചു. ഇതും അക്രമത്തിൽ ആയിരിക്കും പര്യവസാനിക്കുക എന്ന് ജിന്നാ സാ ഹിബ് പറഞ്ഞു. മലബാറിൽ അതുപോലെ സംഭവിക്കുകയും ചെയ്തു.

കോൺഗ്രസ്സിന്റെ ഖിലാഫത്ത് സമരത്തെ കോൺഗ്രസ്സിനുള്ളിലെ ത ന്നെ നേതാക്കൾ പരിഹാസത്തോടെയായിരുന്നു വീക്ഷിച്ചിരുന്നതെന്ന്

mappilaheritagelibrary.com

എം.സി വടകര 'മുസ്‌ലിം രാഷ്ട്രീയത്തിന്റെ നൂറ് വർഷങ്ങൾ' എന്ന ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നുണ്ട്. പ്രമുഖ ഇടതുപക്ഷ ബുദ്ധിജീവിയായ ഇന്ദുലാൽ യജ്ഞിക്ക് തന്റെ ഗ്രന്ഥത്തിൽ പറഞ്ഞ ഒരു കാര്യം എം.സി. എടുത്തെഴുതുന്നു.

"ഈ മാസങ്ങളിൽ ഞാൻ എന്റെ സഹപ്രവർത്തകനും സുഹൃത്തുമായ സർദാർ വല്ലഭായ് പട്ടേലുമായി അനേകം തവണ ഖിലാഫത്തിനെപറ്റി ചർച്ചനടത്തുകയുണ്ടായി. ഞാൻ അക്കാലത്ത് പട്ടേലിന്റെ വസതിയിലായിരുന്നു താമസം. ഖിലാഫത്ത് സമരത്തിന്റെ ലക്ഷ്യവിശുദ്ധിയെക്കുറിച്ച് ഞങ്ങൾ തമ്മിൽ പൊട്ടിച്ചിരികളിലേക്ക് നയിച്ച ഹാസ്യാത്മകവും അവിശുദ്ധവുമായ പല സംഭാഷണങ്ങളും നടന്നു. വല്ലഭായ് പട്ടേൽ നല്ല നർമബോധമുള്ള ആളായിരുന്നു. ഒരവസരത്തിൽ പട്ടേൽ പറഞ്ഞതായി ഓർക്കുന്നു. "സുഹൃത്തേ ഒന്നാലോചിച്ചു നോക്കൂ ഇവിടെ ബ്രിട്ടീഷുകാരുടെ ബയണറ്റുകൾക്ക് കീഴിൽ അടിമകളായി കഴിയുന്ന ഇന്ത്യക്കാരായ നമ്മൾ അങ്ങകലെ അറേബ്യയിലേയും മെസോപ്പൊട്ടാമിയായിലേയും സിറിയയിലേയും ഫലസ്തീനിലേയും അറബികളുടെ സ്വതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുക എന്ത് മാത്രം അപഹാസ്യമാണ്."

ഖിലാഫത്ത് സമരത്തിന്റെ മൂന്ന് (1919-21) വർഷങ്ങളിൽ സാമുദായിക അസ്വാസ്ഥ്യങ്ങളിലുണ്ടായ വർധന ജിന്നാസാഹിബിന്റെ നിരീക്ഷണം ശരി വെക്കുന്നു.

നിസ്സഹകരണ പ്രസ്ഥാനപ്രവർത്തകരാണ് ചൗരിചൗരായിലെ പോലീസ്സ്റ്റേഷൻ ആക്രമിച്ചത്. ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 21 പോലീസുകാർ വെന്തുമരിച്ചു. ഫെബ്രുവരി 12-ാം തീയതി ഗാന്ധിജി തന്റെ നിസ്സഹകരണ പ്രസ്ഥാനം ഇതോടെ അവസാനിപ്പിച്ചു. 1924 മാർച്ച് 10-ാം തിയ്യതി കമാൽ അതാതുർക്ക് തുർക്കിയിൽ വിപ്ലവം നടത്തി അധികാരം പിടിച്ചെടുത്തു. തുർക്കി ജനാധിപത്യ രാഷ്ട്രമായി. അതോടെ ഇന്ത്യയിലെ ഖിലാഫത്ത് സമരവും അവസാനിച്ചു.

സംഘർഷഭരിതവും കലുഷിതവുമായ ഈ കാലഘട്ടത്തിലൂടെയാണ് സീതി സാഹിബ് തന്റെ രാഷ്ട്രീയ സാമൂഹികപ്രവർത്തനം നടത്തിപ്പോന്നത്. ബി.എ പരീക്ഷ ഒരു വർഷം വൈകി എഴുതേണ്ടിവന്നതും ഇതിനാലായിരുന്നു. ബി.എ പാസായി എൽ എൽ ബിക്ക് അദ്ദേഹം തിരുവനന്തപുരം ലോ കോളേജിൽ ചേർന്നു. യൂണിവേഴ്സിറ്റി കോളേജിലെപ്പോലെ തന്നെ ലോ കോളേജിലും സീതി എന്ന അഭിഭാഷക വിദ്യർഥിക്ക് ശ്രദ്ധേയനാകാൻ ഏറെ നാൾ വേണ്ടിവന്നില്ല. ജന്മസിദ്ധമായ സ്വഭാവനൈർമല്യം, വിനയവും മധുരോദാരതയും ഇഴപാകിയ പെരുമാറ്റം വശ്യമനോഹരമായ പുഞ്ചിരിയോടെ എതിരാളിയെപോലും സ്വാഗതം ചെയ്യുന്ന പ്രകൃതം, ആരെയും തന്നിലേക്കടുപ്പിക്കുന്ന മായികഭാവം, അതായിരുന്നു സീതി സാഹിബ്.

സീതി സാഹിബിനെ ലോ കോളേജിന്റെ പ്രിയപുത്രനാക്കിയതും ഈ സവിശേഷതകളായിരുന്നു.

mappilaheritagelibrary.com

ആയിടക്കാണു വടക്കെ ഇന്ത്യയിലെ പ്രധാനപ്പെട്ട കോൺഗ്രസ്സ് നേതാവായ ഗൗരിശങ്കർ മിശ്ര ലോ കോളേജിൽ ഒരു സന്ദർശനത്തിനായി വരുന്നത്. കാമ്പസിനെ അഭിമുഖീകരിച്ച് അദ്ദേഹം പ്രസംഗിക്കുവാൻ തയ്യാറായി. ഇംഗ്ലീഷിലുള്ള അദ്ദേഹത്തിന്റെ പ്രസംഗം ആരു പരിഭാഷപ്പെടുത്തും? വിദ്യാർഥികൾക്ക് അതിന് ഏറെനേരം തലപുകക്കേണ്ടി വന്നില്ല. അവരൊറ്റ സ്വരത്തിൽ പറഞ്ഞു കെ.എം സീതി.

പ്രൗഢമായിരുന്നു സദസ്സും വേദിയും. ലോ കോളേജിലെ വിദ്യാർഥികൾ മുഴുവൻ, അധ്യാപകർ, പൗരപ്രമുഖർ, ഉയർന്ന ഉദ്യോഗസ്ഥർ, ഗൗരീ ശങ്കർ മിശ്രയുടെ പ്രസംഗം മികച്ച ശബ്ദനിയന്ത്രണത്തോടെ അതീവ മാധുര്യത്തോടെ അയത്ന ലളിത സുന്ദരമായ പ്രസംഗത്തിലൂടെ കെ.എം സീതി എന്ന വിദ്യാർഥി പരിഭാഷപ്പെടുത്തിയപ്പോൾ ഒരു മായികലോകത്തിൽ അലിഞ്ഞു പോയത് പോലെ സദസ്സ് നിശ്ചലരായി. മഴ തോർന്നിട്ടും മരങ്ങൾ പെയ്യുന്നത് പോലെ ഗൗരീശങ്കർ മിശ്രയുടെ പ്രസംഗം തീർന്നിട്ടും സീതി സാഹിബിന്റെ പരിഭാഷ അലയടികൾ അവിടെ പെയ്തൊഴിയാത്തത് പോലെ സദസ്സ് പിന്നെയും ഏറെ നേരം നിശ്ശബ്ദരായിപ്പോയി. ഈ പ്രസംഗത്തെക്കുറിച്ച് സീതി സാഹിബിന്റെ സഹപാഠിയായ വക്കം പി.മുഹമ്മദ് മൈതീൻ (വക്കം അബ്ദുൾ ഖാദർ മൗലവിയുടെ മരുമകൻ) വിവരിക്കുന്നു. "പ്രസംഗം കഴിഞ്ഞ് കുറെ ദിവസം കഴിഞ്ഞിട്ടും നഗരം സീതിയുടെ പ്രസംഗത്തിന്റെ പ്രഭാവലയത്തിൽനിന്നും മോചിതമായിരുന്നില്ല. നഗരത്തിന്റെ ഏത് കോണിൽ ചെന്നാലും എല്ലാവർക്കും പറയുവാനുള്ളത് ഒരേ ഒരു കാര്യം; പ്രസംഗകനെ കവച്ചു വെച്ച പരിഭാഷകൻ. വിവർത്തനത്തിന്റെ ഭാഷണ കലയെക്കുറിച്ചും" ഭാവദീപ്തമായ അവതരണത്തെക്കുറിച്ചുമായിരുന്നു എങ്ങും സംസാരം.

മാസം മൂന്ന് കഴിഞ്ഞില്ല. മൗലാനാ മുഹമ്മദലിക്കൊപ്പം തിരുവനന്തപുരത്ത് വരാൻ കഴിയാതെ തിരുനൽവേലിയിൽ നിന്നും മടങ്ങിപ്പോയ ഗാന്ധിജി വീണ്ടും തിരുവനന്തപുരം സന്ദർശിക്കുവാൻ വന്നു. തിരുവനന്തപുരത്തെ ഗാന്ധിജിയുടെ പ്രഥമ സന്ദർശനം. ഗാന്ധിജിയുടെ സന്ദർശനം അതിഗംഭീരമാക്കാൻ തന്നെ തിരുവനന്തപുരം പൗരസമിതി തീരുമാനിച്ചു. ആവേശത്തിമർപ്പോടെ അവർ ഗാന്ധിജിയെ വരവേറ്റു. ഗാന്ധിജിക്ക് നൽകുന്ന സ്വീകരണയോഗത്തിൽ ആര് അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുമെന്നതിനെക്കുറിച്ച് തിരുവനന്തപുരം ജനതക്ക്, നഗരിക്ക്, രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല. അവരൊറ്റക്കെട്ടായി ഒരൊറ്റ പേരേ പറഞ്ഞുള്ളൂ, കെ.എം സീതി.

mappilaheritagelibrary.com

ആറ്
ഗാന്ധിജിയെ വിസ്മയിപ്പിച്ച പരിഭാഷകൻ

'സീതി മൊല്ല'-കൂട്ടുകാർ കെ.എം സീതിയെ അങ്ങനെ വിളിച്ചു. ക്ലാസ്സിനു പുറത്തും. ആ വിളിയിൽ സീതി അസന്തുഷ്ടനായില്ല. അപ്പോഴും അദ്ദേഹം പുഞ്ചിരിച്ചു. ആരോടും പരിഭവിച്ചില്ല. കെറുവിച്ചില്ല. മുഖം കറുപ്പിച്ചില്ല.

തൂവെള്ള ഖദർഷർട്ടും മുണ്ടും. മുണ്ട് ഞെരിയാണിക്കു മീതെ. തലയിൽ സദാനേരവും വെള്ളത്തൊപ്പിയും ഉണ്ടാകും. എൽ. എൽ. ബിക്ക് പഠിക്കുന്ന ഒരു ചെറുപ്പക്കാരന്റെ വേഷവിധാനം ഈ വിധം ആകുമ്പോൾ ആരും അങ്ങിനെ വിളിച്ചു പോകും.

പ്രവാചകൻ മുഹമ്മദ് നബി(സ) യുടെ ജീവിതം അപ്പാടെ സ്വജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നതിന്റെ ഭാഗമായിരുന്നു ഇത്. പരിശുദ്ധ ഖുർആനിൽ നബി(സ) യെ ഒന്നിലധികം സ്ഥലങ്ങളിൽ പ്രശംസിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ സ്വഭാവമഹിമയെ പ്രകീർത്തിക്കുമ്പോഴാണ്. ശത്രുക്കളോടും ഏതിരാളികളോടും സ്നേഹനിർഭരമായി തന്നെ സീതിയെന്ന വിദ്യാർഥി പെരുമാറി.

ഞാൻ പരിചയിച്ചിട്ടുള്ള നേതാക്കളിൽ തിരുമേനിയുടേത് പോലെയുള്ള മനോഹരമായ പുഞ്ചിരി സീതിസാഹിബിലല്ലാതെ മറ്റാരിലും കണ്ടിട്ടില്ലെന്ന് സീതി സാഹിബിന്റെ പ്രിയ ശിഷ്യനും മുസ്ലിം ലീഗ് സംസ്ഥാന വൈസ്പ്രസിഡണ്ടുമായിരുന്ന എൻ.വി അബ്ദുസലാം മൗലവി ഓർക്കുന്നു. (സീതി സാഹിബ് സ്മാരക ഗ്രന്ഥം)

കാരുണ്യം, ഔദാര്യം, സ്ഥൈര്യം, എല്ലാവരുടേയും ഗുണകാംക്ഷ, മറ്റുള്ളവരുടെ ഗുണത്തിന് വേണ്ടി പ്രവർത്തിക്കുക. ഇതെല്ലാം അന്ത്യപ്രവാചകന്റെ സ്വഭാവവിശേഷതകളായിരുന്നുവല്ലോ. സീതി എന്ന വിദ്യാർഥിയുടെ വ്യക്തിഗുണവും പ്രത്യേകതകളും പ്രഭാഷണ പ്രഗത്ഭ്യവും ഇതിനകം കേരളമൊട്ടാകെ അറിയപ്പെട്ടു കഴിഞ്ഞിരുന്നു.

സർക്കാറിന്റെ ജനദ്രോഹ നടപടികൾക്കെതിരെ ഈ കാലത്ത് സീതി സാഹിബ് അതിനിശിതമായ ലേഖന പരമ്പരകൾ തന്നെ എഴുതി

mappilaheritagelibrary.com

ത്തുടങ്ങിയിരുന്നു. 'അൽ ഇസ്‌ലാം' 'മുസ്‌ലിം' 'ഖിലാഫത്ത് പത്രിക', 'മലബാർ ഇസ്‌ലാം', 'സ്വരാജ്', 'അൽ അമീൻ' തുടങ്ങിയ പത്രങ്ങളി ലും മാസികകളിലും സീതി സാഹിബിന്റെ ചൂടുള്ള ലേഖനങ്ങൾ നിര ന്തരം വന്നുകൊണ്ടിരുന്നു. നേരിൽ കാണാൻ കഴിയാത്തവരുടെ കൂടി പ്രിയങ്കരനാക്കി ഇത്തരം ലേഖനങ്ങൾ സീതിസാഹിബിനെ.

1921 ലെ മലബാർ കലാപത്തെക്കുറിച്ച് ശരിയാംവണ്ണം മനസ്സിലാക്കാ തെ മഹാകവി കുമാരനാശാൻ മുസ്‌ലിംകളെ ക്രൂര മുഹമ്മദർ എന്ന് ആക്ഷേപിച്ച് 'ദുരവസ്ഥ' എന്ന കാവ്യം രചിച്ചത് ഈ കാലത്തായിരു ന്നു. കാവ്യം വായിച്ച സീതിസാഹിബ് അതിന്റെ നിരർത്ഥകത ചൂണ്ടി ക്കാണിച്ച് അതിനിശിതമായ ഭാഷയിൽ ദുരവസ്ഥയ്ക്ക് മറുപടി എഴുതി. 'ഇതെന്തൊരവസ്ഥ' എന്ന തലവാചകത്തിൽ എഴുതിയ പ്രശസ്ത വി മർശന ലേഖനം മലബാറിന്റെ ശ്രദ്ധയെ ഒട്ടാകെ ആകർഷിക്കുന്നതായി രുന്നു. ഇസ്‌ലാമിനെക്കുറിച്ചുള്ള മഹാകവിയുടെ അജ്ഞതയെക്കുറിച്ചെ ഴുതിയ പ്രസ്തുത ലേഖനം ശ്രദ്ധേയമായിരുന്നു.

***

കാലം 1921. തലശ്ശേരിയിലെ പിലാക്കലുള്ള ഒരു മാളികമുകളിൽ ഏ താനും ചെറുപ്പക്കാർ സമ്മേളിച്ചിരിക്കുകയാണ്. ആയിടെ തലശ്ശേരിയിൽ രൂപീകരിക്കപ്പെട്ട മുസ്‌ലിം യുവജനസംഘത്തിന്റെ യോഗമായിരുന്നു അ ത്. രാത്രി ഏതാണ്ട് ഒമ്പത് മണിയായിക്കാണും. നാലഞ്ച് പേർ കോവ ണി കയറി ആ യോഗസ്ഥലത്തേക്ക് ചെന്നു. അവർക്കൊപ്പം ഉണ്ടായിരു ന്ന അബ്ദുല്ല അതിഥികളെ യോഗസ്ഥലത്ത് സമ്മേളിച്ചവർക്ക് പരിചയ പ്പെടുത്തി. സീതി സാഹിബും ഹമദാനി തങ്ങളുമായിരുന്നു ആ അതിഥി കൾ. സീതി സാഹിബിന്റെയും ഹമദാനി തങ്ങളുടേയും പേരുകേട്ടമാത്ര യിൽ സദസ്സ് ഒന്നടങ്കം ആദരവോടെ എഴുന്നേറ്റ് നിന്നു. ലേഖനങ്ങളിലൂ ടെ അവരറിഞ്ഞ കെ.എം. സീതി, സാമൂഹ്യ പരിഷ്കർത്താവായ ഹമദാ നി തങ്ങൾ. ഏറെ നാളായി അവർ ആരെയാണോ കാണാൻ കൊതിച്ച ത്, കേൾക്കാൻ കൊതിച്ചത് ആ യുവനേതാവ് ഇന്ന് നേരെ മുന്നിൽ! ഖ ദർ ഷർട്ടും വെള്ളത്തൊപ്പിയുമിട്ട തീർത്തും ലളിത വസ്ത്രധാരണത്തോ ടെ ആ യുവാവ് അവർക്കരികിൽ പുഞ്ചിരിയോടെ ഇരുന്നു. ഹമദാനി ത ങ്ങൾ തുടങ്ങി വെച്ച ആലുവാ കോളേജിന് വേണ്ടി ഫണ്ട് ശേഖരിക്കാ നായിരുന്നു അദ്ദേഹത്തോടൊപ്പം സീതി സാഹിബ് തലശ്ശേരിയിൽ വന്ന ത്. മണപ്പാടൻ കുഞ്ഞിമുഹമ്മദ് ഹാജി, പ്രഫ. അബ്ദുൽ ഖാദർ മൗല വി., പി.എസ് മുഹമ്മദ്, സിക്കൻ ഹാജി എന്നിവരും അവർക്കൊപ്പം ഉ ണ്ടായിരുന്നു. അന്നവർ അവിടെ തങ്ങി. അടുത്തദിവസം തലശ്ശേരിയിൽ ഒരു സമ്മേളനം വിളിച്ചുകൂട്ടുവാനും യോഗം തീരുമാനിച്ചു. പിറ്റെ ദിവ സം വൈകുന്നേരമായപ്പോഴേക്കും സമ്മേളന നഗരി ജനങ്ങളെക്കൊണ്ട് നിറഞ്ഞു. സീതിസാഹിബിന്റെ പ്രസംഗത്തിന്റെ മഹിമ കേട്ടറിഞ്ഞവരാ യിരുന്നു ഏറെയും. ആലുവാ കോളേജ് ഫണ്ടിന്റെ ശേഖരണാർത്ഥം വി

mappilaheritagelibrary.com

ളിച്ച് കൂട്ടിയതായിരുന്നു സമ്മേളനം.

അസ്തമയസൂര്യന്റെ ചെങ്കതിരുകൾ നൽകിയ വർണപ്പൊലിമയുടെ അകമ്പടിയോടെ ആ കുറിയ യുവാവ് തന്റെ പ്രസംഗം തുടങ്ങി. മന്ദ സ്ഥായിയിൽ തുടങ്ങിയ ആ പ്രസംഗം ഉച്ചസ്ഥായിയിലേക്ക് പിടഞ്ഞുണരുകയായി. സ്ഥലകാലബോധം മറന്ന ജനം ആ വാക്പ്രവാഹത്തിൽ അലിഞ്ഞുചേർന്നു. വിദ്യാഭ്യാസത്തിന്റെ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്ന് വരേണ്ടുന്നതിന്റെ മുസ്‌ലിം ആവശ്യകതയെക്കുറിച്ചായിരുന്നു ആ വിദ്യാർഥിക്കു അവിടെ കൂടിയ തന്റെ സമുദായത്തോട് പറയുവാനുണ്ടായിരുന്നത്. സമ്മേളന സ്ഥലത്ത് വെച്ചു തന്നെ ആലുവാ കോളേജിന് വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചു. ഫണ്ട് പിരിവിനായി യുവജനങ്ങളുടെ ഒരു സന്നദ്ധ സേനയും രൂപീകരിച്ചു.

നിർഭാഗ്യമെന്ന് പറയട്ടെ ഹമദാനി തങ്ങളുടെ സംരംഭത്തിന് സമുദായത്തിന്റെ ഭൂരിപക്ഷം മനസ്സും അനുകൂലമായല്ല പ്രതികരിച്ചത്. അത് കൊണ്ട് തന്നെ ദിവാൻ നല്കിയ സ്ഥലത്ത് ഒരു കോളേജ് സ്ഥാപിക്കുക എന്ന അദ്ദേഹത്തിന്റെ സ്വപ്നം പൊലിഞ്ഞുപോയി. അലിഗർ മാതൃകയിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം, അതായിരുന്നു ഹമദാനി തങ്ങൾ വിഭാവനം ചെയ്തിരുന്നത്. കാലത്തിന് മുമ്പേ നടന്ന ഹമദാനി തങ്ങൾക്ക് എത്രയോ കാലം പിന്നിലായിപ്പോയി പക്ഷേ സമുദായം. അവരപ്പോഴും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനും സ്കൂളുകൾക്കും എതിരായി തന്നെ നിലയുറപ്പിച്ചു. തലശ്ശേരിയിലെ യോഗം കഴിഞ്ഞുവെങ്കിലും ആ വിദ്യാർഥിയുടെ പ്രസംഗം അപ്പോഴും അവിടെ അലയടിക്കുന്നത്പോലെ. പൂവ് അകന്നു പോയിട്ട് സുഗന്ധം ബാക്കിയാവുന്നത് പോലെ. കുറേകാലത്തേക്ക് തലശ്ശേരി യുവാക്കളുടെ സംസാരവിഷയം കെ.എം. സീതി എന്ന യുവവിദ്യാർഥിയുടെ പ്രസംഗമായിരുന്നു.

യുവജനസംഘം പ്രവർത്തകരിൽ പലരും അദ്ദേഹത്തെ അനുകരിക്കുവാൻ തുടങ്ങി. സീതി സാഹിബിനെപ്പോലെ വസ്ത്രം ധരിക്കുവാനും സൗമ്യമായി ഇടപെടാനും മനോഹരമായി പുഞ്ചിരിക്കാനും അവർ ശ്രമിച്ചുകൊണ്ടിരുന്നു. സീതി സാഹിബിനെപ്പോലെ കുശലപ്രശ്നം നടത്താനും അവർ മുന്നോട്ട് വന്നു. ആ യുവവിദ്യാർഥി പ്രസരിപ്പിച്ച വെളിച്ചം അത്രമേൽ അവരെ കോരിത്തരിപ്പിച്ചിരുന്നു.

സ്വഭാവനൈർമ്മല്യത്തിന്റെ ഒരു പ്രകാശവലയമായിത്തന്നെ ഇതിനകം സീതി സാഹിബ് കേരളമൊട്ടാകെ അറിയപ്പെട്ട് കഴിഞ്ഞിരുന്നു. മൗലാനാ മുഹമ്മദലിയുടെ വ്യക്തിത്വത്തിന്റെ നേർ പകുതിയായി അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു.

***

മൗലാനാ മുഹമ്മദലിയെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് തിരുവനന്തപുരത്ത് വരാതെ തിരുനെൽവേലിയിൽ നിന്നും മടങ്ങിയ ഗാന്ധിജി മൂന്ന് മാസങ്ങൾക്ക് ശേഷം തിരുവനന്തപുരത്തെത്തി. അദ്ദേഹത്തിന്റെ പ്രഥമ

mappilaheritagelibrary.com

തിരുവനന്തപുരം സന്ദർശനം. ഗാന്ധിജിയുടെ പ്രസംഗം പരിഭാഷപ്പെടുത്താൻ സമ്മേളന സംഘാടകർ നേരത്തെ തന്നെ കെ.എം.സീതി എന്ന വിദ്യാർഥിയെ തീരുമാനിച്ചു കഴിഞ്ഞിരുന്നു. അതിൽ ആർക്കും എതിരഭിപ്രായവും ഉണ്ടായില്ല.

ലോ കോളേജിൽ വന്ന ഗൗരീശങ്കർ മിശ്ര എന്ന ഉത്തരേന്ത്യൻ കോൺഗ്രസ്സ് നേതാവിന്റെ പ്രസംഗം അതിമനോഹരമാം വിധം പരിഭാഷപ്പെടുത്തിയ യുവവിദ്യാർഥിയുടെ ചിത്രം അപ്പോഴും തിരുവനന്തപുരം മനസ്സിൽ മായാതെ കിടപ്പുണ്ടായിരുന്നുവല്ലോ

ഗാന്ധിജി പങ്കെടുക്കുന്ന യോഗനടപടികൾ ആരംഭിച്ചു. സ്വാഗതഭാഷണത്തിന് ശേഷം ഗാന്ധിജി പ്രസംഗിക്കുവാൻ തുടങ്ങി. അദ്ദേഹത്തിനരികിൽ പുഞ്ചിരിയുമായി സീതി എന്ന നിയമ വിദ്യാർഥിയും. ഗാന്ധിജിയുടെ സൗമ്യവും മധുരവുമായ പ്രസംഗം പരിഭാഷകൻ വിവർത്തനം ചെയ്യാൻ തുടങ്ങവെ ജനം ആഹ്ലാദത്തിൽ കയ്യടിച്ചുകൊണ്ടിരുന്നു.

പ്രസംഗത്തിനിടെ ഗാന്ധിജി കവിതാ ശകലം ഉദ്ധരിച്ചു:

"Water water every where

Nor a drop to drink''

എല്ലായിടത്തും വെള്ളമുണ്ട് എന്നാൽ കുടിക്കുവാനോ ഒരു തുള്ളി പോലുമില്ല എന്ന ഗാന്ധിജിയുടെ ആശയം അതിമനോഹരമാം വിധം കാവ്യാത്മകമായിതന്നെ സീതിസാഹിബ് പരിഭാഷപ്പെടുത്തി:

“വെള്ളം വെള്ളം സർവ്വത്ര

തുള്ളികുടിപ്പാനില്ലത്രേ!”

മാലപ്പടക്കങ്ങൾ പൊട്ടും പോലെ ജനം കയ്യടിക്കാൻ തുടങ്ങി. ആഹ്ലാദത്തിന്റെ തിരമാലകൾപോലെ സദസ്സ്. ഗന്ധിജി വിസ്മയാദരവോടെ തന്റെ പരിഭാഷകനെ നോക്കി. സദസ്സിന്റെ പ്രതികരണത്തിൽ നിന്നും തന്റെ പ്രസംഗത്തിന് അതിഗംഭീരമായ പരിഭാഷയാണ് നടന്നതെന്ന് അദ്ദേഹത്തിന് മനസ്സിലായി. പ്രസംഗം തീർന്നപ്പോൾ ഗാന്ധിജി പറഞ്ഞു, ഇനിയുള്ള എന്റെ പരിപാടികളിലെല്ലാം സീതി തന്നെ മതി പരിഭാഷകനായി. രാജ്യം പ്രത്യാശയോടെ ഉറ്റുനോക്കുന്ന ഒരു രാഷ്ട്രനേതാവിൽ നിന്നു കിട്ടിയ വാക്കുകളുടെ പുണ്യം. ഇതിലപ്പുറം അന്നത്തെ യുവാക്കൾക്ക് എന്ത് ബഹുമതിയാണ് വേറെ വേണ്ടിയിരുന്നത്. ഗാന്ധിജിയുടെ തുടർന്നുള്ള പരിപാടികളിലെല്ലാം സീതി സാഹിബ് തന്നെ പരിഭാഷകനായി. കേരളത്തിൽ മറ്റൊരു യുവ നേതാവിനും കിട്ടാത്ത സൗഭാഗ്യം. ഗാന്ധിജിയുടെ പ്രയോഗവും അതിന്റെ പരിഭാഷയും പിന്നീട് കേരളമൊട്ടാകെ പ്രചരിച്ചു.

തന്റെ പ്രസംഗ പരിഭാഷയുടെ വൈഭവം അല്ലാഹുവിന്റെ അനുഗ്രഹമാണെന്ന് സീതി സാഹിബ് പിന്നീട് പലപ്പോഴും പറഞ്ഞു. അന്ന് രാത്രിയിൽ ഉറക്കപ്പിച്ചോടെ പിതാവിന് ഇംഗ്ലീഷ് പത്രങ്ങളിലെ വാർത്തകൾ പരിഭാഷപ്പെടുത്തിക്കൊടുത്തതിന്റെ ഗുണമായിട്ടായിരുന്നു അതെന്ന് പറ

mappilaheritagelibrary.com

യാനും അദ്ദേഹം ഉത്സുകനായി. എന്ത് വായിച്ചാലും കേട്ടാലും അത് അപ്പടി അദ്ദേഹത്തിന്റെ മനസ്സിൽ കല്ലിൽകൊത്തി വെച്ചത് പോലെ. കേരളീയരുടെ പ്രബുദ്ധതയിൽ കൊടുങ്കാറ്റായി വീശിയടിക്കുവാൻ തയ്യാറെടുത്തുകൊണ്ടിരുന്ന ആ പ്രഭാഷക മാന്ത്രികനെ ശ്രവിക്കാതിരിക്കുവാൻ സർക്കാറിനും കഴിഞ്ഞില്ല.

***

വിദ്യാർത്ഥിയായിരിക്കെതന്നെ പിതാവ് സീതി മുഹമ്മദ് മകനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. വധു മറ്റാരുമായിരുന്നില്ല. സീതി മുഹമ്മതിന്റെ സഹോദരിയുടെ പുത്രി കൊച്ചു ഖദീജ. സീതി സാഹിബിന്റെ തുടർന്നുള്ള സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ നിശ്ശബ്ദ പിന്നണി ശക്തിയായിത്തീർന്നു പില്ക്കാലത്ത് അവർ.

അനാർഭാടമായിരുന്നു വിവാഹം.

സ്ത്രീധനം ചോദിച്ചില്ല, പറഞ്ഞില്ല, വാങ്ങിയില്ല, കൊടുത്തില്ല. സാധാരണത്തെപ്പോലെ തന്നെ അന്നും ഖദർ കുപ്പായവും വെള്ളത്തൊപ്പിയുമണിഞ്ഞ് പുതുമണവാളൻ നിക്കാഹിന് എത്തി. ആ ദാമ്പത്യത്തിൽ സീതി സാഹിബിന് ഒരു പുത്രനും മൂന്ന് പുത്രിമാരുമുണ്ടായി.

പിൽക്കാലത്ത് ഇൻഫർമേഷൻ ഓഫീസറായിരുന്ന കെ.എസ്. മുഹമ്മദ് ആയിരുന്നു മകൻ. പഠിക്കുന്ന കാലത്ത് അസാമാന്യമായ ബുദ്ധി വൈഭവം പ്രകടിപ്പിച്ച കെ.എസ്. മുഹമ്മദ് പരീക്ഷകളിലെ ചോദ്യങ്ങൾക്ക് ചോദ്യകർത്താവ് ഉദ്ദേശിച്ചതിനെക്കാളും ഗഹനങ്ങളായ ഉത്തരങ്ങൾ എഴുതി. പരീക്ഷകളുടെ കൃത്യസമയത്തിനുള്ളിൽ ഇതിനാൽ പലപ്പോഴും ഉത്തരങ്ങൾ മുഴുവനും എഴുതാൻ അദ്ദേഹത്തിന് കഴിയാതെ പോയതായി കെ. എസ്.മുഹമ്മദിന്റെ അധ്യാപകർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (സീതി സാഹിബ് സ്മാരക ഗ്രന്ഥം)

***

1921 ലെ മലബാർ ലഹള ഏല്പിച്ച ആഘാതത്തിൽ മലബാറിലെ മൺതരികൾപോലും വിറങ്ങലിച്ചു പോയകാലം. ശരിയായ നേതൃത്വത്തിന്റെ അഭാവത്തിൽ നിയമലംഘനം, ഖിലാഫത്ത് പോലുള്ള സമരങ്ങൾ എങ്ങിനെ സംഘർഷഭരിതമാകുമെന്നു പഠിപ്പിച്ചു. മലബാർകലാപം അതിന് തെളിവായി. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ദയനീയമായ അന്ത്യവും കൂടിയായിത്തീർന്നു പരാജയപ്പെട്ട ആ സമരം. ലഹളക്ക് ശേഷം മലബാറിലെ മുസ്ലിംകൾ അനാഥത്വത്തിന്റെ പെരുവഴിയിലേക്കാണ് എടുത്തെറിയപ്പെട്ടത്. നശിച്ചു പോയ കൃഷി, ഇല്ലാതായിപ്പോയ തൊഴിലുകൾ, കൊടും പട്ടിണി, താളും തവരയും വേവിച്ച് കുട്ടികളെ വിശപ്പടക്കിയ ഉമ്മമാർ, നാഴിയരിക്ക് വകയില്ലാതെ തെരുവാധാരമായിപ്പോയ ഒരു സമുദായം. ഉഴുതുമറിക്കേണ്ട നെൽപ്പാടങ്ങൾ കണ്ണീർപ്പാടങ്ങളായി. സ്ത്രീകളും കുട്ടികളും ഒരു നേരത്തെ ആഹാരത്തിനായി തെരുവ് തെണ്ടി. റോന്തു ചുറ്റുന്ന പട്ടാളക്കാരിൽ നിന്നും പോലീസുകാരിൽ

mappilaheritagelibrary.com

നിന്നും സ്ത്രീകൾ പീഡനങ്ങൾക്കിരയായി. അവരെ കാണാനും കേൾക്കാനും ആരും ഉണ്ടായിരുന്നില്ല. ഇതായിരുന്നു മലബാർ കലാപം കഴിഞ്ഞതിന് ശേഷമുള്ള ഏറനാടിന്റെ അവസ്ഥ. ഈ അവസരത്തിലാണ് സർക്കാറിന്റെ കൊള്ളരുതായ്മകൾക്കെതിരെ, അനീതികൾക്കെതിരെ തീയാളുന്ന അക്ഷരങ്ങളിലൂടെ സീതിസാഹിബ് കിട്ടാവുന്ന പത്രങ്ങളിലും മാസികകളിലും എഴുതാൻ തുടങ്ങിയത്. മദിരാശിയിൽ നിന്നു പ്രസിദ്ധീകരിക്കുന്ന 'ഹിന്ദു' അടക്കമുള്ള ഇംഗ്ലീഷ് പത്രങ്ങളിലും മലയാള പത്രങ്ങളിലും സീതിസാഹിബ് നിരന്തരം എഴുതുവാൻ തുടങ്ങി. തീ ചിതറും ലേഖനങ്ങളുടെ ചൂട് അധികൃതരും അനുഭവിക്കാൻ തുടങ്ങി. തുടർന്ന് മർദ്ദനങ്ങൾക്കും പ്രകോപനങ്ങൾക്കും അല്പം ശമനം ഉണ്ടായെങ്കിലും മാപ്പിളമാരുടെ ദുരിതങ്ങൾക്ക് യാതൊരു കുറവും ഉണ്ടായില്ല. ലഹളയെത്തുടർന്ന് മുസ്ലിം സഹോദരങ്ങളെ സമാശ്വസിപ്പിക്കുന്നതിന് പകരം അവരെ കുറ്റപ്പെടുത്തുവാനാണ് കോൺഗ്രസ്സ് തുനിഞ്ഞത്. തുടർന്ന് കോൺഗ്രസ്സ് പതുക്കെ പതുക്കെ ഏറനാട്ടിൽ നിന്നു പിൻവലിയാനും തുടങ്ങി. ഈ പശ്ചാത്തലത്തിലാണു 1922 മെയ് 1 ന് തലശ്ശേരിയിൽ ഖിലാഫത്ത് കമ്മിറ്റി ചേരുന്നത്. മലബാർ കലാപം കഴിഞ്ഞതിന് ശേഷമുള്ള ആദ്യത്തെ ഖിലാഫത്ത് യോഗം. ലഹളാനന്തരമുള്ള മലബാറിലെ മുസ്ലിംകളുടെ അവസ്ഥ യോഗം ചർച്ച ചെയ്തു. പ്രസിദ്ധ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന ഡോ.സയ്യിദ് മഹമൂദായിരുന്നു യോഗാധ്യക്ഷൻ. സീതിമുഹമ്മദും സീതി സാഹിബ് അടക്കമുള്ള മക്കളും യോഗത്തിൽ ആദ്യാവസാനം പങ്കെടുത്തു.

വമ്പിച്ചൊരു ജനക്കൂട്ടം സമ്മേളനത്തിൽ സംബന്ധിക്കുവാൻ എത്തിയിരുന്നു. മലബാറിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിൽ നിന്നും നിരവധി പേർ സമ്മേളനത്തിലെത്തി. ഈ യോഗവും ഇതിലെ പങ്കാളിത്തവും യോഗം ചർച്ച ചെയ്തു. മലബാർ മുസ്ലിംകളുടെ പ്രത്യേകിച്ച് ഏറനാടൻ മുസ്ലിംകളുടെ ദുരിതം സീതിസാഹിബിന്റെ ഉള്ളിൽ ചിന്തയുടെ വേലിയേറ്റം സൃഷ്ടിച്ചിരിക്കാം. ദുരിതക്കടലിൽ നിലയില്ലാതെ മുങ്ങിത്താഴുന്ന മുസ്ലിം സമുദായത്തിന്റെ ദീനരോദനമാവാം ചിലപ്പോൾ കൊച്ചി നിയമസഭാ അംഗത്വം പോലും ഉപേക്ഷിച്ച് മലബാറിൽ സ്ഥിര താമസമാക്കുവാൻ പില്ക്കാലത്ത് സീതി സാഹിബിനെ നിർബന്ധിച്ചിട്ടുണ്ടാവുക. ബ്രിട്ടീഷ് സർക്കാറിന്റെ ഉന്നതരായ ഉദ്യോഗസ്ഥർ സീതി സാഹിബിനെ നോട്ടമിട്ടുകഴിഞ്ഞിരുന്നു. ഗാന്ധിജിയുടെ പ്രസംഗപരിഭാഷയോടെ പ്രശസ്തിയുടെ കൊടുമുടിയിലെത്തിയ സീതി സാഹിബിനെ എങ്ങിനെ വശത്താക്കുമെന്നായിരുന്നു അവരുടെ ചിന്ത. ബുദ്ധിസമാർത്ഥ്യവും നേതൃഗുണവും പ്രകടമാക്കുന്ന ആ യുവാവിനെ അവർക്ക് വേണമായിരുന്നു. ഇതിനെ തുടർന്നാണ് കൊച്ചിയിലെ ദിവാനായിരുന്ന ശ്രീ വിജയരാഘവാചാരി സീതി സാഹിബിനെ കാണുവാൻ താല്പര്യപ്പെടുന്നത്. നേരിൽ കണ്ട ദിവാൻ അദ്ദേഹത്തോ

mappilaheritagelibrary.com

ടഭ്യർത്ഥിച്ചു: "സർക്കാറിന്റെ വിദ്യാഭ്യാസ വകുപ്പിൽ ഒരു ഉയർന്ന തസ്തികയിൽ താങ്കളെ നിയമിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അത് വഴി താങ്കൾക്ക് മുസ്‌ലിം സമുദായത്തെ വിദ്യാഭ്യാസ നിലവാരമുള്ളവരാക്കി മാറ്റുവാനും കഴിയുമല്ലോ". ദിവാന്റെ ക്ഷണം സ്നേഹപൂർവ്വം നിരസിച്ചുകൊണ്ട് തന്റെ സ്വതസ്സിദ്ധമായ പുഞ്ചിരിയോടെ സീതിസാഹിബ് പറഞ്ഞു: "സ്വതന്ത്രനായി നിന്ന് കൊണ്ട് എന്റെ സമുദായത്തെ സേവിക്കാനാണു ഞാൻ താല്പര്യപ്പെടുന്നത്." പൊതുരംഗത്ത് ബുദ്ധി വൈഭവവും സാമർഥ്യവും പ്രകടിപ്പിക്കുന്നവരെ നോട്ടമിടുക സർക്കാറിന്റെ ഒരു നയമായിരുന്നു. അവർക്ക് സർക്കാറിന്റെ ഉന്നതോദ്യോഗം വാഗ്ദാനം ചെയ്ത് പൊതുരംഗത്ത് നിന്നും സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിൽ നിന്നും കൗശലപൂർവ്വം അവരെ അടർത്തിയെടുക്കുക. ഇതായിരുന്നു സർക്കാർ ആ കാലത്ത് അനുവർത്തിച്ചു പോന്നിരുന്നത്.

സർക്കാറിന്റെ കെണിയിൽ ഇങ്ങിനെ വീണുപോയ ഒരു ഇരയായിരുന്നു സർ സി.പി. രാമസ്വാമി അയ്യർ. അദ്ദേഹം ഒരു കാലത്ത് ആനിബസിന്റെ ഉറ്റ അനുയായിയും ഹോം റൂൾ പ്രസ്ഥാനത്തിന്റെ മുന്നണി പ്രവർത്തകനും കോൺഗ്രസ്സ് നേതാവുമായിരുന്നു. പൊതുരംഗത്തെ അദ്ദേഹത്തിന്റെ പ്രവർത്തനവും പ്രാഗത്ഭ്യവും കണ്ടറിഞ്ഞ സർക്കാർ അദ്ദേഹത്തിന് ഭരണരംഗത്ത് ഉന്നതമായ ഒരുദ്യോഗം വാഗ്ദാനം ചെയ്തു. പിന്നീട് അദ്ദേഹത്തെ തിരുവിതാംകൂർ ദിവാനായി നിയമിച്ചു. പിൽക്കാലത്ത് സ്വതന്ത്ര്യസമര ഭടന്മാരെ ക്രൂരമായി അടിച്ചൊതുക്കുന്ന ഭരണാധികാരിയായി രാമസ്വാമി അയ്യർ മാറി.

ഇത് പോലൊരു തന്ത്രമായിരുന്നു സർക്കാർ സീതിസാഹിബിന് നേരെയും പ്രയോഗിക്കുവാൻ തുനിഞ്ഞത്.

***

1921-ലെ മലബാർ കലാപം കീഴ്മേൽ മറിച്ച മാപ്പിള സമുദായത്തിന്റെ ദൈന്യതയെക്കുറിച്ച് വേദനിച്ച ഒരു പറ്റം മുസ്‌ലിം സമുദായ സ്നേഹികൾ മലബാറിലെന്നത് പോലെ കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായിരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരുവാനും എന്ത് ചെയ്യാൻ കഴിയുമെന്നത് അവരുടെ ആലോചനാവിഷയമായി. ഇതിനായി അവർ പലദിവസങ്ങളിൽ പലയിടങ്ങളിൽ യോഗം ചേരുവാനും തുടങ്ങിയിരുന്നു. എന്നാൽ പ്രായോഗികമായ ഒരു തീരുമാനത്തിലെത്തുവാൻ അവർക്ക് കഴിഞ്ഞതുമില്ല. ഇതിനിടയിലാണ് കൊടുങ്ങല്ലൂരിൽ നിഷ്പക്ഷസംഘം എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കുന്നത്. ആ കാലത്ത് കൊടുങ്ങല്ലൂരിൽ എന്തിനും ഏതിനും പ്രമുഖ കുടുംബങ്ങൾ തമ്മിൽ വഴക്കും വക്കാണവും പതിവായിരുന്നു. കക്ഷിവഴക്ക് അവിടെ സാധാരണമായിരുന്നു. കുടുംബങ്ങൾ തമ്മിലുള്ള കുടിപ്പകയിൽ ഇരുപക്ഷത്തും പക്ഷം പിടിക്കുവാൻ ആളുകൾ കൂടിയതോടെ അത്തരം കക്ഷിവഴക്കുകൾ സമൂദാ

mappilaheritagelibrary.com

യത്തെ മൊത്തം ബാധിക്കുന്ന വിപത്തായി മാറിക്കൊണ്ടിരുന്നു. സമുദായത്തിൽ അത് അന്തഃഛിദ്രമുണ്ടാക്കി.

ഈയൊരു പശ്ചാത്തലത്തിലാണ് ഇത്തരം കക്ഷി വഴക്കുകൾക്ക് പരിഹാരം കാണുക എന്ന നിലയിൽ 'നിഷ്പക്ഷസംഘം' രൂപം കൊണ്ടത്.

1922ൽ ഏറിയാട് വെച്ച് 'നിഷ്പക്ഷസംഘം' രൂപീകൃതമായി. കോട്ടപ്പുറത്ത് സീതിമുഹമ്മദ്, മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി തുടങ്ങി പതിനൊന്ന് പേരടങ്ങുന്നതായിരുന്നു കമ്മിറ്റി. എന്നാൽ ഇതിന്റെ അണിയറയിൽ പ്രവർത്തിച്ചിരുന്നത് സീതി സാഹിബായിരുന്നു. അദ്ദേഹത്തിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നല്കിയതാകട്ടെ കെ.എം മൗലവിയും. ബ്രിട്ടീഷ് സർക്കാറിന്റെ കരങ്ങളിൽ നിന്നു രക്ഷപ്പെട്ട് കൊടുങ്ങല്ലൂരിൽ സീതി സാഹിബിന്റെ വീട്ടിൽ അഭയാർത്ഥിയായി കഴിയുകയായിരുന്നു, കെ. എം. മൗലവി. നല്ലതിനെ ഉപദേശിക്കുക, ചീത്തയെ വർജ്ജിക്കുക എന്ന ഇസ്ലാമിക പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു നിഷ്പക്ഷ സംഘത്തിന്റെ പ്രവർത്തനം. സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ഫലം കണ്ടു തുടങ്ങി. സംഘം കൊടുങ്ങല്ലൂരിൽ വളരുവാൻ തുടങ്ങി. അതിന്റെ സന്ദേശങ്ങൾ അയൽപ്രദേശങ്ങളിലേക്കും എത്തുവാൻ തുടങ്ങി. നിഷ്പക്ഷ സംഘമെന്ന് പറയുമ്പോൾ മുസ്ലിംകൾക്കിടയിൽ രണ്ട് പക്ഷമുണ്ടെന്ന ഒരു ധ്വനി ഉയരുക സ്വാഭാവികമായതിനാൽ പേരിൽ മാറ്റം വരുത്തുവാൻ കമ്മിറ്റി തീരുമാനിച്ചു. നിഷ്പക്ഷ സംഘമാണ് പിന്നീട് ഐക്യസംഘമായി മാറിയത്. പിൽക്കാലത്ത് കേരള മുസ്ലിംകളുടെ നവോത്ഥാനസംരംഭങ്ങളുടെ പ്രകാശ ഗോപുരമായി പരിലസിച്ചു ഐക്യസംഘം. കേരളത്തിൽ ഇന്ന് കാണുന്ന മുസ്ലിം നവോത്ഥാനത്തിന് ജന്മം നൽകി എന്നതാണു ഐക്യസംഘത്തിന്റെ ചരിത്രപ്രാധാന്യം. ആ സാംസ്കാരിക മുന്നേറ്റങ്ങളുടെ ചലനങ്ങൾ മലബാറിൽ എത്തുവാനും ഏറെക്കാലം വേണ്ടി വന്നില്ല. ഐക്യസംഘം പ്രസരിപ്പിച്ച വെളിച്ചത്തിൽ നിന്നു പ്രചോദനവും ഊർജ്ജവും സ്വകരിച്ചാണ് കേരളത്തിലെ മതസാംസ്കാരിക സംഘടനകൾ മുന്നോട്ടുള്ള പ്രയാണ വീഥി കണ്ടെത്തിയത്.

mappilaheritagelibrary.com

ഏഴ്
കൊച്ചി നിയമസഭയിൽ എതിരില്ലാതെ

പ്രസന്നകാഴ്ചകളുടെ സുരഭിലകാലമാണ് യൗവ്വനം. സ്വപ്നങ്ങൾക്ക് ചിറക് വെക്കും കാലം. ഏതൊരു യുവാവിനെ സംബന്ധിച്ചിടത്തോളവും ഭാസുരമായ ഭാവി കരുപ്പിടിപ്പിക്കുന്നതിനെക്കുറിച്ചായിരിക്കും ചിന്ത.

ലോ കോളേജ് വിദ്യാർഥിയായിരിക്കെത്തന്നെ സീതി സാഹിബിന്റെ ലോകം മറ്റൊന്നായിരുന്നു. ഈ കാലത്താണ് അദ്ദേഹം ഹമദാനി തങ്ങൾക്കൊപ്പവും കെ.എം മൗലവിക്കൊപ്പവും ഇ.കെ മൗലവിക്കൊപ്പവും വക്കം അബ്ദുൽ ഖാദർ മൗലവിക്കൊപ്പവും സമുദായോദ്ധാരണ പ്രവർത്തനങ്ങളിൽ മുഴുകാൻ തുടങ്ങിയത്. സമുദായത്തിന്റെ വിദ്യാഭ്യാസ വിമുഖത മാറ്റിയെടുക്കാൻ, അന്ധവിശ്വസങ്ങളും അനാചാരങ്ങളും തുടച്ചു നീക്കുവാൻ അദ്ദേഹം രാപ്പകൽ പ്രവർത്തിച്ചു.

സർക്കാറിന്റെ നീതിനിഷേധങ്ങൾക്കെതിരെയും ലേഖനങ്ങളിലൂടെ, വിമർശന കുറിപ്പുകളിലൂടെ, പോരാടി. ഉപ്പ സീതി മുഹമ്മദും എ.കെ കുഞ്ഞിമായൻ ഹാജിയും ഡയറക്ടർമാരും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് പത്രാധിപരുമായ 'അൽ അമീനിൽ' ഈ കാലത്താണ് സീതിസാഹിബിന്റെ ലേഖനങ്ങൾ നിരന്തരമായി പ്രത്യക്ഷപ്പെടാൻ തുടങ്ങിയത്. ഇതിനിടെ ചങ്ങനാശ്ശേരിയിൽ ഒരു സർവ്വമത സമ്മേളനം സംഘടിപ്പിക്കപ്പെട്ടു. എസ് എൻ ഡി പി യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രസ്തുത സമ്മേളനത്തിൽ കെ. എൽ ഗൗബയും പ്രസംഗകനായി ക്ഷണിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുവാനുള്ള അവസരം വന്ന് ചേർന്നത് സീതി സാഹിബിനായിരുന്നു. ഗൗബയ്ക്ക് തന്റെ പ്രസംഗം പരിഭാഷയ്ക്ക് വേണ്ടി ഇടയ്ക്ക് വെച്ച് മുറിക്കുന്നത് ഇഷ്ടവുമായിരുന്നില്ല. സീതിസാഹിബിന് അതിൽ വിമ്മിഷ്ടവും ഉണ്ടായില്ല. ഗൗബ ഇംഗ്ലീഷിലുള്ള തന്റെ പ്രസംഗം തീർക്കുവാൻ ഒന്നേകാൽ മണിക്കൂർ എടുത്തു. അത് വരെ സ്റ്റേജിൽ ഗൗബയുടെ പ്രസംഗം കേട്ടിരുന്ന സീതിസാഹിബ് ഗൗബയുടെ പ്രസംഗത്തിന് ശേഷം പരിഭാഷപ്പെടുത്താൻ തുടങ്ങി. ഗൗബ ഒന്നേകാൽ മണിക്കൂർ എടുത്ത് നടത്തി

mappilaheritagelibrary.com

യ പ്രസംഗം ഒരു മണിക്കൂർ കൊണ്ട് തീർത്തു. ഒരക്ഷരം വിടാതെ വ ള്ളി പുള്ളി വ്യത്യാസമില്ലാതെ പ്രസംഗത്തിന്റെ പരിഭാഷ പൂർത്തിയാ ക്കിയ സീതിസാഹിബിനെ ഗൗബ വിസ്മയ ഹൃദയത്തോടെയാണ് കെ ട്ടിപ്പുണർന്നത്. സദസ്സ് മുഴുവനും ഒരു മായികാനുഭവത്തിൽ എന്നത്പോ ലെ.

ഗൗബയുടെ പ്രസംഗവും സീതി സാഹിബിന്റെ പരിഭാഷയും കേട്ടു കൊണ്ടിരുന്ന സഹോദരൻ അയ്യപ്പൻ അത്ഭുതാഹ്ലാളാദത്തോടെ പറഞ്ഞു: "ഇത്രയും മനോഹരവും പ്രൗഢവുമായ ഒരു പരിഭാഷ ഞാനിത് വരെ കേട്ടിട്ടില്ല."

***

മലബാർ കലാപം കെട്ടടങ്ങിയിരുന്നുവെങ്കിലും അതിന്റെ കനലുകൾ അവശേഷിപ്പിച്ച ദുരിതങ്ങൾ സഹിച്ചു നാളുകൾ പോക്കുന്നതിനിടെയാ ണ് അശനിപാതം പോലെ ഒരു മഹാപ്രളയം വന്ന് മലബാറിനെ മൂടുന്ന ത്. 1924 ലെ ആ വെള്ളപൊക്കം ജിവന്റെ അവസാന കണികയെപ്പോ ലും മുക്കികൊല്ലും വിധമായിരുന്നു. 1924 ജൂലൈ 15ന് തുടങ്ങിയ മഴ സം ഹാരരൂപിണിയായി മലബാറിലും കേരളത്തിലൊട്ടാകെയും താണ്ഡവ മാടി. ഒരാഴ്ചയോളം തുള്ളിക്കൊരുകുടമായി പെയ്ത മഴയിൽ തോടും പാടവും ഇല്ലാതായി. വീടുകളുടെ മേൽക്കൂരകൾ ജലനിരപ്പിൽ കാണ പ്പെട്ടു. എവിടെ നോക്കിയാലും കണ്ണത്താദൂരത്തോളം വെള്ളത്തിന്റെ മ ഹാപ്രവാഹം. ഗ്രാമങ്ങളും പട്ടണങ്ങളും വെള്ളത്തിൽ മുങ്ങി. രോഗങ്ങൾ പടർന്നു. കൊടും പട്ടിണിയാൽ മലബാറും പ്രത്യേകിച്ച് ഏറനാടും വിശ ന്നു പൊരിഞ്ഞു. പെരുങ്കാറ്റിന്റെ ഹുങ്കാരവും മഴയുടെ അലർച്ചയുമല്ലാ തെ മറ്റൊന്നും ഇല്ലാത്ത രാപ്പകലുകൾ. ദുരന്തത്തിന്റെ തിരമാലകൾ മല ബാറിൽ ആർത്തിരമ്പി. തിന്നാനില്ലാതെ എങ്ങോട്ടെങ്കിലും പോയി രക്ഷ പ്പെടാൻ വഴികളില്ലാതെ ജനം വലഞ്ഞു. മലബാർ അതിനു മുമ്പോ ശേ ഷമോ അത്രയും വലിയൊരു പ്രളയത്തിന് ഇരയായിട്ടില്ല. ജീവിതാസ ക്തിതന്നെ നശിച്ചു പോയ ജനതക്ക് ആശയും ധൈര്യവും പകർന്ന് കൊ ണ്ട് സീതിസാഹിബിന്റെ പിതാവ് സീതി മുഹമ്മദും സീതിസാഹിബും സഹപ്രവർത്തകരും ദുരുതമനുഭവിക്കുന്നവരെ സഹായിക്കാനായി രം ഗത്തിറങ്ങി. സീതിസാഹിബിന്റെ വീട് നമ്പൂതിരി മഠം അഭയാർത്ഥി മന്ദി രമായി. കരപറ്റാൻ കഴിയാത്തവരെ ബോട്ടിലും തോണിയിലും ചെന്ന് ആശ്വസിപ്പിച്ചു. അവർക്ക് അരിയും മറ്റു ആഹാര സാധനങ്ങളും സീതി മുഹമ്മദിന്റെ സ്വന്തം ചെലവിൽ വിതരണം ചെയ്തു. രോഗികൾക്ക് മരു ന്നെത്തിച്ചു. സീതിമുഹമ്മദിന്റെ ഉടമസ്ഥതയിലുള്ള ബോട്ടുകൾ ആശ്വാസ പ്രവർത്തനങ്ങളുമായി നിരന്തരം സഞ്ചരിച്ചു. കണ്ണീർ പൂക്കൾ അർപ്പിച്ചു കൊണ്ടാണ് ആ സമുദായസ്നേഹിയോട് ദുരിതമനുഭവിച്ചവർ നന്ദിചൊ രിഞ്ഞത്. ഒരു കുടുംബം അവരുടെ ധനവും സമയവും ദുരിതമനുഭവി ക്കുന്നവർക്കായി ചെലവഴിക്കുകയായിരുന്നു. ലോ കോളേജ് പഠനത്തി

mappilaheritagelibrary.com

നിടെയായിരുന്നു ഇത്തരം പ്രവർത്തനങ്ങളിൽ സീതിസാഹിബ് വ്യാപൃതനായത്.

1925ൽ തിരുവന്തപുരം ലോ കോളേജിൽ നിന്നു നിയമബിരുദമെടുത്ത സീതി സാഹിബ് മദിരാശിയിലെ അഭിഭാഷക പ്രമുഖനും പിന്നീട് മദിരാശി ഹൈക്കോടതി ജഡ്ജിയുമായിരുന്ന സർ സി.വി. അനന്തകൃഷ്ണയ്യരുടെ കീഴിൽ മദിരാശിയിൽ അപ്രന്റിസായി ചേർന്നു. സിവിൽ ക്രിമിനൽ നിയമങ്ങളിൽ അയ്യരുടെ ശിക്ഷണത്തിൽ അദ്ദേഹം പെട്ടെന്ന് തന്നെ അവഗാഹം നേടി. അയ്യരുടെ കളരിയിൽ നിന്നു പരിശീലനം പൂർത്തിയാക്കിയ സീതി സാഹിബ് മദിരാശി ഹൈക്കോടതിയിൽ തന്നെ എൻറോൾ ചെയ്തു. തുടർന്ന് കൊച്ചി കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ആരംഭിച്ചു. നീണ്ട അഞ്ചു വർഷം അദ്ദേഹം കൊച്ചിയിൽ അഭിഭാഷകനായി തിളങ്ങി. ന്യായവും സത്യസന്ധവുമായ കേസുകൾ സീതി സാഹിബിനെ തേടിച്ചെന്നു. പതുക്കെ പതുക്കെ കൊച്ചിയിലെ തിരക്കുള്ള അഭിഭാഷകരുടെ ശ്രേണിയിലേക്ക് സീതി സാഹിബ് എന്ന യുവ അഭിഭാഷകൻ ഉയരുകയുണ്ടായി. പ്രധാന കേസുകൾ വാദിക്കുവാനായി തിരുവിതാംകൂർ ഹൈക്കോടതിയിലും അദ്ദേഹം പ്രാക്ടീസ് ചെയ്തു.

അതുല്യമായ ഭാഷാസ്വാധീനം, മനോഹരമായ അവതരണ ശൈലി സ്നേഹവും ആദരവും തുളുമ്പുന്ന മുഖം, സത്യസന്ധമായ ഇടപെടൽ, ഇതെല്ലാം സീതിസാഹിബിനെ തിരക്കുള്ള വക്കീലെന്നതിനപ്പുറം പൊതു രംഗത്തെ ശ്രദ്ധേയനുമാക്കി. സഹപ്രവർത്തകരുടേയും ജഡ്ജിമാരുടേയും സ്നേഹ വാത്സല്യങ്ങൾ അദ്ദേഹത്തിന് നിർലോഭം ലഭിച്ചു കൊണ്ടിരുന്നു. കേസുകളിലെ ലോ പോയിന്റ് കണ്ടു പിടിക്കുന്നതിൽ അദ്ദേഹം അസാമാന്യ ബുദ്ധി സാമർത്ഥ്യം പ്രകടിപ്പിച്ചു. ഇതിനൊപ്പം തന്നെ തന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും അദ്ദേഹം നിരതനായി. കൊച്ചിയിലെ അറിയപ്പെടുന്ന സാമൂഹ്യ സാമുദായിക പ്രവർത്തകനായി മാറുവാൻ അദ്ദേഹത്തിന് ഏറെനാൾ വേണ്ടിവന്നില്ല.

ഹൃദയഹാരിയായ പുഞ്ചിരി, വിനീതമായ പെരുമാറ്റം, ആരെയും ബഹുമാനിക്കുന്ന പ്രകൃതം. അതിനൊപ്പം പ്രഗത്ഭമതിത്വവും നേതൃഗുണവും സ്വർണ്ണത്തിന് സുഗന്ധം പോലെ. അതായിരുന്നു കൊച്ചിയിലെ യുവ അഭിഭാഷകനായ സീതി വക്കീൽ. 1925 ൽ ആണ് കൊച്ചിയിൽ ഇദം പ്രഥമമായി ഒരു നിയമസഭ രൂപീകരിക്കുന്നത്. ഇതിനകം തന്നെ കൊച്ചിയിലെ രാഷ്ട്രീയ ലോകത്ത് സീതി വക്കീൽ സുപരിചിതനായിക്കഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂർ മണ്ഡലത്തിൽനിന്നും കൊച്ചി നിയമസഭയിലേക്ക് മത്സരിക്കുവാൻ കെ.എം സീതി എന്ന യുവ അഭിഭാഷകനെയാണ് ജനത കണ്ടെത്തിയത്. അദ്ദേഹത്തിന് എതിരായി ആരും നോമിനേഷൻ കൊടുത്തില്ല. കന്നിയങ്കത്തിൽ തന്നെ എതിരില്ലാതെയാണ് സീതി സാഹിബ് കൊച്ചി നിയമനിർമ്മാണ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

മൂന്ന് വർഷത്തിന് ശേഷം 1928 ൽ വീണ്ടും കൊച്ചി നിയമസഭയിലേ

mappilaheritagelibrary.com

ക്ക് തെരഞ്ഞെടുപ്പ് വന്നു. ഈ പ്രാവശ്യവും ജനം തെരഞ്ഞെടുത്തത് സീതി സാഹിബിനെ തന്നെയായിരുന്നു. ഈ പ്രാവശ്യവും അദ്ദേഹത്തിനെതിരെ മത്സരിക്കുവാൻ ആരും രംഗത്ത് വന്നില്ല. സർവ്വസമ്മതമായി കൊച്ചി നിയമസഭയിലേക്ക് രണ്ട് പ്രാവശ്യം അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഒരു പൊതു പ്രവർത്തകന് ജനം നൽകുന്ന ഏറ്റവും വലിയ ആദരവ്. ദേശീയ പ്രസ്ഥാനത്തിന്റെ സമുന്നത നേതാവായി ഇതിനകം കൊച്ചിയിൽ അദ്ദേഹം അറിയപ്പെട്ടു കഴിഞ്ഞിരുന്നു. കൊച്ചിയിൽ നിന്നുള്ള എ.ഐ.സി.സി അംഗമായി സീതി സാഹിബ് തെരഞ്ഞെടുക്കപ്പെട്ടു. മറ്റൊരു അംഗമായി എ.ബി സേലം എന്ന നേതാവിനെയും തെരഞ്ഞെടുത്തു. 1927-ലെ എ.ഐ.സി.സി സമ്മേളനം മദിരാശിയിൽ വെച്ചായിരുന്നു നടന്നത്. എ.ഐ.സി.സിയുടെ 42-ാം വാർഷിക സമ്മേളനം. ഡിസംബർ അവസാന വാരത്തിൽ ചേർന്ന ഈ സമ്മേളനത്തിൽ ആധ്യക്ഷം വഹിച്ചത് കോൺഗ്രസ്സിന്റെ സമുന്നത നേതാവായിരുന്ന ഡോ. എം. എ അൻസാരിയായിരുന്നു. ഇതിനിടെ സീതിസാഹിബ് മൗലാനാ മുഹമ്മദലിയെക്കുറിച്ചു അപൂർണ്ണമായൊരു ജീവചരിത്രം എഴുതിയിരുന്നു. ഇന്ത്യൻ രാഷ്ട്രീയ രംഗത്ത് സീതി സാഹിബിനെ ഏറെ സ്വാധീനിച്ച നേതാവായിരുന്നു മൗലാനാ മുഹമ്മദലി. തന്റെ കളിക്കൂട്ടുകാരനും ബന്ധുവുമായ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ കൂടെയാണ് സീതിസാഹബ് മദിരാശി എ.ഐ.സി.സിയിൽ പങ്കെടുത്തത്.

യോഗാനന്തരം സീതി സാഹിബ് മൗലാനാ മുഹമ്മദലി, മൗലാനാ അബുൽ കലാം ആസാദ്, ഡോ. അൻസാരി എന്നിവരുമായി പരിചയപ്പെട്ടു. അവരുമായുള്ള ഒരാത്മ ബന്ധത്തിന്റെ തുടക്കം അവിടെ കുറിക്കുകയായിരുന്നു. താങ്കളുടെ ജീവചരിത്രകാരനാണു സീതി എന്ന നിലയിലാണു സീതി സാഹിബിനെ മൗലാനാ മുഹമ്മദലിക്ക് പരിചയപ്പെടുത്തിയത്.

സീതി എന്ന യുവ അഭിഭാഷകനെ സ്നേഹപൂർവ്വം തലോടിക്കൊണ്ട് മൗലാനാ മുഹമ്മദലി ചോദിച്ചു, ഒരാളുടെ മരണശേഷമല്ലേ അയാളുടെ ജീവചരിത്രമെഴുതുക.

ഈ ചോദ്യത്തിന് ഉത്തരമെഴുതി പിൽക്കാലത്ത് സീതി സാഹിബ്. മൗലാനയുടെ മരണശേഷം അദ്ദേഹത്തിന്റെ പൂർണ്ണവും വിശദവുമായ ചരിത്രമെഴുതി അദ്ദേഹം. സാഹിത്യ പ്രവർത്തക സംഹകരണ സംഘം (എൻ.ബി.എസ്) ഗ്രന്ഥം പ്രസിദ്ധീകരിച്ചു.

ശരീഅത്ത് നിയമമായിരുന്നു പോതുവെ ഇന്ത്യൻ മുസ്ലിംകൾ സ്വീകരിച്ചു പോന്നിരുന്നത്. എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമായ ഒരു പിൻതുടർച്ചാ സമ്പ്രദായമായിരുന്നു കേരളത്തിലെ ചില പ്രദേശങ്ങളിൽ മുസ്ലിംകളും തമിഴ് നാട്ടിലെ ലബ്ബമാരും ഗുജറാത്തിലെ കച്ചിമേമൻമാരും പഞ്ചാബികളും സ്വീകരിച്ചു പോന്നിരുന്നത്.

കൊച്ചിനിയമസഭാ അംഗമായിരിക്കെ 'മുസ്ലിം പിന്തുടർച്ചാവകാശ

mappilaheritagelibrary.com

ആക്ട്' എന്ന പേരിൽ സീതിസാഹിബ് ഒരു ബില്ല് അവതരിപ്പിച്ചു. മരുമക്കത്തായികളുടെ സ്വയാർജ്ജിത സ്വത്തുകൾക്ക് ശരീ അത്ത് പ്രകാരമുള്ള പിന്തുടർച്ചാവകാശം കിട്ടാനായി മദിരാശി നിയമസഭയിൽ 1918 ലെ മാപ്പിള പിൻതുടർച്ചാ ആക്ടിലെ മാതൃകയിലുള്ളതായിരുന്നു പ്രസ്തുത ബില്ല്. കൊച്ചിയിലെ ആക്ട് കൊച്ചി സംസ്ഥാനത്തിലെ കച്ചിമേമന്മാർക്ക് ഹിന്ദു നിയമത്തിന് പകരം ബാധകമാക്കണമെന്നായിരുന്നു സീതി സാഹിബ് അവതരിപ്പിച്ച ബില്ലിന്റെ കാതൽ. ഈ ബില്ല് 1108 ലെ മുസ്ലിം പിന്തുടർച്ചാ ആക്ട് എന്ന പേരിൽ നിയമമാകുകയും ചെയ്തു.

പിൻതുടർച്ചാ കാര്യങ്ങളിൽ ശരീഅത്ത് നിയമം ബാധകമാക്കി കൊണ്ടുള്ള മറ്റൊരു നിയമം ബ്രിട്ടീഷ് ഇന്ത്യയിൽ വരുന്നത് 1938 ൽ മാത്രമാണ്. അതിനും പതിനൊന്ന് വർഷം മുമ്പ് സീതിസാഹിബ് എന്ന യുവ അഭിഭാഷകൻ ഇത്തരമൊരു ബില്ല് കൊച്ചി നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കിയെടുത്തു.

തീർത്തും ഇസ്ലാം വരുദ്ധമായ മരുമക്കത്തായ സമ്പ്രദായം വിസ്മൃതിയിലാണിന്ന്. പകരം ശരീഅത്ത് നിയമം കൊണ്ടുവന്നതിന്റെ പ്രധാന ശിൽപി സീതിസാഹിബ് എന്ന സമുദായ പരിഷ്കർത്താവായിരുന്നു.

ഇതിനെ തുടർന്ന് കൊച്ചി നിയമസഭയിലെ സമുദായ പ്രാതിനിധ്യ വ്യവസ്ഥ പരിഷ്കരിക്കുവാൻ വേണ്ടി നിയമിക്കപ്പെട്ട ഒമ്പതംഗകമ്മിറ്റിയിലേക്ക് സീതിസാഹിബിനെ സർക്കാർ ഉൾപ്പെടുത്തി. കൊച്ചി നിയമസഭയിലെ രണ്ടാമൂഴത്തിൽ ഇതുവഴി സമുദായ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്ന നിയനിർമാണത്തിൽ പങ്കാളിയാകാനും മരുമക്കത്തായ സമ്പ്രദായം നിയമം വഴി അവസാനിപ്പിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു.

1927 ൽ കൊച്ചിയിൽ നിയമസഭാ അംഗമായും അഭിഭാഷകനായും തിരക്കിട്ട് പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെയാണ് രോഗബാധിതനായ പിതാവിനെ ശുശ്രൂഷിക്കുവാൻ സീതി സാഹിബ് സമയം കണ്ടെത്തിയതും. ഹജ്ജ് കഴിഞ്ഞ് മടങ്ങി എത്തിയ സീതി മുഹമ്മദ് അവശനായിരുന്നു. വൈകാതെ അദ്ദേഹം രോഗബാധിതനാവുകയും ചെയ്തു. ഒരാഴ്ച്ചയോളം സ്വവസതിയായ നമ്പൂതിരി മഠത്തിൽ രോഗശയ്യയിൽ കിടന്നു. അഴീക്കോട്ടെ ചികിത്സകൊണ്ട് ഫലം കാണാതെ വന്നപ്പോൾ സീതി സാഹിബ് പിതാവിനെ കൊച്ചിയിലെ തന്റെ വീട്ടിലേക്ക് കൊണ്ടുവരികയായിരുന്നു. ആ കാലത്ത് കിട്ടാവുന്ന മികച്ച ചികിത്സ പിതാവിന് നൽകി. എന്നാൽ വിധി മറ്റൊന്നായിരുന്നു. അമ്പത്തിയഞ്ചാം വയസ്സിൽ സമുദായ സ്നേഹിയും സാമൂഹ്യ പരിഷ്കർത്താവുമായ, സമൂഹത്തിന്റെ പൊതു നന്മക്കു വേണ്ടി ധനം നിർലോഭം ചെലവഴിച്ച സീതി മുഹമ്മദ് മരണത്തിന് കീഴടങ്ങി. 1929-ൽ മിഥുനമാസം നാലിന് രാവിലെ എട്ട് മണിക്കായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

അഴീക്കോട്ടെ ജനങ്ങളെ മാത്രമല്ല കേരളത്തെയൊട്ടാകെ അദ്ദേഹ

mappilaheritagelibrary.com

ത്തിന്റെ വിയോഗം ദുഃഖത്തിലാഴ്ത്തി. കൊച്ചി, തിരുവിതാംകൂർ, കോഴിക്കോട്, മദിരാശി എന്നിവിടങ്ങളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ് മലയാളം പത്രങ്ങൾ വമ്പിച്ച പ്രാധാന്യത്തോടെയാണ് സീതി മുഹമ്മദിന്റെ ചരമവാർത്ത പ്രസിദ്ധീകരിച്ചത്. പല പത്രങ്ങളും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചും സാമൂഹിക സാംസ്കാരിക സാമുദായിക രംഗങ്ങളിൽ അർപ്പിച്ച സേവനങ്ങളെക്കുറിച്ചും മുഖപ്രസംഗങ്ങൾ എഴുതി. എറണാകുളത്ത് നിന്നും മയ്യിത്ത് ബോട്ട് മാർഗമാണ് അഴീക്കോട്ട് കൊണ്ട് വന്നത്. കൊച്ചി മുതൽ അഴീക്കോട് വരെ നദിയുടെ ഇരുകരകളിലും വമ്പിച്ച പുരുഷാരം തടിച്ചു കൂടി. ജാതി മതഭേദമെന്യേ എല്ലാവരെയും കയ്യയച്ച് സഹായിച്ച ആ മനുഷ്യ സ്നേഹിക്ക് അന്ത്യാഞ്ജലി അർപ്പിക്കുവാൻ എത്തിയതായിരുന്നു അവർ.

കേരളത്തിലെ പല പള്ളികളിലും മയ്യിത്ത് നമസ്കാരങ്ങൾ നടന്നു. മഗ്ഫിറത്തിന് വേണ്ടിയുള്ള പ്രാർത്ഥനകളും നടന്നു.

***

രണ്ട് മഹത്തായ സമരങ്ങളുടെ ദയനീയ പരാജയത്തെ തുടർന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമര ഭൂമിതീർത്തും നിർജ്ജീവമായി. നിസ്സംഗരായ ജനത. അവരിൽ സ്വാതന്ത്ര്യമെന്ന പ്രതീക്ഷയുടെ നാളം മങ്ങിത്തുടങ്ങിയിരുന്നു. നിസ്സഹകരണ സമരത്തിന്റേയും ഖിലാഫത്തിന്റെയും പരാജയങ്ങൾ ജനങ്ങളെ നിരാശരാക്കിയിരുന്നു. സ്വാതന്ത്ര്യം ഇതാ വിളിപ്പാടകലെ എന്ന് തോന്നിപ്പിച്ചു ഖിലാഫത്ത് നിസ്സഹകരണ സമരങ്ങളുടെ ഒന്നിച്ചുള്ള മുന്നേറ്റങ്ങൾ. ബ്രിട്ടീഷുകാർ മലബാറിൽ നിന്നും ഇന്ത്യയിൽ നിന്ന് തന്നെയും കെട്ടുകെട്ടുകയാണെന്ന് തോന്നിപ്പിച്ചു 1921-ലെ മലബാർ കലാപം. എല്ലാ ക്ഷണികമായിരുന്നു. ഒരു സ്വപ്നം പോലെ. ഇരുപതു മാസം നീണ്ടുനിന്ന ഇന്ത്യൻ ജനതയുടെ സഹന സമരം ബ്രിട്ടീഷ്കാർ തീർത്ത ചോരപ്പുഴയിൽ മുങ്ങിമരിക്കുകയായിരുന്നു.

സ്വാതന്ത്ര്യത്തിന്റെ പൊൻപുലരി കിനാവ് കണ്ട ഇന്ത്യൻ ജനത അന്ധകാര നിബിഡവും അനിശ്ചിതവും ഭീതിദവുമായ ഒരു ഭാവിയിലേക്കാണ് തള്ളപ്പെട്ടത്.

ചൗരിചൗരയിൽ നടന്ന പോലീസ് സ്റ്റേഷൻ ആക്രമണത്തെ തുടർന്നാണു ഗാന്ധിജി നിയമലംഘനസമരം പിൻവലിച്ചത്. തീർത്തും സിസ്സംഗവും ജഡിലവുമായ ഒരവസ്ഥയിലേക്കാണ് 1921 ന് ശേഷം ഇന്ത്യൻ സ്വാതന്ത്ര്യ സമരവും പ്രത്യേകിച്ച് മലബാറിലെ സമരവും കൂപ്പ് കുത്തിയത്. ഏറനാട്ടിലെ മാപ്പിളമാർ അക്ഷരാർത്ഥത്തിൽ തന്നെ ഒറ്റപ്പെട്ടവരായി. അവരുടെ സ്ത്രീകളെയും പുരുഷന്മാരേയും അന്തമാൻ കാടുകളിലേക്ക് നാടു കടത്തിയിരുന്നു. അവിടെ അവർ നരഭോജികളുടേയും മൃഗങ്ങളുടേയും ഇരയായി. പലരും പട്ടിണികൊണ്ടും കഠിനമായ രോഗത്താലും ആരോരുമറിയാതെ മരിച്ചു വീണു. മലബാർ കലാപത്തിന് ശേഷം നീണ്ട അഞ്ച് വർഷം ഇന്ത്യയിൽ മൊത്തം തന്നെ നിഷ്ക്രിയതയുടെ

mappilaheritagelibrary.com

വർഷങ്ങളായിരുന്നു. നേതാക്കളാകട്ടെ, ആശാഭംഗത്തിന്റെ മൗന മുദ്രി തങ്ങളായ ആൾ രൂപങ്ങൾപോലെ. ഖിലാഫത്ത് സമരത്തിന്റെ അന്ത്യം കോൺ-ലീഗ് ബന്ധത്തിന്റെ അകൽച്ചയിലേക്കാണു എത്തിച്ചത്. അതു വരെ ഇരുപാർട്ടികളും ഒരു മെയ്യായിട്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇ രു പാർട്ടികളും ഒരേ പന്തലിൽ വച്ചായിരുന്നു അവരവരുടെ വാർഷിക സമ്മേളനങ്ങൾ കൂടിയിരുന്നത്. സമരങ്ങളുടെ പരാജയം പരസ്പരം പ ഴിചാരുന്നതിലേക്കും വഴക്കിലേക്കും എത്തിച്ചു.

1921 ഡിസംബറിൽ ഹസ്രത്ത് മോഹാനിയുടെ അധ്യക്ഷതയിൽ ചേർ ന്ന മുസ്‌ലിം ലീഗ് വാർഷിക സമ്മേളനം മേലിൽ കോൺഗ്രസ്സ് മുസ്ലീം ലീഗ് സമ്മേളനങ്ങൾ ഒരേ പന്തലിൽ വേണ്ടെന്ന് തീരുമാനിച്ചു. തുടർ ന്നുള്ള ഏഴ് വർഷങ്ങൾ അകൽച്ചയുടേതായിരുന്നു. എന്നാൽ ഈ കാല യളവിൽ കോൺഗ്രസ്സിൽ വർഗ്ഗീയവാദികൾ പിടിമുറുക്കുകയായിരുന്നു. സമരങ്ങളുടെ പരാജയങ്ങളെത്തുടർന്ന് നേതാക്കളും അണികളും തീർ ത്തും നിഷ്പ്രഭരായി. അവരെ തട്ടിയുണർത്താൻ ഒടുവിൽ ബ്രിട്ടീഷ് സർ ക്കാർ തന്നെ വേണ്ടി വന്നു. അത് അവരറിയാതെ ചെയ്തതായിരുന്നു വെങ്കിലും സൈമൺ കമ്മീഷൻ എന്ന വെടിപൊട്ടിക്കലിലൂടെയായിരു ന്നു ബ്രിട്ടീഷ് സർക്കാർ ഉറങ്ങിക്കിടക്കുകയായിരുന്ന ഇന്ത്യൻ സ്വതന്ത്ര്യ സമരത്തെ വീണ്ടും പ്രവർത്തനോന്മുഖമാക്കിയത്. ഇന്ത്യയുടെ പൂർണ്ണ മായ സ്വയംഭരണാവകാശമാണ് തങ്ങളുടെ പ്രധാന ആവശ്യമെന്ന് ചൂ ണ്ടിക്കാണിച്ച് ഒരു ദേശീയ മെമ്മോറാണ്ടം കേന്ദ്രനിയമസഭയിലെ കക്ഷി കളെല്ലാം ഒപ്പിട്ട് ബ്രിട്ടീഷ് സർക്കാറിന് നൽകിയിരുന്നു. ഈ ആവശ്യ ത്തെ മറികടക്കുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു സർക്കാർ സൈ മൺ കമ്മീഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ഇന്ത്യ യിൽ അപ്പോൾ നിലവിലുണ്ടായിരുന്ന മൊണ്ടേഗു ചെംസ്ഫോർഡ് ഭര ണപരിഷ്കാരം എത്രത്തോളം വിജയകരമാണെന്നും ഇന്ത്യക്കാർ സ്വ യംഭരണത്തിന് പ്രാപ്തരാണോ എന്നും പരിശോധിക്കാനായിരുന്നു സൈ മൺ കമ്മീഷനെ സർക്കാർ നിയമിച്ചത്. ഇന്ത്യൻ ജനതയുടെ ദേശീയാ വശ്യത്തിന് നേരെയുള്ള ബ്രിട്ടന്റെ സൈമൺ കമ്മീഷൻ പ്രഖ്യാപനം ഇന്ത്യക്കാർക്ക് നേരെയുള്ള അവഹേളനമായാണ് ഇന്ത്യൻ നേതാക്കൾ കണ്ടത്. ബ്രിട്ടീഷ് സർക്കാറിന്റെ ഈ ധാർഷ്ട്യത്തിന് നേരെ പതഞ്ഞു പൊങ്ങുന്ന രോഷവുമായി വീണ്ടും സ്വതന്ത്ര്യ സമരഭടന്മാർ രംഗത്തിറ ങ്ങി. നീണ്ട അഞ്ച് വർഷത്തെ സുഷുപ്തി വിട്ട് വീണ്ടുമവർ അടർക്കള ത്തിലേക്ക്.

ഖിലാഫത്ത്- നിയമലംഘന സമരപരാജയങ്ങൾ കണ്ട് മറന്ന ഒരു സ്വപ്നം പോലെ മറക്കാൻ അവർ പഠിച്ചു. പോർക്കളത്തിന്റെ പ്രലോഭന വും സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ദാഹവും വീണ്ടുമവരെ സമരസ ജ്ജരാക്കി. സർക്കാറിന്റെ സൈമൺ കമ്മീഷൻ പ്രഖ്യാപനംകൊണ്ട് കി ട്ടിയ ഒരു ഗുണമായി ഇത്. ഒരർത്ഥത്തിൽ ബ്രിട്ടീഷ് സർക്കാർ ചെയ്തത്

mappilaheritagelibrary.com

നല്ലൊരു കാര്യമാണ്. കാരണം സ്വാതന്ത്ര്യസമരമെന്ന ജീവിതദൗത്യം തന്നെ വിസ്മരിച്ച് തുടങ്ങിയ ഇന്ത്യൻജനതയെ വീണ്ടും കർമ്മനിരതരാക്കിയത് സർക്കാറിന്റെ സൈമൺ കമ്മീഷൻ പ്രഖ്യാപനമായിരുന്നുവല്ലോ. വീണ്ടും ഇന്ത്യൻ ജനത ഒറ്റക്കെട്ടായി. സൈമൺ കമ്മീഷൻ എന്ന ബ്രിട്ടന്റെ ധിക്കാരത്തെ ചോദ്യം ചെയ്യാൻ അവർ ഒരേ ശരീരമായി ഒരേ മനസ്സായി. ഒരൊറ്റ ജനതയായി. സൈമൺ കമ്മീഷനിലെ അംഗങ്ങളായ എഴ് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ ആദ്യത്തെ സിറ്റിങ്ങിനായി 1927 നവംബർ ആദ്യ വാരത്തിൽ വരുന്നതായി വൈസ്രോയ് ഇർവിൻ പ്രഭു വിളംബരം പുറപ്പെടുവിച്ചു.

അടുത്തമാസം ഡിസംബറിൽ ഡോ. എം.എ അൻസാരിയുടെ അധ്യക്ഷതയിൽ മദിരാശിയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുവാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. ഈ സമ്മേളനത്തിലാണ് സീതി സാഹിബും അബ്ദു റഹിമാൻ സാഹിബും പങ്കെടുത്തത്. അതേ പന്തലിൽ തന്നെ മാളവ്യയുടെ അധ്യക്ഷതയിൽ ചേർന്ന ഹിന്ദു മഹാസമ്മേളനവും സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു. കൽക്കത്തയിൽ മൗലവി മുഹമ്മദ് യാക്കൂബിന്റെ അധ്യക്ഷതയിൽ ചേർന്ന അഖിലേന്ത്യ മുസ്ലിം ലീഗ് സമ്മേളനവും സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുവാൻ മുസ്ലിംകളോടഭ്യർത്ഥിച്ചു. ഡോ. ആനിബസന്റിന്റെ നേതൃത്വത്തിൽ മദിരാശിയിൽ നടന്ന ഹോം റൂൾ സമ്മേളനവും ഇതേ ആവശ്യം ഉന്നയിച്ചു. കേന്ദ്രനിയമസഭാ അംഗങ്ങൾ തൊട്ട് നഗരസഭാംഗങ്ങൾ വരെ ബഹിഷ്ക്കരണാഹ്വാനവുമായി രംഗത്തിറങ്ങി. ഇന്ത്യൻ സ്വാതന്ത്ര്യസമര ഭൂമി വീണ്ടും തപിക്കുകയായി. ഈ നേരത്താണ് ഇർവിൻ പ്രഭു വൈസ്രോയിയായി രംഗ പ്രവേശനം ചെയ്യുന്നത്. എതിർപ്പുകൾ വകവെക്കാതെ സൈമൺ കമ്മീഷൻ എന്ന ദുർഭൂതത്തെയും കയ്യിലേന്തിക്കൊണ്ടായിരുന്നു വൈസ്രോയിയുടെ വരവ്. കൂടുതൽ ജനാധിപത്യാവകാശങ്ങൾക്ക് വേണ്ടി ശബ്ദമുർത്തിയതിന് ബ്രിട്ടീഷ് സർക്കാർ നൽകിയ ഉത്തരമായിരുന്നു സൈമൺ കമ്മീഷൻ. കമ്മീഷന്റെ ഘടനയെപ്പറ്റിയോ അന്വേഷണ വിഷയത്തെപ്പറ്റിയോ സർക്കാർ ഇന്ത്യൻ നേതാക്കളുമായി ആലോചിച്ചിരുന്നില്ല. എല്ലാം ഏകപക്ഷീയമായിരുന്നു. ഭരണഘടനാ വിദഗ്ധനായ ജോൺ സൈമണിന് പുറമെ ആറ് അംഗങ്ങളാണ് കമ്മീഷനിൽ ഉണ്ടായിരുന്നത്. പില്ക്കാലത്ത് ബ്രിട്ടന്റെ പ്രധാനമന്ത്രിയായിത്തീർന്ന ക്ലമന്റ് ആറ്റ്ലിയും കമ്മീഷൻ അംഗമായിരുന്നു. കമ്മീഷന്റെ ചെവല് മുഴുവൻ ഇന്ത്യക്കാരുടെ നികുതിപ്പണത്തിൽ നിന്നു ഈടാക്കണമെന്ന് വൈസ്രോയ് ഇർവിൻ പ്രഭു ഉത്തരവ് പുറപ്പെടുവിച്ചു.

ഇന്ത്യക്കാരുടെ സ്വയംഭരണാർഹത പരിശോധിക്കാൻ ഇന്ത്യക്കാരല്ലാത്ത, ഇന്ത്യക്കാർക്ക് താല്പര്യമില്ലാത്ത, ഒരു കമ്മീഷനെ ഇന്ത്യക്കാരുടെ തലക്ക് മീതെ കെട്ടിവെക്കുക, മാത്രമല്ല അതിന്റെ ചെലവു ഇന്ത്യക്കാർ

mappilaheritagelibrary.com

വഹിക്കണമെന്ന പുച്ഛവും ധിക്കാരവും കലർന്ന ഉത്തരവു കൂടിയാണ് സർക്കാർ ജനതക്ക് മേൽ അടിച്ചേൽപ്പിച്ചത്.

സർ അബ്ദുൽ ഖാദറിന്റ അധ്യക്ഷതയിൽ ചേർന്ന സർവ്വേന്ത്യാ മുസ്‌ലിം ലീഗ് സമ്മേളനം സൈമൺ കമ്മീഷൻ എന്ന വിപത്തിനെക്കുറിച്ച് ജനങ്ങൾക്ക് മുന്നറയിപ്പ് നൽകി. മുസ്‌ലിം ലീഗ് സൈമൺ കമ്മീഷൻ ബഹിഷ്കരിക്കുവാൻ തീരുമാനിച്ചു.

എന്നാൽ പഞ്ചാബിൽ നിന്നുള്ള മുസ്‌ലിം ലീഗ് നേതാവായ സർ മിയാൻ മുഹമ്മദ് ഷാഫി നേതൃത്വത്തിന്റെ തീരുമാനം അംഗീകരിക്കുവാൻ തയ്യാറായില്ല. സൈമൺ കമ്മീഷനെ സ്വീകരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. മുഹമ്മദലി ജിന്ന ഒട്ടും കാത്ത് നിന്നില്ല. ഷാഫിയേയും അദ്ദേഹത്തോടൊപ്പം നില്ക്കുന്നവരേയും പുറത്താക്കി. പഞ്ചാബിലെ മുസ്‌ലിം ലീഗ് ഘടകത്തെ പിരിച്ചു വിടുകയും ചെയ്തു. മുഹമ്മദ് ഷാഫിയാകട്ടെ പുതുയൊരു പാർട്ടിയുണ്ടാക്കി. എന്നാൽ ഏറെനാൾ ആ പാർട്ടിക്ക് പിടിച്ച് നിൽക്കുവാൻ കഴിഞ്ഞില്ല. കാലാന്തരത്തിൽ ഷാഫി ലീഗ് വിസ്മൃതിയിലാണ്ട് പോവുകയും ചെയ്തു. 1929-ൽ മിയാൻ മുഹമ്മദ് ഷാഫി തെറ്റ് തിരുത്തി വീണ്ടും മുസ്‌ലിം ലീഗിൽ ചേർന്നു. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവരും മുസ്‌ലിം ലീഗിൽ ചേർന്നു.

സൈമൺ കമ്മീഷൻ ഇന്ത്യയിൽ പ്രവേശിക്കുന്ന ദിവസം കരിദിനമായി ആചരിക്കുവാൻ സർവ്വകക്ഷി യോഗം ഏകകണ്ഠേന തീരുമാനിച്ചു. തൊഴിൽ ശാലകളും കച്ചവടസ്ഥാപനങ്ങളും ആപ്പീസുകളും കോടതികളും ബഹിഷ്കരിക്കുവാനും ഹർത്താലാചരിക്കുവാനും വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ ആഹ്വാനം ചെയ്തു. ഈ തീരുമാനത്തെ കോൺഗ്രസ്, മുസ്ലിം ലീഗ്, ലിബറൽ ഫെഡറേഷൻ, ജസ്റ്റിസ് കക്ഷി മതലായ എല്ലാ രാഷ്ട്രീയ സംഘടനകളും മഹാത്മാഗന്ധി, പണ്ഡിറ്റ് മാളവ്യ, മോത്തിലാൽ നെഹ്റു, ലജ്പത് റായി, മുഹമുദാബാദ് മഹാരാജാവ്, ആനിബസന്റ്, മൗലാനാ അബുൽ കലാം ആസാദ്, സർ ശിവസ്വാമി അയ്യർ മുതലായ നേതാക്കളും സർവ്വാത്മനാ പിൻതാങ്ങി.

മലബാറും ഈ സമരത്തിന്റെ മുൻനിരയിൽ തന്നെ നിലയുറപ്പിച്ചു. 1921 ന് ശേഷം വീണ്ടും മലബാറും കേരളവും സ്വാതന്ത്ര്യസമരത്തിന്റെ ജ്വാലാമുഖത്തേക്ക് വരികയായി. കഴിഞ്ഞുപോയ ദുരന്തങ്ങൾ മറക്കുവാനും രാജ്യത്തിന് വേണ്ടി സമരം ചെയ്യുവാനും അവർ വീണ്ടും ഉത്സുകരായി. ഏറനാടിന്റെ തളരാത്ത ആത്മവീര്യം വീണ്ടും പിടഞ്ഞുണർന്നു. ഈ സന്ദർഭത്തിലാണ് 1928- ൽ തലശ്ശേരിയിൽ ഐക്യസംഘത്തിന്റെ വാർഷിക സമ്മേളനം നടക്കുന്നത്. സമ്മേളനത്തിൽ പങ്കെടുക്കുവാനും ആധ്യക്ഷ്യം വഹിക്കുവാനുമായി ബ്രിട്ടീഷ് പൗരനും പ്രമുഖ ഇസ്‌ലാമിക പണ്ഡിതനുമായ മാർമഡ്യൂക്ക് പിക്ത്താളായിരുന്നു എത്തിയിരുന്നത്. പിക്ത്താളിനെ ഈ സമ്മേളനത്തിൽ അനുഗമിച്ചത് കൊച്ചി നിയമ സഭാംഗമായ സീതി സാഹിബും. അങ്ങിനെ സീതി സാഹിബ് ഒരിക്കൽ

mappilaheritagelibrary.com

കൂടി തലശ്ശേരിയിലെത്തി. ഇത് അദ്ദേഹത്തിന്റെ മുന്നാമത്തെ സന്ദർശനമായിരുന്നു. നേരത്തെ രണ്ട് പ്രാവശ്യം തലശ്ശേരിയിൽ വന്ന സീതി സാഹിബിന്റെ പ്രസംഗം കേട്ട അനുഭവം തലശ്ശേരിക്കാർക്ക് ഉണ്ടായിരുന്നു. മധുരമനോഹരമായ ആ ശബ്ദത്തിന്റെ ഉടമയിൽ നിന്നു ഒരിക്കൽ കൂടി ഒരു പ്രസംഗം കേൾക്കാനുള്ള അതിയായ കൊതികൊണ്ടാണെന്ന് പറയാം സമ്മേളന നഗരി വമ്പിച്ച ജനക്കൂട്ടമായി മാറിക്കഴിഞ്ഞിരുന്നു. മാർമഡ്യൂക്ക് പിക്ത്താളിനെ കഴിഞ്ഞാൽ സമ്മേളന നഗരിയിലെ ഏറ്റവും വലിയ ആകർഷണം സീതി സാഹിബായിരുന്നു. 1920 മുതൽ സീതി സാഹിബിനെ കേട്ടറിഞ്ഞും കണ്ടറിഞ്ഞും വായിച്ചറിഞ്ഞും തലശ്ശേരിക്കാർ അദ്ദേഹത്തെ അവരിൽ ഒരാളായി കരുതിപ്പോരുകയായിരുന്നുവല്ലോ. അതിഗംഭീരമായ സമ്മേളനമായിരുന്നു അന്നത്തെ ഐക്യ സംഘവാർഷിക യോഗം.

സൈമൺ കമ്മീഷനെതിരായ പ്രചാരണ കൊടുങ്കാറ്റ് കേരളത്തിന്റെ ഒരറ്റത്ത് നിന്നും മറ്റേ അറ്റം വരെ ആഞ്ഞടിച്ചു. 1928 ജനുവരി 22ന് കോഴിക്കോട് ടൗൺഹാളിൽ സൈമൺ കമ്മീഷൻ ബഹിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാനും ജനങ്ങളെ ബോധവാന്മാരാക്കുവാനുമായി യോഗം ചേർന്നു. കോഴിക്കോട് മുൻസിപ്പൽ വൈസ് ചെയർമാൻ എം. നാരായണൻ മേനോനായിരുന്നു യോഗാധ്യക്ഷൻ. ഇതിനകം മലബാറിലെ കോൺഗ്രസ്സ് പ്രവർത്തനത്തിന്റെ മുന്നണിയിൽ നിന്ന് പ്രവർത്തിച്ചിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് യോഗത്തിൽ പ്രസംഗിച്ചു.

കെ. മാധവൻ നായരുടെ അധ്യക്ഷതയിൽ ജനുവരി 29 ന് ചേർന്ന പൗരസമിതി യോഗം സൈമൺ കമ്മീഷൻ ബോംബെയിൽ ഇറങ്ങുന്ന ദിവസം പരിപൂർണ്ണ ഹർത്താൽ ആചരിക്കുവാൻ തീരുമാനിച്ചു. 1928 ഫെബ്രുവരി 13 ആ കറുത്ത ദിവസമായി. സർ ജോൺ സൈമൺന്റെ നേതൃത്വത്തിലുള്ള ഏഴംഗസംഘം ബോംബെയിലെ അലക്സാൻഡ്രാഡോക്കിൽ കപ്പലിറങ്ങി. കോരിച്ചൊരിയുന്ന മഴയിലേക്കാണ് സൈമൺ കമ്മീഷൻ കാലെടുത്ത് വെച്ചത്. പേമാരിയുടെ ശബ്ദത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് അതിലുമുച്ചത്തിൽ അവിടെ മുദ്രാവാക്യങ്ങളുടെ പേമാരി പെയ്യാൻ തുടങ്ങി. "ഗോ ബേക്ക്, സൈമൺ കമ്മീഷൻ ഗോ ഗോ ബേക്ക്." സമാധാനപരമായി മുദ്രാവാക്യം മുഴക്കുകയായിരുന്ന സ്വാതന്ത്ര്യ സമര പ്രവർത്തകരെ പ്രകോപിതരാക്കുവാൻ ഇവിടെയും പോലീസ് അടവുകൾ പുറത്തെടുത്തു. ശാന്തരായി മുദ്രാവാക്യം മുഴക്കുകയായിരുന്ന സമരഭടന്മാർക്കിടയിലേക്ക് പോലീസ് ഇടിച്ചു കയറി. എന്നാൽ സമരസഖാക്കൾ സംയമനം പാലിച്ചുതന്നെ നിന്നു. അതിനാൽ പോലീസിന്റെ അടവുകൾ പരാജയപ്പെട്ടു. എന്നാൽ മദിരാശിയിൽ ഇതായിരുന്നില്ല അവസ്ഥ.

അവിടെ ഹർത്താലാചരിക്കുകയായിരുന്നവർക്ക് നേരെ പോലീസ് നിഷ്ക്കരുണം നിറയൊഴിച്ചു. മൂന്ന് പേർ സംഭവസ്ഥലത്ത് തന്നെ മരിച്ചു

mappilaheritagelibrary.com

വീണു. കൽക്കത്തയിൽ പോലീസ് വിദ്യാർഥികൾക്ക് നേരെ ക്രൂരമായ മർദനമാണ് അഴിച്ച് വിട്ടത്. ഡൽഹിയിലും പോലീസ് അക്രമം അഴിച്ചു വിട്ടു.

രാജ്യമൊട്ടാകെ സൈമൺ കമ്മീഷന് നേരെ പ്രതിഷേധം ആളിക്കത്തുകയായി. അലയടിക്കുന്ന പ്രതിഷേധ തിരമാലകൾകണ്ട് ബ്രിട്ടീഷ് സർക്കാർ പകച്ചു. സമരം അടിച്ചമർത്താൻ തന്നെ തീരുമാനിച്ചു.

ലാഹോറിൽ സമാധാനപരമായി ജാഥനയിക്കുകയായിരുന്ന ലാലാ ലജ്പത്റായിയെ പോലീസ് നിരത്തിൽ ഇട്ട് അതിക്രൂരമായി മർദ്ദിച്ചു. മർദ്ദനത്തിന്റെ രൂക്ഷതയിൽ ആ വന്ദ്യവയോധികൻ ബോധരഹിതനായി വീണു. പഞ്ചാബ് കേസരിയായി അറിയപ്പെട്ടിരുന്ന വൃദ്ധനായ റായിയുടെ നെഞ്ചിൽ പോലീസ് ബൂട്ടിട്ട് ചവിട്ടി. ബോധരഹിതനായ ആ പടുവൃദ്ധനെ അവർ പിന്നെയും പിന്നെയും പ്രഹരിച്ചു കൊണ്ടിരുന്നു. മൃതപ്രായനായിത്തീർന്ന ലാലാലജ്പത്റായി പിന്നീട് ഏറെനാൾ ജീവിച്ചില്ല. ലഖ്നൗവിൽ കുതിരപ്പടയാളികളായിരുന്നു ഹർത്താലനുകൂലികളെ നേരിട്ടത്.

ജവഹർലാൽ നെഹ്റുവും ഗോവിന്ദ്വല്ലഭ്പന്തും മർദനത്തിനിരയായി. നാല് ദിവസം തുടർച്ചയായി ഇന്ത്യയിലെ തെരുവീഥികളിൽ പോലീസ് നരനായാട്ട് നടത്തി. വീടുകളിൽ വാതിലടച്ചു പേടിച്ച് കഴിഞ്ഞവരെ വാതിൽ ചവിട്ടിത്തുറന്ന് മർദ്ദിച്ചു. മലബാറിന്റെ തെരുവീഥികളിലും സൈമൺ കമ്മീഷനെതിരെയുള്ള പ്രതിഷേധജാഥകൾ സംഘടിപ്പിച്ച് ജനങ്ങൾ ഹർത്താലിൽ പങ്കെടുത്തു. ഉദ്യോഗസ്ഥരും കച്ചവടക്കാരും വിദ്യാർഥികളും യുവജനങ്ങളും പ്രതിഷേധ പ്രകടനങ്ങളിൽ പങ്കാളികളായി. കേരള ജനത ഒറ്റക്കെട്ടായി മുദ്രാവാക്യം വിളിച്ചു. "സൈമൺ കമ്മീഷൻ മടങ്ങിപ്പോവുക, ഗോ ബേക്ക് സൈമൺ കമ്മീഷൻ". 1928 ഫെബ്രുവരി 22ന് മദിരാശിയിലെത്തിയ സൈമൺ കമ്മീഷൻ മലബാറിലേക്ക് വരാൻ ഉദ്ദേശിച്ചുവെങ്കിലും എന്തോ വന്നില്ല. അവർ തിരിച്ചു പോയെങ്കിലും ഇത് സംബന്ധിച്ച് മുസ്ലിംകൾക്കിടയിലുണ്ടായ അഭിപ്രായ വ്യത്യാസങ്ങൾ വലിയ പ്രയാസങ്ങൾ തന്നെ സൃഷ്ടിച്ചു. മുസ്ലിം ലീഗിന് ആ പേര് നൽകിയ മിയാൻ മുഹമ്മദ് ഷാഫി തന്നെ വിമതശബ്ദം പുറപ്പെടുവിച്ചത് കല്ലുകടിയായി. ഇത് മനസ്സിലാക്കിക്കൊണ്ടാവണം ഇന്ത്യക്കാർക്കിടയിൽ ഇപ്പോഴും ഭിന്നത നിലനില്ക്കുന്നുവെന്ന സൂചനയാണു ഇന്ത്യയിലെ ബ്രിട്ടീഷ് അധികാരികൾ ലണ്ടനിൽ അറിയിച്ചത്.

ലോകത്തുള്ള എല്ലാ സമ്മേളനങ്ങളും വിളിച്ചു കൂട്ടിയാലും ഇന്ത്യക്കാരുടെ ഇടയിൽ ഐക്യം സ്ഥാപിക്കുവാൻ കഴിയില്ല എന്ന് ഒരു വെല്ലുവിളിയുടെ സ്വരത്തിൽ ബ്രിട്ടനിൽ ഇന്ത്യാ സെക്രട്ടറി ബിർക്കൻ ഹെഡ് പ്രഖ്യാപിച്ചത് ഈയൊരു പശ്ചാതലത്തിലായിരുന്നു. 1928 ആദ്യത്തിൽ ഈ വെല്ലുവിളി ലോർഡ് ബിർക്കൻ ഹെഡ് ഇന്ത്യക്കാരുടെ മുന്നിലും ആവർത്തിച്ചു. അത് ഇപ്രകാരമായിരുന്നു; നശീകരണാത്മകമായ വിമർ

mappilaheritagelibrary.com

ശനങ്ങൾ മാറ്റിവച്ച് എല്ലാകക്ഷികളും യോജിച്ചു കൊണ്ടുള്ള ഒരു ഭരണ ഘടനാപദ്ധതി തയ്യാറാക്കാൻ ഇന്ത്യക്കാർക്ക് കഴിയുമോ? ആ വെല്ലുവിളി ഇന്ത്യൻ നേതാക്കളുടെ നെഞ്ചിലേക്കാണു കൊണ്ടത്.

***

ബ്രിട്ടീഷ് സർക്കാർ കൊണ്ടു വരുന്ന പദ്ധതികളെല്ലാം ഇന്ത്യക്കാർ നിരാകരിച്ചു കൊണ്ടിരിക്കുന്ന ഒരവസ്ഥയിൽ ഇനി ഇന്ത്യക്കാരുടെ ഭാവി തീരുമാനിക്കാൻ ഇന്ത്യക്കാർ തന്നെ ഒരു യോജിച്ച പദ്ധതി കൊണ്ടുവരട്ടെ എന്നായിരുന്നു ബിർക്കർ ഹെഡിന്റെ വെല്ലുവിളി. ഈ വെല്ലുവിളി സ്വീകരിക്കുവാൻ തന്നെ ഇന്ത്യയിലെ വ്യത്യസ്ത സംഘടനകളുടെ സംയുക്ത യോഗം തീരുമാനിച്ചു. 1928 മെയ് 19-ാം തിയ്യതി ബോംബെയിൽ മുപ്പത്തിഅഞ്ച് സംഘടനകളുടെ അഖിലകക്ഷി സമ്മേളനം ചേർന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ മദിരാശി സമ്മേളനത്തിൽ വെച്ചായിരുന്നു ഇത്തരമൊരു സമ്മേളനം വിളിച്ചു കൂട്ടണമെന്ന തീരുമാനമുണ്ടായത്. ഈ ആഹ്വാനമനുസരിച്ചാണ് അഖിലകക്ഷി പ്രതിനിധികൾ 1928 ഫെബ്രുവരിയിൽ ഡൽഹിയിൽ സമ്മേളിച്ചത്. ഇവിടെ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 1928 മെയ് 19ന് ബോംബെയിൽ സർവകക്ഷി പ്രതിനിധി യോഗം ചേർന്നത്.

ആ സമ്മേളനം ഇന്ത്യയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഭരണ പരിഷ്ക്കാരങ്ങൾ നിർദേശിക്കുവാൻ പണ്ഡിറ്റ് മോത്തിലാൽ നെഹ്റു അധ്യക്ഷനായ ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തി. ഇതാണ് പിന്നീട് നെഹ്റു കമ്മിറ്റി എന്ന പേരിൽ അറിയപ്പെട്ടത്.

പിടിച്ചതിനേക്കാളും വലുത് മാളത്തിൽ എന്ന് പറഞ്ഞത് പോലെയായി പുറത്ത് വന്ന നെഹ്റുകമ്മിറ്റി റിപ്പോർട്ട്. എറെ വിവാദങ്ങൾക്കും കോൺഗ്രസ്സിൽ നിന്നുള്ള മുസ്ലിം നേതാക്കളുടെ കൂട്ടത്തോടെയുള്ള ഒഴിഞ്ഞു പോക്കിനും ഒരു വേള പാക്കിസ്ഥാൻ വാദത്തിന് തന്നെയും കാരണമായിത്തീർന്നത് നെഹ്റു കമ്മിറ്റി റിപ്പോർട്ടായിരുന്നു.

മോത്തിലാൽ നെഹ്റുവിന് പുറമെ എം.എസ് ആനെസർ അലിഇമാം, ശുഐബ് ഖുറൈഷി, നേതാജി സുഭാഷ് ചന്ദ്രബോസ്, ജയ്കർ, ജോഷി പർദാർ, സർദാർ മംഗൾ സിംഗ് എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ. പലകാരണങ്ങളാൽ കമ്മിറ്റിയിലെ മുസ്ലിം മെമ്പർമാർ കമ്മിറ്റിയിൽ നിന്നും വിട്ട് നിന്നു. 1928 ആഗസ്റ്റിൽ കൽക്കത്തയിൽ ചേർന്ന അഖിലകക്ഷി സമ്മേളനത്തിൽ മോത്തിലാൽ നെഹ്റു തന്റെ കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചു.

ഇന്ത്യൻ സ്വാതന്ത്ര്യസമര ഭൂമിയിൽ അമിട്ട് പൊട്ടിത്തെറിച്ച പ്രതീതിയാണു പ്രസ്തുത റിപ്പോർട്ട് ഉളവാക്കിയത്. എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ നെഹ്റു റിപ്പോർട്ട് കുത്തി നോവിച്ചു. സ്വതവെ മൃദു ഹിന്ദുത്വം സ്വീകരിച്ചു പോന്ന കോൺഗ്രസ്സിനകത്ത് റിപ്പോർട്ട് വമ്പിച്ച കോലാഹലങ്ങൾക്കാണ് വഴി വെച്ചത്.

mappilaheritagelibrary.com

ഇന്ത്യയിൽ പുകഞ്ഞുകൊണ്ടിരിക്കുന്ന സാമുദായിക പ്രശ്നങ്ങൾക്ക് ഒരു പരിഹാരവും പ്രസ്തുത റിപ്പോർട്ടിൽ ഉണ്ടായിരുന്നില്ല. കേന്ദ്രനിയമനിർമാണ സഭകളിലേക്ക് സമ്മിശ്ര നിയോജക മണ്ഡല വ്യവസ്ഥയാണു നെഹ്റു റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നത്. മുസ്ലിംകൾ ന്യൂനപക്ഷമായ സംസ്ഥാനങ്ങളിൽ കേന്ദ്ര സംസ്ഥാന നിയമസഭകളിലേക്ക് സംവരണം ഏർപ്പെടുത്തി. വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനത്ത് ആ അനുകൂല്യം ഹിന്ദുക്കൾക്കും നൽകി.

ഇതിനുപുറമെ ന്യൂനപക്ഷ സമുദായാംഗങ്ങൾക്ക് പൊതു സീറ്റുകളിലും മത്സരിക്കാം. എന്നാൽ മുസ്ലിം ഭൂരിപക്ഷ സംസ്ഥാനങ്ങളായ പഞ്ചാബ്, ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഈ ആനുകൂല്യം മുസ്ലിംകൾക്ക് നിഷേധിക്കപ്പെട്ടു.

ഇതിന്റെ ഭവിഷ്യത്ത് കാലാന്തരത്തിൽ മുസ്ലിം സംഘശക്തി നശിച്ചുപോവുക എന്നതായിരിക്കുമെന്ന് മുസ്ലിം നോതാക്കൾ മനസ്സിലാക്കി. പ്രത്യേകിച്ച് ബംഗാളിലും പഞ്ചാബിലും എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരുന്നില്ല എന്ന വസ്തുത കൂടി ഇവിടെ കണക്കിലെടുക്കണം. ഭൂനികുതി, തൊഴിൽ നികുതി, ആദായ നികുതി എന്നിവ കൊടുക്കുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ.

ഇതാകട്ടെ മുസ്ലിംകൾ ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിൽപ്പോലും അവരുടെ വോട്ടവകാശം ഇരുപത്തിരണ്ട് ശതമാനത്തിനും താഴെ മാത്രമായി ചുരുക്കുകയും ചെയ്തിരുന്നു. എങ്ങിനെ നോക്കിയാലും മുസ്ലിംകൾക്ക് വളരെ കുറച്ച് നിയമസഭാസീറ്റുകൾ മാത്രമേ ലഭിക്കുകയുള്ളൂ

ഇത്തരമൊരു സൂചനയിലേക്കാണ് നെഹ്റു കമ്മിറ്റി റിപ്പോർട്ട് ചെന്നെത്തിയത്. ഇതൊരിക്കലും ഇന്ത്യൻ മുസ്ലിംകൾക്ക് സ്വീകര്യമായ നിർദ്ദേശങ്ങൾ ആയിരുന്നില്ല. മുസ്ലിം ലീഗ് സമർപ്പിച്ച ഭേദഗതികളും ഉപക്ഷേപങ്ങളും കമ്മിറ്റി പരിഗണിച്ചു.

കേന്ദ്ര നിയമസഭയുടെ ഇരുസമിതികളിലും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽ മൂന്നിലൊരു ഭാഗം മുസ്ലിംകളായിരിക്കണം എന്നതായിരുന്നു മുസ്ലിം ലീഗ് സമർപ്പിച്ച ഭേദഗതിയിലെ പ്രധാന നിർദ്ദേശം. കേന്ദ്രത്തിലെ ഹിന്ദു ഭൂരിപക്ഷ സർക്കാറിൽ നിന്നുള്ള ഭീഷണിയെ ചെറുക്കുവാൻ മുസ്ലിം ഭൂരിപക്ഷ പ്രവശ്യകൾക്ക് സ്വയംഭരണാവകാശം നൽകുക, ഭരണഘടനയിലെ അവിശിഷ്ടാധികാരങ്ങൾ പ്രവശ്യകൾക്ക് നൽകുക മുതലായവയായിരുന്നു മുസ്ലിം ലീഗ് ഉന്നയിച്ച മറ്റുചില പ്രധാന നിർദ്ദേശങ്ങൾ. എന്നാൽ എല്ലാ നിർദ്ദേശങ്ങളും നെഹ്റു കമ്മിറ്റി തള്ളി. ഇതിന്റെ ഫലമായിട്ടാണു കോൺഗ്രസ്സിൽ നിന്നും പല മുസ്ലിം നേതാക്കളും വിട പറയാൻ ആരംഭിച്ചത്. നെഹ്റു റിപ്പോർട്ടിനെ മുഹമ്മദലി ജിന്ന കടന്നാക്രമിക്കുക തന്നെ ചെയതു. മുസ്ലിം വിരുദ്ധത വിളിച്ചു പറയുന്നതാണ് നെഹ്റു കമ്മിറ്റി റിപ്പോർട്ടെന്ന് ജിന്നാ സാഹിബ് തുറന്നടിച്ചു. നെഹ്റു കമ്മിറ്റി റിപ്പോർട്ടിന്റെ തൊലിയുരിക്കുന്നതായിരുന്നു

mappilaheritagelibrary.com

ജിന്നസാഹിബിന്റെ വാദമുഖങ്ങൾ.

1929 മാർച്ചിൽ ഡൽഹിയിൽ സമ്മേളിച്ച മുസ്‌ലിം ലീഗ് സമ്മേളന ത്തിൽ നെഹ്റു റിപ്പോർട്ടിനുള്ള തന്റെ പതിനാല് ബദൽ നിർദ്ദേശങ്ങ ളും ജിന്നാ സാഹിബ് അവതരിപ്പിച്ചു. ഈ പതിനാല് നിർദേശങ്ങളാണ് പിന്നീട് ഇന്ത്യൻ രാഷ്ട്രീയ ഭൂമികയിൽ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ ക്ക് ഇടയാക്കിയത്. സൈമൺ കമ്മീഷൻ ഇന്ത്യക്ക് പുത്രികാ രാജ്യ (ഡൊമിനിയൻ വ്യവസ്ഥ) പദവി ശുപാർശ ചെയ്തിരുന്നു. ഈ വ്യവസ്ഥ യെ നെഹ്റു കമ്മിറ്റിയും അവരുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തി.

1928 അവസാനത്തിൽ ലഖ്നോവിൽ ചേർന്ന കോൺഗ്രസ് കൺവെൻ ഷനിൽ നെഹ്റു റിപ്പോർട്ടിൽ പരാമർശിച്ച ഡൊമിനിയൻ വ്യവസ്ഥയെ മൗലാനാ മുഹമ്മദലി എതിർത്തു.

സ്വരാജ് എന്ന പ്രമേയത്തിൽ നിന്നും തീർത്തും വ്യത്യസ്തമായ ഈ നിലപാട് അപലപനീയമാണെന്ന് മൗലാനാ വാദിച്ചു. എന്നാൽ അ വിടെ കൂടിയിരുന്നവർ ആ ദേശീയ നേതാവിന്റെ അഭിപ്രായത്തെ കൂവ ലോടെയാണ് എതിരേറ്റത്.

ഹൃദയം നൊന്ത മൗലാനാ വേദനയോടെ കൺവെൻഷനിൽ നിന്നും ഇറങ്ങിപ്പോന്നു. കോൺഗ്രസ്സിൽ നിന്നുകൂടിയുള്ള ഇറങ്ങിപ്പോക്കായിരു ന്നു അതെന്ന് അപ്പോൾ ആരും നിനച്ചതേയില്ല. ഇതോടെ അലി സഹോ ദരന്മാർ കോൺഗ്രസ്സിനോട് വിടപറഞ്ഞു.

പ്രത്യേക നിയോജക മണ്ഡലം എന്നതിന് പകരം ന്യൂനപക്ഷ സം സ്ഥാനങ്ങളിൽ സംവരണം എന്ന നയത്തോട് ഒരിക്കലും യോജിക്കാനാ വുകയില്ലെന്ന് മുസ്‌ലിം നേതാക്കൾ തറപ്പിച്ച് പറഞ്ഞ് കൊണ്ടിരുന്നു.

അലി സഹോദരന്മാരുടെ കോൺഗ്രസ്സിൽ നിന്നുള്ള ഒഴിഞ്ഞു പോ ക്ക് ഇതര മുസ്‌ലിം നേതാക്കളെയും സ്വാധീനിച്ചു. അവരിൽ പലരും ഘ ട്ടം ഘട്ടമായി കോൺഗ്രസ്സിൽ നിന്നും വിട്ടൊഴിയാൻ തുടങ്ങി. ഒടുവിലെ ത്തുമ്പോഴേക്കും 143 അംഗങ്ങളുണ്ടായിരുന്ന കോൺഗ്രസ്സ് കമ്മിറ്റിയിൽ മുസ്‌ലിംകളുടെ എണ്ണം ആറിൽ ഒതുങ്ങി. ഈ ധ്രുവീകരണം മുസ്‌ലിം ഐക്യത്തിന് കാരണമായിത്തീരേണ്ടതായിരുന്നു. വിധിവൈപരീത്യമെ ന്നു പറയട്ടെ അതുണ്ടായില്ല.

കോൺഗ്രസ്സിന്റെ ന്യൂനപക്ഷവിരുദ്ധ നിലപാടുകളും അപ്രായോഗി കനിർദ്ദേശങ്ങളും ഒരു വശത്ത്, മുസ്‌ലിം സംഘടനകൾക്കിടയിലെ കിട മത്സരം മറ്റൊരു വശത്ത്. ഇതായിരുന്നു അവസ്ഥ. മനം മടുത്ത മുഹമ്മ ദലി ജിന്ന എല്ലാം ഉപേക്ഷിച്ച് ഒരിക്കൽ കൂടി ലണ്ടനിലേക്ക് പറന്നു. ത ന്റെ പഴയ ലാവണത്തിലേക്ക്. എന്നാൽ അലി സഹോദരന്മാർ അദ്ദേഹ ത്തിൽ വീണ്ടും സമ്മർദ്ദം ചെലുത്തിക്കൊണ്ടിരുന്നു. ഒടുവിൽ എല്ലാവരു ടേയും അഭ്യർത്ഥന മാനിച്ചു മുഹമ്മദലി ജിന്ന വീണ്ടും ഇന്ത്യയിലെ ത്തി.

അഖിലേന്ത്യാ തലത്തിൽ ഉണ്ടായ ഈ ഇഴപിരിയൽ കേരളത്തിലും

mappilaheritagelibrary.com

പ്രതിഫലിച്ചു. കോൺഗ്രസ്സിലെ മുസ്‌ലിം നേതാക്കൾ സ്വസമുദായത്തിൽ അവശതയും കഷ്ടപ്പാടും അനുഭവിക്കുന്നവരെ സാഹിയിക്കുവാനും അവരുടെ അഭ്യുന്നതിക്കായി പ്രവർത്തിക്കാനും ആരംഭിച്ചു. മുസ്‌ലിംകൾക്ക് വേണ്ടി ശബ്ദിക്കുവാനും അവരുടെ നേർക്കുള്ള അനീതി അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടാനും പുതിയൊരു നേതൃനിര ഉയിരെടുക്കുകയായി. അതിന്റെ മുന്നിൽ പതാകവാഹകനെപ്പോലെ തേരാളിയായി ഒരാൾ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു. കെ.എം.സീതി സാഹിബ്.

mappilaheritagelibrary.com

എട്ട്
നിലാവും മഞ്ഞും പെയ്യുന്ന നദീതീര രാത്രി

1929. ലാഹോറിലെ രവീ നദി തീരം. മഞ്ഞും നിലാവും പെയ്യുന്ന കുളിരുകോരും രാത്രി. കോൺഗ്രസ്സിന്റെ 44-ാംവാർഷിക സമ്മേളനം നദിക്കരയിൽ നടക്കുകയാണ്. ഡിസംബറിലെ അവസാന നാളുകളിലെ തണുപ്പ് പക്ഷേ സമ്മേളനത്തിൽ ചൂട് പകർന്ന് കൊണ്ടിരുന്നു. മോത്തിലാൽ നെഹ്റു പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മകൻ ജവഹർലാൽ നെഹ്റുവിന് വേണ്ടി അധ്യക്ഷ സ്ഥാനം ഒഴിഞ്ഞു കൊടുക്കുകയായിരുന്നു.

കോൺഗ്രസ്സിന്റെ പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ എ.ഐ.സി.സി സമ്മേളനം ആരംഭിക്കുകയായി. കേരളത്തിൽ നിന്നു എ.ഐ.സി.സി പ്രതിനിധിയായി പങ്കെടുത്ത ഏക മെമ്പർ കെ.എം. സീതി സാഹിബ് ആയിരുന്നു. എ.ബി സേലവും മറ്റൊരു പ്രതിനിധിയായി പങ്കെടുത്തിരുന്നു. അദ്ദേഹം കൊച്ചി സംസ്ഥാനത്തിന്റെ പ്രതിനിധി എന്ന നിലയിലാണ് പങ്കെടുത്തിരുന്നത്. കൊച്ചിയിലെ അറിയപ്പെടുന്ന കോൺഗ്രസ്സ് നേതാവും നിമയ സഭാ അംഗവുമായിരുന്നു ജൂതനായ സേലം. ജവഹർലാൽ നെഹ്റു യോഗസ്ഥലത്തേക്ക് പ്രവേശിച്ചപ്പോൾ വമ്പിച്ച കരഘോഷത്തോടെയാണ് പ്രതിനിധികൾ അദ്ദേഹത്തെ വരവേറ്റത്. അദ്ദേഹത്തിന്റെ മേൽ ആരാധകർ പുഷ്പവൃഷ്ടി നടത്തി. സ്വാതന്ത്ര്യത്തിന്റെ അർത്ഥം ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുമുള്ള പൂർണ്ണ സ്വാതന്ത്ര്യമാണെന്ന് നെഹ്റു തന്റെ അധ്യക്ഷ പ്രസംഗത്തിനിടെ ഊന്നിപറഞ്ഞത് പ്രിതിനിധികൾ ആഹ്ലാദത്തോടെയാണു സ്വീകരിച്ചത്. തുടർന്ന് ഗാന്ധിജി പൂർണ്ണ സ്വരാജ് പ്രമേയം അവതരിപ്പിച്ചു. നിയമസഭകളും സർക്കാർ രൂപീകരിച്ച കമ്മിറ്റികളും ബഹിഷ്ക്കരിക്കുവാൻ പ്രമേയം ആഹ്വാനം ചെയ്തു. സിവിൽ നിമയ ലംഘനം, നികുതി നിഷേധം തുടങ്ങിയ ശക്തമായ സമരമുറകൾ ആരംഭിക്കുവാനും യോഗം തീരുമാനിച്ചു. ദിഗന്തം പൊട്ടുമാറുച്ചത്തിലുള്ള മുദ്രാവാക്യ വിളികളാലാണ് കോൺഗ്രസ്സിന്റെ തീരുമാനങ്ങൾ പ്രതിനിധി

mappilaheritagelibrary.com

കൾ സ്വീകരിച്ചത്. മുദ്രാവാക്യങ്ങൾക്കിടയിലൂടെ ഒരാൾ പതുക്കെ വേദിയിലേക്ക് നടന്നടുക്കുന്നുണ്ടായിരുന്നു. തണുത്തുറഞ്ഞിരുന്ന നദീ തീരത്തെ സമ്മേളന നഗരിയെ ആവേശം ചൂട് പിടിപ്പിച്ചിരുന്നുവെങ്കിലും വേദിയിലേക്ക് നടന്നടുക്കുന്ന ആളെ മനസ്സിലാക്കിയ പ്രതിനിധികൾ പെട്ടെന്ന് തണുത്തത് പോലെ. മൈനസ് പൂജ്യം ഡിഗ്രി സെൽഷ്യസിലേക്ക് അവരുടെ ആവേശം താഴ്ന്നുപോയി. സമ്മേളന നഗരി തീർത്തും ഊഷരമായി. വേദിയിലെത്തിയ ആൾ ജവഹർലാൽ നെഹ്റുവിന് സമീപം ഇരുന്നു. അദ്ദേഹം നെഹ്റുവിനോട് അല്പനേരം സംസാരിച്ചു. ഇടക്കിടെ അദ്ദേഹം തന്റെ കണ്ണുകൾ ഒപ്പുന്നുണ്ടായിരുന്നു. നേത്ര രോഗത്താൽ വിവശനായിരുന്നു അദ്ദേഹം. ആഗതൻ മൗലാനാ മുഹമ്മദലി ആയിരുന്നു. മൗലാനയുടെ കൺപോളകൾ രണ്ടും ചുവന്ന് വീർത്തിരുന്നു. ഗാന്ധിജി, പണ്ഡിറ്റ് മോത്തിലാൽ നെഹ്റു, എസ്. ശ്രീനിവാസ അയ്യങ്കാർ, മൗലാനാ ആസാദ്, ഡോക്ടർ ചന്ദ്രബോസ്, സെൻ ഗുപ്ത, സത്യമൂർത്തി തുടങ്ങി അഖിലേന്ത്യാ പ്രഗൽഭരായ ഒട്ടനവധി നേതാക്കൾ വേദിയിൽ ഉപവിഷ്ടരായിരുന്നു. ആരും ഒരക്ഷരം മൗലാനാ മുഹമ്മദലിയോട് ഉരിയാടുകയോ പുഞ്ചിരിക്കുകയോ പോലുമുണ്ടായില്ല. അദ്ദേഹത്തെ ശ്രവിച്ചതായി ഭാവിക്കുക പോലും ഉണ്ടായില്ല. പണ്ട് മുഹമ്മദലിയെ കാണുന്ന മാത്രയിൽ ആവേശത്താൽ മുദ്രാവാക്യം വിളിച്ച നേതാക്കളും പ്രതിനിധികളും കൽപ്രതിമ പോലെ. നെഹ്റു റിപ്പോർട്ടിൽ മുസ്ലിം ന്യൂനപക്ഷത്തിന് മതിയായ പ്രാതിനിധ്യം ഇല്ലാത്തതിനെ റിപ്പോർട്ട് അവതരിപ്പിച്ച യോഗത്തിൽ വെച്ച്തന്നെ അതിനിശിതമായി വിമർശിച്ചതിന് കിട്ടിയ ശിക്ഷയായിരുന്നു ഈ അവഗണന. ആ പ്രസംഗത്തിന് ശേഷം കോൺഗ്രസ്സ് വൃത്തങ്ങളിൽ അദ്ദേഹം അസ്വീകാര്യനാവുകയായിരുന്നു. അന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തെ കൂവിക്കൊണ്ടാണ് സ്വീകരിച്ചതെങ്കിൽ ഇന്ന് തണുപ്പാർന്ന സ്വീകരണമാണ് നൽകിയത്. നെഹ്റു റിപ്പോർട്ടിനെ കുറിച്ചുള്ള മൗലാനയുടെ അഭിപ്രായം എന്തുമാവട്ടെ ദേശീയാംഗീകാരമുള്ള ഒരു നേതാവിനെ ഇവ്വിധം അപമാനിച്ചതിൽ കെ.എം സീതി സാഹിബ് വല്ലാതെ വേദനിച്ചു. ജവഹർലാൽ നെഹ്റു കോൺഗ്രസ്സിന്റെ പ്രസിഡണ്ടാവുന്നതിന് എത്രയോ മുമ്പ് കോൺഗ്രസ്സ് പ്രസിഡണ്ടായ ആളായിരുന്നു മൗലാന. സ്വതന്ത്ര്യസമരത്തിന് രക്തഖജിതമായ അധ്യായങ്ങൾ തന്റെ ജീവിതം കൊണ്ട് എഴുതിച്ചേർത്ത ധീരദേശാഭിമാനി. അങ്ങിനെയുള്ള ഒരു പ്രതിഭാശാലിയോട് എ.ഐ.സി.സി ഇവ്വിധം പെരുമാറിയത് സീതി സാഹിബിന്റെ നെഞ്ചിൽ ഒരു മുറിവായി. അത് അവിടെ നീറിക്കൊണ്ടിരുന്നു. എന്തൊക്കെയാണെങ്കിലും മൗലാനാ മുഹമ്മദലിയോട് കാണിച്ച അനാദരവ് ഒട്ടും ശരിയായില്ലെന്ന് തികഞ്ഞ ദേശീയവാദികൾ പോലും അവിടെ വെച്ച് തന്നെ അഭിപ്രായപ്പെടുകയുണ്ടായി.

നെഹ്റു റിപ്പോർട്ടിൽ പ്രിതിഷേധിക്കുന്ന മുസ്ലിം സമൂഹം കോൺഗ്രസ്സിന്റെ നിയമലംഘന സമരത്തോട് യോജിക്കുകയില്ലെന്ന് മൗലാനാ

mappilaheritagelibrary.com

മുഹമ്മദലി നേരത്തെ തന്നെ കോൺഗ്രസ്സ് നേതൃത്വത്തെ അറിയിച്ചിരുന്നു. അതും ഒരു കാരണമായിത്തീർന്നിരിക്കാം മൗലാനയോടുള്ള അവഗണനയ്ക്ക്.

ഒരു സമുദായമെന്ന നിലയിൽ മുസ്ലിംകൾ ലാഹോർ സമ്മേളനത്തിൽ നിന്നും വിട്ടുനിന്ന പ്രതീതിയാണ് ജനിപ്പിക്കുന്നതെന്ന് സീതി സാഹിബ് തന്റെ ഒരു ലേഖനത്തിൽ നിരീക്ഷിക്കുന്നുണ്ട്.

ഡിസംബർ മാസ തണുപ്പിൽ ലാഹോർ വിറക്കുകയായിരുന്നു. സീതി സാഹിബും സേലവും ഒരു കാൻവാസ് കൂടാരത്തിലാണ് കഴിഞ്ഞിരുന്നത്. കൊടും തണുപ്പിനെ തരണം ചെയ്യാൻ അവർ ടെന്റിൽ തീച്ചട്ടി ഉപയോഗിച്ചിരുന്നു. കനത്ത കമ്പിളി വസ്ത്രങ്ങൾ ധരിച്ചുകൊണ്ടായിരുന്നു അവർ സദാനേരവും കഴിഞ്ഞു പോന്നത്. എന്നാൽ ഇതുകൊണ്ടൊന്നും തണുപ്പിൽ നിന്നും രക്ഷപ്പെടാൻ അവർക്ക് കഴിഞ്ഞില്ല. വളരെ വൈകാതെ തന്നെ എ.ബി. സേലം പനിക്കിടക്കയിലേക്ക് വീണു. എ.ഐ.സി.സി. പ്രതിനിധികളിൽ പലരും പനിയും അതിസാരവും പിടിപ്പെട്ട് കിടപ്പിലായി. എ.ബി. സേലമാകട്ടെ സമ്മേളനത്തിൽ പങ്കെടുക്കാനാവാതെ രാവും പകലും ടെന്റിനുള്ളിൽ മൂടിപ്പുതച്ച് കിടപ്പായി. സീതി സാഹിബ് തന്റെ സഹപ്രവർത്തകന്റെ പരിചാരകനായി. ദൂരെയുള്ള കാന്റീനിൽ പോയി തിളപ്പിച്ച കുരുമുളക് വെള്ളവുമായി വന്ന് തന്റ സ്നേഹിതനെ കുടിപ്പിച്ചു. സേലത്തിന്റെ മുഷിഞ്ഞ വസ്ത്രങ്ങളും വിരിപ്പും സീതി സാഹിബ് കഴുകി. ഒരു രോഗിക്ക് വേണ്ട മുഴുവൻ പരിചരണവും സീതി സാഹിബ് ജൂതനായ തന്റെ സ്നേഹിതന് ചെയ്തു കൊടുത്തു. സീതി സാഹിബിന്റെ വാക്കും പ്രവൃത്തികളും പ്രവാചകൻ മുഹമ്മദ് നബി (സ) യെ പകർത്തുവാനുള്ള ശ്രമമായിരുന്നുവെന്ന് കെ.എം മൗലവി, എൻ. വി.അബ്ദു സലാം മൗലവി, ഇ.കെ മൗലവി എന്നിവരൊക്കെ അനുസ്മരിക്കുന്നുണ്ട്.

***

എ.ഐ.സി.സി സമ്മേളനത്തിന്റെ അലയടികൾ ലാഹോർ നഗരത്തിന് ഉത്സവഛായ പകർന്നിരുന്നു. പല ദിക്കുകളിൽ നിന്നും ആളുകൾ വന്നുകൊണ്ടിരുന്നു. അവർ സമ്മേളന നഗരിയിലും പ്രതിനിധികൾക്കരികിലും ആവേശത്തോടെ എത്തിക്കൊണ്ടിരുന്നു. ദേശീയ നേതാക്കളെ കാണുവാനും അവരോട് സംസാരിക്കുവാനുമായി ജനം മുന്നോട്ട് വന്നുകൊണ്ടിരുന്നു. പലരും പ്രതിനിധികൾ താമസിക്കുന്ന ടെന്റുകളിൽ വന്ന് കുശലാന്വേഷണം നടത്തിക്കൊണ്ടിരുന്നു.

ആ കൂട്ടത്തിൽ മൂന്ന് സ്കൂൾ വിദ്യാർഥികൾ കൊച്ചി പ്രതിനിധികൾ എന്നെഴുതിയ ടെന്റിലേക്ക് എത്തിനോക്കി അവിടെ തന്നെ നിന്നു. ലാഹോറിൽ ഫസ്റ്റ് ഫോറത്തിൽ പഠിക്കുകയായിരുന്നു ആ വിദ്യാർഥികൾ. കുട്ടികൾ അകത്തേക്ക് നോക്കുന്നത് കണ്ട് പനിക്കിടക്കയിൽ കിടന്നിരുന്ന എ.ബി സേലം സീതി സാഹിബ് കുടിപ്പിച്ചു കൊണ്ടിരുന്ന കുരുമുള

mappilaheritagelibrary.com

ക് വെള്ളം കുടിച്ചുകൊണ്ട്തന്നെ കുട്ടികളോട് ചോദിച്ചു.

"എന്താടാ നോക്കുന്നത്?"

സമ്മേളനം തുടങ്ങുവാൻ രണ്ട് മണിക്കൂർ ബാക്കിയുള്ളത് കൊണ്ട് പ്രതിനിധികളും മൂടിപ്പുതച്ച് തന്നെ കിടക്കുകയായിരുന്നു. അത് കാണാനായിരുന്നു കുട്ടികൾ പ്രതിനിധികൾ താമസിക്കുന്ന ടെന്റ് തേടിപ്പോയത്. കൊച്ചി പ്രതിനിധികൾ എന്ന ബോർഡ് കണ്ടാണ് വന്നതെന്ന് കൂട്ടത്തിൽ ഒരു വിദ്യർത്ഥി മലയാളത്തിൽ പറഞ്ഞപ്പോൾ സീതിസാഹിബിന് കൗതുകമായി. അദ്ദേഹം അവരെ വാത്സല്യത്തോടെ അകത്തേക്ക് വിളിച്ചു. പിൽക്കാലത്ത് പ്രശസ്ത സാഹിത്യകാരനായിത്തീർന്ന എം. എൻ സത്യാർത്ഥിയായിരുന്നു ആ മലയാളി വിദ്യർത്ഥി. കൂടെ ഉണ്ടായിരുന്ന കൂട്ടുകാർ അക്തറും മൻസൂദും ആയിരുന്നു. പിതാക്കന്മാരോട് സമ്മതം ചോദിച്ചാണോ വന്നതെന്ന് സീതി സാഹിബ് വിദ്യാർഥികളോട് സ്നേഹപൂർവ്വം ചോദിച്ചു. അതെ എന്നവർ പറഞ്ഞു. സീതി സാഹിബ് മൂന്നുപേരുടേയും വിശേഷങ്ങൾ ചോദിച്ചു. നല്ലവണ്ണം പഠിക്കണമെന്നും ഉയർച്ചയിലെത്തണമെന്നും ഉപദേശിച്ചു. ഒടുവിൽ സീതി സാഹിബ് സ്വയം പരിചയപ്പെടുത്തി. "ഞാൻ കെ.എം സീതി. ഇത് എന്റെ കൂട്ടുകാരൻ എം.ബി സേലം. ഞങ്ങൾ കോൺഗ്രസ്സ് സമ്മേളനത്തിന് കേരളത്തിൽ നിന്നുള്ള പ്രതിനിധികളായി വന്നതാണ്." കുട്ടികൾ ആഹ്ലാദത്തോടെയാണ് മടങ്ങിപ്പോയത്. വീട്ടിൽ ചെന്ന കുട്ടികൾ അവരവരുടെ വീടുകളിൽ ചെന്ന് സീതി സാഹിബിനെ പരിചയപ്പെട്ട വിവരം പറഞ്ഞു. സത്യാർത്ഥിയുടെ അച്ഛന് അത്ഭുതവും ആഹ്ലാദവും. അദ്ദേഹം മകന് പറഞ്ഞുകൊടുത്തു; കെ.എം സീതിസാഹിബ് കൊച്ചിയിലെ കോൺഗ്രസ്സ് നേതാവും വലിയ ധനികനുമാണ്. ഗാന്ധിജിയുടെ പ്രസംഗ പരിഭാഷയിലൂടെ ലോകപ്രശസ്തി നേടിയ ആളാണ്. മറ്റെ ആൾ ജൂതനും കോൺഗ്രസ്സ് നേതാവുമാണ്. ഇരുവരും വക്കീലന്മാരാണ്. അടുത്ത ദിവസം സത്യാർത്ഥി അച്ഛനേയും കൂട്ടിയാണ് സീതിസാഹിബിനെ കാണാൻ വന്നത്. അരമണിക്കൂറിലധികം സീതിസാഹിബ് അവരുമായി സംസാരിച്ചു. മകനെ ഇഗ്ലീഷ് പഠിപ്പിക്കുന്ന കൂട്ടത്തിൽ മലയാളം പഠിപ്പിക്കുവാൻ മറക്കരുതെന്ന് ഉത്തരേന്ത്യയിൽ കഴിയുന്ന അവരോട് സീതി സാഹിബ് പറഞ്ഞു. സത്യാർത്ഥിയുടെ അച്ഛൻ സീതിസഹിബിനേയും സേലത്തേയും വീട്ടിലേക്ക് ക്ഷണിച്ചു. സീതിസാഹിബ് വിനയപൂർവ്വം അവരോട് പറഞ്ഞു; "താങ്കൾ ബ്രിട്ടീഷ് സർക്കാറിന്റെ ഒരു ഉദ്യോഗസ്ഥനാണ്. ഞങ്ങളാകട്ടെ സ്വാതന്ത്ര്യസമരഭടന്മാരുടെ കോൺഗ്രസ് പ്രതിനിധികളുമാണ്. ഈയൊരു പരിതസ്ഥിതിയിൽ താങ്കളുടെ ക്ഷണം സ്വീകരിക്കുവാൻ ഞങ്ങൾക്ക് നിവൃത്തിയില്ല." കുലീനവും അഭിജാതവുമായ ആ മറുപടി കേട്ട് സത്യാർത്ഥിയുടെ അച്ഛൻ സന്തുഷ്ടനാവുകയായിരുന്നു. അവർ സംതൃപ്തിയോടെ തിരിച്ചു പോവുകയും ചെയ്തു. കാലം പിന്നെയും മുന്നോട്ട് പോയിക്കൊണ്ടിരുന്നു. വീർപ്പുമുട്ടിക്കുന്ന ജീവിത പ്രാരാബ്ധ

mappilaheritagelibrary.com

ങ്ങൾ ആ ലാഹോർ വിദ്യാർഥിയെ സ്വന്തം ജന്മനാട്ടിലെത്തിച്ചു. അച്ഛൻ സർവ്വീസിൽ നിന്നും പിരിഞ്ഞിരുന്നു. അദ്ദേഹം മരണപ്പെടുകയും കുടുംബം അനാഥമാവുകയും ചെയ്ത അവസ്ഥയിൽ സത്യാർത്ഥി ലാഹോർ വിടുകയായിരുന്നു. എറണാകുളത്താണ് സത്യാർത്ഥി താമസിക്കാൻ ഒരിടം കണ്ടെത്തിയത്. ലാഹോർ എ.ഐ.സി.സി സമ്മേളനം കഴിഞ്ഞിട്ട് ഇതിനകം ഇരുപത്തിയൊമ്പത് വർഷങ്ങൾ കഴിഞ്ഞിരുന്നു. എല്ലാം മായ്ക്കുന്നകാലം. താൻ വിദ്യാർഥിയായിരിക്കെ ലാഹോർ സമ്മേളനത്തിൽ പങ്കെടുക്കുകയും താനും പിതാവും പരിചയപ്പെടുകയും ചെയ്ത സീതി സാഹിബ് ഈ നഗരത്തിൽ തിരക്ക് പിടിച്ച അഭിഭാഷകനും നേതാവുമാണെന്ന വിവരം സത്യാർത്ഥി അറിഞ്ഞിരുന്നു. സീതിസാഹിബിനെ ഒന്ന് കാണാൻ, സംസാരിക്കുവാൻ ആ യുവാവ് അതിയായി ആഗ്രഹിച്ചു. ഇതിനായി പലവട്ടം സീതിസാഹിബിന്റെ വീടിന്റെ മുൻവശത്തൂടെ സത്യാർത്ഥി അങ്ങോട്ടും ഇങ്ങോട്ടും നടന്നു. വീടിന് മുമ്പിൽ സദാ ഉള്ള ആൾക്കൂട്ടവും സീതി സാഹിബ് തന്നെ ഓർത്തെടുക്കുമോ എന്ന ആശങ്കയും സത്യാർത്ഥിയെ പലവട്ടം പിന്നോട്ട് വലിച്ചു. ഒരു ദിവസം എന്തും വരട്ടെ എന്നു കരുതി സത്യാർത്ഥി സീതിസാഹിബിന്റെ വീട്ടിലേക്ക് കയറിച്ചെന്നു. സീതിസാഹിബ് രണ്ട് മൂന്ന് അതിഥികളുമായി സംഭാഷണത്തിൽ മുഴുകിയിരിക്കുകയായിരുന്നു. എങ്കിലും അദ്ദേഹം ആഗതനെ ശ്രദ്ധിച്ചു. ഹൃദ്യമായി പുഞ്ചിരിച്ചുകൊണ്ട് ഇരിക്കാൻ പറഞ്ഞു. ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് ലാഹോറിൽ പരിചയപ്പെട്ടപ്പോൾ കണ്ട അതേ പുഞ്ചിരി. അതേ പെരുമാറ്റം. അതേ സ്നേഹഭാവം. ആ യുവാവിന്റെ എല്ലാ ആശങ്കകളും പോയ് മറഞ്ഞു. തന്നെ അവഗണിച്ചേക്കുമോ എന്നായിരുന്നല്ലോ ആ പഴയ വിദ്യാർഥി ശങ്കിച്ചിരുന്നത്. അത്രയും തിരക്കുള്ള നേതാവും അഭിഭാഷകനുമായി ഈ കാലയളവിനുള്ളിൽ സീതിസാഹിബ് മാറിക്കഴിഞ്ഞിരുന്നു. അതിഥികളെ യാത്രയാക്കിയതിന് ശേഷം സീതി സാഹിബ് തന്റെ പുതിയ അതിഥിയുടെ അടുത്ത് വന്നിരുന്നു സ്നേഹത്തോടെ ചോദിച്ചു:

"ആരാണ്? എവിടെ നിന്നാണ് വരുന്നത്?" സൗമ്യവും വാത്സല്യം നിറഞ്ഞതുമായ ആ സ്വരം കേട്ട മാത്രയിൽ സത്യാർത്ഥിക്ക് പിടിച്ചു നിൽക്കാനായില്ല. അദ്ദേഹം ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റു. എന്ത് പറയണമെന്നറിയാതെ കുഴങ്ങി. വാക്കുകൾ തൊണ്ടയിൽ കുടുങ്ങിക്കിടന്നു. ഒടുവിൽ ഒരു വിധം പറഞ്ഞൊപ്പിച്ചു. "ഞാൻ....പണ്ട്...ലാഹോർ സമ്മേളനത്തിൽ..." സീതി സാഹിബിന്റെ ഓർമ്മകൾ ഇരുപത്തിയൊമ്പത് വർഷം മുമ്പുള്ള രവീ നദീ തീര കോൺഗ്രസ്സ് സമ്മേളനത്തിലേക്ക് പാഞ്ഞു. അന്നത്തെ ആ കൊച്ചു വിദ്യാർഥിയാണ് വളർന്ന് യുവാവായി തന്റെ മുന്നിൽ നിൽക്കുന്നത്. സ്നേഹനിധിയായ ഒരു പിതാവ് തന്റെ മകനെ മാറോടണക്കുന്നത് പോലെ സീതി സാഹിബ് ആ യുവാവിനെ തന്റെ നെഞ്ചോട് ചേർത്ത് പിടിച്ചു. സത്യാർത്ഥിക്ക് സഹിക്കാനായില്ല. സീതി സാ

mappilaheritagelibrary.com

ഹിബിന്റെ നെഞ്ചിൽ മുഖം ചേർത്ത് ആ യുവാവ് തേങ്ങിക്കരഞ്ഞു. സീതിസാഹിബ് ആ യുവാവിന്റെ പുറത്ത് തലോടി ആശ്വസിപ്പിച്ചു. അപ്പോഴേക്കും അവിടെയെത്തിയ ഏതാനും ചിലർ ആ കാഴ്ചകണ്ട് അത്ഭുത സ്തബ്ധരായി.

ആത്മനിയന്ത്രണം കിട്ടിയ സത്യാർത്ഥി ഇപ്പോഴത്തെ ജീവിത സാഹചര്യം സീതിസാഹിബിനോട് വിശദീകരിച്ചു. കുടുംബത്തിന്റെ അവസ്ഥയും ആ യുവാവ് സീതി സാഹിബിനെ ധരിപ്പിച്ചു. എല്ലാം ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന സീതിസാഹിബ് യുവാവിന് വേണ്ട താല്ക്കാലികാവശ്യങ്ങൾ നിവർത്തിച്ചു കൊടുത്തു. പിന്നീട് ഭാവിജീവിതം എങ്ങിനെ കരുപിടിപ്പിക്കണമെന്ന് സീതി സാഹിബ് ആ യുവാവിനെ ബോധ്യപ്പെടുത്തി. ഒട്ടും തളരാതെ നിരാശപ്പെടാതെ ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകാനുള്ള വഴികൾ ആ യുവാവിന് സീതി സാഹിബ് കാണിച്ചു കൊടുത്തു. കൂടെ താനുണ്ടാകുമെന്ന് ധൈര്യം പകർന്നു. ആ വഴികളിലൂടെ തന്നെ ആ യുവാവ് സഞ്ചരിക്കുവാൻ തുടങ്ങി. ആ യുവാവാണ് പിൽക്കാലത്ത് എം.എൻ സത്യാർത്ഥി എന്ന തൂലികാ നാമത്തിൽ പ്രശസ്ത സാഹിത്യകാരനായി വളർന്നത്. ബംഗാളിൽ നിന്നും ഹിന്ദിയിൽ നിന്നും പല അമൂല്യ ഗ്രന്ഥങ്ങളും നോവലുകളും അദ്ദേഹം മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. കേരള സാഹിത്യ അക്കാദമി അദ്ദേഹത്തെ മികച്ച വിവർത്തനത്തിനുള്ള അവാർഡ് നൽകി ആദരിച്ചു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ചൂടപ്പം പോലെ പുസ്തക ശാലകളിൽ നിന്നും വിറ്റഴിഞ്ഞു. പ്രമുഖ വാരികകളിൽ അദ്ദേഹത്തിന്റെ കൃതികൾ പ്രസിദ്ധീകരിച്ചു. കേരളം ആദരിക്കപ്പെടുന്ന സാഹിത്യകാരനായി എം.എൻ സത്യാർത്ഥി എന്ന എഴുത്തുകാരൻ മാറി. തന്റെ എല്ലാ ഉയർച്ചയുടേയും വളർച്ചയുടേയും പിന്നിലെ ശക്തി സീതിസാഹിബായിരുന്നുവെന്ന് എം.എൻ സത്യാർത്ഥി എന്ന പ്രശസ്ത എഴുത്തുകാരൻ പിന്നീട് വെളിപ്പെടുത്തി. (മാർഗ്ഗദർശകനായ മനുഷ്യസ്നേഹി- എം.എൻ സത്യാർത്ഥി. സീതിസാഹിബ് സ്മാരക ഗ്രന്ഥം)

***

1921 അവസാനിക്കുന്നതിന് മുമ്പ് ഇന്ത്യക്ക് പുത്രികാ രാജ്യ പദവി (ഡൊമിനിയൻ വ്യവസ്ഥ) നൽകുവാൻ ബ്രിട്ടീഷ് സർക്കാർ സമ്മതിക്കാത്ത പക്ഷം ഇന്ത്യയുടെ ലക്ഷ്യം പരിപൂർണ്ണ സ്വാതന്ത്ര്യമാണെന്ന് പ്രഖ്യാപിക്കുന്ന പ്രമേയം ലാഹോർ സമ്മേളനത്തിൽ അവതരിക്കപ്പെടണമെന്നായിരുന്നു വിഷയനിർണ്ണയ കമ്മിറ്റിയുടെ തീരുമാനം. ഈ തീരുമാനമനുസരിച്ച് രാത്രി പന്ത്രണ്ട് മണിവരെ വൈസ്രോയിയുടെ അറിയിപ്പ് പ്രതീക്ഷിച്ച് പ്രമേയം അവതരിപ്പിക്കാതെ സമ്മേളനം കാത്ത് നിന്നു.

മണി പന്ത്രണ്ട് അടിച്ച ഉടനെ ഗാന്ധിജി പ്ലാറ്റ് ഫോറത്തിൽ കയറി. എന്നിട്ട് പ്ലാറ്റ് ഫോറത്തിലെ മേശമേൽ കയറി ഇരുന്നുകൊണ്ട് പരിപൂർണ്ണ സ്വാതന്ത്ര്യ പ്രമേയം അദ്ദേഹം അവതരിപ്പിച്ചു. സദസ് നിശ്ശബ്ദം ഗാ

mappilaheritagelibrary.com

സ്ഡിജിയുടെ വായന കേട്ടിരുന്നു. പ്രമേയാവതരണം കഴിഞ്ഞപ്പോൾ സ ദസ്സ് അത് ഹർഷാരവത്തോടെ സ്വീകരിക്കുകയും ചെയ്തു.

ലാഹോർ സമ്മേളനം അംഗീകരിച്ച പൂർണ്ണ സ്വരാജ് പ്രമേയം രാജ്യ ത്തെയൊട്ടാകെ പ്രക്ഷുബ്ധമാക്കി. സ്വാതന്ത്ര്യ സമരം കൂടുതൽ ശക്തി പ്രാപിക്കുവാൻ തുടങ്ങി. സംഭവ ബഹുലമായ ആ കാലത്തിന്റെ തുടർ ച്ചയായി 1930. സൈമൺ കമ്മീഷന്റെ ആഗമനത്തെത്തുടർന്നാണു സ്വാ തന്ത്ര്യസമര പ്രവർത്തനങ്ങൾ കൂടുതൽ പ്രക്ഷോഭഭരിതമാകാൻ തുട ങ്ങിയത്. സൈമൺ കമ്മീഷൻ ബഹിഷ്ക്കരണത്തിന്റെ പുറകെ തന്നെ വിദേശ വസ്ത്രബഹിഷ്ക്കരണവും ആരംഭിച്ചു. ഇതോടെ കൂടുതൽ ക ടുത്ത നടപടികളുമായി സർക്കാരും രംഗത്തിറങ്ങുവാൻ തുടങ്ങി. ഗാന്ധി ജിയെ അറസ്റ്റ് ചെയ്തു. സ്വാതന്ത്ര്യ സമര സേനാനികളെയും തൊഴി ലാളി നേതാക്കളേയും കൂട്ടത്തോടെ അറസ്റ്റ് ചെയ്ത് കൽത്തുറുങ്കിലട ച്ചു. കേന്ദ്ര അസംബ്ലിയിൽ ഭഗത്സിംഗും അദ്ദേഹത്തിന്റെ അനുചരന്മാ രും നടത്തിയ ബോംബേറ്, നെഹ്റു റിപ്പോർട്ടിനെ തുടർന്നുള്ള മുസ്ലിം കളുടെ കോൺഗ്രസ്സിൽ നിന്നുള്ള ഒഴിഞ്ഞുപോക്ക്, സ്വാതന്ത്ര്യ സമരമു ഖങ്ങളിൽ മുസ്ലിം ലീഗിന്റെ സജീവമായ ഇടപെടൽ തുടങ്ങി എല്ലാം കൂടി ഇന്ത്യൻ രാഷ്ട്രീയത്തെ പിടിച്ചു കുലുക്കി.

1930 ജനുവരി 26

രാജ്യമൊട്ടാകെ ഉപ്പുസത്യഗ്രഹ സമരം പടർന്ന് പിടിച്ചിരുന്നു. യോഗ ങ്ങൾ, പ്രകടനങ്ങൾ, പ്രതിജ്ഞകൾ, സ്വാതന്ത്ര്യ സമര പ്രഖ്യാപനങ്ങൾ, എല്ലാം കൂടി രാജ്യത്തെ ക്ഷുഭിതമാക്കിക്കൊണ്ടിരുന്നു.

മെയ് 12-ാം തിയ്യതിയാണു കോഴിക്കോട്ട് ഉപ്പുനിയമലംഘനം നടന്ന ത്. പിന്നീട് അറസ്റ്റുകളുടേയും മർദ്ദനങ്ങളുടേയും ദിനങ്ങളായി.

നേരത്തെ തന്നെ അകന്ന് കൊണ്ടിരുന്ന ഹിന്ദുക്കളെയും മുസ്ലിംക ളെയും കൂടുതൽ അകറ്റുന്നതായിരുന്നു നെഹ്റു റിപ്പോർട്ട്. അതിന്റെ ഒ രു നേർചിത്രമായിരുന്നു ലാഹോറിലെ രവീ നദീതീര എ.ഐ.സി.സി യിൽ കണ്ടതും.

ബ്രിട്ടീഷുകാർ എണ്ണ പകർന്ന് തിരിയിട്ട് കൊളുത്തിവെച്ച വർഗ്ഗീയാ ഗ്നി 1927 ലെ സ്വാതന്ത്ര്യ സമരമുഖങ്ങളെ ദുർബലമാക്കി. അതുവരെ ല ഖ്നോ സന്ധിമുറുകെ പിടിച്ച് മുന്നോട്ട് പോയവർ വിശ്വാസത്തിന്റെ മതി ലിനപ്പുറത്തും ഇപ്പുറത്തുമായി വേർതിരിഞ്ഞു. കാലങ്ങളോളം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ നിർജ്ജീവമാക്കിയ ഘടകങ്ങൾ ഇതൊക്കെയായി രുന്നു. ഇതിനൊരുതി വരുത്തുവാൻ സൈമൺ കമ്മീഷൻ പ്രഖ്യാപനം തന്നെ വേണ്ടി വന്നു. മുസ്ലിം ലീഗും കോൺഗ്രസ്സും യോജിച്ച് നിന്ന് സൈമൺ കമ്മീഷനെ ബഹിഷ്ക്കരിച്ചു. ഇപ്പോഴിതാ നെഹ്റു റിപ്പോർ ട്ടിനെത്തുടർന്ന് ലാഹോർ സമ്മേളനത്തോടെ വീണ്ടും കോൺഗ്രസ്സും മുസ്ലിം ലീഗും വഴിപിരിയാൻ തുടങ്ങുന്നു. സൈമൺ കമ്മീഷന്റെ ശു പാർശയനുസരിച്ച് ഇന്ത്യക്ക് ഡൊമിനിയൻ പദവി (പുത്രികാ രാജ്യ പദ

mappilaheritagelibrary.com

വി) നൽകാൻ ബ്രിട്ടീഷ് സർക്കാർ തീരുമാനിച്ചു. ഇതിന്റെ മുന്നോടിയാ യി ഇന്ത്യൻ നേതാക്കളുമായി തർക്ക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹ രിക്കുവാൻ ബ്രിട്ടനിൽ പുതുതായി അധികാരത്തിൽ വന്ന ലേബർ ഗ വൺമെന്റ് തീരുമാനിച്ചു. ഇതിനായി നേതാക്കളെ ലണ്ടനിൽ ഒരു വട്ടമേ ശ സമ്മേളനത്തിന് ക്ഷണിക്കുന്നതായി വൈസ്രോയ് ഇർവിൻ പ്രഭു പ്ര ഖ്യാപിച്ചു. ഇതിന്റെ അടിസ്ഥാനത്തിലാണ് 1930 നവംബറിൽ ഒന്നാമത്തെ വട്ടമേശ സമ്മേളനം ലണ്ടനിൽ നടന്നത്. സമ്മേളനത്തിൽ മുസ്ലിം സ മുദായത്തെ പ്രതിനിധീകരിച്ച് ആഗാ ഖാൻ, മുഹമ്മദലി ജിന്ന, മൗലാ നാ മുഹമ്മദലി, സർമിയാൻ മുഹമ്മദ് ഷാഫി, ഡോ. ഷഫാത്ത് അഹമ്മ ദ്, ജമാൽ മുഹമ്മദ്, സർ മുഹമ്മദ് സഫറുല്ലാ ഖാൻ, ഛാത്താരി നവാ ബ് മുതലായവർ പങ്കെടുത്തു. കോൺഗ്രസ്സ് പ്രതിനിധികൾ ഈ സമ്മേ ളനത്തിലേക്ക് ക്ഷണിക്കപ്പെട്ടിരുന്നില്ല.

ഒന്നാം വട്ടമേശസമ്മേളനത്തിന് ശേഷം വൈസ്രോയ് ഇർവിൻ പ്രഭു കോൺഗ്രസ്സ് നേതാക്കളുമായി ചർച്ച നടത്തുകയും ഒരു ഒത്ത്തീർപ്പി ലെത്തുകയും ചെയ്തു. ഇതനുസരിച്ച് 1931 മാർച്ച് 5-ാം തിയ്യതി ഗാന്ധി – ഇർവിൻ സന്ധി ഒപ്പുവെച്ചു. കോൺഗ്രസ്സ് നിയമ ലംഘന സമരം പിൻ വലിച്ചു. കോൺഗ്രസ്സ് നേതാക്കളെ ജയിലിൽ നിന്നും വിട്ടയച്ചു. രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ് പ്രതിനിധിയായി ഗാന്ധിജി മാ ത്രമാണ് പങ്കെടുത്തത്.

1931 ജനുവരി 4

ഇന്ത്യൻ സ്വാതന്ത്ര്യസമര മണ്ഡലത്തിൽ കത്തി ജ്വലിച്ച് നിന്ന സൂ ര്യൻ പെട്ടെന്ന് അസ്തമിച്ച വർഷം. ബ്രിട്ടന്റെ പേടി സ്വപ്നം എന്നെന്നേ ക്കുമായി യാത്രയായ വർഷം. ഒന്നാം വട്ടമേശ സമ്മേളനം കഴിഞ്ഞതിന് ശേഷം മൗലാനാ മുഹമ്മദലി രോഗബാധിതനായിരുന്നു. രോഗാവസ്ഥ യിൽ തന്നെയായിരുന്നു അദ്ദേഹം യോഗത്തിൽ പങ്കെടുത്തതും. സ്ട്രച്ച റിൽ കിടത്തിയായിരുന്നു ലണ്ടനിലേക്കുള്ള യാത്ര. അദ്ദേഹത്തിന്റെ രോ ഗാവസ്ഥയുടെ ഗൗരവം മനസ്സിലാക്കിയ ബ്രിട്ടീഷ് സർക്കാർ വൈസ്രോ യ് ഇർവിൻ പ്രഭുവിന്റെ പേഴ്സണൽ ഡോക്ടറെ അയച്ച് കൊടുത്ത് ചി കിത്സിച്ചു. കൈകാലുകൾ ചങ്ങലകളാൽ ബന്ധിതമാക്കി കാരാഗൃഹത്തി ന്റെ അന്ധകാരത്തിൽ തളച്ചിടപെട്ട ആ സ്വാതന്ത്ര്യ സമര സേനാനിക്ക് അന്ന് നിലവിലുണ്ടായിരുന്ന മികച്ച ചികിത്സ തന്നെ ലഭ്യമാക്കാൻ ബ്രി ട്ടീഷ് സർക്കാർ തീരുമാനിക്കുകയായിരുന്നു. കറകളഞ്ഞ രാജ്യ സ്നേ ഹം, ആത്മാർത്ഥത, സത്യസന്ധത, രാജ്യത്തോടുള്ള പ്രതിബദ്ധത, ഈ ഗുണങ്ങളെല്ലാം ഒത്തുചേർന്ന മൗലാനാ മുഹമ്മദലിയോട് ബ്രിട്ടീഷ് ഭര ണകൂടത്തിന് ആദരവാണ് ഉണ്ടായിരുന്നത്. ധീരനായ സ്വാതന്ത്ര്യ സമര പോരാളിക്കുള്ള ആദരവായിരുന്നു ബ്രിട്ടീഷ് സർക്കാറിന്റെ പരിചരണം.

ലണ്ടൻ വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് മൗലാനാ മു ഹമ്മദലി നടത്തിയ പ്രസംഗം ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്ര

mappilaheritagelibrary.com

ത്തിലെ തിളങ്ങുന്ന അധ്യായമായി മാറി. അതൊരു പ്രസംഗമായിരുന്നില്ല. ഒരു സിംഹത്തിന്റെ അവസാന ഗർജ്ജനമായിരുന്നു. ഓക്സ്ഫോർഡിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയ ആ നേതാവിന്റെ ഇംഗ്ലണ്ട് ആകസന്റ് ഇംഗ്ലീഷിലുള്ള സ്തോഭജനകമായ വാക്കുകൾ കേട്ടു ഭരണാധികാരികൾ സ്തംഭിച്ചു പോയി.

കാലം മായ്ക്കാത്ത ആ വാക്കുകൾ; "ഒന്നുകിൽ നിങ്ങൾ എന്റെ രാജ്യത്തിനു സ്വാതന്ത്ര്യം നൽകുക. അല്ലെങ്കിൽ ഇവിടെ സ്വതന്ത്രമായ ഈ മണ്ണിൽ എനിക്ക് ആറടി മണ്ണ് തരിക. ഒരു ജനാധിപത്യ രാജ്യത്ത് മരിക്കാനാണ് എന്റെ അവസാനത്തെ ആഗ്രഹം. അതൊരു വിദേശ രാജ്യമാണെങ്കിൽ കൂടി. അടിമ ഭാരതത്തിലേക്ക് തിരിച്ചു പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല." ആ വാക്കുകൾ അറം പറ്റുകയായിരുന്നു. മൗലാനാ മുഹമ്മദലി ഇന്ത്യയിലേക്ക് മടങ്ങിയില്ല. പുറപ്പെടുമ്പോൾ കപ്പലിനരികെ കണ്ണീരോടെ യാത്രയാക്കിയ അനുയായികളോടും ബന്ധുക്കളോടും മൗലാനാ കൈവീശി യാത്ര ചോദിച്ചത് അവസാനത്തെ യാത്രാമൊഴിയായിരുന്നു. ജനുവരി മൂന്നാം തിയ്യതി വൈകീട്ട് അദ്ദേഹത്തിന് കഠിനമായ മസ്തിഷ്കാഘാതമുണ്ടായി. അടുത്ത ദിവസം പുലർച്ചെ തന്റെ അവസാനത്തെ വാക്കുകൾ അന്വർത്ഥമാക്കുംവിധം അദ്ദേഹം എന്നെന്നേക്കുമായി കണ്ണടച്ചു. കാലം ഇന്ത്യക്ക് നൽകിയ വരദാനം അല്ലാഹുവിങ്കലേക്ക് തിരിച്ചുപോയി.

മരണ വാർത്ത ലണ്ടനിലും ഇന്ത്യയിലും കാട്ടുതീ പോലെ പടർന്നു. ബ്രിട്ടീഷ് ക്യാബിനറ്റ് മന്ത്രിമാരും ഉന്നതോദ്യോഗസ്ഥരും വിശിഷ്ട വ്യക്തികളും മയ്യത്തിനരികിൽ പാഞ്ഞെത്തി.

മൗലാനയുടെ അന്ത്യാഭിലാഷം മാനിച്ച് തന്നെ ബ്രിട്ടീഷ് സർക്കാർ അദ്ദേഹത്തിന്റെ മയ്യിത്ത് ഖബറടക്കാൻ തീരുമാനിച്ചു.

സ്വതന്ത്രവും പവിത്രവുമായ ജറൂസലേമിലെ പരിപാവനമായ ബൈത്തുൽ മുഖദ്ദസിൽ പ്രവാചകന്മാരുടെ ഖബറുകൾക്കരികിൽ ആ മയ്യിത്ത് മറമാടി. ഖബറിനരികിൽ ഇങ്ങനെ എഴുതപ്പെട്ടു;

"അൽ സയ്യിദ് മുഹമ്മദലി അൽഹിന്ദ് ഇവിടെ വിശ്രമം കൊള്ളുന്നു." മരണവാർത്ത എറെയും പ്രകടമായത് കേരളത്തിലായിരുന്നു. കേരളം ആ ദേശീയ നേതാവിന്റെ വിയോഗത്തിൽ അഗാധമായി വേദനിച്ചു. ഇംഗ്ലണ്ടിലെ ചരിത്രകാരനായ എച്ച്.ജി.വെൽസ് ആ വിയോഗത്തിൽ അനുശോചിച്ചു കൊണ്ടെഴുതി; "നെപ്പോളിയന്റെ ഹൃദയവും ബെർക്കിന്റെ നാവും മെക്കാളെയുടെ തൂലികയും ഒത്തിണങ്ങിയ മഹാനായ ഒരു വ്യക്തി ലോകത്തിന് നഷ്ടപ്പെട്ടു." മൗലാനയുടെ അപൂർണ്ണമായ ജീവചരിത്രമെഴുതിയ സീതി സാഹിബിനേയും ആ അന്ത്യം വല്ലാതെ വേദനിപ്പിച്ചു. മരണമില്ലാത്തവൻ അല്ലാഹു മാത്രമാണെന്ന പരമസത്യത്തിൽ അദ്ദേഹം ആശ്വസിക്കുകയും ചെയ്തു. "ഒരാളുടെ മരണശേഷമല്ലേ അയാളുടെ ജീവ ചരിത്രമെഴുതുക?" മദിരാശി എ.ഐ.സി.സി സമ്മേളനത്തിൽ

mappilaheritagelibrary.com

മുഹമ്മദ് അബ്ദു റഹിമാനൊപ്പം പങ്കെടുക്കവെ മൗലാനാ ചോദിച്ച ചോദ്യം സീതി സാഹിബ് ഒർത്തിരിക്കാം.

താങ്കളുടെ ജീവ ചരിത്രകാരനാണ് സീതിസാഹിബ് എന്ന നിലയിലായിരുന്നുവല്ലോ മൗലാനക്ക് സീതിസാഹിബിനെ പരിചയപ്പെടുത്തിക്കൊടുത്തത്. അധികം വൈകാതെ സീതിസാഹീബ് മൗലാനാ മുഹമ്മദലിയുടെ സമ്പൂർണ്ണ ജീവചരിത്രം രചിച്ചു. ആദ്യത്തെ കൂടിക്കാഴ്ചയിൽ മൗലാനാ സ്നേഹത്തോടെ ചോദിച്ച ചോദ്യത്തിന് അദ്ദേഹത്തിന്റെ മരണാനന്തരം സീതിസാഹിബ് അങ്ങിനെ കണ്ണീരോടെ ഉത്തരമെഴുതി. നാഷണൽ ബുക്ക് സ്റ്റാൾ ആ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തു.

***

1927 ൽ എറണാകുളം ബാറിൽ അഡ്വക്കറ്റായി പ്രാക്ടീസ് ആരംഭിച്ചതോടെ തന്നെ സീതി സാഹിബ് പ്രഗത്ഭനായ വക്കീൽ എന്ന പേര് സമ്പാദിച്ചിരുന്നു. ഏറെ താമസിയാതെ അദ്ദേഹത്തിന് സിവിൽ ക്രിമിനൽ കേസുകൾ ലഭിച്ചു തുടങ്ങി.

സർവ്വസമ്മതനായ അദ്ദേഹം കോൺഗ്രസ് നേതാവ് എന്ന നിലക്കും സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ സാഹിത്യ പ്രവർത്തകനെന്ന നിലക്കും ഏറെ പ്രശസ്തനായിക്കഴിഞ്ഞിരുന്നു ഈ കാലയളവിനുള്ളിൽ സീതി സാഹിബ്. ഒരു നല്ല അഭിഭാഷകൻ എങ്ങിനെയായിരിക്കണമെന്നതിന്റെ ഉത്തമോദാഹരണമായി എറണാകുളം ബാറിലും കൊച്ചി-തിരുവിതാംകൂർ ഹൈക്കോടതിയിലും അദ്ദേഹം.

ഇംഗ്ലീഷും മലയാളവും ഭാഷാ ശുദ്ധിയോടെ കൈകാര്യം ചെയ്യാനുള്ള കഴിവ് പ്രഭാഷണ കലയിലെ കുലപതി, അപാരമായ ഓർമ്മശക്തി, നാളും വർഷവും തിയ്യതിയും അണുവിട തെറ്റാതെ ഓർമ്മയിൽ നിന്നും ചികഞ്ഞെടുക്കുവാനുള്ള അസാധാരണമായ ശക്തി, ഇതെല്ലാം സീതി സാഹിബിൽ സമ്മേളിച്ച മഹദ് ഗുണങ്ങളായിരുന്നു. കേസുകൾ കൂലങ്കഷമായി പഠിക്കുവാനുള്ള സാമർത്ഥ്യം, വസ്തുതകൾ ശരിയാംവണ്ണം വിശകലനം ചെയ്ത് നീതിയും സത്യവും കണ്ടെടുക്കുവാനുള്ള അപാരമായ കഴിവ്, കക്ഷികളുടെ ആദരവും വിശ്വാസവും ആർജ്ജിക്കുന്ന സമീപനം, ന്യായാധിപന്മാരോട് ബഹുമാനത്തോടെയുള്ള പെരുമാറ്റം - ഇതെല്ലാം സീതിസാഹിബിനെ കൊച്ചിയുടെ അതിരുകൾ ഭേദിക്കുന്ന പ്രശസ്തിയിലേക്കാണ് ഉയർത്തിയത്. ഇതോടൊപ്പം തന്നെ സാമുദായിക സാമൂഹ്യ പ്രവർത്തനങ്ങളിലും അദ്ദേഹം വ്യാപൃതനായി. സമുദായത്തിന് വേണ്ടി ജീവിതം അർപ്പിക്കുക എന്ന തീരുമാനം യൗവനകാലത്ത് തന്നെ അദ്ദഹം ഉറപ്പിച്ചിരുന്നു.

സമുദായത്തിന് വേണ്ടി ജീവിക്കുക. ജീവിക്കാൻ ഒരു ജോലി. ഇതായിരുന്നു അദ്ദേഹത്തിന്റെ തത്വശാസ്ത്രം. ജീവിതാവസാനം വരെ അദ്ദേഹമത് മുറുകെ പിടിക്കുകയും ചെയ്തു. അഭിഭാഷകവൃത്തിയെ സീതി സാഹിബ് കണ്ടത് ജീവിക്കാനൊരു ജോലി എന്ന നിലക്ക് മാത്രമായിരു

mappilaheritagelibrary.com

ന്നു. അത് വഴി പേരെടുക്കുവാനോ സമ്പാദിക്കുവാനോ ഒട്ടും അദ്ദേഹം തുനിഞ്ഞില്ല.

ഇതിനിടയിലാണ് തലശ്ശേരിയിൽ ഒരു കേസ്സിന് വേണ്ടി ഹാജരാകുവാൻ അദ്ദേഹത്തിന് ഇടയായത്. തലശ്ശേരി എന്നും അദ്ദേഹത്തെ ആകർഷിച്ചിരുന്നു. സമുദായ തല്പരരായ മുസ്‌ലിം ധനികരും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാരുടെ കൂട്ടായ്മയും സാമുഹ്യ സാമുദായിക പ്രവർത്തനങ്ങളിൽ അവർ കാണിച്ചിരുന്ന താല്പര്യവും സീതിസാഹിബ് എന്നും കൗതുകത്തോടെ വീക്ഷിച്ചിരുന്നു. തലശ്ശേരിയിൽ ഒന്നുരണ്ടു യോഗങ്ങളിൽ പങ്കെടുക്കുവാനും ഐക്യസംഘത്തിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് പ്രസംഗിക്കാനും സീതിസാഹിബിന് നേരത്തെ തന്നെ കഴിഞ്ഞിരുന്നു. ഈ സന്ദർശനങ്ങളിലൂടെ തലശ്ശേരിയിലെ പൗരപ്രമുഖരുമായി ആശയവിനിമയം നടത്തുവാനും അവരുമായി ഒരാത്മബന്ധം തന്നെ സ്ഥാപിക്കുവാനും സീതി സാഹിബിന് കഴിഞ്ഞിരുന്നു. മാത്രവുമല്ല തലശ്ശേരിയിലെ യുവാക്കളുടെ ആദർശ പുരുഷനുമായിരുന്നുവല്ലോ അദ്ദേഹം. വിദ്യാർഥിയായിരിക്കുമ്പോൾ ഹമദാനി തങ്ങൾക്കൊപ്പം ഖിലാഫത്ത് സമ്മേളനത്തിൽ പങ്കെടുക്കുവാൻ പിതാവിനും സഹോദരങ്ങൾക്കുമൊപ്പവും, ഐക്യസംഘം വാർഷിക സമ്മേളനത്തിൽ പങ്കെടുക്കുവാൻ മാർമ്മഡ്യൂക്ക് പിക്താളിനൊപ്പവും തലശ്ശേരിയിൽ വന്ന സീതി സാഹിബ് ഇതിനകം തന്നെ ആ നാടുമായും നാട്ടുകാരുമായും ഒരു ഗാഢ ബന്ധം തന്നെ ഊട്ടിയുറപ്പിച്ചിരുന്നു. ഇപ്പോഴിതാ കൊച്ചിയിൽ പേരെടുത്ത വക്കീലെന്ന നിലയിൽ വീണ്ടും തലശ്ശേരിയിൽ. ഈ പ്രാവശ്യം അദ്ദേഹം എത്തിയിരിക്കുന്നത് പ്രമാദമായ ഒരു കേസ് വാദിക്കാനായിരുന്നു. കേസ് വാദിക്കാനായി തലശ്ശേരിക്കാർ അദ്ദേഹത്തെ കൊണ്ട് വരികയായിരുന്നു.

1931 കാലത്ത് തലശ്ശേരിയിൽ ഒരു മത പരിവർത്തന കേസ് ഉണ്ടവിച്ചിരുന്നു. വളരെ ഒച്ചപ്പാടുണ്ടാക്കിയ ഒരു കേസ്. മതപരിവർത്തന കേസ് ആയതിനാൽ ഇരു ഭാഗങ്ങളിലേയും ആളുകൾ വളരെ വാശിയോടെയായിരുന്നു കേസ് വാദിക്കുവാനായി ഒരുങ്ങിയിറങ്ങിയതും. അന്ന് വടക്കേ മലബാർ ജില്ലാ കോടതിയുടെ ആസ്ഥാനം തലശ്ശേരിയിലായിരുന്നു.

അമ്മുക്കുട്ടി കേസ് ഉൽഭവിക്കുന്ന വേളയിൽ മുസ്‌ലിം അഭിഭാഷകരായി അന്ന് ആരും തലശ്ശേരി കോടതിയിൽ ഉണ്ടായിരുന്നില്ല. നേരത്തെ അവിടെ പ്രാക്ടീസ് ചെയ്തിരുന്ന സി.സി. ഒ ആലുപ്പിക്കേയി സംസ്ഥാന ജുഡീഷ്യൽ സർവ്വീസിൽ മുൻസിഫ് ഉദ്യോഗം ലഭിച്ച് തലശ്ശേരി വിട്ടിരുന്നു. പ്രഗത്ഭനായ വക്കീലെന്ന് ഇതിനകം പേരെടുത്ത സീതി സാഹിബിനെ എങ്ങിനെയെങ്കിലും അമ്മുക്കുട്ടി കേസ് വാദിക്കുവാൻ തലശ്ശേരിയിൽ കൊണ്ട് വരണമെന്ന് മുസ്‌ലിംകൾ തീരുമാനിച്ചു.

കേസ് വാദിക്കുവാനായി തലശ്ശേരി റെയിൽവേ സ്റ്റേഷനിൽ വണ്ടിയിറങ്ങിയ സീതിസാഹിബിന് സ്നേഹനിർഭരമായ സ്വീകരണമാണ് നാട്ടു

mappilaheritagelibrary.com

കാർ നൽകിയത്. തലശ്ശേരി കോടതിയുടെ തലയെടുപ്പും ഗാംഭീര്യവും സീതി സാഹിബിനെ വല്ലാതെ ആകർഷിച്ചു. വളരെയധികം പാരമ്പര്യ മുണ്ടായിരുന്ന കോടതികളാണ് തലശ്ശേരിയിൽ അന്നേ ഉണ്ടായിരുന്നത്.

ഈസ്റ്റിന്ത്യാ കമ്പനി ഇന്ത്യ ഭരിച്ച കാലങ്ങളിൽ തന്നെ ഈ കോടതി കളും നിലവിൽ വന്നിരുന്നു. ആ കാലത്ത് മലബാർ, തെക്കൻ കർണാട കം, നീലഗിരി, കോയമ്പത്തൂർ എന്നീ ജില്ലകളുടെ അപ്പീൽ അധികാരമു ള്ള ഹൈക്കോടതിയുടെ പരമാധികാരമുള്ള നീതിന്യായ സ്ഥാപനവും കൂടിയായിരുന്നു തലശ്ശേരി കോടതി.

റെയിൽവേ സ്റ്റേഷനിൽ സ്വീകരിക്കാനെത്തിയവരിൽ അന്നത്തെ മല ബാർ ഡിസ്ട്രിക് ബോർഡ് പ്രസിഡണ്ടും മദിരാശി ലെജിസ്ലേറ്റീവ് കൗൺ സിൽ അംഗവുമായിരുന്ന ടി.എം. മൊയ്തുസാഹിബ്, വാണിജ്യ പ്രമുഖ നും സമുദായ തല്പരനുമായിരുന്ന എ.കെ. കുഞ്ഞിമായൻ ഹാജി, തല ശ്ശേരി മുനിസിപ്പൽ ചെയർമാനായിരുന്ന സി.പി. മമ്മുക്കേയി എന്നീ പൗ രപ്രമുഖരും ഉണ്ടായിരുന്നു.

കേസ് കഴിഞ്ഞതിന് ശേഷം അവരെല്ലാവരും കൂടി സീതിസാഹിബി നെ പൊതിഞ്ഞു. അവർ കൂട്ടത്തോടെ സീതി സാഹിബിന്റെ മുമ്പിൽ ഒ രു അപേക്ഷ സമർപ്പിച്ചു. വാക്കാലുള്ള അപേക്ഷ. സീതി സാഹിബ് ത ലശ്ശേരിയിൽ സ്ഥിരതാമസമാക്കണം. അതായിരുന്നു അവരുടെ കൂട്ടത്തോ ടെയുള്ള നിവേദനം. സമുദായ തല്പരരായ തലശ്ശേരിയിലെ പൗരപ്രമു ഖരുടെ അപേക്ഷ സീതിസാഹിബ് തള്ളിക്കളഞ്ഞില്ല. എന്നാൽ അപ്പോൾ തന്നെ സ്വീകരിച്ചതുമില്ല. അവർ വീണ്ടും നിർബന്ധിച്ചു. മലബാറിലെ മുസ്ലിം ജനതക്ക് സീതി സാഹിബ് നേതൃത്വം നൽകണം. അവരുടെ അരക്ഷിതാവസ്ഥ മാറ്റിയെടുക്കാൻ, സമുദായത്തിന് വെളിച്ചമാകാൻ സീ തി സാഹിബ് തലശ്ശേരിയിൽ സ്ഥിരതാമസമാക്കണം.

തിരികെ കൊച്ചിയിലേക്ക് മടങ്ങുമ്പോഴും സീതിസാഹിബിന്റെ കാതു കളിൽ തലശ്ശേരിയിലെ സമുദായ സ്നേഹികളുടെ അപേക്ഷ മുഴങ്ങി ക്കൊണ്ടിരുന്നു. സമർത്ഥനായ അഭിഭാഷകൻ എന്നത് മാത്രമായിരുന്നി ല്ല തലശ്ശേരി സീതി സാഹിബിനെ ആഗ്രഹിച്ചതിന് പിന്നിൽ. അവർ സ്വപ് നം കണ്ടിരുന്ന മാതൃകാ പുരുഷന്റെ സാക്ഷാത്കാരവും കൂടിയായിരുന്നു വല്ലോ സീതിസാഹിബ്. സ്വഭാവ മഹിമയിൽ സീതി സാഹിബിനോളം പോന്ന മറ്റൊരാളെ തനിക്ക് തന്റെ ജീവിതാന്ത്യം വരെ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് സീതി സാഹിബിന്റെ മാർഗ്ഗദർശകൻ കൂടിയായിരുന്ന കെ.എം മൗലവി തന്നെ സാക്ഷ്യപ്പെടുത്തുന്നു (സീതി സാഹിബ് സ്മാര ക ഗ്രന്ഥം). മിത്രങ്ങളോടും രാഷ്ട്രീയ എതിരാളികളോടും സീതിസാ ഹിബ് സമഭാവേന പെരുമാറി. എളിയവനോടും വലിയവനോടും വിനയാ ന്വിതനായി. വിനീതമായ പെരുമാറ്റത്തിലൂടെ എത്രയോ രാഷ്ട്രീയ എതി രാളികളെ തന്റെ മിത്രങ്ങളാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. മറ്റു നേതാ ക്കളിൽ നിന്നും വ്യത്യസ്തമായി ഹൃദയത്തിൽ നിന്നു ഉറവപൊട്ടുന്നത് പോലുള്ള പുഞ്ചിരിയായിരുന്നു സീതി സാഹിബിന്. നബി(സ) യിൽ

mappilaheritagelibrary.com

ഉണ്ടായിരുന്ന സ്ഥൈര്യം അതേപടി പകർത്തിയ നേതാവ്. എല്ലാവരോടും ഗുണകാംക്ഷ, കാരുണ്യം, ഇതെല്ലാം അന്ത്യപ്രവാചകന്റെ സ്വഭാഗുണത്തിൽ പെട്ടതായിരുന്നുവല്ലോ. അതിന്റെയെല്ലാം ഒരു നേർപ്പകർപ്പായിരുന്നു സീതിസാഹിബും. മറ്റുള്ളവരുടെ ഗുണത്തിന് വേണ്ടി പ്രവർത്തിക്കുന്ന സ്വഭാവം സീതി സാഹിബ് അഭിഭാഷകനായതോടെ കൂടുതൽ ഊർജ്ജിതമാവുകയായിരുന്നു. കയ്യിലുള്ളത് മുഴുവൻ അന്യർക്ക് വേണ്ടി ചെലവഴിക്കാൻ തുടങ്ങി ഈ കാലയളവിൽ. നിയമജ്ഞാനത്തിന് പുറമെ നബിചരിത്രം, ഇസ്ലാം വിഭാവനം ചെയ്യുന്ന സാമ്പത്തിക ക്രമം, രാഷ്ട്രീയം, സമൂഹികം, കച്ചവടം, വിവാഹം, വിവാഹമോചനം, വഖഫ്, ശിക്ഷാ നിയമങ്ങൾ, സ്വത്തവകാശം, യുദ്ധം, സമാധാനം, രാജ്യഭരണം, നീതിപരിപാലനം തുടങ്ങി ഫിഖ്ഹിന്റെ എല്ലാ അധ്യായങ്ങളും അദ്ദേഹം മനസ്സിലുറപ്പിച്ച് പഠിച്ചിരുന്നു. ഈ വിഷയങ്ങളിലെല്ലാം തന്നെ അദ്ദേഹം അഗാധമായ ജ്ഞാനം നേടുകയും ചെയ്തു. മൗലവിയായി ഗണിക്കപ്പെടാത്ത, പണ്ഡിതനായ അഭിഭാഷകൻ; അതായിരുന്നു സീതി സാഹിബിന് ഈ കാലങ്ങളിൽ കിട്ടിയ വിശേഷണം.

അല്ലാഹുവിൽ നിന്നല്ലാതെ മറ്റാരിൽ നിന്നും താൻ സഹായം സ്വീകരിക്കുകയില്ലെന്ന നബിചര്യ അതേ പടി അദ്ദേഹം തന്റെ ജീവിതത്തിൽ പകർത്തി.

ക്ലേശങ്ങളും വിഷമങ്ങളും എത്രതന്നെ വന്ന് മൂടിയാലും അതിലൊന്നും പതറാതെ മന:സ്ഥൈര്യത്തോടെ നിന്നാൽ അല്ലാഹിവിന്റെ സഹായമുണ്ടാകുമെന്ന് അദ്ദേഹം സ്വജീവിതത്തിലൂടെ കാണിച്ചുകൊടുത്തു.

തലശ്ശേരിയിൽ മാത്രമാണ് വിരലിലെണ്ണാവുന്ന മുസ്ലിം ധനാഢ്യരും അഭ്യസ്തവിദ്യരും ഉണ്ടായിരുന്നത്. മലബാറിലെ ഭൂരിപക്ഷം ജനങ്ങളും നിത്യദാരിദ്ര്യത്തിലും പട്ടിണിയിലും നിരക്ഷരതയിലും അന്ധവിശ്വാസങ്ങളിലും മുങ്ങിക്കിടക്കുകയാണെന്നും സീതിസാഹിബ് മനസ്സിലാക്കിയിരുന്നു. മലബാറിന്റെ സിരാകേന്ദ്രവും കൂടിയായിരുന്നല്ലോ തലശ്ശേരി.

ഖിലാഫത്തും മലബാർ കലാപവും കഴിഞ്ഞിട്ട് പത്ത് വർഷമായെങ്കിലും ഇപ്പോഴും തന്റെ സമുദായം വിഭ്രാന്തിയും കരാളകർക്കശതകളും നിറഞ്ഞ കാലത്തിലൂടെ തന്നെയാണ് കടന്ന് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന പൊള്ളുന്ന യാഥാർത്ഥ്യം സീതിസാഹിബിന്റെ നെഞ്ചിൽ ഉൾത്താളമാവുകയായിരുന്നു. കൊച്ചിയിൽ മടങ്ങിയെത്തുമ്പോഴേക്കും അദ്ദേഹം ആ തീരുമാനമെടുത്ത് കഴിഞ്ഞിരുന്നു. മലബാറിലെ മുസ്ലിം സമുദായത്തിന് വേണ്ടി ശിഷ്ടജീവിതം അർപ്പിക്കുക. കൊച്ചി തന്നതെല്ലാം കൊച്ചിയിൽ തന്നെ ഉപേക്ഷിക്കുക. കൊച്ചിയിലെ പ്രമുഖനായ അഭിഭാഷകൻ എന്ന ഖ്യാതിയിൽ നിന്നും കൊച്ചി നിയമസഭാംഗമെന്ന അംഗീകാരത്തിൽ നിന്നും കൊച്ചിയിലെ പ്രമുഖനായ കോൺഗ്രസ് നേതാവ് എന്ന പൊലിമയിൽ നിന്നും മുക്തി നേടുവാൻ തന്നെ ആ സമർപ്പിത തേജസ് തീരുമാനിച്ചു.

mappilaheritagelibrary.com

ഒമ്പത്
പരീക്ഷണങ്ങളുടെ കാലം

ആര് തന്റെ ജീവിതം കണ്ടെത്തുന്നുവോ അയാൾ തന്റെ ജീവിതം നഷ്ടപ്പെടുത്തുന്നു. ആര് തന്റെ ജീവിതം നഷ്ടപ്പെടുത്തുന്നുവോ അയാൾ തന്റെ ജീവിതം കണ്ടെത്തുന്നു.

മലബാറിലേക്ക് പോകുവാൻ, അവിടെ സ്ഥിരമായി താമസിക്കുവാൻ ഒടുവിൽ സീതി സാഹിബ് തീരുമാനിച്ചു. മലബാർ കലാപം കഴിഞ്ഞ് വർഷങ്ങൾ പലത് കഴിഞ്ഞെങ്കിലും മലബാറിലെ മുസ്‌ലിംകളുടെ അവസ്ഥക്ക് മാറ്റങ്ങളൊന്നും ഉണ്ടായിരുന്നില്ല. മലബാറിലെ മുസ്‌ലിംകൾക്ക് വേണ്ടി ബാക്കിയുള്ള ജീവിതം അർപ്പിക്കുകയാണു തന്റെ ജീവിത ദൗത്യമെന്നദ്ദേഹം മനസ്സിലാക്കി. എന്നാൽ പെട്ടെന്ന് കൊച്ചിവിട്ട് പോകാവുന്ന അവസ്ഥയിലുമായിരുന്നില്ല. കൊച്ചിയിൽ പ്രാക്ടീസ് ആരംഭിച്ചത് മുതൽ തന്നെ തരക്കേടില്ലാത്ത വരുമാനം അദ്ദേഹത്തിന് ലഭിച്ചിരുന്നു. എന്നാൽ വലിയൊരു കുടുംബത്തിന്റെ ഭാരവും കൂടി ചുമക്കേണ്ടതുണ്ടായിരുന്നു. താഴെയുള്ള അനിയന്മാരുടെ രക്ഷാകർത്താവ് സീതി സാഹിബായി മാറുകയായിരുന്നു. മൂത്ത മകൻ എന്ന നിലയിലുള്ള സീതി സാഹിബിന്റെ ബാധ്യതയും സാമ്പത്തിക പ്രയാസങ്ങളും അദ്ദേഹത്തെ കൊച്ചിയിൽ തന്നെ പിടിച്ചു നിർത്തുന്നുണ്ടായിരുന്നുവെങ്കിലും മനസ്സ് കൊണ്ട് അദ്ദേഹം മലബാറിലെത്തിയിരുന്നു. പിതാവിന്റെ മരണം അനാഥമാക്കിയ കുടുംബത്തെ ഒരു കരപറ്റിക്കുക എന്ന കടമ അദ്ദേഹത്തെ ചൂഴ്ന്നുനിന്നു. രാജ്യത്തൊട്ടാകെ പടർന്ന് പിടിച്ച സാമ്പത്തിക മാന്ദ്യം, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, സർവ്വോപരി കുടുംബത്തിൽ നിന്നുള്ള വരുമാനത്തിന്റെ സ്തംഭനം, വർദ്ധിച്ചു വരുന്ന കുടുംബച്ചിലവ്, അനിയന്മാരുടേയും അനിയത്തിമാരുടേയും പഠന ബാധ്യത, അവരുടെ നിത്യനിദാനത്തിനുള്ള ചെലവ്, കടക്കാരുടെ നിരന്തരമായ ശല്യപ്പെടുത്തൽ... പരീക്ഷണങ്ങളുടെ ഒരു നീണ്ടനിര തന്നെ അദ്ദേഹത്തെ കാത്തുനിന്നത് പോലെ. എങ്കിലും അദ്ദേഹം അധീരനായില്ല. പരമകാരുണികനായ അല്ലാഹുവിൽ എല്ലാം അർപ്പിച്ച് അവനോട് മാത്രം സഹായം തേടി അത്മവിശ്വാസത്തോടെ മുന്നോട്ട് തന്നെ നീങ്ങി. തൊട്ടുതാഴെയുള്ള കെ.എം ഇബ്രാഹിം മാത്രമേ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ടായിരുന്നുള്ളൂ.

mappilaheritagelibrary.com

ഇബ്രാഹിം സാഹിബിന് താഴെയുണ്ടായിരുന്ന കെ.എം. മുഹമ്മദലി(ഇ ദ്ദേഹം പിൽക്കാലത്ത് സബ് ജഡ്ജിയായി)യും കെ.എം. കുഞ്ഞിമൊയ് തീനും (ഇദ്ദേഹം പിന്നീട് ഡോക്ടറായി) കെ.എം.അലികുഞ്ഞി(എഞ്ചി നിയർ) എന്നിവരൊക്കെ സ്കൂളിലും മെഡിക്കൽ കോളേജുകളിലും എ ഞ്ചിനിയറിംഗ് കോളേജുകളിലുമായി പഠിക്കുകയായിരുന്നു. വളരെ സ മ്പന്നമായിരുന്ന കുടുംബം നാട്ടിലെ സാമ്പത്തിക കുഴപ്പത്തെ തുടർന്നാ യിരുന്നു കടക്കെണിയിലും തുടർന്ന് അരക്ഷിതാവസ്ഥയിലുമായത്. ഏ ക വരുമാനമാകട്ടെ തന്റെ വക്കീൽ ഫീസായി കിട്ടുന്ന തുകയും. ആരും തകർന്ന് പോവുന്ന അവസ്ഥ. എല്ലാം അല്ലാഹുവിന്റെ പരീക്ഷണമാണെ ന്നും അവന്റെ സഹായം വന്നെത്തുക തന്നെ ചെയ്യുമെന്നും അദ്ദേഹം ഉ റച്ച് വിശ്വസിച്ചു. ഉപ്പയുടെ മരണത്തെ തുടർന്ന് പരിഭ്രാന്തരായ അനിയ ന്മാരെ അദ്ദേഹം ഒരു പിതാവിന്റെ സ്നേഹം നൽകി ആശ്വസിപ്പിച്ചു. സ്വ ന്തം കുടുംബത്തിന്റെ ചെലവുകൾ പരമാവധി വെട്ടിക്കുറച്ച് അനിയന്മാ രുടെ പഠനച്ചിലവിലേക്കായി അദ്ദേഹം തന്റെ വരുമാനം മാറ്റിവെച്ചു. ആ സഹോദരങ്ങളെല്ലാം പിൽക്കാലത്ത് കേരളത്തിൽ പേരെടുത്ത ഡോക് ടർമാരും എഞ്ചിനിയർമാരും ജഡ്ജിമാരുമായി. സഹോദരങ്ങളുടെ ആവ ശ്യം നിറവേറ്റുന്നതിനായി അദ്ദേഹം കുടുംബസ്വത്തിൽ നിന്നും ഒരു പൈ സപോലും എടുത്തില്ല.

"ഒരു പിതാവ് മക്കളോട് എങ്ങനെയാണോ പെരുമാറുക അത്രമാ ത്രം സ്നേഹത്തോടെയും വാത്സല്യത്തോടെയുമായിരുന്നു ഞങ്ങളുടെ ഇക്ക ഞങ്ങളോട് പെരുമാറിയിരുന്നത്" സീതിസാഹിബിന്റെ മരണ ശേ ഷം അദ്ദേഹത്തിന്റെ അനിയനും സബ്ജഡ്ജിയായി വിരമിക്കുകയും ചെ യ്ത സഹോദരൻ കെ.എം മുഹമ്മദലി ഹൃദയഭാഷയിൽ ഓർക്കുന്നു (സീതി സാഹിബ് സ്മാരകഗ്രന്ഥം). കെ.എം മുഹമ്മദലി നാലാം ക്ലാ സിൽ പഠിക്കുമ്പോഴാണ് തലശ്ശേരിയിലെ പൗരപ്രമുഖരും യുവാക്കളും വീണ്ടും സീതിസാഹിബിനെ തലശ്ശേരിയിലേക്ക് വരുവാൻ നിർബന്ധി ക്കുന്നത്. ഒടുവിൽ അദ്ദേഹം കൊച്ചി വിടുവാൻ തന്നെ തീരുമാനിക്കു കയായിരുന്നു. കൊച്ചി നിയമസഭാ അംഗത്വം രാജി വെച്ച് കോൺഗ്രസി ന്റെ നേതൃപദവിയിൽ നിന്നൊഴിഞ്ഞ്, കൊച്ചി നൽകിയ എല്ലാ ചമയങ്ങ ളും അവിടെ തന്നെ ഉപേക്ഷിച്ച് തന്റെ സഹോദരങ്ങളെയും ഭാര്യയേ യും മക്കളേയും കൂട്ടി അദ്ദേഹം തലശ്ശേരിയിലേക്ക് വണ്ടി കയറി. 1932 ൽ കൊച്ചി വിടുമ്പോൾ സീതി സാഹിബിന്റെ അവസ്ഥ പരിതാപകരം തന്നെയായിരുന്നു. വലിയൊരു ഭാരം ചുമലിലേറ്റിയായിരുന്നു ആ യാ ത്ര. അത് പക്ഷേ ആരും അറിഞ്ഞില്ല. അല്ലാഹുവിനോടല്ലാതെ മറ്റാരോ ടും താൻ സഹായം തേടുകയില്ലെന്നത് അദ്ദേഹത്തിന്റെ ജീവിതപ്രമാ ണമായിരുന്നുവല്ലോ.

"ഞങ്ങളുടെ സഹോദരൻ അന്നു ഞങ്ങളേയും തലശ്ശേരിയിലേക്ക് ഒ പ്പം കൂട്ടിയില്ലായിരുന്നുവെങ്കിൽ സമൂഹത്തിൽ ഒന്നിനും കൊള്ളാത്തവ

mappilaheritagelibrary.com

രായി, വിദ്യാവിഹീനരായി ഞങ്ങൾ മാറിപ്പോകുമായിരുന്നു വെന്ന് സ ഹോദരൻ കെ.എം. മുഹമ്മദലി കണ്ണീരോടെ സ്മരിക്കുന്നു. (സീതി സാ ഹിബ് സ്മാരക ഗ്രന്ഥം)

തലശ്ശേരിയിൽ എത്തിയ സീതിസാഹിബ് തിരുവങ്ങാട് ശ്രീരാമക്ഷേ ത്രത്തിന് സമീപമുള്ള ഒരു കൊച്ചു വാടകക്കെട്ടിടത്തിലായിരുന്നു താമ സം തുടങ്ങിയത്. താമസവും വക്കീലാപ്പീസും എല്ലാം ആ കൊച്ചു കെ ട്ടിടത്തിൽ. സീതി സാഹിബ് തലശ്ശേരിയിൽ താമസം തുടങ്ങിയതിൽ പി ന്നെ തലശ്ശേരിക്കാർക്ക് അദ്ദേഹം അവരുടെ സീതിവക്കീലായി. സീതി വക്കീലെന്ന് അവർ അദ്ദേഹത്തെ ആദരവോടെ, സ്നേഹത്തോടെ വിളി ച്ചു പോന്നു. ഇവിടെ നിന്നാണ് അദ്ദേഹം സിവിൽ ക്രിമിനൽ കേസുക ളിൽ ഹാജരാവാൻ തുടങ്ങിയത്. സഹോദരങ്ങളുടെ പഠനകാര്യത്തിലെ ന്നപോലെ തന്നെ അവരിൽ ഇസ്ലാമിക ചര്യ വളർത്തിയെടുക്കുന്നതി ലും ഒരു പിതാവിന്റെ നിഷ്കർഷ അദ്ദേഹം പ്രകടിപ്പിച്ചു. നമസ്കാര ത്തിലും വ്രതാനുഷ്ഠാനത്തിലും സഹോദരങ്ങളോട് ഒരു വിട്ടുവീഴ്ചയും അദ്ദേഹം കാണിച്ചില്ല. ഒരു നേരത്തെ നമസ്കാരത്തിൽ നിന്നൊഴിവാകു വാനോ ഒരു ദിവസത്തെ നോമ്പെടുക്കുന്നതിൽ നിന്ന് മാറി നിൽക്കാ നോ ഒരിക്കലുമദ്ദേഹം സഹോദരങ്ങളെ അനുവദിച്ചില്ല.

വീട്ടിൽ വെച്ച് നിസ്കരിക്കുമ്പോഴും നോമ്പുതുറക്കുമ്പോഴും അനിയ ന്മാരേയും കുടുംബത്തെയും ഒപ്പംകൂട്ടി. അത് അദ്ദേഹത്തിന് നിർബന്ധ വുമായിരുന്നു.

പെരുന്നാൾ ദിവസങ്ങളിൽ സഹോദരങ്ങൾക്കൊപ്പം പുതുവസ്ത്രങ്ങ ളണിഞ്ഞ് ഈദ്ഗാഹിലേക്ക് പോകും. ഈദ്ഗാഹിലെ നിസ്ക്കാരത്തിന് ശേഷം സീതി സാഹിബിന്റെ ഉദ്ബോധന പ്രസംഗമുണ്ടാകും. തലശ്ശേ രിക്കാർ അതിനായി കാത്തിരിക്കും.

സഹോദരങ്ങളുടെ പക്കൽനിന്നും വന്ന് പോകുന്ന പിഴവുകളും തെ റ്റുകളും പൊറുക്കുവാനും അവരോട് ക്ഷമിക്കുവാനും അദ്ദേഹം എല്ലാ യ്പ്പോഴും സന്നദ്ധനായി. അവരെ തന്റെ മാറോട് ചേർത്ത് അദ്ദേഹം ആ ശ്ലേഷിക്കുമ്പോൾ, വന്നു പോയ പിഴവുകൾ ഓർത്ത് സഹോദരങ്ങൾ ക ണ്ണീരൊഴുക്കി.

ആ സ്നേഹനിധിക്ക് മുമ്പിൽ അനുസരണയുള്ള മക്കളെപ്പോലെ അ വർ നിന്നു. അവർക്ക് അദ്ദേഹം മൂത്ത സഹോദരനല്ലാതായി. മറിച്ച്, അ വർക്ക് പിതാവായി. സീതി സാഹിബിന്റെ മരണശേഷം അവരെല്ലാം ഒ ഴുകുന്ന ബാഷ്പകണങ്ങളോടെ ഇതെല്ലാം ഓർത്തു. തലശ്ശേരിയിൽ താ മസം തുടങ്ങിയ കാലത്തിനുള്ളിൽതന്നെ സീതി സാഹിബ് തലശ്ശേരി ക്കാരുടെ പ്രിയങ്കരനായി. തലശ്ശേരി ബാറിലെ എണ്ണപ്പെട്ട അഭിഭാഷക നാകുവാൻ അദ്ദേഹത്തിന് ഏറെ കാലം കാത്തിരിക്കേണ്ടി വന്നില്ല.

പ്രധാനപ്പെട്ട പലകേസുകളുമായി കക്ഷികൾ അദ്ദേഹത്തെ സമീപി ക്കുവാൻ തുടങ്ങി. ആ കാലത്ത് സുപ്രധാനമായിത്തീർന്ന പല കേസ്സു

mappilaheritagelibrary.com

കളിലും ഒന്നുകിൽ വാദിഭാഗത്തോ അല്ലെങ്കിൽ പ്രതിഭാഗത്തോ സീതി സാഹിബ് ഹാജരാകാൻ തുടങ്ങി. 1932 ന് ശേഷമുള്ള തലശ്ശേരിയുടെ അവസ്ഥ ഇതായിരുന്നു. വക്കീലന്മാർ കോടതിമുറികളിൽ പ്രവേശിക്കുമ്പോൾ ജഡ്ജിമാരെ തലകുനിച്ച് വന്ദിക്കുകയായിരുന്നു പതിവ്. സീതി സാഹിബ് ഇതിൽ നിന്നും വ്യത്യസ്തനായിരുന്നു. അദ്ദേഹം കോടതി മുറിയിൽ പ്രവേശിക്കുമ്പോൾ ജഡ്ജിയെ കൈ ഉയർത്തി അഭിവാദ്യം ചെയ്തു. തലകുനിച്ചില്ല. തലകുനിക്കുന്നത് സർവ്വ സ്രഷ്ടാവായ അല്ലാഹുവിന്റെ മുമ്പിൽ മാത്രം. ജഡ്ജിമാരിൽ നിന്നും മാന്യമായ പെരുമാറ്റമായിരുന്നു അദ്ദേഹത്തിന് ലഭിച്ചിരുന്നത്.

നാളുകൾ നീങ്ങവെ സാമുദായികവും സാമൂഹികവുമായ നിരവധി കാര്യങ്ങളിൽ അദ്ദേഹത്തിന് ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടി വന്നു. അതോടൊപ്പം തന്നെ കേസുകളും വർദ്ധിക്കാൻ തുടങ്ങി.

കേസുകളുടെ ബാഹുല്യവും സമുദായത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങളും കൂടി അദ്ദേഹത്തിന്റെ ദിനങ്ങളെ വിശ്രമരഹിതങ്ങളാക്കി. തിരക്ക് പിടിച്ച അഭിഭാഷകൻ എന്നതിനൊപ്പം തിരക്ക് പിടിച്ച ജനകീയ നേതാവു കൂടിയായി അദ്ദേഹം മാറുകയായിരുന്നു.

പുരോഗമനപരമായ കാര്യങ്ങളിൽ ഇന്ത്യൻ മുസ്ലിംകളിൽ പുതിയൊരാവേശം നാമ്പെടുത്തു തുടങ്ങിയ ഒരു കാലവും കൂടിയായിരുന്നു മുപ്പതുകൾ. ഇതിന്റെ ഫലമായി ദൃശ്യമായിത്തുടങ്ങിയ ചേരിതിരിവുകൾ തലശ്ശേരിയിൽ ഉയർന്ന് വന്നു കൊണ്ടിരുന്ന രാഷ്ട്രീയ സാമൂഹികാവസ്ഥകളിലുണ്ടാക്കിയ ഉണർവ്വ്. ഇതെല്ലാം സീതി സാഹിബിനെ കർമ്മനിരതനാക്കി. ഈ ഘട്ടത്തിലാണു തലശ്ശേരിയിലെ സാംസ്കാരികപ്രവർത്തനങ്ങളുമായി അദ്ദേഹം ഇഴുകിച്ചേരുന്നത്. ഇതിനെത്തുടർന്ന് പല തുറകളിലും പ്രവർത്തിക്കുന്ന പ്രമുഖർ അദ്ദേഹത്തിന്റെ അടുത്ത അനുയായികളാകാൻ തുടങ്ങി. അവരിൽ ഉദ്യോഗസ്ഥർ, വ്യവസായികൾ, സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖ വ്യക്തികൾതൊട്ട് സാധാരണക്കാർ, കൂലിത്തൊഴിലാളികൾ വരെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കരുണ നിറഞ്ഞൊഴുകുന്ന പെരുമാറ്റവും സ്നേഹനിർഭരമായ സംസാരവും അവരെ അദ്ദേഹത്തിലേക്കടുപ്പിക്കുകയായിരുന്നു.

ഇവരെല്ലാം വൈകുന്നേരങ്ങളിൽ സമ്മേളിച്ചിരുന്നത് തലശ്ശേരിയിലെ മുസ്ലിം ക്ലബ്ബിലായിരുന്നു. മറ്റ് പല ക്ലബ്ബുകളെയും പോലെ ഇവിടെ വിനോദത്തിന് വേണ്ടിയായിരുന്നില്ല ഇവരൊക്കെ സമ്മേളിച്ചിരുന്നത്. സമുദായത്തെ അലട്ടുന്ന നീറും പ്രശ്നങ്ങൾക്ക് എന്തൊക്കെയാണ് പരിഹാര മാർഗ്ഗങ്ങൾ എന്നാലോചിക്കുവാനായിരുന്നു എല്ലാ സായാഹ്നങ്ങളിലും അവരൊത്തുകൂടിയിരുന്നത്.

മലബാറിലെ, പ്രത്യേകിച്ച് ഏറനാട്ടിലെ മുസ്ലിംകളുടെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കുവാൻ എന്തെല്ലാം ചെയ്യാനാകും? വിദ്യാഭ്യാസത്തിൽ കൂടി മാത്രമേ സമുദായത്തിന് പുരോഗതി ഉണ്ടാകുകയു

mappilaheritagelibrary.com

ള്ളൂവെന്നും സമുദായം രാഷ്ട്രീയമായി ഒന്നിക്കണമെന്നുമുള്ള ചർച്ചകൾ അവിടെ നിരന്തരം നടന്നു. ചന്ദ്രിക ദിനപത്രത്തിന്റെ ജന്മത്തിന് നിദാന മായ ചർച്ചകൾ നടന്നത് ഇവിടെ വെച്ചായിരുന്നു. മുസ്‌ലിംകൾക്കായി രാഷ്ട്രീയ സാമൂഹിക സംഘടന വേണമെന്ന തീരുമാനം ഉയർന്നത് ഇ വിടെ നിന്നുമുള്ള ചർച്ചകളുടെ ഫലമായിട്ടായിരുന്നു.

***

നെഹ്റു റിപ്പോർട്ട് ഇന്ത്യൻ രാഷ്ട്രീയത്തിൽ സൃഷ്ടിച്ച കോളിളക്ക ങ്ങൾ അവസാനിക്കുകയായിരുന്നില്ല. അത് അനുദിനമെന്നോണം ശക്തി പ്രാപിക്കുകയായിരുന്നു. തങ്ങൾ സുരക്ഷിതരല്ല എന്നൊരു ഭീതി ഇന്ത്യൻ മുസ്‌ലിംകളിൽ വേരൂന്നാൻ തുടങ്ങിയത് ഈ കാലത്തായിരുന്നു. ഹിന്ദു മഹാസഭയുടെ കൈപ്പിടിയിലൊതുങ്ങിപ്പോയ കോൺഗ്രസ്സിന് മുസ്‌ലിം കളുടെ കാര്യത്തിൽ വലുതായിട്ടൊന്നും ചെയ്യാനുണ്ടായിരുന്നില്ല. പല മുസ്‌ലിം നേതാക്കളും കോൺഗ്രസ്സിനോട് വിടപറഞ്ഞുകൊണ്ടിരുന്നു. കേരളത്തിലാകട്ടെ നേരത്തെ തന്നെ ഖിലാഫത്ത് കമ്മിറ്റി മലബാർ ക ലാപത്തിന് ശേഷം മലബാറിനെ കൈയ്യൊഴിഞ്ഞിരുന്നു. മാത്രവുമല്ല മ ലബാർ കലാപത്തിന്റെ ഉത്തരവാദിത്വം മൊത്തത്തിൽതന്നെ മലബാറി ന്റെ മേൽ ആരോപിക്കുകയും ചെയ്തിരുന്നു. ഇത്തരമൊരു പരിതസ്ഥി തിയിൽ ഇന്ത്യൻ മുസ്‌ലിംകളെപ്പോലെ കേരളത്തിലെ മുസ്‌ലിംകളും അ രക്ഷിതമായൊരു ഭാവിയാണ് മുന്നിലുള്ളതെന്ന് വിശ്വസിച്ചു. ഇത് കാര ണമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ വമ്പിച്ച ധ്രുവീകരണമാണ് നടന്നത്. രാഷ്ട്രീയ നിലപാടുകൾക്കും നയങ്ങൾക്കും പരിപാടികൾക്കും മാറ്റങ്ങ ളുണ്ടായി. ആയിരത്തിത്തൊള്ളായിരത്തി മുപ്പതുകൾ ഇന്ത്യൻ രാഷ്ട്രീ യത്തിലും കേരളരാഷ്ട്രീയത്തിലും മാറ്റങ്ങളുടെ കാലം തന്നെയായിരു ന്നു. കോൺഗ്രസ്സും മുസ്‌ലിം ലീഗും നോക്കെത്താ ദൂരത്തോളം അക ന്നുപോയി. കോൺഗ്രസ്സിൽ പ്രവർത്തിക്കുമ്പോൾ തന്നെ മുസ്‌ലിം ലീഗി ലും അംഗത്വമെടുക്കാമെന്ന സുവർണ്ണ കാലത്തിന് തിരശ്ശീല വീണു.

കേരളത്തിലെ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് മ ലബാർ മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഈ അവസ്ഥാ വിശേഷം പരിതാപകരം തന്നെയായിരുന്നു. അവർക്ക് രാഷ്ട്രീയമായി സംഘടിക്കു വാൻ ഒരു വേദിയില്ലാതായി. മലബാറിലാണെങ്കിൽ മുസ്‌ലിം ലീഗിന്റെ പ്രവർത്തനം സജീവമായിരുന്നില്ല. മുഹമ്മദ് അബ്ദുറഹിമാൻ സാഹി ബിന്റെ പത്രാധിപത്യത്തിന് കീഴിലുള്ള അൽഅമീൻ പത്രം 1930 ജനുവ രി 21 ന് പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ ഈ വസ്തുത ചൂണ്ടി കാട്ടു ന്നുമുണ്ട്. മലബാർ ലഹളയെത്തുടർന്ന് കോൺഗ്രസ്സിന്റെയും നേതാക്ക ളുടേയും മുസ്‌ലിംകൾക്ക് നേരെയുള്ള നയക്കുറവിനെയും ലഹളയെത്തു ടർന്ന് മുസ്‌ലിംകളോട് സഹതപിക്കേണ്ടുന്നതിന് പകരം അവരെ കുറ്റ പ്പെടുത്തുന്ന രീതിയെയും കഠിനമായി വിമർശിച്ചുമാണ് പത്രം റിപ്പോർട്ട് അവസാനിപ്പിക്കുന്നത്.

mappilaheritagelibrary.com

ഇത്തരമൊരു ഘട്ടത്തെ എങ്ങിനെ തരണം ചെയ്യണമെന്ന ചിന്ത മുസ്‌ലിം നേതൃനിരയിൽ ചൂട് പിടിക്കാൻ തുടങ്ങി. മുസ്‌ലിംകളുടെ രാഷ്ട്രീയ ഭാവിയെക്കുറിച്ചുള്ള ചർച്ചകൾക്കും ഗൗരവവും വേഗവും കൈവന്നു. തുടർന്ന് 1931 ആഗസ്ത് 11ന് മുസ്‌ലിം മജ്‌ലിസ് സംഘടന രൂപം കൊണ്ടു. വ്യത്യസ്ത സംഘടനകളിൽ പ്രവർത്തിക്കുന്ന മുസ്‌ലിംകൾക്ക് ഒന്നിച്ച് പ്രവർത്തിക്കാനുള്ള ഒരു വേദി എന്ന നിലയിലാണ് തലശ്ശേരിയിൽ ചേർന്ന മുസ്‌ലിംകളുടെ സമ്മേളനത്തിൽ വെച്ച് സംഘടന ജന്മം കൊണ്ടത്. രാഷ്ട്രീയ ഭിന്നതകൾക്കപ്പുറം ഒന്നിച്ച് നില്ക്കുക എന്നതായിരുന്നു സംഘടനയുടെ പ്രഖ്യാപിത നയം. സംഘടനാ പ്രഖ്യാപനം നടന്ന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് മദിരാശിയിലെ പ്രസിദ്ധ മുസ്‌ലിം നേതാവായിരുന്ന ജമാൽ മുഹമ്മദ് സാഹിബ് ആയിരുന്നു. സംഘടനയിൽ മുസ്‌ലിംകളിൽപ്പെട്ട എല്ലാവരും അംഗങ്ങളായിരുന്നു. അവരിൽ ബ്രിട്ടീഷ് സർക്കാരിനെ അനുകൂലിക്കുന്ന ഖാൻ ബഹാദൂർമാരുണ്ടായിരുന്നു. നാട്ടുപ്രമാണിമാരുണ്ടായിരുന്നു. രാഷ്ട്രീയ പ്രവർത്തകർ തൊട്ട് സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്നവരുണ്ടായിരുന്നു. മുസ്‌ലിം മജ്‌ലിസ് അങ്ങിനെ മുസ്‌ലിംകളുടെ ഒരു പൊതുവേദിയായി. മുസ്‌ലിംകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഇല്ലാതാക്കുന്നതിലായിരുന്നു മുസ്‌ലിം മജ്‌ലിസ് ആദ്യമായി ശ്രദ്ധയൂന്നിയത്. ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി 1931 സെപ്തംബർ 20 ന് ഒരു വിദ്യാഭ്യാസ ബോർഡ് രൂപീകരിച്ചു. മുഹമ്മദ് അബ്ദു റഹിമാൻ സാഹിബിനെ കൺവീനറായി തിരഞ്ഞെടുക്കുകയും ചെയ്തു.

നേരത്തെ കൊടുങ്ങല്ലൂരിൽ സീതി മുഹമ്മദിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിരുന്ന മുസ്‌ലിം ഐക്യസംഘം പ്രവർത്തകർ മുസ്‌ലിം മജ്‌ലിസിന്റെ രൂപീകരണത്തോടെ മജ്‌ലിസ് പ്രവർത്തകരായി.

തുടർന്ന് ഐക്യസംഘം മജ്‌ലിസിൽ ലയിക്കുകയും ചെയ്തു. തലശ്ശേരിയായിരുന്നു മജ്‌ലിസിന്റെ കേന്ദ്രം. തലശ്ശേരിയിലെ മുസ്‌ലിം പൗരപ്രമുഖന്മാരായിരുന്നു സംഘടനയുടെ കടിഞ്ഞാൺ പിടിച്ചിരുന്നതും. സത്താർ സേട്ടുസാഹിബ്, ബി. പോക്കർ സാഹിബ്, കെ.കെ. പോക്കർ, കെ.എം സീതി സാഹിബ് എന്നിവർ അതിന്റെ സജീവ പ്രവർത്തകരായി.

മജ്‌ലിസ് രൂപീകരണ വേളയിൽ മുസ്‌ലിംകൾക്ക് രാഷ്ട്രീയ പ്രവർത്തനത്തിന് ഒരു പ്രത്യേക സംഘടന വേണ്ടാ എന്ന നിലയിൽ ഒരു വാദപ്രതിവാദം നടന്നിരുന്നു. സംഘടന അനിവാര്യമാണെന്ന് സമർത്ഥിച്ച് കാര്യകാരണ സഹിതം സീതി സാഹിബ് നടത്തിയ പ്രസംഗം എല്ലാവരും അംഗീകരിക്കുകയായിരുന്നു. യോഗവും ആ തീരുമാനത്തിലെത്തി.

മജ്‌ലിസിന്റെ ഒന്നാം വാർഷിക സമ്മേളനം കോഴിക്കോട്ടാണ് നടന്നത്. സർ സയ്യിദ് മുഹമ്മദ് ഹബീബുല്ലയായിരുന്നു ആധ്യക്ഷ്യം വഹിച്ചിരുന്നത്. പ്രസ്തുത വാർഷിക യോഗത്തിലും വിവിധ ചിന്താഗതികൾ വെച്ചുപുലർത്തുന്ന ധാരാളം പേർ പങ്കെടുത്തു. ഇത് വഴി മജ്‌ലിസിൽ

mappilaheritagelibrary.com

രാഷ്ട്രീയ വടംവലി മറനീക്കുവാൻ തുടങ്ങി. മൊയ്തു മൗലവിയും, മുഹമ്മദ് അബ്ദു റഹിമാൻ സാഹിബും ദേശീയ മുസ്ലിംകളെന്ന ലേബലിൽ കോൺഗ്രസ്സിലെ മുസ്ലിം നേതാക്കളായിട്ടാണു യോഗത്തിൽ പങ്കെടുത്തിരുന്നത്. ഈ ഘട്ടത്തിലാണ് കോൺഗ്രസ്സുകാരനായിരുന്ന കെ. എം.സീതി സാഹിബിനുള്ളിൽ ചിന്തയുടെ കൊടുങ്കാറ്റ് ആഞ്ഞു വീശാൻ തുടങ്ങിയത്. ഇത്തരമൊരു ചിന്ത അദ്ദേഹത്തിൽ അങ്കുരിക്കുവാൻ കെ.എം മൗലവിയുടെ പ്രേരണയും ഉണ്ടായിരുന്നു. മുസ്ലിം സമുദായത്തിന്റെ ഭാവി കോൺഗ്രസ്സിൽ ഭദ്രമാവുമോ എന്ന ആശങ്ക അദ്ദേഹത്തെ ആ തീരുമാനത്തിലെത്തിച്ചു. സീതി സാഹിബ് കോൺഗ്രസ്സുമായി അകന്നു. ഈ കാലഘട്ടത്തിലായിരുന്നു സത്താർ സേട്ടു സാഹിബുമായും സി.പി മമ്മുകേയിസാഹിബുമായും സീതിസാഹിബ് കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാൻ തുടങ്ങുന്നത്. ഇരുനേതാക്കളും അവരവരുടെ ഹൃദയത്തിലാണ് സീതി സാഹിബിനെ പ്രതിഷ്ഠിച്ചിരുന്നത്. സമുദായ പ്രവർത്തനത്തിലുള്ള സീതി സാഹിബിന്റെ പ്രതിബദ്ധത ഒരുവേള അവരെ സീതി സാഹിബിന്റെ അനുയായികളാക്കാൻ ഉതകുന്നതായിരുന്നു.

മജ്‌ലിസിന്റെ വാർഷിക സമ്മേളന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സീതിസാഹിബിനെയായിരുന്നു ഭാരവാഹികൾ കണ്ടെത്തിയിരുന്നത്.

മുസ്ലിം മജ്‌ലിസിന്റെ പ്രവർത്തനങ്ങളിൽ സീതി സാഹിബ് സജീവമായതോടെ മജ്‌ലിസിന്റെ പ്രവർത്തനങ്ങൾക്ക് ഒരു ഊർജ്ജസ്വലത തന്നെ കൈവന്നുവെന്ന് പറയാം. സാമുദായിക രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ മജ്‌ലിസ് ചലനങ്ങൾ സൃഷ്ടിക്കുവാൻ തുടങ്ങി. യുവാക്കൾ സാഹിബിൽ ആകൃഷ്ടരായി. അവരൊക്കെയും മുസ്ലിം ക്ലബിൽ നിത്യസന്ദർശകരായി. സാമുദായിക രാഷ്ട്രീയ കാര്യങ്ങൾ അവിടെ നിരന്തരം ചർച്ച ചെയ്യപ്പെടുകയും യുവാക്കൾ സീതിസാഹിബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയും ചെയ്തു.

ഇത്തരം പ്രവർത്തനങ്ങളുടെ തിരക്ക് മൂലം പലപ്പോഴും സീതിസാഹിബിന് കോടതിയിൽ ഹാജരാവാൻ കഴിയാതെ വന്നു. ഈ നേരങ്ങളിൽ അദ്ദേഹത്തിന്റെ ജൂനിയർ വക്കീലുമാർ കോടതികളിൽ ഹാജരായി കേസ് മാറ്റിവെക്കുവാൻ കോടതിയോടഭ്യർത്ഥിക്കുമ്പോൾ ജഡ്ജിമാർ അനുഭാവപൂർവ്വം അത് പരിഗണിച്ചു. സീതി സാഹിബിനോട് ജഡ്ജിമാർക്കുള്ള ആദരവായിരുന്നു അതിന്റെ അടിസ്ഥാനം.

അറുപതുകളിൽ മദിരാശി ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റിസ് പി. കുഞ്ഞഹമ്മദ് കുട്ടി ഹാജി, സുപ്രീം കോടതി ജഡ്ജിയായി വിരമിച്ച ജസ്റ്റിസ് വി. ഖാലിദ് എന്നിവർ അദ്ദേഹത്തിന്റെ കൂടെ ജൂനിയർ വക്കീലന്മാരായി പ്രാക്ടീസ് ചെയ്തവരായിരുന്നു.

സീതി സാഹിബിന്റെ വക്കീലാപ്പീസിന്റെ മേശപ്പുറം കേസുകെട്ടുകളുടെ കൊച്ചു കൊച്ചു കുന്നുകളായി രൂപാന്തരപ്പെടുവാൻ തുടങ്ങി. കേ

mappilaheritagelibrary.com

സുകെട്ടുകൾക്ക് പിന്നിൽ കസേരയിൽ ഇരിക്കുന്ന സീതിസാഹിബിന്റെ ശിരസ്സ് പുറമേക്ക് കാണാൻ കഴിയാത്ത വിധം അവ പെരുകിക്കൊണ്ടിരുന്നു.

ഓഫീസിലെ സ്റ്റാഫ് അംഗങ്ങളോട് സ്നേഹനിർഭരമായിട്ടായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ഒരിക്കൽ സീതിസാഹിബ് കുറെ കത്തുകൾ ടൈപ്പ് ചെയ്യാനായി തന്റെ വിശ്വസ്ത ഗുമസ്ഥനായിരുന്ന വല്യാട്ട് മുഹമ്മദിനെ ഏല്പിച്ചു. മുഹമ്മദ് ആകട്ടെ തന്റെ അനന്തിരവനും സ്റ്റാഫ് അംഗവുമായ കാട്ടാളി മുഹമ്മദിനെ കത്തുകൾ ഏൽപ്പിച്ചു. അദ്ദേഹം കത്തുകൾ വിശദമായി പരിശോധിച്ചു. സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരുടേയും, കേസുകൾ സംബന്ധിച്ച കക്ഷികളുടെയും കത്തുകൾ അതിലുണ്ടായിരുന്നു. അവക്കുള്ള മറുപടിയും. സ്റ്റാഫ് എന്ന നിലക്ക് സ്വാഭാവികമായും കാട്ടാളി മുഹമ്മദ് കേസ് സംബന്ധിച്ച അന്വേഷണ കത്തുകൾക്കുള്ള മറുപടികൾ ടൈപ്പ് ചെയ്യാൻ തുടങ്ങി. അവക്ക് മുൻഗണന നൽകി. എന്നിട്ടവ സീതി സാഹിബിനെ കാണിച്ചു. കത്തുകൾ കണ്ടയുടനെ സീതിസാഹിബിന്റെ ഭാവം മാറി. പാർട്ടി പ്രവർത്തകരായ സാധാരണക്കാരുടെ കത്തുകൾക്കുള്ള മറുപടികളായിരുന്നു അദ്ദേഹം പ്രതീക്ഷിച്ചിരുന്നത്. അത്തരം കത്തുകൾക്കായിരുന്നു മുൻഗണന കൊടുക്കേണ്ടിയിരുന്നതെന്ന് അദ്ദേഹം ടൈപ്പിസ്റ്റിനോട് അല്പം കടുപ്പിച്ച് തന്നെ പറഞ്ഞു. അതോടെ ആ സംഭവം അദ്ദേഹം മറക്കുകയും ചെയ്തു. വൈകീട്ട് കാട്ടാളി മുഹമ്മദിന്റെ അമ്മാവൻ വല്യാട്ട് മുഹമ്മദിനോട് ഈ കാര്യം സീതി സാഹിബ് സരസമായി പറയുകയും ചിരിക്കുകയും ചെയ്തു. ഏതൊരു അനിഷ്ടമായ കാര്യത്തിനും അത്രമാത്രമെ സീതി സാഹിബ് പരിഗണന കൊടുത്തിരുന്നുള്ളൂവെന്ന് ചുരുക്കം. പിന്നെയും അതിനെചൊല്ലി പരുഷമായി സംസാരിക്കുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നില്ല. തന്നെ പ്രയാസപ്പെടുത്തുന്ന ഏതൊരു അനിഷ്ട കാര്യങ്ങളും പെട്ടെന്ന് മറക്കുവാനും പൊറുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. വല്യാട്ട് മുഹമ്മദ്, കാട്ടാളി മുഹമ്മദ്, പയരോത്ത് അനന്തൻ നായർ, സപ്ലൈ ഉസ്മാൻ എന്നീ സ്റ്റാഫ് അംഗങ്ങളൊക്കെയും അദ്ദേഹത്തിന്റെ സ്നേഹം അനുഭവിച്ചറിഞ്ഞു.

അനന്തൻ നായർ കോൺഗ്രസ്സിന്റെ നേതാവ് കൂടിയായിരുന്നു. സീതി സാഹിബാകട്ടെ കോൺഗ്രസ്സിനോട് മാനസികമായി വിടപറഞ്ഞ് കഴിഞ്ഞിരുന്നു. എന്നാൽ സീതി സാഹിബിനെ വിട്ടൊഴിയാൻ അനന്തൻ നായർ കൂട്ടാക്കിയില്ല. സീതിസാഹിബിനെ അത്രമേൽ അനന്തൻ നായർ ഇഷ്ടപ്പെട്ടു. അനന്തൻ നായരുടെ രാഷ്ട്രീയ കാര്യങ്ങളിൽ സീതി സാഹിബ് ഒരിക്കൽ പോലും ഇടപെട്ടതുമില്ല.

രണ്ട് മൂന്ന് വർഷത്തിന് ശേഷം, അതായത് 1934 ൽ കേന്ദ്രനിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വല്യാട്ട് മുഹമ്മദ് കോൺഗ്രസ്സ് സ്ഥാനാർത്ഥിയായിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന് വേണ്ടി സ

mappilaheritagelibrary.com

ജീവമായി പ്രവർത്തിച്ചപ്പോഴും സീതി സാഹിബ് ഒരനിഷ്ടവും കാണിച്ചില്ലെന്ന് മാത്രമല്ല തന്റെവിശ്വസ്ത ക്ലർക്കായി തന്നെ വല്യാട്ട് മുഹമ്മദിനെ നിലനിർത്തുകയും ചെയ്തു. സീതി സാഹിബ് ആ തെരഞ്ഞെടുപ്പിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ മുഖ്യ എതിരാളിയായിരുന്ന സത്താർ സേട്ടു സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുയും ചെയ്തു. സീതി സാഹിബിന്റെ സഹിഷ്ണുതയുടെയും സന്മനോഭാവത്തിന്റെയും അടയാളങ്ങളായിരുന്നു അനന്തൻ നായരുടേയും വല്യാട്ട് മുഹമ്മദിന്റെയും രാഷ്ട്രീയ പ്രവർത്തനങ്ങൾ.

പാർട്ടി സംബന്ധമായ ദീർഘ യാത്ര കഴിഞ്ഞ് വന്നാൽ നേരെ അകത്ത് പോയി വസ്ത്രം മാറി കോടതിയിൽ പോകാനുള്ള കറുത്ത കോട്ട് ധരിച്ച് തലയിൽ തൊപ്പിയുമിട്ട് നേരെ കോടതിയിലേക്ക്. ഇതിനിടയിൽ കേസ് സംബന്ധിച്ച് റഫർ ചെയ്യാനൊന്നും മെനക്കെടാറില്ല. എല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ അടുക്കി വെച്ചിട്ടുണ്ടാവും. കോടതിയിൽ കയറി തന്റെ കക്ഷിക്ക് വേണ്ട കേസ് വാദിക്കും. കക്ഷികളേയും അനുയായികളെയും ഒരേ സമയം അത്ഭുതപ്പെടുത്തുന്നതായിരുന്നു സീതി സാഹിബിന്റെ ഈ സിദ്ധി വിശേഷം. കേസിന്റെ നമ്പർ, അതിന്റെ തിയ്യതി, നാള്, നേരത്തെ വാദിച്ചതിന്റെ വിവരങ്ങൾ എല്ലാം അടരുകളായി അദ്ദേഹത്തിന്റെ ഓർമ്മയിൽ ഉണ്ടായിരിക്കും, ഒരു ഇഴ പോലും ഇടറാതെ. ദിവസവും രാവിലെ നാലരമണിക്ക് സീതിസാഹിബ് എഴുന്നേൽക്കും. പിന്നെ സുബ്ഹി നമസ്കാരം നമസ്കാരം കഴിഞ്ഞാൽ നാല് കിലോമീറ്ററോളം പ്രഭാത നടത്തം. നടത്തം കഴിഞ്ഞു വന്നാൽ ഖുർആൻ പഠനം. പിന്നെയാണു ചായ കഴിക്കുക. അതു കഴിഞ്ഞ് രാഷ്ട്രീയ സാമുദായിക പ്രശ്നങ്ങളുടെ ചുരുളഴിക്കൽ, തുടർന്ന് കക്ഷികളുടെ കേസുകൾ. സാമ്പത്തിക പ്രയാസം അനുഭവപ്പെടുന്ന കക്ഷികളുടെ കേസുകൾക്ക് പ്രത്യേകം പരിഗണന നൽകി സൗജന്യമായി അവർക്ക് വേണ്ടി വാദിക്കും.

കക്ഷികളോ അല്ലാത്തവരോ കളവ് പറയുന്നതും വസ്തുതകൾ മറച്ച് വെക്കുന്നതും സീതി സാഹിബ് ഒരിക്കലും പൊറുക്കില്ല. ഇതറിയാവുന്നവർ സത്യമല്ലാത്ത കേസുകളുമായി സീതി സാഹിബിനെ സമീപിച്ചില്ല. രാഷ്ട്രീയ പ്രവർത്തകരും ഇതേ മാത്യക തന്നെ പിൻതുടർന്നു. സീതി സാഹിബ് സ്ഥലത്ത് ഇല്ലാത്തപ്പോൾ കത്തുകൾ പൊട്ടിക്കുവാനുള്ള അവകാശം വല്യാട്ട് മുഹമ്മദിന് നൽകിയിരുന്നു. മടങ്ങി വന്നാൽ കത്തുകൾ വന്ന കാര്യം പറയണം എന്നുമാത്രം. മറ്റൊന്നിനുമല്ല. കത്തയച്ചവർക്ക് അപ്പോൾ തന്നെ മറുപടി എഴുതുക എന്നത് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. ഇവിടെയും മുൻഗണന നൽകിയിരുന്നത് സാധാരണക്കാരായ പാർട്ടി പ്രവർത്തകരുടെ കത്തുകൾക്കായിരുന്നു. കോടതി സംബന്ധമായ കത്തുകൾ വൈകുന്നുവെന്ന് ക്ലാർക്ക് വല്യാട്ട് മുഹമ്മദ് സീതി സാഹിബിനെ ഒരിക്കൽ ഓർമ്മപ്പെടുത്തി. അപ്പോൾ സീതി സാഹിബ് മുഹമ്മദിനെ പുഞ്ചിരിയോടെ സമാധാനപ്പെടുത്തിക്കൊണ്ട് പറഞ്ഞു,

mappilaheritagelibrary.com

"എനിക്കറിയാം മുഹമ്മദേ, കോടതി സംബന്ധമായ കത്തുകൾക്കുള്ള മറുപടി കാലഹരണപ്പെടാറായിട്ടില്ലല്ലോ. അങ്ങിനെയല്ലല്ലോ സമുദായത്തിന്റെയും പാർട്ടിയുടേയും പ്രവർത്തകർ. അവർ നമ്മുടെ മറുപടിക്കായി കാത്ത് നിൽക്കുകയായിരിക്കും. അത്കൊണ്ടാണ് ഇത്തരം കത്തുകൾക്ക് പെട്ടെന്ന് തന്നെ മറുപടി എഴുതുന്നത്." അപ്പോൾ മുഹമ്മദ് വീണ്ടും ഇടപെട്ടു. കക്ഷികൾ വല്ലാതെ ആവലാതിപ്പെടുന്നു. "ശരിയാണ്. ഇതിന് കക്ഷികളുണ്ട് പക്ഷെ സമുദായത്തിന്റെ, പാർട്ടിയുടെ കാര്യങ്ങൾക്ക് ആരുണ്ട് കക്ഷികൾ?" സീതി സാഹിബിന്റെ മറുപടിക്ക് മുമ്പിൽ മുഹമ്മദിന് പിന്നീടൊന്നും പറയാനുണ്ടാകില്ല.

പാർട്ടിയുടെ കാര്യങ്ങൾക്കും പൊതുകാര്യങ്ങൾക്കുമായി ചിലപ്പോൾ ആഴ്ചകളോളം സീതി സാഹിബ് തലശ്ശേരിയിൽ നിന്നും മാറിനിൽക്കേണ്ടി വരുമായിരുന്നു. ഇതുകാരണം കക്ഷികൾ മറ്റ് വക്കീലന്മാരെ തേടിപ്പോയി. ഇത്മൂലം ഉണ്ടായിക്കൊണ്ടിരുന്ന സാമ്പത്തിക നഷ്ടത്തെപ്പറ്റി മറ്റൊരിക്കൽ വല്യാട്ട് മുഹമ്മദ് സീതി സാഹിബിന്റെ ശ്രദ്ധയിൽപ്പെടുത്തി. അപ്പോൾ പുഞ്ചിരി തൂകികൊണ്ട് സീതിസാഹിബ് മുഹമ്മദിനെ സമാധാനിപ്പിക്കും വിധം പറഞ്ഞു. "ഞാനും അതറിയുന്നുണ്ട് മുഹമ്മദ്. അന്യാശ്രയം കൂടാതെ നമുക്കും ജീവിക്കണം. അത്രമാത്രമേ എനിക്കാഗ്രഹമുള്ളൂ. സമ്പാദ്യം വർദ്ധിപ്പിക്കുന്നതിനേക്കാൾ ഉപരിയായി പലതും നമുക്ക് ഇവിടെ ചെയ്ത് തീർക്കാനില്ലേ?" നിഷ്കളങ്കമായ ആ മറുപടിക്ക് മുമ്പിൽ മുഹമ്മദിന്റെ കണ്ണുകൾ നിറഞ്ഞുപോയി.

"തലശ്ശേരിയിൽ പ്രാക്ടീസ് ചെയ്തിരുന്ന ഇരുപത്തിയഞ്ച് വർഷക്കാലം പണം സമ്പാദിക്കണമെന്ന് സീതി സാഹിബ്" ആഗ്രഹിച്ചിരുന്നുവെങ്കിൽ തലശ്ശേരിയിലെ അന്നത്തെ ലക്ഷാധിപതിയായി മാറുമായിരുന്നു സീതി സാഹിബ്" വല്യാട്ട് മുഹമ്മദ് കണ്ണീരോടെ ഓർക്കുന്നു.(സീതി സാഹിബ് സ്മാരക ഗ്രന്ഥം)

mappilaheritagelibrary.com

പത്ത്
കോൺഗ്രസ്സിനോട് വിട

1930കൾ തൊട്ട് കേരളത്തിലെ കോൺഗ്രസ്സ് പുതിയൊരു പാതയിലേക്കാണ് നീങ്ങിയത്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന് പോലും പാർട്ടിയിൽ നിൽക്കാൻ പറ്റാത്ത ഒരവസ്ഥ. അത്രത്തോളം എത്തിയിരുന്നു കോൺഗ്രസ്സിലെ അന്തഃഛിദ്രം.

1931 മെയ് മാസത്തിൽ വടകരയിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഒരു രാഷ്ട്രീയ സമ്മേളനം നടന്നു. ദേശപ്രിയസെൻ ഗുപ്ത, വീരനരിമാൻ, ആന്ധ്രാ കേസരി ടി.എം പ്രകാശം എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കേരള സംസ്ഥാന വിദ്യാർഥി സമ്മേളനത്തിന്റെ അധ്യക്ഷനായി വന്നത് കെ.എഫ് നരിമാനായിരുന്നു. സ്വീകരണ സംഘത്തിന്റെ തലപ്പത്ത് മുഹമ്മദ് അബ്ദുറഹിമാനും ഉണ്ടായിരുന്നു. വടകര സമ്മേളനത്തിൽ രൂക്ഷമായ അഭിപ്രായ സംഘട്ടനമാണ് ഉണ്ടായത്. രണ്ട് വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം പ്രകോപനപരമായ രീതിയിൽ തന്നെ അവിടെ കാണപ്പെട്ടു. ഒരു ഘട്ടത്തിൽ കെ. നാരായണൻ നായർ എന്ന കോൺഗ്രസ്സ് നേതാവ് പ്രസംഗമധ്യേ മുസ്ലിംകൾക്കെതിരെ നടത്തിയ പരാമർശം സദസ്സിനെ ചൊടിപ്പിച്ചു. അവർ പ്രതിഷേധ സ്വരങ്ങളുമായി എഴുന്നേറ്റു നിന്ന് നാരായണൻ നായരുടെ പരാമർശത്തിനെതിരെ പ്രതികരിക്കുവാൻ തുടങ്ങി.

സമ്മേളനം അലങ്കോലപ്പെട്ടു. നെഹ്റു കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് നേരത്തെതന്നെ വലിയൊരു വിഭാഗം മുസ്ലിംകൾ കോൺഗ്രസ്സിനെ കയ്യൊഴിഞ്ഞ് തുടങ്ങിയിരുന്നു. നാരായണൻ നായരുടെ പരാമശം അത്തരം നീക്കങ്ങൾക്ക് ആക്കം കൂട്ടുവാൻ മാത്രമേ ഉപകരിച്ചുള്ളൂ.

യോഗം ബഹളമായതിനെത്തുടർന്ന് രാജ്യത്ത് സമുദായ മൈത്രി പുലർത്തണമെന്ന ഒരു പ്രമേയം യോഗത്തിൽ അവതരിപ്പിക്കുവാൻ തീരുമാനിച്ചു. പ്രമേയ അവതാരകൻ നാരായണൻ നായർ തന്നെ ആയിരിക്കണമെന്നും യോഗം നിശ്ചയിച്ചു. നാരായണൻ നായർ അങ്ങനെതന്നെ ചെയ്തുവെങ്കിലും മുറിവേറ്റ മുസ്ലിം മനസ്സുകൾ ശാന്തമായില്ല. മുസ്ലിം മജ്ലിസ് തലശ്ശേരിയിൽ രൂപീകരിക്കുന്നതിന് തൊട്ടയൽപ്രദേശമാ

mappilaheritagelibrary.com

യ വടകരയിൽ നടന്ന ഈ സംഭവം ഒരളവോളം കാരണമായിട്ടുണ്ട്. മുസ്‌ലിം മജ്‌ലിസിൽ എല്ലാ വിഭാഗങ്ങൾക്കും അംഗങ്ങളാവാമെന്നിരിക്കെ മജ്‌ലിസിനെ കോൺഗ്രസ്സ് പാളയത്തിലേക്ക് വലിച്ചടുപ്പിക്കാനായിരുന്നു ഇ. മൊയ്തു മൗലവിയും അബ്ദുറഹിമാൻ സാഹിബും ശ്രമിച്ചത്. ഇത് മജ്‌ലിസിനുള്ളിൽ രണ്ട് വിഭാഗങ്ങളെ സൃഷ്ടിക്കാൻ കാരണമായി. കോൺഗ്രസ്സിന് പുറത്ത് 'മുഹമ്മദ് അബ്ദുറഹിമാൻ' സാഹിബ് മതേതരവാദിയായി മുദ്രകുത്തപ്പെട്ടു. കോൺഗ്രസ്സിനുള്ളിലെ ഈ അഭിപ്രായ ഭിന്നതക്ക് ആദർശപരമായ കാരണം കണ്ടെത്തുന്നത് സത്യവിരുദ്ധമായിരിക്കുമെന്ന് 'മുഹമ്മദ് അബ്ദുറഹിമാൻ' എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ അതിന്റെ രചയിതാക്കൾ തന്നെ അവകാശപ്പെടുന്നുണ്ട്. "ഉപരിതലത്തിൽ അവർ ഒരു സംഘടനയുടെ പ്രവർത്തകരായിരുന്നുവെങ്കിലും ഉള്ളുറകളിൽ വ്യക്തി വൈരാഗ്യങ്ങളുടെ ഉമിത്തീ നീറിയെരിഞ്ഞു" (മുഹമ്മദ് അബ്ദു റഹിമാൻ പേജ് 251)

കോൺഗ്രസ്സിനുള്ളിലെ ഈ പുകച്ചിൽ സീതിസാഹിബ് സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ടായിരുന്നു. കെ.എം മൗലവിയെപ്പോലുള്ള, ഇ.കെ മൗലവിയെപ്പോലുള്ള സീതി സാഹിബിന്റെ ഗുരുക്കന്മാർ കോൺഗ്രസ്സിനുള്ളിലെ സംഭവങ്ങൾ അതിനിശിതമായി വിശകലനം ചെയ്ത് കൊണ്ടിരുന്നു.

1931 സെപ്തംബറിൽ നടന്ന കോഴിക്കോട് മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പ് കോൺഗ്രസ്സിനുള്ളിലെ വടംവലി പുറത്ത് കൊണ്ടുവന്നു. തീരെ വിജയ സാധ്യത ഇല്ലാത്ത എഴാം വാർഡാണ് മുഹമ്മദ് അബ്ദു റഹിമാന് മത്സരിക്കാനായി കോൺഗ്രസ്സ് പാർല്ലിമെന്ററി ബോർഡ് നൽകിയത്. ജയിച്ചാൽ മുഹമ്മദ് അബ്ദുറഹിമാനെ ചെയർമാനാക്കാമെന്ന അലിഖിതമായ ഒരു കരാറുണ്ടായിരുന്നു. തോല്പിക്കാനായിരുന്നു നിർത്തിയതെങ്കിലും അബ്ദുറഹിമാൻ ജയിച്ചു. എന്നാൽ കോൺഗ്രസ്സ് വാക്ക് പാലിച്ചില്ല. ചെയർമാൻ പദവി വഹിക്കാൻ തക്കവണ്ണം അബ്ദുറഹിമാന് ഭരണ പരിചയമില്ല എന്നായിരുന്നു എതിർ വിഭാഗത്തിന്റെ വാദം. പകരം വൈസ് ചെയർമാനാക്കാമെന്ന ഒരു ഓഫർ മുന്നോട്ടു വച്ചു അവർ. അബ്ദുറഹിമാൻ അത് സ്വീകരിച്ചില്ല. കുറച്ചു കാലങ്ങൾക്ക് ശേഷം പാർട്ടിയിലെ സ്ഥാനങ്ങൾ രാജിവെച്ചൊഴിഞ്ഞു അദ്ദേഹം. ഇതോടെ കോൺഗ്രസ്സിനുള്ളിൽ വ്യക്തമായ രണ്ട് ചേരി രൂപപ്പെട്ടു. അവരാകട്ടെ അടുക്കാൻ വയ്യാത്ത വിധം അകലുകയും ചെയ്തു.

കോൺഗ്രസ്സിലെ ഈ സംഭവങ്ങളെല്ലാം ബഹുഭൂരിപക്ഷം വരുന്ന മുസ്‌ലിംകളെ ഇരുത്തി ചിന്തിപ്പിച്ചു. ചർച്ചകളുടേയും പര്യാലോചനകളുടെയും തലങ്ങളിലേക്ക് ഇത്തരം ചിന്ത അവരെ എത്തിച്ചു. മുസ്‌ലിം ക്ലബായിരുന്നു ഈ മാതിരി ചർച്ചകളുടെ സിരാകേന്ദ്രമായി വർത്തിച്ചത്. ഈ കുഴമറിച്ചിൽ ദേശീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ തന്നെ സാരമായി ബാധിച്ചു.

mappilaheritagelibrary.com

"കോൺഗ്രസ്സിനു വേണ്ടി സർവ്വവും ത്യജിച്ച യുവകേസരിയായിരുന്ന അബ്ദു റഹിമാനെപ്പോലുള്ളവരോട് കോൺഗ്രസ് നേതൃത്വത്തിന്റെ നിലപാട് ഇത്തരത്തിലാണെങ്കിൽ മുസ്ലിംകളോട് അവർക്കുള്ള അനുഭാവം തൊലിപ്പുറം കടക്കുമോ" (മുഹമ്മദ് അബ്ദു റഹിമാൻ ജിവ ചരിത്ര ഗ്രന്ഥം പേജ് 285) . ഈ ചോദ്യം അന്നത്തെ ബഹുഭൂരിപക്ഷം മുസ്ലിംകളുടെയും സന്ദേഹമായിരുന്നു. 1932 ജനുവരിയിൽ കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി രൂക്ഷമായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന് പിരിച്ചു വിട്ടു.

കോൺഗ്രസ്സും മുസ്ലിംകളും അകന്നു കഴിഞ്ഞിരുന്ന ഈയൊരു പശ്ചാതലത്തിലാണ് തനിക്ക് തർജ്ജമ ചെയ്യാൻ സീതി മാത്രം മതിയെന്നു ഗന്ധിജിയാൽ പുകഴ്ത്തപ്പെട്ട, കേരളത്തിലെ കോൺഗ്രസ്സ് നേതൃത്വത്തെ പ്രതിനിധീകരിച്ച് പലപ്രാവശ്യം എ.ഐ.സി.സി സമ്മേളനത്തിൽ പങ്കെടുത്ത, സർവ്വരാലും ആദരിക്കപ്പെട്ട കെ.എം. സീതി സാഹിബ് കോൺഗ്രസ്സിനോട് വിടപറയുന്നത്.

കോൺഗ്രസ്സിൽ നിന്ന് തന്റെ സമുദായത്തിന് നല്ലതായിട്ടൊന്നും പ്രതീക്ഷിക്കാനില്ലെന്ന തിരിച്ചറിവിൽ 1932 ൽ അദ്ദേഹം കോൺഗ്രസ്സിൽ നിന്നും മാറി നില്ക്കാൻ തീരുമാനിച്ചു. ഈ പിരിമുറുക്കങ്ങൾക്കിടയിലാണ് കേന്ദ്ര നിയമസഭാ തെഞ്ഞെടുപ്പ് വന്നത്. മുസ്ലിം മജ്ലിസിൽ നേരത്തെ തന്നെ പലവിഭാഗങ്ങളും ഉണ്ടായിരുന്നു. അതിനാൽ തന്നെ കേന്ദ്ര നിയമസഭാ തെരഞ്ഞെടുപ്പിൽ വിവിധങ്ങളായ ചേരികൾ ഉരുത്തിരിയുക സ്വാഭാവികം. പാർട്ടിയോട് ആലോചിക്കാതെ മുഹമ്മദ് അബ്ദുറഹിമാൻ സ്വന്തം നിലക്ക് തന്നെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. കോൺഗ്രസ്സിലെ ഉൾപ്പോര് അത്രമേൽ രൂക്ഷമായിരുന്നുവെന്ന് സാരം. തെരഞ്ഞെടുപ്പ് നിയോജകമണ്ഡലമാകട്ടെ സൗത്ത് കാനറ, നീലഗിരി, മലബാർ എന്നീ ജില്ലകളിലായി പരന്ന് കിടക്കുകയായിരുന്നു. മുസ്ലിം മജ്ലിസിലെ ബഹുഭൂരിപക്ഷം വരുന്ന വിഭാഗം അബ്ദു സത്താർ സേട്ടു സാഹിബിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. വർഷം തോറും അമ്പത് ഉറുപ്പിക യും അതിൽ കൂടുതലും സർക്കാരിലേക്ക് കരമടക്കുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. പടിഞ്ഞാറൻ കരയിൽ രണ്ട് സീറ്റുകളാണ് ഉണ്ടായിരുന്നത്. ഒന്ന് അമുസ്ലിം നിയോജക മണ്ഡലം. അതിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി സാമുവൽ ആറോണിനെ പാർട്ടി പ്രഖ്യാപിച്ചു. മുഹമ്മദ് അബ്ദുറഹിമാൻ മുസ്ലിം നിയോജക മണ്ഡലത്തിലാണു മത്സരിച്ചത്. എതിർ സ്ഥാനാർത്ഥിയായി സേട്ടുസാഹിബും. ഇരുവരും സ്വതന്ത്രസ്ഥാനാർത്ഥികളായിട്ടാണ് മത്സരിച്ചത്. കാരണം ഇരുവരും കോൺഗ്രസ്സ് പാർട്ടിയിലുള്ളവരായിരുന്നു.

സത്താർ സേട്ടു സാഹിബിന്റെ നോമിനേഷൻ സമർപ്പണ വേളയിൽ അദ്ദേഹം ഫ്രഞ്ച് പൗരനാണെന്നും അദ്ദേഹത്തിന്റെ പിതാവ് ഫ്രഞ്ച് കാരനാണെന്നും അബ്ദുറഹിമാന്റെ അഭിഭാഷകൻ ശങ്കരനുണ്ണി വാദിച്ചത്

mappilaheritagelibrary.com

റിട്ടേണിംഗ് ഓഫീസർ തള്ളിക്കളഞ്ഞു.

മുഹമ്മദ് അബ്ദുറഹിമാനും സത്താർ സേട്ടു സാഹിബും തമ്മിലുള്ള വാശിയേറിയ മത്സരത്തിന് തിരികൊളുത്തപ്പെട്ടു. മുഹമ്മദ് അബ്ദുറഹിമാനെ കോഴിക്കോട്ടെ പ്രമുഖ വ്യാപാരിയും ആദ്യത്തെ കപ്പലുടമയുമായ എസ്. വി. വെങ്കിടാചലം കയ്യയച്ച് സഹായിച്ചു. കോഴിക്കോട്ടെ പാലാട്ട് കുഞ്ഞിക്കോയയുടെ വസതിയായ പാലാട്ട് ഹൗസിൽ താമസിച്ചുകൊണ്ട് അബ്ദുറഹിമാൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പണവും ആൾസഹായവും പാലാട്ട് ഹൗസിലേക്ക് പ്രവഹിക്കാൻ തുടങ്ങി. കോഴിക്കോട്ടെ പ്രമുഖ കോൺട്രാക്റ്ററായിരുന്ന എസ് എം മൊയീതീൻകോയയെപ്പോലുള്ളവർ അബ്ദുറഹിമാനെ ധനപരമായി സഹായിച്ചവരിൽ പ്രമുഖരാണ്. വയനാട്ടിലെ സുന്ദരയ്യർ, നിലമ്പൂരിലെ ചിന്നൻ മേനോൻ, കണ്ണൂരിലെ സാമുവൽ ആറോൺ, എടപ്പാളിലെ അപ്പു നായർ, ഫറോക്കിലെ ചേലാനമ്പീശൻ, എന്ന് വേണ്ട മലബാറിലെ അറിയപ്പെടുന്ന ധനികരെല്ലാം മുഹമ്മദ് അബ്ദുറഹിമാന്റെ പിന്നിൽ അണിനിരന്നു. സത്താർ സേട്ടു സാഹിബിന്റെ പിന്നിലാകട്ടെ ഏതാനും ചെറുപ്പക്കാർ മാത്രം. അവർക്കാകട്ടെ വോട്ടുകളും ഉണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ കടിഞ്ഞാൺ സീതി സാഹിബിന്റെ കരങ്ങളിൽ അർപ്പിതമായി. മത്സരം അബ്ദു റഹിമാൻ സാഹിബും സത്താർ സേട്ടും എന്ന നിലയിലെത്തിയപ്പോൾ വീറും വാശിയും കൂടി. ജനറൽ സീറ്റിലെ തെരഞ്ഞെടുപ്പിനേക്കാൾ വലിയ വാശി. സർവ്വരാലും ആദരിക്കപ്പെട്ടു പോന്ന കോൺഗ്രസ്സിന്റെ സമുന്നത നേതാവു കൂടിയായിരുന്ന സത്താർ സേട്ടു സാഹിബിനെതിരെ വായിൽ വന്നതെല്ലാം അബ്ദു റഹിമാൻ സാഹിബിന്റെ അനുയായികൾ മുദ്രാവാക്യങ്ങളാക്കി. അദ്ദേഹത്തെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന ലേഖനങ്ങൾ 'അൽ അമീനി'ൽ വന്ന് കൊണ്ടിരുന്നു. ഹനഫിയായ സേട്ടു സാഹിബിന് വോട്ട് നൽകരുതെന്ന കുറിപ്പ് അൽ അമീനിൽ പ്രസിദ്ധീകരിക്കപ്പെട്ടത് വ്യാപകമായ പ്രതിഷേധങ്ങൾക്കിടയാക്കി. ഈ കുറിപ്പ് അബ്ദുറഹിമാൻ സാഹിബിന് വിപരീത ഫലമാണ് ഉണ്ടാക്കിയത്. ഒരു ആപൽഘട്ടത്തിൽ മലബാറിലെ മുസ്‌ലിം സമുദായത്തിന് മുസ്‌ലിം ലിഗിന്റെ ദീപശിഖ തെളിയിച്ച് കൊടുത്ത നേതാവ്. മുസ്‌ലിം രാഷ്ട്രീയ ചരിത്രത്തിൽ അത്യുന്നതമായ ഒരു സ്ഥാനമാണ് സേട്ടു സാഹിബിന് ഉണ്ടായിരുന്നത്. ഒരു സൂഫിയുടെ ജീവിതം നയിച്ച അദ്ദേഹത്തെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന പരാമർശങ്ങൾ ഉണ്ടായത് ഭൂരിപക്ഷം വരുന്ന മുസ്‌ലിംകളെ വല്ലാതെ വേദനിപ്പിച്ചു.

യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങളെ സമീപിക്കുന്നതിൽ ഒരു പരാജയമായിരുന്നു അബ്ദുറഹിമാൻ സാഹിബ്. ആവേശത്തിരമാലകളിലേറിയായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം. മുസ്‌ലിംകൾക്കിടയിലെ പുരോഗമന പ്രസ്ഥാനങ്ങൾക്കെതിരെ അദ്ദേഹം നിലകൊണ്ടു. അനാവ

mappilaheritagelibrary.com

ശ്യ വിവാദങ്ങൾ വിളിച്ച് വരുത്തി. പകരതയില്ലാത്ത കർക്കശക്കാരനും മുരട്ട് സ്വഭാവക്കാരനുമായിരുന്നു അദ്ദേഹമെന്ന് 'മുഹമ്മദ് അബ്ദുറഹിമാൻ' ഗ്രന്ഥ രചയിതാക്കൾ തന്നെ പറയുന്നുണ്ട് (മുഹമ്മദ് അബ്ദുറഹിമാൻ). അബ്ദുറഹിമാൻ സാഹിബിന് വേണ്ടിയുള്ള തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ കണ്ട് സത്താർ സേട്ടു സാഹിബിന്റെ അനുയായികൾ അന്ധാളിച്ചു. അവരോടായി സീതി സാഹിബ് പറഞ്ഞു. "നിരാശപ്പെടരുത്. നിരാശപ്പെടാതെ പ്രവർത്തിക്കുക. തീർച്ചയായും അല്ലാഹുവിന്റെ സഹായം നമുക്ക് ഉണ്ടാകും. ഏത് പ്രതിസന്ധിഘട്ടത്തിലും അല്ലാഹുവിലുള്ള വിശ്വാസം കൈവിടാതെ പ്രവർത്തിക്കുക. വിജയം സുനിശ്ചിതം." സീതി സാഹിബിന്റെ ഉദ്ബോധനം പ്രവർത്തകരെ കർമ്മോത്സുകരാക്കി. ആത്മാർത്ഥവും സത്യസന്ധവുമായുള്ള പ്രവർത്തനം, മധുരോദാരമായ, സൗമ്യമായ പ്രഭാഷണം, പ്രവർത്തനം ഇതായിരുന്നു സീതിസാഹിബിന്റെ പ്രവർത്തന ശൈലി. ഒരുകാലത്ത് തന്റെ കളിക്കൂട്ടുകാരനും ബന്ധുവുമായിരുന്ന മുഹമ്മദ് അബ്ദുറഹിമാനാണ് തന്റെ കക്ഷിയുടെ എതിർ സ്ഥാനാർത്ഥി എന്ന വിചാരം ഒരിക്കലും സീതിസാഹിബിനെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ സ്വാധീനിച്ചില്ല. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ചൂട് കത്തിപ്പടർന്ന ദിനങ്ങളിലൊരു രാത്രി സീതി സാഹിബിന്റെ വീടിന്റെ കതകിൽ ഒരു മുട്ട്. സമയം അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു. സീതി സാഹിബ് എഴുന്നേറ്റ് വാതിൽ തുറന്നു. മുമ്പിൽ തന്റെ പഴയ കളിത്തോഴൻ മുഹമ്മദ് അബ്ദു റഹിമാൻ!

ഇപ്പോൾ തന്റെ സ്ഥാനാർത്ഥി സേട്ടുസാഹിബിന്റെ മുഖ്യ എതിരാളി. മദുരോദാരമായ ആ പുഞ്ചിരി സീതി സാഹിബിന്റെ ചുണ്ടിൽ വിരിയാൻ ഏറെ നേരം വേണ്ടി വന്നില്ല. ആ പഴയ കൂട്ടുകാർ പരസ്പരം സലാം ചൊല്ലി ആലിംഗനത്തിൽ അമർന്നു. അവർ വിതുമ്പിയോ? കണ്ണീരൊഴുക്കിയോ? ആകാശത്തെ നക്ഷത്രങ്ങൾ മാത്രം സാക്ഷി! അർദ്ധരാത്രിയിലെ ആ സമാഗമത്തിന്, കുശലാന്വേഷണങ്ങൾക്ക് ശേഷം സീതിസാഹിബ് ചോദിച്ചു; "എന്തേ വന്നത്, ഞാനെന്താണ് ചെയ്യേണ്ടത്?" അബ്ദുറഹിമാൻ മറുപടി പറഞ്ഞു: "എനിക്ക് ഇവിടെ തലശ്ശേരിയിലും സമീപ പ്രദേശങ്ങളിലും തെരഞ്ഞെടുപ്പ് പ്രചാരണം നടത്തണം. അതിനായി എനിക്ക് നിങ്ങളുടെ കാറ് വേണം." ആരും സ്തംഭിച്ചു പോവും. താൻ പ്രചാരണത്തിന് നേതൃത്വം നൽകുന്ന തന്റെ കക്ഷിയുടെ എതിർ സ്ഥാനാർത്ഥി വന്ന് തന്റെ കാർ ആവശ്യപ്പെടുന്നു. ഏത് ആത്മാർത്ഥ സുഹൃത്താണെങ്കിലും ബന്ധുവാണെങ്കിലും പതറിപ്പോവുകയോ ഒഴിവു കഴിവ് പറയുകയോ ചെയ്യുന്ന അവസ്ഥ. സീതി സാഹിബ് ഒന്നും പറഞ്ഞില്ല. അകത്തേക്ക് പോയി. അബ്ദുറഹിമാൻ പുറത്ത് തന്നെ നിന്നു. അല്പം കഴിഞ്ഞ് സീതി സാഹിബ് പുറത്തേക്കു വന്നു. പുഞ്ചിരിയോടെ തന്നെ കയ്യിൽ കരുതിയ താക്കോൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന് കൊടുത്തു.

mappilaheritagelibrary.com

സീതി സാഹിബിന്റെ കാറ് ആ കാലങ്ങളിൽ പ്രധാനമായും ഉപയോഗിച്ചിരുന്നത് തലശ്ശേരിക്കാരായിരുന്നു. രോഗികളെ ആശുപത്രിയിലേക്ക് കൊണ്ടു പോകാൻ ആംബുലൻസ് ആയും മരിച്ചവരെ കൊണ്ടുവരാൻ മയ്യിത്ത് വാഹനമായും തലശ്ശേരിക്കാർ പ്രധാനമായും ഉപയോഗിച്ചിരുന്നത് സീതി സാഹിബിന്റെ കാറായിരുന്നു. സീതി സാഹിബിന്റെ കാർ തലശ്ശേരി ടൗണിലൂടെ പായുമ്പോൾ ആളുകൾ കാറ് നോക്കി തമാശയായി പറയും. "സീതി സാഹിബിന്റെ മയ്യിത്ത് കട്ടിൽ അതാ പോകുന്നു." അടുത്ത പ്രഭാതത്തിൽ സീതിസാഹിബിന്റെ കാറിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് തന്റെ പ്രചാരണങ്ങളുമായി തലശ്ശേരി പട്ടണത്തിൽ തലങ്ങും വിലങ്ങും ചീറിപ്പായുന്നത് കണ്ട് സേട്ടു സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തകർ അതിശയിച്ചു നിന്നു. അവർ സീതി സാഹിബിന്റെ അടുത്തേക്ക് പാഞ്ഞു.

സീതി സാഹിബ് അവരെ സമാധാനിപ്പിച്ചു. ശാന്തമായി അവരോട് പറഞ്ഞു: "നമ്മുടെ എതിരാളികളെ പ്രയാസപ്പെടുത്തിക്കൊണ്ടല്ല നാം അവരെ എതിരിടേണ്ടത്. അവരെ ഭൗതികമായി പ്രയാസപ്പെടുത്തുകയല്ല നമ്മുടെ ലക്ഷ്യം. അവരുടെ ആശയങ്ങളുടെദൗർബല്യത്തെ എടുത്ത് കാണിക്കുകയും നമ്മുടെ ആശയങ്ങളുടെ ഉൾക്കരുത്ത് പ്രസരിപ്പിക്കുകയും ചെയ്യുക. അതാവണം നമ്മുടെ നയം. ആശയങ്ങളെ ആശയങ്ങൾ കൊണ്ടാണ് നേരിടേണ്ടത്. എതിരാളിയെ നശിപ്പിച്ചുകൊണ്ടല്ല." ആളിപ്പടർന്നേക്കാമായിരുന്ന ആ പ്രതിക്ഷേധ ജ്വാല അങ്ങിനെ അണഞ്ഞു.

തെരഞ്ഞെടുപ്പ് രംഗം തീപാറുന്ന പോർക്കളമായി. ഒടുവിൽ തെരഞ്ഞെടുപ്പ് ദിനവും പുലർന്നു. 1934 നവംബർ 10 ന് കാലത്ത് ആറുമണിക്ക് തന്നെ വോട്ടിംഗ് തുടങ്ങി. വൈകീട്ട് ആറുമണിക്ക് അവസാനിക്കുകയും ചെയ്തു. പശ്ചിമതീര മുസ്ലിം നിയോജക മണ്ഡലത്തിൽ ആകെയുണ്ടായിരുന്നത് 4825 വോട്ടർമാരായിരുന്നു. 284 പോളിംഗ് ബൂത്തുകളിലായി അവർ വോട്ട് രേഖപ്പെടുത്തി. ഇതിൽ 134 ബൂത്തുകൾ മലബാറിലായിരുന്നു. ഒട്ടാകെ 3698 വോട്ടുകൾ രേഖപ്പെടുത്തി. പോളിംഗ് 77 ശതമാനം.

പ്രവചനങ്ങൾ അസാധ്യമാക്കും വിധമായിരുന്നു വോട്ടിംഗ്

നവംബർ 16

മുസ്ലിം നിയോജക മണ്ഡലത്തിലെ വോട്ടെണ്ണൽ തുടങ്ങി. അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ ആണ് വോട്ടെണ്ണൽ ആരംഭിച്ചത്. യുവാക്കളുടെ പടതന്നെ വോട്ടെണ്ണുന്ന കോഴിക്കോട്ടെ ഹജ്ജൂർ കച്ചേരിയിൽ തടിച്ചുകൂടി. മിക്കവരും അബ്ദുറഹിമാന്റെ അനുയായികളായിരുന്നു. സേട്ടു സാഹിബിന്റെ ഏജന്റ് പൂവാടൻ ദാമോദരനായിരുന്നു. സേട്ടുസാഹിബ് വോട്ടെണ്ണുന്നിടത്ത് നിന്നിരുന്നില്ല. അബ്ദുറഹിമാൻ ആദ്യാവസാനം വരെ നിലയുറപ്പിക്കുകയും ചെയ്തു. ഡോ. മഞ്ചേരി സുന്ദരം ആയിരുന്നു അബ്ദുറഹിമാന്റെ മുഖ്യ

mappilaheritagelibrary.com

ഏജന്റ്.

സമയം അങ്ങിനെ നീണ്ടു പോയി. ഉച്ചവെയിൽ ചാഞ്ഞു തുടങ്ങി. വെള്ളം പോലും കുടിക്കാതെ തെരഞ്ഞെടുപ്പ് ഫലമറിയാൻ കാത്ത് നിൽക്കുന്ന പ്രവർത്തകരുടെ നെഞ്ചിടിപ്പ് കൂടാൻ തുടങ്ങി. സൂചി കുത്താൻ ഇടമില്ലാത്ത വിധം ഹജ്ജൂർ കച്ചേരി വളപ്പ് ആളുകളെക്കൊണ്ട് നിറഞ്ഞു.

സമയം 3.30

കലക്ടർ മെക്കിവൻ സായിപ്പ് തെരഞ്ഞെടുപ്പ് ഫലം പ്രാഖ്യാപിക്കാനായി എഴുന്നേറ്റു. ജനം വീർപ്പടക്കി. സർവ്വത്ര നിശബ്ദത. മെക്കീവൻ ചുണ്ടുകളനക്കി.

322 വോട്ടിന്റെ ഭൂരിപക്ഷത്തിന് സത്താർ സേട്ടു തൊട്ടടുത്തുള്ള എതിർ സ്ഥാനാർത്ഥി മുഹമ്മദ് അബ്ദുറഹിമാനെ പരാജയപ്പെടുത്തിയിരിക്കുന്നു. അനക്കമറ്റു പോയി അവിടെകൂടിയിരിക്കുന്ന സേട്ടു സാഹിബിന്റെ വിരലിലെണ്ണാവുന്ന അനുയായികൾ. അവരവിടെ വന്നത് സേട്ടുസാഹിബ് എത്രവോട്ടിനാണ് തോൽക്കുക എന്നറിയാനായിരുന്നു. വിജയവാർത്ത അവർക്ക് വിശ്വസിക്കാനായില്ല. പരാജയവാർത്ത മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ അനുയായികൾക്കും. ഒടുവിൽ സേട്ടു സാഹിബിന്റെ അനുയായികൾ ആഹ്ലാദത്തോടെ ദിഗന്തങ്ങൾ മുഴങ്ങുമാറ് ഉച്ചത്തിൽ വിളിച്ചു; "സത്താർ സേട്ടുസാഹിബ് സിന്താബാദ്" ഒരാൾ മാത്രം അപ്പോഴും ആ ആവേശത്തുള്ളലിൽ നിന്നും മാറി നിന്നു. മായാത്ത പുഞ്ചിരി അപ്പോഴും ആ ചുണ്ടുകളെ അലങ്കരിക്കുന്നുണ്ടായിരുന്നു.

ഈ തെരഞ്ഞെടുപ്പും സേട്ടു സാഹിബിന്റെ വിജയവും മലബാറിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കാണ് വഴിവെച്ചത്. മലബാറിന്റെ മനസ്സ് എങ്ങോട്ടാണ് ചായുന്നതെന്ന് ഈ തെരഞ്ഞെടുപ്പ് വ്യക്തമാക്കിയതായി 'മാപ്പിള മുസ്ലിംസ് ഓഫ് കേരള' എന്ന പുസ്തകത്തിൽ റോളണ്ട് മില്ലർ രേഖപ്പെടുത്തി.

മത്സരത്തിൽ വിയജിച്ച സേട്ടു സാഹിബ് കേന്ദ്ര നിയമസഭയിൽ അംഗമായി. ഇത്വഴി അദ്ദേഹത്തിന് അഖിലേന്ത്യാ മുസ്ലിം നേതാക്കളുമായി നിരന്തരമായി ബന്ധപ്പെടുവാനും മുസ്ലിം ലീഗിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാനും കഴിഞ്ഞു.

ഏതാണ്ട് ഇതേ കാലത്ത് തന്നെയാണ് ബി.പോക്കർ സാഹിബ് മദിരാശിയിൽ മുസ്ലിം ലീഗുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ തുടങ്ങിയതും. ഇരുവരുടേയും കൂട്ടായ പ്രവർത്തനം അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ സന്ദേശം മലബാറിൽ എത്തിക്കുവാനുള്ള ശ്രമങ്ങളായി പരിണമിച്ചു.

മലബാറിൽ മുസ്ലിം രാഷ്ട്രീയത്തിന് പുതിയ ദിശാ ബോധം ലഭിച്ച തെരഞ്ഞെടുപ്പ് വിജയം കൂടിയായി സേട്ടുസാഹിബിന്റെ വിജയം. കോൺഗ്രസ്സിനോട് വിടപറഞ്ഞിരുന്ന കെ.എം. സീതി സാഹിബ്, ഉപ്പി സാഹിബ്, ബി. പോക്കർ സാഹിബ് എന്നിവർക്ക് ഒരുമിച്ചു കൂടാനുള്ള ഒ

mappilaheritagelibrary.com

രു വേദിയായി മുസ്‌ലിം ലീഗ് മാറി.

മുസ്‌ലിം രാഷ്ട്രീയത്തിന്റെ ഗതികൾക്ക് രൂപം നൽകാൻ ഒരു പുതിയ രാഷ്ട്രീയ ശക്തികൂടി മലബാറിൽ ഉദയംകൊള്ളുകയായിരുന്നു. 1935 ൽ കണ്ണൂരിൽ ചേർന്ന മുസ്‌ലിം മജ്‌ലിസിന്റെ വാർഷിക യോഗത്തോടെ മജ്‌ലിസ് രംഗത്ത് നിന്നും മറഞ്ഞു. പകരം മുസ്‌ലിം ലീഗ് എന്ന സംഘടന ജന്മം കൊണ്ടു. മജ്‌ലിസിൽ അബ്ദുറഹിമാൻ സാഹിബും മൊയ്തു സാഹിബും, ഉപ്പി സാഹിബും ബി.പോക്കർ സാഹിബും ഒന്നിച്ചായിരുന്നു പ്രവർത്തിച്ചിരുന്നതെങ്കിൽ മജ്‌ലിസ് ഇല്ലാതായതോടെ സീതിസാഹിബും അബ്ദു റഹിമാൻ സാഹിബും രണ്ട് വ്യത്യസ്ത രാഷ്ട്രീയ ചിന്താ ധാരകളുടെ കൈവഴികളായി വേർപിരിഞ്ഞു.

mappilaheritagelibrary.com

പതിനൊന്ന്
മാഞ്ഞും തെളിഞ്ഞും ചന്ദ്രിക

ഒരു സമുദായത്തിന്റെ ഘനാന്ധകാരം നിറഞ്ഞ യാത്രാവഴിയിൽ പ്രതീക്ഷയുടെ, പ്രത്യാശയുടെ, വെളിച്ചം പകർന്ന വഴികാട്ടിയായിരുന്നു ചന്ദ്രിക ദിനപത്രം. സീതി സാഹിബിന്റെ തലശ്ശേരി വാസകാലത്താണ് ചന്ദ്രിക എന്ന ആശയം പൊട്ടിമുളച്ചത്. മൂസ്‌ലിം ക്ലബ്ബിൽ കൂടാറുണ്ടായിരുന്ന പ്രമുഖരെല്ലാം ദൈനംദിന കാര്യങ്ങളിൽ സമുദായത്തിന്റെ നിലപാടുകൾ എന്തായിരിക്കണമെന്ന ചർച്ചകളിൽ മുഴുകുക പതിവായിരുന്നു.

പ്രസിദ്ധീകരണങ്ങളിൽ വരുന്ന ലേഖനങ്ങളും പത്രങ്ങളിൽ വരുന്ന വാർത്തകളും മുസ്‌ലിം ക്ലബ്ബിൽ നിശിതമായ ചർച്ചകൾക്ക് വിധേയമാകാറുണ്ടായിരുന്നു. അൽ അമീനിൽ വരുന്ന പല ലേഖനങ്ങളും കുറിപ്പുകളും അവിടെ കൂടിയിരിക്കുന്നവരിൽ പലർക്കും രുചിക്കുന്നതായിരുന്നില്ല. അൽ അമീന്റെ പല വീക്ഷണങ്ങളോടും വിയോജിപ്പുള്ളവരുടെ അംഗസംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കെ അവരിൽനിന്നും നാമ്പെടുത്ത ഒരാശയമായിരുന്നു എന്ത്കൊണ്ട് മറ്റൊരു പത്രം ആയിക്കൂടാ എന്നത്.

തൈലക്കണ്ടി സി. മുഹമ്മദ്, പി.സി മൊയ്തു, സി.പി മമ്മുക്കേയി, പിപി മമ്മു എന്നിവർ സീതി സാഹിബിന്റെ പ്രിയ ശിഷ്യരും ചിന്താശേഷിയുമുള്ളവരുമായിരുന്നു. ഒരു വാരിക തുടങ്ങണമെന്ന തീരുമാനത്തിൽ അവർ ഒടുവിൽ എത്തിച്ചേർന്നു. അഞ്ചു രൂപാ വീതം ഓരോരുത്തരിൽ നിന്നും എടുത്ത് ആറ് പേരെ ചേർത്തു. വാരിക തുടങ്ങാനുള്ള പ്രവർത്തന ഫണ്ടായിരുന്നു ഇത്. വാരികയുടെ പത്രാധിപരായി തൈലക്കണ്ടി സി. മുഹമ്മദിനെ നിശ്ചയിച്ചു. അച്ചടി മലബാർ മുസ്‌ലിം പ്രസ്സിൽ ആവാമെന്നും തീരുമാനിക്കപ്പെട്ടു. അടുത്തതായി വാരികയുടെ പേര് എന്താവണമെന്നായി ആലോചന. പലരും പല പേരുകളും അഭിപ്രായപ്പെട്ടു. അൽ അമീൻ സബ് എഡിറ്ററായി പ്രവർത്തിച്ചിരുന്ന സെയ്ത് മുഹമ്മദും ഈ ചർച്ചാ കൂട്ടത്തിലെ ഒരംഗമായിരുന്നു. യാദൃച്ഛികമാവാം അദ്ദേഹത്തിന്റെ നാവിൽ നിന്നും ഒരു പേര് വീണു; ചന്ദ്രിക.

സീതി സാഹിബിന് അളവറ്റ ആഹ്ലാദം. പേര് ഇത് തന്നെ മതിയെന്ന് അദ്ദേഹം പറഞ്ഞു. മറ്റെല്ലാവരും അത് അംഗീകരിച്ചു. 1932 ൽ അങ്ങിനെ ആദ്യമായി 'ചന്ദ്രിക' ഉദയം കൊണ്ടു. ഒരു സ്വതന്ത്ര വാരികയായി.

mappilaheritagelibrary.com

കേരളത്തിൽ മുസ്‌ലിം ലീഗിന് ബീജാവാപം നൽകിയ തലശ്ശേരിയുടെ മണ്ണിൽ തന്നെ ചന്ദ്രിക ഉദിച്ചുയർന്നു. 1937 ൽ ആണ് പ്രഥമ മലബാർ ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റി തലശ്ശേരിയിൽ ചേർന്നത്. അതിനും മുമ്പെ മുസ്‌ലിം സമുദായത്തിന്റെ പ്രതീക്ഷാവാനിൽ ഉദിച്ച ചന്ദ്രിക പാർട്ടിക്ക് വഴികാട്ടുകയായിരുന്നു.

സ്വതന്ത്ര വാരികയായിട്ടാണ് ചന്ദ്രിക തുടങ്ങിയതെങ്കിലും ഇടയ്ക്ക് വന്ന കേന്ദ്ര നിയമസഭാ തെഞ്ഞെടുപ്പ് ചന്ദ്രികയുടെ പ്രവർത്തകരെ ഇരു ചേരികളിലാക്കി. സത്താർ സേട്ടു സാഹിബിന്റെയും മുഹമ്മദ് അബ്ദു റഹിമാന്റെയും അനുയായികളായി അവർ വേറിട്ടു.

തെരഞ്ഞെടുപ്പിൽ സേട്ടു സാഹിബ് വിജയിച്ചതോടെ ചന്ദ്രികയിലുണ്ടായിരുന്ന അബ്ദു റഹിമാൻ സാഹിബിന്റെ അനുയായികൾ ചന്ദ്രികയുടെ പ്രവർത്തനവുമായുള്ള ബന്ധം വിഛേദിച്ചു. ഇവിടം മുതൽ തുടങ്ങുന്നു ചന്ദ്രികയുടെ പ്രതിസന്ധികൾ. എന്നാൽ എല്ലാ പ്രതിബന്ധങ്ങളെയും പത്രം തരണം ചെയ്തു. ചന്ദ്രികക്ക് മുമ്പെ ആരംഭിച്ച അൽ അമീൻ പോലുള്ള പത്രങ്ങളും ചന്ദ്രികക്ക് ശേഷമിറങ്ങിയ പല മുസ്‌ലിം പത്രങ്ങളും മാസികകളും വാരികകകളും ചരിത്രത്തിന്റെ അവശേഷിപ്പുകളായി തിരോഭവിച്ചപ്പോൾ ചന്ദ്രിക മാത്രം പാൽവെളിച്ചമായി സമുദായത്തിന് നേതൃത്വം നൽകി.

സൂഫികളെപ്പോലെ ജീവിച്ച തപസ്വികളായ ഒരു പറ്റം നിഷ്ക്കാമ കർമ്മികൾ സമുദായനന്മമാത്രം ലക്ഷ്യം വെച്ച് അഹോരാത്രം അധ്വാനിച്ചതിന്റെ അനന്തരഫലവും കൂടിയായിരിക്കാം സമുദായത്തിന്റെ പ്രിതീക്ഷാനാളമായി പൂർവ്വാധികം ശോഭയോടെ ചന്ദ്രിക ഇന്നും നിലനിൽക്കുന്നത്. അബ്ദു റഹിമാൻ സാഹിബിന്റെ അനുയായികൾ ചന്ദ്രികയുമായുള്ള ബന്ധം വിടർത്തിയതോടെ സ്വതന്ത്രവാരിക എന്ന നിലപാടിൽ നിന്നും വാരിക മാറി ചിന്തിക്കുവാൻ തുടങ്ങി. മുസ്‌ലിം ജനതയുടെ മൊത്തത്തിലുള്ള വികാസ പരിണാമത്തിനായി ചിന്തിക്കുക, എഴുതുക എന്നതായി അതിന്റെ ലക്ഷ്യം.

സീതിസാഹിബിന്റെ തിരുവങ്ങാട്ടെ വീട്ടിലേക്ക് ചന്ദ്രികയുടെ എഡിറ്റോറിയൽ വിഭാഗം പറിച്ച് നട്ടു. കോടതികളുടേയും പാർട്ടിപ്രവർത്തനങ്ങളുടേയും എഴുത്തുകുത്തുകൾ സംബന്ധിച്ച കടലാസുകളുടെയും ഫയലുകളുടേയും കൂമ്പാരമായിരുന്ന ആ കൊച്ചു വീട്ടിൽ ചന്ദ്രികയുടെ എഡിറ്റോറിയൽ മുറിയും രൂപപ്പെട്ടു. സീതിസാഹിബിന്റെ വിശ്വസ്തനും പ്രധാന ക്ലാർക്കുമായിരുന്ന വല്യാട്ട് മുഹമ്മദിന്റെ മുറിയിൽ തന്നെ മറ്റൊരു മൂലയിൽ കെ.കെ മുഹമ്മദ് ശാഫി ചന്ദ്രികയുടെ മാറ്ററുകൾ എഴുതിയുണ്ടാക്കി. ഇതിനിടെ പത്രാധിപരായിരുന്ന തൈലക്കണ്ടി സി. മുഹമ്മദ് ഖാദിബോർഡിൽ ജോലി കിട്ടി പോയിരുന്നു. ഇന്ന് സ്റ്റാർ കഫെ എന്നറിയപ്പെടുന്ന ഹോട്ടലിലായിരുന്നു അന്നത്തെ ചന്ദ്രിക ആഫീസ്. പ്രസ്സ് അതിനടുത്ത കെട്ടിടത്തിലേക്കും മാറ്റി. പുതിയൊരു ഭാവത്തിൽ

mappilaheritagelibrary.com

ചന്ദ്രിക വീണ്ടും പ്രസിദ്ധീകരിച്ചു തുടങ്ങി. പുനഃപ്രസിദ്ധീകരണം ആരംഭിച്ച ചന്ദ്രികയുടെ ആദ്യലക്കം പുറത്ത് വന്നത് ഒരു പെരുന്നാൾ ദിനത്തിലായിരുന്നു. 1934 മാർച്ച് 26-ാം തിയ്യതി പ്രസിദ്ധീകരണം തുടങ്ങിയെങ്കിലും പ്രയാസങ്ങളുടെ വൻമലകൾ തന്നെ കാത്തിരിപ്പുണ്ടായിരുന്നു. പത്രവായന ഹറാമാണെന്ന ഫത്വകളിറക്കിയിരുന്ന ഒരു വിഭാഗം. അൽ അമീൻ ഉണ്ടായിരിക്കുമ്പോൾ എന്തിന് മറ്റൊരു മുസ്‌ലിം പ്രസിദ്ധീകരണമെന്നു വേറൊരു വിഭാഗം. അതിനൊക്കെ പുറമെ പത്രവായനയിൽ ഒട്ടും താല്പര്യമില്ലാത്ത ഭൂരിപക്ഷത്തിന്റെ നിസ്സഹകരണവും. സാമ്പത്തിക പ്രയാസങ്ങളാണെങ്കിൽ എപ്പോഴും കൂടെയുണ്ട് താനും. എല്ലാം കൂടി ഒന്നിച്ചു ചന്ദ്രികയെ വന്നു മൂടിയപ്പോൾ ചന്ദ്രികയുടെ പ്രകാശം അണഞ്ഞുപോയി.

1934 മാർച്ച് 26 ന് പുനഃപ്രസിദ്ധീകരണം തുടങ്ങിയ വാരിക ഒരു വർഷം തികയും മുമ്പെ 1935 ഫെബ്രുവരിയിൽ വീണ്ടും നിലച്ചു.

എന്നാൽ സീതി സാഹിബ് അടങ്ങിയിരുന്നില്ല. അദ്ദേഹത്തിന്റെ നിരന്തരമായ പ്രേരണയാൽ ഇടതടവില്ലാത്ത പ്രവർത്തന ഫലമായി സത്താർ സേട്ടുസാഹിബ്, പി.ടി. മമ്മുക്കേയി, എ.കെ കുഞ്ഞിമായൻ ഹാജി, കടാരൻ അബ്ദുറഹിമാൻ ഹാജി, മുക്കാട്ടിൽ മുസ എന്നിവർ ഒന്നിച്ചിരുന്നു ആലോചിച്ചു. ചന്ദ്രികയുടെ സാമ്പത്തിക പ്രതിസന്ധി എങ്ങിനെ മറികടക്കാനാകും? അവസാനം സീതി സാഹിബ് യോഗത്തിൽ ഒരു നിർദ്ദേശം വച്ചു. ചന്ദ്രികക്ക് വേണ്ടി ഒരു കമ്പനി രൂപീകരിക്കുക. ഓരോരുത്തരും അഞ്ഞൂറു ഉറുപ്പിക വീതം എടുത്ത് ഷെയർ ഹോൾഡർമാരാവുക. സീതി സാഹിബിന്റെ നിർദ്ദേശം എല്ലാവരും അംഗീകരിച്ചു. തുടർന്നാണ് 'മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി' രൂപീകരിച്ചത്. താമസിയാതെ തന്നെ ചന്ദ്രികക്ക് വേണ്ടി ഒരു പ്രസ്സ് വാങ്ങുകയും ചെയ്തു. നേരത്തെ പത്രാധിപരായിരുന്ന തൈലക്കണ്ടി സി. മുഹമ്മദിനുണ്ടായിരുന്ന അവകാശം കമ്പനി തീരുവാങ്ങി. പ്രസ്സിനും പത്രത്തിനുമുള്ള ഡിക്ലറേഷൻ കെ.കെ. മുഹമ്മദ് ശാഫിയുടെ പേരിലാക്കുകയും ചെയ്തു. ('കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്' - കെ.കെ മുഹമ്മദ് ശാഫി)

മാനേജിംഗ് ഡയറക്ടറായി സി. പി മമ്മുക്കേയിയെ തെരഞ്ഞെടുത്തു. ഡയറക്ടർമാരായി കെ.എം. സീതിസാഹിബ്, ടി.എം. മൂസ, പി. കുഞ്ഞിമുഹമ്മദ് എന്നിവരേയും തെരഞ്ഞെടുത്തു. സീതി സാഹിബ് ഡയറക്ടറായി വെറുതെയിരുന്നില്ല. കമ്പനിയുടേയും പത്രത്തിന്റെയും ദൈനം ദിന പ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകി.

മാറ്ററുകളുടെ തെരഞ്ഞെടുപ്പിലും പത്രത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തിലും അദ്ദേഹം അതീവ ശ്രദ്ധ പുലർത്തി. എഡിറ്റോറിയൽ വിഭാഗവും പ്രസ്സും വീണ്ടും പ്രവർത്തിക്കുവാൻ തുടങ്ങി. തലശ്ശേരിയിലെ ഇന്നത്തെ സൊസൈറ്റി ഗോഡൗണായിരുന്ന കെട്ടിടത്തിലേക്ക് പ്രസ് മാറ്റി സ്ഥാപിച്ചു.

mappilaheritagelibrary.com

ശാഫി പത്രാധിപരും എൻ. മൊയ്തു പ്രിന്ററും പബ്ലിഷറുമായി ചന്ദ്രിക വീണ്ടും പ്രകാശിച്ചു തുടങ്ങി. ഒ. ശങ്കുണ്ണിയായിരുന്നു മാനേജർ. ഈ പ്രാവശ്യം ദിനപത്രമായിട്ടാണ് ചന്ദ്രിക പുറത്തിറങ്ങിയത്. എന്നാൽ പ്രതിബന്ധങ്ങൾ വിടാതെ പിൻ തുടരുകയായിരുന്നു. ഈ പ്രാവശ്യത്തെ സാമ്പത്തിക ഞെരുക്കം 1939 ലെ രണ്ടാം ലോകമഹായുദ്ധത്തിന്റെ രൂപത്തിലാണ് ചന്ദ്രികയെത്തേടി വന്നത്. തെക്കെ മലബാറിൽ ചന്ദ്രികയുടെ പ്രചരണം വേണ്ടത്ര നിലയിൽ എത്തിയിട്ടില്ലായിരുന്നു. കോഴിക്കോട്ടാണെങ്കിൽ പത്രങ്ങളുടെ മത്സരവും.

റോയിട്ടർ, പി.ടി.ഐ പോലുള്ള വാർത്താ എജൻസികൾക്കുള്ള പണമടക്കുവാനോ അച്ചടിക്കാനുള്ള കടലാസ് വാങ്ങുവാനോ പണമില്ലാതെ മാനേജർ ശങ്കുണ്ണി നട്ടം തിരിഞ്ഞു. ഒരു ദിവസം വൈകുന്നേരം കഴിഞ്ഞിട്ടും പത്രമടിക്കുവാനുള്ള പണം മാനേജർ ശങ്കുണ്ണിക്ക് എവിടെ നിന്നും ഒത്തു വന്നില്ല. അദ്ദേഹം നേരെ വീട്ടിലേക്ക് പോയി. ഭാര്യയുടെ കഴുത്തിലുള്ള കെട്ട് താലി അഴിച്ചു വാങ്ങി. ആ കെട്ടു താലി പണയം വെച്ചാണ് അന്നത്തെ പത്രം അച്ചടിക്കുവാനുള്ള കാശ് അദ്ദേഹം ഉണ്ടാക്കിയത്. കംബോസിറ്റർമാർ മുതൽ മാനേജിംഗ് ഡയറക്ടർമാർ വരെയുള്ള ചന്ദ്രികയുടെ പ്രവർത്തകർ ആത്മാർത്ഥതയുടെ ആൾരൂപങ്ങളായി രാപ്പകൽ ചന്ദ്രികക്ക് വേണ്ടി അധ്വാനിച്ചു. ശമ്പളം അവർക്ക് വല്ലപ്പോഴും കിട്ടുന്ന പാരിതോഷികങ്ങളായിരുന്നു. പട്ടിണിയിലും അർദ്ധപട്ടിണിയിലുമായി അവർ ചന്ദ്രികയെ കെടാതെ സൂക്ഷിക്കാൻ പാടുപെട്ടു. ഇങ്ങിനെ ഞെരങ്ങിയും കിതച്ചും പത്രം മുന്നോട്ട് പൊയ്ക്കൊണ്ടേയിരുന്ന ഒരു കാലഘട്ടത്തിലാണു ആകസ്മികമായി മാനേജിംഗ് ഡയറക്ടർ സി. പി. മമ്മുക്കോയി സാഹിബ് മരണമടയുന്നത്. സീതി സാഹിബ് എന്ത് ഉദ്ദേശിക്കുന്നുവോ ആ ഉദ്ദേശം ഫലിപ്പിക്കുവാനായി അദ്ദേഹത്തിന്റെ വലം കൈയ്യായി പ്രവർത്തിച്ചിരുന്ന മമ്മുക്കേയി സാഹിബിന്റെ മരണം സീതിസാഹിബിനെ വല്ലാതെ നൊമ്പരപ്പെടുത്തി. പ്രയാസ ഘട്ടങ്ങളിലെല്ലാം ക്ഷമ കൈകൊള്ളാറുണ്ടായിരുന്ന, എല്ലാം അല്ലാഹുവിന്റെ പരീക്ഷണങ്ങളാണെന്ന് കരുതി അല്ലാഹുവിന്റെ പ്രീതികാംക്ഷിച്ച് മാത്രം പ്രവർത്തിച്ചിരുന്ന സീതി സാഹിബ് അധീരനായില്ല. നിരാശപ്പെട്ടില്ല. അല്ലാഹുവിന്റെ സഹായം വന്നെത്തുക തന്നെ ചെയ്യുമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു.

വളരെ വൈകാതെ മാനേജർ ശങ്കുണ്ണിയും മരിച്ചു. ഇതോടെ ചന്ദ്രിക വീണ്ടു ഇരുളിന്റെ മറവിലേക്ക് മാഞ്ഞു. 1941 ഒക്ടോബറിൽ പത്രത്തിന്റെ പ്രസിദ്ധീകരണം വീണ്ടും നിലച്ചു. കെ.കെ. മുഹമ്മദ് ശാഫി പത്രാധിപർ സ്ഥാനത്ത് നിന്നും പിരിഞ്ഞുപോയി. സി.പി. മമ്മുക്കേയിക്ക് പകരം എ.കെ. കുഞ്ഞിമായൻ ഹാജി മാനേജിംഗ് ഡയറക്ടറായി. സി. കുഞ്ഞിമൂസ മാനേജരുമായി. എന്നിട്ടും പത്രം കരകയറിയില്ല. വീണ്ടും വാരികയിലേക്ക് തന്നെ മടങ്ങി. ഈ പ്രവശ്യം വി.സി. അബൂബക്കറിന്റെ

mappilaheritagelibrary.com

പേരിലായിരുന്നു ഡിക്ലറേഷന് വേണ്ടി അപേക്ഷിച്ചത്. ചന്ദ്രികയുടെ പ ത്രാധിപരായി വിരമിക്കുന്നത് വരെ അദ്ദേഹം ചന്ദ്രികയിൽ തുടർന്നു.

തൂവശ്ശേരിയിലെ 'ഉമ്മർ ആന്റ് സൺസ്' എന്ന ചെറിയ കെട്ടിടത്തിൽ വീണ്ടും ചന്ദ്രിക വാരിക പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. വി.സി. അബൂ ബക്കർ പത്രാധിപരും. എ.പി. മമ്മു മാനേജരുമായി. എല്ലാ വ്യാഴാഴ്ചക ളിലും ക്രൗൺ വലുപ്പത്തിൽ 16 പേജുകളിലായി ചന്ദ്രിക വീണ്ടും പ്രകാ ശം പരത്തുവാൻ തുടങ്ങി. വാരിക പതുക്കെ പതുക്കെ ലാഭത്തിലേക്ക് എത്തിത്തുടങ്ങി. ഷെയറുടമകൾക്ക് ഡിവിഡന്റ് നൽകാൻ കഴിഞ്ഞു. പ തിനായിരം രൂപ മൂലധനമായി സ്വരൂപിച്ചു. പിതനേഴായിരം രൂപ ബാങ്ക് ബാലൻസുണ്ടായി. ഇങ്ങിനെ വന്നപ്പോൾ ചന്ദ്രിക വീണ്ടും ദിനപത്രമാ ക്കി മാറ്റുവാനുള്ള ആലോചന സീതി സാഹിബിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. പത്രത്തെ കോഴിക്കോട്ടേക്ക് പറിച്ചു നടുക എന്ന തീരുമാനം ഉണ്ടായി. പത്രം കോഴിക്കോട്ടേക്ക് മാറ്റി. ചന്ദ്രികയുടെ കൂടെ വി.സി അ ബൂബക്കറും പ്രസ്മേൻ കെ. ഉമ്മറും കമ്പോസിറ്റർമാരായ സി. കെ. ഉ സ്മാനും പി. ഉമ്മറും കോഴിക്കോട്ടേക്ക് പോന്നു. കോഴിക്കോട്ടെ കിഴ ക്കെ നടക്കാവിലുള്ള അബ്ദുറഹിമാൻ ഹാജിയുടെ വാടകക്കെട്ടിടത്തിൽ ചന്ദ്രിക പ്രവർത്തനം തുടങ്ങി. 1946 ൽ അങ്ങിനെ വീണ്ടും ചന്ദ്രിക ദിന പത്രമായി പ്രസിദ്ധീകരിക്കുവാൻ തുടങ്ങി. എ.കെ. കുഞ്ഞിമായൻ ഹാ ജി മലബാറിലുടനീളം സഞ്ചരിച്ച് പത്രത്തിന് ഷെയറുകൾ പിരിച്ചു. സ ത്താർ സേട്ടു സാഹിബ് കേരളത്തിന് പുറത്ത് കത്തിയവാറിൽ നിന്നും പതിനേഴായിരം ഉറുപ്പിക പിരിച്ചുകൊണ്ട് വന്നു. ഈ മൂലധനമാണ് പിൽ ക്കാലത്ത് ചന്ദ്രികയുടെ അത്ഭുതാവഹമായ വളർച്ചക്ക് അടിത്തറയായ ത്.

കോഴിക്കോട്ട് പത്രം തുടങ്ങിയപ്പോൾ പത്രാധിപരായി കെ.വി അബ് ദുറഹിമാൻ സാഹിബ് ചുമതലയേറ്റു. നാല് വർഷം കഴിഞ്ഞപ്പോൾ അ ദ്ദേഹത്തിന് ഫാറൂഖ് കോളേജിൽ ഇക്കണോമിക്സ് ലക്ചററായി ജോ ലികിട്ടി. തുടർന്നദ്ദേഹം ചന്ദ്രിക പത്രാധിപസ്ഥാനം ഒഴിഞ്ഞു. മാനേജ രായി ചേർന്നിരുന്ന കെ. കുഞ്ഞിപ്പക്കി സാഹിബും ഏറെ കാലം തുടർ ന്നില്ല. അദ്ദേഹം കോളേജ് പ്രിൻസിപ്പലും പിന്നീട് കോളേജിയറ്റ് എഡ്യൂ ക്കേഷൻ ജോയിന്റ് ഡയറക്ടറുമായി. കൂടപ്പിറപ്പായ സാമ്പത്തിക പ്ര യാസം അപ്പോഴും ചന്ദ്രികയെ വിടാതെ പിൻതുടരുന്നുണ്ടായിരുന്നു. ആ കാലങ്ങളിൽ ഒരു ത്യാഗമെന്ന നിലയിലായിരുന്നു ജീവനക്കാരും സ്റ്റാ ഫും ജോലി ചെയ്തിരുന്നത്. ഒന്നിച്ചു ഭക്ഷണം പാകം ചെയ്തും ഇല്ലെ ങ്കിൽ അങ്ങിനെയും ആ നിലയിൽ കഴിഞ്ഞുപോന്നു അവർ. ഒരു കുടും ബം പോലെ. പിന്നീടൊരുനാളും ചന്ദ്രികക്ക് പൂട്ടിയിടേണ്ട അവസ്ഥ വ ന്നിട്ടില്ല.

അധികാരികളുടെ വിരട്ടൽ ഇടക്കിടെ ചന്ദ്രികയെ അലോസരപ്പെടു ത്തിക്കൊണ്ടിരുന്നു. ആദ്യം ബ്രിട്ടീഷ് സർക്കാരും പിന്നീട് അധികാരത്തിൽ

mappilaheritagelibrary.com

വന്ന ജനാധിപത്യ ഭരണകൂടവും, അതായത് കോൺഗ്രസ്സ് സർക്കാരും ചന്ദ്രികക്കെതിരെ നിരന്തരമായ ഭീഷണിയുയർത്തി. ആംഡ് റിസർവ്വ് പോലീസിലേക്കും സിവിൽ സൈനിക സർവ്വീസുകളിലേക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ അതിൽ മുസ്ലിംകളെ അവഗണിക്കുന്നതിൽ പ്രതിഷേധിച്ച് ചന്ദ്രിക രൂക്ഷമായി പ്രതികരിച്ചു മുഖപ്രസംഗങ്ങളെഴുതി. ഇത്തരം മുഖപ്രസംഗങ്ങൾ കലക്ടർ മക്കീവൻ സായിപ്പിനെ അലോസരപ്പെടുത്തി. അദ്ദേഹം പത്രാധിപർ വി.സി. അബൂബക്കറെ വിളിച്ച് വരുത്തിക്കൊണ്ട് പറഞ്ഞു: "ഒരു പത്രാധിപരാവാൻ തക്ക പ്രായമൊന്നും നിങ്ങൾക്കായിട്ടില്ല." എഴുതുമ്പോൾ സൂക്ഷിക്കണമെന്നും പറഞ്ഞ് അദ്ദേഹത്തെ ഭീഷണിപ്പെടുത്തി. എന്നിട്ടു ചന്ദ്രിക അടങ്ങിയിരുന്നില്ല.

ഇന്ത്യയിലുണ്ടായ വർഗ്ഗീയ ലഹളകളിൽ പോലീസും പട്ടാളവും പക്ഷപാതിത്വത്തോടെയാണ് ഇടപെടുന്നതെന്നും അവർ വർഗ്ഗീയ കോമരങ്ങൾക്കൊപ്പം നിന്ന് മുസ്ലിംകളെ വേട്ടയാടുകയാണെന്നും ചന്ദ്രിക എഴുതി. ഇതും കൂടി കണ്ടതോടെ സർക്കാർ കലിതുള്ളുന്ന അവസ്ഥയിലായി. ചന്ദ്രികയുടെ ജാമ്യ സംഖ്യ അവർ പിടിച്ചെടുത്തു.

സ്വാതന്ത്ര്യാനന്തരവും ചന്ദ്രികയുടെ നിലനിൽപ് ഭീഷണിയുടെ വാൾമുനയിലായിരുന്നു. നിരന്തരമായ ഭീഷണികൾ ഒരേ സമയം പാർട്ടിക്കും പത്രത്തിനും നേരെ ഉയർന്നുകൊണ്ടിരുന്നു. അമ്പതുകളിൽ ആഞ്ഞടിച്ച ഇത്തരം പ്രതിബന്ധങ്ങളുടെ തിരമാലകളിൽ പെട്ട് പലരും ആടിയുലഞ്ഞു. പലരും പാർട്ടിയേയും ചന്ദ്രികയേയും കയ്യൊഴിഞ്ഞു. സീതി സാഹിബ് അശേഷം കുലുങ്ങിയില്ല. അധീരനായതുമില്ല. ആരെയും കാത്ത് നില്ക്കാതെ പാർട്ടിക്കും പത്രത്തിനും വേണ്ടി അദ്ദേഹം കഠിന പ്രയത്നം നടത്തി. നോതാക്കൾ പലരും വിട്ടുപോയെങ്കിലും അണികളെ അദ്ദേഹം മുസ്ലിം ലീഗിനൊപ്പവും ചന്ദ്രികക്കൊപ്പവും പിടിച്ച് നിർത്തി. പത്രത്തിന്റെ മാനേജിംഗ് കമ്മിറ്റിയിലുണ്ടായിരുന്നവരിൽ ചിലർ അധികാരികളുടെ ചിന്നംവിളി കേട്ട് വിളറി. അവർ ഭയവിഹ്വലരായി. പത്രം നിർത്തിയാലെന്താ എന്ന ചിന്തവരെ അവരിൽ ഉണ്ടായി. പത്രം നിർത്തുന്നത് സംബന്ധിച്ച് ആലോചിക്കാനായി അവർ യോഗം ചേർന്നു.

തലശ്ശേരിയിലായിരുന്ന സീതി സാഹിബ് വിവരമറിഞ്ഞു. ഡയറക്ടർ ബോർഡിലെ തന്റെ വിശ്വസ്തനായ ഒരു സുഹൃത്തിന് അദ്ദേഹം എഴുതി "ചന്ദ്രികയുടെ പ്രസിദ്ധീകരണം നാം നിർത്തുകയാണെങ്കിൽ അത് സമുദായത്തിന്റെ ജീവൻ പണയപ്പെടുത്തലായിരിക്കും."

സീതിസാഹിബിന്റെ കത്ത് ചന്ദ്രിക ഡയറക്ടർ ബോർഡിൽ ചൂടേറിയ ചർച്ചക്ക് വിഷയമായി. സീതി സാഹിബിന്റെ വാക്കുകൾക്ക് മുമ്പിൽ ഒടുവിൽ അവർ മൂകരായി. പത്രം നിർത്തി വെയ്ക്കാനുള്ള പദ്ധതിയിൽ നിന്നും അവർ പിന്തിരിഞ്ഞു. പിന്നീടാരും അത്തരം ചിന്തകളുമായി യോഗം ചേർന്നിട്ടില്ല. ഇന്ന് അത്യാധുനിക സംവിധാനത്തോടെ കോഴിക്കോട്, മലപ്പുറം, കൊച്ചി, തിരുവന്തപുരം എന്നീ സ്ഥലങ്ങളിൽ നിന്നും ചന്ദ്രി

mappilaheritagelibrary.com

ക പ്രസിദ്ധീകരിക്കുന്നു. പുറമെ ബഹ്റൈൻ, സൗദി അറേബ്യ, ഖത്തർ, എന്നീ വിദേശരാഷ്ട്രങ്ങളിൽ നിന്നും ചന്ദ്രിക പൂർവ്വാധികം ശോഭയോടെ പ്രഭ ചൊരിയുന്നു. ഒരു വാർത്താപത്രമെന്നതിലുപരി സമുദായത്തിന്റെ പടവാളാണ് ചന്ദ്രിക. ചന്ദ്രികയെ അങ്ങിനെ നിലനിർത്തിയതിന്റെ പിന്നിലെ പ്രധാന ശക്തി സീതിസാഹിബ് മാത്രമായിരുന്നു. സാത്വിക വിശുദ്ധിയാർന്ന ഒരു നേതാവിന്റെ നിതാന്ത ശ്രദ്ധയും പരിശ്രമവുമായിരുന്നു അതിന് പിന്നിൽ. ചന്ദ്രികയുടെ നിലനിൽപ് ചോദ്യം ചെയ്യപ്പെട്ട് കൊണ്ടിരുന്ന ഈ വേളയിൽ തന്നെയാണ് പത്രാധിപരായിരുന്ന വി.അബ്ദുൽഖയ്യൂം സാഹിബിന്റെ നേതൃത്വത്തിൽ പത്രാധിപ സമിതിയിലെ അംഗങ്ങൾ സീതിസാഹിബിനെ ചെന്ന് കണ്ട് അവരുടെ ഉൽകണ്ഠ അറിയിച്ചത്. സീതി സാഹിബ് അവരോട് പറഞ്ഞു "ഇസ്ലാമിന്റെ ചരിത്രത്തിലും ഈ തരത്തിലുള്ള പരീക്ഷണ ഘട്ടങ്ങൾ തരണം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. അന്ന് കാലുറച്ച് നില്ക്കാത്ത അവർക്കൊന്നും പിന്നീട് നിലനിൽക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് മുസ്ലിം ലീഗും ചന്ദ്രികയും രാഷ്ട്രീയം ഉപേക്ഷിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല." സീതി സാഹിബിന്റെ ഈ ഉറച്ച തീരുമാനമാണ് ചന്ദ്രികയെ അഭംഗുരം ഇന്നും നിലനിർത്തുന്നത്. ഉറയിലുറങ്ങുവാനാണെങ്കിൽ പിന്നെന്തിന് ഒരു പടവാളിൻ ജന്മം?

***

പാർട്ടി കെട്ടിപ്പടുക്കുവാനുള്ള യാത്രകളായിരുന്നു സീതി സാഹിബിന്റെ ജീവിതത്തിൽ ഏറെയും. ഈ യാത്രകളൊക്കെ തന്നെ അദ്ദേഹം ഫലപ്രദമാക്കുകയും ചെയ്തു. കേരളത്തിന്റെ ഒരറ്റത്ത് നിന്നും മറ്റെ അറ്റം വരെ ഏകനായി സഞ്ചരിച്ച് അദ്ദേഹം മുസ്ലിം ലീഗ് പടുത്തുയർത്തി. അതോടൊപ്പം മലബാറിലും ഇതരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർത്തുവാനും ഈ യാത്രകൾ അദ്ദേഹം ഉപയോഗപ്പെടുത്തി. സമുദായ തൽപരരായ ധനികരിൽ ഇത്തരം സ്ഥാപനങ്ങളുടെ നിർമ്മിതിക്കായി അദ്ദേഹം പ്രേരണ ചെലുത്തിക്കൊണ്ടിരുന്നു. ആദ്യകാലങ്ങളിൽ സീതിസാഹിബ് അറിയപ്പെട്ടിരുന്നത് സാഹിത്യകാരൻ എന്ന നിലയിലായിരുന്നു. ആ കാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഒട്ടു മുക്കാൽ പ്രസിദ്ധീകരണങ്ങളിലും അദ്ദേഹം എഴുതി. 'ഐക്യം' മാസികയുടെ പത്രാധിപരായി വിദ്യാർഥിയായിരിക്കുമ്പോൾ അദ്ദേഹം പ്രവർത്തിച്ചിരുന്നു. കുമാരനാശാന്റെ 'ദുരവസ്ഥ' എന്ന കാവ്യത്തിൽ മുസ്ലിംകളെ മോശമായ നിലയിൽ പരാമർശിച്ചതിനെതിരെ വ്യാപകമായ പ്രതിഷേധങ്ങളാണു ഉയർന്ന് വന്നത്. സീതിസാഹിബ് ഈ കാവ്യത്തിനെതിരെ 'ഇതെന്തൊരവസ്ഥ' എന്ന പേരിൽ ഖണ്ഡനവിമർശനം എഴുതുകയുണ്ടായി. ഇത് അക്കാലത്തെ സാഹിത്യ കുതുകികളെ ഹഠാദാകർഷിച്ചു. കെ.സി. മാമ്മൻ മാപ്പിള എഴുതിയ ഇന്ത്യാ ചരിത്ര പഠനത്തിൽ വന്ന ചിലതെറ്റുകൾ അദ്ദേഹത്തെ ഇരുത്തിക്കൊണ്ട് സീതി എന്ന വിദ്യാർഥി ചൂണ്ടി കാ

mappilaheritagelibrary.com

ണിച്ച് പ്രസംഗിച്ചതും അക്കാലത്തെ ചൂടുള്ള വാർത്തയായിരുന്നു. ആല പ്പുഴ ലജ്നത്തുൽ ഇസ്ലാം സംഘത്തിന്റെ വാർഷിക യോഗത്തിൽ വെ ച്ചായിരുന്നു ഈ രംഗം അരങ്ങേറിയത്. തെറ്റു മനസ്സിലാക്കിയ മാമ്മൻ മാപ്പിള യോഗത്തിൽ വെച്ച് തന്നെ പരസ്യമായി മാപ്പ് ചോദിച്ചതും ചരി ത്രമായി. സാഹിത്യ കുതുകികളും ചരിത്രത്തിൽ താല്പര്യമുള്ളവരുമൊ ക്കെ അക്കാലങ്ങളിൽ താല്പര്യ പൂർവ്വം വീക്ഷിച്ച സംഭവങ്ങളായിരു ന്നു ഇവയൊക്കെ. മൗലാനാ മുഹമ്മദലി, മുഹമ്മദലി ജിന്ന തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചയിതാവും കൂടിയായിരുന്നു അദ്ദേഹം. അക്കാലത്തെ എണ്ണപ്പെട്ട സാഹിത്യകാരന്മാരുടെ ശ്രേണിയിൽപ്പെട്ട ഒരാളായിരുന്നു സീ തിസാഹിബ്.

തലശ്ശേരിയിൽ താമസം തുടങ്ങിയതിന് ശേഷം കാസർക്കോട്ട് നി ന്നും ഒരു യാത്ര കഴിഞ്ഞ് തലശ്ശേരി റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറ ങ്ങിയതായിരുന്നു സീതി സാഹിബ്. അദ്ദേഹത്തേയും പ്രതീക്ഷിച്ച് അ ന്നേരം ഒരാൾ റെയിൽവെസ്റ്റേഷനിൽ കാത്തു നില്ക്കുന്നുണ്ടായിരുന്നു. പ്രശസ്ത സാഹിത്യകാരനായ മൂർക്കോത്ത് കുമാരൻ. സീതി സാഹി ബ് വണ്ടിയിൽ നിന്നിറങ്ങി പതുക്കെ പ്ലാറ്റ് ഫോമിലൂടെ നടന്ന് വരവെ മൂർക്കോത്ത് കുമാരൻ അദ്ദേഹത്തിനരികിലേക്ക് ചെന്നു. എന്നിട്ട് പറ ഞ്ഞു: "സീതിസാഹിബ്, എനിക്ക് താങ്കളോട് ഒരു കാര്യം പറയുവാനു ണ്ട്. അത് സാധിക്കുകയില്ലെന്ന് താങ്കൾ പറയരുത്." മൂർക്കോത്ത് കുമാ രന്റെ വിനീതമായ വാക്കുകൾക്കു മുമ്പിൽ സീതിസാഹിബ് മൗനമുദ്രി തമായ പുഞ്ചിരിയോടെ നില്ക്കവെ കുമാരൻ മാഷ് വീണ്ടും പറഞ്ഞു: "ഈ പ്രാവശ്യത്തെ കേരള സാഹിത്യ പരിഷത്ത് വാർഷിക സമ്മേളനം തലശ്ശേരിയിലാണല്ലോ നടക്കുന്നത്. സമ്മേളനത്തിന്റെ അധ്യക്ഷനായി താങ്കളെയാണു ഞങ്ങൾ സംഘാടക സമിതി കാണുന്നത്. അത് താങ്ക ളെ അറിയിക്കുവാനും സമ്മതം വാങ്ങുവാനുമായി സംഘാടകർ എന്നെ ഭരമേൽപിച്ചിരിക്കുകയാണ്. താങ്കൾ തടസ്സമൊന്നും പറയരുത്."

കുമാരൻ മാഷുടെ വിനീതവും സ്നേഹമസൃണവുമായ ആ ക്ഷണം സീതിസാഹിബ് സ്വീകരിച്ചു. അദ്ദേഹം യോഗത്തിൽ പങ്കെടുക്കുകയും അധ്യക്ഷത വഹിക്കുയും ചെയ്തു. കേരള സാഹിത്യ പരിഷത്തിന്റെ ച രിത്രത്തിൽ സുപ്രധാനമായ ഒരേടായിത്തീർന്നു സീതി സാഹിബിന്റെ പ്രസംഗം. പത്രങ്ങളും സാഹിത്യകാരന്മാരും ആ പ്രസംഗത്തെ വാനോ ളം പുകഴ്ത്തി.

അന്നത്തെ പ്രശസ്ത കവികളും എഴുത്തുകാരുമായ ജി. ശങ്കരകുറു പ്പ്, ജോസഫ് മുണ്ടശ്ശേരി, കടത്തനാട്ട് ശങ്കരൻ രാജവർമ്മ, ഒ.വി ശങ്ക രൻ നായർ, മൂർക്കോത്ത് കുമാരൻ, കെ.സി. മാമ്മൻ മാപ്പിള തുടങ്ങിയ പ്രഗൽഭർ പങ്കെടുത്ത അതിപ്രധാനമായ ഒരു സാഹിത്യ സമ്മേളനം. അധ്യക്ഷനായ സീതിസാഹിബ് തന്റെ അധ്യക്ഷ പ്രസംഗം ആരംഭിച്ചു.

മാന്യരായ ഭാഷാ പ്രണയികളേ,

mappilaheritagelibrary.com

സാഹിത്യത്തിന് തുലോം വ്യാപകമായ അർത്ഥം കല്പിക്കുന്നതിനാൽ സാഹിത്യ ക്ഷേത്രത്തിൽ കയറി ഭജിക്കുവാൻ മലയാള ഭാഷ സംസാരിക്കുന്ന പണ്ഡിതനും പാമരനും അവകാശമുണ്ടെന്ന് സമ്മതിക്കണമല്ലോ. എന്നെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഭാഷാഭിമാനം കൊണ്ട് സാഹിത്യക്ഷേത്രത്തിൽ പ്രവേശിക്കുവാൻ എനിക്കും ആഗ്രഹമുണ്ടെങ്കിലും അവിടുത്തെ കൈകാര്യം ഏല്ക്കുവാനുള്ള ധാർഷ്ട്യം ഒരിക്കലും ഉണ്ടായിട്ടില്ല. എന്റെ മാന്യ സ്നേഹിതനായ മൂർക്കോത്ത് കുമാരനാണ് ഞാൻ അധ്യക്ഷപദം ഏൽക്കാൻ ഇടയാക്കിയത്. ശ്രീമാൻ കുമാരൻ അദ്ദേഹത്തിന്റെ ശിഷ്യർക്ക് മാത്രമല്ല ഇവിടത്തുകാർക്ക് മുഴുവനും കുമാരൻ മാഷ് ആണല്ലോ. അത്കൊണ്ട് അദ്ദേഹത്തിന്റെ അപേക്ഷയെ അഥവാ ശാസനയെ നിരസിക്കുവാൻ ഞാൻ അശക്തനായിത്തീർന്നു.

ഇംഗ്ലീഷിൽ 'ബെൽസ് ലെറ്റേഴ്സ്' എന്ന് പറയുന്ന മാതിരിയുള്ള സാഹിത്യത്തിന്റെ ഹൃദ്യവശത്തെക്കുറിച്ച് ഈ യോഗത്തിൽ വല്ലതും പറയണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ആ വക വിഷയങ്ങളെക്കുറിച്ച് ഈ സമ്മേളനത്തിൽ പല പണ്ഡിതന്മാരും പ്രസംഗിച്ച് കഴിഞ്ഞിരിക്കുന്നു. മലയാളികൾ അവരുടെ ഭാഷയേയും സംസ്കാരത്തേയും പൂർവ്വാധികം ഉൽസാഹത്തോടു കൂടി ആശ്ലേഷിക്കണമെന്നുള്ള ഉദ്ബോധനം ചെയ്യാൻ മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഒരാൾക്ക് ജ്ഞാന സമ്പാദനം ചെയ്യാൻ അയാളുടെ ഭാഷ വഴിക്കാണ് ഏറ്റവും എളുപ്പമുള്ളത്. മാതാവിൽ നിന്നും കേട്ടു പഠിച്ച ഭാഷയിലാണ് മനുഷ്യൻ ചിന്തിക്കുന്നത്. ആ ഭാഷയിൽ ആശയങ്ങൾ ഗ്രഹിക്കാനുള്ള എളുപ്പവും സുഖവും ഒന്ന് വേറെ തന്നെയാണ്. ഇത്പോലെതന്നെ നമ്മുടെ ആശയങ്ങളെ പ്രകാശിപ്പിക്കുവാനും മാതൃ ഭാഷവഴിക്കുള്ള സുഖം മറ്റൊരു ഭാഷവഴിക്കും ലഭിക്കുകയില്ല. ഒരു ഭാഷയിൽ ചിന്തിച്ച് മറ്റൊരു ഭാഷയിൽ ചിന്താ ഫലം പ്രകാശിപ്പിക്കുന്നതിന് കൂടുതൽ മാനസിക ശ്രമം വേണ്ടി വരുന്നു. ആ ശ്രമം വഹിക്കാമെന്ന് വെച്ചാൽ പോലും ഒരു വിദേശ ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ആശയത്തിന് വേണ്ടുവോളം സ്പഷ്ടത കൈവരുത്തുവാൻ വളരെ പ്രയാസമായിരിക്കും. പലപ്പോഴും ആശയങ്ങളെ മുഴുവൻ പ്രകാശിപ്പിക്കുവാൻ കഴിയാതെ കുറെ ഭാഗം ബലികഴിക്കേണ്ടിയും വരും. ഭാഷാസംബന്ധമായ ഈ മാതിരി വിഷമങ്ങൾ കൊണ്ടാണ് നമ്മളുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച് മുന്നോട്ട് വരുന്നവരിൽ ചിന്താനവീനത്വമുള്ളവരും ഗവേഷണ വിദഗ്ധരും പ്രായേണ കുറവായിരിക്കുന്നത്. സ്വതന്ത്രചിന്തയ്ക്കും ശാസ്ത്രീയമായ പര്യവേഷണങ്ങൾക്കും വേണ്ടതായ സമയവും ശക്തിയും വിദേശ ഭാഷാഭ്യാസത്തിന് വിനിയോഗിക്കേണ്ടി വന്നാൽ ഇങ്ങനെയല്ലാതെ വരാൻ തരമുണ്ടോ? ഒരു ജെ.സി ബോസ്സോ, സി.വി. രാമനോ, പി.സി. റോയിയോ നമ്മുടെ നാട്ടിലുണ്ടെന്ന് നിങ്ങൾ പറയുമായിരിക്കും. എന്നാൽ നമ്മുടെ നാട്ടിൽ ഗവേഷകരും സ്വതന്ത്രചിന്തകരും വ

mappilaheritagelibrary.com

ളരെ കുറവാണെന്നും പൊതുനിയമത്തെ തെളിയിക്കുന്ന വസ്തുതക ളായിട്ടേ അവയെ കരുതേണ്ടതുള്ളൂ വെന്നുമാണ് ഞാൻ പറയുന്നത്.

ഞാൻ ഇത്വരെ പറഞ്ഞിട്ടുള്ളതെല്ലാം ഇംഗ്ലീഷ് വിദ്യാഭ്യാസം സി ദ്ധിച്ചവരെ സംബന്ധിച്ചാണ്. എന്നാൽ ഈ നാട്ടിൽ ഇംഗ്ലീഷ് വിദ്യാഭ്യാ സം ചെയ്തവരുടെ എണ്ണം ജനസംഖ്യയിൽ എത്രയോ തുച്ഛമായ ഒരു ശതമാനം മാത്രമേ ഉള്ളൂ. ആ സ്ഥിതിക്ക് നാട്ടിലെ ബഹുഭൂരിപക്ഷം ജ നങ്ങൾക്കും അറിവും ബോധവും ഉണ്ടാക്കാൻ ഇംഗ്ലീഷ് ഭാഷാ വഴി സാ ധിക്കയില്ലെന്നു സ്പഷ്ടമാണല്ലോ. മാതൃ ഭാഷ വഴിക്ക് വേണം ഗൗരവ മേറിയ ആ കൃത്യം നിർവഹിക്കുവാൻ. നമ്മുടെ ഇടയിൽ ശാസ്ത്രജ്ഞാ നം നേടിയ യോഗ്യന്മാരുണ്ട് അനേകം. പക്ഷെ ജനസാമാന്യത്തിന് പര ക്കെ അവരുടെ അറിവിന്റെ ഫലമൊന്നും അനുഭവിക്കുവാൻ കഴിയുന്നി ല്ല. കാരണം മറ്റൊന്നുമല്ല. ആ വിദ്വാന്മാർക്ക് മലയാള ഭാഷയിൽ ശാസ് ത്ര തത്വങ്ങൾ പ്രകാശിപ്പിക്കുവാൻ കഴിയില്ല. ഇംഗ്ലീഷ് അറിഞ്ഞു കൂടാ ത്തവരെ തങ്ങളുടെ ആശയങ്ങൾ ഗ്രഹിപ്പിക്കുവാൻ അവർ അശക്തരാ യിരിക്കുന്നു. നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യർ അവരുടെ സ്വന്തം ദിക്കിൽ വിദേശികളായിരിക്കുന്നു എന്നാണ് ഒരു ഇന്ത്യൻ ചിന്തകൻ ഒരിക്കൽ പ റഞ്ഞിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ദോഷങ്ങൾ തീർ ന്ന് നാട്ടിലെങ്ങും അറിവും പരിഷ്കാരവും ഉത്തരോത്തരം പ്രചരിക്കണ മെങ്കിൽ മലയാള ഭാഷക്ക് പുഷ്ടിയും പ്രചാരവും ഉണ്ടാകേണ്ടത് ഏറ്റ വും ആവശ്യമാണ്.

പരിഷത്തിന്റെ ഉദ്യമം കേവലം ഹൃദ്യ സാഹിത്യത്തെ പ്രേത്സാഹിപ്പി ക്കുക മാത്രമായിക്കൂടാ. മലയാള ഭാഷക്ക് വൈപുല്യവും പ്രചാരവും ഉ ണ്ടാവാൻ പരിഷത്ത് നിരന്തരം പരിശ്രമിച്ച് കൊണ്ടിരിക്കണം. പരിഷ ത്ത് ഈ ഉദ്ദേശ്യനിർവ്വഹണത്തിന് വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞു വെന്നോ ചെയ്യുന്നുണ്ടെന്നോ ഞാൻ വാദിക്കുന്നില്ല. യാതൊരു പ്രതിഫ ലേച്ഛയും കൂടാതെ പരിഷത്തിന്റെ നന്മക്ക് വേണ്ടി ഇടവിടാതെ പരിശ്രമി ക്കുന്ന മഹാകവി ഉള്ളൂരിനെപ്പോലെയുള്ള സാഹിത്യകാരന്മാർ കൂടി അ ങ്ങിനെ വാദിക്കുകയില്ല. എന്നാൽ പരിഷത്തിന്റെ ഒരു പരാജയമാണി തെന്ന് പറയുന്നവരുണ്ടെങ്കിൽ ആ പരാജയത്തിന്റെ കാരണവും കൂടി അവർ ഗ്രഹിച്ചാൽ നന്നായിരുന്നു. ഒരു സംഘത്തിന് മതിയായ മൂലധന വും തങ്ങളുടെ മുഴുവൻ സമയവും സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി വിനിയോഗിക്കുവാൻ നിയുക്തരായ പ്രവർത്തകരും ഇല്ലാതെ കാ ര്യമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. മൂലധനം, പ്രവർത്തകർ, തുട ങ്ങിയ സജ്ജീകരണങ്ങൾ ഇല്ലാതിരുന്നാലും പ്രതിവർഷം പണ്ഡിതന്മാർ ക്കും സാഹിത്യകാരന്മാർക്കും സമ്മേളിച്ച് ആശയവിനിമയം ചെയ്യാൻ സൗകര്യം നൽകുന്ന ഒരു സേവനമെങ്കിലും പരിഷത്തിന്റെ വകയായി എണ്ണുവാനുണ്ടായിരിക്കണം. കൊച്ചി തിരുവിതാംകൂർ നാട്ടു രാജ്യങ്ങളി ലെ ഭരണാധികാരകൾ മലയാള ഭാഷയെ ഔദ്യോഗിക ഭാഷയായി സ്വീ

mappilaheritagelibrary.com

കരിക്കുകയും വിദ്യാഭ്യാസം മലയാളത്തിൽ തന്നെ നടപ്പിൽ വരുത്തുക യും സർവ്വോപരി മലയാളത്തിൽ ഉപരിപഠനം നടത്തുന്ന ഒരു കേരള സർവ്വകലാശാലസ്ഥാപിക്കുകയും ചെയ്യുന്ന പക്ഷം പരിഷത്തിന്റെ ക്ലേ ശ സ്ഥിതിയെ നന്നാക്കുവാൻ ഉദാര ബുദ്ധിയോടെ ധനസഹായം ചെ യ്യേണ്ടതാണ്. ഈ വക ഗൗരവമേറിയ കാര്യങ്ങളിൽ ഊർജ്ജിതമായി പരിശ്രമിച്ച് പരിഷത്തിനെ സഹായിക്കണമെന്ന് ആ നാട്ട് രാജ്യങ്ങളിലെ പൗരപ്രമുഖന്മാരോട് വിശേഷിച്ച് നിയമസഭാ അംഗങ്ങളോട് ഞാൻ അ പേക്ഷിക്കുന്നു.

മലയാള ഭാഷാ സംബന്ധമായ വ്യുൽപത്തിയിലും വ്യവഹാരങ്ങളി ലും മുസ്‌ലിംകൾ പ്രായേണ അനാസ്ഥ കാണിക്കുന്നുവെന്നുള്ള ആക്ഷേ പത്തിൽ വളരെ പരമാർത്ഥമുണ്ട്. എന്നാൽ മുസൽമാന്മാരിൽ നിന്ന് മല യാളത്തിന് ഒരു സംഭാവനയും ഉണ്ടായില്ല എന്നു പറഞ്ഞുകൂടാ. ഏതാ ണ്ട് ഒരു വ്യാഴവട്ടം മുമ്പാണ് മുസ്‌ലിംകളുടെ വകയായി ചില വൃത്താ ന്ത പത്രങ്ങളും മാസികകളും പുറപ്പെട്ട് തുടങ്ങിയത്. അതിന് ശേഷം തുടങ്ങുകയും മുടങ്ങുകയും ചെയ്തിട്ടുള്ള പത്രങ്ങളിലും മാസികകളി ലും വിജ്ഞാനപ്രദങ്ങളായ ഉപന്യാസങ്ങളും പ്രസിദ്ധം ചെയ്തിട്ടുണ്ട്. സാഹിത്യ നായകൻ എന്ന അപര നാമത്തിൽ വിഖ്യാതനായിരുന്ന ശ്രീ മാൻ കെ. രാമകൃഷ്ണ പിള്ള അവർകളുടെ സ്വദേശാഭിമാനി പത്രവും അച്ചുകൂടവും മലയാള മുസൽമാന്മാർക്ക് ഭാഷാഭിമാനവും സാഹിത്യ വാസനയും ഉണ്ടാക്കുവാൻ വിജയപൂർവ്വം പരിശ്രമിച്ചിട്ടുള്ള പരേതനാ യ വക്കം എം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവി എന്ന പണ്ഡിതന്റെ വ കയായിരുന്നു. 'മുസ്‌ലിം' എന്ന മലയാള മാസികയുടേയും അൽ ഇസ്ലാം എന്ന അറബി മലയാള മാസികയുടേയും പത്രാധിപത്യം വഹിച്ചിരുന്ന ആ പണ്ഡിതൻ ഉത്തമ സാഹിത്യകാരൻ കൂടിയായിരുന്നു. അദ്ദേഹ ത്തിന്റെ പുത്രന്മാരിലും ഭാഗിനേയരിലും ശിഷ്യന്മാരിലും നല്ലവണ്ണം ഗ ദ്യവും പദ്യവും എഴുതാൻ കഴുയുന്നവരായി പലരുമുണ്ട് . സാഹിത്യ കാരന്മാരായ മറ്റു യുവാക്കളും മുസൽമാന്മാർക്കിടയിൽ ഉണ്ട്.

അറബി, പേർഷ്യൻ, ഉർദു എന്നീ ഭാഷകളിൽ നിന്ന് അനേകം പദ ങ്ങൾ ഭാഷാ ഭണ്ഡാരത്തിൽ മുതൽ കൂട്ടായി ലഭിച്ചിട്ടുണ്ട്. അറബി ലി പികളിൽ എഴുതപ്പെടുന്ന മലയാള ഭാഷയ്ക്കാണ് അറബി മലയാളം എ ന്ന് പറഞ്ഞുവരുന്നത്. ഈ ഭാഷാ വായിക്കുവാൻ മലയാളത്തിലെ 80 ശ തമാനം ആളുകൾക്കും അറിയാം. നിരക്ഷരർ എന്ന് വിചാരിക്കപ്പെടുന്ന മുസ്‌ലിംകളിൽ 60-70 ശതമാനം പേരും ഈ ഭാഷാ വായിക്കുവാൻ കഴി യുന്നവരാണ്. ഏകദേശം അര ശതാബ്ദം മുമ്പ് തന്നെ കണ്ണൂർ അറയ് ക്കൽ കോവിലകത്ത് വിവാഹം ചെയ്തിരുന്ന മായൻ കുട്ടി എളയാവു എന്ന ഒരു ഉത്തമ കേരളീയൻ ഖുർആൻ മുഴുവൻ അറബി മലയാള ത്തിൽ വിവർത്തനം ചെയ്തിരുന്നുവെന്നതും നിങ്ങൾക്ക് രസകരമായി രിക്കും. അറബി മലയാളത്തിൽ മുസ്‌ലിം ചരിത്രത്തിലെ പലസംഭവങ്ങ

mappilaheritagelibrary.com

ളും വിവരിക്കുന്ന കഥകളും ഏതാണ്ട് സന്ദേശ കാവ്യങ്ങളോട് ഉപമിക്കാവുന്നവയും കത്തുപാട്ടുകൾ എന്ന് പറയപ്പെടുന്ന ശൃംഗാര പ്രദമായ പാട്ടുകളും ഉണ്ട്. യഥാർത്ഥമായ കവിഹൃദയത്തിന്റെ പ്രതിഫലനം ഈ പാട്ടുകളിൽ പലേടത്തും കാണാം. ശബ്ദാലങ്കാരത്തിന്റെയും അർത്ഥാലങ്കാരത്തിന്റെയും പല ഉദാഹരണങ്ങളും ഈ ഭാഗങ്ങളിൽ നിന്നും കാണാൻ കഴിയും. ഈ മാപ്പിളപ്പാട്ടുകളെക്കുറിച്ച് ഭാഷാഭിമാനികൾ കൂടുതൽ വിവരങ്ങൾ അന്വേഷിച്ചറിയുന്നത് രസകരമായിരിക്കും.

ഇസ്ലാം മതത്തെയും ഇസ്ലാമിക ചരിത്രത്തേയും സംബന്ധിച്ചുള്ള ഉത്തമ ഗ്രന്ഥങ്ങളൊന്നും മലയാളഭാഷയിൽ ഇല്ലാത്തതാണ് മുസൽമാന്മാർക്ക് ആ ഭാഷയുമായി ബന്ധമില്ലാത്തതിന്റെ കാരണം. അറബി, പേർഷ്യൻ, ഉറുദു, ഇംഗ്ലീഷ്, മുതലായ ഭാഷകളിലുള്ള ഉത്തമ ഗ്രന്ഥങ്ങളെ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത് മുസ്ലിംകൾക്ക് മലയാള ഭാഷാ വിദ്യാഭ്യാസത്തിന് ശക്തിയായ പ്രേരണയാകും. അപൂർവ്വമായി അവിടവിടെ കാണുന്ന മുസ്ലിം സാഹിത്യകാരന്മാർ പ്രസ്തുത കാര്യത്തിന് വേണ്ടി പരിശ്രമിക്കുന്നത് അവരുടെ കടമയാണ്. അമുസ്ലിംകളായ സാഹിത്യകാരന്മാർക്കും അന്യ ഭാഷകളിൽ നിന്നുള്ള ഇസ്ലാമിക കാര്യങ്ങൾ പരിഭാഷ ചെയ്യുവാൻ കഴിയുമല്ലോ. അവർ ആ പരിശ്രമം ചെയ്യാൻ സദയം തുനിയുന്ന പക്ഷം അവർക്ക് വേണ്ടുന്ന സഹായ സഹകരണങ്ങൾ ചെയ്യാൻ മുസ്ലിം ഭാഷാഭിമാനികൾ എപ്പോഴും സന്നദ്ധരായിരിക്കും. ഉറുദു പേർഷ്യൻ കവികളായ ഇഖ്ബാലിന്റെയും, ഹാലിയുടേയും മറ്റും കാവ്യങ്ങൾ മലയാളത്തിൽ ഭാഷാന്തരം ചെയ്യുന്ന പക്ഷം അത് ഭാഷക്ക് അനശ്വരമായ ഒരു സമ്പാദ്യമായിത്തീരുന്നതാണ്. കുറെ വർഷങ്ങൾക്കുമുമ്പ് ഹാലിയുടെ ഒരു ദേശീയ ഗാനത്തിന്റെ ഏതാനും ഭഗങ്ങൾ ശ്രീമാൻ കുന്നത്ത് ജനാർദ്ദന മേനോൻ തർജ്ജമ ചെയ്തത് 'മലബാർ ഇസ്ലാം' പത്രത്തിൽ ചേർത്തിരുന്നത് ഞാൻ കണ്ടിട്ടുണ്ട്. ഇസ്ലാമിന്റെ മൂലഗ്രന്ഥമായ പരിശുദ്ധ ഖുർആന്റെ മലയാള പരിഭാഷ ഉടനെ പ്രസിദ്ധീകരിക്കപ്പെടുമെന്ന സന്തോഷവാർത്ത ഈ സദസ്യരെ അറിയിച്ചുകൊള്ളുന്നു. മലയാളത്തിലെ മുസൽമാന്മാർക്ക് അവരുടെ മാതൃഭാഷയോടുള്ള അകൽച്ച ഈ ഗ്രന്ഥത്തിന്റെ അവതാരം കൊണ്ട് നിശ്ശേഷം നീങ്ങുമാറാകട്ടെ എന്ന് ഞാൻ ഹൃദയപൂർവ്വം ദൈവത്തോട് പ്രാർത്ഥിക്കുന്നു.

"മാന്യരെ, ഈ സാഹിത്യ പരിഷത്തിൽ സംബന്ധിച്ചിരിക്കുന്ന നിങ്ങൾക്ക്, ക്ഷമാപൂർവ്വം എന്റെ പ്രസംഗം കേട്ടതിന് നന്ദിപറയുകയും പരിഷത്തിന് എത്രയും ശോഭനമായ ഒരു ഭാവിയെ ആശംസിക്കുകയും ചെയ്ത്കൊണ്ട് എന്റെ ഈ പ്രസംഗത്തെ ഉപസംഹരിച്ചുകൊള്ളുന്നു"

അത്യുജ്ജലവും വശ്യമനോഹരവുമെന്നാണ് സീതി സാഹിബിന്റെ പ്രസംഗത്തെ പ്രശസ്ത നിരൂപകനും സാഹിത്യ സാമ്രാട്ടുമായിരുന്ന സഞ്ജയൻ വിശേഷിപ്പിച്ചത്. വേദിയിൽ ഉപവിഷ്ടരായ പ്രമുഖ വ്യക്തിക

mappilaheritagelibrary.com

ളെല്ലാം സീതി സാഹിബിനെ ഹൃദയപൂർവ്വം തുറന്നഭിനന്ദിച്ചു.

അന്നത്തെ പ്രമുഖ പത്രങ്ങളിലൊന്നായ 'കേരള പത്രിക'യിൽ സ ഞ്ജയൻ എഴുതി; "സാഹിത്യ പരിഷത്ത് സമ്മേളനത്തിൽ മുഴങ്ങിക്കേ ട്ട പ്രസംഗങ്ങളിൽ ഏറ്റവും മികച്ചത് സീതിസാഹിബിന്റെ പ്രസംഗമായി രുന്നു." സീതി സാഹിബ് എന്ന സാഹിത്യകാരനെ എന്ത് കൊണ്ട് സാ ഹിത്യ അക്കാദമിയിൽ എടുക്കുന്നില്ല എന്നു പിൽക്കാലത്ത് ഇന്ത്യകണ്ട ഏറ്റവും വലിയ സാഹിത്യകാരന്മാരിൽ മികച്ചു നിന്ന വൈക്കം മുഹമ്മദ് ബഷീർ പ്രതിഷേധിച്ചുവെങ്കിൽ, സാഹിത്യകാരനെന്ന നിലക്ക് സീതി സാഹിബിന് ലഭിച്ച വാക്കുകളുടെ തങ്കപ്പതക്കമായിരുന്നു ബഷീറിന്റെ ആ വാക്കുകൾ.

mappilaheritagelibrary.com

പന്ത്രണ്ട്
മുസ്‌ലിം ലീഗ് പടരുന്നു

മുപ്പതുകളായപ്പോഴേക്കും ഗ്രൂപ്പ് വടംവലിയുടെ കൂടാരമായി കേരളത്തിലെ കോൺഗ്രസ്സ്. പാർട്ടിക്കുള്ളിൽ എല്ലാവരും അന്യരെപ്പോലെ. കണ്ടാൽപോലും മിണ്ടാത്ത അവസ്ഥ. അവരുടെ മനസ്സുകളിൽ അകൽച്ചയുടെ അദൃശ്യമായ മതിലുകൾ ഉയർന്നു. ചുഴികളാലും മലരികളാലും പുളയുന്ന ആഴക്കടൽ പോലെയായി കേരളത്തിലെ കോൺഗ്രസ്സ്. ഈയൊരു പശ്ചാത്തലത്തിലാണ് 1934 ഒക്ടോബറിൽ ഷൊർണ്ണൂരിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റിയുടെ യോഗം ചേർന്നത്. ഇതിനകം കേളപ്പനും മുഹമ്മദ് അബ്ദുറഹിമാനും രണ്ട് ചേരികളുടെ ശക്തരായ വക്താക്കളായി മാറിയിരുന്നു. ദേശീയ തലത്തിലും ഇത് തന്നെയായിരുന്നു അവസ്ഥ. യുവജനങ്ങൾക്ക് കോൺഗ്രസ്സിനകത്തെ ഈ ചേരിപ്പോര് കടുത്ത നിരാശയാണ് ഉണ്ടാക്കിയത്. നിരാശാഭരിതരായ യുവാക്കൾക്ക് ആവേശം പകരുവാനെന്നവണ്ണം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സോഷ്യലിസ്റ്റ് ആശയങ്ങളുടെ വക്താവായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. നെഹ്റു പുറമേക്ക് ഈ വിധം പ്രത്യക്ഷപ്പെട്ടുവെങ്കിലും അദ്ദേഹത്തിന്റെ പാദങ്ങൾ കോൺഗ്രസ്സ് യാഥാസ്ഥിതിക വിഭാഗത്തിന്റെ ഭൂമികയിൽ തന്നെയായിരുന്നു.

തുടർന്നാണ് കോൺഗ്രസ്സിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരണം നടന്നത്. എം.എൻ റോയിയുടെ ആശയവും ഇതോടൊപ്പം പ്രചരിപ്പിക്കപ്പെടുന്നുണ്ടായിരുന്നു. പലകോൺഗ്രസ്സ് പ്രവർത്തകരും റോയിയിൽ ആകൃഷ്ടരായി. ഇതിനിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രവർത്തനവും കോൺഗ്രസ്സിനുള്ളിൽ നടക്കുന്നുണ്ടായിരുന്നു. കോൺഗ്രസ്സിലെ മറ്റൊരു വിഭാഗം ഇതിനോട് അനുകൂലമായാണ് പ്രതികരിച്ചത്.

എല്ലാംകൂടി കോൺഗ്രസ്സിനെ വിഭിന്ന വികാരവിചാരങ്ങൾ പേറുന്നവരുടെ താവളമാക്കി. ആദർശത്തിന്റെ പരിവേഷം പുറമെ കാണിച്ചുവെങ്കിലും വ്യക്തി വൈരാഗ്യത്തിന്റെ കനലുകൾ എരിയുകയായിരുന്നു പല കോൺഗ്രസ് നേതാക്കളുടേയും ഉള്ളറകളിൽ. ഇത്തരം വ്യക്തിവൈരാഗ്യങ്ങൾ ഗ്രൂപ്പുകളുടെ വളർച്ചക്ക് ആക്കം കൂട്ടി. കേരളത്തിലെ കോൺഗ്രസ്സിനുള്ളിൽ പുകഞ്ഞിരുന്ന അന്തഃച്ഛിദ്രം 1934 ഒക്ടോബറിലെ ഷൊർ

mappilaheritagelibrary.com

ണ്ണൂരിൽ ചേർന്ന സംസ്ഥാന കമ്മിറ്റിയിൽ മറനീക്കി പുറത്ത് വന്നതോടെ കേരളത്തിലെ മുസ്‌ലിം ജനവിഭാഗങ്ങളിൽ ഭൂരിപക്ഷം പേരും അവരുടെ ഭാവിയെക്കുറിച്ച് ഗൗരവത്തോടെ ആലോചിക്കുവാൻ തുടങ്ങി. ഈ സന്ദിഗ്ദ്ധഘട്ടത്തിലാണ് സീതി സാഹിബ് അതിനിർണ്ണായകമായ ഒരു തീരുമാനം കൈകൊള്ളുന്നത്. 1934-ൽ അദ്ദേഹം ജിന്നാ സാഹിബിന്റെ നേതൃത്വം സ്വീകരിച്ചു പ്രവർത്തിക്കുവാൻ തുടങ്ങി. മൗലാനാ മുഹമ്മദലി ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ താൻ അദ്ദേഹത്തിന്റെ നേതൃത്വമായിരുന്ന സ്വീകരിക്കുക എന്ന് പിന്നീട് സീതിസാഹിബ് പറയുകയുണ്ടായി.മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും സത്താർസേട്ടുസാഹിബും നേർക്ക് നേർ മത്സരിച്ച കേന്ദ്രനിയമസഭാ തെരഞ്ഞെടുപ്പിൽ സേട്ടുസാഹിബ് വിജയിച്ചതോടെ അദ്ദേഹത്തിന് അഖിലേന്ത്യാ മുസ്‌ലിം ലീഗ് നേതൃത്വവുമായി വളരെ അടുത്തിടപഴകുവാൻ കഴിഞ്ഞു. ജിന്നാ സാഹിബിന്റെയും ലിയാഖത്തലിഖാന്റെയും സ്നേഹവിശ്വാസങ്ങൾ നേടിയെടുക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞു. അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ വർക്കിംഗ് കമ്മിറ്റിയിലേക്ക് സേട്ടുസാഹിബ് തെരഞ്ഞെടുക്കപ്പെട്ടു. അതോടൊപ്പം സീതിസാഹിബും കെ.ഉപ്പി സാഹിബും മുസ്‌ലിം ലീഗിന്റെ ദേശീയ കൗൺസിലിലേക്കും നേമിനേറ്റ് ചെയ്യപ്പെട്ടു.

1906-ൽ മുസ്‌ലിം ലീഗു സ്ഥാപിച്ചുവെങ്കിലും പത്തു വർഷത്തിന് ശേഷമാണ് അതിന്റെ ശാഖ മദിരാശി സംസ്ഥാന ഘടകമെന്ന നിലയിൽ രൂപീകരിച്ചത്. യാക്കൂബ് ഹസൻ സേട്ടു, നവാബ് ഗുലാം അഹമ്മദ് കലാമി, ജമാൽ മുഹമ്മദ് സാഹിബ് എന്നിവരായിരുന്നു സംഘാടകർ. ജമാൽ മുഹമ്മദിനെ മദിരാശി സംസ്ഥാന മുസ്‌ലിം ലീഗ് പ്രസിഡണ്ടായി തെരഞ്ഞെടുത്തു.

മദിരാശി നഗരത്തിന് പുറത്തേക്ക് മുസ്‌ലിം ലീഗിന്റെ പ്രവർത്തനം വ്യാപിച്ചിരുന്നില്ല. മലബാറിലാണെങ്കിൽ ഒട്ടും തന്നെ ഇല്ലാത്ത അവസ്ഥയും. ബി പോക്കർ സാഹിബ് അന്ന് മദിരാശിയിൽ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളുമായി കഴിഞ്ഞു പോന്നിരുന്നതിനാൽ അദ്ദേഹത്തിന് മദിരാശിയിൽ മുസ്‌ലിം ലീഗ് പ്രവർത്തനവുമായി തുടക്കം മുതൽ തന്നെ ബന്ധപ്പെടുവാൻ കഴിഞ്ഞിരുന്നു. മലബാറിൽ മുസ്‌ലിം ലീഗ് സ്ഥാപിക്കുവാൻ മുൻകൈ എടുത്തത് സീതി സാഹിബും സത്താർ സേട്ടു സാഹിബും ഉപ്പി സാഹിബുമായിരുന്നു. 1934-ൽ മലബാറിലെ മുസ്‌ലിം മജ്‌ലിസിന്റെ പ്രവർത്തനം നിശ്ചലമായി. അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ ഘടകമെന്ന നിലയിൽ മലബാർ ജില്ലാ മുസ്‌ലിംലീഗ് അനുഭാവികളുടെ യോഗം ചേർന്നു. സത്താർ സേട്ടുസാഹിബ്, സീതി സ്ഹിബ്, സി.പി മമ്മുക്കേയി, മണപ്പാട്ട് കുഞ്ഞിമുഹമ്മദ് ഹാജി, ഷെയ്ഖ് റാവുത്തർ പാലക്കാട്, എ.കെ, കുഞ്ഞിമായൻ ഹാജി, ടി.എം മൊയ്തു സാഹിബ് സി.കെ മമ്മദ് കേയി, എ.കെ ഖാദർ കുട്ടി, ബി. പോക്കർ സാഹിബ്, കെ. ഉപ്പി സാഹിബ്, ടി.എം മൂസസാഹിബ്, ഹസൻ കുട്ടി കുരിക്കൾ, കെ.എം മൗ

mappilaheritagelibrary.com

ലവി തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുത്തവരിൽ പ്രമുഖരാണ്. സീതി സാഹിബും സേട്ടു സാഹിബും ഉപ്പി സാഹിബും തലശ്ശേരിയുടെ ഉൾപ്രദേശങ്ങളിൽ സഞ്ചരിച്ച് മുസ്‌ലിം ലീഗിന്റെ സന്ദേശം എത്തിക്കുവാൻ തുടങ്ങി. നാലാൾ കൂടുന്നിടത്തെല്ലാം സീതി സാഹിബ് മുസ്‌ലിം ലീഗിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. തിരൂരങ്ങാടിയിൽ സീതി സാഹിബിന്റെ നിർദ്ദേശത്തെത്തുടർന്ന് കെ.എം. മൗലവിയുടെ പരിശ്രമ ഫലമായി പത്ത് പേരടങ്ങിയ മുസ്‌ലിം ലീഗ് കമ്മിറ്റി രൂപീകരിച്ചു.

അപ്പോഴൊന്നും കോഴിക്കോട്ടോ ഇതര പ്രദേശങ്ങളിലോ മുസ്‌ലിം ലീഗിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നില്ല. കോഴിക്കോട്ട് മുസ്‌ലിം ലീഗിന്റെ ഒരു കമ്മിറ്റി രൂപീകരിക്കുവാൻ സീതി സാഹിബ് തന്നെ മുൻ കൈ എടുത്തു. അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം കെ.എം മൗലവി, പി.വി മുഹമ്മദ് മൗലവി എന്നിവർ കോഴിക്കോട്ടെ പ്രമുഖരായ ഹൈദ്രോസ് വക്കീലുമായും കാതിരിക്കോയാ ഹാജിയുമായും മുസ്‌ലിം ലീഗ് രൂപീകരണം സംബന്ധിച്ച് സംസാരിച്ചു.

തുടർന്നു സീതി സാഹിബ് കോഴിക്കോട്ട് വന്നു. ഹൈദ്രോസ് വക്കീലിന്റെയും കാതിരിക്കോയ ഹാജിയുടെയും സഹകരണത്തോടെ സീതിസാഹിബ് കോഴിക്കോട്ട് മുസ്‌ലിം ലീഗ് കമ്മിറ്റി രൂപീകരിച്ചു. ഇതാണ് കോഴിക്കോട്ടെ ആദ്യത്തെ മുസ്‌ലിം ലീഗ് കമ്മിറ്റി. തുടർന്ന് ജില്ലാ കമ്മിറ്റി രൂപീകരിക്കുന്നതിനായി സീതി സാഹിബിന്റെ ശ്രമങ്ങൾ. ഊണും ഉറക്കവുമൊഴിച്ചുള്ള അലച്ചിൽ. വിശ്രമരഹിതമായ പ്രവർത്തനം. ഇതിനിടെ കേസ്സുകൾ സംബന്ധിച്ച കാര്യങ്ങൾ അദ്ദേഹം വിട്ടു കളഞ്ഞു. കോടതികളിൽ അദ്ദേഹം ഹജരാകേണ്ട കേസ്സുകൾ നീട്ടിവെച്ചു. സീതിസാഹിബ് പറയാറുള്ളത് പോലെ കക്ഷികളില്ലാത്ത സമുദായത്തിന് വേണ്ടി അദ്ദേഹം കക്ഷിയാവുകയായിരുന്നു. സീതി സാഹിബിന്റെ പരിശ്രമത്തെത്തുടർന്ന് തലശ്ശേരിയിൽ ഒരു യോഗം ചേർന്നു. കണ്ണൂരിലെ അറയ്ക്കൽ രാജാവ് അധ്യക്ഷ പദം ഏറ്റെടുത്തു. 1937 ൽ കണ്ണൂരിൽ അറയ്ക്കൽ അലി രാജാവിന്റെ അധ്യക്ഷതയിൽ മുസ്‌ലിം ലീഗിന്റെ ആദ്യത്തെ ജില്ലാ കമ്മിറ്റി രൂപീകൃതമായി. മുസ്‌ലിം ലീഗിന്റെ പ്രവർത്തനം തുടങ്ങുന്നതിന് മുമ്പെ മലബാർ മുസ്‌ലിം എഡ്യൂക്കേഷൻ അസോസിയേഷൻ എന്ന സംഘടനയുടെ കീഴിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി തലശ്ശേരിയുടെ മുക്കിലും മൂലയിലും സീതി സാഹിബ് എത്തിയിരുന്നു. സംസ്ഥാന വ്യപകമായി പ്രവർത്തിച്ചിരുന്ന ഒരു സംഘടനയായിരുന്നു ആ കാലത്ത് മലബാർ മുസ്‌ലിം എഡ്യൂക്കേഷൻ അസോസിയേഷൻ. സംഘടനാ പ്രവർത്തകരായി ഉദ്യോഗസ്ഥരും വ്യാപാരികളും തൊഴിലാളികളും ഉണ്ടായിരുന്നു.

വീടുകൾ തോറും കയറി ഇറങ്ങി കുട്ടികളെ സ്ക്കൂളിലേക്കയക്കുവാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ മുഖ്യ പ്രവർത്തനം. വീടുവീടാന്തരം സീതി സാഹിബും പ്രവർത്തകരും ഈ

mappilaheritagelibrary.com

പ്രചാരണവുമായി കയറി ഇറങ്ങിയിരുന്നു. വിദ്യാഭ്യാസം നേടിയെടുക്കുന്നതിന്റെ ആവശ്യത്തെ പറ്റി അദ്ദേഹം പൊതു യോഗങ്ങൾ സംഘടിപ്പിച്ച് പ്രസംഗിച്ചു. സംഘടന സാധു വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി. സൂറത്തിലും കത്തിയവാറിലും സീതിസാഹിബിനോടൊപ്പം സേട്ടു സാഹിബും പിരിവിന് പോയി ഫണ്ട് ശേഖരിച്ചു. ഈ ഫണ്ടിൽ ബാക്കി വന്ന തുകയാണ് പിന്നീട് ഫാറൂഖ് കോളേജിന് കൈമാറിയത്. സീതി സാഹിബിന്റെ കഠിനമായ പ്രയത്നം വഴി അസോസിയേഷന്റെ പ്രവർത്തനം തലശ്ശേരിയിൽ വിജയം കണ്ടു. തലശ്ശേരി വിദ്യാഭ്യാസ പരമായി ഉയരുവാൻതുടങ്ങി. തലശ്ശേരിക്കാരെ ഉന്നത വിദ്യാഭ്യാസത്തിന്റെ പടവുകളിൽ എത്തിക്കുവാൻ ആദ്യകാലത്ത് നടത്തിയ ആ പ്രയത്നത്തിൽ വിജയം കൈവരിച്ച നേതാവായി തലശ്ശേരി സീതി സാഹിബിനെ അവരുടെ അകതാരിൽ പ്രതിഷ്ഠിച്ചു.

അസോസിയേഷൻ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ തന്നെ യഥാസ്ഥിതിക വിഭാഗത്തിൽ നിന്നും കഠിനമായ എതിർപ്പുകളും സീതിസാഹിബ് നേരിട്ടിരുന്നു. ആധുനിക വിദ്യാഭ്യാസം ഇന്ന് നിഷ്പ്രയാസം നേടാമെന്നിരിക്കെ അന്ന് കുട്ടികളിലേക്കും സ്ത്രീകളിലേക്കുമെത്തിക്കുവാൻ സീതി സാഹിബ് അനുഷ്ഠിച്ച ത്യാഗം അവർണ്ണനീയമാണ്. മുസ്ലിം ലീഗിന്റെ പ്രവർത്തനം ഊർജ്ജിതമായതോടെ വിദ്യാഭ്യാസ പ്രചാരണ പ്രവർത്തനവും ലീഗിന്റെ കർമ്മ പരിപാടിയിൽ അദ്ദേഹം ഉൾപ്പെടുത്തി. മുസ്ലിം ലീഗിന്റെ സന്ദേശം നാടൊട്ടുക്കും പ്രചരിപ്പിക്കുന്നതിലായി പിന്നീട് സീതി സാഹിബിന്റെ ശ്രദ്ധ മുഴുവനും. എതിർപ്പുകളുടെ അസ്ത്രങ്ങളാണ് ഇതേ തുടർന്ന് ഒന്നിനു പുറകെ ഒന്നായി സീതി സാഹിബിന് നേരെ പാഞ്ഞു വന്നത്. എല്ലാം അദ്ദേഹം സുധീരം നേരിട്ടു. ഭീഷണികളെ അശേഷം വകവെച്ചില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനത്തിലെ സവിശേഷത.

കോഴിക്കോട് മുസ്ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇതിനിടെ ഫറോക്കിൽ ഒരു സമ്മേളനം സംഘടിപ്പിച്ചിരുന്നു. ഈ യോഗത്തിലെങ്ങാനും പങ്കെടുത്താൽ കൊന്നുകളയുമെന്ന ഭീഷണിക്കത്ത് സീതി സാഹിബിന് ലഭിച്ചു. തനിക്ക് ഇങ്ങിനെ ഒരു കത്ത് കിട്ടിയതായി ആരോടും അദ്ദേഹം പറഞ്ഞില്ല. സ്വയം ഭാവിച്ചത് പോലുമില്ല. നിശ്ചയിച്ച ദിവസം തന്നെ യോഗം തുടങ്ങി. സമ്മേളനത്തിൽ സത്താർ സേട്ടു സാഹിബ്, ഉപ്പിസാഹിബ്, കെ.കെ മുഹമ്മദ് ശാഫി എന്നിവരും പങ്കെടുക്കുന്നുണ്ടായിരുന്നു. ഇവരോടൊപ്പം തന്നെ യാതൊരു ചാഞ്ചല്യവുമില്ലാതെ സീതി സാഹിബ് ആദ്യാന്ത്യം യോഗത്തിൽ പങ്കെടുത്തു. അദ്ദേഹം ദീർഘമായി പ്രസംഗിക്കുകയും ചെയ്തു. ഒരു കൊലവിളിയും എവിടെ നിന്നും ഉയർന്നില്ല. ഉപ്പി സാഹിബിന്റെ അധ്യക്ഷതയിൽ സമ്മേളനം സമംഗളം അവസാനിക്കുകയും ചെയ്തു.

1937 മെയ് 21 ന് കണ്ണൂരിൽ ചേർന്ന മുസ്ലിം ലീഗ് യോഗത്തോടെയാ

mappilaheritagelibrary.com

ണ് കേരളത്തിൽ മുസ്ലിം ലീഗിന്റെ ശാഖാ കമ്മിറ്റികൾ രൂപീകൃതമാകുന്നത്. കോഴിക്കോട്ടെ യോഗം 1937 നവംബർ 5 ന് ആയിരുന്നു. യോഗത്തിൽ വെച്ച് മലബാർ ജില്ലാ മുസ്ലിം ലീഗ് കമ്മിറ്റി രൂപീകരിച്ചു. അറയ്ക്കൽ അബ്ദുറഹിമാൻ അലി രാജ (പ്രസിഡണ്ട്) കെ.എം ഹസൻ കോയ, കെ. ഉപ്പി സാഹിബ് (വൈസ് പ്രസിഡന്റുമാർ) ഹാജി അബ്ദു സത്താർ സേട്ടു സാഹിബ്(ജനറൽ സെക്രട്ടറി) കെ.എം സീതി സാഹിബ്, എം.വി ഹൈദ്രോസ് (സെക്രട്ടറിമാർ) സി.പി. മമ്മുക്കേയി (ഖജാഞ്ചി) എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു. ജില്ലാ ലീഗിന്റെ ആസ്ഥാനം തലശ്ശേരിയിലായിരിക്കണമെന്നും തീരുമാനിച്ചു. മലബാർ ജില്ലാ മുസ്ലിം ലീഗിന് ഒരു വളണ്ടിയർ കോറും രൂപീകരിച്ചു. പിന്നീട് നാഷണൽ ഗാർഡ് എന്ന പേരിലാണ് ഇതറിയപ്പെട്ടത്. വളണ്ടിയർ കോർ ക്യാപ്റ്റൻ ജസ്റ്റിസ് ഇ. കെ മൊയ്തു സാഹിബായിരുന്നു. ജില്ലാ ജഡ്ജിയായി വിരമിച്ച കെ.എം മുഹമ്മദലി, അഡ്വ. കെ.എം മുഹമ്മദ്, ഫാക്ടറീസ് മുൻ ചീഫ് ഇൻസ്പെക്ടർ കെ. ആലുപ്പി, എ.പി മൂസ, എം. മക്കി (മുൻ രജിസ്ട്രാർ) സി.ഒ കുഞ്ഞാലിക്കുട്ടിക്കേയി, അഡ്വ ബി മൂസക്കുട്ടി, ബി, എം ഖാദർകുട്ടി, ബി. ഉമ്മർകുട്ടി, മുൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ പി. മൊയ്തു, കെ.പി മമ്മു, ഹാരിസ് മായൻ, പയ്യമ്പള്ളി ഉമ്മർകുട്ടി, പയ്യമ്പള്ളി മായൻ, അബ്ദുൽ ഖാദർ, ഒ. മാഹിനലി, സി.പി. പക്കിക്കേയി, ബാപ്പു സേട്ട്, സി.പി.അബ്ദുല്ലക്കേയി, മഹമൂദ് സേട്ട്, ജാനി സേട്ട്, നാസി മൂസ തുടങ്ങിയവർ വളണ്ടിയർ കോർ അംഗങ്ങളായും പ്രവർത്തിച്ചു.

സീതി സാഹിബിന്റെ നിരന്തരമായ പാർട്ടി പ്രവർത്തനം മുസ്ലിംകളടക്കമുള്ള ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളെ പാർട്ടിയിലേക്കാകർഷിച്ചു കൊണ്ടിരുന്നു.

ദേശീയ രാഷ്ട്രീയത്തിലും ഇത്തരത്തിലുള്ള ധ്രുവീകരണം നടക്കുന്നുണ്ടായിരുന്നു. അവസാനമെത്തിയപ്പോഴേക്കും കോൺഗ്രസ്സിന്റെ നേതൃനിരയിൽ മുസ്ലിംകളിൽ നിന്നും ഖാൻ അബ്ദുൽ ഗാഫർ ഖാനും മൗലാനാ അബുൽ കലാം ആസാദും മാത്രമായി. മൗലാനാ മുഹമ്മദലി തന്റെ രാഷ്ട്രീയ ഗുരുവാണെന്ന് നാഴികക്ക് നാല്പത് വട്ടം പറഞ്ഞിരുന്ന മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, മൗലാനാ കോൺഗ്രസ്സ് വിട്ടപ്പോൾ അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിക്കാതെ കോൺഗ്രസ്സിൽ തന്നെ തുടരുകയായിരുന്നു. അന്നത്തെ മുസ്ലിം നേതാക്കളെയും മുസ്ലിം ലീഗ് നേതാക്കളെയും മുഴുവൻ ശകാരിച്ച് കൊണ്ട് തന്റെ പക്ഷതയില്ലാത്ത രാഷ്ട്രീയ പ്രവർത്തനങ്ങളുമായി അദ്ദേഹം കോൺഗ്രസ്സിൽ തന്നെ തുടർന്നു.

കോൺഗ്രസ്സിലെ കേളപ്പൻ വിഭാഗമാകട്ടെ, അബ്ദു റഹിമാൻ നേതൃനിരയിലേക്ക് വരുന്നത് ഒരു നിലക്കും അനുവദിച്ചുമില്ല. കോൺഗ്രസ്സിന്റെ നേതൃനിരയിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ ഉൾപ്പിരിവുകൾ സാധാരണ പ്രവർത്തകർ കാണുന്നുണ്ടായിരുന്നു. ഈയൊരു ഘട്ടത്തിൽ

mappilaheritagelibrary.com

അവരിലെത്തിയ മുസ്‌ലീ ലീഗിന്റെ സന്ദേശം അവർക്കൊരു നവോന്മേഷം പകർന്നു.

തങ്ങൾക്കൊരു അഭയം മുസ്‌ലിം ലീഗ് ആണെന്ന് അവർ തിരിച്ചറിയുകയായിരുന്നു. അവർ കൂട്ടം കൂട്ടമായി ഹരിത പതാകക്ക് കീഴിൽ അണിനിരക്കുവാൻ തുടങ്ങി. അവരിൽ ഇത്തരത്തിലുള്ള ഒരു ചിന്ത പാകിയത് സീതി സാഹിബിന്റെ പ്രൗഢോജ്വലമായ ഉദ്ബോധനങ്ങളും പ്രഭാഷണങ്ങളുമായിരുന്നു. മന്ദസ്ഥായിയിൽ തുടങ്ങുന്ന പ്രസംഗം പിടഞ്ഞുണരുന്ന ദ്രുതതാളമായി ഉച്ചസ്ഥായിലെത്തുമ്പോഴേക്കും ജനം പരിസരം മറന്ന് സീതിസാഹിബിൽ ലയിച്ചിട്ടുണ്ടാവും. വാക്കുകളിലെ ആത്മാർത്ഥതയും സത്യസന്ധതയും ജനം അദ്ദേഹത്തിന്റെ ജീവിതത്തിലും കാണുന്നുണ്ടായിരുന്നു. വാക്ക് ഒന്നും ജീവിതം മറ്റൊന്നും ആയിരുന്നില്ല സീതി സാഹിബിന്. മരണം വരെ ജനതയുടെ ഖൽബുകളിൽ തൊട്ട് അദ്ദേഹം അവരോട് സംസാരിച്ചു. കരളിലേറ്റ ആ സ്പർശം അവർ അനുഭവിച്ചറിഞ്ഞു. ആയിരങ്ങൾ അദ്ദേഹത്തിന്റെ അനുയായികളായി മാറിയതിൽ എന്തത്ഭുതം. മുപ്പതുകളിൽ മലബാർ അക്ഷരാർത്ഥത്തിൽ ഇളകി മറിയുകയായിരുന്നു. 1937 ആകുമ്പോഴേക്കും മലബാറിൽ മുസ്‌ലിം ലീഗിന് ശക്തമായ ഒരു അടിത്തറ പണിതു കഴിഞ്ഞിരുന്നു സീതി സാഹിബും സഹപ്രവർത്തകരായ സത്താർ സേട്ടു സാഹിബും ഉപ്പി സാഹിബും.

മുസ്‌ലിം ലീഗിന്റെ ശാഖാ കമ്മിറ്റികൾ മലബാറിൽ രൂപീകരിക്കുവാനായി സീതി സാഹിബിനെയാണ് ഭരമേൽപിച്ചത്. കൊച്ചി മുസ്‌ലിം ലീഗ് രൂപീകരണത്തിനായി അദ്ദേഹം കൊച്ചിക്ക് പുറപ്പെട്ടു. 1937 ഒക്ടോബർ 14 ന് അനുഭാവികളുടെ യോഗം ചേർന്നു.

യോഗത്തിൽ വെച്ച് കൊച്ചി സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കൊച്ചി സ്റ്റേറ്റ് മുസ്‌ലിം ലീഗ് കമ്മിറ്റി രൂപീകരണ വേളയിലാണ് മലബാർ ജില്ലാ മുസ്‌ലിം വിദ്യാർഥി ഫെഡറേഷൻ എന്ന ആശയത്തെക്കുറിച്ച് സീതി സാഹിബ് ചിന്തിക്കുന്നത്.

അതിനൊരു നിമിത്തവുമുണ്ടായി. അബ്ദുൾ മുഹമ്മദ് സാഹിബിന്റെ മകൻ ഹസൻ മുഹമ്മദ് റിസയിൽ അദ്ദേഹം ഒരു വിദ്യാർഥി നേതാവിനെ ദർശിച്ചു എന്നതാണു ആ നിമിത്തം. ഹമദാനി തങ്ങളെപ്പോലെതന്നെ ആ കാലത്ത് മുസ്‌ലിംകൾക്കിടയിലെ പണ്ഡിതനും പ്രശസ്തനായ പത്രപ്രവർത്തകനും ബുദ്ധിജീവിയും സാമൂഹ്യ പരിഷ്കർത്താവുമായിരുന്ന അബ്ദുൽ മുഹമ്മദ് സാഹിബ്. കൊച്ചിയിലൊരു പുരാതന കുടുംബമായിരുന്നു അബ്ദുൽ മുഹമ്മദ് സാഹിബിന്റെത്. സീതി സാഹിബ് എന്ന നേതാവിനെ പരുവപ്പെടുത്തിയെടുക്കുന്നതിൽ ഹമദാനി തങ്ങൾ എത്രമാത്രം സ്വാധീനിച്ചുവോ അതേപോലെ തന്നെ സ്വാധീനം ചെലുത്തിയ ഒരു മഹദ് വ്യക്തിയായിരുന്നു അബ്ദുൽ മുഹമ്മദ് സാഹിബും സീതി സാഹിബിനെ സംബന്ധിച്ചിടത്തോളം.

mappilaheritagelibrary.com

1913 മുതൽ പ്രസിദ്ധീകരിച്ചിരുന്ന 'മലബാർ ഇസ്‌ലാം' എന്ന പത്ര ത്തിന്റെ സ്ഥാപകനും പത്രാധിപരായിരുന്നു അബ്ദുൽ മുഹമ്മദ് സാ ഹിബ്. അക്കാലത്തെ മുസ്‌ലിം നേതാക്കളുമായെല്ലാം അബ്ദുൽ മുഹ മ്മദ് സാഹിബ് ഉറ്റ ബന്ധം പുലർത്തി. ഇസ്‌ലാമിക രാഷ്ട്രങ്ങളിലെ ന വോത്ഥാന ശ്രമങ്ങളെ അടുത്തറിയുവാൻ അദ്ദേഹം വിദേശ രാഷ്ട്രങ്ങൾ ചുറ്റി സഞ്ചരിച്ചു.

റശീദ് റിസ എന്ന ആഗോള പ്രശസ്തിയാർജ്ജിച്ച നവോത്ഥാനനായ കൻ അബ്ദുൽ മുഹമ്മദ് സാഹിബിന്റെ ആവേശമായിരുന്നു.

റശീദ് റിസയുടെ വിശ്വ പ്രസിദ്ധിയാർജ്ജിച്ച, ഈജിപ്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'അൽമനാർ' പത്രം അദ്ദേഹം സ്ഥിരമായി വരുത്തു കയും അതിലെ ലേഖനങ്ങൾ തർജ്ജമ ചെയ്ത് തന്റെ പത്രത്തിൽ പ്ര സിദ്ധീകരിക്കുകയും ചെയ്തു. ഒരു മകൻ ജനിച്ചപ്പോൾ അബ്ദുൽ മുഹ മ്മദ് ആ കുഞ്ഞിന് ഹസൻ മുഹമ്മദ് റിസ എന്ന പേരാണ് നൽകിയത്. നേതൃഗുണമുള്ള ഒരു വിദ്യാർത്ഥിയായിരുന്നു ഹസൻ മുഹമ്മദ് റിസ.

അബ്ദുൽ മുഹമ്മദ് രോഗബാധിതനായി കിടപ്പിലായപ്പോൾ സീതി സാഹിബ് നിരന്തരം അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അദ്ദേഹത്തെ ആ ശ്വസിപ്പിച്ചിരുന്നു. രോഗ ശമനത്തിനായി പ്രാർത്ഥിക്കുകയും പതിവായി രുന്നു. സീതി സാഹിബ് അബ്ദുൽ മുഹമ്മദ് സാഹിബിനെ സന്ദർശി ക്കുമ്പോഴെല്ലാം പിതാവിനെ പരിചരിച്ച് മകൻ റിസ എപ്പോഴും രോഗശ യ്യക്കരികിലുണ്ടാകുമായിരുന്നു. ഇത് സീതി സാഹിബിനെ വല്ലാതെ ആ കർഷിച്ചു. മലബാർ ജില്ലാ എം. എസ്.എഫ് രൂപീകരണത്തിനായി യോ ഗം ചേർന്നപ്പോൾ ആര് പ്രസിഡണ്ടാകണമെന്ന് സീതി സാഹിബിന് ന ല്ല നിശ്ചയമുണ്ടായിരുന്നു. ആ കാലങ്ങളിൽ സീതി സാഹിബിന്റെ മന സ്സ് വായിച്ചറിയുവാൻ കഴിഞ്ഞിരുന്ന സി.എച്ച്. മുഹമ്മദ് കോയ ഹസൻ റിസയുടെ പേര് പ്രസിഡണ്ട് സ്ഥാനത്തേക്ക് നിർദ്ദേശിച്ചു. കോഴിക്കോട് ഹിമായത്തുൽ ഇസ്‌ലാം സഭാഹാളിലായിരുന്നു യോഗം. യോഗത്തിൽ അധ്യക്ഷത വഹിച്ചത് സത്താർ സേട്ടു സാഹിബായിരുന്നു. മഹമൂദാ ബാദ് രാജാ സാഹിബായിരുന്നു അന്ന് സർവ്വേന്ത്യാ മുസ്‌ലിം വിദ്യാർഥി ഫെഡറേഷൻ പ്രസിഡണ്ട്. 1942 ഫെബ്രുവരി 28 ന് കോഴിക്കോട് ചേർ ന്ന സമ്മേളനത്തിൽ മലബാർ എം.എസ്.എഫ് നിലവിൽ വന്നു.

പ്രസിഡണ്ടായി ഹസൻ റിസയും വൈസ് പ്രസിഡണ്ടുമാരായി സി.എം. ഹാഷിം, എ. കുഞ്ഞബ്ദുള്ള, ബി മൂസക്കുട്ടി, എം. കുട്ടിഹ സൻ എന്നിവരെയും ജനറൽ സെക്രട്ടറിയായി പി. മൊയ്തുവിനേയും സെക്രട്ടറിമാരായി സി.എച്ച് മുഹമ്മദ് കോയ, പി. ആലിക്കോയ എന്നിവ രെയും, ഖജാൻജിയായി എം.പി.കെ. കമ്മുവിനെയും തെരഞ്ഞെടുത്തു. തികച്ചും മാതൃകാപരമായിരുന്നു മലബാർ ജില്ലാ എം.എസ്.എഫ് കമ്മി റ്റിയുടെ പ്രവർത്തനം. വിദ്യാർഥികളിലും യുവാക്കളിലും മുസ്‌ലിം ലീഗ് നേതാക്കളുടെ നിഷ്ക്കളങ്കമായ പ്രവർത്തന രീതി മതിപ്പുളവാക്കി. നേ

mappilaheritagelibrary.com

താക്കളുടെ പ്രവർത്തനവും ജീവിതവുമാണ് നിരവധി യുവാക്കളെ പച്ച പ്പതാക ചുമലിലേന്തി ഗ്രാമങ്ങളിലൂടെ മുസ്‌ലിം ലീഗിന്റെ സന്ദേശവാഹ കരായി സഞ്ചരിക്കാൻ പ്രേരിപ്പിച്ചത്. മുസ്‌ലിം ലീഗ് നാട്ടിലെങ്ങും പടർ ന്നുകൊണ്ടിരുന്നു.

ഇന്ത്യൻ മുസൽമാന്റെ ഭാവി മുസ്‌ലിം ലീഗിന്റെ നേതാക്കൾ കൈ കൊള്ളുന്ന തീരുമാനത്തിൽ സുരക്ഷിതമായിരിക്കുമെന്ന വിശ്വാസം നാ ട്ടിലെങ്ങുമുണ്ടായി. സീതിസാഹിബും സത്താർ സേട്ടുസാഹിബും രാപ്പ കലില്ലാതെ യോഗങ്ങളിൽ നിന്ന് യോഗങ്ങളിലേക്ക്, ഒരു പ്രദേശത്ത് നി ന്ന് മറ്റൊരു പ്രദേശത്തേക്ക്, സഞ്ചരിച്ചു കൊണ്ടേയിരുന്നു.

അവരുടെ കഠിനാധ്വാനം ഇതര ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റികളിൽ നിന്നും മലബാർ ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റിയെ വേർ തിരിച്ചു.

മദിരാശി സംസ്ഥാനത്തെ മറ്റു ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റികളെക്കാൾ മുൻപന്തിയിലായി മലബാർ ജില്ലാ മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ സ്ഥാ നം. ഇതോടൊപ്പം തന്നെ മുസ്‌ലിം വിദ്യാർഥി ഫെഡറേഷൻ പ്രവർത്ത നവും നാഷണൽ ഗാർഡ് പ്രവർത്തനവും ഊർജ്ജസ്വലതയോടെ മു ന്നേറുന്നുണ്ടായിരുന്നു. തമിഴ് നാട്ടിലും ആന്ധ്രയിലും ഇതേ സമയം പ്രാ ന്ത പ്രദേശങ്ങളിൽ പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. അവിടെ യും മാറ്റത്തിന്റെ ചലനങ്ങൾ സൃഷ്ടിച്ച് കൊണ്ട് ഗ്രാമങ്ങളിൽ പാർട്ടി വ ളരുവാൻ തുടങ്ങി.

***

1935 ൽ പുതിയ ഭരണ പരിഷ്കരണ ആക്ടിനെത്തുടർന്ന് സംസ്ഥാ ന നിയമ സഭകളിലേക്കുള്ള തെരഞ്ഞെടുപ്പ് 1937-ലാണ് നടന്നത്. ഉത്ത രവാദിത്വ ഭരണത്തിലേക്ക് പടിപടിയായി ഇന്ത്യയെ ഉയർത്തുവാനുപക രിക്കുന്ന സ്വയം ഭരണ സ്ഥാപനങ്ങൾ ക്രമേണ ഏർപ്പെടുത്തുവാനും ഭ രണത്തിന്റെ എല്ലാ രംഗങ്ങളിലും ഇന്ത്യക്കാരെ കൂടുതൽ പങ്കാളികളാ ക്കാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി ഇന്ത്യാ സെക്രട്ടറി മൊണ്ടേഗു പ്രഖ്യാപനം നടത്തിയിട്ട് ഇതിനിടെ പതിനെട്ട് വർഷങ്ങൾ കഴിഞ്ഞു പോ യിരുന്നു. 1917-ലായിരുന്ന മോണ്ടേഗു പ്രഖ്യാപനം നടത്തിയിരുന്നത്. ആ പ്രഖ്യാപനത്തിനനുസൃതമായിട്ടാണിപ്പോൾ ഒരു തെരഞ്ഞെടുപ്പ് സംസ്ഥാ ന നിയമസഭകളിലേക്കു നടക്കുന്നതും. മോണ്ടേഗു ചെംസ് ഫോർഡ് ആക്ട് എന്ന പേരിൽ ഈ നിയമം പിന്നീട് അറിയപ്പെട്ടു.

ഇന്ത്യയിലെ മുസ്‌ലിം രാഷ്ട്രീയം എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരി ക്കുന്നതെന്ന് നിർണ്ണയിച്ച പ്രധാനമായൊരു തെരഞ്ഞെടുപ്പായി മാറി ഇ ത്. ഇന്ത്യൻ മുസൽമാനെ മൊത്തത്തിൽ തന്നെ ഗാഢനിദ്രയിൽ നിന്നും തട്ടിയുണർത്തി ഈ തെരഞ്ഞെടുപ്പ്.

മുസ്‌ലിം ലീഗിന്റെ ഹരിതാഭ മലബാറിലെങ്ങും പടർന്ന് കൊണ്ടിരു ന്ന ഒരു കാലവും കൂടിയായിരുന്നു തെരഞ്ഞെടുപ്പ് വേള. ഉത്തരേന്ത്യയി ലാണെങ്കിൽ അത് പൂർണ്ണ വളർച്ചയിലെത്തിയിട്ടുമുണ്ടായിരുന്നില്ല. ഈ

mappilaheritagelibrary.com

സമയത്തും കോൺഗ്രസ്സിനുള്ളിലെ പിടിവലി മുറക്ക് നടക്കുന്നുണ്ടായിരുന്നു. ഇത് കാരണം ആ പ്രസ്ഥാനത്തിന് എല്ലാ സംസ്ഥാനങ്ങളിലും കാര്യമായ ചലനങ്ങൾ ഉണ്ടാക്കുവാനും കഴിഞ്ഞിരുന്നില്ല. തന്നെയുമല്ല കോൺഗ്രസ്സിനൊരു പ്രത്യക പ്രത്യയശാസ്ത്രവും ഉണ്ടായിരുന്നില്ലല്ലോ. ജന്മിക്കും കുടിയാനും സ്വാതന്ത്ര്യ പ്രേമിക്കും ബ്രിട്ടീഷ് പ്രിയനും ഒരേ സമയം സംഗമിക്കാനുള്ള വെറുമൊരു സംഗമസ്ഥാനമായിരുന്നു ആ കാലത്ത് കോൺഗ്രസ്സ്. ആർക്കും കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിക്കാമായിരുന്നു. ഒരു കുഴപ്പവുമില്ല. അത്കൊണ്ട് തന്നെ എല്ലാ കാലവും ഭിന്നസ്വരങ്ങളുയരുന്ന ആൾകൂട്ടമായി അത് മാറി. വ്യതിരിക്തമായ ഒരു രാഷ്ട്രീയ പാർട്ടി എന്ന നിലയിലേക്ക് ഉയരുവാൻ കോൺഗ്രസ്സിന് കഴിഞ്ഞില്ല.

ജാതിഹിന്ദു നേതൃത്വത്തിന്റെ ഒരു കൈ എപ്പോഴും കോൺഗ്രസ്സ് സംഘടനയുടെ പിടിയിൽ അമർന്നിരുന്നു. അതിൽ നിന്നും കുതറി മാറാൻ കോൺഗ്രസ്സിനു കഴിഞ്ഞതുമില്ല. മുഴുവൻ ജനങ്ങളുടേയും അഭ്യുന്നതിക്കായി പ്രവർത്തിക്കുക എന്നതാണു മുഖ്യ അജണ്ട എന്ന് കോൺഗ്രസ്സ് പുറമേക്ക് മേനി നടിച്ചുവെങ്കിലും ജാതിഹിന്ദുക്കളുടെ താല്പര്യ സംരക്ഷണത്തിനായിരുന്നു മുൻതൂക്കം. നേതാക്കളും അത്തരം താല്പര്യങ്ങളുടെ കാവൽക്കാരായി.

കോൺഗ്രസ്സ് ഒരു മതേതര പാർട്ടിയാണെന്ന ബോധം അതിന്റെ നേതാക്കളുടെ ഉള്ളിൽ തന്നെയുണ്ടായിരുന്നില്ല. മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള പ്രവർത്തനം പാർട്ടിയിൽ നിന്നും ഉണ്ടായതുമില്ല.

ഹൈന്ദവ പുനരുദ്ധാരണത്തിന്റെ ഒരു ഉപകരണമായിട്ടാണ് അക്കാലത്തെ നേതാക്കൾ കോൺഗ്രസ്സിനെ കണ്ടത്. സ്വാതന്ത്ര്യ സമ്പാദനവും ഇത്തരമൊരു പ്രതലത്തിലൂടെയാണ് അവർ കണ്ടത്.

ഹൈന്ദവ ആരാധനകളേയും ഉത്സവങ്ങളേയും സ്വാതന്ത്ര്യ സമരങ്ങളായി ചിത്രീകരിക്കുന്നതിൽ ബാല ഗംഗാധര തിലകനെപ്പോലുള്ള കോൺഗ്രസ് നേതാക്കൾ അത്യുത്സാഹം കാണിച്ചു. ഹൈന്ദവ ധർമ്മത്തിലൂന്നിയ പ്രവർത്തനങ്ങളായിരുന്നു അദ്ദേഹത്തിന്റെ സമരനിലപാടുകൾ. സ്ത്രീ വിദ്യാഭ്യാസവും സഹവിദ്യാഭ്യാസവും അദ്ദേഹം ഏതിർത്തു. പൂനെയിൽ പ്ലേഗ് രോഗം പടർന്നു പിടിച്ചപ്പോൾ എലികളെ നശിപ്പിക്കാനിറങ്ങിയ മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെ അദ്ദേഹം എലികൾ ഗണപതിയുടെ വാഹനമാണെന്നും അവയെ കൊല്ലരുതെന്നും പറഞ്ഞ് തടഞ്ഞു. "സ്വതന്ത്ര്യം എന്റെ ജന്മാവകാശമാണ്. ഞാനത് നേടുക തന്നെ ചെയ്യുമെന്നു" പറഞ്ഞ സാക്ഷാൽ തിലകൻ ഇവ്വിധമായിരുന്നുവെങ്കിൽ മറ്റുള്ളവരുടെ സ്ഥിതി പറയാനുമില്ല. ബംഗാളിൽ ബിപിൻ ചന്ദ്രപാലും പഞ്ചാബിൽ ലാല ലജ്പത് റായിയും യു.പി.യിൽ മദൻ മോഹൻ മാളവ്യയുമെല്ലാം കോൺഗ്രസ്സ് നേതാക്കൾ എന്നതിലുപരി ഹൈന്ദവ പുനരു

mappilaheritagelibrary.com

ദ്ധാരണ നേതാക്കളായിട്ടാണ് അറിയപ്പെട്ടിരുന്നത്. ഇന്ത്യയുടെ സ്വാത ന്ത്ര്യത്തിന് അവർ അർത്ഥം നൽകിയത് രാമരാജ്യ പുനഃസ്ഥാപനം എ ന്നായിരുന്നു. അതായിരുന്നു അവരുടെ സ്വപ്നവും.

വന്ദേമാതരം പാട്ടിന്റെ കാര്യത്തിലും ഗോമാംസ നിരോധനത്തിന്റെ കാര്യത്തിലും കോൺഗ്രസ്സിന്റെ മർക്കടമുഷ്ടി അവശേഷിക്കുന്ന മുസ് ലിംകളെപ്പോലും കോൺഗ്രസ്സിൽ നിന്നും അകറ്റുവാൻ മാത്രമേ ഉപകരി ച്ചുള്ളൂ. ഇങ്ങിനെയൊക്കെയായിരുന്നു നിയമസഭാ തെരഞ്ഞെടുപ്പ് സമ യത്തെ ഇന്ത്യയിലെ രാഷ്ട്രീയാവസ്ഥ. എന്നാലും മുസ്ലിം ലീഗും കോൺഗ്രസ്സും യോജിച്ചു നിന്നാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്. തെര ഞ്ഞെടുപ്പ് പ്രഖ്യാപനം മലബാറിനെ തട്ടിയുണർത്തി. മബാറിൽ എട്ട് പൊതു നിയോജക മണ്ഡലങ്ങളും ആറ് മുസ്ലിം മണ്ഡലങ്ങളുമാണു ണ്ടായിരുന്നത്. ഒരു ക്രിസ്ത്യൻ മണ്ഡലം, ഒരു തൊഴിലാളി മണ്ഡലം, ഒ രു സ്ത്രീ മണ്ഡലം എന്നിങ്ങനെയും ഓരോ മണ്ഡലം ഉണ്ടായിരുന്നു.

കോഴിക്കോട് കുറുമ്പ്രനാട് റൂറൽ സ്ഥാനാർത്ഥിയായി മുസ്ലിം ലീ ഗിന്റെ ബി. പോക്കർ സാഹിബ് നോമിനേഷൻ സമർപ്പിച്ചു. എതിർ സ്ഥാ നാർത്ഥിയായി കോഴിക്കോട്ടെ ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ ത ങ്ങളും. മലബാറിന്റെ മൊത്തം ശ്രദ്ധയാകർഷിക്കുന്ന തെരഞ്ഞെടുപ്പാ യി ഇത് മാറി. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മലബാറിന്റെ സിരക ളിൽ ആവേശത്തിന്റെ ചൂട് പകർന്നു.

മുസ്ലിം ലീഗിന്റെ ലേബലിൽ മലബാറിൽ ആദ്യമായി തെരഞ്ഞെടു പ്പ് പോരാട്ടത്തിന് ഇറങ്ങിയ പോരാളിയായിരുന്നു ബി. പോക്കർ സാഹി ബ് എന്നതിനാൽ തെരഞ്ഞെടുപ്പ് സവിശേഷ ശ്രദ്ധയാകർഷിച്ചിരുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെയും അനുയായികളുടെയും പി ന്തുണയും പോക്കർ സാഹിബിനായിരുന്നു. ആറ്റക്കോയ തങ്ങളുടെ സ്ഥാ നാർത്ഥിത്വം ബ്രിട്ടീഷ് ഭരണകൂട താല്പര്യത്തെ പ്രതിനിധീകരിക്കുന്നു വെന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്തരമൊരു തീരുമാനം. അ ബ്ദുറഹിമാൻ മലപ്പുറം ദ്വയാംഗ മണ്ഡലത്തിലെ സ്ഥാനാർത്ഥിയായി രുന്നു. അബ്ദു റഹിമാന് സ്ഥാനാർത്ഥിത്വം നിഷേധിക്കുവാൻ എതിർ ഗ്രൂപ്പുകാർ പരിശ്രമിച്ചിരിന്നു. എന്നാൽ സർദാർ വല്ലഭായ് പട്ടേലിന്റെ ക മ്പി സന്ദേശത്തെത്തുടർന്ന് അവർ നിശബ്ദരായി. ബി.പോക്കർ സാഹി ബിന്റെ എതിരാളിയായി മത്സരിച്ചിരുന്ന പി.എം.ആറ്റക്കോയ തങ്ങളുടെ ഉറ്റ അനുയായിയായിരുന്ന കെ. ചേക്കു മലപ്പുറത്ത് അബ്ദുറഹിമാന്റെ എതിർ സ്ഥാനാർത്ഥിയുമായിരുന്നു. മലപ്പുറത്തെ ചേക്കുവിന്റെ ആക്രമ ണം മയപ്പെടുത്തുവാനായി പോക്കർ സാഹിബിനെ വിട്ട് പി.എം. ആറ്റ ക്കോയ തങ്ങളെ സഹായിക്കണമെന്ന് അബ്ദുറഹിമാൻ അനുയായികൾ ക്ക് നിർദ്ദേശം നൽകി. പക്ഷെ അനുയായികൾക്ക് അബദുറഹിമാന്റെ ഈ നിർദ്ദേശം അത്ര രുചിച്ചില്ല. ഈ വഞ്ചനക്ക് കൂട്ടു നിൽക്കാൻ അവർ തയ്യാറായില്ല. ഈ നേരത്ത് തങ്ങളുടെ നേതാവിന്റെ സാമ്രാജ്യത്വ വി

mappilaheritagelibrary.com

രോധം എവിടെപ്പോയെന്ന് അനുയായികൾ അതിശയപ്പെട്ടു. സീതി സാഹിബിന്റെ മേൽനോട്ടത്തിലായിരുന്നു പോക്കർ സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നത്. രാവും പകലും അദ്ദേഹം തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകി. ഊണും ഉറക്കവു മുപേക്ഷിച്ചു. കോടതിയിൽ പോകുന്നത് വിരളമായി. ചിന്തയും പ്രവർത്തനവും തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മാത്രമായി. സീതിസാഹിബിന്റെ ആശയസംപുഷ്ടവും മധുരമനോഹരവുമായ പ്രസംഗം യുവാക്കളെ പോക്കർ സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തകരാക്കി. മദിരാശിയിൽ മുസ്ലിം ലീഗു പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന പോക്കർ സാഹിബ് മലബാറിലെങ്ങും സുപരിചിതനും സുസമ്മതനുമായിരുന്നു. മലബാറിൽ നിന്നുള്ള ആദ്യത്തെ മുസ്ലിം ബിരുദ ധാരിയായിരുന്നു പോക്കർ സാഹിബ്. യാഥാസ്ഥിതികരുടെ വിലക്ക് വകവെയ്ക്കാതെ മദിരാശി പ്രസിഡൻസി കോളേജിൽ നിന്നും ബിരുദവും ലോ ബിരുദവും നേടിയ പോക്കർ സാഹിബ് യുവാക്കളുടെ ആദർശപുരുഷനായിരുന്നു.

പ്രസിദ്ധനായ വക്കീൽ, നിപുണനായ പാർലിമെന്റേറിയൻ, ഭരണഘടനാ വിദഗ്ദ്ധ, ഉജ്ജ്വല വാഗ്മി എന്നീ നിലകളിലൊക്കെ പ്രശസ്തനായിരുന്നു അദ്ദേഹം. ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ കുലദ്രോഹി എന്ന നിലയിലാണ് യാഥാസ്ഥിതിക വിഭാഗം അദ്ദേഹത്തെ കണ്ടത്. അതുകൊണ്ട് തന്നെ ജന്മിമാരും പ്രമാണിമാരും അടങ്ങുന്ന യാഥാസ്ഥിതിക സമൂഹം പി.എം ആറ്റക്കോയ തങ്ങൾക്ക് പിന്നിൽ അണിനിരന്നു. പോക്കർ സാഹിബിന്റെ പിന്നിലാകട്ടെ അഭ്യസ്തവിദ്യരായ ന്യൂനപക്ഷം വരുന്ന ചെറുപ്പക്കാർ മാത്രവും. ആവേശവും പ്രവർത്തനോർജ്ജവുമായിരുന്നു അവർക്കുണ്ടായിരുന്നത്. വോട്ട് ഉണ്ടായിരുന്നില്ല. ആറ്റക്കോയ തങ്ങൾക്ക് പിന്നിൽ അണിനിരന്നവർക്കാകട്ടെ ആൾ സ്വാധീനവും പണവുമുണ്ടായിരുന്നു. നികുതി ദായകരായിരുന്നതിനാൽ അവർക്ക് വോട്ടവകാശവും ഉണ്ടായിരുന്നു.

ജന്മിമാർക്കിടയിലും സാധാരണക്കാർക്കിടയിലും ഒരേ പോലെ അംഗീകാരം നേടിയ സമുദായ പ്രവർത്തകനും കൂടിയായിരുന്നു ബാഫഖി തങ്ങൾ. പൊതുവെ ജനസമൂഹങ്ങൾക്കിടയിൽ തങ്ങന്മാർക്കുണ്ടായിരുന്ന സ്വാധീനം പി. എം. ആറ്റക്കോയ തങ്ങളെ തുണച്ചിരുന്നു.

മുസ്ലിം ലീഗ് മലബാറിൽ പിച്ചവെച്ച് നടക്കുവാൻ തുടങ്ങുമ്പോഴാണ് തെരഞ്ഞെടുപ്പ് വന്നെത്തിയത്. എന്നാൽ ഒട്ടും പതറാതെ നിരാശപ്പെടാതെ, സീതിസാഹിബ് അതിവിദഗ്ധമായി തന്നെ പോക്കർ സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. മൗലാനാ ഷൗക്കത്തലി പോക്കർ സാഹിബിന്റെ തെരഞ്ഞെടുപ്പ് യോഗത്തിൽ പ്രസംഗിക്കുവാൻ വന്നു. സീതി സാഹിബ് അദ്ദേഹത്തിന്റെ പ്രസംഗം പരിഭാഷപ്പെടുത്തി. സീതിസാഹിബ് ചെന്ന ഇടങ്ങളിലെല്ലാം വോട്ടർമാർ

mappilaheritagelibrary.com

ക്ക് ആശയക്കുഴപ്പം ഉണ്ടായതായി ആറ്റക്കോയ തങ്ങളുടെ പ്രവർത്തകർ വന്ന് ബാഫക്കി തങ്ങളോട് പരാതിപ്പെട്ടു. ഇതേ തുടർന്ന് ബാഫക്കി തങ്ങൾ സീതിസാഹിബ് പോയ ഇടങ്ങളിലെല്ലാം വീണ്ടും ചെന്ന് വോട്ടർമാരെ കണ്ടു. തെരഞ്ഞെടുപ്പിൽ തന്നെ വല്ലാതെ ക്ലേശിപ്പിച്ചത് സീതി സാഹിബിന്റെ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളായിരുന്നുവെന്ന് പിൽക്കാലത്ത് കേരള സ്റ്റേറ്റ് മുസ്ലിം ലീഗ് പ്രസിഡണ്ടായും ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ച് മക്കയിൽ മരണപ്പെട്ട സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങൾതന്നെ അനുസ്മരിക്കുന്നുണ്ട്.

പുരോഗമന ചിന്താഗതിക്കാരനും സാധാരണക്കാരന്റെ താല്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവനുമായ ബി.പോക്കർ സാഹിബ് വിജയിച്ചാൽ തങ്ങളുടെ താല്പര്യങ്ങൾ ഹനിക്കപ്പെടുമെന്ന ഭയമായിരുന്നു ജന്മിമാരേയു നാട്ടുകാരേയും പ്രമാണിമാരേയും ഒറ്റക്കെട്ടാക്കി നിർത്തിയത്.

1937 ഫെബ്രുവരി 25-ാം തിയ്യതി റിട്ടേണിംഗ് ഓഫീസർ രാമചന്ദ്രൻ പിള്ളയുടെ മേൽനോട്ടത്തിൽ കൃത്യം 12.45 ന് വോട്ടെണ്ണി. പോക്കർ സാഹിബിന്റെ ചീഫ് ഇലക്ഷൻ എജന്റായി സീതി സാഹിബ് വോട്ടെണ്ണൽ കേന്ദ്രത്തിൽ ഹാജരായി. കൃത്യം 1.30 ന് ഫലം പ്രഖ്യാപിച്ചു. ആറ്റക്കോയ തങ്ങൾക്ക് 8695 വോട്ടും പോക്കർ സാഹിബിന് 5969 വോട്ടും കിട്ടി. 2726 വോട്ടിന്റെ ഭൂരിപക്ഷത്തിന് പി.എം. ആറ്റക്കോയ തങ്ങൾ വിജയിച്ചതായി പ്രഖ്യാപനം വന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ മുസ്ലിം ലീഗിന്റെ കന്നിയങ്കം. ചെറുപ്രായം പിന്നിട്ടിട്ടില്ലാത്ത മുസ്ലിം ലീഗിന് നേരിടാനുണ്ടായിരുന്നത് അധികാരവും സ്വാധീനവും ഉണ്ടായിരുന്ന ബ്രിട്ടീഷ് സർക്കാറിന്റെ നാട്ടിലെ പ്രതിനിധിയായിരുന്ന ആറ്റക്കോയ തങ്ങളോടായിരുന്നല്ലോ.

തെരഞ്ഞെടുപ്പിൽ തോറ്റുവെങ്കിലും മുസ്ലിം ലീഗിന്റെ മുന്നോട്ടുള്ള യാത്രക്ക് കരുത്ത് പകരുന്നതായി തെരഞ്ഞെടുപ്പനുഭവം. മുസ്ലിം ഇന്ത്യയുടെ ശബ്ദം മദിരാശി നിയമസഭക്കകത്ത് മുഴങ്ങുന്നത് ഇല്ലാതായി എന്ന നേട്ടം മാത്രമാണ് ഈ തെരഞ്ഞെടുപ്പ് കൊണ്ട് കിട്ടിയതെന്ന കുറ്റബോധം ഒരുവേള ആറ്റക്കോയ തങ്ങളെ വിജയിപ്പിച്ചവരെ അലട്ടിയിരിക്കാം.

മദിരാശി നിയമസഭയിലേക്കുള്ള കന്നിയങ്കത്തിൽ പോക്കർ സാഹിബ് തോറ്റുപോയെങ്കിലും മലബാറിലെ മുസ്ലിം ജനസാമാന്യം മാറ്റത്തിന്റെ കാറ്റ് അനുഭവിക്കുന്നുണ്ടായിരുന്നു. അളിയന് വേണ്ടി പ്രവർത്തിച്ച ബാഫക്കി തങ്ങളെ വരെ ഈ കാറ്റ് സ്വാധീനിച്ചു. മാത്രവുമല്ല സീതി സാഹിബിന്റെ നിഷ്ക്കളങ്കമായ സമുദായ പ്രവർത്തനവും രാഷ്ട്രീയ പ്രവർത്തനവും ബാഫക്കി തങ്ങളിൽ വമ്പിച്ച സ്വാധീനമാണ് ചെലുത്തിയത്.

മുസ്ലിംകൾ രണ്ട് വാഭാഗമായി നിന്ന് മത്സരിക്കുന്നതിലൂടെ അവരുടെ സംഘടനാ ശക്തി നിഷ്പ്രയോജനകരമായിത്തീരുകയാണെന്ന സ

mappilaheritagelibrary.com

ത്യവും ബാഫഖി തങ്ങൾ മനസ്സലാക്കി. സീതിസാഹിബിന്റെ വ്യക്തിപ്രഭാവവും സ്വഭാവ വൈശിഷ്ട്യവും ബാഫഖി തങ്ങളെ ഒരു കാന്തത്തെപ്പോലെ സീതിസാഹിബിലേക്ക് അടുപ്പിക്കുകയായിരുന്നു. സീതിസാഹിബിന്റെ മാസ്മരികവും മധുരോദാരവുമായ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടനായ ബാഫഖി തങ്ങൾ വളരെ വൈകാതെ തന്നെ മുസ്‌ലിം ലീഗിന്റെ ഹരിതപതാക സ്വന്തം ചുമലിലേറ്റുകയായിരുന്നു. ബാഫഖി തങ്ങൾ മുസ്‌ലിം ലീഗിൽ ചേർന്നതോടെ മുസ്‌ലിം ജനതയിൽ അത് വലിയ തോതിലുള്ള ചലനങ്ങൾ സൃഷ്ടിച്ചു.

1934-ൽ ആരംഭിച്ച മുസ്‌ലിം രാഷ്ട്രീയത്തിന്റെ ധ്രുവീകരണം 1937-ലെ നിയമസഭാ തെരഞ്ഞെടുപ്പോടെ പൂർണ്ണമായെന്ന് തന്നെപറയാം. മുസ്‌ലിം ലീഗിന്റെ സന്ദേശം ഇളങ്കാറ്റിൽ നിന്നു വീശിയടിക്കുന്ന കൊടുങ്കാറ്റായി. ആയിരങ്ങൾ ലീഗിന്റെ ഹരിതാഭയിലേക്ക് ഒഴുകിയെത്തി. മലബാറിന്റെ മുക്കിലും മൂലയിലും മുസ്‌ലിം ലീഗിന്റെ ശാഖാകമ്മിറ്റികൾ ഉയർന്ന് വന്നു. മുസ്‌ലിം ലീഗ് ജനമനസ്സുകളിൽ വേര് പിടിച്ചു കഴിഞ്ഞിരുന്നു.

ഇന്ത്യയിലും ഇത് തന്നെയായിരുന്നു അവസ്ഥ. 1937 ഒക്ടോബർ 3-ാം തിയ്യതി മുസ്‌ലിം ലീഗിന്റെ വാർഷികയോഗം ലീഗിനെ കൂടുതൽ വിശാലാടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുവാനും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ അതിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുവാനും തീരുമാനിച്ചു. പോക്കർ സാഹിബ് തോറ്റുവെങ്കിലും മുസ്‌ലിം ലീഗിന്റെ പ്രവർത്തനയന്ത്രമായി മാറിയ സീതിസാഹിബ് പാർട്ടിയെ കെട്ടിപ്പടുക്കുന്നതിൽ ഈ തെരഞ്ഞെടുപ്പിലൂടെ വിജയിക്കുകയായിരുന്നു.

mappilaheritagelibrary.com

പതിമൂന്ന്
അടയുന്ന വാതിലുകൾ

ബി.പോക്കർ സാഹിബിന് പുറമെ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയായി എ.കെ ഖാദർകുട്ടി സാഹിബ് (വയനാട്-കോട്ടയം) മണ്ഡലത്തിൽ നിന്ന് ജനവിധി തേടിയിരുന്നു. അദ്ദേഹം അവിടെ വിജയിക്കുകയും ചെയ്തു.

വിവിധ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനായിരുന്നു അന്നു ഭൂരിപക്ഷം സീറ്റുകളും ലഭിച്ചിരുന്നത്. കോൺഗ്രസ്സും മുസ്‌ലിംലീഗും ധാരണയോടെയാണ് മത്സരിച്ചിരുന്നതെങ്കിലും അധികാരം കിട്ടിയപ്പോൾ കോൺഗ്രസ്സ് മുസ്‌ലിം ലീഗിനെ തഴഞ്ഞു.

1935-ലെ ഇന്ത്യാ ആക്ട് പ്രകാരം പ്രാദേശിക സ്വയം ഭരണം അനുവദിച്ചിരുന്നുവെങ്കിലും അടിയന്തിര ഘട്ടങ്ങളിൽ ഗവർണർക്ക് അധികാരത്തിൽ ഇടപെടുവാനും ഭരണഘടന തകർത്ത് സർവ്വാധികാരങ്ങളും കയ്യാളാനും അധികാരം നല്കുന്ന ഒരു വകുപ്പ് ആക്ടിൽ ഉണ്ടായിരുന്നു.

ചുരുക്കത്തിൽ ഗവർണർമാർ അനുവദിക്കുന്ന കാലത്തോളം മാത്രമേ പ്രവിശ്യകളിൽ സ്വയംഭരണം അനുവദിച്ചിരുന്നുള്ളൂ.

1937 ആഗസ്ത് 1 ന് മന്ത്രിസഭാ ദിനമായി കൊണ്ടാടുവാൻ ജവഹർലാൽ നെഹ്റു ആഹ്വാനം ചെയ്തു. കോൺഗ്രസ് അധികാരത്തിൽ എത്തിയത് ഭാഗ്യമാണെങ്കിലും ഭരണത്തിൽ അഴിമതിയും അനീതിയും കണ്ടേക്കാമെന്നും നെഹ്റു പറഞ്ഞു. അത് അക്ഷരം പ്രതി പുലരുകയും ചെയ്തു. തുടർന്നുള്ള കോൺഗ്രസ് ഭരണം നെഹ്റുവിന്റെ ആശങ്ക ശരിവെക്കുന്നതായി.

രാജാജിയെ മദിരാശി നിയമസഭയിലെ കോൺഗ്രസ് കക്ഷിയുടെ നേതാവായി തെരഞ്ഞെടുത്തു. മലബാറിൽ നിന്നും ഒരു മന്ത്രിയുണ്ടാകുമെന്ന് ഉറപ്പുണ്ടായിരുന്നു. കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ല്യാരുടേയും ഇ. മൊയ്തു മൗലവിയുടേയും നേതൃത്വത്തിൽ മഞ്ചേരി സുന്ദരം അടങ്ങുന്ന ഒരു നിവേദകസംഘം രാജാജിയെ സന്ദർശിച്ച് മലബാറിൽ നിന്നും മുഹമ്മദ് അബ്ദുറഹിമാനെ മന്ത്രിയാക്കണമെന്ന നിവേദനം സമർപ്പിച്ചു.

നിവേദനം വാങ്ങിവെച്ച് രാജാജി നിവേദകസംഘത്തോട് പറഞ്ഞു; "ഒരു നേതാവിന് പത്ത് ഗുണങ്ങളുണ്ടായിരിക്കണം അതിൽ ഒമ്പതും

mappilaheritagelibrary.com

അബ്ദുറഹിമാനുണ്ട്. ഒരെണ്ണം മാത്രമില്ല. പക്ഷേ, അത് അബ്ദുറഹിമാനില്ല." നിവേദക സംഘം നിരാശയോടെ തിരിച്ചുപോന്നു. വർഷങ്ങൾ കഴിയവെ മദിരാശി നിയമസഭയിലെത്തിയ മുസ്ലീം ലീഗ് നേതാവ് കെ. എം. സീതി സാഹിബിനെ ഇതേ രാജാജി പലവട്ടം അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ഒരംഗമാകാൻ ക്ഷണിച്ചു എന്നത് ചരിത്രം. ക്ഷണത്തിന് നന്ദി പറയവെ സീതി സാഹിബ് ചോദിച്ചു; "ഞാൻ മന്ത്രിയായത് കൊണ്ട് എന്റെ സമുദായത്തിന് എന്ത് നേട്ടമാണ് ഉണ്ടാകാൻ പോകുന്നത്?" അബ്ദുറഹിമാനെ മന്ത്രിയാക്കുന്നതിനെതിരെ മലബാറിലെ ഭൂരിപക്ഷം കോൺഗ്രസ് എം.എൽ എ മാരും ഒറ്റക്കെട്ടായി അണിനിരന്നു. കോൺഗ്രസ്സിന്റെ അകത്തളങ്ങളിൽ അബ്ദു റഹിമാൻ അസ്പൃശ്യനായിരുന്നു. മലബാറിലെ കോൺഗ്രസ് എം.എൽ.എ മാരിൽ ഇ. കണ്ണൻ മാത്രമേ അബ്ദുറഹിമാനെ അനുകൂലിച്ചുള്ളൂ. മറ്റ് എം.എൽ.എ മാരായ പോത്തേരി മാധവൻ, സി.കെ ഗോവിന്ദൻ നായർ, എ.വി.കുട്ടിമാളു അമ്മ, പി.അച്യുതൻ വക്കീൽ, അമ്പലക്കാട്ട് കരുണാകരമേനോൻ, കോങ്ങാട്ടിൽ രാമൻ മേനോൻ, ആർ. രാഘവമേനോൻ എന്നിവർ അബ്ദുറഹിമാൻ മന്ത്രിയാകുന്നതിനെ എതിർത്തു. ഒടുവിൽ മലബാറിൽ നിന്നും കോങ്ങാട്ടിൽ രാമൻ മേനോൻ മന്ത്രിയായി.

ആകെ വോട്ടർമാരുടെ 55 ശതമാനം വരുന്ന 2 കോടി 780 ലക്ഷം പേർ സമ്മതിദാനാവകാശം രേഖപ്പെടുത്തിയിരുന്നു. ഇന്ത്യയിലെ എല്ലാ കീഴ്സഭകളിലുംകൂടി 1585 സീറ്റുകളുണ്ടായിരുന്നു. ഇതിൽ 711 സീറ്റുകൾ കോൺഗ്രസ്സ് നേടി. മദിരാശി, യു.പി. സി.പി. (മധ്യസംസ്ഥാനം) ബീഹാർ, ഒറീസ, എന്നീ സംസ്ഥാനങ്ങളിൽ 49 ശതമാനം സീറ്റുകളും കരസ്ഥമാക്കി. ബംഗാൾ, ആസാം, വടക്ക് പടിഞ്ഞാറൻ അതിർത്തി എന്നിവിടങ്ങളിൽ കോൺഗ്രസ് ഏറ്റവും വലിയ ഒറ്റക്കക്ഷിയായി. ഭൂരിപക്ഷം കിട്ടിയ സംസ്ഥാനങ്ങളിലെല്ലാം കോൺഗ്രസ്സ് ഭരണം തുടങ്ങി. അതോടെ മുസ്ലിംകളടക്കമുള്ള ന്യൂനപക്ഷ പിന്നോക്ക വിഭാഗങ്ങളുടെ ദുരിതവും തുടങ്ങി.

നമ്മുടെ മന്ത്രിമാർ അബുബക്കർ സിദ്ധീഖിന്റെയും ഉമർ ഫാറൂഖിന്റെയും ചുരുങ്ങിയ പക്ഷം ഹർഷ വർദ്ധനന്റെയെങ്കിലും ജീവിതം അനുകരിക്കുന്ന പക്ഷം ഭാരതത്തിന് അതിന്റെ ആത്മാവിനെ വീണ്ടെടുക്കുവാൻ കഴിയുമെന്ന് ഗാന്ധിജി കോൺഗ്രസ് മന്ത്രിസഭകളെ അനുമോദിക്കവേ പ്രതീക്ഷ പ്രകടിപ്പിച്ചു. ഗാന്ധിജിയുടെ പ്രതീക്ഷ പുലർന്നില്ല. മന്ത്രിമാർ അബൂബക്കർ സിദ്ധിഖിനെയും ഉമർഫാറൂഫിനെയും ഹർഷ വർദ്ധനനേയും ഓർത്തില്ല. കിട്ടിയ നേരം കൊണ്ട് അഴിമതി നടത്തുവാൻ അവർ ഉത്സാഹിച്ചു. ന്യൂനപക്ഷങ്ങൾക്കെതിരെ അനീതിയും വിദ്വേഷവും എവിടെയും അരങ്ങുവാണു. കോൺഗ്രസ്സ് അധികാരത്തിൽ വന്ന പതിനൊന്ന് സംസ്ഥാനങ്ങളിൽ എട്ടെണ്ണത്തിലും ഇതായിരുന്നു അവസ്ഥ.

mappilaheritagelibrary.com

മലബാറിലും മറ്റൊന്നായിരുന്നില്ല കോൺഗ്രസ് നയം. 1935-ലെ ആക്ടിന്റെ ചുവട് പിടിച്ച് കേളപ്പന്റെ നേതൃത്വത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് അധികാരത്തിൽ വന്നു. ബോർഡിന്റെ ഭരണം മലബാറിലെ മുസ്ലിംകളെ അവഹേളിക്കുംവിധമായിരുന്നു. മുസ്ലിം ദ്രോഹത്തിന്റെ ഭാഗമായിട്ടാണെന്ന് തന്നെ പറയാം അത്വരെ ഡിസ്ട്രിക് ബോർഡിന് കീഴിലുള്ള മാപ്പിള സ്കൂളുകളിൽ ഫാത്തിഹ ചൊല്ലിക്കൊണ്ടായിരുന്നു ക്ലാസ്സുകൾ ആരംഭിച്ചിരുന്നത്. കെ.കേളപ്പൻ ബോർഡ് പ്രസിഡന്റായതോടെ ഈ സമ്പ്രദായം അദ്ദേഹം നിർത്തൽ ചെയ്തു. ഇതാകട്ടെ മലബാറിൽ വ്യാപകമായ മുസ്ലിം പ്രതിഷേധത്തിന് വഴിവെക്കുകയും ചെയ്തു. ഇത് പോലുള്ള സംഭവങ്ങൾ തന്നെയായിരുന്നു വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ കോൺഗ്രസ് ഭരണങ്ങളിലും അരങ്ങേറിയിരുന്നത്.

കോൺഗ്രസ് മന്ത്രിസഭകളുടെ രണ്ടര വർഷത്തെ ഭരണനാളുകളിൽ മുസ്ലിംകൾ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളും പ്രയാസങ്ങളും ഇന്ത്യയൊട്ടാകെയുള്ള മുസ്ലിംകളിൽ ഉൽക്കണ്ഠയും പ്രതിഷേധവും ഉളവാക്കി. ഇപ്പോൾ തന്നെ ഇതാണ് അവസ്ഥയെങ്കിൽ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷമുള്ള കോൺഗ്രസ് ഭരണത്തിൻ കീഴിൽ എന്തായിരിക്കും അവസ്ഥയെന്നോർത്ത് അവർ ഭീതിപ്പെടുവാൻ തുടങ്ങി. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതിനെത്തുടർന്ന് 1939 ൽ കോൺഗ്രസ് മന്ത്രിസഭകൾ രാജിവെച്ചു. കോൺഗ്രസ് മന്ത്രിസഭകളുടെ രാജി ഇന്ത്യയിലെ മുസ്ലിംകൾ ആഹ്ലാദാരവങ്ങളോടെയാണ് എതിരേറ്റത്.

മുഹമ്മദലി ജിന്ന 1939 ഡിസംബർ 22 മോചന ദിവസമായി ആചരിക്കുവാൻ ഇന്ത്യയൊട്ടുക്കുമുള്ള മുസ്ലിം ലീഗ് പ്രവർത്തകരോട് ആഹ്വാനം ചെയ്തു. കോൺഗ്രസ്സ് മന്ത്രിസഭകൾക്ക് കീഴിൽ മുസ്ലിംകൾ അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ സർവ്വേന്ത്യാ മുസ്ലിം ലീഗ് നേതൃത്വം പീർപൂർ രാജാവിനെ ചുമതലപ്പെടുത്തി. ഇന്ത്യയൊട്ടാകെ സന്ദർശിച്ച കൂട്ടത്തിൽ അദ്ദേഹം മലബാറിലുമെത്തി. വിശദമായ തെളിവെടുപ്പ് നടത്തി. സീതിസാഹിബ് അടക്കമുള്ള നേതാക്കളെ സന്ദർശിച്ചു വിവരങ്ങൾ ശേഖരിച്ചു. കോഴിക്കോട്, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലെ മുസ്ലിം ലീഗ് പൊതുയോഗങ്ങളിൽ അദ്ദേഹം പ്രസംഗിച്ചു. സീതിസാഹിബ് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തി. കോഴിക്കോട് സന്ദർശിക്കവെ അറേബ്യയിലെ ഒരു പട്ടണത്തിലാണോ താൻ എന്ന് തോന്നിപ്പോയെന്ന് പീർപ്പൂർ രാജാ അതിശയിച്ചു പോയി.

മുസ്ലിംകളുടെ സുരക്ഷ ഉറപ്പാക്കികൊണ്ടുള്ള ഭരണ കൈമാറ്റമാണ് വേണ്ടതെന്ന് മുസ്ലിം ലീഗ് വാദിച്ചു പോരുന്നുണ്ടായിരുന്നു. ഈ ന്യായവാദങ്ങളെ അവഗണിച്ച്കൊണ്ട് കോൺഗ്രസ്സിന് അധികാരം കൈമാറ്റം ചെയ്യാൻ ബ്രിട്ടീഷ് ഭരണാധികാരികളെ നിർബന്ധിതരാക്കുക എന്ന തന്ത്രമായിരുന്നു മന്ത്രിസഭകളുടെ രാജിയിലൂടെ കോൺഗ്രസ് പ്ര

mappilaheritagelibrary.com

യോഗിച്ചത്. ഇത്തരമൊരു നിരീക്ഷണം സീതിസാഹിബ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കോൺഗ്രസ് മന്ത്രിസഭകളുടെ രാജി ഇന്ത്യയിലെ മുസ്‌ലിം ന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹം തന്നെയായിരുന്നു. അത്കൊണ്ടായിരുന്നു ആ രാജി ദിനത്തെ മോചനദിനമായി ആചരിക്കുവാൻ മുസ്‌ലിം ലീഗ് നേതൃത്വം ആഹ്വാനം ചെയ്തതും. മലബാറിലെ കേളപ്പന്റെ ഡിസ്ട്രിക്ട് ബോർഡ് ഭരണമടക്കമുള്ള ഇന്ത്യയിലെ കോൺഗ്രസ് ഭരണത്തിലെ അനീതികൾ ഓരോന്നായി എണ്ണി പറഞ്ഞുള്ള അന്വേഷണ റിപ്പോർട്ടാണ് പീർപൂർ രാജ മുസ്‌ലിം ലീഗ് നേതൃത്വത്തിന് നൽകിയത്.

കോൺഗ്രസ് മന്ത്രിസഭകളുടെ തിരോധാനത്തിൽ കൃതാർത്ഥതയും ആത്മാർത്ഥതയും ആശ്വാസവും ദൈവത്തോട് കൃതജ്ഞതയും പ്രകടിപ്പിച്ചു കൊണ്ടുള്ള പ്രമേയങ്ങൾ മുസ്‌ലിം ലീഗ് യോഗങ്ങൾ പാസാക്കി.

***

എന്നാൽ ബ്രിട്ടന്റെ യുദ്ധ സംരംഭങ്ങളെ സഹായിക്കുവാനോ സ്വീകരിക്കുവാനോ മുസ്‌ലിം ലീഗ് തയ്യാറായില്ല. ഇന്ത്യൻ മുസൽമാന്മാരുടെ ന്യായവാദങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള ഒരു ഭരണ മാറ്റത്തിന് ബ്രിട്ടൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചായിരുന്നു ഇത്.

യുദ്ധസഹായ കമ്മിറ്റികളിൽ അംഗങ്ങളാവരുതെന്ന മുസ്‌ലിം ലീഗിന്റെ നിർദ്ദേശം മുസ്‌ലിംകളിൽ ബഹുഭൂരിപക്ഷം പേരും സ്വീകരിച്ചു. മലബാർ ജില്ലാ മുസ്‌ലിം ലീഗിന്റെ ബഹുമാന്യാധ്യക്ഷനായിരുന്ന കണ്ണൂർ സുൽത്താൻ അലിരാജാ സാഹിബ് ആ കാര്യത്തിൽ ധീരമായ നിലപാട് തന്നെ എടുത്തു.

യുദ്ധ സഹായ കമ്മിറ്റിയിൽ ഒരംഗമായി രാജാസാഹിബിനെയും സർക്കാർ നോമിനേറ്റ് ചെയ്തിരുന്നു. ഈ വിവരം കലക്ടർ വില്യംസ് രാജാസാഹിബിനെ അറിയിച്ചപ്പോൾ അദ്ദേഹം അത് നിരസിച്ചു. പിന്നീട് കലക്ടർ രാജാസാഹിബിനെ കണ്ടപ്പോൾ വളരെ നീരസത്തിൽ പറഞ്ഞു. "നിങ്ങൾ സർക്കാറിന്റെ മാലിഖാൻ വാങ്ങുന്ന ഒരാളാണെന്ന കാര്യം ഓർക്കണം. എന്നിട്ട് അംഗത്വം നിരസിച്ചാൽ മതി." അലി രാജ കുലുങ്ങിയില്ല. അദ്ദേഹം പറഞ്ഞു: "മുസ്‌ലിം ലീഗിന്റെ തീരുമാനത്തിനെതിരായി എന്റെ സമുദായത്തിൽ നിന്നും ഒറ്റപ്പെട്ട് നില്ക്കാൻ എനിക്ക് കഴിയുകയില്ല."

രാജാസാഹിബിന്റെ അറക്കൽ സ്വരൂപത്തിലെ വകയായിരുന്ന ലക്ഷദ്വീപുകൾ സർക്കാറിന് വിട്ടുകൊടുത്തതിന് പകരമായി സർക്കാർ കരാറുപ്രകാരം കരമായി നൽകിയിരുന്ന 25000 ക മാലിഖാൻ നിർത്തുമെന്നായിരുന്നു കലക്ടർ വില്യംസിന്റെ ഭീഷണിയിലെ ധ്വനി.

സീതി സാഹിബിന് പിന്നാലെയും സർക്കാറിന്റെ കണ്ണുകൾ ഉണ്ടായിരുന്നു. സർക്കാർ വാഗ്ദാനം ചെയ്തിരുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉയർന്ന ഉദ്യോഗം നിരസിച്ച് സമുദായ പ്രവർത്തനങ്ങളുമായി മുന്നോട്ട്

mappilaheritagelibrary.com

നീങ്ങിക്കൊണ്ടിരുന്ന സീതിസാഹിബിനെ സംശയത്തോടെയായിരുന്നു ബ്രിട്ടൻ വീക്ഷിച്ചിരുന്നത്. തന്റെ കക്ഷിയുടെ ഒരു കേസ് വാദിക്കാനായി തലശ്ശേരിയിൽ സബ്മജിസ്ട്രേട്ട് കോടതിയിൽ ഹാജരാകാൻ എത്തിയതായിരുന്നു സീതിസാഹിബ്. സർ ആർതർ ഹോപ്പ് ആയിരുന്നു മദിരാശി ഗവർണർ. ഹോപ്പിന്റെ അധ്യക്ഷതയിൽ അന്നേരം തലശ്ശേരി ടൗൺഹാളിൽ യുദ്ധഫണ്ടിലേക്കുള്ള ധനസഹായാർത്ഥം വമ്പിച്ച ഒരു പൊതുയോഗം നടക്കുകയായിരുന്നു. യോഗത്തിൽ കലക്ടർ വില്യംസും പങ്കെടുത്തിരുന്നു. സീതി സാഹിബ് മജിസ്ട്രേട്ട് കോടതിയിൽ ഉണ്ടെന്ന വിവരം ക്ഷണനേരം കൊണ്ട് ഗവർണറും കലക്ടറും അറിഞ്ഞു. അവർ ഉടനെ സബ് കലക്ടർ രാമകൃഷ്ണനെ സീതിസാഹിബിന്റെ അടുത്തേക്ക് വിട്ടു. അദ്ദേഹം സീതി സാഹിബിന്റെ അടുത്ത് വന്ന് പറഞ്ഞു:

"ടൗൺഹാളിൽ യുദ്ധസഹായകമ്മിറ്റി യോഗം നടക്കുകയാണ്. താങ്കൾ യോഗത്തിൽ പങ്കെടുത്ത് ഒരു പ്രസംഗം നടത്തണമെന്ന് ഗവർണറും കലക്ടറും ആഗ്രഹിക്കുന്നു. താങ്കൾ വരണം. പ്രസംഗിക്കണം." സീതിസാഹിബ് തന്റെ സ്വതസിദ്ധമായ പുഞ്ചിരിയോടെ മറുപടി പറഞ്ഞു; "ക്ഷമിക്കണം." മുസ്ലിം ലീഗിന്റെ ഉത്തരവാദിത്വമുള്ള ഒരു സ്ഥാനം വഹിക്കുന്ന ആളാണ് ഞാൻ. പാർട്ടി തീരുമാനമനുസരിച്ച് പ്രസ്തുത യോഗത്തിൽ സംബന്ധിക്കുവാൻ എനിക്ക് യാതൊരു നിർവ്വാഹവുമില്ല."

സബ്കലക്ടർ രാമകൃഷ്ണൻ ഈ വിവരം കലക്ടർ വില്യംസിനെ ഉടൻ ഫോണിൽ അറിയിച്ചു. എങ്കിലും അദ്ദേഹം പിൻ വാങ്ങിയില്ല. സീതിസാഹിബിന്റെ അതിപ്രശസ്തമായ പരിഭാഷയെക്കുറിച്ച് അറിവുണ്ടായിരുന്ന കലക്ടർ വീണ്ടും രാമകൃഷ്ണനെ ഫോണിൽ വിളിച്ചു. ശരി പ്രസംഗിക്കുന്നില്ലെങ്കിൽ വേണ്ട. ഗവർണറുടെ പ്രസംഗമെങ്കിലും ഒന്ന് പരിഭാഷപ്പെടുത്താൻ അദ്ദേഹത്തോട് പറഞ്ഞു നോക്കൂ. "മലബാർ ഭരിക്കുന്ന കലക്ടറുടെ സ്വരം അപേക്ഷയുടേതായിരുന്നു. മുസ്ലിം ലീഗിന്റെ ഒരു നേതാവിന് കിട്ടുന്ന അംഗീകാരം കൂടിയായിരുന്നു ആ അഭ്യർത്ഥന. സീതിസാഹിബ് അപ്പോഴും പുഞ്ചിരിച്ചു. എന്നിട്ട് പറഞ്ഞു; "മിസ്റ്റർ രാമകൃഷ്ണൻ, ഞാൻ വ്യസനിക്കുന്നു. എനിക്ക് യാതൊരു നിലയ്ക്കും എന്റെ പാർട്ടിയെ ലംഘിച്ച് താങ്കളുടെ യോഗത്തിൽ പങ്കെടുക്കുവാൻ കഴിയില്ല." ബ്രിട്ടീഷ് സർക്കാറിന്റെ സബ്കലക്ടറും ഗവർണറും മുസ്ലിം ലീഗ് നേതാവിന്റെ ഉറച്ച തീരുമാനം കേട്ട് മൂകരും നിരാശരുമായി.

***

ദേശീയ പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമര രംഗത്തും സ്വയം ഭരണ കാര്യത്തിലുമുള്ള അഭിപ്രായവ്യത്യാസങ്ങൾ കാരണമായി മുസ്ലിം ലീഗും കോൺഗ്രസ്സും അനുദിനം അകലുകയായിരുന്നു. യു.പിയിൽ 1936 ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ കോൺഗ്രസ്സും മുസ്ലിം ലീഗും ഒരുമിച്ചാണ് നേരിട്ടതെങ്കിലും ഭരണം കിട്ടിയതോടെ കോൺഗ്രസ്സി

mappilaheritagelibrary.com

ന്റെ മട്ട് മാറി. ഭരണത്തിൽ നിന്നും അവർ മുസ്‌ലിം ലീഗിനെ മാറ്റി നിർത്തി.

മുസ്‌ലിം ലീഗിന്റെ യു.പിയിലെ നേതാക്കളായിരുന്ന ഖാലിക്കുസ്സമാനെയും നവാബ് ഇസ്മയിലിനെയും മന്ത്രിമാരാക്കണമെന്ന മുസ്‌ലിം ലീഗിന്റെ ആവശ്യം ജവഹർലാൽ നെഹ്റു നിരാകരിച്ചു.

വേണമെങ്കിൽ ഒരാളെ മന്ത്രിയാക്കാമെന്ന നെഹ്റുവിന്റെ ഓഫർ മുസ്‌ലിം ലീഗ് നേതൃത്വം സ്വീകരിച്ചില്ല. അവിടത്തെ പ്രത്യേക സാഹചര്യത്തിൽ പ്രായോഗികമായി നെഹ്റുവിനു ചെയ്യാൻ കഴിയുന്നതായിരുന്നു മുസ്‌ലിം ലീഗിന് രണ്ട് മന്ത്രി സ്ഥാനം നൽകുക എന്നത്. നെഹ്റു ഇത് സമ്മതിക്കാത്തതിനെ 'ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു' എന്ന തന്റെ പുസ്തകത്തിൽ മൗലാനാ അബുൽ കലാം ആസാദ് വിമർശിക്കുന്നുണ്ട്. ആസാദ് ചില ഉപാധികൾ മുന്നോട്ട് വെച്ചു. ഈ ഉപാധികളും മുസ്‌ലിം ലീഗിന് സ്വീകാര്യമായില്ല. മുസ്‌ലിം ലീഗിനെ മുച്ചൂടും നശിപ്പിക്കുവാനുള്ള തന്ത്രമായിരുന്നു ആസാദിന്റെ ഉപാധികൾ.

യു.പി മന്ത്രിസഭാ രൂപീകരണത്തോടെ കോൺഗ്രസ്സും മുസ്‌ലിം ലീഗും പൂർണ്ണമായും അകന്നു. ഇരു കക്ഷികളുടേയും സഹകരണത്തിന്റെ വാതിൽ കൊട്ടിയടഞ്ഞു. 1936-ൽ ജിന്നാ സാഹിബ് മുസ്‌ലിം ലീഗിന്റെ നേതൃത്വം ഏറ്റെടുത്തതോടെ ലീഗിന് പുതിയൊരു പ്രവർത്തന ശൈലി തന്നെ ഉണ്ടായി. പാർട്ടിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഉഷാറായി. കോൺഗ്രസ്സും മുസ്‌ലിം ലീഗും എന്നെന്നേക്കുമായി അകന്നതോടെ 1914-ൽ ലാഹോറിൽ ചേർന്ന സർവ്വേന്ത്യാ മുസ്‌ലിം ലീഗ് യോഗം വിഭജന പ്രമേയം പാസാക്കുകയായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലേക്ക് മുസ്‌ലിം ലീഗിനെ തള്ളി നീക്കുന്നതിൽ കോൺഗ്രസ്സ് തന്ത്രം വിജയിക്കുകയായിരുന്നു. സർവ്വേന്ത്യാ മുസ്‌ലിം ലീഗിന്റെ ഒരു ഘടകമെന്ന നിലയിൽ മലബാർ ജില്ലാ മുസ്‌ലിം ലീഗിന് നേതൃത്വവും ദിശാബോധവും നൽകിപ്പോരുക എന്നതായിരുന്നു മുസ്‌ലിം ലീഗിന്റെ അമരക്കാരിലൊരാളായിരുന്ന സീതി സാഹിബ് നിർവഹിച്ച ദൗത്യം.

സർവ്വേന്ത്യാ മുസ്‌ലിം ലീഗിന്റെ നയവും പരിപാടിയും മലബാറിന്റെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ എത്തിക്കുവാനും സീതിസാഹിബും സത്താർ സേട്ടു സാഹിബും നിരന്തരം പ്രയത്നിച്ചു കൊണ്ടിരുന്നു. മുസ്‌ലിം ലീഗിന്റെ നയവും പരിപാടിയും നിശ്ചയിച്ചിരുന്നത് മുഹമ്മദലി ജിന്നയായിരുന്നു. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ താഴെയുള്ള ഘടകങ്ങൾ നടപ്പിലാക്കിപ്പോന്നു.

ചരിത്രം നിർബന്ധിത ബുദ്ധിയോടെ നടപ്പിലാക്കിയ ഒരു പ്രക്രിയയായിരുന്നു വിഭജനം. വിഭജനത്തിന്റെ ആശയം എതെങ്കിലും ഒരു പാർട്ടിയുടെ തലയിൽ വെച്ചു കെട്ടുന്നത് ചരിത്രത്തോട് ചെയ്യുന്ന ക്രൂരതയായിരിക്കും. ബ്രിട്ടന്റെയും ഹിന്ദുനേതാക്കളുടേയും മുസ്‌ലിം നേതൃത്വത്തിന്റെയും ആലോചനകളിൽ ഒരേ സമയം രൂപം കൊണ്ട ഒരാശയത്തിന്റെ

mappilaheritagelibrary.com

പൂർത്തീകരണമായി ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ നിലനിൽക്കുന്ന സാമുദായിക പ്രശ്നങ്ങൾക്ക് ഇത്തരമൊരു പദ്ധതിയിലൂടെ പരിഹാരം കാണാനാകുമെന്നവർ വിശ്വസിച്ചു.

വിഭജനത്തിന്റെ കാരണക്കാർ എന്ന മുൾക്കിരീടം മുസ്‌ലിംകളുടെ ശിരസ്സിൽ വെച്ച് ഉറപ്പിക്കുവാൻ ചിലർ നടത്തുന്ന വ്യഥാശ്രമങ്ങൾ ചരിത്ര സത്യങ്ങളെ കുഴിച്ചു മൂടുന്നതിന് തുല്യമാണ്. വിഭജനത്തിന്റെ യഥാർത്ഥ ചരിത്രം ചികയുന്ന പക്ഷം ചാരം മൂടിക്കിടന്ന വിദ്വേഷത്തിന്റെയും പകയുടേയും കനലുകളിൽ അത് വിഷക്കാറ്റ് ഊതിയേക്കാം.

വിഭജനം എന്ന് ഉദ്ദേശിച്ചിരുന്നില്ലെങ്കിലും ഇത്തരമൊരാശയത്തിന്റെ മുന്നോടിയായി 1930-ൽ അല്ലാമാ മുഹമ്മദ് ഇഖ്ബാൽ ഇന്ത്യയിലെ മുസ്‌ലിം സംസ്ഥാനങ്ങൾ സംയോജിപ്പിച്ച് ഒരു സ്വയം ഭരണ സ്റ്റേറ്റ് ആവണമെന്ന് വിഭാവനം ചെയ്തപ്പോൾ അന്ന് മുഹമ്മദലി ജിന്ന ആ ആശയത്തെ നഖശിഖാന്തം എതിർക്കുകയാണ് ചെയ്തത്. ഹിന്ദു മുസ്‌ലിം മൈത്രിയുടെ അംബാസഡർ എന്ന് ഇന്ത്യയുടെ വാനമ്പാടിയായിരുന്ന സരോജിനി നായിഡു പാടിനടന്ന മുഹമ്മജലി ജിന്ന ആ കാലത്ത് പൂർണ്ണനായ മതേതര ജനാധിപത്യ വാദിയായിരുന്നു. കോൺഗ്രസ്സിന്റെ കടിഞാൺ ഹിന്ദു മഹാസഭയുടെ കൈകളിലാണെന്ന തിരിച്ചറിവായിരുന്നുവല്ലോ അദ്ദേഹത്തെ കോൺഗ്രസ്സിൽ നിന്നും മുസ്‌ലിം ലീഗിൽ എത്തിച്ചത്. ഇഖ്ബാലിന്റെ ആശയം തളിരണിഞ്ഞില്ലെങ്കിലും അത് മണ്ണിനടിയിൽ ആണ്ട് പോയിരുന്നില്ല. അതിന്റെ നാമ്പുകൾ പുറമേക്ക് വരുവാൻ ചിലർ അടിവളം ചേർക്കുന്നുണ്ടായിരുന്നു. 1933ൽ ബ്രിട്ടനിൽ വട്ടമേശ സമ്മേളനത്തിനായി എത്തിയ മുസ്‌ലിംലീഗ് നേതാക്കളെ പാകിസ്ഥാൻ എന്ന ആശയം ധരിപ്പിക്കുവാൻ ആദ്യമായി മുന്നോട്ടു വന്നത് ബ്രിട്ടനിലെ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ പഠിച്ചിരുന്ന ഇന്ത്യൻ വിദ്യർത്ഥികളായിരുന്നു. അവർ സി. റഹ്മത്തലി എന്ന വിദ്യാർത്ഥി നേതാവിന്റെ നേതൃത്വത്തിൽ പാകിസ്ഥാൻ എന്ന ആശയം അടങ്ങുന്ന നിവേദനം മുസ്‌ലിം ലീഗ് നേതാക്കൾക്ക് സമർപ്പിച്ചു.

ഈ നിവേദനത്തിലാണ് പാകിസ്ഥാൻ എന്ന പദം ആദ്യമായി അക്ഷര രൂപം കൈകൊള്ളുന്നത്. താൻ എഴുതി ഉണ്ടാക്കിയ പാകിസ്ഥാൻ സംബന്ധിച്ച ലഘുലേഖ റഹ്മത്തലി ജിന്നാ സാഹിബിന് നൽകി. അപ്പോഴും ജിന്നാ സാഹിബിന് അത് സ്വീകാര്യമായിരുന്നില്ല. ഈ ചരിത്ര യാഥാർത്ഥ്യം കോളിൻസും ലാപ്പിയറും ചേർന്നെഴുതിയ 'സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ' എന്ന പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുമുണ്ട്. ഹിന്ദു മഹാസഭകളുടെ നേതാവ് കൂടിയായിരുന്ന ലാലാ ലജ്പത് റായി വളരെ നേരത്തെ തന്നെ പാകിസ്ഥാൻ എന്ന ആശയത്തെ അനുകൂലിച്ച കോൺഗ്രസ് നേതാവായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയും മറ്റ് ഇടതുപക്ഷ കക്ഷികളും വിഭജനത്തെ അനുകൂലിച്ച് രംഗത്ത് വരികയുണ്ടായി. അവരിൽ പ്രസിദ്ധനായിരുന്നു

mappilaheritagelibrary.com

പി.സി. ജോഷി. ഭരണഘടനാ ശില്പിയായ ഡോ.ബി.ആർ. അംബേദ്ക്കറും വിഭജനത്തെ അനുകൂലിച്ച പ്രമുഖരിൽ പ്രധാനിയായിരുന്നു. എം. എൻ റോയി, ഇന്ത്യയുടെ പ്രഥമ ധനകാര്യ മന്ത്രി ഡോ.ജോൺ മത്തായി എന്നിവരൊക്കെയും വിഭജനത്തെ അനുകൂലിച്ച് വാദമുഖങ്ങൾ നിരത്തിയവരായിരുന്നു. നീക്കുപോക്കില്ലാത്ത ഒരവസ്ഥയാണ് മുന്നിലുള്ളതെന്ന സത്യം ഒടുവിൽ മുസ്‌ലിം ലീഗ് നേതാക്കൾ തിരിച്ചറിയുകയായിരുന്നു. യുക്തവും നീതിപൂർണ്ണവുമായ ഒരു തീരുമാനത്തിന്റെ വാതിലുകൾ തങ്ങൾക്ക് മുന്നിൽ കൊട്ടിയടക്കപ്പെട്ടതായി അവർ മനസ്സിലാക്കുകയായിരുന്നു.

ഇതിന്റെ അടിസ്ഥാനത്തിലാണ് 1940 മാർച്ച് 23 ന് സർവ്വേന്ത്യാ മുസ്‌ലിം ലീഗിന്റെ ചരിത്ര പ്രസിദ്ധമായ ലാഹോർ സമ്മേളനം വിഭജനപ്രമേയം അംഗീകരിച്ചത്.

പ്രമേയം രാജ്യത്തും വിദേശരാജ്യങ്ങളിലും വമ്പിച്ച പ്രചാരണ കോലാഹലങ്ങൾ തന്നെ ഉണ്ടാക്കി. സ്വദേശി വിദേശി പത്രങ്ങളിലെല്ലാം ചൂടുള്ള വാർത്ത മുസ്‌ലിം ലീഗിന്റെ വിഭജന പ്രമേയമായിരുന്നു. പ്രമേയത്തിൽ പാകിസ്ഥാൻ എന്ന പദം ഉപയോഗിച്ചിരുന്നില്ലെങ്കിലും വാർത്തകളിൽ അവ നിർല്ലോഭം ഉപയോഗിക്കപ്പെട്ടു.

***

ഇന്ത്യയിലെ മുസ്‌ലിം ജനത ഈ പ്രമേയത്തിൽ അടിയുറച്ചു നിന്നതോടെ ഇതിനെതിരെ ഉയർന്ന വാദകോലാഹലങ്ങൾ സ്വയം കെട്ടടങ്ങി. മുസ്‌ലിം ലീഗിനെ ഇത്തരമൊരു പരുവത്തിലേക്ക് ഉന്തിത്തള്ളിയ കോൺഗ്രസ് മുസ്‌ലിം ലീഗിന്റെ ലാഹോർ പ്രമേയത്തോടെ മൗണ്ട് ബാറ്റൻ പ്രഭുവിന്റെ പിന്തുണയാൽ വിഷലിപ്തമായ പ്രചാരണങ്ങളാണ് അഴിച്ച് വിട്ടത്. ഇത് സ്വാതന്ത്ര്യ ലബ്ധി എന്ന പരമ ലക്ഷ്യത്തെ പിന്നെയും വൈകിപ്പിക്കുവാൻ മാത്രമേ ഉപകരിച്ചുള്ളൂ. ഒരു പക്ഷേ മൗണ്ട് ബാറ്റനും ഇതു തന്നെയായിരിക്കാം ആഗ്രഹിച്ചിട്ടുണ്ടാവുക. മുഹമ്മദലി ജിന്നയെ ഭാവി ഭാരതത്തിന്റെ പ്രധാനമന്ത്രിയാക്കാമെന്നനിർദ്ദേശം വരെ കോൺഗ്രസ്സ് നേതൃത്വത്തിൽ നിന്നും ഉയർന്ന് വന്നു. പക്ഷെ വൈകിപ്പോയിരുന്നു. ജിന്ന ഇതിനകം ഏറെ ദൂരം പിന്നിട്ട് കഴിഞ്ഞിരുന്നു.

1945 ജനുവരി 13ന് അലഹ്ബാദ് മുൻസിപ്പൽ കൗൺസിൽ സമർപ്പിച്ച ഒരു മംഗള പത്രത്തിന് മറുപടിയായി ജിന്നാ സാഹിബ് പറഞ്ഞ വാക്കുകൾ ഇന്നും പ്രസക്തമാണ്. "പാകിസ്ഥാൻ കാരണം മുസ്‌ലിംകൾക്ക് മറ്റുസമുദായങ്ങളോട് വിരോധമാണെന്ന് ദയവായി ആരും കരുതരുത്. ഇന്ത്യക്ക് മുഴുവൻ സ്വാതന്ത്ര്യവും ലഭിക്കാതെ പാകിസ്ഥാൻ സാധ്യമല്ലെന്ന് ഞാൻ ഊന്നിപ്പറയുന്നു. മറ്റു സമുദായങ്ങളുടെ സഹായത്തോട് കൂടിയോ അല്ലാത്ത പക്ഷം തനിയെ നിന്ന് കൊണ്ടോ പാകിസ്ഥാന്റെ ലഭ്യതക്ക് വേണ്ടി ഞങ്ങൾ പൊരുതും. ഞങ്ങൾ എങ്ങിനെ പൊരുതിയാലും ശരി അതിന്റെ ഫലം ഇന്ത്യക്കാരായ സർവ്വജനങ്ങളുടേയും സ്വാതന്ത്ര്യ

mappilaheritagelibrary.com

മായിരിക്കും. ഈ വസ്തുത ഇന്ന് പലരും മനസ്സിലാക്കുന്നില്ല. ഇതിന്റെ യാഥാർത്ഥ നില നിങ്ങൾക്ക് ഒരിക്കൽ മനസ്സിലാക്കുവാൻ കഴിയും. എ ന്റെ ആദർശത്തിൽ ഏറ്റവും വലിയ വിരോധികൾ ഇതര സമുദായങ്ങള ല്ല. നമ്മുടെ ഭരണാധികാരികളാണ്."

ചരിത്രത്തിന്റെ താളുകളിൽ എഴുതപ്പെട്ട ഈ വരികൾ ഇന്നും ജ്വല നമാന തിളക്കത്തോടെ നിലനിൽക്കുന്നു. വിഭജനപ്രമേയം അവതരിപ്പി ക്കുകയും അത് പാസാക്കുകയും ചെയ്തതോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലിം ന്യൂനപക്ഷത്തിന്റെ ആത്മവിശ്വാസം വർദ്ധിക്കുക യും വർദ്ധിതവീര്യത്തോടെ അവർ മുസ്ലിം ലീഗിന്റെ കൊടിക്കു കീ ഴിൽ അണിനിരക്കുവാൻ തുടങ്ങുകയും ചെയ്തു.

ലാഹോർ പ്രമേയം പാസാക്കി രണ്ട് മാസം കഴിഞ്ഞതിന് ശേഷമാ ണ് മലബാറിൽ ജില്ലാ മുസ്ലിം ലീഗിന്റെ ഒരു മഹാ സമ്മേളനം 1940 എ പ്രിൽ 29ന് കോഴിക്കോട് സംഘടിപ്പിക്കുന്നത്. കാലം ഇന്നും രോമഹർ ഷത്തോടെ ഓർക്കുന്ന ഒരു മഹാ സമ്മേളനം. സമ്മേളന നടത്തിപ്പിന്റെ പ്രധാന ശില്പി സീതി സാഹിബായിരുന്നു. മുസ്ലിം മജ്ലിസിന്റെ വാർ ഷിക സമ്മേളനങ്ങൾ വൻ വിജയമാക്കിയ ആ മാസ്മരിക പ്രഭാവം ഈ സമ്മേളന നടത്തിപ്പിലും പ്രയോഗിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി.

mappilaheritagelibrary.com

പതിനാല്
ഒരു പരിഭാഷയുടെ ഓർമ്മ

തിരുവങ്ങാട് ക്ഷേത്രത്തിന് സമീപമുള്ള വാടകവീട്ടിലായിരുന്നു തല ശ്ശേരി വാസത്തിന്റെ തുടക്കത്തിൽ സീതി സാഹിബ് താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാറ് പലപ്പോഴും നാട്ടുകാർക്ക് വേണ്ടി ഓടിയിരുന്നതി നാൽ കുതിരവണ്ടിയിലായിരുന്നു സീതി സാഹിബ് കോടതിയിൽ പോയി രുന്നത്. കോടതിക്ക് സമീപമുള്ള ഒരു വീട് ലഭിച്ചപ്പോൾ 1940-ൽ സീതി സാഹിബ് താമസം അങ്ങോട്ട് മാറ്റി. മുസ്ലിം ലീഗിന്റെ ശാഖാ കമ്മിറ്റി കൾ പഞ്ചായത്തുകൾ തോറും രൂപീകരിക്കുന്ന ഒരു സമയമായിരുന്നതി നാൽ പലപ്പോഴും അദ്ദേഹത്തിന് കോടതിയിൽ ഹാജരാവാൻ കഴിയാതെ വന്നു. അദ്ദേഹത്തിന്റെ ജൂനിയർ വക്കീലൻമാർ കോടതികളിൽ ഹാജ രായി. കേസുകൾ നീട്ടി വെക്കാൻ കോടതികളിൽ അപേക്ഷിച്ചത് ജഡ്ജി മാർ അനുഭാവപൂർവ്വം അനുവദിച്ചു. സീതി സാഹിബിനോടുള്ള ആദ രവും മതിപ്പുമായിരുന്നു ജഡ്ജിമാരെ ഇതിന് പ്രേരിപ്പിച്ചിരുന്നത്.

തന്നെ ആശ്രയിച്ച് തന്റെ വരുമാനത്തിൽ കഴിയുന്ന കുടുംബത്തി ന്റെയും സഹോദരങ്ങളുടേയും ജീവിതം മുന്നോട്ട് കൊണ്ടു പോകാനുള്ള ഉപാധിയായും സഹോദരങ്ങളുടെ പഠനം വിഘ്നം കൂടാതെ പൂർത്തി കരിക്കുവാനും വേണ്ടി മാത്രമായിരുന്നു അദ്ദേഹം അഭിഭാഷകവൃത്തി നടത്തിയിരുന്നത്. പരാശ്രയം കൂടാതെ ജീവിക്കുവാൻ ഒരു ജോലി. ജീവിതം സമുദായത്തിന് വേണ്ടിയും ഇതായിരുന്നു സീതിസാഹിബിന്റെ ജീവിത തത്വം.

മലബാർ ജില്ലാ മുസ്ലിം ലീഗ് കമ്മിറ്റി രൂപീകരിച്ചതിനെത്തുടർന്ന് വിശ്രമമില്ലാത്ത ദിവസങ്ങളായിരുന്നു പിന്നീട് സീതി സാഹിബിന്. സാധാ രണ ജനങ്ങളുമായി ഇടപഴകിക്കൊണ്ടുള്ള ഒരു പ്രവർത്തന രീതിയായി രുന്നു അദ്ദേഹത്തിന്റേത്. ഏതൊരു പ്രദേശത്തെയും പ്രവർത്തകരുടെ പേരും അവരുടെ കുടുംബ വിവരവും സീതി സാഹിബിന് മനഃപാഠമാ യിരുന്നു. ഏതാൾകൂട്ടമുണ്ടായാലും ഓരോരുത്തരേയും പേരെടുത്ത് വിളിച്ച് സുഖവിവരങ്ങൾ അന്വേഷിക്കുന്നതിൽ അദ്ദേഹത്തിന് പ്രത്യേക മായ ഒരു സിദ്ധിതന്നെയുണ്ടായിരുന്നു. അത്കൊണ്ട് തന്നെ മുസ്ലിം ലീഗിലേക്ക് കൂട്ടം കൂട്ടമായാണ് പ്രവർത്തിക്കാൻ ജനങ്ങൾ കടന്ന് വന്ന

mappilaheritagelibrary.com

ത്. ഇന്ന് മലബാറിൽ കാണുന്ന മുസ്‌ലിം ലീഗിന്റെ വളർച്ചക്ക് അടിത്തറ യിട്ടത് സീതി സാഹിബായിരുന്നു എന്നതിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമായിരുന്നു ഈ ദൃശപ്രവർത്തനങ്ങൾ. ഈയൊരു കാലത്താണ് സർ സഫറുല്ലാ ഖാൻ കൊച്ചി സന്ദർശിക്കുന്നത്. സന്ദർശന വേളയിൽ അദ്ദേഹം അന്നത്തെ കൊച്ചി ദിവാനായിരുന്ന ഷൺമുഖം ഷെട്ടിയോട് ചോദിച്ചു: "നിങ്ങൾ ഇവിടെ എന്റെ മുസ്‌ലിം സമുദായത്തിന് വേണ്ടി വല്ലനന്മയും ചെയ്യുന്നുണ്ടോ?" "ഷെട്ടി ഉടനെ പറഞ്ഞു; കൊച്ചി സംസ്ഥാ നത്ത് ഉദ്യോഗം ലഭിക്കാനുള്ള യോഗ്യരായ മുസ്‌ലിംകളില്ല." "സീതി സാഹിബ് ഈ സ്റ്റേറ്റുകാരനല്ലേ?" സർ സഫറുല്ല വീണ്ടും ചോദിച്ചു. അതിനും ഷെട്ടിക്ക് ഉത്തരമുണ്ടയിരുന്നു. "ഞാനെന്ത് ചെയ്യാൻ? അദ്ദേഹം സമുദായ സേവന ഫലമായി മലബാറിലേക്ക് പോയില്ലേ?" ഷെട്ടി കൈമ ലർത്തി.

വിനയാന്വിതവും കുലീനവുമായ പെരുമാറ്റം. രാഷ്ട്രീയ എതിരാളി കളെ കുത്തിമലർത്തി മുറിവേൽപിക്കുന്ന പരാമർശങ്ങൾ ഒരിക്കലും നട ത്താത്ത നേതാവ്. രാഷ്ട്രീയ യോഗങ്ങളിലെ ആഭിജാത്യവും സംസ്കാ രവും തുളുമ്പുന്നതും മാധുര്യമേറിയതുമായ പ്രഭാഷണങ്ങൾ. ഈ ഗുണ ങ്ങളെല്ലാം സീതി സാഹിബിനെ എതിരാളികളുടെ പ്രിയങ്കരനായി ഉയർ ത്തുകയായിരുന്നു. മുപ്പതുകളിൽ തലശ്ശേരിയും മലബാറും മാത്രമല്ല, കേരളമൊട്ടാകെ ആ മനുഷ്യന്റെ വാക്കുകൾക്ക് കാതോർക്കുകയായി. സാർവ്വത്രികമായ അംഗീകാരം സീതിസാഹിബിനെ തേടിയെത്തുകയാ യിരുന്നു. വിദ്യാർഥികളും യുവജനങ്ങളും സീതി സാഹിബിന്റെ വാക്കു കൾക്കായി കാത്തു. അദ്ദേഹത്തിന്റെ പിന്നിൽ അവർ അണിനിരന്നു. സീതി സാഹിബിന്റെ ജാജ്വലമായ വ്യക്തിപ്രഭാവത്തിൽ ആകൃഷ്ടരായ യുവത മുസ്‌ലിം ലീഗിന്റെ അച്ചടക്കമുള്ള സന്ദേശ വാഹകരായി.

ഇന്ത്യൻ മുസൽമാന്റെ ഭാവി നിശ്ചയിക്കാനുള്ള നിർണ്ണായക ശക്തി യായി ഇതിനകം ഇന്ത്യയൊട്ടാകെ മുസ്‌ലിം ലീഗ് വളർന്നിരുന്നു. സീതി സാഹിബിന്റെയും സത്താർ സേട്ടിന്റെയും പ്രവർത്തന വൈഭവത്തിൽ മദിരാശി സംസ്ഥാനത്തെ ഇതര ജില്ലകളെക്കാൾ മലബാർ ജില്ലാ മുസ്‌ലിം ലീഗ് ഉത്തരോത്തരം ഉയരത്തിൽ എത്തിയിരുന്നു. ഈയൊരു വേളയി ലാണ് 1940 ഏപ്രിൽ 29 ന് കോഴിക്കോട് ചരിത്രം സൃഷ്ടിച്ച മലബാർ ജില്ലാ മുസ്‌ലിം ലീഗ് സമ്മേളനം നടക്കുന്നത്.

മലബാറിനെ അക്ഷരാർത്ഥത്തിൽ ഇളക്കി മറിച്ചു ഈ സമ്മേളനം. നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ജനങ്ങൾ കാൽ നടയായിട്ടാണ് സമ്മേളന സ്ഥലമായ കോഴിക്കോട് നഗരിയിൽ എത്തിച്ചേർന്നത്. സമ്മേ ളനസ്ഥലം സൂചികുത്താൻ ഇടമില്ലാത്ത വിധം ജനങ്ങളാൽ നിറഞ്ഞു. അവിഭക്ത ബംഗാളിന്റെ പ്രധാനമന്ത്രിയായിരുന്ന ശേറെ ബംഗാൾ ഫസ ലുൽ ഹഖായിരുന്നു സമ്മേളനാധ്യക്ഷൻ. ഫസലുൽ ഹഖ് പ്രസംഗി ക്കുവാൻ എഴുന്നേറ്റ ഉടനെ തന്നെ സദസ്സിൽ നിന്നും കാതടപ്പിക്കും വിധം

mappilaheritagelibrary.com

കരഘോഷങ്ങൾ ഉയരുവാൻ തുടങ്ങി. അതിനൊരു കാരണവും കൂടിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തൊട്ടരികിൽ പ്രസംഗ പരിഭാഷകനായി സീതി സാഹിബിനെ കണ്ട ആഹ്ലാദവും കൂടിയായിരുന്നു ആ കരഘോഷം. ഏകദേശം ഒരു മണിക്കൂറോളം നീണ്ട് നിന്ന പ്രസംഗമായിരുന്നു ഫലസുൽഹഖിന്റേത്. സാധാരണ പ്രസംഗകരെപ്പോലെതന്നെ ഫസലുൽ ഹഖും തന്റെ പത്ത് മിനിറ്റ് നേരത്തെ പ്രസംഗം കഴിഞ്ഞ് നിർത്തി. പരിഭാഷക്കുവേണ്ടിയായിരുന്നു ഈ അർദ്ധവിരാമം. എന്നാൽ പരിഭാഷകനായ സീതിസാഹിബ് വിനയം കലർന്ന പുഞ്ചിരിയോടെ നിന്നതേയുള്ളൂ. ഫസലുൽ ഹഖിന് സംശയം. ഇതെന്താ ഇങ്ങിനെ. വേദിയിലുണ്ടായിരുന്ന സത്താർ സേട്ടു ഫസലുൽ ഹഖിനെ സമാധാനിപ്പിച്ചു. താങ്കൾ തുടർന്നോളൂ. പരിഭാഷ പിറകെ വന്നുകൊള്ളും. ബംഗാൾ പ്രധാനമന്ത്രി പിന്നെയും പത്ത് മിനിറ്റ് സംസാരിച്ച് പരിഭാഷകന് വേണ്ടി കാത്തു. അപ്പോഴും സീതി സാഹിബ് പഴയനില്പ് തുടർന്നതേയുള്ളൂ. സേട്ടു സാഹിബ് എഴുന്നേറ്റ് ചെന്ന് ബംഗാൾ പ്രധാനമന്ത്രിയോട് പറഞ്ഞു: "താങ്കൾ വിഷമിക്കേണ്ട. അതിസമർത്ഥനായ ഒരു പിരഭാഷകനാണ് താങ്കൾക്കരികിൽ നില്ക്കുന്നത്. താങ്കളുടെ പ്രസംഗം ഭംഗിയായിതന്നെ പരിഭാഷപ്പെടുത്തപ്പെടും. താങ്കൾക്ക് പ്രസംഗം തുടരാവുന്നതാണ്."

എന്നിട്ടും ഫസലുൽ ഹഖിന് വിശ്വാസം വന്നില്ല. അദ്ദേഹം ഇടയ്ക്ക് പിന്നെയും പ്രസംഗം നിർത്തി സീതി സാഹിബിനെ നോക്കി. സീതി സാഹിബ് പുഞ്ചിരിയോടെ സദസ്സിനെയും. സദസ്സ് ആകട്ടെ ആവേശത്തിരമാലകളിൽ ചാഞ്ചാടുകയായിരുന്നു. ഒരു മണിക്കൂർ നീണ്ടു നിന്ന പ്രസംഗം ഫസലുൽ ഹഖ് ആശങ്കയോടെയാണ് അവസാനിപ്പിച്ചത്. താൻ ഒരു മണിക്കൂർ നേരമെടുത്ത് പ്രസംഗിച്ചത് മുഴുവനും ഈ ചെറിയ മനുഷ്യൻ വള്ളിപുള്ളി തെറ്റാതെ പരിഭാഷപ്പെടുത്തുമെന്നോ? അവസാനം സീതി സാഹിബ് ഫസലുൽ ഹഖിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ ആരംഭിച്ചു. അപ്പോഴേക്കും മഗരിബ് നിസ്ക്കാരത്തിനുള്ള ബാങ്ക് പട്ടാള പള്ളിയിൽ നിന്നും മുഴങ്ങി. യോഗം മഗ്രിബ് നിസ്ക്കാരാനന്തരം തുടരുമെന്നും അപ്പോൾ സീതി സാഹിബ് ഫസലുൽ ഹഖിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുമെന്നും സേട്ടുസാഹിബ് സദസ്യരെ അറിയിച്ചു. അതും ഫസുൽ ഹഖിന്റെ ആശങ്ക ഇരട്ടിപ്പിച്ചതേയുള്ളൂ. നിസ്കാരാനന്തരം യോഗം തുടർന്നു. സീതി സാഹിബ് ഫസലുൽ ഹഖിന്റെ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ തുടങ്ങി. ഫസലുൽ ഹഖ് എന്തെല്ലാം പറഞ്ഞുവോ അതെല്ലാം ഒരക്ഷരം പോലും പിഴക്കാതെ സീതി സാഹിബ് പ്രസംഗിച്ചു. ഫസലുൽ ഹഖ് നിർത്തിയേടത്ത് സീതി സാഹിബ് നിർത്തി. സദസ്സും വേദിയും ഒരേ സമയം വിസ്മയഭരിതമായ ഒരവസ്ഥയിലായി. ആ ലയത്തിൽ ഒരു ബിന്ദുവായി ഫസലുൽ ഹഖും ചേർന്നു. മുസ്ലിം ലീഗിന്റെ നയവും പരിപാടികളും വിവരിച്ചുകൊണ്ട് ഫസലുൽ ഹഖ് നടത്തിയ പ്രസംഗം അതിമനോഹരമായ ശൈലിയിൽ, അതിന്റെ ആശയഗാംഭീര്യ

mappilaheritagelibrary.com

ത്തിന് ഇരട്ടിമാറ്റ് നല്കി മന്ദതാളത്തിൽ തുടങ്ങി സീതി സാഹിബിന്റെ പ്രസംഗം ഒരു പ്രവാഹമായി അവസാനിച്ചപ്പോൾ ജനങ്ങൾ സീതിസാഹിബിനും ഫസലുൽ ഹഖിനും മുദ്രാവാക്യം വിളിച്ചു. ആഹ്ലാദത്താൽ തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് ഫസലുൽ ഹഖ് സീതി സാഹിബിനെ കെട്ടിപ്പുണർന്നു. സീതി സാഹിബിന്റെ കൈകളുയർത്തിപ്പിടിച്ച് ഫസലുൽ ഹഖ് സദസ്യരോടായി പറഞ്ഞു:

"ഇതാ, ഇതാണ് ഇന്ത്യയുടെ ട്രാൻസിലേറ്റർ ജനറൽ. ഞാൻ രാഷ്ട്രീയ രംഗത്ത് പ്രവർത്തനമാരംഭിച്ചിട്ട് ഇരുപത്തിയഞ്ചോളം വർഷങ്ങളായി. എന്നാൽ ഇക്കാലമത്രയും ഇത് പോലൊരു അനുഭവം എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഇതുപോലൊരു പരിഭാഷകനെ ഞാനിതുവരെ കണ്ടിട്ടില്ല. എന്റെ പ്രസംഗമാണ് ഇവിടെ പരിഭാഷപ്പെടുത്തിയതെന്ന് പോലും ഞാൻ മറന്നുപോയി. മലബാർ ജനതക്ക് അല്ലാഹു നൽകിയ സൗഭാഗ്യമാണ് ഈ നേതാവ്." തുടർന്ന് ഫസലുൽ ഹഖ് തന്റെ ഇരുകൈകളും ആകാശത്തേക്ക് ഉയർത്തി കണ്ണടച്ചു പ്രാർത്ഥിച്ചു;

"പരമകാരുണികനായ അല്ലാഹു സീതി സാഹിബിന് ഈ സമുദായത്തെ നയിക്കാനായി ദീർഘായുസ്സും ആരോഗ്യവും നൽകുമാറാകട്ടെ." സദസ്സും വേദിയും എഴുന്നേറ്റു നിന്നു ഇരു കൈകളും മുഖത്തോട് ചേർത്ത് ഏറ്റുവിളിച്ചു: "ആമീൻ..."

***

1938 ൽ സിന്ധ് സംസ്ഥാന മുസ്ലിം ലീഗ് ഇന്ത്യയെ ഹിന്ദു ഇന്ത്യയെന്നും മുസ്ലിം ഇന്ത്യയെന്നും രണ്ടായി വിഭജിക്കണമെന്ന പ്രമേയം പാസാക്കിയിരുന്നു. അത് വരെ ജിന്ന വിഭജനത്തെക്കുറിച്ച് ഒരക്ഷരം ഉരിയാടിയിരുന്നില്ല എന്ന കാര്യവും ഓർക്കേണ്ടതുണ്ട്.

ഏറെക്കഴിഞ്ഞാണ് വിഭജനത്തെ സംബന്ധിച്ചും വിഭജന പദ്ധതകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുവാനുമായി സർ അബ്ദുല്ല ഹാറൂണിനെ മുസ്ലിം ലീഗ് ചുമതലപ്പെടുത്തിയത്.

അദ്ദേഹം മുസ്ലിം ലീഗിന്റെ വിദേശ കാര്യ കമ്മിറ്റി ചെയർമാനായിരുന്നു. അതിനാൽ തന്നെ വിഭജനത്തെ സംബന്ധിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒരു ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ലാഹോറിൽ അംഗീകരിച്ച വിഭജന പ്രമേയം. കമ്മ്യൂണിസ്റ്റ് പാർട്ടി ഇതിനകം നിയമവിധേയമായിക്കഴിഞ്ഞിരുന്നു. സ്വയം നിർണ്ണയാവകാശത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പാകിസ്ഥാൻ വാദത്തെ അംഗീകരിച്ചു. എങ്കിൽപ്പോലും അവരുമായി ഒരു സഹകരണത്തിനോ ധാരണക്കോ മുസ്ലിം ലീഗ് തയ്യാറായില്ല. ലീഗ് ഇന്ത്യൻ മുസ്ലിംകളുടെ അവഗണിക്കാനാവാത്ത ശക്തിയായി മാറി.

ഇന്ത്യൻ മുസ്ലിംകളുടെ ഏകവും ഔദ്യോഗികവുമായ സംഘടനയായി ലീഗിനെ അംഗീകരിച്ചാൽ മാത്രമേ കൂടിയാലോചനക്ക് തയ്യാറാവുകയുള്ളൂ വെന്ന് ജിന്ന പ്രഖ്യാപിച്ചു.

mappilaheritagelibrary.com

ഈ നേരത്ത് പോലും ജിന്നാ സാഹിബ് പാക്സ്ഥാൻ വാദം മുറുകെ പിടിച്ചിരുന്നില്ല. യാഥാർത്ഥ പ്രശ്ന പിരഹാരത്തിന് പാകിസ്ഥാനാണ് പോംവഴി എന്നും അദ്ദേഹം വിശ്വസിച്ചിരുന്നില്ല.

അത്കൊണ്ട് തന്നെയായിരുന്നു ലാഹോർ പ്രമേയത്തിൽ പാകിസ്ഥാൻ എന്ന പദം ഉപയോഗിക്കാതിരുന്നതും. എന്താണ് പാകിസ്ഥാൻ, അത് എങ്ങിനെയായിരിക്കണമെന്ന് പോലും ജിന്നാ സാഹിബ് ഒരിക്കലും വ്യക്തമാക്കിയിരുന്നില്ല. അത് വിശദീകരിക്കുവാൻ മറ്റുള്ളവരെ അനുവ ദിച്ചുമില്ല. ജിന്നയുടെ ഉള്ളിൽ എന്നും ഇന്ത്യയിൽ തന്നെ കഴിയണമെന്ന ആഗ്രഹമായിരുന്നു ഉണ്ടായിരുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അത് കൊണ്ടായിരുന്നുവല്ലോ പാകിസ്ഥാൻ എന്ന രാഷ്ട്രം യാഥാർത്ഥ്യ മായതിന് ശേഷം ഡൽഹിയിൽ നിന്നും കറാച്ചിയിലേക്ക് വിമാനം കയ റവേ പടികളിൽ നിന്നും തിരിഞ്ഞ് നിന്ന് ഡൽഹിയെ നോക്കിക്കൊണ്ട് ഇത് ഒരു പക്ഷെ ഞാൻ ഡൽഹിയെ കാണുന്നത് അവസാനമായിട്ടായി രിക്കും (മുഹമ്മദ് അബ്ദുറഹിമാൻ) എന്നു പറഞ്ഞത്. പിരിഞ്ഞു പോകു ന്നതിൽ വേദനിക്കുന്നു, എന്നെന്നും ഇന്ത്യയിൽ കഴിയാൻ ആഗ്രഹിച്ച, എന്നാൽ സാഹചര്യങ്ങൾ അതിനനുവദിക്കാത്തതിൽ മനം നൊന്ത ഒരു പച്ച മനുഷ്യന്റെ വിതുമ്പലായിരുന്നില്ലേ ആ അവസാനത്തെ യാത്രാമൊഴി.

പാകിസ്ഥാൻ വാദം ജിന്ന പൊക്കിപ്പിടിച്ചത് കോൺഗ്രസ്സിനോട് വില പേശുവാനുള്ള ഒരു ഉപാധി എന്ന നിലക്ക് മാത്രമായിരുന്നു എന്ന് ആരെ ങ്കിലും ധരിച്ചു പോയാൽ അത് തെറ്റാവില്ല (മുഹമ്മദ് അബ്ദുറഹിമാൻ)

മലബാർ ജില്ലാ മുസ്ലിം ലീഗ് സമ്മേളനം നടത്തിയത് പോലെ അഖി ലേന്ത്യാ മുസ്ലിം ലീഗിന്റെ ഒരു സമ്മേളനം മദിരാശി സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെട്ടു. വിഭജന പ്രമേയസമ്മേളനം ലാഹോറിൽ കഴിഞ്ഞ തിന്റെ പശ്ചാത്തലത്തിലായിരുന്നു 1941എപ്രിൽ 12 ന് ഈ സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്. അതിനാൽ തന്നെ ഈ സമ്മേളനത്തിലും അഭൂത പൂർവ്വമായ ജനക്കൂട്ടമാണ് പങ്കെടുത്തത്. ദക്ഷിണേന്ത്യയിൽ മുസ്ലിം ലീഗ് ഒരു ശക്തിയായി വളർന്നിരിക്കുന്നുവെന്നുൽഘോഷിക്കുന്നതായി ആ സമ്മേളനം. സമ്മേളനത്തിന്റെ മുഖ്യാകർഷണം യോഗത്തിൽ ജിന്നാ സാഹിബ് പങ്കെടുക്കുന്നു എന്നതായിരുന്നു. തെക്കെ ഇന്ത്യയിൽ ഒരി ടത്തും മദിരാശി സംസ്ഥാനത്തിലെ സമ്മേളത്തെ വെല്ലും വിധത്തിലുള്ള ഒരു സമ്മേളനം നടന്നിരുന്നില്ല.

മലബാറിൽ നിന്നും മറ്റുപ്രദേശങ്ങളിൽ നിന്നും പ്രത്യേക തീവണ്ടി കളിലായാണ് പ്രവർത്തകർ സമ്മേളനത്തിനെത്തിയിരുന്നത്. ജിന്നാ സാഹിബിനെ നേരിൽ കാണാമെന്ന ആവേശമായിരുന്നു യുവാക്കളെ ആകർഷിച്ചത്. മലബാറിൽ നിന്നും ആയിരക്കണക്കിന് യുവാക്കളാണ് മദിരാശി സമ്മേളനത്തിൽ പങ്കെടുക്കാൻ ട്രെയിൻ മാർഗ്ഗം എത്തിയത്.

അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ തീരുമാനങ്ങൾ ശുഷ്കാന്തിയോടെ പ്രാവർത്തികമാക്കിയിരുന്ന സീതിസാഹിബ് മദിരാശി സമ്മേളന വിജയ

mappilaheritagelibrary.com

ത്തിനായി രാവും പകലും കഠിനമായി അധ്വാനിച്ചു.

മദിരാശി സമ്മേളനം കഴിഞ്ഞ ഉടനെ തന്നെ മുഹമ്മദലി ജിന്നയെ മലബാറിലേക്ക് ക്ഷണിക്കുവാൻ മലബാർ ജില്ലാ കമ്മിറ്റി തീരുമാനിക്കുകയും അദ്ദേഹം ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു.

ഇതിനായി പാലക്കാട്ട് മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ അതിഗംഭീരമായ ഒരു സമ്മേളനമാണ് സംഘടിപ്പിക്കപ്പെട്ടത്. ജിന്നാ സാഹിബ് യോഗത്തിൽ പങ്കെടുക്കുന്നു എന്ന വാർത്ത സമ്മേളനത്തിന് ഉശിരു കൂട്ടി. സമ്മേളനത്തിൽ പങ്കെടുക്കാനായി ജിന്നാ സാഹിബ് ബോംബെയിൽ നിന്നും പുറപ്പെടുകയും ചെയ്തു. മദിരാശിയിൽ എത്തിയപ്പോൾ അതി കഠിനമായ ഉഷ്ണത്താൽ ജിന്നാ സാഹിബിന് ക്ഷീണം അനുഭവപ്പെടുകയും അദ്ദേഹം അസ്വസ്ഥനാവുകയും ചെയ്തു. അദ്ദേഹത്തിന് പാലക്കാട്ടെ സമ്മേളനത്തിൽ പങ്കെടുക്കാനുമായില്ല. ജിന്നാ സാഹിബ് ബോംബെയിലേക്ക് തിരിച്ചു പോയി.

ഇന്ത്യൻ രാഷ്ട്രീയത്തിൽ അനുദിനമെന്നോണം പുതിയ പുതിയ സംഭവവികാസങ്ങൾ ഉരുത്തിരിഞ്ഞുകൊണ്ടിരുന്ന ഒരു കാലവും കൂടിയായിരുന്നതിനാൽ അദ്ദേഹത്തിന് മലബാറിലേക്ക് വരാനും കഴിഞ്ഞില്ല. അങ്ങിനെ മുഹമ്മദലി ജിന്നയെ കാണുവാനുള്ള ഭാഗ്യം കേരളത്തിന് ലഭിക്കാതെ പോയി.

മദിരാശി സമ്മേളനത്തോടനുബന്ധിച്ച് പതിനായിരങ്ങൾ പങ്കെടുത്ത വനിതാ സമ്മേളനവും നടന്നിരുന്നു. സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചത് മൗലാനാ മുഹമ്മദലിയുടെ വിധവ ബീഗം മുഹമ്മദലിയായിരുന്നു. അവരുടെ ഉജ്ജ്വലമായ പ്രസംഗം അവിടെയാകെ അലയൊലി സൃഷ്ടിക്കുന്നതായിരുന്നു.

മദിരാശി ഗവർണറുടെ പ്രസംഗ പരിഭാഷയിൽ നിന്നും സധൈര്യം വിട്ട് നിന്ന സീതി സാഹിബിന്റെ പാത പിൻതുടർന്ന് പലരും യുദ്ധകമ്മിറ്റികളിൽ നിന്നും മാറിനിന്നു. മാറിനിൽക്കാത്ത ചിലരുടെ പേരിൽ പാർട്ടി അച്ചടക്ക നടപടി എടുക്കുകയും അവരെ പുറത്താക്കുകയും ചെയ്തു.

മുസ്ലിം ലീഗിന്റെ ഈദൃശ നടപടികൾ കാരണം മുസ്ലിം ലീഗിനെ അവഗണിച്ച്കൊണ്ട് ഒരു പദ്ധതിയും മുന്നോട്ട് കൊണ്ടുപോകാനാവില്ലെന്ന സത്യം ബ്രിട്ടീഷ് ഭരണാധികാരികൾ മനസ്സിലാക്കി. ലീഗിനെ അവഗണിച്ചു കൊണ്ടുള്ള തീരുമാനങ്ങൾ ഭാവിയിൽ കൂടുതൽ ഭവിഷ്യത്തുകൾക്ക് കാരണമാകുമെന്ന് ഭരണാധികാരികൾക്ക് ബോധ്യപ്പെട്ടു.

രണ്ടാം ലോക മഹായുദ്ധം അവസാനിച്ചതിനെ തുടർന്ന് 1940 കൾക്ക് ശേഷം നാട്ടിലെന്ത് സംഭവിക്കുന്നുവെന്നും നാട്ടിലെ അരക്ഷിതാവസ്ഥയിൽ മുസ്ലിംകളുടെ സ്ഥിതി എന്താണെന്നും അവരുടെ സൈര്യജീവിതത്തിനുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും ആരായാനായി സർവ്വേന്ത്യാ മുസ്ലിം ലീഗ് കമ്മിറ്റി ഒരു ഡിഫൻസ് കമ്മിറ്റിയെ നിയോഗിച്ചു.

mappilaheritagelibrary.com

ഈ കമ്മിറ്റി മലബാറിലും വരികയുണ്ടായി. നവാബ് ഇസ്മയിൽ ഖാൻ ഖാസി ഈസ, ചൗധരി ഖാലിക്കുസ്സമാൻ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ. പൊതു യോഗങ്ങളിൽ നേതാക്കൾ പ്രസംഗിക്കുകയും നേതാക്കളുടെ പ്രസംഗങ്ങൾ സീതി സാഹിബ് പരിഭാഷപ്പെടുത്തുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ കമ്മിറ്റി ഏറനാട് വള്ളുവനാട്, എന്നീ പ്രദേശങ്ങളിൽ പര്യടനം നടത്തുകയും സീതി സാഹിബും സത്താർ സേട്ടും നേതാക്കളെ എല്ലായിടത്തും അനുഗമിക്കുകയും ചെയ്തു.

സീതി സാഹിബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്നണി ശക്തിയായി പ്രവർത്തിച്ചിരുന്ന നേതാവായിരുന്നു ചെയർമാൻ എന്ന പേരിലറിയപ്പെട്ടിരുന്ന സി.പി. മമ്മുക്കേയി. വളരെക്കാലം അദ്ദേഹം തലശ്ശേരി മുൻസിപ്പൽ ചെയർമാനായിരുന്നു. സീതി സാഹിബ് എന്ത് ഉദ്ദേശിക്കുന്നുവോ അത് എന്ത് ത്യാഗം സഹിച്ചിട്ടാണെങ്കിലും നടപ്പാക്കുന്നതിനു മുൻപന്തിയിലായിരുന്ന മമ്മുക്കേയി സാഹിബ് പെട്ടെന്ന് മരണപ്പെട്ടപ്പോൾ എല്ലാ നിയന്ത്രണവും വിട്ട് സീതി സാഹിബ് പൊട്ടിക്കരഞ്ഞു. സീതി സാഹിബ് കണ്ണീരൊഴുക്കിയ അപൂർവ്വ നിമിഷങ്ങളിലൊന്ന്. മമ്മുക്കേയിയുടെ മരണത്തെത്തുടർന്നാണ് മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ ഖജാൻജിയായി എ.കെ. ഖാദർ കുട്ടി സാഹിബിനെയും ചന്ദ്രികയുടെ മാനേജിംഗ് ഡയറക്ടറായി എ.കെ. കുഞ്ഞിമായൻ ഹാജിയെയും തെരഞ്ഞെടുത്തത്.

ഇതിനിടയിലാണ് മലബാറിനെ പിടിച്ച് ഉലക്കും വിധം 1943-ൽ കോളറ പടർന്ന് പിടിച്ചത്. ഒരു മഹാമാരിഎന്നതിനപ്പുറം ഈ രോഗ പകർച്ച വരുത്തിവെക്കാവുന്ന വിനാശകരമായ അവസ്ഥയെക്കുറിച്ച് ബോധവാനായ സീതിസാഹിബ് സത്താർ സേട്ടുമൊന്നിച്ച് ഉടനെ കർമ്മരംഗത്തിറങ്ങി. അന്ധവിശ്വാസവും അബദ്ധജഡിലമായ ധാരണകളും കാരണം മലബാറിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലിം ജനവിഭാഗം കോളറയെ പിശാചിന്റെ താണ്ഡവമായാണ് കണ്ടത്.

അന്ധവിശ്വാസത്തിന്റെ ഇരകളായിത്തീർന്ന ഉൾപ്രദേശങ്ങളിലെ പാവം മുസ്ലിം കുടുംബങ്ങളുടെ അവസ്ഥ ഏറെ പരിതാപകരമായിരുന്നു. കണ്ണീരിൽ കുതിർന്ന രംഗങ്ങൾ മലബാറിലെവിടെയും കാണാമായിരുന്നു. രക്ഷിതാക്കൾ നഷ്ടപ്പെട്ട പിഞ്ചുമക്കൾ ആരോരും തുണയില്ലാതെ ഗ്രാമങ്ങളിൽ അലഞ്ഞു. അശരണരായ ജനങ്ങൾ ഒരു നേരത്തെ ആഹാരത്തിനായി തെണ്ടി. വിശന്ന് കരയുന്ന കുഞ്ഞുങ്ങളും ആർത്ത് കരയുന്ന സ്ത്രീകളും മലബാറിന്റെ നൊമ്പരക്കാഴ്ചകളായി. തുണയാരുമില്ലാതെ ഒരു ജനത നിസ്സഹായതയുടെ, നിരാലംബതയുടെ ചുടുഭൂമിയിൽ അനാഥരാക്കപ്പെട്ടു.

1921 ലെ മലബാർ കലാപത്തെത്തുടർന്ന് തെരുവിലേക്കെറിയപ്പെട്ട അനാഥമായ ബാല്യകൗമാരങ്ങളെ ഓർമ്മിപ്പിച്ചു 1943 ലെ കോളറ പകർച്ച.

mappilaheritagelibrary.com

ഏറനാട്ടിലും വള്ളുവനാട്ടിലുമായിരുന്നു ഈ പകർച്ചവ്യാധി മരണം കൊയ്ത് കൊണ്ടിരുന്നത്. ആയിരങ്ങളെയാണ് രോഗം കൂട്ടക്കുരുതിയിലൂടെ കൊന്നൊടുക്കിയത്. ഗതിയില്ലാതെ അലഞ്ഞ ജനങ്ങൾക്ക് മുമ്പിൽ പ്രത്യാശയുടെ കിരണമായി, അഭയത്തിന്റെ കുളിരലയായി സീതി സാഹിബ് എത്തി. കൂട്ടിന് കെ.എം. മൗലവിയും ബാഫക്കി തങ്ങളും സത്താർസേട്ടുവും എം.കെ ഹാജിയും രോഗികൾക്ക് വേണ്ട അത്യാവശ്യ പരിചരണങ്ങൾ ചെയ്തു. നേതാക്കളെ ഏറെ വേദനിപ്പിച്ചത് ഈ അത്യാഹിതം മുതലെടുക്കുവാൻ ചിലർ നടത്തിക്കൊണ്ടിരുന്ന ഗൂഢശ്രമങ്ങളായിരുന്നു. ചില തൽപ്പര കക്ഷികൾ ഈ മഹാദുരന്തത്തിൽ നിന്നും മുതലെടുപ്പ് നടത്തുകയായിരുന്നു. ഏറനാട്ടിലും വള്ളുവനാട്ടിലും അനാഥരായിതീർന്ന കുട്ടികളെ ഭാരത സേവാ സെക്രട്ടറിയായിരുന്ന ശ്രീ.നായനാർ ഏറ്റെടുത്ത് അദ്ദേഹം താനൂരിലും കക്കാട്ടും സ്ഥാപിച്ച അനാഥശാലകളിൽ ചേർത്ത് പഠിപ്പിക്കുവാൻ തുടങ്ങിയിരുന്നു. മുസ്ലിം കുട്ടികളെ അവരുടെ മതവിശ്വാസങ്ങൾക്ക് വിരുദ്ധമായ നിലയിലായിരുന്നു ഈ അനാഥശാലകളിൽ വളർത്തിയിരുന്നത്. ഇതൊരു ആപൽ സൂചനയായി സീതി സാഹിബ് മനസ്സിലാക്കി. ഇതിനിടയിൽ പുതിയങ്ങാടിയിൽ വോറൊരു അനാഥശാലയും നായനാർ സ്ഥാപിച്ചു. ഇവിടെ കുട്ടികളെ ചേർക്കാനായി നായനാർ വീണ്ടും ഏറനാട്ടിൽ വന്നപ്പോൾ സീതിസാഹിബും ബാഫക്കി തങ്ങളും സത്താർ സേട്ടും ഏറനാട്ടിൽ സീതിസാഹിബിന്റെ വലം കയ്യായിരുന്ന എം. കെ. ഹാജിയും പിന്നീട് അമാന്തിച്ചില്ല. മതപരിവർത്തന കേന്ദ്രങ്ങളായി മാറിയ അനാഥശാലകളിൽ നിന്നും മുസ്ലിം കുട്ടികളെ രക്ഷിക്കുവാനായി അവർ ശ്രമമാരംഭിച്ചു. എം.കെ ഹാജി സംഭാവനയായി നൽകിയ തീരൂരങ്ങാടിയിലെ ഭൂമിയിൽ ഒരു താല്ക്കാലിക അനാഥ മന്ദിരം ഉയർന്നു. 1943 ഡിസംബർ 11 ന് സത്താർ സേട്ടുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് ബഹുമാനപ്പെട്ട സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങളാണു യതീം ഖാനക്ക് തറക്കല്ലിട്ടത്. തുടക്കത്തിൽ ഒരു കെട്ടിടത്തിൽ തുടങ്ങിയ യതീം ഖാന ഇന്ന് കേരളത്തിൽ അതി പ്രശസ്തമായ നിലയിൽ നടന്ന് വരുന്ന ഒരു അനാഥമന്ദിരമാണ്.

കോഴിക്കോട്ടെ ജെ.ഡി.റ്റി ഇസ്ലാം യതീം ഖാനയുടെ ഉപകേന്ദ്രമായാണ് തിരൂരങ്ങാടി യതിം ഖാന ആദ്യത്തിൽ പ്രവർത്തിച്ചു പോന്നിരുന്നത്. രണ്ട് അനാഥാലയങ്ങളും ഇന്നും ശ്ലാഘനീയമായ രീതിയിൽ തന്നെ പ്രവർത്തിക്കുന്നു.

രണ്ട് സ്ഥാപനങ്ങളുടേയും പിന്നിൽ കണ്ണീർ പുരണ്ട ചരിത്രമാണ് ഉള്ളത്. ആ കണ്ണീരിലൂടെ മുസ്ലിം സമുദായം അഭയത്തിനായി കണ്ടത് ഋഷിതുല്യരായ മുസ്ലിം നേതാക്കളെയായിരുന്നു. അവരുടെയൊക്കെ പ്രാർത്ഥനാ നിരതമായ പ്രവർത്തനമാണ് ചന്ദ്രികയേയും ഈ അനാഥാശാലകളെയും അത് പോലുള്ള മറ്റു സ്ഥാപനങ്ങളെയും ഇന്നും നിലനിർത്തുന്നത്.

mappilaheritagelibrary.com

പുതിയങ്ങാടിയിലെ പുതിയ അനാഥമന്ദിരത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിച്ചുകൊണ്ട് നായനാർ സീതിസാഹിബിന് ക്ഷണക്കത്തയച്ചു. നായനാർക്ക് തന്നെ തിരിച്ചടിയായി ഈ ക്ഷണക്കത്ത്. കത്ത് കിട്ടിയ ഉടനെ സീതി സാഹിബ് നായനാർക്ക് മറുപടി എഴുതി. താങ്കളുടെ അനാഥാലയത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ പങ്കെടുക്കുവാൻ തീരെ താല്പര്യമില്ല. മാത്രമല്ല അനാഥശാലയിൽ മുസ്ലിം കുട്ടികളെ മതപരിവർത്തനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയുമാണ്. അത് ഉടനെ അവസാനിപ്പിക്കണം. ആ ശ്രമം ഉപേക്ഷിക്കുന്നതാണ് നല്ലത്. അവരുടെ സംരക്ഷണം ഏറ്റെടുക്കുവാൻ ഞങ്ങളുണ്ട്. എന്നിട്ടും നായനാർ മുസ്ലിം കുട്ടികളെ വിട്ടുകൊടുക്കാൻ തയ്യാറായില്ല. സീതിസാഹിബും അടങ്ങിയിരുന്നില്ല. അദ്ദേഹം സത്താർസേട്ടുവിനേയും കൂട്ടി കലക്ടറെ കാണുവാനായി നേരെ കലക്ടറേറ്റിലേക്കു ചെന്നു. കലക്ടറുടെ മുഖത്ത് നോക്കികൊണ്ട് സീതിസാഹിബ് പറഞ്ഞു: നായനാർ നടത്തുന്ന അനാഥശാലകളിൽ മുസ്ലിം കുട്ടികളെ മതപരിവർത്തനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. മുസ്ലിം കുട്ടികളെ ഞങ്ങൾക്ക് വിട്ട് തരണമെന്ന അപേക്ഷ അദ്ദേഹം നിരാകരിക്കുന്നു. ഇത് നാട്ടിൽ വമ്പിച്ച പ്രത്യാഘാതങ്ങളായിരിക്കും സൃഷ്ടിക്കുക. അത്കൊണ്ട് കലക്ടർ ഉടനെ ഈ പ്രശ്നത്തിൽ ഇടപെടണം. പരിഹാരംകാണണം. മുസ്ലിം കുട്ടികളെ നായനാരുടെ അനാഥ മന്ദിരങ്ങളിൽ നിന്നും മോചിപ്പിക്കണം. അവരെ ഞങ്ങൾക്ക് വിട്ട് തരണം. അവരുടെ സംരക്ഷണം ഞങ്ങളുടെ കരങ്ങളിൽ സുരക്ഷിതമായിരിക്കും. സീതിസാഹിബിന്റെ വാക്കുകൾ കലക്ടർ സശ്രദ്ധം കേൾക്കുകയായിരുന്നു. അദ്ദേഹം മറുത്തൊന്നും പറഞ്ഞില്ല. സീതി സാഹിബിൽ നിന്നും ഇത് സംബന്ധിച്ച നിവേദനം കലക്ടർ വാങ്ങി.

കാര്യങ്ങളുടെ ഗൗരവം കലക്ടർക്കു ബോധ്യപ്പെട്ടു. അദ്ദേഹം ഉടനെ തന്നെ നായനാർക്ക് ഓർഡർ അയച്ചു. മുസ്ലിം കുട്ടികളെ എത്രയും പെട്ടെന്ന് താങ്കളുടെ അനാഥശാലകളിൽ നിന്നും വിടുതൽ നൽകി മുസ്ലിം ലീഗ് നേതാക്കളെ എല്പിക്കണം. കലക്ടറുടെ കർശന നിർദ്ദേശം കണ്ടു നായനാർ വഴങ്ങി. അദ്ദേഹം മുസ്ലിം കുട്ടികളെ സീതിസാഹിബിന്റെ നേതൃത്വത്തിൽ എത്തിയ മുസ്ലിം ലീഗ് നേതാക്കൾക്ക് വിട്ടുകൊടുത്തു. അന്ന് അത്തരമൊരു നീക്കം സീതിസാഹിബ് നടത്തിയില്ലായിരുന്നെങ്കിൽ മതപരിവർത്തനം ചെയ്യപ്പെട്ട മുസ്ലിം യുവാക്കൾ ഏറനാട്ടിലും വള്ളുവനാട്ടിലും പെരുകുമായിരുന്നു.

മതപരിവർത്തനത്തിന്റെ പശ്ചാത്തലത്തിലാണ് തിരൂരങ്ങാടി യതീംഖാന ഉണ്ടായതെങ്കിലും പില്ക്കാലത്ത് അവിടെ വിവിധ മതസ്ഥരായ അനാഥ കുട്ടികൾ പഠിച്ച് വളർന്നു. അവരാരും മതപരിവർത്തനത്തിന് വിധേയരായില്ല. അവരുടെ മതപരമായ കാര്യങ്ങളിലൊന്നും യതീംഖാന ഇടപെട്ടില്ല. അവിടെ പഠിച്ചു വളർന്ന അനാഥരായ കുട്ടികൾ സമൂഹ

mappilaheritagelibrary.com

ത്തിന്റെ ഉന്നത സ്ഥാനങ്ങളിലെത്തി. ഈ യതീം ഖാനയിൽ അന്തേവാസിയായി ചേർന്ന് പഠിച്ച കെ.പി.രാമനാണ് പിന്നീട് അധ്യാപകനായതും മഞ്ചേരി എം.എൽ.എ യായതും.

ജെ.ഡി.റ്റി ഇസ്‌ലാമിന്റെ അനുബന്ധ സ്ഥാപനമായാണ് തിരൂരങ്ങാടി യതീംഖാന പ്രവർത്തിക്കാൻ തുടങ്ങിയതെങ്കിലും 1945 ജൂൺ 27ന് ശേഷം യതീംഖാന സ്വതന്ത്രമായ രീതിയിൽ പ്രവർത്തിക്കാൻ തുടങ്ങി. കെ. എം.മൗലവി പ്രസിഡണ്ടും സിതിസാഹിബ്, സി.എച്ച് മുഹമ്മദ് കോയ എന്നിവർ വൈസ് പ്രസിഡണ്ടുമാരായും എം.കെ. ഹാജി സെക്രട്ടറിയായുമാണ് യതീംഖാനയുടെ പ്രഥമ കമ്മിറ്റി നിലവിൽ വന്നത്.

ഇന്ന് കേരള മുസ്‌ലിംകളുടെ അഭിമാന സ്തംഭമായി, നിരവധി അനുബന്ധ സ്ഥാപനങ്ങളുമായി തലയുയർത്തി നിൽക്കുന്ന ഈ മഹൽ സ്ഥാപനം ഒരു കാലഘട്ടത്തിന്റെ സ്മാരകവും കൂടിയാണ്.

mappilaheritagelibrary.com

പതിനഞ്ച്
മാറ്റുരയ്ക്കലിന്റെ ദിനരാത്രങ്ങൾ

നാല്പതുകളുടെ മധ്യമായപ്പോഴേക്കും ഇന്ത്യൻ രാഷ്ട്രീയരംഗം തിളച്ച് മറിയാൻ തുടങ്ങിയിരുന്നു. അതുവരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രവർത്തനം മിതശീതോഷ്ണമേഖലയെന്നത് പോലെയായിരുന്നു. ചൂടും തണുപ്പുമില്ലാത്ത അവസ്ഥ.

മുസ്‌ലിം ലീഗ് പാർട്ടി കമ്മിറ്റി പ്രവർത്തനങ്ങളുമായി കഴിഞ്ഞുപോരുകയും ചെയ്തു. എന്നാൽ, നാൽപ്പതുകളുടെ പകുതിയിലെത്തിയപ്പോൾ ഇഞ്ചോട് ഇഞ്ച് പൊരുതുന്ന രണ്ട് പ്രബല രാഷ്ട്രീയ സംഘടനകളായി കോൺഗ്രസ്സും മുസ്‌ലിം ലീഗും മാറുന്നതാണ് കണ്ടത്. പ്രവർത്തനങ്ങളിൽ കണിശമായ നിലപാടുകളോടെ സുശക്തമായിത്തീർന്നിരുന്നു ഇതിനകം മുസ്‌ലിം ലീഗ്. കോൺഗ്രസ്സ് ആകട്ടെ ഒഴിവ് ദിനപാർട്ടി പ്രവർത്തനങ്ങളിൽ നിന്നും ഏറെദൂരം മുന്നോട്ട് പോയിരുന്നു.

എന്നാൽ മലബാറിൽ അതിന്റെ പ്രവർത്തനം അമ്മിക്കല്ലിൽ അരഞ്ഞ് തീരുന്ന ഗ്രൂപ്പിസമാകാനായിരുന്നു വിധി. കെ.കേളപ്പന്റെ നേതൃത്വത്തിലുള്ള വിഭാഗവും അബ്ദുറഹിമാന്റെ നേതൃത്വത്തിലുള്ളവിഭാഗവും പരസ്പരം തോല്പിക്കുന്നതിലാണു ആനന്ദം കണ്ടെത്തിയിരുന്നത്. സുവ്യക്തവും ദിശാബോധമുള്ളതുമായ ഒരു പാർട്ടിയായി മലബാറിൽ വളരുവാൻ ഇതിനാൽ കോൺഗ്രസ്സിന് കഴിഞ്ഞില്ല.

കെ.കേളപ്പൻ പ്രസിഡണ്ടായുള്ള ഡിസ്ട്രിക്ട് ബോർഡിന് അബ്ദുറഹിമാന്റെ നേതൃത്വത്തിലുള്ള വിഭാഗം നിരന്തരം തലവേദനകൾ സൃഷ്ടിച്ചു കൊണ്ടിരുന്നു.

ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ കെ.പി.സി.സി പ്രസിഡണ്ട് എന്ന നിലക്ക് അബ്ദുറഹിമാൻ പാർട്ടി പ്രവർത്തകർക്ക് രഹസ്യ സർക്കുലർ അയച്ചത് പാർട്ടിയിൽ വമ്പിച്ച കോലാഹലങ്ങൾക്കാണ് വഴിവെച്ചത്.

കലഹപ്രിയരായ നേതാക്കൾക്ക് ഒത്ത് കൂടാനുള്ള ഒരു സംഗമ സ്ഥലമായിത്തീരുകയായിരുന്നു മലബാറിലെ കോൺഗ്രസ്സ്. എന്നാൽ ഇതിനകം മലബാറിൽ മുസ്‌ലിം ലീഗ് ഒരു ഉരുക്കു കോട്ടപോലെ ഉയർന്ന് വരികയായിരുന്നു. സീതി സാഹിബിന്റെ കഠിനാധ്വാനം തന്നെയായിരുന്നു

mappilaheritagelibrary.com

ഇതിന് കാരണം. സീതി സാഹിബിന്റെ നേതൃത്വത്തിൽ സത്താർ സേട്ടു സയ്യിദ് അബ്ദു റഹിമാൻ ബാഫക്കി തങ്ങൾ, എ.കെ കുഞ്ഞിമായൻ ഹാജി, എം.കെ ഹാജി, എം.പി.എം ഹസ്സൻ കുട്ടി കുരിക്കൾ എന്നിവർ നടത്തിയ ഐതിഹാസികമായ പ്രവർത്തനഫലമാണ് ഇന്നും മലബാറിലെ ഉരുക്കു കോട്ടയായി മുസ്‌ലിം ലീഗ് നിലനില്ക്കുന്നതിന്റെ പൊരുൾ.

ബ്രിട്ടീഷ് സാമ്രാജ്യം ഇനി അധികകാലം ഇന്ത്യയിൽ തുടരുകയില്ല എന്ന സൂചനയും ഇതേ കാലത്താണ് ദൃശ്യമാകാൻ തുടങ്ങിയത്. ലോക മഹാ യുദ്ധദിനങ്ങൾ ബ്രിട്ടനെ സംബന്ധിച്ച് പരീക്ഷണത്തിന്റെ നാളുകൾ കൂടിയായിരുന്നു. അകത്തും പുറത്തും യുദ്ധം. പുറത്ത് ലോക മഹായുദ്ധം. അകത്ത് സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ഇന്ത്യൻ ജനതയുടെ സമരയുദ്ധങ്ങൾ. ബ്രിട്ടീഷ് സർക്കാരും മുസ്‌ലിം ലീഗും ഇതിനകം വല്ലാതെ അകന്ന് കഴിഞ്ഞിരുന്നു. സർവ്വേന്ത്യാ മുസ്‌ലിം ലീഗ് അതിന്റെ അംഗങ്ങളോട് യുദ്ധ കമ്മിറ്റികളിൽ നിന്നും വിട്ട് നിൽക്കാൻ ആവശ്യപ്പെട്ടത് ഈ അകൽച്ചയുടെ പശ്ചാത്തലത്തിലാണ്. യുദ്ധകമ്മിറ്റികളിൽ നിന്നും രാജി വെക്കാതെ മാറിനിന്ന മുസ്‌ലിം ലീഗ് അംഗങ്ങളെ നിഷ്കരുണം പുറത്ത് കളയാനും പാർട്ടി മടിച്ചില്ല.

ലോക മഹായുദ്ധത്തെ തുടർന്ന് മുസ്‌ലിംകളുടെ അവസ്ഥ പഠിച്ച് റിപ്പോർട്ട് നൽകാനായി 1942-ൽ സർവ്വേന്ത്യാ മുസ്‌ലിം ലീഗ് കമ്മിറ്റി രൂപീകരിച്ച ഡിഫൻസ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചതിനെത്തുടർന്ന് 1945-ൽ പിരിച്ചു വിട്ടു.

ചെയർമാൻ നവാബ് മുഹമ്മദ് ഇസ്മയിൽ ഖാന്റെ അധ്യക്ഷതയിൽ ചേർന്ന യോഗമാണു ജനുവരി 10 ന് ഈ തീരുമാനമെടുത്തത്.

സമ്മർദ്ദ സാഹചര്യങ്ങളുടെ കാർമേഘങ്ങൾ കനത്ത് നിൽക്കുന്ന ഇത്തരമൊരവസ്ഥയിലേക്കാണ് 1945 ലെ സെൻട്രൻ അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രഖ്യാപനം വരുന്നത്.

തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് മുമ്പ് 1945 ജനുവരിയിൽ സർവ്വേന്ത്യാ മുസ്‌ലിം ലീഗ് സെക്രട്ടറിയും കേന്ദ്രനിയമസഭയിലെ മുസ്‌ലിം ലീഗ് പാർല്ലിമെന്ററി പാർട്ടി നേതാവുമായിരുന്ന നവാബ് ലിയാഖത്തലി ഖാന്റെ നേതൃത്വത്തിൽ ഒരു സംഘം മുസ്‌ലിം ലീഗ് നേതാക്കൾ മലബാറിൽ പര്യടനം നടത്തിയിരുന്നു. മലബാർ ജില്ലാ മുസ്‌ലിം ലീഗിന്റെയും സീതി സാഹിബിന്റെയും ജീവിതത്തിൽ ഒരു അവിസ്മരണീയ സംഭവമായി പ്രസ്തുത നേതാക്കളുടെ സന്ദർശനം. മലബാറിലുടനീളം ഉജ്ജ്വലമായ സ്വീകരിണങ്ങളാണു ലിയാഖത്തലി ഖാന് ലഭിച്ചത്.

കോഴിക്കോട്, കണ്ണൂർ, തലശ്ശേരി നഗരസഭകൾ അദ്ദേഹത്തിന് മംഗള പത്രങ്ങൾ നൽകി ആദരിച്ചു. മഞ്ചേരിയിലും കോഴിക്കോട്ടും തലശ്ശേരിയിലും അതി ഗംഭീരമാങ്ങളായ പൊതുയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു.

ഈ യോഗങ്ങളുടെ സംഘാടക ശില്പി സീതി സാഹിബായിരുന്നു. അദ്ദേഹം നേതാക്കളെ ഉടനീളം അനുഗമിച്ചു. അവരുടെ പ്രസംഗങ്ങൾ

mappilaheritagelibrary.com

പരിഭാഷപ്പെടുത്തി.

കേന്ദ്രമന്ത്രിസഭയിലെ കോൺഗ്രസ് നിയമസഭാ പാർട്ടി നേതാവ് ശ്രീ ബുലാഭായി ദേശായിയും ലിയാഖത്തലി ഖാനും അടുത്ത സുഹൃത്തുക്കളായിരുന്നു. രാജ്യത്തൊട്ടാകെ ആഹ്ലാദം പകരുന്നതായിരുന്നു ലിയാഖത്തലി ഖാന്റെ നിയമസഭാ പ്രസംഗങ്ങൾ. ഇത് കാരണം രാജ്യത്തെ ആബാലവൃദ്ധം ജനങ്ങൾ ജാതി മത കക്ഷി ഭേദമില്ലാതെ അദ്ദേഹത്തെ ഇഷ്ടപ്പെട്ടിരുന്നു. അതിന്റെ ഒരു ബഹിർപ്രകടനമെന്നോണം ആയിരക്കണക്കിനാളുകൾ, വ്യത്യസ്ത മതവിഭാഗത്തിൽ പെട്ടവരും രാഷ്ട്രീയ ചിന്താഗതി വെച്ചു പുലർത്തുന്നവരും അദ്ദേഹത്തിന്റെ സ്വീകരണയോഗങ്ങളിൽ പങ്കെടുത്തു.

മലബാറിലെ മുസ്ലിം രാഷ്ട്രീയം എങ്ങോട്ടാണ് നീങ്ങുന്നതെന്നതിന്റെ ദിശാ സൂചകവും കൂടിയായിരുന്നു ലിയാഖത്തലി ഖാന്റെ സന്ദർശനം. അതി വിപുലമായ സന്നാഹങ്ങളായിരുന്നു മലബാറിലൊട്ടുക്കും മുസ്ലിം ലീഗ് നേതാക്കളെ സ്വീകരിക്കുവാനായി ഒരുക്കിയിരുന്നത്. സംഘാംഗങ്ങളായ സത്താർ സേട്ടു, സെക്രട്ടറി മൗലാനാ സഫർ അഹമ്മദ് അൻസാരി, മുസ്ലിം നേഷണൽ ഗാർഡ് സാലാറെ അലാം, നവാബ് സിദ്ദീഖ് അലിഖാൻ എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. കെ.എം സീതിസാഹിബിനോടൊപ്പം ബാഫക്കി തങ്ങൾ, പി.പി. ഹസ്സൻ കോയ എന്നിവരുടെ നേതൃത്വത്തിൽ മുസ്ലിം നാഷണൽ ഗാർഡ് വളണ്ടിയർമാരും മുസ്ലിം വിദ്യാർഥി സംഘടനാ പ്രവർത്തകരുമായി വമ്പിച്ച ജനക്കൂട്ടമാണ് നേതാക്കളെ സ്വീകരിക്കുകയും അനുഗമിക്കുകയും ചെയ്തത്.

കോഴിക്കോട് മുഴുവൻ പച്ചപ്പതാകകളാൽ അലംകൃതമായിരുന്നു. കോഴിക്കോട്ടെ ലീഗാഫീസിലും ഹിമായത്തുൽ ഇസ്ലാം സഭാഹാളിലും ലിയാഖത്തലിഖാനും നേതാക്കൾക്കും നൽകിയ സ്വീകരണ പരിപാടി മുസ്ലിം ലീഗിന്റെ ചരിത്രത്തിൽ മായാത്ത മുദ്രകളാണ് പതിപ്പിച്ചത്.

പാലക്കാട് മുതൽ കോഴിക്കോട് വരെയുള്ള റെയിൽവെ സ്റ്റേഷനുകളിൽ ലിയാഖത്തലിഖാനെ സ്വീകരിക്കുവാനായി കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളും സന്നിഹിതരായിരുന്നു. എന്നാൽ അവരുടെ സ്വീകരണങ്ങൾക്ക് ലിയാഖത്തലിഖാൻ ഹൃദ്യമായ പുഞ്ചിരിയിലൂടെ മാത്രം മറുപടി നൽകി.

കമ്മ്യൂണിസ്റ്റുകാർ അതേ നിലയിൽ തന്നെ കോൺഗ്രസ്സ് പാർട്ടിയിൽ പ്രവർത്തിക്കുന്നത് കാപട്യമാണെന്നും അത്കൊണ്ട് അവരുമായി ഒരു തരത്തിലുള്ള സഹകരണത്തിനും തയ്യാറല്ല എന്നുമുള്ള നിലപാടായിരുന്നു മുസ്ലിം ലീഗിന് ഉണ്ടായിരുന്നത്. മഞ്ചേരിയിൽ നടന്ന സമ്മേളനത്തിൽ നേതാക്കളെ ഔപചാരികമായി സ്വാഗതം ചെയ്തത് കെ.എം മൗലവി ആയിരുന്നു. മലബാറിലെ സന്ദർശനത്തിന് ശേഷം ലിയാഖത്തലിഖാനും സംഘവും കർണ്ണാടക ജില്ലയിലേക്കാണ് പോയത്. ഈ സന്ദർ

mappilaheritagelibrary.com

ശനം മലബാറിലെ ഇതര രാഷ്ട്രീയ സംഘടനകൾക്ക് വ്യക്തമായ ഒരു സന്ദേശമാണ് നൽകിയത്. മലബാറിന്റെ മുസ്‌ലിം മനസ്സ് മുസ്‌ലിം ലീഗി നോടൊപ്പമാണെന്ന് നേതാക്കളുടെ ഈ പര്യടനം തെളിയിച്ചു.

മലബാറിന്റെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പുതിയൊരു ഉണർവ്വി നും നവോന്മേഷത്തിനും നേതാക്കളുടെ സന്ദർശനം കാരണമായി. രാ ജ്യത്തൊട്ടാകെയുള്ള മുസ്‌ലിം മനസ്സുകളെ സ്വാധീനിച്ചു കൊണ്ടിരുന്ന മുസ്‌ലിം ലീഗ് മലബാറിന്റെ ഹൃദയത്തിലും സ്ഥാനമുറപ്പിക്കുകയായിരു ന്നു. നേതാക്കളുടെ സന്ദർശനം ഇത് ബോധ്യപ്പെടുത്തുകയും ചെയ്തു. തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കമെന്നോണം നടത്തിയ ഈ പര്യടനം വിജയകരമായിരുന്നുവെന്നു തെരഞ്ഞെടുപ്പ് ഫലങ്ങൾ തെളിയിക്കുകയും ചെയ്തു.

1945 ജനുവരിയിലായിരുന്നുവല്ലൊ ലിയാഖത്തലിഖാൻ മലബാറിൽ പര്യടനം നടത്തിയത്. അതേ വർഷം ഡിസംബറിൽ കേന്ദ്ര നിമയസഭ യിലേക്കുള്ള തെരഞ്ഞെടുപ്പു നടന്നു. മലബാർ ജില്ലയിൽ മുസ്‌ലിം മ ണ്ഡലത്തിൽ നിന്നുള്ള സ്ഥാനാർത്ഥിയായി സത്താർ സേട്ടു സാഹിബ് മത്സരിച്ചു. അദ്ദേഹത്തിനെതിരെ ഒരു സ്ഥാനാർത്ഥിയെ നിർത്തുവാൻ കോൺഗ്രസ്സ് വല്ലാതെ ക്ലേശിച്ചു. പറ്റിയ ഒരു സ്ഥാനാർത്ഥിയെ കിട്ടാൻ കോൺഗ്രസ് നെട്ടോട്ടമോടി.

നേരത്തെ സത്താർ സേട്ടു സാഹിബിനോട് മത്സരിച്ചു തോറ്റ മുഹമ്മ ദ് അബ്ദുറഹിമാന്റെ പേര് ഇപ്രാവശ്യം വോട്ടേഴ്സ് ലിസ്റ്റിൽ ഉണ്ടായിരു ന്നില്ല. അദ്ദേഹം അന്ന് വെല്ലൂർ ജയിലിൽ തടവിൽ കഴിയുകയായിരു ന്നു. യാതൊരു പോംവഴിയും കാണാതെ വന്നപ്പോൾ കോൺഗ്രസ്സ് പാ ലാട്ട് കുഞ്ഞിക്കോയയെ തേടിപ്പിടിച്ചു. സേട്ടു സാഹിബ് മലബാറിൽ നി ന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടാൽ അതിന്റെ നാണക്കേട് ഓർ ത്തിട്ടായിരുന്നു കോൺഗ്രസ്സ് വീണ്ടും പാലാട്ട് കുഞ്ഞിക്കോയയെ സ്ഥാ നാർത്ഥിയാക്കിയത്. ഇന്ത്യയിലെ പല മണ്ഡലങ്ങളിൽ നിന്നും മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട വാർത്ത മ ലബാറിലെ കോൺഗ്രസ്സ് പ്രവർത്തകരെ അസ്വസ്ഥരാക്കി.

മുസ്‌ലിം ലീഗിനെ കോൺഗ്രസ്സ് അതേ നിലയിലായിരുന്നില്ല നേരിട്ട ത്. അഖിലേന്ത്യാ മുസ്‌ലിം മജ്‌ലിസ് എന്നൊരു സംഘടന കോൺഗ്ര സ്സിനുള്ളിൽ തന്നെ പടച്ചു. കോൺഗ്രസ്സിലെ ദേശീയ മുസ്‌ലിംകൾ എ ന്ന പേരിലറിയപ്പെട്ടിരുന്നവരുടെ മേൽവിലാസത്തിലായിരുന്നു മുസ്‌ലിം മജ്‌ലിസ്. മുസ്‌ലിം ലീഗിനും പകരം മുസ്‌ലിം മജ്‌ലിസ് വന്നാൽ മുസ് ലിം മനസ്സ് മാറിക്കൊള്ളുമെന്ന ധാരണയായിരുന്നു ഇതിന് പിന്നിൽ. തെ രഞ്ഞെടുപ്പിന്റെ പോക്ക് ഏത് ദിശയിലേക്കാണെന്ന് മുഹമ്മദ് അബ്ദുറ ഹിമാന് മനസ്സിലായിരുന്നു. ഈ തെരഞ്ഞെടുപ്പ് ചൂടിലാണ് ബോംബെ യിൽ കോൺഗ്രസ്സിന്റെ എ.ഐ.സി.സി സമ്മേളനം നടന്നത്. യോഗം ക ഴിഞ്ഞതിന് ശേഷം മുഹമ്മദ് അബ്ദുറഹിമാനെ കണ്ട സർദാർ വല്ലഭാ

mappilaheritagelibrary.com

യ് പട്ടേൽ അദ്ദേഹത്തോട് പറഞ്ഞു. "മലബാറിൽ നാലഞ്ചു സീറ്റുകൾ മുസ്‌ലിം മജ്‌ലിസ് നേടുമെന്നാണ് സി.കെ ഗോവിന്ദൻ നായർ പറയുന്നത്. നിങ്ങളുടെ അഭിപ്രായമെന്താണ്?" അബ്ദുറഹിമാൻ ചിരിച്ചുകൊണ്ടി അതിന് മറുപടി പറഞ്ഞു.

"ഒരൊറ്റസീറ്റും കിട്ടില്ല" (മുഹമ്മദ് അബ്ദുറഹിമാൻ പേജ് 64)

മുഹമ്മദ് അബ്ദുറഹിമാൻ സ്ഥാനാർത്ഥി ആയിരുന്നില്ലെങ്കിലും മജ്‌ലിസ് സ്ഥാനാർത്ഥികൾക്കുവേണ്ടി അദ്ദേഹം കഠിനമായി തന്നെ പ്രവർത്തിച്ചു. അന്നത്തെ അദ്ദേഹത്തിന്റെ യോഗം കൊടിയത്തൂരിലായിരുന്നു. അഞ്ച് മണിക്ക് അദ്ദേഹത്തിന്റെ കാറ് മുക്കത്തെത്തി. പിന്നീട് കൊടിയത്തൂരിലെ യോഗത്തിൽ പങ്കെടുത്ത് പ്രസംഗിക്കുകയും ചെയ്തു. ഒമ്പത രമണിക്ക് യോഗം കഴിഞ്ഞു. രാത്രി മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനും അനുചരന്മാർക്കും മുക്കത്തെ കുട്ടി ഹസ്സൻ അധികാരിയുടെ വീട്ടിൽ അത്താഴവിരുന്നുണ്ടായിരുന്നു. അധികാരിയുടെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹം മടങ്ങി. യാത്രയിലും അന്ന് പ്രഭാതത്തിലും മുഹമ്മദ് അബ്ദു റഹിമാൻ ശോകമൂകനായിരുന്നു. കാരണമില്ലാത്ത ഒരു വിഷാദം അദ്ദേഹത്തിനെ പൊതിഞ്ഞിരുന്നു. അകാലത്തിൽ മരണപ്പെട്ട ഭാര്യയുടെ ഓർമ്മ സദാ അദ്ദേഹത്തെ പിൻതുടർന്നിരുന്നു. ഭാര്യ വസൂരി പിടിപ്പെട്ട് മരിച്ചതിനെത്തുടർന്ന് മുഹമ്മദ് അബ്ദുറഹിമാൻ മറ്റൊരു വിവാഹം കഴിച്ചതുമില്ല. അധികാരിയുടെ അത്താഴവിരുന്നു കഴിഞ്ഞാണ് അദ്ദേഹം ചേന്ദമംഗല്ലൂരിൽ എത്തിയത്. അവിടെ നിന്നും ആതിഥ്യം സ്വീകരിച്ച ശേഷം അനുചരർക്കൊപ്പം മണാശ്ശേരിയിലെത്തി. അവിടെയായിരുന്നു അദ്ദേഹത്തിന്റെ മടക്ക യാത്രകൾക്കുള്ള കാറ് കാത്ത് കിടന്നിരുന്നത്. കാറിനടിത്തേക്ക് നടക്കവെ അബ്ദുറഹിമാൻ സാഹിബ് നെഞ്ചിൽ കൈയ്യമർത്തി വെറും നിലത്തിരുന്നു പോയി. ഉടനെ കൂടെയുണ്ടായിരുന്നവർ അദ്ദേഹത്തെ താങ്ങി കാറിൽ കിടത്തി. അപ്പോഴേക്കും അദ്ദേഹം മരിച്ച് കഴിഞ്ഞിരുന്നു. 1945 നവംബർ 23ന് മലബാർ കണ്ട ആ ധീര ദേശാഭിമാനി ലോകത്തോട് യാത്ര പറഞ്ഞു. മടങ്ങാൻ വന്ന കാറ് അദ്ദേഹത്തിന്റെ മയ്യിത്ത് വാഹനമായി.

അബ്ദുറഹിമാൻ സാഹിബിന്റെ ആകസ്മിക മരണം സീതിസാഹിബിനെ പിടിച്ചുലച്ചു. സി.പി മമ്മുക്കേയിയുടെ മരണ ശേഷം സീതിസാഹിബിനെ പിടിച്ചുലച്ച മറ്റൊരു മരണം. ബാല്യത്തിലും കൗമാരത്തിലും ഒന്നിച്ച് കളിക്കുകയും ഒരേ ബെഞ്ചിലിരുന്നു പഠിക്കുകയും ചെയ്ത ബന്ധു. ബന്ധു എന്നിതിനപ്പുറം ബാല്യത്തിലെ പിരിയാൻ വിടാത്ത കൂട്ടുകാരനായിരുന്നുവല്ലൊ സീതിസാഹിബിന് അബ്ദു റഹിമാൻ സാഹിബ്. സീതിസാഹിബ് അബ്ദുറഹിമാൻ സാഹിബിന്റെ ജനാസ കാണുവാൻ പാഞ്ഞെത്തി. മയ്യത്ത് കണ്ട മാത്രയിൽ അദ്ദേഹത്തിന് ദുഃഖമടക്കാനായില്ല. മയ്യത്തിനരികിലുണ്ടായിരുന്ന അബ്ദുറഹിമാൻ സാഹിബിന്റെ സഹോദരൻ ഇബ്രാഹിം സാഹിബിനെ കെട്ടിപ്പിടിച്ച് സീതിസാഹിബ് ഒരു

mappilaheritagelibrary.com

കൊച്ചു കുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞു. അത് കണ്ട് നിന്നവർക്കും ക ണ്ണുനീരടക്കാനായില്ല. അവരുടെ കണ്ണുകളും നിറഞ്ഞൊഴുകി. രാഷ്ട്രീ യാഭിപ്രായ വ്യത്യാസങ്ങളുടെ കയ്പ് വ്യക്തിബന്ധ മധുരത്തേനിൽ അ ലിഞ്ഞ് ചേരുകയായിരുന്നു അവിടെ.

അബ്ദു റഹിമാൻ സാഹിബിന്റെ മരണത്തിൽ അനുശോചിച്ചു കൊ ണ്ട് മാതൃഭൂമി എഴുതിയ മുഖപ്രസംഗത്തിൽ മുസ്‌ലിം ലീഗിനെ ഒന്ന് കു ത്തി നോവിക്കാമെന്ന വ്യാമോഹത്തിൽ ചില പ്രയോഗങ്ങൾ നടത്തി. മു ഹമ്മദ് അബ്ദു റഹിമാൻ സാഹിബിന്റെ സേവനങ്ങളെ പ്രകീർത്തിക്കു ന്ന കൂട്ടത്തിൽ മലബാറിൽ മുസ്‌ലിം ലീഗിന്റെ മണൽകോട്ട തകർത്തത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബാണ് എന്നൊരു പ്രയോഗമുണ്ടായി രുന്നു. അന്ന് വൈകീട്ട് കോഴിക്കോട് കടപ്പുറത്തിനടത്തു ചേർന്ന മുസ് ലിം ലീഗിന്റെ മഹാസമ്മേളനത്തെ അഭിസംബോധനം ചെയ്യവെ, ആയി രങ്ങളെ സാക്ഷി നിർത്തി സീതിസാഹിബ് പ്രഖ്യാപിച്ചു: "മുസ്‌ലിം ലീ ഗ് മണൽകോട്ടയല്ല. അപ്രതിരോധ്യമായ ഉരുക്ക് കോട്ടയാണ്." തുടർന്ന് നടന്ന രണ്ട് തെരഞ്ഞെടുപ്പുകൾ സീതി സാഹിബിന്റെ പ്രഖ്യാപനം ശ രി വെക്കുകയായിരുന്നു. ഒരു സംഘടന പടച്ചുണ്ടാക്കി, അതിന് മുസ് ലിം മജ്‌ലിസ് എന്ന് നാമകരണവും നൽകിയായിരുന്നു മുസ്‌ലിം മണ്ഡ ലങ്ങളിൽ ലീഗ് സ്ഥാനാർത്ഥികളെ കോൺഗ്രസ്സ് നേരിട്ടത്. സത്യത്തിൽ ഇവിടെ കോൺഗ്രസ്സിലെ ദേശീയ മുസ്‌ലിംകൾ ഒരു രാഷ്ട്രീയ ഗൂഢാ ലോചനയുടെ ഇരയാവുകയായിരുന്നു. മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ ക്കെതിരെ മത്സരിച്ചു തോല്പിക്കാനായിരുന്നു അവരുടെ വിധി. സമ്മതിദാ യകർ മജ്‌ലിസിനെ പുച്ഛിച്ച് തള്ളി. മുസ്‌ലിം മജ്‌ലിസിനും കോൺഗ്ര സ്സിനും വോട്ടു ചെയ്യാൻ പറ്റുന്ന ഫത്‌വകളുമായി വാടകക്ക് കിട്ടുന്ന ഉ ത്തരേന്ത്യൻ മൗലാനമാരെ മലബാറിലെ പല ഭാഗങ്ങളിലായി ഇറക്കുമ തി ചെയ്തു. ജിന്നാ സാഹിബിനെ വ്യക്തിഹത്യ നടത്തുവാനും ഗാന്ധി ജിയെ ഇസ്ലാമിന്റെ ആന്തര ചൈതന്യമായി പുകഴ്ത്തുവാനും ഈ മൗ ലാനമാർ വല്ലാതെ അധ്വാനിച്ചു.

ഇന്ത്യക്ക് പുറമെ വിദേശങ്ങളിലും കൗതുകം സൃഷ്ടിച്ച തെരഞ്ഞെ ടുപ്പായി മാറി കേന്ദ്ര നിയമസഭാ തെരഞ്ഞെടുപ്പ്. വാക്കുകളുടെ കൂരമ്പു കളാണ് വേദികളിൽ നിന്നും പാഞ്ഞ് പൊയ്ക്കൊണ്ടിരുന്നത്. കോൺഗ്ര സ്സിന്റെയും മുസ്‌ലിം ലീഗിന്റെയും ബലാബല പരീക്ഷണമായി തെരഞ്ഞെ ടുപ്പ് രംഗം മാറി. കോൺഗ്രസ്സ് സ്വന്തം പാർട്ടിയുടെ മേൽ വിലാസത്തിൽ സ്ഥാനാർത്ഥികളെ നിർത്താതിരിക്കുന്നതിനാൽ അവർ മുസ്‌ലിം സമു ദായത്തിന്റെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നില്ലെന്ന് വ്യക്തമായി രിക്കുകയാണെന്ന് ഉത്തർപ്രദേശ് മുസ്‌ലിം ലീഗ് പാർല്ലിമെന്ററി ബോർ ഡ് സെക്രട്ടറി സെഡ്. എച്ച്. ലാഹരി ലക്നോവിൽ അസോസിയേറ്റ് പ്ര സിന്റെ ലേഖകനോട് പറഞ്ഞത് ചൂടുവാർത്തയായി. ഈ വാർത്ത മുസ് ലിം ജനവിഭാഗങ്ങളിൽ വമ്പിച്ച പ്രതികരണങ്ങളാണ് സൃഷ്ടിച്ചത്.

mappilaheritagelibrary.com

മാതൃഭൂമി മുസ്‌ലിം ലീഗിനോട് ഉപമിച്ചുകൊണ്ട് മുസ്‌ലിം മജ്‌ലിസ് സ്ഥാനാർത്ഥികളെ പൊക്കിക്കൊണ്ടിരുന്നു. പക്ഷെ എല്ലാം നിഷ്ഫലമാവുകയായിരുന്നു.

തെരഞ്ഞെടുപ്പ് കഴിഞ്ഞു. ബാലറ്റ് പെട്ടികൾ തുറക്കപ്പെട്ടു. പാലാട്ട് കുഞ്ഞിക്കോയക്ക് കഷ്ടിച്ച് അറുനൂറ് വോട്ടുകൾ മാത്രം കിട്ടി. അദ്ദേഹത്തിന്റെ ജാമ്യസംഖ്യ ബ്രിട്ടീഷ് സർക്കാറിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടി.

സത്താർ സേട്ടു സാഹിബ് വമ്പിച്ച ഭൂരിപക്ഷത്തോടെ കേന്ദ്ര അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാലാട്ട് കുഞ്ഞിക്കോയക്കുണ്ടായ അനുഭവം മജ്‌ലിസിന്റെ മറ്റെല്ലാ സ്ഥാനാർത്ഥികളുടെയും അനുഭവമായി. അവരുടെ ജാമ്യസംഖ്യയെല്ലാം ബ്രിട്ടീഷ് സർക്കാർ കൊണ്ടുപോയി.

എവിടെയും മുസ്‌ലിം ലീഗിന് അഭൂതപൂർവ്വമായ വിജയം. മുഹമ്മദലി ജിന്നയും ലിയാഖത്തലിഖാനും എന്ന് വേണ്ട കേന്ദ്ര അസംബ്ലിയിലേക്ക് മുപ്പത് പ്രത്യേക നിയോജക മണ്ഡലങ്ങളിൽ നിന്നും മത്സരിച്ച മുഴുവൻ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളും വമ്പിച്ച ഭൂരിപക്ഷത്തോടെയായിരുന്നു തെരഞ്ഞെടുക്കപ്പെട്ടത്. ഫലങ്ങളുടെ വാർത്തകൾ കോൺഗ്രസ്സ് നേതാക്കളുടെ കർണ്ണപുടങ്ങളിൽ വെള്ളിടിയായി പൊട്ടി. തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഇത്തരമൊരു വിജയം അപൂർവ്വമായിരുന്നു.

മുസ്‌ലിം ലീഗിന് മുസ്‌ലിം സമുദായത്തിൽ ആഴത്തിൽ വേരൂന്നാൻ കഴിഞ്ഞിരിക്കുന്നുവെന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചു കഴിഞ്ഞതായി സീതിസാഹിബ് ഒരു ലേഖനത്തിൽ വിലയിരുത്തി. തുടർന്ന് മദിരാശി നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് വന്നു. 1946 ൽ നടന്ന തെരഞ്ഞെടുപ്പും അത്യന്തം വാശിയേറിയതായിരുന്നു. ദുരന്തം ആവർത്തിക്കാനായിരുന്നു ഇവിടെയും കോൺഗ്രസ്സിന്റെ വിധി.

അവർ പഴയത് പോലെ മുസ്‌ലിം ലീഗ് സ്ഥാനാർഥികൾക്കെതിരെ മത്സരിക്കുവാൻ മജ്‌ലിസിൽ നിന്നും സ്ഥാനാർത്ഥികളെ അന്വേഷിച്ചുകൊണ്ടിരുന്നു. സെൻട്രൽ അസംബ്ലി തെരഞ്ഞെടുപ്പിൽ സേട്ടുസാഹിബിനെതിരെ മത്സരിച്ച് തോറ്റ പാലാട്ട് കുഞ്ഞിക്കോയക്കായിരുന്നു ഇത്തവണയും പരാജയപ്പെടുവാനുള്ള വിധി. ഇപ്രാവശ്യം കുഞ്ഞിക്കോയയെ സ്ഥാനാർത്ഥിയാക്കിയത് സീതി സാഹിബിനെതിരെയായിരുന്നു. മേൽ വിലാസം മുസ്‌ലിം മജ്‌ലിസ് തന്നെ.

ഇതിനിടെ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായി ആനക്കയത്തെ ഇസ്ഹാക്കും നോമിനേഷൻ നൽകിയിരുന്നു. മുസ്‌ലിം ലീഗിന്റെ മറ്റ് സ്ഥാനാർത്ഥികളായി മലബാർ ജില്ലാ മുസ്‌ലിം ലീഗിന്റെ പ്രസിഡണ്ട് അറയ്ക്കൽ അബ്ദുറഹിമാൻ അലിരാജ, ബി. പോക്കർ സാഹിബ്, പി.പി. ഹസൻ കോയ, എ.കെ ഖാദർകുട്ടി, പി.കെ മൊയ്തീൻ കുട്ടി, കൊയപ്പത്തൊടി അഹമ്മദ് കുട്ടി ഹാജി, എം.വി ഹോദ്രോസ് വക്കീൽ എന്നിവരും നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നു. മദിരാശി ലെജിസ്ലേറ്റീവ് കൗൺസി

mappilaheritagelibrary.com

ലിലേക്ക് കെ.ഉപ്പിസാഹിബും കെ.ഷെഖ് റാവുത്തറും മത്സരിച്ചു.

കേന്ദ്ര നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം വർദ്ധിത വീര്യത്തോടെ മുസ്‌ലിം ലീഗ് നേരിട്ട ഈ തെരഞ്ഞെടുപ്പും മുസ്‌ലിം ലീഗിന് ചരിത്ര വിജയമാണു നൽകിയത്. മദിരാശിയിൽ ആകെ ഉണ്ടായിരുന്നത് 29 മുസ്‌ലിം നിയമസഭാ മണ്ഡലങ്ങളായിരുന്നു. ആ ഇരുപത്തിയൊമ്പതിലും മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ വിജയിച്ചത് അക്ഷരാർത്ഥത്തിൽ തന്നെ കോൺഗ്രസ്സിനെ ഞെട്ടിച്ചു കളഞ്ഞു. ഇതോടെ ഇത്തരേന്ത്യയിൽ ഉദയംകൊണ്ട മുസ്‌ലിം മസ്ജിസ് എന്ന ധൂമകേതു എവിടെയോ പോയി മറഞ്ഞു. ഇരുപത്തി ഒമ്പത് അംഗങ്ങളുമായി മദിരാശി സംസ്ഥാന നിയമസഭയിലെത്തിയ മുസ്‌ലിം ലീഗ് മെമ്പർമാരായിരുന്നു സഭയിലെ പ്രധാന പ്രതിപക്ഷം. മുസ്‌ലിം ലീഗിന്റെ അസംബ്ലി പാർട്ടി ലീഡറായി ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് തെരഞ്ഞെടുക്കപ്പെട്ടു. മദിരാശി അസംബ്ലിയുടെ ചരിത്രത്തിൽ സുവർണ്ണ പദങ്ങളിൽ ആലേഖനം ചെയ്യപ്പെടേണ്ട പ്രവർത്തനങ്ങളാണ് പ്രതിപക്ഷത്തിരുന്ന്കൊണ്ട് മുസ്‌ലിം ലീഗ് അസംബ്ലി പാർട്ടി നിർവഹിച്ചത്.

രാജാജി മന്ത്രിസഭക്ക് ക്രിയാത്മകമായ പിന്തുണ മുസ്‌ലിം ലീഗ് നൽകി. തെറ്റായ പ്രവർത്തനങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്തു. മുസ്‌ലിം ലീഗിന്റെ സഹകരണാത്മകമായ നിലപാടിനെ പല പ്രാവശ്യം പ്രധാന മന്ത്രി രാജാജി നിയമസഭയിൽ പരസ്യമായിതന്നെ പുകഴ്ത്തി. സീതി സാഹിബ് ഉൾപ്പെടെയുള്ള നേതാക്കളെ ആദരവോടെയല്ലാതെ ഒരിക്കലും രാജാജി അഭിസംബോധന ചെയ്തിരുന്നില്ല.

***

മുസ്‌ലിം ഭൂരിപക്ഷ പ്രദേശങ്ങൾക്ക് സ്വാതന്ത്ര്യം നൽകിക്കൊണ്ടുള്ള ഒരു ഭരണമാറ്റത്തിലൂടെ വേണം ഇന്ത്യയിലെ സാമുദായിക പ്രശ്നത്തിനും മുസ്‌ലിം ന്യൂനപക്ഷ പ്രശ്നത്തിനും പരിഹാരം കാണുവാൻ എന്നതായിരുന്നുവല്ലോ ലാഹോർ പ്രമേയത്തിന്റെ കാതൽ. പാകിസ്ഥാൻ പ്രമേയം എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നതെങ്കിലും ഈ ആശയമായിരുന്നു പ്രമേയത്തിന്റെ ഉള്ളടക്കം. പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങൾ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നേടിയെടുക്കുക എന്നതായിരുന്നു മുസ്‌ലിം ലീഗിന്റെ അജണ്ടയും. അതിനാൽ തന്നെ കോൺഗ്രസ്സിന്റെ നിയമ ലംഘനസമരങ്ങളോട് മുസ്‌ലിം ലീഗിന് ആഭിമുഖ്യമൊന്നും ഉണ്ടായിരുന്നില്ല. 1947 വരെ ഇത്തരം മർഗ്ഗത്തിലൂടെയായിരുന്നു സർവ്വേന്ത്യാ മുസ്‌ലിം ലീഗ് പ്രവർത്തിച്ചിരുന്നതും. കോൺഗ്രസ്സിന്റെ സമ്മർദത്തിന് വഴങ്ങി ലാഹോർ പ്രമേയം തിരസ്കരിക്കാതിരിക്കാനായിരുന്നു മുസ്‌ലിം ലീഗിന്റെ നിരന്തര സമരങ്ങൾ. നിയമ ലംഘനം പോലുള്ള സമരമുറകൾ സ്വാതന്ത്ര്യ പ്രാപ്തിയെന്ന അന്തിമ ലക്ഷ്യത്തെ പിറകോട്ടടിപ്പിക്കുമെന്ന് മുസ്‌ലിം ലീഗ് വിശ്വസിച്ചു. 1942 ൽ കോൺഗ്രസ്സിന്റെ നേതൃത്വത്തി

mappilaheritagelibrary.com

ലുണ്ടായ കിറ്റ് ഇന്ത്യാ സമരം അത് ശരിവെക്കുകയും ചെയ്തു.

കിറ്റ് ഇന്ത്യാ സമരം ഇന്ത്യയുടെ പല ഭാഗങ്ങളിലും അക്രമാസക്ത മായി. ചിലസ്ഥലങ്ങളിൽ രജിസ്ട്രാപ്പീസുകൾ കത്തിച്ചു. നാട്ടിൽ പലവി ധ അനിഷ്ടസംഭവങ്ങളും അരങ്ങേറി. ഇത് കാരണമാണ് സ്വാതന്ത്ര്യ സമ്പാദനം പിന്നെയും നീണ്ട് പോയത്.

ലാഹോർ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ 1946 ൽ മുസ്ലിം ലീഗ് ഇന്ത്യയൊട്ടുക്കും പ്രത്യക്ഷ സമരദിനമായി ആചരിക്കുവാൻ ആഹ്വാനം ചെയ്തു. മലബാറിലുടനീളം പ്രസ്തുത ദിനം സമുചിതമായിതന്നെ ആ ചരിച്ചു. പ്രസ്തുത സമരദിനാചരണത്തെക്കുറിച്ചു സീതി സാഹിബ് പറ ഞ്ഞു: "ലോഹോർ പ്രമേയം ആസൂത്രണം ചെയ്ത പദ്ധതിയനുസരിച്ചു ള്ള ഒരു ഭരണ മാറ്റം കൈവരുത്തുവാൻ സർവ്വ ത്യാഗങ്ങളും സഹിക്കു വാനുള്ള സന്നദ്ധത പ്രഖ്യാപിക്കുവാൻ വേണ്ടിയായിരുന്നു ഇത്തരത്തി ലൊരു ദിനം ആചരിക്കപ്പെട്ടത്. മലബാറിന്റെ എല്ലാ ഭാഗങ്ങളിലും പ്രസ് തുത ദിനം വളരെ സമുചിതമായി തന്നെ ആചരിക്കപ്പെട്ടു. ഗംഭീരങ്ങളാ യ യോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. എന്നാൽ ഒരു സ്ഥലത്തു പോലും അനിഷ്ടകരങ്ങളായ ഒരൊറ്റ സംഭവം പോലും ഉണ്ടായില്ല. എത്രയും സമാധാനപരമായിട്ടാണ് പ്രസ്തുത ദിനം ആചരിക്കപ്പെട്ടത്. മുമ്പ് ചില പ്പോഴെങ്കിലും ചില അനിഷ്ടസംഭവങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങളിൽ പ്പോലും അതീവ സമാധാനപരമായിട്ടാണ് ദിനം ആചരിക്കപ്പെട്ടത്. ലീഗ് സാമുദായിക വിദ്വേഷം പരത്തുകയാണെന്ന അപവാദത്തിന്റെ അടിസ്ഥാ നമില്ലായ്മ ഇത് നല്ലപോലെ തെളിയിക്കുന്നുണ്ട്. ഈ സമരത്തിന്റെ ഭാ ഗമായി മുസ്ലിം ലീഗ് ടിക്കറ്റിൽ മത്സരിച്ച് വിജയിച്ച സംസ്ഥാന-കേന്ദ്ര നിയമസഭാ അംഗങ്ങളെ മുസ്ലിം ലീഗ് സെക്രട്ടറി ലിയാഖത്തലി ഖാൻ ഡൽഹിയിലേക്ക് ക്ഷണിച്ചു.

1946 ഏപ്രിൽ മാസത്തിൽ ഡൽഹിയിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ വെച്ച് അംഗങ്ങൾ ഒരു പ്രതിജ്ഞ ചെയ്തു. പാകിസ്ഥാൻ പ്രാപ്തിക്ക് വേണ്ടി മുസ്ലിം ലീഗ് ആവശ്യപ്പെടുന്ന എല്ലാ ത്യാഗങ്ങളും ചെയ്യാൻ ത യ്യാറാണെന്ന് അവിടെ വെച്ച് ലീഗ് അംഗങ്ങൾ പ്രതിജ്ഞ ചെയ്തു.

പ്രസ്തുത യോഗത്തിൽ സീതിസാഹിബും മലബാർ ജില്ലാ മുസ്ലീ ലീഗ് പ്രസിഡണ്ട് അലിരാജയും പങ്കെടുത്തു. യോഗം കഴിഞ്ഞ് നേതാ ക്കൾ നാട്ടിൽ തിരിച്ചെത്തി ഏതാനും ആഴ്ചകഴിഞ്ഞപ്പോൾ എല്ലാവരു ടെയും ആദരവിന് പാത്രീഭൂതനായിരുന്ന അലിരാജ മരണപ്പെട്ടു. 1946 മെയ് 5ന് ആയിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. രാജാസാഹിബിന്റെ മര ണത്തെതുടർന്ന് മലബാർ ജില്ലാ മുസ്ലിം ലീഗ് പ്രസിഡന്റായി സത്താർ സേട്ടു സാഹിബിനെ തെരഞ്ഞെടുത്തു. ജോയിന്റ് സെക്രട്ടറിയായിരുന്ന സീതിസാഹിബിനെ സെക്രട്ടറിയായി തെരഞ്ഞെടുത്തു.

mappilaheritagelibrary.com

പതിനാറ്
മരണഗന്ധം വീശിയടിച്ച ചുടലക്കാറ്റ്

1946 മദിരാശി നിയമസഭാ അംഗമായി തെരഞ്ഞെടുക്കപ്പെട്ടതോടെ സീതി സാഹിബിനു താല്കാലികമായ കാര്യങ്ങളുണ്ടാകുമ്പോഴും തല ശ്ശേരിയിൽ നിന്നും മാറി നിൽക്കേണ്ടതായി വന്നു.

ഇത്തരം സന്ദർഭങ്ങളിലെല്ലാംതന്നെ കോടതികളിൽ അദ്ദേഹം ഹാജ രാകേണ്ട കേസുകൾ മാറ്റിവെക്കുവാൻ അദ്ദേഹത്തിന്റെ ജൂനിയർ വക്കീ ലന്മാർ ജഡ്ജിമാരോടഭ്യർത്ഥിച്ചത് അവർ സഹാനുഭൂതിയോടെ തന്നെ പരിഗണിച്ചു.

ബാർഹാളുകൾ പലപ്പോഴും ശബ്ദമുഖരിതമാവാറാണ് പതിവ്. സീ തിസാഹിബ് ഹാളിലേക്ക് പ്രവേശിക്കുമ്പോൾ നിശ്ശബ്ദമാകും. മറ്റാർക്കും കിട്ടാത്ത അംഗീകമായിരുന്നു ഇത്. മദരാശി അസംബ്ലിയിലേക്ക് മലപ്പു റം മണ്ഢലത്തിൽ നിന്നും സീതി സാഹിബ് തെരഞ്ഞെടുക്കപ്പെട്ടതോ ടെ അദ്ദേഹത്തിന്റെ ശ്രദ്ധ അസംബ്ലികാര്യങ്ങളിലേക്ക് തിരിഞ്ഞു.

തലശ്ശേരിയിൽ നിന്നും തീവണ്ടി മാർഗ്ഗം മദിരാശിയിലേക്ക് പുറപ്പെടു ന്നതിനിടെ ഈ യാത്രകളത്രയും പാർട്ടി പ്രവർത്തനത്തിനായി സീതി സാഹിബ് ഉപയോഗപ്പെടുത്തി. ഒരിക്കൽ അദ്ദേഹത്തോടൊപ്പം യാത്ര ചെ യ്ത മുൻ പി.എസ് .സി അംഗമായിരുന്ന പി.ടി ഭാസ്കരപ്പണിക്കർ അദ്ദേ ഹത്തിനുണ്ടായ ഒരനുഭവം വിവരിക്കുന്നു. "സാധാരണക്കാരോടുള്ള സീ തിസാഹിബിന്റെ പെരുമാറ്റം അതിശയിപ്പിക്കുന്നതായിരുന്നു. വണ്ടി ഏ ത് സ്റ്റേഷനിൽ നിന്നാലും അദ്ദേഹം ഉടനെ പുറത്തിറങ്ങും. റെയിൽവെ സ്റ്റേഷനുകളിൽ യാത്രയാക്കാനും യാത്ര പോകാനുമായി ധാരാളം ആള ുകൾ ഉണ്ടാവുക സ്വാഭാവികം. അവരിൽ കാരണവന്മാരും ചെറുപ്പക്കാ രും ഉണ്ടാകും. സീതി സാഹിബിനെ പ്ലാറ്റ്ഫോമിൽ കാണുന്നതോടെ ആളുകൾ അദ്ദേഹത്തിന് ചുറ്റും കൂടും. വന്ന് കൂടുന്നവരിൽ പലരും സീ തിസാഹിബിന് പരിചയമുള്ളവരും ആയിരിക്കും അവരെ പേരെടുത്ത് വിളിച്ച് സുഖവിവരങ്ങൾ അന്വേഷിക്കും. വീട്ടുകാര്യങ്ങളും മറ്റു നാട്ടു കാര്യങ്ങളും ചോദിച്ചറിയും. അപ്പോഴേക്കു അവിടെ ചെറിയൊരുയോഗ

mappilaheritagelibrary.com

ത്തിനുള്ള ആളുകൾ വന്ന് കൂടിയിട്ടുണ്ടാവും. അവരോട് ചുരുങ്ങിയ വാക്കുകളിൽ അവരുടെ ഹൃദയത്തിൽ തട്ടുംവിധം മുസ്‌ലിം ലീഗിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യപ്പെടുത്തും, വണ്ടിപോകാറാകുമ്പോഴേക്കും ആ ചെറു പ്രസംഗം കഴിഞ്ഞിരിക്കും.(സീതി സാഹിബ് സ്മാരക ഗ്രന്ഥം പി.ടി. ഭാസ്കരപ്പണിക്കർ)

മദിരാശി നിയമസഭയിൽ ആദ്യത്തെ സെഷൻ നടക്കുകയാണ്. മുസ്‌ലിം ലീഗ് അംഗം ബീഗം മീർ അമീറുദ്ദീൻ സാഹിബ പ്രസംഗിക്കുന്നതിനിടയിൽ അവർ സന്ദർഭവശാൽ കോൺഗ്രസ്സ് മന്ത്രിമാർ സ്വയം ശമ്പളം വർദ്ധിപ്പിച്ചതിനെ അതിനിശിതമായി വിമർശിച്ചു. ഗാന്ധിജിയുടെ ലളിതജീവിതമാണ് കോൺഗ്രസ്സുകാർ പകർത്തേണ്ടതെന്ന് അവർ കോൺഗ്രസ്സ് മന്ത്രിമാരെ ഉപദേശിച്ചു. മന്ത്രിമാർക്കത് അശേഷം രുചിച്ചില്ലെന്ന് അവരുടെ മുഖഭാവം വിളിച്ച് പറയുന്നുണ്ടായിരുന്നു. മന്ത്രിമാർ അവരെ പരിഹസിച്ചു. പഞ്ചാബിലും സിന്ധിലും ഉള്ള മുസ്‌ലിം ലീഗ് മന്ത്രിമാർ കൂടുതൽ ശമ്പളം വാങ്ങുന്നുണ്ടെന്ന എതിർവാദമാണ് അവരുന്നയിച്ചത്. ഗാന്ധിജിയുടെ പേര് ഉച്ചരിച്ചപ്പോഴെല്ലാം ബീഗം മീറിനെ അവർ "ഓ ഗാന്ധിജിക്കൊരനുയായി" എന്ന് പറഞ്ഞു കളിയാക്കി. തുടർന്ന് സീതി സാഹിബിന്റെ ഊഴമായിരുന്നു സീതിസാഹിബ് ബീഗം മീറിന്റെ വാക്കുകൾ യുക്തി സഹമാം വിധത്തിൽ നിരത്തിയപ്പോൾ അവർ വീണ്ടും പരിഹാസ സൂചകമായി വിളിച്ച് പറഞ്ഞു. "ഓ ഫോളോവർ ഫോർ ഗാന്ധിജി" സീതി സാഹിബ് വിട്ടുകൊടുത്തില്ല. അവരെ നോക്കി സൗമ്യമായി തന്നെ അദ്ദേഹം പറഞ്ഞു:

"ഇപ്പോഴെങ്കിലും അനുയായികളിൽ നിന്ന് തന്നെ ഗാന്ധിജിയെ ദൈവം രക്ഷിക്കട്ടെ" അതോടെ അവരുടെ നാവടങ്ങി. സീതി സാഹിബ് വീണ്ടും പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ അവർ പഞ്ചാബിനേയും സിന്ധിനേയും ചൂണ്ടിക്കാട്ടി സഭയിൽ ബഹളം വെക്കാൻ ആരംഭിച്ചു. അപ്പോൾ സീതിസാഹിബ് വീണ്ടും തിരിച്ചടിച്ചു.

"അവർ വൃത്തിയായി ജീവിതം നയിക്കുന്നവരാണ്. അവർ കൗപീനത്തിൽ വിശ്വസിക്കുന്നവരല്ല." അതോടെ മന്ത്രിമാർ അടങ്ങി. നിയമസഭ നിർമ്മാണവേളയിലും ചോദ്യോത്തര വേളയിലും ബജറ്റ് അവതരണ സമയങ്ങളിലും സന്ദർഭത്തിനനുസൃതമായി വിഷയങ്ങൾ അവതരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കൊച്ചിനിയമസഭയിലെ പരിചയവും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ അദ്ദേഹത്തിന് മുതൽക്കൂട്ടായി. വിഷയങ്ങൾ ആഴത്തിൽ പഠിക്കുക സന്ദർഭാനുസരണം അവതരിപ്പിക്കുക എന്നീ കാര്യങ്ങൾ അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതകളായിരുന്നു. 1949 ൽ നിയമമായി തീർന്ന അപേക്ഷാ നിയമ (മദിരാശി ഭേദഗതി)ത്തിന്റെയും മുസ്‌ലിം സാമുദായിക നിയമത്തിന്റെയും അവതാരകൻ സീതി സാഹിബായിരുന്നു. പാട്ട കുടിയാൻ ബില്ലിന്റെ സിലക്ട് കമ്മിറ്റിയിലെ അംഗമായും അദ്ദേഹം പ്രവർത്തിച്ചു. മദിരാശി ഹാർബർ ബോർഡിലും

mappilaheritagelibrary.com

പോർട്ട് കൺസർവെൻസി കമ്മിറ്റിയിലും അദ്ദേഹം അംഗമായി. 1952 ൽ വീണ്ടും മലപ്പുറത്ത് നിന്നും അദ്ദേഹം മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ പ്രാവശ്യം മലപ്പുറം സംവരണ മണ്ഡലമാരുന്നുവെങ്കിൽ ഇപ്രാവശ്യം ദ്വയാംഗ മണ്ഡലമായിക്കഴിഞ്ഞിരുന്നു.

പിൽക്കാലത്ത് കേരള നിയമസഭാ അസംബ്ലി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കേരളം കണ്ട ഏറ്റവും നല്ല സ്പീക്കറെന്ന പേരിന് അദ്ദേഹത്തെ അർഹനാക്കിയത് മദിരാശി അസംബ്ലി നിയന്ത്രിച്ചതിന്റെ പരിചയസമ്പത്തായിരുന്നു. 1952 ലെ തെഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മദരാശി അസംബ്ലിയിൽ രാജാജി മന്ത്രിസഭക്ക് വേണ്ടത്ര ഭൂരിപക്ഷം കിട്ടിയില്ല. എത് നിമിഷവും നിലംപൊത്താമെന്ന പരുവത്തിലായിരുന്നു മന്ത്രിസഭ. ആ സമയം കോൺഗ്രസ് മന്ത്രിസഭക്ക് നിരുപാധിക പിന്തുണ നൽകി ഭരണം വീഴാതെ കാത്തു സൂക്ഷിച്ചത് മുസ്ലിം ലീഗ്. കോൺഗ്രസ് നിയമ സഭായോഗങ്ങളിലേക്ക് മുസ്ലിം ലീഗിന്റെ പ്രതിനിധികളെക്കൂടി മദിറാശി മുഖ്യമന്ത്രിയായിരുന്ന രാജാജി ക്ഷണിക്കുക പതിവായിരുന്നു.

സീതി സാഹിബിനെ മന്ത്രിസഭയിൽ ഉൾപ്പെടുത്തുവാൻ രാജാജി പലവിധത്തിലും ശ്രമിച്ചെങ്കിലും സീതി സാഹിബ് വഴങ്ങിയില്ല. 1946 ൽ മദിരാശി അസംബ്ലിയിലേക്ക് സീതി സാഹിബിനൊപ്പം തെരഞ്ഞെടുക്കപ്പെട്ട അബ്ദുറഹിമാൻ സാഹിബിനെ മന്ത്രിയാക്കാൻ വേണ്ടി കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരും മൊയ്തു മൗലവിയും രാജാജിക്കു നിവേദനം നൽകിയിട്ട് പോലും അത് സ്വീകരിക്കാതെ സീതി സാഹിബിനെ നിരന്തരം മന്ത്രിസഭയിലേക്ക് ക്ഷണിച്ചത് അക്കാലത്ത് രാഷ്ട്രീയ വൃത്തങ്ങളിൽ കൗതുകം പകർന്ന കാഴ്ചയായിരുന്നു. സീതി സാഹിബിന്റെ വ്യക്തിമാഹാത്മ്യത്തിന് കിട്ടിയ അംഗീകാരം കൂടി ആയിരുന്നു രാജാജിയുടെ ക്ഷണം.

ഞാൻ മന്ത്രിയായിട്ട് എന്റെ സമുദായത്തിന് അത് കൊണ്ടെന്ത് ഗുണം എന്ന് പറഞ്ഞാണു സീതിസാഹിബ് രാജാജിയുടെ ക്ഷണം സ്നേഹപൂർവ്വം നിരസിച്ചത്.

കേന്ദ്ര ഗവൺമെന്റിന്റെ ശരീഅത്ത് ആക്ടിന്റെ ഗുണം മദിരാശി സംസ്ഥാനത്ത് മരുമക്കത്തായം സമ്പ്രദായം നിലനില്ക്കുന്ന മുസ്ലിംകൾക്ക് ലഭിച്ചിരുന്നില്ല. എന്നാൽ ഇതിന്റെ ഗുണം അവർക്കും ലഭ്യമാക്കുന്നതിനായി 1946 ൽ മദിരാശി അസംബ്ലിയിൽ ഒരു ശരീ അത്ത് ആക്ട് മദിരാശി അസംബ്ലിയിൽ അദ്ദേഹം അവതരിപ്പിച്ചു. കാർഷിക ഭൂമികൾക്കും കൂടി ബാധകമാവുന്നതായിരുന്നു സീതി സാഹിബിന്റെ ബില്ല്. കോൺഗ്രസ് അംഗമായിരുന്ന പ്രസിദ്ധ അഭിഭാഷകൻ അഡ്വ. ഭാഷ്യം സീതി സാഹിബിന്റെ ബില്ലിനെ എതിർത്ത് സംസാരിച്ചു.

എന്നാൽ സീതി സാഹിബിന്റെ യുക്തി പൂർവ്വവും കാര്യകാരണ സഹിതവുമുള്ള വിവരണങ്ങൾ കേട്ടതോടെ സഭ ബിൽ പാസാക്കുകയായിരുന്നു.

mappilaheritagelibrary.com

അന്ന് നിയമമന്ത്രിയായിരുന്ന കോഴിപ്പുറത്ത് മാധവമേനോൻ സീതി സാഹിബിന്റെ വാദമുഖങ്ങളെ സഹർഷം സ്വാഗതം ചെയ്യുകയുണ്ടായി. കൃഷിക്കാർക്ക് ഈ നിയമം വഴി വമ്പിച്ച ആനുകൂല്യങ്ങൾ ലഭിക്കുകയുമുണ്ടായി. മുസ്ലിം ലീഗിന്റെ അഞ്ചു പ്രതിനിധികളുടെ സഹായം കൊണ്ടായിരുന്നു 1952 ലെ രാജാജി മന്ത്രിസഭ നിലനിന്നത്.

സീതി സാഹിബിനും ഉപ്പി സാഹിബിനും വലിയ ആദരവും അംഗീകാരവുമായിരുന്നു രാജാജി നൽകിയിരുന്നത്. അദ്ദേഹം പലപ്പോഴും പരസ്യമായി തന്നെ പറയാറുണ്ടായിരുന്നു ഒരു വാചകം, "ഞാനെന്റെ മന്ത്രി സഭാ തീരുമാനങ്ങൾ എടുക്കുന്നത് സീതി സാഹിബിന്റെ അഭിപ്രായവും കൂടി കേട്ടതിന് ശേഷമാണ്" എന്നായിരുന്നു. കോൺഗ്രസ്സ് അംഗങ്ങൾക്ക് പോലും കിട്ടാതിരുന്ന ഈ അംഗീകാരത്തിന് സീതി സാഹിബിനെ അർഹനാക്കിയത് അദ്ദേഹത്തിന്റെ പക്വതയും വിനയവും കലർന്ന ഇടപെടലുകളുടെയും സത്യസന്ധവും നന്മനിറഞ്ഞതുമായ പ്രവർത്തനങ്ങളുടെയും ഫലമായിട്ടായിരുന്നു.

രാജാജി മന്ത്രിസഭക്കെതിരെ ലീഗ് അംഗങ്ങളെ തിരിച്ചുവിടാൻ കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾ നടത്തിയ ശ്രമങ്ങളെ പരാജയപ്പെടുത്തിയതും സീതി സാഹിബിന്റെ ഇടപെടലുകളാണ്. മുന്നണിയായി പ്രവർത്തിക്കുവാൻ രാജാജിക്ക് പ്രചോദനം നൽകിയത് സീതി സാഹിബിന്റെ സത്യസന്ധമായ രാഷ്ട്രീയ നിലപാടുകൾ കൊണ്ടായിരുന്നു.

1952 ലെ രാഷ്ട്രീയ അന്തരീക്ഷം മുസ്ലിംകളെ സംബന്ധിച്ചിടത്തോളം അരക്ഷിതമായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചതിന് തൊട്ട് പിന്നാലെയുള്ള വർഷങ്ങളിൽ അയിത്തജാതിക്കാരോടെന്ന പോലെയാണ് കോൺഗ്രസ് മുസ്ലിം ലീഗിനെ നേരിട്ടത്.

എല്ലാ രംഗങ്ങളിൽ നിന്നും മുസ്ലിംകളെ അകറ്റി നിർത്താനുള്ള നിഗൂഢമായ ശ്രമങ്ങൾ നടന്നിരുന്നു. മന്ത്രിസഭയിലെ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന സുബ്ബരായൻ ഈ കാര്യത്തിൽ അത്യുത്സാഹം കാണിച്ചിരുന്നു. അദ്ദേഹം മുസ്ലിംകളെ പോലീസിൽ എടുക്കുന്നതിൽ നിന്നും തടഞ്ഞു. പ്രതിഷേധിക്കുവാൻ സീതി സാഹിബ് അശേഷം മടികാണിച്ചില്ല. സീതി സാഹിബിന്റെ പ്രതിഷേധ സ്വരത്തിൽ കലിപൂണ്ട സുബ്ബരായൻ സീതി സാഹിബിനെ നോക്കിക്കൊണ്ട് സീറ്റിൽ നിന്നും എഴുന്നേറ്റുനിന്ന് പറഞ്ഞു: "ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം മുസ്ലിം ലീഗിനെ എതിർത്തുകൊണ്ടേയിരിക്കും." സീതിസാഹിബ് പതറിയില്ല. തന്റെ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റ് നിന്ന് സുബ്ബരായന് ചുട്ട മറുപടി തന്നെ നൽകി. "എന്റെ ജീവനുള്ള കാലത്തോളം ഞാൻ മുസ്ലിം ലീഗിനെ നിലനിർത്തുക തന്നെ ചെയ്യും." സീതിസാഹിബിന്റെ മറുപടി കേട്ട് സ്തബ്ധമായി സുബ്ബരായന്റെ നാവിറങ്ങിപ്പോയത് പോലെ. മദിരാശി നിയമസഭയുടെ ചരിത്രത്തിൽ ഒരവിസ്മരണീയ സംഭവമായി ഇത് ഇടം പിടിച്ചു. ക്രിയാത്മക പ്രതിപക്ഷമായിട്ടായിരുന്നു മദിരാശി അസംബ്ലിയിൽ

mappilaheritagelibrary.com

ലീഗ് പ്രവർത്തിച്ചിരുന്നത്. മലബാർ കുടിയായ്മ നിയമത്തിൽ കുടിയാന്മാർക്ക് പരിരക്ഷ നൽകുന്ന പല ഭേദഗതികളും അവതരിപ്പിച്ചത് അന്ന് ധാരാളം ഭൂമി സ്വന്തമായുണ്ടായിരുന്ന മുസ്‌ലിം ലീഗ് മെമ്പർമാരായിരുന്നുവെന്നത് ചിരിത്രത്തിൽ രേഖപ്പെട്ട് കിടക്കുന്നു.

ഒരു പ്രതിപക്ഷ കക്ഷിയെന്ന നിലയിൽ സഭയിൽ സഹകരണാത്മകമായി എങ്ങിനെ പെരുമാറണമെന്നതിന്റെ ഉത്തമതെളിവാണ് ലീഗിന്റെ നിലപാടെന്ന് പാർട്ടിയെ അഭിനന്ദിച്ച്കൊണ്ട് അക്കാലങ്ങളിൽ മാതൃഭൂമിക്ക് പുറമെ പ്രമുഖ ഇംഗ്ലീഷ് പത്രങ്ങളായ ഇന്ത്യൻ എക്സ്പ്രസ്, ടൈംസ് ഓഫ് ഇന്ത്യ പോലുള്ള പ്രമുഖ പത്രങ്ങളും എഴുതി. മദിരാശിയിൽ കോൺഗ്രസ് ഇതര മന്ത്രിസഭ ഉണ്ടാക്കുവാൻ നേരത്തെ പിരശ്രമിച്ച പാർട്ടികളായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയും പ്രജാ പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും. അവർ മുസ്‌ലിം ലീഗിന്റെ സഹായം തേടുകയും ചെയ്തിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുള്ള ഒരു മന്ത്രിസഭക്ക് പിന്തുണ നൽകുകയില്ലെന്ന് സീതി സാഹിബ് വ്യക്തമാക്കിയതോടെ അവർ പിന്തിരിഞ്ഞു. ഇസ്മയിൽ സാഹിബിന്റെ ആധ്യക്ഷതയിൽ ചേർന്ന മുസ്‌ലിം ലീഗ് പാർല്ലമെന്ററി പാർട്ടി രാജാജി മന്ത്രിസഭക്ക് പിന്തുണ നൽകാൻ തീരുമാനിക്കുകയായിരുന്നു. അഞ്ച് അംഗങ്ങളുള്ള മുസ്‌ലിം ലീഗ് നിയമസഭാ കക്ഷിയുടെ നേതാവിനെ തെരഞ്ഞെടുക്കുവാൻ ചേർന്ന യോഗവും കാലം അതിന്റെ ഓർമ്മകളിൽ സൂക്ഷിച്ച അപൂർവ്വ സംഭവമായി. നിയമസഭാ കക്ഷിയോഗത്തിൽ പങ്കെടുക്കുവാൻ മുഹമ്മദ് ഇസ്മയിൽ സാഹിബും മലപ്പുറം ലോകസഭ സഭാ മണ്ഢലത്തിൽ നിന്നും പാർലിമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ബി. പോക്കർ സാഹിബും എത്തിയിരുന്നു. നിയമസഭാ ഭാരവാഹികളെ കണ്ടെത്താൻ നടത്തിയ തെരഞ്ഞെടുപ്പ് വാശിയിൽ തന്നെ നടന്നു. സീതിസാഹിബും ഉപ്പിസാഹിബും തമ്മിലായിരുന്നു മത്സരം. ഇവർ ലീഡർ സ്ഥാനത്തേക്ക് അന്യോന്യം പേര് നിർദ്ദേശിച്ചതിനെ തുടർന്നാണ് മത്സരം വേണ്ടിവന്നതും. പരിചയസമ്പത്തും നിയമസഭാ കാര്യങ്ങളിലുള്ള അവഗാഹവും ഉപ്പിസാഹിബിനാണെന്നും അത്കൊണ്ട് നിയമസഭാ കക്ഷി നേതൃ സ്ഥാനത്തേക്ക് അദ്ദേഹത്തിന്റെ പേര് ഞാൻ നിർദ്ദേശിക്കുന്നുവെന്നും സീതിസാഹിബ് കാര്യ കാരണം സഹിതം പറഞ്ഞുവെച്ചപ്പോൾ ഉപ്പിസാഹിബ് എഴുന്നേറ്റു. എന്നിട്ട് പറഞ്ഞു സംഘടനാ നേതൃത്വത്തിലുള്ള വൈഭവം, പക്വത, സംഘാടക കഴിവ്, സത്യസന്ധത എല്ലാം ഒത്തിണങ്ങിയ ഒരു നേതാവാണ് സീതിസാഹിബ് അത്കൊണ്ട് ലീഡർ സ്ഥാനത്തേക്ക് സർവ്വഥാ യോഗ്യൻ സീതിസാഹിബാണ്. ഞാനദ്ദേഹത്തിന്റെ പേര് നിർദ്ദേശിക്കുന്നു. നിർദ്ദേശിക്കുക മാത്രമല്ല ഉപ്പി സാഹിബ് ശക്തിയായി വാദിക്കുകയും ചെയ്തു സീതി സാഹിബിന് വേണ്ടി. രണ്ട് പേരുടെയും വാദമുഖങ്ങൾക്ക് സാക്ഷിയായ മുസ്‌ലിം ലീഗ് മെമ്പർമാരുടെ കണ്ണുകൾ സജലങ്ങളായി. ലീഗിന്റെ ചരിത്രത്തിൽ ഇങ്ങിനെയൊരു തെരഞ്ഞെടുപ്പ് മുഹൂർത്തം

mappilaheritagelibrary.com

ഇതിന് മുമ്പോ ശേഷമോ ഉണ്ടായിട്ടുണ്ടാവില്ല. സീതിസാഹിബിന്റെ വാദമുഖങ്ങളെ യോഗം അംഗീകരിക്കുകയും ഉപ്പി സാഹിബിനെ നേതാവായി തെരഞ്ഞെടുക്കുകയും ചെയ്തു.

സർക്കാറിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വിവിധ വകുപ്പുകളെ സംബന്ധിച്ചും വിശദമായ വിശകലനം നടത്തുക എന്നത് സീതി സാഹിബിന്റെ രീതിയായിരുന്നു. സഭ അത് സാകൂതം കേട്ടിരിക്കും.

ബജറ്റ് അവതരണ വേളയിൽ മുൻകാലങ്ങളിൽ ബജറ്റിനെ താരതമ്യം ചെയ്ത്കൊണ്ട് അദ്ദേഹം നടത്തുന്ന പ്രസംഗങ്ങൾ കേട്ട് സഭ അതിശയിച്ചു പോയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഓർമ്മശക്തി അത്രയും അപാരമായിരുന്നു. വസ്തുതകൾ നിരത്തിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗങ്ങൾ ഒരു പഠന രേഖതന്നെയായിരുന്നുവെന്നതിന് മദിരാശി നിയമസഭാ രേഖകൾ സാക്ഷ്യം നിൽക്കുന്നു. മുസ്ലിം സമുദായത്തിന്റെയും മറ്റ് പിന്നോക്ക് വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ട് വരുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. നിർബന്ധിത വിദ്യാഭ്യാസത്തെക്കുറിച്ചും സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പലപ്പോഴും സഭയിൽ അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ്, പിന്നോക്ക പ്രദേശങ്ങളായ ഏറനാട് വള്ളുവനാട് എന്നീ സ്ഥലങ്ങളുടെ ദയനീയാവസ്ഥ, അറബി – ഉർദു അധ്യാപകനിയമനങ്ങൾ തുടങ്ങിയ വിഷയങ്ങളെല്ലാം ഗൗരവത്തോടെ അദ്ദേഹം സഭയിൽ കൊണ്ടുവന്നതായി മദിരാശി നിയമസഭാ രേഖകളിൽ ഇന്നും തെളിഞ്ഞു കിടക്കുന്നു.

1952 ലെ തെരഞ്ഞെടുപ്പിൽ ആന്ധ്രാപ്രദേശിൽ നിന്നും മുസ്ലിം ലീഗ് സ്ഥാനാർത്ഥികളൊന്നും തെരഞ്ഞെടുക്കപ്പെട്ടിരുന്നില്ല. ആ പ്രദേശങ്ങളിലെ മുസ്ലിം സമുദായത്തിന്റെ പ്രശ്നങ്ങളും ആവശ്യങ്ങളും സഭയിൽ ഉന്നയിച്ചിരുന്നത് സീതി സാഹിബായിരുന്നു. വെള്ളയാഴ്ച ദിവസങ്ങളിൽ മുസ്ലിംകൾക്ക് ജുമുഅ നമസ്കാരത്തിൽ പങ്കെടുക്കാനായി രണ്ട് മണിക്കൂർ ഒഴിവ് നൽകണമെന്ന് സീതിസാഹിബ് നിയമസഭയിൽ ആവശ്യപ്പെടുകയും നേടിയെടുക്കുകയും ചെയ്തതായി മദിരാശി നിയമസഭാ രേഖകളിൽ പറയുന്നു. മലപ്പുറം ഗവൺമെന്റ് ഹൈസ്കൂൾ, തിരൂർ ഗേൾസ് ഹൈസ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക്വേണ്ടി ഹോസ്റ്റൽ സ്ഥാപിക്കുവാനായി അദ്ദേഹം നിയമസഭയിൽ ബിൽ അവതരിപ്പിച്ചു.

മദിരാശി നിയമസഭയിൽ സീതി സാഹിബ് അംഗമായിരുന്ന കാലഘട്ടം മുസ്ലിം ലീഗിന്റെയും ഇന്ത്യൻ മുസ്ലിംകളുടെയും ചരിത്രത്തിൽ നിർണ്ണായക സ്വാധീനമാണ് ചെലുത്തിയത്. സഭയിലെ അദ്ദേഹത്തിന്റെ പ്രകടനം ഇന്ത്യൻ മുസ്ലിംകളെക്കുറിച്ച് മറ്റുള്ളവർ വെച്ച് പുലർത്തിയിരുന്ന തെറ്റിദ്ധാരണകളെ സമൂലം മാറ്റി. ഇന്ത്യയിൽ മുസ്ലിംകൾ എങ്ങിനെ ജീവിക്കുന്നു എങ്ങിനെ ജീവിക്കണം എന്നതിന്റെ ക്ലാസിക്കൽ പ്രകടനം കൂടിയായിരുന്നു അദ്ദേഹത്തിന്റെ നിയമസഭാ പ്രസംഗങ്ങൾ.

mappilaheritagelibrary.com

1947 ലും 48ലും ഉത്തരേന്ത്യയിൽ ഉണ്ടായതുപോലുള്ള വർഗ്ഗീയാസ്വാസ്ഥ്യങ്ങൾ മദിരാശി സംസ്ഥാനത്ത് പടരാതിരിക്കുവാൻ സീതിസാഹിബും ഇസ്മായിൽ സാഹിബും ചെയ്ത മഹത്തായ സേവനങ്ങളെ രാജാജിക്ക് പകരമായി വന്ന കോൺഗ്രസ്സ് മുഖ്യമന്ത്രി ടി പ്രകാശവും ഗവർണർമാരായിരുന്ന ആർച്ചിബാൾഡ് നൈയും ഭവനഗർ രാജാവും പരസ്യമായി പ്രശംസിച്ചത് അക്കാലത്തെ പ്രമുഖ പത്രങ്ങൾ പ്രാധാന്യത്തോടെയാണ് പ്രസിദ്ധീകരിച്ചത്. മലബാറിനെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങൾ സഭയിൽ അവതരിപ്പിച്ചിരുന്നത് കോൺഗ്രസ്സ് എം.എൽ എമാരായിരുന്നില്ല, മുസ്ലിം ലീഗ് എം.എൽ.എമാരായിരുന്നുവെന്ന് മാതൃഭൂമിയും ഇന്ത്യൻ എക്സ്പ്രസ്സും എഴുതിയത് ഇന്നും കാലത്തിന്റെ മുദ്രകളായി പതിഞ്ഞ് കിടക്കുന്നു.

***

1947 ജൂലായ് ഒന്നിന് ചേർന്ന ബ്രിട്ടീഷ് പാർല്ലിമെന്റ് ഇന്ത്യൻ ഇൻഡിപെൻഡൻസ് ബിൽ പാസാക്കി. അതിന് മുമ്പെ 1947 മാർച്ച് 22 ന് ഈ ദൗത്യവുമായി മൗണ്ട് ബാറ്റൻ പ്രഭു പുതിയ വൈസ്രോയിയായി ഇന്ത്യയിൽ ഭരണച്ചുമതല ഏറ്റിരുന്നു. ഈ സ്ഥാനലബ്ധിയിൽ മൗണ്ട് ബാറ്റൻ തൃപ്തിനായിരുന്നില്ല. 1948 ജൂണിനകം ഇന്ത്യക്ക് സ്വാതന്ത്ര്യം തിരിച്ചേൽപിച്ചിരിക്കണമെന്ന നിർദ്ദേശമായിരുന്നു അദ്ദേഹത്തിന് ലഭിച്ചിരുന്നത്. എന്നാൽ അതിന് മുമ്പ് തന്നെ അദ്ദേഹത്തിന് അത് സാധ്യമാക്കുവാൻ കഴിഞ്ഞു. ഇത് പക്ഷെ അദ്ദഹത്തിന്റെ നയതന്ത്രമിടുക്കുകൊണ്ടൊന്നുമായിരുന്നില്ല. ചില കടുംപിടുത്തങ്ങളിൽ തൂങ്ങിക്കിടന്നത്കൊണ്ട് സാധിതമായതാണെന്നു മാത്രം. മൗണ്ട് ബാറ്റൺ ഇഷ്ടപ്പെട്ട ഇന്ത്യൻ നേതാവായിരുന്നു ജവഹർലാൽ നെഹ്റു. മുഹമ്മദലി ജിന്നയോട് അദ്ദേഹം ഔദ്യോഗികമായ അടുപ്പം മാത്രം കാണിച്ചു

മൗണ്ട് ബാറ്റൺ വന്ന് അഞ്ച് ദിവസം കഴിഞ്ഞപ്പോഴേക്കും കൽക്കത്തയിൽ ഹിന്ദു മുസ്ലിം സംഘർഷം തുടങ്ങി. 99 പേരാണ് മരണപ്പെട്ടത്. രണ്ട് നാൾ കഴിഞ്ഞ് ബോംബെയിൽ നടന്ന കലാപത്തിൽ അവയവങ്ങൾ ഛേദിക്കപ്പെട്ട നിലയിൽ 41 മൃതദേഹങ്ങൾ കാണപ്പെട്ടു. പഞ്ചാബും പശ്ചിമ ബംഗാളും വെട്ടിമുറിക്കരുതെന്നും അത് അവിടത്തെ ജനതയുടെ മനസ്സിനെ മുറിവേൽപ്പിക്കുമെന്നുമുള്ള ജിന്നയുടെ അഭ്യർത്ഥന മൗണ്ട്ബാറ്റൺ ചെവിക്കൊണ്ടില്ല. 1948 ന് മുമ്പ് തന്നെ അധികാരകൈമാറ്റം നടത്തണമെന്ന് മൗണ്ട് ബാറ്റന് നിർബന്ധമുണ്ടായിരുന്നു. 1947 ആഗസ്റ്റ് 15 ഇതിനായി അദ്ദേഹം നേരത്തെ തന്നെ കണ്ടുവെച്ചിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത് സൈന്യം മൗണ്ട്ബാറ്റന്റെ മുമ്പിൽ കീഴടങ്ങിയത് ഒരു ആഗസ്ത് 15 ന് ആയിരുന്നു. ആ തിയ്യതി അതുകൊണ്ടുതന്നെ മൗണ്ട്ബാറ്റന് പ്രിയങ്കരവുമായി. അതിനാൽ അതിന്മേൽ അദ്ദേഹം തൂങ്ങിക്കിടന്നു.

അധികാര കൈമാറ്റത്തിന്റെ നാന്ദിയെന്നോണം കേന്ദ്രത്തിൽ കോൺ

mappilaheritagelibrary.com

ഗ്രസ്സിനും മുസ്‌ലിം ലീഗിനും പങ്കാളിത്തമുള്ള ഇടക്കാല മന്ത്രിസഭ അധികാരത്തിൽ വന്നു. പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു പ്രധാനമന്ത്രിയായും ലിയാഖത്തലിഖാൻ ധനകാര്യമന്ത്രിയുമായി സത്യവാചകം ചൊല്ലി. കേന്ദ്ര അസംബ്ലി പിരിച്ചു വിട്ടു. പകരം ഇന്ത്യക്കും പാകിസ്ഥാനും വേണ്ടി ഓരോ ഭരണഘടന നിർമാണ സമിതി നിലവിൽ വന്നു. സമിതിയിൽ മുസ്‌ലിം ലീഗിലെ 40 അംഗങ്ങളുണ്ടായിരുന്നു. ചൗധരി ഖലീക്കുസ്സമാൻ 1947 ജൂലായ് 13 ന് ഭരണഘടനാ നിർമാണ സഭയിലെ മുസ്‌ലിം ലീഗ് പാർട്ടി ലീഡറായി. ഇതിന് ഒരു മാസം മുമ്പ് അതായത് 1947 ജൂൺ മാസത്തിൽ മദിരാശിയിൽ നിന്നും ഒരു സംഘം മുസ്‌ലിം ലീഗ് നേതാക്കൾ സംസ്ഥാന മുസ്‌ലിം ലീഗ് പ്രസിഡണ്ട് എം. മുഹമ്മദ് ഇസ്മയിൽ സാഹിബിന്റെ നേതൃത്വത്തിൽ ജിന്നയെ സന്ദർച്ചിരുന്നു. പാകിസ്ഥാൻ നേടിയെടുക്കുവാനുണ്ടായ സമരത്തിന് പന്തുണ നൽകിയതിന് ദക്ഷിണേന്ത്യയോട് ജിന്ന നന്ദി പറഞ്ഞു. ആറ് കോടിയിലധികം മുസ്‌ലിംകൾ പാകിസ്ഥാനിൽ പെട്ടുവെങ്കിലും 4 കോടിയിലെറെ മുസ്‌ലിംകൾ അപ്പോഴും ഇന്ത്യൻ യൂണിയനിൽ തന്നെ ഉണ്ടായിരുന്നു. സംഘടിത ശക്തിക്ക് ഊനം തട്ടാതെ രാജ്യത്തെ സേവിക്കുവാൻ ജിന്ന നേതാക്കളോട് ആഹ്വാനം ചെയ്തു. ഐശ്വര്യപൂർണ്ണമായ ഇന്ത്യക്ക് വേണ്ടി പ്രവർത്തിക്കുവാൻ അദ്ദേഹം മുസ്‌ലിംകളോട് ആഹ്വാനം ചെയ്തു. നേതാക്കൾ ആ അഭ്യർത്ഥന ശിരസാ വഹിച്ചു. അതിന്നും നിർവിഘ്നം തുടരുകയും ചെയ്യുന്നു.

1947 ആഗസ്ത് 14 ന് പാകിസ്ഥാനും 15 ന് ഇന്ത്യയും രണ്ട് പരമാധികാര രാഷ്ട്രങ്ങളായി നിലവിൽ വന്നു. നീണ്ട 182 കൊല്ലത്തെ ബ്രിട്ടീഷ് വാഴ്ച്ചക്ക് അന്ത്യം. ചെങ്കോട്ടയിൽ യൂണിയൻ ജാക്ക് പതാക താഴ്ന്നിറങ്ങിയതോടെ ഇന്ത്യൻ ദേശീയ ത്രിവർണ പതാക പതുക്കെ പതുക്കെ ഉയർന്നു. തെന്നിളം കാറ്റിൽ അത് പാറിക്കളിച്ചപ്പോൾ 40 കോടി ജനങ്ങൾ ഹർഷപുളകിതരായി. കേരളത്തിൽ ഈ സമയത്ത് കനത്ത മഴ കോരിച്ചൊരിയുകയായിരുന്നു. കള്ളക്കർക്കിടകത്തിന്റെ മാസമായിട്ട് പോലും ജനം സ്വാതന്ത്ര്യം ആഘോഷിച്ചു. പള്ളികളിലും ക്ഷേത്രങ്ങളിലും രാജ്യത്തിന്റെ ഐശ്വര്യത്തിന് വേണ്ടിയുള്ള പ്രാർത്ഥനകൾ നടന്നു. 1957 ആഗസ്ത് 7 ന് സീതി സാഹിബ് 'സ്വതന്ത്ര്യസമരം ചില സ്മരണകൾ' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ മുസ്‌ലിംകൾ വഹിച്ച പങ്കിനെ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം സർക്കാർ സാമ്പത്തികവും സാമൂഹ്യവുമായ നിലവാരം ഉയർത്തുവാനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണെന്നും അവയുടെ വിജയത്തിന് വേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളും ജനവിഭാഗങ്ങളും ആത്മാർത്ഥതയോടെയും ഒത്തൊരുമയോടെയും പരിശ്രമിക്കേണ്ടതാണെന്നു അദ്ദേഹം പ്രസ്തുത ലേഖനത്തിൽ ഊന്നി പറഞ്ഞു.

mappilaheritagelibrary.com

ന്യൂനപക്ഷങ്ങൾക്കും അവശവിഭാഗങ്ങൾക്കും ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള രക്ഷാവ്യവസ്ഥകൾ തികച്ചും നടപ്പിൽ വരുത്തുക വഴി അവരുടെ സംതൃപ്തിയും സഹകരണവും ഭരണകൂടത്തിന് ലഭിക്കുകയും അത് വഴി സാമുദായികനീതി പാലിക്കുന്ന ഒരു രാഷ്ട്രത്തിന്റെ മാതൃക ലോകത്തിന് കാണിച്ചു കൊടുക്കുവാനും നമുക്ക് കഴിയുമാറാകട്ടെ എന്ന് ആശംസിച്ച് കൊണ്ടാണ് അദ്ദേഹം ലേഖനം അവസാനിപ്പിക്കുന്നത്. ഗംഗയും യമുനയും മുസ്‌ലിം കബന്ധങ്ങളാൽ നിറഞ്ഞു. നദികൾ ചോരപ്പുഴകളായി. കഴിവുകെട്ട ഭരണാധികാരികൾക്ക് അക്രമികളെ ഒതുക്കുവാൻ കഴിഞ്ഞില്ല. മുസ്‌ലിംകൾക്ക് പ്രാപ്തമായ നേതൃത്വം നൽകാനാവട്ടെ ഡൽഹിയിലും പഞ്ചാബിലും നല്ല നേതാക്കളും ഉണ്ടായിരുന്നില്ല. കടലിനും ചെകുത്താനുമിടയിൽ പെട്ടതുപോലെയായിരുന്നു സ്വാതന്ത്ര്യാനന്തര നാളുകളിൽ ഉത്തരേന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥ.

സ്വാതന്ത്ര്യലബ്ദിക്ക് ശേഷം ഇന്ത്യൻ മുസ്‌ലിംകൾ തികച്ചും നിശിതമായ ഒരവസ്ഥയിലേക്കാണ് എറിയപ്പെട്ടത്. ആരും തുണക്കാനില്ലാതെ നേതൃത്വം നൽകാൻ നേതാക്കളില്ലാതെ അവർ അലഞ്ഞു. ജിന്നക്ക് തൊട്ടുതാഴെ രണ്ടാമൻ എന്ന നിലയിൽ പരിഗണിക്കപ്പെട്ടിരുന്ന നവാബ് മുഹമ്മദ് ഇസ്മയിൽ ഖാൻ യു.പി.യിൽ നിന്നും ഉള്ള ഉന്നത ശിർഷനായ നേതാവായിരുന്നിവെങ്കിലും സ്വതന്ത്ര്യാനന്തര ഇന്ത്യയിൽ ഇന്ത്യൻ മുസ്‌ലിംകളെ നയിക്കുവാൻ അദ്ദേഹം മുന്നോട്ട് വന്നില്ല. മറ്റൊരു പ്രമുഖ നേതാവായിരുന്ന ചൗധരി ഖലിക്കുസ്സമാനാകട്ടെ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പ്രതിപക്ഷ നേതാവായിരുന്നു. ഗാന്ധിജിയും ജവഹർലാൽ നെഹ്റുവും ഏറെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്ത നേതാവായിരുന്നു അദ്ദേഹം. സിന്ധിലെ അഭയാർത്ഥി പ്രശ്നം ചർച്ച ചെയ്യാൻ ഗാന്ധിജിയുടെ അഭ്യർത്ഥന പ്രകാരം അദ്ദേഹം പാകിസ്ഥാനിലേക്ക് പോയതായിരുന്നു. എന്നാൽ ജിന്നാസാഹിബിന്റെ ചില നിലപാടുകൾ കാരണം അദ്ദേഹത്തിന് പാകിസ്ഥാനിൽ തുടരേണ്ടി വന്നു. പാകിസ്ഥാനിലേക്ക് പോയ അദ്ദേഹം പിന്നീട് തിരിച്ചു വന്നിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ മനസ്സ് മുഴുവൻ ഇന്ത്യയായിരുന്നു.

പിന്നീട് ഉണ്ടായിരുന്നത് ദക്ഷിണേന്ത്യയിൽ നിന്നുള്ള ഏകനേതാവായിരുന്ന സത്താർ സേട്ടു സാഹിബായിരുന്നു മുഹമ്മദലി ജിന്നയും ലിയാഖത്തലിഖാനുമായി ഇതിനകം ഒരാത്മബന്ധം തന്നെ സേട്ടു സാഹിബിന് ഉണ്ടായിരുന്നതിനാൽ അദ്ദേഹവും പാകിസ്ഥാനിലേക്ക് പോയി. ചുരുക്കത്തിൽ ഒരു നാഥനില്ലാതെ അലയാൻ വിധിക്കപ്പെട്ടവരെപ്പോലെയായി ഇന്ത്യൻ മുസ്‌ലിംകൾ.

പാക്കിസ്ഥാൻ നേടിയെടുത്തതോടെ മുസ്‌ലിംലീഗിന്റെ ആവശ്യം കഴിഞ്ഞിരിക്കുന്നുവെന്ന ചിന്താഗതി അവശേഷിച്ച ചില നേതാക്കൾ വെച്ചുപുലർത്തുകയും കൂടി ചെയ്തതോടെ മുസ്‌ലിംകളുടെ അവസ്ഥ കൂടുതൽ പരിതാപകരമായി. പ്രമുഖരെല്ലാം പാക്കിസ്ഥാനിലേക്ക് പോയി.

mappilaheritagelibrary.com

അവശേഷിച്ചവർ രാഷ്ട്രീയം തന്നെ ഉപേക്ഷിച്ചു. പിന്നെയുമൊരു കൂട്ടർ ഭരണവിഭാഗത്തിന്റെ സുഖതാവളങ്ങളിൽ സുരക്ഷിതത്വം കണ്ടു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും മുസ്‌ലിംലീഗ് കമ്മിറ്റികൾ ഇല്ലാതായി. 1947 ഒക്ടോബർ അവസാനത്തെ വെള്ളിയാഴ്ച ഡൽഹിയിൽ 'മുസ്‌ലിം ലീഗ് പിരിച്ചുവിടൽ' ദിനം തന്നെ കൊണ്ടാടി. എന്നാൽ സാധാരണക്കാരായ മുസ്‌ലിംകളുടെ മനസ്സിൽ അപ്പോഴും ലീഗ് മരിച്ചിരുന്നില്ല. നേതാക്കൾ നിഷ്ക്രിയരും അപകർഷതാബോധത്തിനടിമപ്പെട്ടവരുമായത് സാധാരണക്കാരായ മുസ്‌ലിംകളെ ബാധിച്ചിരുന്നില്ല. ഇത്തരമൊരു ആപത്ഘട്ടത്തിൽ അനുയായികളെ നിഷ്ക്കരുണം ഒഴിവാക്കുന്ന നേതാക്കൾ ലോകചരിത്രത്തിൽതന്നെ അപൂർവ്വമാണെന്ന് ജി.എം.ബനാത്വാല എഴുതിയ 'മുസ്‌ലിംലീഗ് ആസാദ് കി ബാദ്' എന്ന ഗ്രന്ഥത്തിൽ പറയുന്നതായി എം.സി.ഇബ്രാഹിം വടകര തന്റെ 'സി.എച്ച്.മുഹമ്മദ് കോയ -രാഷ്ട്രീയജീവചരിത്ര'ത്തിൽ പരാമർശിക്കുന്നുണ്ട്. പലയിടങ്ങളിലും ലീഗിനെ കുഴിച്ചുമൂടുന്നതിൽ അവിടങ്ങളിലെ നേതാക്കൾ മുൻകൈ എടുത്തു എന്നത് വിസ്മയാവഹം തന്നെയായിരുന്നു. അനിശ്ചിതവും അശരണവുമായ ഈ കാലഘട്ടത്തിലാണ് ദൈവനിയോഗമെന്നോണം രണ്ട് ദക്ഷിണേന്ത്യൻ നേതാക്കൾ ഇന്ത്യൻ മുസ്‌ലിംകളുടെ ആശാദീപമായി അവരുടെ പ്രതീക്ഷയുടെ ആകാശത്ത് നിറഞ്ഞു കത്തുവാൻ തുടങ്ങിയത്.

കടവത്ത് തോണിയിൽ
അവസാനയാത്രയും വഴിമുട്ടി നിന്നുപോയാലും
അവസാനവഴികളുമടഞ്ഞെന്ന്
കരുതേണ്ടതില്ല...
അവസാനത്തെ വെടിയുണ്ടകൾ
തീവിതച്ചൂതി തിമർത്താലും
നമ്മൾ നിലാവുകൾക്ക് തീകൊളുത്തേണ്ടതില്ല.
ചരിത്രം പിന്നെയും
പ്രിയപുത്രന്മാർക്കമ്മയാകാതിരിക്കില്ല.

ചരിത്രം രണ്ട് പ്രിയപുത്രന്മാർക്ക് അമ്മയാകുന്നതാണ് കാലം പിന്നീട് കണ്ടത്. മുഹമ്മദ് ഇസ്മായിൽ സാഹിബ്, കെ.എം.സീതിസാഹിബ് എന്നിവരായിരുന്നു ആ പ്രിയപുത്രന്മാർ. മുസ്‌ലിംലീഗ് പിരിച്ചുവിടുക എന്നത് തലക്ക് മത്ത് പിടിച്ച പോലെയായിരുന്നു പലർക്കും. ബംഗാളിലെ മുൻപ്രധാനമന്ത്രി എച്ച്.എസ്.സുഹർവദിയും ഇതേ ആശയം തലക്ക് പിടിച്ച മുസ്‌ലിംലീഗ് നേതാവായിരുന്നു. നവംബർ മാസത്തിന്റെ കുളിരുന്ന ദിനങ്ങളായ 9,10 തീയ്യതികളിൽ അദ്ദേഹം കൽക്കത്തയിലെ സ്വന്തം വസതിയിൽ ഒരു കൺവെൻഷൻ വിളിച്ചുകൂട്ടി. ആദരണീയനായിരുന്ന മുല്ലാജാൻ മുഹമ്മദ് സാഹിബായിരുന്നു കൺവെൻഷന്റെ സ്വാഗതസംഘം സെക്രട്ടറി.

ഇന്ത്യയിൽ മുസ്‌ലിംലീഗിന്റെ ഭാവിയെക്കുറിച്ച് ആലോചിക്കാനായി

mappilaheritagelibrary.com

രുന്നു കൺവെൻഷൻ. അവശേഷിച്ചിരുന്ന ലീഗ് നേതാക്കൾ കൺവെൻഷനിൽ പങ്കെടുക്കാനായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമെത്തിയിരുന്നു.

കുളിരുന്ന ദിനങ്ങളാണെങ്കിലും കൺവെൻഷൻ വിയർപ്പിക്കുന്നതായി മാറി. മദിരാശി സംസ്ഥാനത്തെ പ്രതിനിധീകരിച്ചു മുഹമ്മദ് ഇസ്മയിൽ സാഹിബും കെ.എം.സീതിസാഹിബുമായിരുന്നു കൺവെൻഷനിൽ പങ്കെടുത്തിരുന്നത്.

മുസ്‌ലിംലീഗ് പിരിച്ചുവിടാനും പകരം മറ്റൊരു സംഘടന പടച്ചുണ്ടാക്കാനുമായിരുന്നു സുഹർവർദിയുടെ പദ്ധതി. സെഡ്.എച്ച്.ലാഹ്‌രിയെ പോലുള്ള നേതാക്കൾ ഈ നിർദ്ദേശത്തിന് പിന്തുണയും നൽകിയിരുന്നു.

മുസ്‌ലിംലീഗിനെ കുഴിച്ചുമൂടുവാൻ അവസാനത്തെ കല്ലും ഉയർത്തിപ്പിടിച്ച സുഹർവർദിയുടെ കരങ്ങളിൽ നിന്നും ആ കല്ലുകൾ സീതിസാഹിബിന്റെയും ഇസ്മയിൽ സാഹിബിന്റേയും ദൈവികാനുഗ്രഹമുള്ള, മാസ്മരികവും വശ്യവുമായ വാക്കുകളുടെ ശരമേറ്റ് തെറിച്ചുപോയി.

മുസ്‌ലിംലീഗ് ഇന്ത്യയിൽ നിലനിൽക്കേണ്ടുന്നതിന്റെ ആവശ്യം അവർ യുക്തിപൂർവ്വം വിവരിച്ചപ്പോൾ സദസ്സ് വീർപ്പടക്കി അത് കേട്ടു. അവസാനം കൺവെൻഷന്റെ പൊതുവികാരം തന്നെ സീതിസാഹിബിന്റെയും ഇസ്മയിൽസാഹിബിന്റെയും ആശയങ്ങളായി മാറുന്നതാണ് കൺവെൻഷനിൽ കണ്ടത്.

മുസ്‌ലിംലീഗ് പിരിച്ചുവിടാനുള്ള അവകാശം ഈ കൺവെൻഷനില്ല. അത് തീരുമാനിക്കേണ്ടത് സർവ്വേന്ത്യാ മുസ്‌ലിംലീഗ് വർക്കിംഗ് കമ്മിറ്റിയാണ്. സർവ്വേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിലിനോട് യോഗം വിളിച്ചു ചേർക്കാൻ അഭ്യർത്ഥിക്കുന്ന ഒരു പ്രമേയം വേണമെങ്കിൽ ഈ കൺവെൻഷന് പാസാക്കാമെന്ന സീതിസാഹിബിന്റേയും ഇസ്മയിൽ സാഹിബിന്റേയും വാദങ്ങൾക്കു മുമ്പിൽ സ്തംഭിച്ചുനിൽക്കാനേ സുഹർവർദിക്ക് കഴിഞ്ഞുള്ളൂ. വളരെ പ്രതീക്ഷയോടെ അദ്ദേഹം തുടങ്ങിവെച്ച കൺവെൻഷൻ ശീട്ടുകൊട്ടാരം പോലെ തകർന്നുവീണു.

യോഗാവസാനം അദ്ദേഹം പരിതപിച്ചു: "ഞാൻ വളരെ ആശയോടെ തുടങ്ങിവെച്ച കൺവെൻഷൻ തെക്ക് നിന്ന് വന്നെത്തിയ രണ്ട് ദ്രാവിഡർ തകർത്തുകളഞ്ഞു." ആ രണ്ട് ദ്രാവിഡർ സുഹർവർദിയുടെ പദ്ധതി തകർത്തില്ലായിരുന്നുവെങ്കിൽ ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥ എന്തായിത്തീരുമെന്ന് ചിന്തിക്കുവാൻപോലും സാധ്യമല്ല.

നിരാശനായ സുഹർവർദിയും ഏതാനും അനുചരന്മാരും പാക്കിസ്ഥാനിലേക്ക് പോയി. സുഹർവർദിയുടെ കൺവെൻഷനിലെ തീരുമാനമനുസരിച്ച് 1947 ഡിസംബർ 15 ന് സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ യോഗം ജിന്നാസാഹിബിന്റെ അധ്യക്ഷതയിൽ കറാച്ചിയിൽ ചേർന്നു. സർവ്വേന്ത്യാ മുസ്‌ലിം ലീഗിലെ ഇന്ത്യൻ യൂണിയനിൽപെട്ട മെമ്പർമാർ ചേർന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് കൗൺസിലും പാക്കിസ്ഥാനിലെ മെ

mappilaheritagelibrary.com

ന്വർമാർ ചേർന്ന് പാക്കിസ്ഥാൻ മുസ്ലിംലീഗ് കൗൺസിലും നിലവിൽ വന്നതായി ഗണിക്കേണ്ടതാണെന്ന് ഒരു പ്രമേയത്തിലൂടെ തീർച്ചപ്പെടുത്തി. ഭാവി പരിപാടികൾ ആവിഷ്ക്കരിക്കുവാൻ അതത് കമ്മിറ്റികളുടെ യോഗം വിളിച്ചുകൂട്ടുവാൻ കൺവീനർമാരെ നിയമിക്കുകയും ചെയ്തു. പാക്കിസ്ഥാൻ മുസ്ലിംലീഗിന്റെ കൺവീനറായി നവാബ് സാദാലിയാ ഖത്ത് അലിഖാനേയും ഇന്ത്യൻ മുസ്ലിംലീഗിന്റെ കൺവീനറായി ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മായിൽ സാഹിബിനേയും തെരഞ്ഞെടുത്തു.

പ്രസ്തുത യോഗത്തിൽ മുസ്ലിംലീഗ് വിഭജിക്കപ്പെടാതെ നിലനിർത്തണമെന്ന സുഹർവർദിയുടെ വാദം അത്ഭുതമുളവാക്കുന്നതായിരുന്നു. കൽക്കത്തയിൽ മുസ്ലിംലീഗ് പിരിച്ചുവിടാൻ കൺവെൻഷൻ വിളിച്ചതും ഇതേ സുഹർവർദി തന്നെയായിരുന്നുവല്ലോ.

ജിന്നാസാഹിബ് രോഗാതുരനും അവശനുമായിരുന്നു. തന്റെ സ്വകാര്യ ഡോക്ടറുമൊന്നിച്ചായിരുന്നു അദ്ദേഹം കൗൺസിലിൽ അധ്യക്ഷത വഹിക്കാൻ എത്തിയിരുന്നത്. മദിരാശി സംസ്ഥാനത്തുനിന്നും ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്, കെ.എം.സീതിസാഹിബ്, കെ.ടി.എം.അഹമ്മദ് ഇബ്രാഹിം, എൻ.എം.അൻവർ, എ.കെ.ജമാലി എന്നിവരും ബോംബെയിൽനിന്ന് ഹാജി ഹസനലി പി.ഇബ്രാഹിം, എ.എം.ഖാൻ, ഹഫിസ്ക്ക്, ഷംസുദ്ദീൻ, ബീഹാറിൽനിന്ന് ഹസൻ ഇമാം, ഉത്തർപ്രദേശിൽനിന്ന് മഹമൂദാബാദ്രാജ സെഡ്.എച്ച്.ലാഹ്രി, രിസ്വാനുള്ള എന്നിവർ ഉൾപ്പെടെ ഭൂരിപക്ഷം കൗൺസിലർമാരും പങ്കെടുത്തു. കൗൺസിൽ തീരുമാനപ്രകാരം പാർട്ടി പാക്കിസ്ഥാൻ മുസ്ലിം ലീഗെന്നും ഇന്ത്യൻ മുസ്ലിം ലീഗെന്നും വിഭജിക്കപ്പെട്ടു. ഇന്ത്യൻ മുസ്ലിം ലീഗിന്റെ കൺവീനറായി ഖാഇദെ മില്ലത്തിനേയും പാക്കിസ്ഥാൻ മുസ്ലിംലീഗിന്റെ കൺവീനറായി ലിയാഖത്തലിഖാനെയും തെരഞ്ഞെടുത്തു.

കത്തിജ്വലിച്ച് നിന്നിരുന്ന ഒരു ദീപശിഖ അണഞ്ഞുപോയപ്പോൾ വീണ്ടും തിരി തെളിയിക്കാനുള്ള നിയോഗമായിരുന്നു കാലം ഇസ്മയിൽ സാഹിബിനും സീതിസാഹിബിനുമായി കാത്തുവെച്ചിരുന്നത്.

ഒരു യുഗസന്ധ്യയുടെ പര്യവസാനം അസ്തമയത്തിലാണ്. അന്ന് അവിടെ കൂടിയിരുന്നവരുടെ വദനങ്ങളിൽ തെളിഞ്ഞത് അസ്തമയശോഭയുടെ അരുണിമയോ ഇരുളാൻപോകുന്ന രാത്രിയുടെ കാളിമയോ? എന്തായാലും ചരിത്രവിക്ഷോഭങ്ങളുടെ ഒരു യുഗത്തിനാണ് അവിടെ അവസാനം കുറിക്കപ്പെട്ടത്.

mappilaheritagelibrary.com

പതിനേഴ്

പിടയുന്ന മനസ്സോടെ ഒരു വേർപിരിയൽ

കറാച്ചിയിൽ ചേർന്ന സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ കൗൺസിൽ മുസ്‌ലിംലീഗിന്റെ അവസാനത്തെ സമ്മേളനമായി ചരിത്രത്തിൽ ഇടംനേടി.

അതുവരെ തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചവർ, സ്വപ്നങ്ങളും ആശങ്കകളും പങ്കുവെച്ചവർ. അവർ അകലുകയാണ്. രണ്ട് രാഷ്ട്രങ്ങളായി. രണ്ട് രാഷ്ട്രങ്ങളിലെ പൗരന്മാരായി. ഇനിയൊരു നാളും അവരൊന്നിക്കുകയില്ല. ഒന്നിച്ച് പ്രവർത്തിക്കുകയില്ല.

സീതിസാഹിബിന്റെ നിശ്വാസങ്ങളെപ്പോലും തിരിച്ചറിഞ്ഞിരുന്ന, അദ്ദേഹത്തിന്റെ ആത്മാവിനെ തൊട്ടറിഞ്ഞിരുന്ന സത്താർസേട്ടു പാക്കിസ്ഥാൻ പൗരനായി. അദ്ദേഹം ഈജിപ്തിൽ പാക്കിസ്ഥാന്റെ അംബാസഡറായി കൈറോവിലേക്ക് പറന്നു.

സത്താർസേട്ടു പാക്കിസ്ഥാനിലേക്ക് പോയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ സ്ഥാനത്ത് മലബാർജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റായി സയ്യിദ് അബ്ദുറഹിമാൻ ബാഫക്കി തങ്ങളെ തെരഞ്ഞെടുത്തു. സെക്രട്ടറിയായി സീതിസാഹിബിനെ വീണ്ടും തെരഞ്ഞെടുത്തു. ഇന്ത്യയിൽ തന്നെ തുടരുമെന്ന് കരുതിയിരുന്ന പലരും പ്രതീക്ഷക്ക് വിരുദ്ധമായി ഇന്ത്യ വിട്ടുകൊണ്ടിരുന്നു. കറാച്ചിയിൽ ചേർന്ന രണ്ട് ദിവസത്തെ സമ്മേളനവും കഴിഞ്ഞു. ഇനി വിടപറയലാണ്. യാത്രയാവുക എന്നത് വേദനാജനകമാണ്. ഇന്ത്യയിൽനിന്നുള്ള പ്രതിനിധികൾ കറാച്ചിയിൽ നിന്നും മടക്കയാത്രക്കൊരുങ്ങിക്കൊണ്ടിരുന്നു. ഘനീഭവിക്കുന്ന നിമിഷങ്ങൾ. അടർന്നുവീഴാത്ത കണ്ണീർക്കണങ്ങൾ. പാക്കിസ്ഥാൻ മുസ്‌ലിംലീഗിന്റെ കൺവീനറും പാക്കിസ്ഥാൻ പ്രധാനമന്ത്രിയുമായ ലിയാഖത്തലിഖാൻ ഇസ്മയിൽ സാഹിബിന്റേയും സീതിസാഹിബിന്റേയും അരികിലേക്ക് വന്നുകൊണ്ട് അപേക്ഷാസ്വരത്തിൽ പറഞ്ഞു: 'കുറച്ചുദിവസം കൂടി ഞങ്ങളുടെ അതിഥികളായി പാക്കിസ്ഥാനിൽ തങ്ങരുതോ?' ഖാഇദെ മില്ലത്തും സീതിസാഹിബും ആർദ്രമായ ആ ക്ഷണം നന്ദിയോടെ തന്നെ നിരസി

mappilaheritagelibrary.com

ച്ചു. വീണ്ടും ലിയാഖത്തലിഖാൻ ഇസ്മയിൽ സാഹിബിനോട് ചോദിച്ചു.

"ഇസ്മയിൽ സാഹിബ്, താങ്കൾക്കും സഹപ്രവർത്തകർക്കും ഞങ്ങളോടായി വല്ല അപേക്ഷയുമുണ്ടോ?"

ലിയാഖത്തലിഖാന്റെ അന്വേഷണത്തിന് ഇസ്മയിൽ സാഹിബ് നൽകിയ മറുപടി ശിലാലിഖിതം പോലെ ഓരോ ഇന്ത്യൻ മുസൽമാന്റേയും മനസ്സിൽ പതിഞ്ഞുകിടന്നിരിക്കണം. പിറകെ വന്ന തലമുറക്ക് അഭിമാനത്തിന്റെ രോമഹർഷങ്ങൾ പകർന്ന ആ മറുപടി ഇന്നും കോരിത്തരിപ്പോടെയല്ലാതെ എങ്ങനെ ഓർക്കാൻ കഴിയും. ഇസ്മയിൽ സാഹിബ് പറഞ്ഞു: "നവാബ് സാഹിബ്, നമ്മളിന്ന് രണ്ട് രാഷ്ട്രങ്ങളിലെ വ്യത്യസ്ത പൗരന്മാരാണ്. നമ്മൾ ഇന്നുമുതൽ എന്നെന്നേക്കുമായി പിരിയുകയാണ്. താങ്കൾ പാക്കിസ്ഥാൻ ജനതയുടെ നേതാവാണിന്ന്. താങ്കളോട് ചില കാര്യങ്ങൾ ഈ സന്ദർഭത്തിൽ ഞാൻ തുറന്നു പറയട്ടെ. യാതൊരു കാരണവശാലും ഇന്ത്യൻ മുസ്ലിംകളുടെ കാര്യത്തിൽ താങ്കൾ ഇടപെടരുത്. ഇന്ത്യയിൽ ഞങ്ങളുടെ കടമകൾ നിർവ്വഹിച്ച് ഇന്ത്യൻ മുസ്ലിംകളായി തന്നെ ഞങ്ങളുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങാനുള്ള കഴിവ് ഏത് പരിതസ്ഥിതിയിലും ഞങ്ങൾക്കുണ്ട്. ഗവൺമെന്റും ഭൂരിപക്ഷസമുദായവും ഞങ്ങളെ കുറ്റക്കാരെന്ന് മുദ്രകുത്തി വിചാരണ ചെയ്താൽപോലും ഏത് പരീക്ഷണങ്ങളെയും നേരിടാൻ ഞങ്ങൾ തയ്യാറായിക്കൊള്ളും. ഞാൻ താങ്കളോട് ഊന്നി പറയുവാൻ പോകുന്ന കാര്യമിതാണ്. അതായത് ഇന്ത്യൻ മുസ്ലിംകൾക്ക് എന്തുതന്നെ നേരിട്ടാലും അവർ എന്ത് തന്നെ ദ്രോഹങ്ങൾക്കിരയായാലും ശരി പാക്കിസ്ഥാനിലെ ഹിന്ദു ന്യൂനപക്ഷത്തെ ഒരിക്കലും ദ്രോഹിക്കരുത്. അവരെ ആപത്തിൽ നിന്നും രക്ഷിക്കുക. അവരോട് ഏറ്റവും നല്ല നിലയിൽ പെരുമാറുക. ഇത് താങ്കളുടേയും പാക്കിസ്ഥാന്റേയും കടമയാണ്. ആ വഴിയിലൂടെ, ആ വഴിയിലൂടെ മാത്രമേ താങ്കൾക്കും പാക്കിസ്ഥാനും ഞങ്ങളെ സഹായിക്കാനാവൂ." ഈറനണിഞ്ഞ കണ്ണുകളോടെയാണ് അന്നവിടെ കൂടിയവരും ലിയാഖത്തലിഖാനും ഇസ്മയിൽസാഹിബിന്റെ വാക്കുകൾ കേട്ടത്. ഇസ്മയിൽ സാഹിബിന്റെ വാക്കുകൾ ഇന്നും ഓരോ മുസ്ലിംലീഗുകാരന്റേയും നെഞ്ചിൽ സ്പന്ദിക്കുന്നു, ജീവശ്വാസമായി. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ ജന്മവാക്യങ്ങളായി.

സീതിസാഹിബിനെ കൂടാതെ ഇസ്മയിൽ സാഹിബിന്റെ സഹോദരനായ കെ.ടി.എം. അഹമ്മദ് ഇബ്രാഹിം, എൻ.എം.അൻവർ എം.എൽ.എ., എ.കെ.ജമാലി എന്നിവരായിരുന്നു ഇസ്മയിൽ സാഹിബിന്റെ മരണമില്ലാത്ത വാക്കുകൾക്ക് സാക്ഷ്യം നിന്നവർ.

കറാച്ചിയിലെ മലയാളികൾ സീതിസാഹിബിനും മറ്റ് ഇന്ത്യൻ പ്രതിനിധികൾക്കുമായി അടുത്ത ദിവസം ഒരു സ്വീകരണം നൽകി. സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രസംഗിക്കവെ, തലേദിവസം ഇസ്മയിൽ സാഹിബ് പറഞ്ഞ വികാരാർദ്രമായ വാക്കുകൾ അവരെ ഒരിക്കൽ

mappilaheritagelibrary.com

കൂടി ഓർമ്മിപ്പിക്കുംവിധം സീതിസാഹിബ് പറഞ്ഞു: "ഇന്ത്യൻ മുസ്ലിംകളുടെ പ്രശ്നപരിഹാരത്തിനായി ഞങ്ങൾ ഇങ്ങോട്ട് വരുന്ന പ്രശ്നമേയില്ല."

***

ഇന്ത്യയുടെ അവസാനത്തെ വൈസ്രോയിയായി വന്ന മൗണ്ട് ബാറ്റൻ പ്രഭു ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇന്ത്യൻ ഗവർണർ ജനറലായിത്തുടരുന്നുണ്ടായിരുന്നു. ഇന്ത്യൻ നേതാക്കളുടെ അഭ്യർത്ഥന മാനിച്ചായിരുന്നു ഇത്. കറാച്ചി യോഗം കഴിഞ്ഞ് മടങ്ങിവന്ന ഇസ്മയിൽ സാഹിബിനെ മദിരാശിയിൽവെച്ച് മൗണ്ട് ബാറ്റൻ കണ്ടു. സൗഹാർദ്ദപൂർണ്ണമായിരുന്നു ആ കൂടിക്കാഴ്ച. കുശലാന്വേഷണങ്ങൾക്കിടയിൽ മൗണ്ട് ബാറ്റൻ സ്നേഹമസൃണമായിത്തന്നെ ഇസ്മയിൽ സാഹിബിന്റെ മുമ്പിൽ ഒരു അഭ്യർത്ഥന വെച്ചു. "താങ്കൾ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവുമായി ഒരു കൂടിക്കാഴ്ച നടത്തുന്നത് അഭികാമ്യമായിരിക്കും." ഇസ്മയിൽ സാഹിബ് തടസ്സമൊന്നും പറഞ്ഞില്ല. അഭ്യർത്ഥന സ്വീകരിക്കുകയും ചെയ്തു.

ശിശിര മാസത്തിലെ അവസാന നാളുകൾ പോകാൻ മടിച്ചുനിൽക്കുന്ന ശരത്കാലം. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ഔദ്യോഗിക വസതിയായ തീൻമൂർത്തി ഭവനിലേക്ക് ഇസ്മയിൽ സാഹിബ് ക്ഷണിക്കപ്പെട്ടു.

ഒരു ജനതയുടെ പ്രതീക്ഷാനാളമായ ആ ധർമ്മതേജസ്സ് കയറിച്ചെന്നു. പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ആഗമനവും പ്രതീക്ഷിച്ചിരിപ്പായിരുന്നു. ഇന്ത്യ വിഭജിക്കപ്പെട്ടതിന് ശേഷം മുസ്ലിം ലീഗിന്റെ അമരക്കാരനു വേണ്ടിയുള്ള കാത്തിരിപ്പ്. കുശലാന്വേഷണങ്ങൾക്ക് ഒടുവിൽ ജവഹർലാൽ നെഹ്റു ഇസ്മയിൽസാഹിബിനോട് ചോദിച്ചു: "മുസ്ലിം ലീഗിന്റെ പ്രസക്തി പാക്കിസ്ഥാൻ രൂപീകരണത്തോടെ കഴിഞ്ഞുപോയില്ലേ. ഇന്ത്യയിൽ ഇനിയും അതിന്റെ ആവശ്യമുണ്ടോ?" ഇസ്മയിൽ സാഹിബ് പതറിയില്ല. വളരെ സൗമ്യമായി തന്നെ അദ്ദേഹം പറഞ്ഞു: "വേണം പണ്ഡിറ്റ്ജീ. ഇന്ത്യയിലെ പ്രബല ന്യൂനപക്ഷമാണിപ്പോഴും മുസ്ലിംകൾ. ഒരു ബഹുസ്വര സമൂഹത്തിൽ അവർക്ക് അവരുടേതായ പ്രശ്നങ്ങളും പരാതികളും ഉണ്ടാവുക സ്വാഭാവികം. അതെല്ലാം പരിഹരിച്ച് മുസ്ലിം സമുദായത്തിന്റെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്താനും, രാജ്യത്തിന്റെ പുരോഗതിക്കായി അവരെ ഉപയോഗപ്പെടുത്തുവാനും രാജ്യ പുനർനിർമ്മാണപ്രക്രിയയിൽ പങ്കാളികളാക്കാനും ഇന്ത്യയിൽ മുസ്ലിം ലീഗ് കൂടിയേ തീരൂ. ഇന്ത്യൻ മുസ്ലിംകളെ അച്ചടക്കവും രാജ്യസ്നേഹവുമുള്ള ഒരു ജനതയാക്കി മാറ്റുവാൻ, രാജ്യത്തിന് വേണ്ടി ജീവാർപ്പണം ചെയ്യാൻ ഒരു സംഘടന അനിവാര്യമാണ്. മുസ്ലിംലീഗ് ഇല്ലാത്ത പക്ഷം അവർ ഭീകരതീവ്രവാദസംഘടനകളിലേക്ക് ഒഴുകിപ്പോയേക്കാം. ഈ വിപത്ത് തടയുവാൻ ഇന്ത്യയിൽ മുസ്ലിം ലീഗ് ഉണ്ടായേ തീരൂ."

mappilaheritagelibrary.com

നെഹ്റു ഇസ്മയിൽസാഹിബിന്റെ വാക്കുകൾ സശ്രദ്ധം കേട്ടു. തുടർന്ന് പ്രധാനമന്ത്രി വീണ്ടും അദ്ദേഹത്തോട് ചോദിച്ചു: "എങ്കിൽ ഇസ്മയിൽസാഹിബ് എന്തൊക്കെയാണ് ഇന്ത്യൻ മുസ്ലിംകളുടെ പ്രശ്നങ്ങളെന്നും പരാതികളെന്നും ഒരു കടലാസിൽ താങ്കൾ എഴുതിത്തരൂ. അവ പരിഹരിക്കാൻ ഞാൻ ശ്രമിക്കാം."

ഇസ്മയിൽ സാഹിബിന് അതിനും മറുപടിയുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "പ്രിയ പണ്ഡിറ്റ്ജി, ഞാനും താങ്കളും മരിക്കും. പുതിയ കാലവും പുതിയ പ്രശ്നങ്ങളും ഉണ്ടാകും. അന്ന് മുസ്ലിംകളുടെ പരാതികളും പ്രശ്നങ്ങളും പ്രയാസങ്ങളും എന്തായിരിക്കുമെന്ന് ഇപ്പോൾ എനിക്കെങ്ങനെ പ്രവചിക്കാനാവും. അതുകൊണ്ട് ഞാനെങ്ങിനെയാണ് അങ്ങേക്ക് അതെഴുതിത്തരിക. ഭരണഘടനയിൽ എഴുതിച്ചേർക്കേണ്ട ഒരു വസ്തുതയാണത്. ഇന്ത്യൻ മുസ്ലിംകളുടെ പരിരക്ഷ ഭരണഘടനയുടെ ഭാഗമാകുമ്പോൾ മാത്രമേ മുസ്ലിം ന്യൂനപക്ഷത്തോടുള്ള നീതിപൂർവ്വകമായ സമീപനമായി അത് മാറുകയുള്ളൂ." പ്രധാനമന്ത്രിക്ക് മറുത്തൊന്നും പറയുവാനുണ്ടായിരുന്നില്ല. ഇസ്മയിൽസാഹിബിന്റെ യുക്തിഭദ്രമായ വാദങ്ങൾ അദ്ദേഹത്തിന് ബോധ്യപ്പെട്ടു. ഈ ചർച്ചയെത്തുടർന്നാണ് ഡോ.അംബേദ്കർ ചെയർമാനായുള്ള ഭരണഘടനാസമിതി മുസ്ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങൾക്ക് ഭരണഘടനയിൽ അവരുടെ അവകാശസംരക്ഷണത്തിനായി പ്രത്യേക പരിരക്ഷ നൽകിയത്. ഇത്തരമൊരു പരിരക്ഷ ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെടാൻ കാരണഭൂതനായ ഖാഇദെ മില്ലത്തിനോട് ഇന്ത്യൻ മുസ്ലിംകൾ എന്നെന്നും കടപ്പെട്ടിരിക്കുന്നു.

കറാച്ചി യോഗതീരുമാനപ്രകാരം 1948 മാർച്ച് 10 ന് മദിരാശി രാജാജി ഹാളിൽ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് ഇന്ത്യയിലെ മുസ്ലിം ലീഗ് ദേശീയ കൗൺസിലർമാരുടെ യോഗം വിളിച്ചുകൂട്ടി.

രാവിലെ പതിനൊന്ന് മണിക്കായിരുന്നു യോഗം ആരംഭിച്ചത്. ആകെയുള്ള 147 കൗൺസിലർമാരിൽ പങ്കെടുത്തത് 30 പേരായിരുന്നു. കൺവീനർ ഇസ്മയിൽസാഹിബ് തന്റെ ആമുഖ പ്രസംഗത്തിൽ സർവ്വേന്ത്യാ മുസ്ലിംലീഗിന്റെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച്, കറാച്ചി യോഗത്തെ സംബന്ധിച്ച്, മൗണ്ട് ബാറ്റൻ പ്രഭുവുമായും, ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവുമായും നടത്തിയ ചർച്ചകളെക്കുറിച്ച് അവയുടെ വിശദാംശങ്ങളെക്കുറിച്ച് സംസാരിച്ചു. തുടർന്ന് ചർച്ചയായിരുന്നു. മുസ്ലിംലീഗ് ഇന്ത്യയിൽ വേണോ വേണ്ടയോ ഇതായിരുന്നു ചർച്ചയുടെ കാതൽ. വിഭിന്ന വീക്ഷണങ്ങളുടെ ഏറ്റുമുട്ടലുകൾ രാജാജി ഹാളിൽ പ്രകമ്പനം കൊണ്ടു. രാഷ്ട്രീയസംഘടന എന്ന മേൽവിലാസത്തിൽ മുസ്ലിംലീഗിന് ഇനി തുടരാനാവില്ലെന്ന് ഒരു വിഭാഗം വാദിച്ചു. ഉത്തർപ്രദേശിൽനിന്ന് മൗലാനാ ഹസ്രത്ത് മൊഹാനി, മധ്യപ്രദേശിൽനിന്ന് സംസ്ഥാന മുസ്ലിംലീഗ് പ്രസിഡന്റ് സയ്യിദ് അബ്ദുൽ റഊഫ്ഷാ, ബോംബെ

mappilaheritagelibrary.com

മുസ്‌ലിംലീഗ് അസംബ്ലി പാർട്ടി ലീഡറും പ്രതിപക്ഷനേതാവുമായ എ.എ.ഖാൻ, ഹാജിഹസനലി പി.ഇബ്രാഹിം, ഹഫിസ്ക്ക, ബാംഗ്ലൂരിൽ നിന്ന് പാസ്ബാൻ പത്രാധിപർ ഇസ്മയിൽ താബിസ്, കുടകിൽനിന്ന് കൂർഗ് ലീഗ് പ്രസിഡന്റ് മജീദ്ഖാൻ എന്നിവരും മദിരാശി സംസ്ഥാനത്തുനിന്നുള്ള പ്രതിനിധികളുമായിരുന്നു യോഗത്തിൽ പങ്കെടുത്തിരുന്നത്.

മുസ്‌ലിംലീഗ് നിലനിൽക്കണോ അവസാനിപ്പിക്കണോ എന്നത് സംബന്ധിച്ച ചർച്ച രാജാജി ഹാളിന്റെ ചുമരുകളെ ഭേദിക്കുന്നതായിരുന്നു. നീണ്ടുപോയ പത്ത് മണിക്കൂറുകളാണ് വാക്ശരങ്ങളാൽ ഹാളിനെ മുഖരിതമാക്കിയത്. രാഷ്ട്രീയമില്ലാത്ത മുസ്‌ലിംലീഗ് ആത്മാവില്ലാത്ത സംഘടനയായിരിക്കുമെന്ന് ഹസ്രത്ത് മോഹാനി വാദിച്ചിരുന്നതായി സീതി സാഹിബ് അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽ അനുസ്മരിക്കുന്നുണ്ട്.

വാദമുഖങ്ങളുടെ വാൾത്തലപ്പുകൾ ചിന്തിയ ഘർഷണങ്ങളുടെ അലയൊലികൾ അടങ്ങിയില്ല. വികാരവിചാരങ്ങളുടെ അണപൊട്ടിയൊഴുകുന്ന വാക്പ്രവാഹം. ഒടുവിൽ വോട്ടിനിട്ട് തീരുമാനിക്കാമെന്നായി. മുസ്‌ലിംലീഗ് വേണമോ വേണ്ടയോ. അംഗങ്ങൾ ആ തീരുമാനത്തിലെത്തിച്ചേർന്നു. അങ്ങനെ വോട്ടിനിട്ടു. ഒമ്പതുപേർ മുസ്‌ലിംലീഗ് വേണ്ടെന്ന് വിധിയെഴുതിയപ്പോൾ 21 പേർ മുസ്‌ലിംലീഗ് നിലനിൽക്കണമെന്ന് ഉച്ചൈസ്തരം പ്രഖ്യാപിച്ചു. ആ പ്രഖ്യാപനമാണ് ഇന്ത്യയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന് ജന്മം നൽകിയത്. ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബിനെ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പ്രഥമ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. മെഹബൂബലി ബേഗിനെ ജനറൽ സെക്രട്ടറിയായും ഹാജി ഹസനലി പി.ഇബ്രാഹിമിനെ ഖജാൻജിയായും തെരഞ്ഞെടുത്തുകൊണ്ട് ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പുതിയ കമ്മിറ്റി നിലവിൽ വന്നു.

പാർട്ടിക്ക് പുതിയ ഭരണഘടന നിർമ്മിക്കുവാനായി 15 അംഗ ഭരണഘടനാ നിർമ്മാണസമിതിയേയും തെരഞ്ഞെടുത്തു. മൂന്നുമാസത്തിനുള്ളിൽ സമിതി ഭരണഘടന അവതരിപ്പിക്കണം. ഭരണഘടനാസമിതിയിൽ ഇസ്മയിൽ സാഹിബിന് പുറമെ ബി.പോക്കർസാഹിബ്, കെ.എം.സീതിസാഹിബ്, മുഹമ്മദ് റസാഖാൻ, പി.കെ.മൊയ്തീൻകുട്ടി, മെഹബൂബലി ബേഗ്, കെ.ടി.എം.അഹമ്മദ് ഇബ്രാഹിം (മദ്രാസ്), എ.എ.ഖാൻ, ഹാജി ഹസനലി പി.ഇബ്രാഹിം, ഹഫിസ്ക്ക (ബോംബെ) എന്നിവരേയും തെരഞ്ഞെടുത്തു. സർവ്വേന്ത്യാ മുസ്‌ലിം ലീഗിന്റെ ആസ്തി ബാധ്യതകൾ വിഭജിക്കുവാൻ കെ.എം.സീതിസാഹിബ്, ഹസനലി പി.ഇബ്രാഹിം, മുഹമ്മദ് ഹിദായത്തലി എന്നിവരുൾക്കൊള്ളുന്ന മൂന്നംഗ കമ്മിറ്റിയേയും തെരഞ്ഞെടുത്തു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ അതിനിർണ്ണായക യോഗമായിരുന്നു ഇത്. പുതിയൊരു ഇന്ത്യയിൽ പുതിയ ആത്മവിശ്വാസവുമായി, സന്ദേശവുമായി ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് വീണ്ടും ജന്മമെ

mappilaheritagelibrary.com

ടുത്തു. ഹരിതപതാക മന്ദമാരുതനിൽ വീണ്ടും പാറിക്കളിക്കാൻ തുടങ്ങി.

എതിർപ്പുകൾ, അവ എത്രതന്നെ ഭീതിപ്പെടുത്തുന്നതായാലും പ്രതിസന്ധികൾ തിരമാലകളായി വന്ന് മൂടിയാലും എല്ലാറ്റിനേയും അതിജീവിച്ച് പാർട്ടി അതിന്റെ മുന്നോട്ടുള്ള പ്രയാണം തുടരുക തന്നെ ചെയ്യുമെന്ന് ഉദ്ഘോഷിച്ച സമ്മേളനം ഇന്ത്യയൊട്ടാകെ ശ്രദ്ധിക്കപ്പെട്ടു. അടുത്ത ദിവസം ഇറങ്ങിയ പത്രങ്ങളുടെ വിമർശനങ്ങളിൽനിന്നും അത് സുതരാം ബോധ്യപ്പെടുകയും ചെയ്തു.

വിഭജനത്തിന് ശേഷം രാജ്യമൊട്ടാകെ കത്തിപ്പടർന്ന വർഗ്ഗീയ കലാപങ്ങളുടെ തീ അണച്ചത് മുസ്ലിം ലീഗ് ന്യൂനപക്ഷങ്ങളുടെ ആധികാരികരാഷ്ട്രീയസംഘടനയായി, അവരുടെ ക്ഷേമ ഐശ്വര്യങ്ങൾക്കായി പ്രവർത്തിക്കുമെന്നർത്ഥമുള്ള പ്രമേയം കൗൺസിൽ പാസാക്കിയതിനെത്തുടർന്നായിരുന്നു. ഈ യോഗത്തിന് മുമ്പ് മദിരാശിയിലെ അബ്ദുൽ ഹമീദ് ഖാൻ, അബ്ദുൽ ലത്തീഫ് ഫാറൂഖി മുതലായ ചില പഴയ ലീഗുകാർ ഒരു കൺവെൻഷൻ വിളിച്ചു കൂട്ടുകയും ഒരു മുസ്ലിംലീഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും അത് കടലാസ് പുലിയായി ഒതുങ്ങി.

വിഭജനത്തിനുശേഷം പതിന്മടങ്ങ് ഊർജ്ജത്തോടെ മലബാറിലെ കോൺഗ്രസ്സുകാർ മുസ്ലിംലീഗിനെതിരെ ആഞ്ഞടിക്കുവാൻ തുടങ്ങി. അതിനായി അവരുടെ മുൻനിരയിൽ ഏതാനും മുസ്ലിം കോൺഗ്രസ്സ് നേതാക്കളും ഉണ്ടായിരുന്നു. എന്ത് പ്രതിസന്ധികൾ നേരിട്ടാലും മുസ്ലിംലീഗിനെ അഭംഗുരം നിലനിർത്തുമെന്ന് മനസ്സുകൊണ്ട് ഉറപ്പിച്ച ഖാഇദെ മില്ലത്താകട്ടെ ഇത്തരം പ്രകോപനങ്ങൾ കണ്ടിട്ടൊന്നും വിളറിയില്ല, പതറിയില്ല. 1948 മാർച്ച് 10ന് രാജാജി ഹാളിൽ വെച്ച് എടുത്ത തീരുമാനത്തിന്റെ അർത്ഥഗരിമ ശരിക്കും ആവാഹിച്ച് കാലിടറാതെ അദ്ദേഹം മുന്നോട്ടുതന്നെ പോയി.

കെ.പി.സി.സി.പ്രസിഡന്റായിരുന്ന കെ.കേളപ്പന്റെ നേതൃത്വത്തിൽ മലബാറിലെ പല മുസ്ലിം കേന്ദ്രങ്ങളിലും യോഗങ്ങൾ കൂടുകയും പ്രകോപനപരമായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. അവിടങ്ങളിലെല്ലാം തന്നെ ഒരു ചടങ്ങ് നിർവ്വഹിക്കുന്നതുപോലെ മുസ്ലിം ലീഗ് പിരിച്ചുവിടണമെന്ന പ്രമേയങ്ങൾ നിർബാധം പാസ്സാക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഈ ഭീഷണി കേട്ട് പേടിച്ചുവിറച്ചുപോയ ഏതാനും ചിലർ ലീഗിൽനിന്നും പതുക്കെ പതുക്കെ വിട്ടുകൊണ്ടിരുന്നു. ഏതൊക്കെ പ്രദേശങ്ങളിൽനിന്നും ആരെല്ലാമാണ് മുസ്ലിംലീഗിൽനിന്നും വിട്ടുകൊണ്ടിരിക്കുന്നതെന്ന് അവരുടെയൊക്കെ പേരും നാളും കൃത്യമായി അറിയാവുന്ന മലബാറിലെ ഏക നേതാവ് സീതിസാഹിബ് മാത്രമായിരുന്നു. അതുകൊണ്ടു തന്നെ വിട്ടുപോയവർ സീതിസാഹിബിന്റെ കാണാമറയത്ത് പോയി ഒളിക്കുവാൻ വെപ്രാളപ്പെട്ടു. സീതിസാഹിബ് വരുന്നിടത്തുനി

mappilaheritagelibrary.com

ന്നെല്ലാം അവർ മാറിനിന്നു. അവർ രാജിക്കത്തുകളുമായി മാതൃഭൂമി ഓഫീസിന്റെ പടികൾ കയറിയിറങ്ങുകയായി. സീതിസാഹിബ് തരിമ്പും അധീരനായില്ല. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, അതുമാത്രം കൈമുതലാക്കി അദ്ദേഹം വീണ്ടും മലബാറിൽ ലീഗ് കെട്ടിപ്പടുക്കുവാൻ തുടങ്ങി. സീതിസാഹിബിനറിയാമായിരുന്നു ഏതാനും ചില നേതാക്കന്മാർ മാത്രമാണ് ലീഗിൽനിന്നും വിട്ടുപോയിരിക്കുന്നത് എന്ന്. അണികൾ ഇപ്പോഴും പഴയ ആവേശത്തോടെ തന്നെ ഉണ്ടെന്ന് മലബാറിലുടനീളം ഏകനായി സഞ്ചരിച്ച അദ്ദേഹത്തിന് ബോധ്യപ്പെട്ടിരുന്നു.

എതിർപ്പുകൾ മുസ്‌ലിംലീഗിന്റെ ശക്തിയും വ്യാപ്തിയും വർദ്ധിപ്പിക്കുകയായിരുന്നു. ഈ പരമാർത്ഥം പക്ഷേ എതിരാളികൾ മനസ്സിലാക്കിയിരുന്നില്ല.

ഇതിനിടയിൽ തെക്കൻ കർണ്ണാടകത്തിലും മലബാറിന്റെ ചില ഭാഗങ്ങളിലും കമ്മ്യൂണിസ്റ്റുകാർ ചില അട്ടിമറി പ്രവർത്തനങ്ങൾ നടത്താൻ നോക്കി. അവർ പരസ്യമായി നടത്തിക്കൊണ്ടിരുന്ന കൊള്ളകളെയും കൊലപാതകങ്ങളെയും ചെറുക്കുവാൻ മുസ്‌ലിംലീഗ് മുന്നോട്ടുവന്നു. മുസ്‌ലിംകളെ അട്ടിമറി പ്രവർത്തനങ്ങളിൽനിന്നും പിന്തിരിപ്പിക്കുന്നതിനും മുസ്‌ലിംലീഗ് തന്നെയായിരുന്നു കഠിനമായ ശ്രമം നടത്തിയിരുന്നത്. ഈ യാഥാർത്ഥ്യം അധികൃതർ അവരുടെ ഔദ്യോഗിക റിപ്പോർട്ടുകളിൽ വ്യക്തമാക്കുകയും ചെയ്തു.

1948 ൽ ഹൈദരാബാദ് നൈസാം ഇന്ത്യാ ഗവൺമെന്റിൽ ചേരില്ലെന്നും ഹൈദരാബാദ് സ്വതന്ത്രരാഷ്ട്രമായി നില്ക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിളംബരം പുറപ്പെടുവിച്ചു. എന്നാൽ ഇന്ത്യാ ഗവൺമെന്റ് ബലപ്രയോഗത്തിലൂടെ തന്നെ ഹൈദരാബാദിനെ ഇന്ത്യൻ യൂണിയനോട് ചേർത്തു.

1948 സെപ്തംബറിലാണ് ഈ സൈനിക നടപടി ഉണ്ടായത്. ദൗർഭാഗ്യകരമെന്നു പറയട്ടെ ഈ സൈനിക നടപടിയുടെ ഭാഗമെന്നോണം പോലീസ് മലബാറിൽ നരനായാട്ട് തന്നെ നടത്തി. മലബാർ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമെന്ന നിലയിലായിരുന്നു ഈ പോലീസ് അതിക്രമം. മലബാറിൽ പല മുസ്‌ലിംലീഗ് നേതാക്കളും അറസ്റ്റുചെയ്യപ്പെടുകയുണ്ടായി. ആ കൂട്ടത്തിൽ മുസ്‌ലിം ലീഗ് നേതാക്കൾക്ക് പുറമെ മുസ്‌ലിം പ്രമാണിമാരും കോൺഗ്രസ്സിൽ തന്നെയുള്ള ഒരു ദേശീയ മുസ്‌ലിമും ഉൾപ്പെട്ടിരുന്നു. രാജഭക്തി പ്രകടിപ്പിച്ചതിന് ബ്രിട്ടീഷുകാർ മുമ്പ് സാക്ഷ്യപത്രങ്ങൾ നൽകിയവരെയടക്കം പോലീസ് പിടിച്ചുകൊണ്ടുപോയി. പാർട്ടി നോക്കിയായിരുന്നില്ല പോലീസിന്റെ അറസ്റ്റുകൾ ഉണ്ടായത്. ശത്രുക്കൾ കൊടുത്തിരുന്ന ലിസ്റ്റനുസരിച്ച് രാത്രി കാലങ്ങളിൽ മുസ്‌ലിം ലീഗു നേതാക്കളെ അവരവരുടെ വീടുകളിൽ നിന്നും പിടിച്ചിറക്കിക്കൊണ്ടുവരികയായിരുന്നു. സീതിസാഹിബും അറസ്റ്റ് ചെയ്യപ്പെടുമെന്ന വാർത്ത ഇതിനകം നാട്ടിലാകെ പരന്നിരുന്നു. സീതിസാഹിബിന്റെ മകളുടെ

mappilaheritagelibrary.com

വിവാഹം ഉറപ്പിച്ച നേരമായിരുന്നു അത്. മകളെ നിക്കാഹ് ചെയ്യിക്കാനുള്ള വക്കാലത്ത് അനുജന് നൽകിക്കൊണ്ട് അദ്ദേഹം അറസ്റ്റ് വരിക്കാനായി കാത്തുനിന്നു. ഇതിനിടയിലാണ് തലശ്ശേരിയിൽ നിരപരാധിയായ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തത്. വിവരമറിഞ്ഞെത്തിയതായിരുന്നു ചന്ദ്രികയുടെ സ്റ്റാഫ് റിപ്പോർട്ടറായിരുന്ന അലിക്കുഞ്ഞി. ഈ വിവരം സീതിസാഹിബിനെ അറിയിക്കുവാൻ തലശ്ശേരിയിലെ ഒരു കടയിലേക്ക് അലിക്കുഞ്ഞി സാഹിബ് കയറിച്ചെന്നു. കടക്കാരനോട് പറഞ്ഞു: "ഒന്ന് ഫോൺ ചെയ്യണമായിരുന്നു." ഉടനെ കടക്കാരന്റെ മറുചോദ്യം. "ആർക്കാ?". "സീതിസാഹിബിനാണ്." അലിക്കുഞ്ഞിയുടെ ഉത്തരം. സീതിസാഹിബ് എന്ന പേരു കേട്ടതോടെ കടക്കാരൻ വിളറി. "ഹയ്യോ ഈ നേരത്ത് സീതിസാഹിബിനെ വിളിക്കാൻ പറ്റില്ല. അത് എനിക്ക് ആപത്തിനിടയാക്കും." അതും പറഞ്ഞ് കടക്കാരൻ അലിക്കുഞ്ഞിനെ ഫോൺ വിളിക്കാൻ അനുവദിച്ചില്ല.

പാലക്കാട്ടെ ഇ.എസ്.എം. ഹനീഫഹാജി, മഞ്ചേരിയിൽ നിന്നും എം.പി.എം.ഹസൻകുട്ടി കുരിക്കൾ, പാണക്കാട് പൂക്കോയ തങ്ങൾ, എൻ.വി.അബ്ദുസലാം മൗലവി എന്നിവരെല്ലാം അറസ്റ്റ് ചെയ്യപ്പെട്ടു. അവരെ കോഴിക്കോട്ടെ പുതിയറ ജയിലിൽ പാർപ്പിച്ചതായി അറിഞ്ഞ് സീതി സാഹിബ് ഉടനെ അങ്ങോട്ട് പുറപ്പെട്ടു. ജയിലിൽ മുസ്ലിം ലീഗ് നേതാക്കളെ സന്ദർശിച്ചുകൊണ്ട് സീതിസാഹിബ് അവരോട് പറഞ്ഞു: "ഒരിക്കലും അധീരരാവരുത്. അല്ലാഹു നമ്മോടൊപ്പമുണ്ടാകും. നിങ്ങൾ നിരപരാധികളാണ്. നിങ്ങൾ ഈ നാടിനോട് ഒരു കുറ്റവും ചെയ്തിട്ടില്ല. ഇന്നല്ലെങ്കിൽ നാളെ അത് കാലം തെളിയിക്കും. ക്ഷമ കൈക്കൊള്ളുക. അല്ലാഹു ക്ഷമാശീലരുടെ കൂടെയാണ്." സീതിസാഹിബിന്റെ വാക്കുകൾ തടവിലാക്കപ്പെട്ട മുസ്ലിംലീഗ് നേതാക്കൾക്ക് കൂടുതൽ കരുത്തും ആത്മവിശ്വാസവും നൽകി. എന്തും നേരിടുവാൻ അവർ തയ്യാറായി.

ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിക്കുന്ന ഹൈദരാബാദ് നൈസാമിന്റെ നിലപാടിൽ ന്യായമില്ലെന്നും ഹൈദരാബാദ് ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നും മുസ്ലിംലീഗ് വ്യക്തമാക്കിയിട്ടും അധികൃതർ സംശയത്തോടെയാണ് ലീഗ് നേതാക്കളെ കണ്ടത്. പോലീസും പട്ടാളവും രാപ്പകൽ ഭേദമന്യേ മുസ്ലിംവേട്ട തന്നെ നടത്തി. കാണപ്പെടുന്നവർ മുസ്ലിംകളാണെങ്കിൽ അറസ്റ്റ് ചെയ്യപ്പെടുമെന്ന അവസ്ഥ. വ്യക്തിപരമായ വിദ്വേഷങ്ങളും കുടിപ്പകയും വരെ മുസ്ലിംകളെ അറസ്റ്റ് ചെയ്യാനുള്ള കാരണമായി.

ബോംബെ മദിരാശി സംസ്ഥാനങ്ങളിലാണ് അറസ്റ്റുകൾ ഏറെയും നടന്നത്. നട്ടപ്പാതിര നേരങ്ങളിൽ വീടുകളിൽ കയറി ഗൃഹനാഥന്മാരെ വിളിച്ചിറക്കി. ലീഗാഫീസുകൾ പോലീസ് തകർത്തു. ബ്രിട്ടീഷുകാർ പോലും ഇത്രത്തോളം ചെയ്തിരുന്നില്ല. ആയിരക്കണക്കായ മുസ്ലിം ലീഗുകാർ നാനാഭാഗങ്ങളിലെ ജയിലുകളിലായി അടക്കപ്പെട്ടു. ഇതുകൊണ്ടും

mappilaheritagelibrary.com

തീർന്നില്ല അധികൃതരുടെ പക. അതവരുടെ നെഞ്ചിനുള്ളിൽ ഫണം വിടർത്തിയാടുന്നുണ്ടായിരുന്നു. സർക്കാർ ഉദ്യോഗങ്ങളിലേക്കുള്ള നിയമനങ്ങളിൽ മുസ്‌ലിംകൾക്ക് വിലക്ക് കൽപ്പിക്കപ്പെട്ടു. ഒരു പരിതസ്ഥിതിയിലും മുസ്‌ലിംകൾക്ക് പോലീസിലും പട്ടാളത്തിലും നിയമനം കൊടുക്കരുതെന്ന തീട്ടൂരമുണ്ടായി. മുസ്‌ലിംലീഗുകാർക്ക് മാത്രമായിരുന്നില്ല ഈ തിക്താനുഭവം. ഇതരപാർട്ടികളിലെ മുസ്‌ലിംകൾക്കും ഈ പീഡനമേൽക്കേണ്ടിവന്നു. പോലീസും അധികൃതരും കുഴപ്പങ്ങൾക്ക് എരിവും തീയും പകരുകതന്നെയായിരുന്നു. എന്നിട്ടും സംയമനം പാലിക്കാനാണ് മുസ്‌ലിംലീഗ് അണികളോട് മുസ്‌ലിംലീഗ് പ്രസിഡന്റ് മുഹമ്മദ് ഇസ്മയിൽ സാഹിബും സീതിസാഹിബും ആഹ്വാനം ചെയ്തത്.

ഈ സമയത്താണ് മദിരാശി നിയമസഭയിൽ സുബ്ബരായന്റെ കുപ്രസിദ്ധമായ പ്രസ്താവന വന്നതും സീതിസാഹിബ് അതിന് വായടപ്പൻ മറുപടി നൽകിയതും. കുഴപ്പങ്ങൾ ആളിപ്പടരുകയായിരുന്നു. ഇതിനിടെയാണ് മദിരാശി ഗവർണർ സർ ആർച്ചി ബാൾഡ്നൈ മുസ്‌ലിംലീഗ് പ്രസിഡന്റ് ഇസ്മയിൽ സാഹിബിനെ ഒരു ചർച്ചക്ക് വിളിക്കുന്നത്. മദിരാശി നിയമസഭയിലെ മുസ്‌ലിംലീഗ് അസംബ്ലി പാർട്ടി ലീഡർ കൂടിയായിരുന്നു അപ്പോൾ ഇസ്മയിൽ സാഹിബ്.

മദിരാശി മുഖ്യമന്ത്രി രാമസ്വാമിയുടെ അഭ്യർത്ഥനപ്രകാരമായിരുന്നു ഈ കൂടിക്കാഴ്ച. ഹൈദരാബാദ് പ്രശ്നത്തിൽ ഇന്ത്യൻ മുസ്‌ലിംകൾ ഇന്ത്യാ ഗവൺമെന്റിനൊപ്പമാണെന്ന മുസ്‌ലിംലീഗിന്റെ നിലപാട് ഇസ്മയിൽ സാഹിബ് അവിടെയും ആവർത്തിച്ചു. എന്നാൽ ഇത് സംബന്ധിച്ച് ഇസ്മായിൽ സാഹിബ് ഒരു പ്രസ്താവന പുറപ്പെടുവിക്കണമെന്ന് ഗവർണർ അദ്ദേഹത്തോടഭ്യർത്ഥിച്ചു. ഇസ്മയിൽ സാഹിബ് അതിന് സമ്മതിക്കുകയും ചെയ്തു. ഹൈദരാബാദ് പ്രശ്നത്തിൽ ഇന്ത്യാ ഗവൺമെന്റിന് പരിപൂർണ്ണ പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് അദ്ദേഹം ഒരു പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെ തുടർന്നാണ് അറസ്റ്റുകൾക്ക് അല്പമെങ്കിലും ശമനം വന്നത്. ഇതിനെത്തുടർന്നായിരുന്നു തലശ്ശേരിയിൽ സീതിസാഹിബ് അറസ്റ്റ് ചെയ്യപ്പെടാതെ പോയത്.

എന്നാൽ ലീഗിനെതിരെയുള്ള പ്രതികാരനടപടികൾ പിന്നെയും അധികൃതർ തുടർന്നുകൊണ്ടിരുന്നു. ഇത്തരം പ്രതിസന്ധികളിലാണ് ലീഗിലുണ്ടായിരുന്ന ഭീരുക്കൾ പാർട്ടിയിൽനിന്നും കുത്തിയൊലിച്ചുപോയത്.

എന്തിനധികം, മദിരാശി കൗൺസിലിൽ മുസ്‌ലിംലീഗ് നിലനിർത്തണമെന്ന പ്രമേയം അവതരിപ്പിച്ച പി.കെ.മൊയ്തീൻകുട്ടി പോലും മുസ്‌ലിംലീഗിൽനിന്നും രാജിവെച്ചു. കോഴിക്കോട് ടൗൺ മുസ്‌ലിംലീഗ് കമ്മിറ്റി സെക്രട്ടറിയായിരുന്ന പി.പി.ഹസൻകോയ, പുനത്തിൽ മമ്മു, എസ്.ഇമ്പിച്ചിക്കോയ എന്നിവരും ഇങ്ങനെ രാജിവെച്ചവരായിരുന്നു. അറസ്റ്റുകളെത്തുടർന്ന് നാട്ടിൽ അസ്വാസ്ഥ്യങ്ങൾ പടരാതിരിക്കാൻ മലബാർ കലക്ടറുടെ അനുമതിയോടെ സീതിസാഹിബും ബാഫഖി തങ്ങളും ഏറ

mappilaheritagelibrary.com

നാട് വള്ളുവനാട് പ്രദേശങ്ങളിൽ ചുറ്റിസഞ്ചരിച്ചു. നിരപരാധികളുടെ അ റസ്റ്റിനെക്കുറിച്ച് സീതിസാഹിബ് നിയമസഭയിൽ ചോദ്യങ്ങളുന്നയിച്ചു. ഭീരുക്കൾക്കും സ്വാർത്ഥികൾക്കും പാർട്ടിയിൽ സ്ഥാനമില്ലെന്നും ലീഗ് പിരിച്ചുവിടുന്ന പ്രശ്നമേയില്ലെന്നും ഒരു ലീഗുകാരനും അതിനധികാര മില്ലെന്നും ഭയവും ഭീതിയുമുള്ളവർ ലീഗിൽനിന്നും എത്രയും വേഗം രാ ജിവെച്ച് ഒഴിയണമെന്നും അതാണ് സംഘടനയുടെ അന്തസ്സിന് അഭി കാമ്യമെന്നും അദ്ദേഹം ധൈര്യസമേതം പ്രഖ്യാപിക്കുകയുണ്ടായി. മു സ്ലിംകളുടെ കൂറുചോദിക്കുക അക്കാലത്ത് പതിവായിരുന്നു. ഒരു പൊ തുയോഗത്തിൽ ഇതിന് സീതിസാഹിബ് മറുപടി പറഞ്ഞു. "ഈ നാട്ടി ലെ പൗരനായ എന്നോട് ആരെങ്കിലും കൂറ് ചോദിച്ചാൽ ഞാൻ പറയും "പറയാൻ മനസ്സില്ല." നാടിനോട് കൂറു കാണിക്കൽ മതദൃഷ്ട്യാ നിർബ ന്ധമായ മുസൽമാനോട് കൂറ് ചോദിക്കൽ തികച്ചും ധിക്കാരമാണ്." എ ന്നാൽ ഒരു യാഥാർത്ഥ്യം ഇവിടെയെല്ലാം ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു. അണികളൊന്നുംതന്നെ മുസ്ലിംലീഗിനെ കയ്യൊഴിഞ്ഞിരുന്നില്ല. വഞ്ച കരായ നേതാക്കൾക്കെതിരെ അവർ മുറവിളി കൂട്ടി. വഞ്ചക എം.എൽ. എ.മാർ തൽസ്ഥാനങ്ങളിൽ നിന്നൊഴിയണമെന്നാവശ്യപ്പെട്ടു. ഹൈദരാ ബാദ് സൈനിക നടപടി തുടങ്ങിയ 1948 സെപ്തംബർ 11 നാണ് ഖാഇ ദെ അഅ്സം മുഹമ്മദലി ജിന്ന പാക്കിസ്ഥാനിൽ മരണപ്പെട്ട വാർത്ത വ ന്നത്. നൈസാമിന്റെ സൈന്യവുമായി മൂന്നുദിവസം നീണ്ടുനിന്ന യുദ്ധ ത്തിനൊടുവിൽ ഹൈദരാബാദ് ഇന്ത്യൻ യൂണിയനോട് കൂട്ടിച്ചേർത്തു. എന്നിട്ടും പോലീസിന്റെയും അധികൃതരുടെയും മുസ്ലിംലീഗിനോടുള്ള തീരാപക തീർന്നിരുന്നില്ല. അവർ മുസ്ലിംലീഗിനെ അടിച്ചമർത്തുന്ന കി രാതമായ നടപടി തുടർന്നുകൊണ്ടേയിരുന്നു.

mappilaheritagelibrary.com

പതിനെട്ട്
പരീക്ഷണ നാളുകളിൽ ഒരു കോളേജ്

അലീഗർ മാതൃകയിൽ ഒരു മുസ്‌ലിം സർവ്വകലാശാല ഇല്ലെങ്കിലും ഒരു ആർട്സ് കോളേജെങ്കിലും, കേരളത്തിൽ സ്ഥാപിക്കണമെന്നത് സീതിസാഹിബിന്റെ അടങ്ങാത്ത ആഗ്രഹമായിരുന്നു. തന്റെ ഈ അഭിലാഷം അദ്ദേഹം പലരുമായും പങ്കുവെച്ചിരുന്നു. മുസ്‌ലിംലീഗിന്റെ ഉത്ഭവത്തിന് മുമ്പ് മുസ്‌ലിംകൾക്കിടയിൽ പ്രവർത്തിച്ചിരുന്ന കേരള മുസ്‌ലിം ഐക്യസംഘം തന്നെ ഈ ആവശ്യത്തിനായി 1923 ൽ കേരള മുസ്‌ലിം കോളേജ് കമ്മിറ്റി രൂപീകരിച്ചിരുന്നു. ഐക്യസംഘം നേതാവായിരുന്ന ഹമദാനി തങ്ങൾക്ക് ഒരു അറബിക് കോളേജ് തുടങ്ങുവാനായി തിരുവിതാംകൂർ ദിവാൻ രാജഗോപാലാചാരി ആലുവയിൽ എട്ട് ഏക്കർ ഭൂമി നൽകിയിരുന്നു. പ്രസ്തുത സ്ഥലത്ത് ഒരു കോളേജ് തുടങ്ങുവാൻ കമ്മിറ്റി പരിശ്രമിച്ചെങ്കിലും സമയം അനുകൂലമായിരുന്നില്ല. അതിനാൽ പ്രസ്തുത സംരംഭം നടന്നതുമില്ല. എന്നാൽ ഇതിനായി നടത്തിയ പരിശ്രമങ്ങൾ പൊതുവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച ബോധ്യം സമൂഹത്തിൽ പടരുവാൻ കാരണമായി. ഇതിന്റെ ഫലമായിട്ടാണ് മതപരവും ലൗകികവുമായ വിദ്യാഭ്യാസം മിശ്രപ്പെടുത്തി ഏതാനും ചില ഹൈസ്കൂളുകൾ മലബാറിൽ അങ്ങിങ്ങായി ഉയർന്നുവരാൻ തുടങ്ങിയത്. ആ കാലത്ത് മദിരാശി യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.എ.ലക്ഷ്മണസ്വാമി മുതലിയാർ ആയിരുന്നു. സ്വകാര്യ കോളേജുകൾക്ക് അനുമതി കൊടുക്കാമെന്നൊരു നയം യൂണിവേഴ്സിറ്റി ആയിടെ സ്വീകരിച്ചിരുന്നു.

ഈ തീരുമാനം സീതിസാഹിബിന് ഏറെ ആഹ്ലാദം നൽകി. ഫാറൂഖ് കോളജ് എന്ന അദ്ദേഹത്തിന്റെ സ്വപ്നത്തിന് ഇതോടെയാണ് ചിറക് മുളക്കുന്നത്. ഒരു വശത്ത് പ്രക്ഷുബ്ധമായ രാഷ്ട്രീയാന്തരീക്ഷം. മുസ്‌ലിം ലീഗ് പ്രവർത്തകർക്ക് സൈരമായി സഞ്ചരിക്കുവാൻ പോലും പറ്റാത്ത അവസ്ഥ. മറുവശത്താകട്ടെ വിദ്യാവിഹീനരായ മുസ്‌ലിംസമുദായം. വിദ്യാഭ്യാസത്തിൽകൂടി മാത്രമേ സമുദായത്തിന് പുരോഗതി ഉണ്ടാവു

mappilaheritagelibrary.com

കയുള്ളൂ എന്ന ഉറച്ച വിശ്വാസത്തിനനുസൃതമായിട്ടായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയപ്രവർത്തനങ്ങൾ പോലും. മുസ്‌ലിംലീഗ് വീണ്ടും പടുത്തുയർത്തേണ്ടുന്ന ഭാരിച്ച ചുമതല വേറൊരു ഭാഗത്ത്. എന്നിട്ടും സീതിസാഹിബ് പതറിയില്ല. ശുഭാപ്തിവിശ്വാസത്തോടെ തന്നെ അദ്ദേഹം മുന്നോട്ട് നീങ്ങി. സീതിസാഹിബിന്റെ ആത്മവിശ്വാസത്തിന്റെ ആഴത്തെക്കുറിച്ച് ഫാറൂഖ് കോളേജ് കമ്മിറ്റി സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ച പ്രമുഖ വ്യാപാരിയും സാമൂഹ്യപ്രവർത്തകനുമായ പി.പി.ഹസ്സൻകോയ സാഹിബ് പറയുന്നു: "സീതിസാഹിബിന്റെ ശുഭാപ്തിവിശ്വാസം അപാരമാണ്. ഒരു എലിമെന്ററി സ്കൂൾ ആരംഭിക്കാൻ പോലും ധൈര്യപ്പെടാൻ സാധ്യമല്ലാത്ത കാലമായിരുന്നു അത്. ധൈര്യമായി മുന്നോട്ടുപോകാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. ഞങ്ങൾക്കെല്ലാം ആശ്ചര്യമായിരുന്നു അത്." (സീതിസാഹിബ്: ടി.എം.സാവാൻകുട്ടി)

സീതിസാഹിബിനെ ഒരിക്കലും ആരുംതന്നെ നിരാശാമുഖത്തോടെ കണ്ടിരുന്നില്ല. അല്ലാഹുവിന്റെ കൃപാകടാക്ഷം എന്നെന്നും ഉണ്ടാകുമെന്ന് തന്നെ അദ്ദേഹം ഉറച്ച് വിശ്വസിച്ചു. തകർച്ചകളും പരാജയങ്ങളും അല്ലാഹുവിന്റെ പരീക്ഷണങ്ങളാണെന്ന് അനുയായികളെ അദ്ദേഹം ബോധ്യപ്പെടുത്തി. സ്വാതന്ത്ര്യാനന്തര കാലഘട്ടം സീതിസാഹിബ് എന്ന നേതാവിന് മുമ്പിൽ അല്ലാഹു പരീക്ഷണങ്ങളുടെ, പ്രതിസന്ധികളുടെ ഒരു ശൃംഖല തന്നെ കൊരുത്തു എന്ന് പറയാം. എല്ലാം ശുഭാപ്തി വിശ്വാസത്തോടെതന്നെ അദ്ദേഹം തരണം ചെയ്തു. അതിലൊന്നായിരുന്നു ഫാറൂഖ് കോളേജിന് വേണ്ടിയുള്ള പ്രയത്നം. തികച്ചും ശൂന്യതയിൽനിന്നാണ് അദ്ദേഹം ഈ സ്ഥാപനം പടുത്തുയർത്തിയത്.

1947 സെപ്തംബറിലെ ഒരു ദിവസം. തലയിൽ തൊപ്പി വെച്ച ഒരു മനുഷ്യൻ മദിരാശി ഡയറക്ടർ ഓഫ് ഇൻസ്ട്രക്ഷൻ ഓഫീസിൽ കയറിച്ചെന്നു. ഡയറക്ടരെ നേരിൽ കണ്ട് മുസ്‌ലിം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സംസാരിക്കുവാനായിരുന്നു സീതിസാഹിബ് കയറിച്ചെന്നത്. എന്നാൽ സീതിസാഹിബ് എത്തുന്നതിന് ഏതാനും നിമിഷങ്ങൾക്ക് മുമ്പ് ഡയറക്ടർ ഡോക്ടർ സേവൂർ സ്ഥലം വിട്ടിരുന്നു.

മടങ്ങുമ്പോൾ സുഹൃത്തായ ഡെപ്യൂട്ടി ഡയറക്ടർ ഡോ.അബ്ദുൽ ഹഖിന്റെ മുറിയിലേക്ക് വെറുതെ ഒന്നു കയറിച്ചെന്നത് അനുഗ്രഹമായി. സ്വകാര്യ കോളജ് തുടങ്ങാമെന്ന യൂണിവേഴ്സിറ്റിയുടെ പുതിയ നിയമം എത്രയും പെട്ടെന്ന് ഉപയോഗപ്പെടുത്തി മലബാറിൽ ഒരു കോളജ് തുടങ്ങുന്നത് അഭികാമ്യമായിരിക്കുമെന്ന് ഡോ.ഹഖ് സംഭാഷണമധ്യേ സീതിസാഹിബിനോട് അഭിപ്രായപ്പെട്ടു. അതിനായി എന്ത് സഹായവും ചെയ്യാൻ തയ്യാറാണെന്ന് ഹഖ് സീതിസാഹിബിനെ അറിയിച്ചപ്പോൾ സീതിസാഹിബിന് ഉണ്ടായ ആഹ്ലാദം അവർണ്ണനീയമായിരുന്നു. ഈ പുതിയ നയം ഉയോഗപ്പെടുത്തി കർനൂലിൽ ഉസ്മാനിയ്യ കോളേജ് ആരംഭിച്ച വിവരവും കൂടി ഹഖ് പറഞ്ഞതോടെ സീതിസാഹിബിന്റെ ആവേശം ഇ

mappilaheritagelibrary.com

രട്ടിച്ചു.

മുസ്‌ലിം വിദ്യാഭ്യാസ പുരോഗതിയെ സംബന്ധിച്ച ചിന്തകൾ എന്നും സീതിസാഹിബിന്റെ തലപുകച്ചതാണ്. മാപ്പിളനാടിന്റെ ഹൃദയമായ മല പ്പുറത്ത് ഒരു ഹൈസ്കൂൾ സ്ഥാപിച്ചത് സീതിസാഹിബിന്റെ ശ്രമഫല മായിട്ടായിരുന്നു. അവിടെ പഠിച്ചിരുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ സ ഹായിക്കാനായി അദ്ദേഹം മലബാർ മുസ്‌ലിം വിദ്യാഭ്യാസ സംഘം രൂ പീകരിച്ചു. ഇതാണ് പിന്നീട് കേരള മുസ്‌ലിം വിദ്യാഭ്യാസ സംഘമായത്.

റൗദത്തുൽ ഉലും അറബിക്കോളേജിന് വേണ്ടി പുതിയ കെട്ടിടം പ ണിയാൻ ഫറോക്കിൽ ഹാജി പി.അബ്ദുല്ലക്കുട്ടി 28 ഏക്കർ സ്ഥലം നൽ കിയിരുന്നു. 1943 ൽ മഞ്ചേരിയിലാണ് റൗദത്തുൽ ഉലും അറബിക്കോളേ ജ് സീതിസാഹിബിന്റെ പരിശ്രമത്താൽ ആരംഭിക്കുന്നത്. ഫറോക്കിലെ ഈ സ്ഥലം ഒരു മിന്നായം പോലെ സീതിസാഹിബിന്റെ മനസ്സിലൂടെ ക ടന്നുപോയി. ഈ സ്ഥലം കോളേജിന് അനുയോജ്യമായിരിക്കും. സീതി സാഹിബ് തന്റെ ആശയം മുന്നിലിരിക്കുന്ന ഹഖുമായി പങ്കുവെച്ചു. അ ദ്ദേഹം സീതിസാഹിബിന് സർവ്വ പിന്തുണയും നൽകി. തന്റെ സുഹൃ ത്തുക്കളുമായി ഈ ആശയം പങ്കുവെച്ചതിനുശേഷം വിവരമറിയിക്കാ മെന്ന് ഹഖിന് വാക്കു കൊടുത്ത് സന്തോഷത്തോടെ സീതിസാഹിബ് അവിടെ നിന്നിറങ്ങി.

എം.എൽ.എ.യായിരുന്ന സീതിസാഹിബ് മൗണ്ട് റോഡിലെ ഹോസ്റ്റൽ മുറിയിലേക്ക് നടക്കുമ്പോൾ ഫറോക്കിൽ കോളേജ് ഉയരുന്നതിന്റെ ചി ത്രം മെനയുകയായിരുന്നു. തലനിറയെ ഒരു കോളേജ് എന്ന ആശയം നിറഞ്ഞു കവിയുന്നതുപോലെ. സ്വന്തം മുറിയിലേക്ക് പോകാതെ അദ്ദേ ഹം മലബാറിൽനിന്നുള്ള മറ്റൊരു എം.എൽ.എ.യായ എം.വി.ഹൈദ്രോ സ് സാഹിബിന്റെ മുറിയിലേക്കാണ് പോയത്. ഹൈദ്രോസ് സാഹിബു മായി അപ്പോൾത്തന്നെ കോളേജിന്റെ വിഷയം ചർച്ച ചെയ്തു. ഹൈ ദ്രോസ് സാഹിബ് റൗദത്തുൽ ഉലും അറബിക് കോളേജിന്റെ സെക്രട്ടറി യുമായിരുന്നു. റൗദത്തുൽ ഉലും അറബിക് കോളേജ് മഞ്ചേരിയിൽ നി ന്നും ഫറോക്കിലേക്ക് മാറ്റി സ്ഥാപിക്കേണ്ടുന്നതിന്റെ പ്രവർത്തനത്തി ലായിരുന്നു അദ്ദേഹം. ഈ കൂടിക്കാഴ്ചയുടെ രണ്ടുദിവസം മുമ്പ് ഹൈ ദ്രോസ് സാഹിബ് സംസാരമധ്യേ സീതിസാഹിബിനോട് ഒരു ഫസ്റ്റ് ഗ്രേ ഡ് കോളേജ് മലബാറിൽ സ്ഥാപിക്കേണ്ടുന്നതിന്റെ ആവശ്യത്തെക്കുറി ച്ച് സംസാരിക്കുകയും ചെയ്തിരുന്നു.

അതിനാൽ തന്നെ സീതിസാഹിബിന്റെ ആശയത്തെ അദ്ദേഹം സ ഹർഷം സ്വാഗതം ചെയ്തു. പിന്നീട് താമസിച്ചില്ല. റൗദത്തുൽ ഉലും അ റബിക് കോളേജിന്റെ സ്ഥാപക പ്രിൻസിപ്പലും റൗദത്തുൽ ഉലും അ സോസിയേഷൻ പ്രസിഡന്റുമായ മൗലവി അബുസബാഹ് അഹമ്മദലി സാഹിബിന് ഈ കാര്യം വിശദീകരിച്ചുകൊണ്ട് സീതിസാഹിബ് ഇരു ന്ന ഇരിപ്പിൽ തന്നെ കത്തെഴുതി പോസ്റ്റ് ചെയ്തതിനുശേഷമാണ് അ

mappilaheritagelibrary.com

ദ്ദേഹമൊന്ന് ദീർഘനിശ്വാസമയച്ചതും തന്റെ മുറിയിലേക്ക് മടങ്ങിയതും. കത്ത് കിട്ടേണ്ട താമസം മൗലവി അബുസബാഹ് മദിരാശിയിലേക്ക് വ ണ്ടികയറി. അബുസബാഹ് സീതിസാഹിബിന്റെ മുറിയിൽ എത്തിയ ഉട നെ സീതിസാഹിബ് അദ്ദേഹത്തെയും കൂട്ടി ഹൈദ്രോസ് സാഹിബി ന്റെ അടുത്ത് ചെന്ന് അദ്ദേഹത്തേയും കൂടെക്കൂട്ടി ഖാഇദെ മില്ലത്ത് മു ഹമ്മദ് ഇസ്മയിൽ സാഹിബിനെയും ബി.പോക്കർ സാഹിബിനെയും ചെന്ന് കണ്ട് കൂടിയാലോചന നടത്തി. തുടർന്ന് അവരൊരു തീരുമാന ത്തിലെത്തി. 1947 ഒക്ടോബറിൽ ഫറോക്കിൽ ഫാറൂഖ് ഫസ്റ്റ് ഗ്രേഡ് കോളജ് തുടങ്ങാനുള്ള അപേക്ഷ നൽകാനുള്ള തീരുമാനമായിരുന്നു അത്. ഒരു ചില്ലിക്കാശ് നീക്കിയിരുപ്പില്ലാതെയായിരുന്നു ഈ അപേക്ഷ കൊടുത്തത്. മൂലധനം സീതിസാഹിബിനുണ്ടായിരുന്ന അപാരമായ ആ ത്മവിശ്വാസം മാത്രം. അപേക്ഷ കൊടുത്ത ഉടനെത്തന്നെ മദിരാശിയി ലുള്ള മുസ്ലിം പ്രമുഖരുടെ ഒരു യോഗം തലശ്ശേരി സ്വദേശിയും മദിരാ ശിയിലെ പ്രമുഖ വ്യാപാരിയുമായിരുന്ന എൻ.വി.ഉമ്മർസാഹിബിന്റെ വ സതിയിൽ വിളിച്ചുകൂട്ടി. ഇസ്മയിൽ സാഹിബായിരുന്നു അദ്ധ്യക്ഷൻ. യോഗത്തിൽവെച്ച് കോളേജ് പദ്ധതിയെ വിജയിപ്പിക്കുവാൻ ഒരു കമ്മി റ്റി രൂപീകരിച്ചു. ഇസ്മയിൽ സാഹിബായിരുന്നു കമ്മിറ്റി പ്രസിഡന്റ്. സെ ക്രട്ടറിയായി സീതിസാഹിബിനെയും തെരഞ്ഞെടുത്തു.

നേരത്തെ കോളേജിനുവേണ്ടി അയച്ച അപേക്ഷയോടൊപ്പം 750 രൂ പയും അടക്കേണ്ടിയിരുന്നു. ഈ തുക എൻ.വി.ഉമ്മർ സാഹിബിൽനി ന്നും കടമായി വാങ്ങി അപേക്ഷയോടൊപ്പം കെട്ടിവെക്കുകയായിരുന്നു. കോളേജിന് വേണ്ട എല്ലാവിധ സഹായങ്ങളും നൽകാൻ ജനങ്ങളോട്, പ്രത്യേകിച്ച് മുസ്ലിംകളോട്, ഇസ്മയിൽ സാഹിബ് ഒരു പ്രസ്താവന യിലൂടെ അപേക്ഷിച്ചു.

സീതിസാഹിബും അബുസബാഹ് മൗലവിയും കോളേജിന് വേണ്ടി ഫണ്ട് പിരിക്കാൻ മലബാറിൽ സഞ്ചരിക്കാൻ തുടങ്ങിയപ്പോൾ അവരെ കളിയാക്കി ചിരിക്കുകയായി പലരും. "കുറുക്കന്മാർ നിലവിളിക്കുന്ന ഒ രു കാട്ടിൽ കോളേജോ?" അവർ പരിഹാസത്തോടെ തമ്മിൽത്തമ്മിൽ ചോദിച്ചു. ഈ പരിഹസിച്ചവരുടെ പിൻമുറക്കാരാണ് പിന്നീട് കോളേജി ന്റെ ഭരണത്തിൽ കയറിവന്നത് എന്നത് കൗതുകകരം തന്നെ.

ഫറോക്കിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ് സ്ഥാപിക്കുകയാണെന്നും ഉടനെ അവിടെച്ചെന്ന് ഒരു റിപ്പോർട്ട് തയ്യാറാക്കി ചന്ദ്രികക്ക് കൊടുക്ക ണമെന്നും സീതിസാഹിബിന്റെ നിർദ്ദേശം കിട്ടിയ ചന്ദ്രികയുടെ സ്റ്റാഫ് റിപ്പോർട്ടർ അലിക്കുഞ്ഞി സാഹിബ് ഉടൻതന്നെ ഫറോക്കിൽ ചെന്നു. പലരോടും എവിടെയാണ് കോളേജ് എന്ന് അന്വേഷിച്ചു. എന്ത് കോളേ ജ്? ഏത് കോളേജ്? അവരാരും അങ്ങനെ ഒരു സ്ഥാപനത്തെപ്പറ്റി കേട്ടി ട്ടുപോലുമുണ്ടായിരുന്നില്ല. അവർ കൈമലർത്തി. അലിക്കുഞ്ഞി കോഴി ക്കോട്ടുള്ള തന്റെ സുഹൃത്തുമായി ഫോണിൽ ബന്ധപ്പെട്ടു. സീതിസാ

mappilaheritagelibrary.com

ഹിബ് പറഞ്ഞ കോളേജിനെക്കുറിച്ച് സുഹൃത്തിന് എന്തെങ്കിലും വിവര മുണ്ടോ എന്നന്വേഷിച്ചു. സുഹൃത്ത് അലിക്കുഞ്ഞി സാഹിബിനെ ആശ്വ സിപ്പിച്ചു. "നിങ്ങൾ വിഷമിക്കേണ്ട. അതൊക്കെ സീതിസാഹിബിന്റെ ഓ രോ സങ്കല്പങ്ങളാണ്. ലക്ഷക്കണക്കിന് ഉറുപ്പിക ചെലവ് വരുന്ന ഒരു ഏർപ്പാട് എങ്ങനെയാണ് സുഹൃത്തേ ഉണ്ടാവുക. നീ സമാധാനപ്പെട്." സുഹൃത്ത് അലിക്കുഞ്ഞിയെ സമാധാനിപ്പിച്ചു. പക്ഷേ അലിക്കുഞ്ഞി ക്ക് സമാധാനമുണ്ടായില്ല. പറഞ്ഞത് സീതിസാഹിബാണ്. ഇന്ത്യൻ യൂ ണിയൻ മുസ്‌ലിം ലീഗിന്റെ അനിഷേധ്യനേതാവ് കളിപറയുകയില്ല. തീർ ച്ചയായും അത് സാങ്കല്പികമാവില്ല. അലിക്കുഞ്ഞി ഉറപ്പിച്ചു. അദ്ദേഹം വീണ്ടും അന്വേഷിച്ചു.

ഒടുവിൽ കോളേജിന് വേണ്ടി കണ്ടുവെച്ച സ്ഥലത്ത് ഒരുവിധം എ ത്തിച്ചേർന്നു. ഇടതൂർന്ന് നിൽക്കുന്ന മുൾപ്പടർപ്പുകളുടെ പോറലുകളേറ്റ് ഊടുവഴികളിലൂടെ മുട്ടോളം വളർന്നുനിൽക്കുന്ന പുല്ലുകൾക്കിടയിലൂടെ നായ്ക്കുരണയുടെ ചൊറിച്ചിൽ സഹിച്ച് കുറുക്കന്മാർ നിലവിളിക്കുന്ന കുന്നിൽ ഒരുവിധം അലിക്കുഞ്ഞിസാഹിബെത്തി.

അവിടെ രണ്ടുമൂന്നു ജോലിക്കാർ മണ്ണിൽ കിളക്കുന്നത് കണ്ട് അലി ക്കുഞ്ഞി സാഹിബ് അവരോട് ചോദിച്ചു: "കോളേജ് എവിടെയാണ് തുട ങ്ങുന്നത്?" അവർക്കൊരു എത്തും പിടിയും കിട്ടിയില്ല. വാസ്തവത്തിൽ കോളേജിന് വേണ്ടിയുള്ള അസ്ഥിവാരത്തിന്റെ പണിയിലായിരുന്നു അ വർ. ഒടുവിൽ അലിക്കുഞ്ഞിസാഹിബ് മടങ്ങി. മടങ്ങുമ്പോൾ രോഗശയ്യ യിൽ കിടക്കുന്ന സുഹൃത്ത് കെ.ഇസ്മയിലിനെ ഒന്ന് സന്ദർശിക്കാമെന്ന് കരുതി അദ്ദേഹത്തിന്റെ വസതിയിലേക്ക് ചെന്നു. അവിടെ ചെന്നപ്പോൾ ഒരു മുറിയിൽ മുഹ്‌യുദ്ദീൻഷാ സാഹിബ് ഒരു ഡസനോളം വിദ്യാർത്ഥി കൾക്ക് ക്ലാസ് എടുക്കുന്നതാണ് അലിക്കുഞ്ഞി സാഹിബ് കണ്ടത്.

കെ.ഇസ്മയിൽ കോളേജ് കമ്മിറ്റി ഖജാൻജിയായിരുന്നു. അതായിരു ന്നു ആദ്യത്തെ ഫറൂഖ് കോളേജ് എന്ന് അലിക്കുഞ്ഞി സാഹിബ് തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്(സീതിസാഹിബ് - അലിക്കുഞ്ഞി). കുറുക്കന്മാർ നീട്ടിക്കരഞ്ഞിരുന്ന കുന്ന് കേരളത്തിലെ ഒന്നാം നമ്പർ ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയരുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. ശൂന്യതയിൽനി ന്നും സീതിസാഹിബ് പടുത്തുയർത്തിയ സൗധം.

അന്ന് തെക്കെ ഇന്ത്യയിൽ ഹൈദരാബാദ് കഴിഞ്ഞാൽ മുസ്‌ലിംകൾ ക്ക് ആകെയുണ്ടായിരുന്ന ഒരു കോളേജ് വാണിയമ്പാടിയിലെ ഇസ്‌ലാ മിയ കോളേജ് മാത്രമായിരുന്നുവെന്നോർക്കുമ്പോഴാണ് സീതിസാഹി ബിന്റെ ത്യാഗനിർഭരമായ ജീവിതത്തിൽനിന്നുള്ള ഒരേട് ഫാറൂഖ് കോ ളേജിന്റെ ചരിത്രത്തിൽ ഇഴുകിച്ചേർന്ന യാഥാർത്ഥ്യം ബോധ്യമാവുക.

കോളേജ് സ്ഥാപനത്തോടുകൂടി ആദ്യമായി നേരിടേണ്ടിവന്ന പ്രശ് നം ഒരു ലക്ഷം ഉറുപ്പിക എൻഡോവ്മെന്റ് ഫണ്ടായി യൂണിവേഴ്സിറ്റി യിൽ കെട്ടിവെക്കണമെന്നതായിരുന്നു. സർവ്വകലാശാല നിർദ്ദേശിച്ച അ

mappilaheritagelibrary.com

ഞ്ചു ലക്ഷം രൂപയുടെ ആദ്യഗഡുവായിരുന്നു അത്. നല്ലനിലയിൽ ഒന്നാം ഗ്രേഡ് കോളേജായി മുന്നോട്ട് പോകുന്നതിന് പതിനഞ്ച് ലക്ഷം രൂപയെങ്കിലും മൂലധനമായി വേണം. സീതിസാഹിബ് എല്ലാം അല്ലാഹുവിൽ അർപ്പിച്ച് സമുദായത്തിലേക്കിറങ്ങുകയായിരുന്നു. അദ്ദേഹത്തിന്റെ പിന്നിൽ കോളേജ് കമ്മിറ്റിയും. മലബാർ മുസ്‌ലിം അസോസിയേഷന്റെ കൈവശമുണ്ടായിരുന്ന ഫണ്ട് കോളേജിനുവേണ്ടി കൈമാറ്റം ചെയ്യാൻ അസോസിയേഷനോട് സീതിസാഹിബ് അഭ്യർത്ഥിച്ചു. അവരത് സ്വീകരിക്കുകയും ചെയ്തു.

ഐക്യസംഘം വക കൊടുങ്ങല്ലൂർ പ്രദേശത്തുള്ള ഭൂസ്വത്ത് കോളേജിനുവേണ്ടി കൈമാറ്റം ചെയ്തു. ഈ സ്വത്താകട്ടെ സീതിസാഹിബിന്റെ കുടുംബം വകയായിരുന്നു. സീതിസാഹിബിന്റെ പിതാവ് സീതി മുഹമ്മദ് 'ലജ്നത്തുൽ ഹമദാനിയ സംഘ'ത്തിന് ദാനം ചെയ്തിരുന്ന ഭൂസ്വത്ത് പ്രസ്തുത സംഘത്തിന്റെ അഭാവത്തിൽ സീതിസാഹിബും താഴെയുള്ള സഹോദരങ്ങളും തീരാധാരമെഴുതി ഫാറൂഖ് കോളേജിന് നൽകി. ആരംഭത്തിൽ തന്നെ ഫാറൂഖ് കോളേജ് ഫസ്റ്റ് ഗ്രേഡ് കോളേജ് ആയിരിക്കണമെന്നാഗ്രഹിച്ചും ഇന്റർമീഡിയറ്റിൽ തുടങ്ങിയാൽ മതിയെന്ന അഭിപ്രായത്തെ നിരുത്സാഹപ്പെടുത്തുവാനും കൂടിയായിരുന്നു ഈ സാഹസമത്രയും സീതിസാഹിബ് സഹിച്ചത്. അല്ലാഹു ഗുണമല്ലാതെ വരുത്തുകയില്ലെന്ന അദ്ദേഹത്തിന്റെ ദൃഢവിശ്വാസത്തിന്റെ ജീവിക്കുന്ന പ്രതീകമായി ഇന്ന് ഫാറൂഖ് കോളേജ് പ്രശസ്തമായ നിലയിൽ തലയെടുപ്പോടെ നിലനിൽക്കുന്നു.

സ്വാതന്ത്ര്യാനന്തര നാളുകളിലെ തീവ്രാനുഭവങ്ങളിൽ നട്ടം തിരിയുന്ന മുസ്‌ലിം ജനത, മലബാറിലെ തിക്തമായ ജീവിതാനുഭവങ്ങൾ നേരിടുന്ന മുസ്‌ലിംലീഗ് പ്രവർത്തകർ, ഫാറൂഖ് കോളേജിന്റെ നിർമ്മാണം, ഇതിനിടയിലാണ് മറ്റൊരു പരീക്ഷണമായി ഒരശനിപാതമായി മലപ്പുറത്തെ രാമസിംഹൻ കൊല ചെയ്യപ്പെടുന്നത്.

വിഭജനത്തിന്റെ കദനം സഹിക്കാൻ വിധിക്കപ്പെട്ട മലബാറിലെ മുസ്‌ലിംകൾക്കു നേരിടേണ്ടിവന്ന മറ്റൊരു ഖേദമുഹൂർത്തം. പുതിയ ഭരണാധികാരികൾക്ക് മുസ്‌ലിംലീഗ് പ്രവർത്തകരെ വേട്ടയാടിപ്പിടിക്കുവാൻ കിട്ടിയ ഒരു കനകാവസരവും കൂടിയായി രാമസിംഹൻ കൊലപാതകം.

മലപ്പുറത്തെ പ്രമുഖ കുടുംബങ്ങളിലൊന്നായ കിളിയമണ്ണിൽ കുടുംബത്തിലെ മുതിർന്ന കാരണവരും പൗരപ്രമുഖനും ധനാഢ്യനുമായിരുന്നു കിളിയമണ്ണിൽ ഉണ്ണീൻ. ഒരു സുപ്രഭാതത്തിൽ അദ്ദേഹം ഇസ്‌ലാം മതം ഉപേക്ഷിച്ച് രാമസിംഹൻ എന്ന പേര് സ്വീകരിച്ചു ഹിന്ദുവാകുകയും പിന്നീട് അദ്ദേഹത്തെ പൂണൂൽ ധരിപ്പിച്ച് നമ്പൂതിരിയാക്കുകയും ചെയ്തു.

ഉണ്ണീൻസാഹിബിന്റെ ഹിന്ദുപ്രവേശം ഒരു ആഘോഷമായിത്തന്നെ ആര്യസമാജക്കാരും മലബാറിലെ കോൺഗ്രസ്സും കൊണ്ടാടി. മതംമാ

mappilaheritagelibrary.com

റ്റം രാമസിംഹൻ തന്റെ കാര്യത്തിലായി മാത്രം ഒതുക്കിയില്ല. ഭാര്യയേയും മക്കളേയു മതംമാറ്റാൻ അദ്ദേഹം നിർബന്ധിച്ചുകൊണ്ടിരുന്നു. ആശ്രിതരേയും കീഴിലുള്ള തൊഴിലാളികളേയും വീട്ടുജോലിക്കാരേയും മതം മാറുവാൻ പ്രേരിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. സ്വന്തം അനുജനെ നിർബന്ധപൂർവ്വം മതംമാറ്റി. ഒരു നമ്പൂതിരിസ്ത്രീയെ അനുജനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു.

ഇത്തരമൊരവസ്ഥ നാട്ടിൽ സംഘർഷം സൃഷ്ടിക്കുക സ്വാഭാവികം. രാമസിംഹന്റേയും ആര്യസമാജക്കാരുടേയും നിലപാടുകൾ നാട്ടിൽ വ്യാപകമായ പ്രതിഷേധങ്ങൾക്കും സാമുദായിക അസ്വസ്ഥതകൾക്കും കാരണമായി. നാട്ടിൽ വഴക്കും ഏറ്റുമുട്ടലുകളും ഉണ്ടായി. നാടുതന്നെ ഒരു വർഗ്ഗീയ കലാപത്തലേക്ക് നീങ്ങുകയാണോ എന്ന് ഭയപ്പെട്ടു. 1947 ആഗസ്തിൽ രാമസിംഹൻ അദ്ദേഹത്തിന്റെ വീട്ടിനുള്ളിൽ കൊലചെയ്യപ്പെട്ടു. രാജ്യം വിഭജിക്കപ്പെട്ടതിന് ശേഷമുള്ള ദിനങ്ങളിലെ വർഗ്ഗീയ കലാപങ്ങൾക്കിടയിൽ നടന്ന ഈ കൊലപാതകം, നാട്ടിലെ മുസ്ലിംകളുടെ നില കൂടുതൽ അരക്ഷിതമാക്കി. നാട്ടിലെ സ്ഥിതി കൂടുതൽ വഷളായി. ഭരണാധികാരികളും പോലീസും കൂട്ടത്തോടെ മുസ്ലിം വേട്ടക്കിറങ്ങി. അന്തരീക്ഷം ഭീതിതമായി. ഭയത്തിന്റെ കാർമേഘങ്ങളാൽ ഏറനാടും വള്ളുവനാടും മൂടപ്പെട്ടു. നിരവധി നിരപരാധികൾ അറസ്റ്റുചെയ്യപ്പെട്ടു. അവരൊക്കെയും ജയിലുകളിൽ കൊടിയ മർദ്ദനങ്ങൾക്ക് വിധേയരായി. മലബാറിലെന്നല്ല കേരളത്തിന്റെ സാമൂഹ്യാന്തരീക്ഷം തന്നെ തകിടം മറിഞ്ഞു.

രാമസിംഹൻ വധിക്കപ്പെട്ടതോടെ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുന വെച്ച് ലേഖനമെഴുതാൻ തുടങ്ങി. ലീഗ് നേതാക്കൾക്കെതിരെയായിരുന്നു അദ്ദേഹത്തിന്റെ ആക്രമണം. രാമസിംഹൻ നമ്പൂതിരിയായി മാറിയത് കൊണ്ടോ എന്താണെന്നറിയില്ല, രാമസിംഹന്റെ കൊലപാതകത്തിൽ ഉത്തരവാദികൾ അദ്ദേഹത്തിന്റെ ബന്ധുക്കളായ ഭാര്യാപിതാവ് ഉണ്ണിക്കമ്മുസാഹിബ്, കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജി, എ.കെ.കുഞ്ഞിമായൻ ഹാജി തുടങ്ങിയവർക്കെല്ലാം ബന്ധമുണ്ടായിരിക്കണമെന്ന സങ്കല്പത്തിൽ മെനഞ്ഞ ലേഖനം 'ദേശാഭിമാനി'യിൽ പ്രസിദ്ധീകരിച്ചു. ഇതിന് ഇ.എം.എസ് ന് വായടപ്പൻ മറുപടി എഴുതിയത് നേതൃത്വത്തിലേക്ക് കുതിച്ചുയർന്നുകൊണ്ടിരുന്ന മുസ്ലിം ലീഗിന്റെ യുവനേതാവ് സി.എച്ച്.മുഹമ്മദ്കോയയായിരുന്നു.

രാമസിംഹന്റെ വധത്തെത്തുടർന്ന് മലബാറിലെ മുസ്ലിം നേതാക്കളെ അറസ്റ്റുചെയ്ത് ലോക്കപ്പിലടക്കുന്നതിലായി പിന്നീട് വർഗ്ഗീയശക്തികളുടെ ശ്രമം. മുസ്ലിം നേതാക്കളെ അറസ്റ്റ് ചെയ്താൽ മുസ്ലിം ജനത പ്രതിഷേധവുമായി തെരുവിലിറങ്ങും. ആ നേരം കലാപമുണ്ടാക്കി എന്ന കുറ്റം ചുമത്തി അവരെ വെടിവെച്ച് കൊല്ലാമെന്നായിരുന്നു വർഗ്ഗീയകോമരങ്ങളുടെ പദ്ധതി. ഈ നീക്കം മുൻകൂട്ടി കാണുവാൻ സീതി

mappilaheritagelibrary.com

സാഹിബിന് കഴിഞ്ഞു. കാര്യങ്ങൾ പിടിവിട്ട് പോവുകയാണെന്ന് മനസ്സിലാക്കി അദ്ദേഹം ഉടനെ തന്നെ മദിരാശിയിലേക്ക് വണ്ടികയറി. മദിരാശിയിലെത്തിയ അദ്ദേഹം ബന്ധപ്പെട്ട മന്ത്രിമാരുടെ വീടുകളിലും ഓഫീസുകളിലും കയറിയിറങ്ങി. ഏകനായി ഓരോ മന്ത്രിമന്ദിരങ്ങളിലും കയറിയിറങ്ങിക്കൊണ്ടിരുന്ന സീതിസാഹിബിനോട് മദിരാശി മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും നേരത്തെയുണ്ടായിരുന്ന ആദരവ് ഇരട്ടിച്ചു. അവർ അദ്ദേഹത്തിന്റെ വാക്കുകൾ സാകൂതം കേട്ടിരുന്നു. അവർക്ക് അദ്ദേഹത്തിന്റെ ആത്മാർത്ഥതയിൽ വിശ്വാസം ഉണ്ടായിരുന്നു. രാമസിംഹൻ കൊലക്കേസ് ഹിന്ദു മുസ്ലിം വർഗ്ഗീയ ലഹളയാക്കി മാറ്റുവാൻ തല്പര കക്ഷികൾ നടത്തുന്ന ഗൂഢശ്രമങ്ങളെക്കുറിച്ച് സീതിസാഹിബ് അവർക്ക് വിവരിച്ചുകൊടുത്തു. സീതിസാഹിബിന്റെ വാക്കുകൾ വിശ്വാസത്തിലെടുത്തുകൊണ്ട് അദ്ദേഹത്തിന് അവർ ഉറപ്പുനൽകി. രാമസിംഹൻ കൊലപാതകം വർഗ്ഗീയ കലാപമായി പരിഗണിക്കുവാൻ ഒരിക്കലും അനുവദിക്കുകയില്ലെന്നും അത് വെറുമൊരു കൊലപാതകമായി മാത്രമേ കാണുകയുള്ളൂവെന്നും അവർ അദ്ദേഹത്തിന് ഉറപ്പു നൽകി. ആ ഉറപ്പ് വാങ്ങിയതിന് ശേഷമാണ് അദ്ദേഹം മദിരാശിയിൽനിന്നും തിരികെ മലബാറിലേക്ക് വണ്ടി കയറിയത്. സീതിസാഹിബ് മലബാറിൽ തിരിച്ചെത്തുംമുമ്പെ സർക്കാരിന്റെ കല്പന ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കഴിഞ്ഞിരുന്നു. ഒരു മുസ്ലിംലീഗ് നേതാവിന് മറ്റു പാർട്ടിയിലെ മന്ത്രിമാർ നൽകിയ ആദരവ് കൂടിയായിരുന്നു ആ കല്പന. ഏകാംഗ പോരാളിയായി സീതിസാഹിബ് നടത്തിയ പോരാട്ടം ഒരു ജനതയെ, ഒരു നാടിനെയാണ് വലിയൊരു വിപത്തിൽനിന്നും രക്ഷിച്ചത്.

രാമസിംഹൻ വധക്കേസ് കോടതിയിൽ വിചാരണക്കെത്തിയപ്പോൾ പ്രതിഭാഗത്തിന് വേണ്ടി സീതിസാഹിബായിരുന്നു കോടതിയിൽ ഹാജരായത്. സീതിസാഹിബിന്റെ പ്രസക്തങ്ങളായ വാദമുഖങ്ങളെ മുഖവിലക്കെടുക്കാതെ സെഷൻസ് കോടതി എട്ട് പ്രതികളിൽ നാലുപേരെ വെറുതെ വിടാനും നാലുപേരെ തൂക്കിക്കൊല്ലാനും വിധിച്ചു.

ദോഷൈകദൃക്കുകൾ വിധിയിൽ കയറിപ്പിടിച്ച് സീതിസാഹിബിനെ കുറ്റപ്പെടുത്തി സംസാരിക്കുവാൻ തുടങ്ങി. എന്നാൽ അവർക്കുള്ള മറുപടി സീതിസാഹിബോ പാർട്ടിയോ അല്ല നൽകിയത്. ഹൈക്കോടതിയായിരുന്നു.

പ്രതികൾ അപ്പീലിൽ പോയി. മദിരാശി ഹൈക്കോടതിയിൽ കേസ് വിചാരണ ചെയ്തു. ഹൈക്കോടതി സീതിസാഹിബ് സെഷൻസ് കോടതിയിൽ ഉന്നയിച്ച വാദമുഖങ്ങളെയാണ് പ്രസക്തമായി കണ്ടത്. ആ വാദങ്ങളെ ഹൈക്കോടതി പരിഗണിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ പ്രതികളേയും നിരപരാധികളാണെന്ന് കണ്ട് ഹൈക്കോടതി വെറുതെ വിട്ടു. ഒരഭിഭാഷകനെന്ന നിലയിൽ സീതിസാഹിബിന്റെ ഖ്യാതി ഏറെ പ്രസരിച്ച ഒരു സംഭവവും കൂടിയായി ഹൈക്കോ

mappilaheritagelibrary.com

ടതി വിധി. നേരത്തെ കുറ്റം പറഞ്ഞവർ മൗനികളായി. അദ്ദേഹം എപ്പോഴും പറയാറുണ്ടായിരുന്ന "അല്ലാഹു ഒരിക്കലും പരാജയപ്പെടുത്തുകയില്ല " എന്ന വാചകവും സത്യമായി പുലർന്നു.

ആ വിധിയിലൂടെ ഒരു ജനതയും ഒരു നാടുമാണ് രക്ഷപ്പെട്ടത്. പക്ഷെ ഇതുകൊണ്ടും തീർന്നില്ല സീതിസാഹിബിന് തരണം ചെയ്യാനുണ്ടായിരുന്ന പരീക്ഷണങ്ങൾ. പരീക്ഷണങ്ങളുടെ ഒരു പേമാരി തന്നെ സമുദായത്തിന് വേണ്ടി ജീവിതം സമർപ്പിച്ച ആ സമർപ്പിത തേജസ്സിനെ കാത്ത് നിൽക്കുകയായിരുന്നു.

mappilaheritagelibrary.com

പത്തൊമ്പത്
അഗ്നിജ്വാലയിൽ ഒരു വസന്തം

വിഭജനാനന്തരമുള്ള നാലഞ്ച് വർഷങ്ങൾ ഇന്ത്യയിലെ മുസ്‌ലിംകൾ ദുരിതക്കടലിൽ മുങ്ങിയും പൊങ്ങിയും കഴിയാൻ വിധിക്കപ്പെടുകയായിരുന്നു. അഗ്നിപടർന്ന നാളുകൾ. ഹൈദരാബാദ് ആക്ഷനെത്തുടർന്നുണ്ടായ സാമുദായിക ധ്രുവീകരണം, മുസ്‌ലിംകൾക്കെതിരെ പ്രത്യേകിച്ച് മുസ്‌ലിം ലീഗുകാർക്കെതിരെയുള്ള പോലീസിന്റെ ക്രൂരനടപടികൾ, പണവും പ്രതാപവുമുള്ള നേതാക്കൾ ലീഗിനെ വിട്ടൊഴിയുവാനുള്ള മത്സരത്തിൽ. മുസ്‌ലിംലീഗ് പിരിച്ചുവിടണമെന്ന ആവശ്യക്കാരിൽ ലീഗു നേതാക്കളും ചേർന്നുകൊണ്ടിരിക്കുന്നു. ഇടക്കിടെ ലീഗിന്റെ കൂറ് ചോദ്യം ചെയ്യുന്ന കോൺഗ്രസ്സുകാർ. വേറൊരു വിഭാഗം ലീഗുകാരാകട്ടെ ലീഗിന് പകരം മറ്റൊരു സംഘടന പടച്ചുണ്ടാക്കുന്നതിൽ വ്യാപൃതരും. ഇതിന്റെ കൂടെയാണ് മദിരാശി എം.എൽ.എ. കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജിയുടെ മരണം. മുസ്‌ലിം ലീഗിന്റെ ഏറനാടൻ കോട്ട കാത്തുസൂക്ഷിച്ച നെടുംതൂണുകളിൽ ഒരാളായിരുന്നു ആ നേതാവ്. ആകസ്മികമായ ആ മരണത്തെത്തുടർന്നുണ്ടായ ഉപതെരഞ്ഞെടുപ്പ് സീതി സാഹിബിനെ സംബന്ധിച്ചിടത്തോളവും മുസ്‌ലിംലീഗിനെ സംബന്ധിച്ചിടത്തോളവും ഒരു ജീവന്മരണപോരാട്ടം തന്നെയായിരുന്നു. പരീക്ഷണങ്ങളുടെ തിരമാലകൾ ഒന്നിനുപിറകെ ഒന്നായി.

സംഘടനാപ്രവർത്തനങ്ങൾ നിർജ്ജീവമാകുകയും നേതാക്കൾ ഭീരുക്കളായി കോൺഗ്രസ്സിൽ ചേരുകയോ മാളങ്ങളിൽ അഭയം തേടുകയോ ചെയ്തുകൊണ്ടിരിക്കുകയും ചെയ്ത ഒരു കാലത്ത് വന്ന ഉപതെരഞ്ഞെടുപ്പ്. സീതിസാഹിബിന്റെ കൂടെ നിൽക്കുന്നവരുടെ എണ്ണം വിരലിലെണ്ണാവുംവിധം കുറഞ്ഞുകൊണ്ടിരുന്നു. എന്നിട്ടും സീതിസാഹിബ് അധീരനായില്ല. നിരാശപ്പെട്ടില്ല. വിസ്മയാവഹം തന്നെ ആ ആത്മധൈര്യം.

1949 ൽ തിരുവിതാംകൂറും കൊച്ചിയും ലയിച്ചപ്പോൾ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗുമായി ബന്ധപ്പെടാതെ കൊച്ചി സ്റ്റേറ്റ് മുസ്‌ലിംലീഗെന്ന പേരിൽ ഒരു സംഘടന പൊട്ടിമുളച്ചു. സ്ഥിരതയില്ലാത്ത ഒരു നേതൃത്വമായിരുന്നു സംഘടനയുടെ അലങ്കാരം. തിരുകൊച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കേണ്ടുന്ന

mappilaheritagelibrary.com

തിനെക്കുറിച്ച് സീതിസാഹിബ് തികച്ചും ബോധവാനായിരുന്നു. യഥാർത്ഥത്തിൽ തിരുകൊച്ചി പ്രദേശത്ത് മുസ്ലിംകൾക്ക് ഒരു സംഘടന തന്നെയില്ലായിരുന്നു. സീതിസാഹിബിന്റെ ഒരു കത്തിന്റെ അടിസ്ഥാനത്തിൽ തിരുകൊച്ചിയിലേയും മലബാറിലേയും മുസ്ലിംലീഗ് നേതാക്കളുടെ ഒരു സംയുക്ത കൂടിയാലോചനാ യോഗം പൊന്നാനിയിൽ ചേർന്നു. യോഗത്തിൽ ഇസ്മയിൽ സാഹിബ് അദ്ധ്യക്ഷനായിരുന്നു.

തിരുകൊച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ ശാഖാ കമ്മിറ്റികൾ രൂപീകരിക്കുവാൻ യോഗത്തിൽ തീരുമാനമായി. ഇതിനായി ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. കെ.ഹസൻഗനി, നാട്ടിക പി.കെ.അബ്ദുൽ മജീദ്, ടി.മുഹമ്മദ് ഇസ്മയിൽ എന്നിവരായിരുന്നു കമ്മിറ്റി അംഗങ്ങൾ. ഇതിനെത്തുടർന്ന് തിരുകൊച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ ശാഖാകമ്മിറ്റികൾ രൂപീകൃതമായി. അവർ നിരന്തരമായ പ്രവർത്തനത്തിൽ ഏർപ്പെട്ടതോടെ കൊച്ചിൻ സ്റ്റേറ്റ് മുസ്ലിം ലീഗെന്ന സംഘടന അപ്രത്യക്ഷമായി.

പഴയ തിരുവിതാംകൂറിൽ പട്ടംതാണുപിള്ള സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡന്റും പി.കെ.കുഞ്ഞ് സ്റ്റേറ്റ് ലീഗ് പ്രസിഡന്റുമായിരുന്നു. ഇരു സംഘടനകളും തമ്മിലുണ്ടായ ഒത്തുതീർപ്പിനെത്തുടർന്ന് മുസ്ലിം റിസർവ്വ് സീറ്റുകളിൽ ഒന്നൊഴികെ മറ്റെല്ലാറ്റിലും തിരുവിതാംകൂർ കൊച്ചി സ്റ്റേറ്റ് ലീഗിന് ലഭിച്ചിരുന്നു. ഇതിന്റെ ഫലമായി ഒരു ലീഗ് സംഘടന തിരുവിതാംകൂർ സ്റ്റേറ്റ് അസംബ്ലിയിൽ ഉണ്ടായി. എന്നാൽ ടി.കെ.നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന ഈ മന്ത്രിസഭയിൽ തിരുവിതാംകൂർ കൊച്ചി സ്റ്റേറ്റ് ലീഗുകാരനായ ടി.എ.അബ്ദുല്ലക്ക് ഒരു മന്ത്രിസ്ഥാനം നൽകാമെന്ന വാഗ്ദാനം ഉണ്ടായി. ഇതിന് പ്രത്യുപകാരമായി ചെയ്യേണ്ടിയിരുന്നത് പി.എസ്.മുഹമ്മദ് നേതൃത്വം നൽകുന്ന തിരുവിതാംകൂർ കൊച്ചി സ്റ്റേറ്റ് ലീഗ് കോൺഗ്രസ്സിൽ ലയിക്കണം. പി.എസ്. മുഹമ്മദിന്റെ നേതൃത്വത്തിലുള്ള ലീഗ് കോൺഗ്രസ്സിൽ ലയിക്കുകയും ചെയ്തു. എന്നിട്ടോ ഏതാനും മാസങ്ങൾ മാത്രമാണ് അബ്ദുല്ലക്ക് കോൺഗ്രസ്സ് മന്ത്രിസ്ഥാനം നൽകിയത്. ഒരു മന്ത്രിസ്ഥാനത്തിനുവേണ്ടി കൊച്ചി സ്റ്റേറ്റ് മുസ്ലിംലീഗിനെ തന്നെ അലിയിച്ചുകളഞ്ഞ നേതാക്കളായിരുന്നു അന്നവിടെ ഉണ്ടായിരുന്നത്. ദൗർഭാഗ്യകരമായിപ്പോയ ഒരു സംഭവമായിരുന്നു ഇതെന്ന് 'കേരളത്തിൽ മുസ്ലിംലീഗിന്റെ ഭാവി' എന്ന ലേഖനത്തിൽ സീതിസാഹിബ് സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. കോൺഗ്രസ്സിലെ ലീഗ് ലയനം തീർത്തും ആത്മഹത്യാപരമായിരുന്നുവെന്ന് പിന്നീട് രൂപീകരിക്കപ്പെട്ട കോൺഗ്രസ്സ് മന്ത്രിസഭ വ്യക്തമാക്കുകയും ചെയ്തു. ആ മന്ത്രിസഭയിൽ ഒരൊറ്റ മുസ്ലിമും ഉണ്ടായിരുന്നില്ല. പി.കെ.കുഞ്ഞു പിന്നീട് പി.എസ്.പി.യിലെത്തിയപ്പോൾ അദ്ദേഹത്തെ അവർ മന്ത്രിയാക്കി. ഇത് കണ്ടിട്ടാവണം പിന്നീട് കോൺഗ്രസ്സ് മന്ത്രിസഭയിൽ എ.എ. റഹീമിനെ അവർ മന്ത്രിയാക്കിയത്.

mappilaheritagelibrary.com

പുതിയ സ്ഥിതിഗതികൾ വിലയിരുത്തുവാൻ മലബാർ ജില്ലാ മുസ്ലിംലീഗ് കൗൺസിൽ 1949 ഒക്ടോബർ 23 ന് കോഴിക്കോട്ട് ചേർന്നു. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളായിരുന്നു അദ്ധ്യക്ഷൻ. കെ.ഉപ്പി സാഹിബ്, കെ.എം.മൗലവി, എൻ.പി.കുഞ്ഞാമു, ബി.വി.അബ്ദുല്ലക്കോയ, ഒ.കെ.മുഹമ്മദ്കുഞ്ഞി തുടങ്ങി നൂറോളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ജനറൽസെക്രട്ടറി സീതിസാഹിബ് റിപ്പോർട്ട് അവതരിപ്പിച്ചു: 'കഴിഞ്ഞ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിന് ശേഷമുള്ള രാഷ്ട്രീയ സ്ഥിതിഗതികളിൽനിന്നും മുസ്ലിംകൾ മുസ്ലിംലീഗിനെ അംഗീകരിച്ചിരിക്കുന്നുവെന്ന് തെളിഞ്ഞിരിക്കുകയാണ്. 1949 ൽ നടന്ന മലബാർ ഡിസ്ട്രിക്ട് ബോർഡ് തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗ് സ്വന്തം നിലക്ക് സ്ഥാനാർത്ഥികളെ നിർത്തിയാണ് മത്സരിച്ചത്. കോൺഗ്രസ്സ് ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും മുസ്ലിംലീഗിനെ അകറ്റിനിർത്തുകയായിരുന്നു. കെ.ബി.മേനോന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടി ലീഗുമായി സഖ്യമുണ്ടാക്കിയിരുന്നു. 99 ശതമാനം മുസ്ലിംകളും ലീഗ് കമ്മിറ്റിയുടെ ആഹ്വാനമനുസരിച്ചാണ് വോട്ട് ചെയ്തതെന്ന് സീതിസാഹിബിന്റെ റിപ്പോർട്ടിൽ തുടർന്നു പറഞ്ഞു. ഭാവിപ്രവർത്തനം ശക്തമാക്കാനും മുസ്ലിംലീഗ് ശാഖാ കമ്മിറ്റികളെ സമീപിച്ച് ആവശ്യമായ സ്ഥലങ്ങളിൽ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുവാനും അവയുടെ റിപ്പോർട്ട് ഡിസംബർ 31 നകം ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കുവാനും ഒ.കെ.മുഹമ്മദ്കുഞ്ഞി കൺവീനറായി ഒരു കമ്മിറ്റിയെ യോഗം ചുമതലപ്പെടുത്തി. എ.ആർ.ഹംസക്കോയ തങ്ങൾ, കെ.അബൂബക്കർ, വി.പി.അലി, കെ.കെ.അബു, എൻ.പി.കുഞ്ഞാമു, പി.സി.മുഹമ്മദ് ഹാജി, ടി.എം.ഇസ്ഹാഖ് മൗലവി എന്നിവർ കമ്മിറ്റി അംഗങ്ങളുമായി.

കമ്മിറ്റി എൻ.പി.കുഞ്ഞാമുവിന്റെ അദ്ധ്യക്ഷതയിൽ വളപട്ടണത്ത് ഡിസംബർ 19 ന് യോഗം ചേർന്നു.വി.പി.സി.തങ്ങൾ, സി.കെ.വി.മുഹമ്മദ് മുഹാജിർ (കൂട്ടായി), സി.ഹംസ (പൊന്നാനി) എന്നിവരെക്കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തി. ഈ കമ്മിറ്റിയുടെ പരിശ്രമങ്ങളും സീതിസാഹിബിന്റേയും ബാഫഖി തങ്ങളുടെയും കഠിനാദ്ധ്വാനവുമാണ് നിദ്രയിലാണ്ടുപോയ മുസ്ലിംലീഗിനെ വീണ്ടും തട്ടിയുണർത്തി കർമ്മപഥത്തിലെത്തിച്ചത്. ഇതിനകം യുവ നേതൃനിരയിലേക്ക് കുതിച്ചുയർന്നുകൊണ്ടിരുന്ന സി.എച്ച്.മുഹമ്മദ് കോയയുടെ ആവേശോജ്ജ്വലമായ പ്രസംഗപര്യടനങ്ങൾ നാടിനെ പ്രകമ്പനം കൊള്ളിക്കുകയും അണികൾ പൂർവ്വോപരി ഉത്സാഹത്തോടെ മുസ്ലിംലീഗിന്റെ പിന്നിൽ അണിനിരക്കാൻ തുടങ്ങുകയും ചെയ്തു. പ്രകാശദീപ്തമായ ഒരു കാലഘട്ടത്തിലേക്ക് മുസ്ലിംലീഗ് വീണ്ടും കാലെടുത്തുവെക്കുകയായിരുന്നു. മുസ്ലിംലീഗിന്റെ വളർച്ചയുടെ നഗ്നപരിച്ഛേദമായി മാറി എം.പി.എം.ഹസൻകുട്ടി കുരിക്കളുടെ ഐതിഹാസിക തെരഞ്ഞെടുപ്പ് വിജയം. കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജിയുടെ നിര്യാണം മൂലം ഒഴിവുവന്ന നിയമസഭാസീറ്റിലേക്ക്

mappilaheritagelibrary.com

തലയുയർത്തി നെഞ്ചുവിരിച്ച് ഹസൻകുട്ടി കുരിക്കൾ കയറിച്ചെന്നു. ഹസൻകുട്ടി കുരിക്കളുടെ തെരഞ്ഞെടുപ്പ് മുസ്‌ലിംലീഗിനെ സംബന്ധിച്ചിടത്തോളം നിലനിർത്തണോ അവസാനിപ്പിക്കണോ എന്ന് തീരുമാനിക്കപ്പെടുന്ന ഒരു പോരാട്ടം തന്നെയായിരുന്നു. സീതിസാഹിബ് പാർട്ടി പ്രവർത്തനത്തിൽ കൂടുതൽ സജീവമായി. ഭീരുക്കളോട് എത്രയും പെട്ടെന്ന് പാർട്ടി വിട്ടുപോകാൻ അദ്ദേഹം ഇടക്കിടെ പറഞ്ഞുകൊണ്ടിരുന്നത് എതിരാളികളിൽ അമ്പരപ്പാണ് ഉണ്ടാക്കിയത്. സംഘടനയുടെ അസ്തിത്വത്തിന് ഭീഷണിയാകുന്ന സ്വാർത്ഥികളെ അദ്ദേഹം നിസ്സങ്കോചം നേരിട്ടത് സംഘടനയിൽ ഉറച്ചു നിൽക്കുന്നവർക്ക് കൂടുതൽ കരുത്തേകി.

ഏറനാട്ടിലെ ധീരരായ ചാക്കീരി അഹമ്മദ്കുട്ടി, എം.പി.എം ഹസൻകുട്ടി കുരിക്കൾ, എം.കെ.ഹാജി തുടങ്ങിയവർ സീതിസാഹിബിന്റെ ഏത് ആജ്ഞയും ശിരസാവഹിക്കാനെന്നവണ്ണം അദ്ദേഹത്തിന്റെ സന്തത സഹചാരികളായി. മുസ്‌ലിംലീഗുകാരന്റെ കൂറ് ചോദ്യം ചെയ്യുന്ന കോൺഗ്രസ്സുകാരന് വായടപ്പിക്കുന്ന മറുപടിയുമായി സീതിസാഹിബ് മലബാറിലുടനീളം സഞ്ചരിച്ചു. രാജ്യത്തിന് വേണ്ടി അന്നും ഇന്നും കൂറു കാണിക്കുന്ന മുസൽമാന്മാരോട് കൂറു ചോദിക്കുന്നത് ധിക്കാരവും അഹന്തയുമാണ്. ഭരണാധികാരി ഒരു അബീസിനിയക്കാരനായിരുന്നാൽപോലും കൂറുകാണിക്കൽ മുസ്‌ലിംകൾക്ക് നിർബന്ധമാണെന്ന സീതിസാഹിബിന്റെ ഉശിരൻ വാക്ശരങ്ങൾ ഏറ്റ് ശത്രുക്കൾ പുളഞ്ഞു. കൂറുചോദിക്കുന്ന ശ്രമങ്ങളിൽനിന്നും പതിയെ അവർ പിന്തിരിയുവാൻ തുടങ്ങി. ഭരണാധികാരിയുടെ മുമ്പിൽ സത്യം തുറന്നുപറയൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദാണെന്ന അദ്ദേഹത്തിന്റെ പ്രഖ്യാപനം വർദ്ധിച്ച ആവേശത്തോടെയാണ് അണികൾ സ്വീകരിച്ചത്.

അദ്ദേഹം പലപ്പോഴും അനുയായികളോട് പറഞ്ഞു: "നിങ്ങൾ ഒന്നുകൊണ്ടും നിരാശപ്പെടേണ്ട. നമ്മുടെ സംഘടനാശക്തികൊണ്ട് നമ്മുടെ അവകാശങ്ങൾ നാം നേടിയെടുക്കുകതന്നെ ചെയ്യും. സംഘടനയെ ശക്തിപ്പെടുത്തുക." മുസ്‌ലിംലീഗിലെ സാധാരണ പ്രവർത്തകർക്ക് എന്തെന്നില്ലാത്ത ആത്മവിശ്വാസവും ഊർജ്ജവുമാണ് സീതിസാഹിബിന്റെ വാക്കുകൾ പകർന്നു നൽകിയത്.

ഒരു വലിയ പ്രതിസന്ധിക്കിടയിൽ പാർട്ടിക്കൊപ്പം നിൽക്കുന്നതിന് പകരം 'വലിയ പ്രമാണിമാർ' അവരവരുടെ പുറംതോടുകളിൽ അഭയം കണ്ടെത്തിയതിനെതിരെ സി.എച്ച്.മുഹമ്മദ് കോയ ചന്ദ്രികയിൽ ആക്ഷേപഹാസ്യലേഖനങ്ങൾ എഴുതി അത്തരം ആളുകളുടെ തൊലിയുരിച്ചു.

ഇതിനിടെ ചന്ദ്രികക്കെതിരായും ഗൂഢാലോചന നടക്കുന്നുണ്ടായിരുന്നു. 'ദൽഹി കൂട്ടക്കൊലയിൽ സിക്കുകാർക്കുള്ള പങ്ക്' എന്ന വാർത്താലേഖനം പ്രസിദ്ധീകരിച്ചതിനെതിരെ വാറണ്ടുമായി പോലീസെത്തി. 1947 ഒക്ടോബർ രണ്ടാം തീയ്യതിയായിരുന്നു ലേഖനം പ്രസിദ്ധീകരിച്ചിരുന്നത്. അധികൃതർക്ക് വാറണ്ടയക്കാൻ തോന്നിയത് 1948 മാർച്ച് 23 നും.

mappilaheritagelibrary.com

ചന്ദ്രികയിലൂടെ പാർട്ടിയേയും പത്രത്തേയും ബുദ്ധിമുട്ടിക്കുക എന്ന കുതന്ത്രമായിരുന്നു ഇതിലൂടെ സർക്കാർ പയറ്റിയത്. ഇതിനെതിരെ സീതിസാഹിബ് മദിരാശി അസംബ്ലിയിൽ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകി. എന്നാൽ സർക്കാർ അവതരണാനുമതി നിഷേധിക്കുകയായിരുന്നു.

മലബാറിൽ ഇതായിരുന്നു അവസ്ഥയെങ്കിൽ മലബാറിന് പുറത്ത് ലീഗ് കമ്മിറ്റികൾ പിരിച്ചുവിടാൻ മത്സരിക്കുകയായിരുന്നു മറ്റു ചില ലീഗുകാർ. ഇവരിൽ മുസ്ലിംലീഗിന്റെ പേരിൽ എം.എൽ.എ.മാരായവരും നേതാക്കളും ഉണ്ടായിരുന്നു.

ബോംബെയിൽ മുസ്ലിംലീഗിന്റെ പേര് മാറ്റി ഫോർത്ത് പാർട്ടി എന്നാക്കി. ഹാജി ഹസനലി പി.ഇബ്രാഹിം പാക്കിസ്ഥാനിലേക്ക് പറന്നു. ഹഫീസ്ക്ക കോൺഗ്രസ്സിലാണ് ചേക്കേറിയത്. എവിടെയും അനിശ്ചിതവും അപായകരവുമായ അവസ്ഥ. ഈ പരീക്ഷണങ്ങളുടെ നെരിപ്പോടിനിടയിലാണ് കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജിയുടെ ആകസ്മിക നിര്യാണം. ഏറനാട് വള്ളുവനാട് നിയോജകമണ്ഡലങ്ങളായിരുന്നു അദ്ദേഹം മദിരാശി നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്നത്. ഇവിടെയാണ് ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടത്.

മുസ്ലിംലീഗിന്റെ എതിരാളികൾക്ക് ഇതിൽപ്പരം ഒരു സുവർണ്ണാവസരം വീണുകിട്ടാനുണ്ടായിരുന്നില്ല. ലീഗിനെ ഏറനാട്ടിൽനിന്നല്ല മലബാറിൽനിന്നുതന്നെ ഈ ഉപതെരഞ്ഞെടുപ്പോടെ തുടച്ചുനീക്കാൻ കഴിയുമെന്നവർക്ക് ഉറപ്പായിരുന്നു. പ്രഗത്ഭരും പ്രമാണിമാരും ഒഴിഞ്ഞുപോയ മുസ്ലിംലീഗ് ഏതാനും ചില ആത്മാർത്ഥതയുള്ള നേതാക്കളിൽമാത്രം ഒതുങ്ങിക്കഴിയുമ്പോൾ മുസ്ലിംലീഗിന് ഇനിയൊരു പുനർജ്ജന്മമോ? അധികാരവും ഭരണവും പ്രതാപവും പോലീസും പട്ടാളവും എല്ലാം ഒന്നിച്ച് മറുവശത്ത് കേന്ദ്രീകരിക്കുമ്പോൾ ഈ പ്രതികൂലസാഹചര്യങ്ങളെ എങ്ങനെ അതിജീവിക്കുമെന്ന് ലീഗിൽ തന്നെ പലർക്കും ആശങ്കയുണ്ടായിരുന്നു. എന്നാൽ ഒരാൾ മാത്രം അധീരനായില്ല. നിരാശപ്പെട്ടില്ല. സീതിസാഹിബ്. തന്റെ ഇഷ്ട സഹപ്രവർത്തകർപോലും ഒരു സുപ്രഭാതത്തിൽ തന്നിൽ നിന്നകന്നത് തന്നെ കണ്ടാൽ ഓടിയൊളിക്കുന്നത് എല്ലാം സീതിസാഹിബ് അറിയുന്നുണ്ടായിരുന്നു. കണ്ടാൽ അകലുന്ന കൂട്ടുകാർ. പരിഹാസങ്ങളുടെ കൂരമ്പുകൾ തുരുതുരാ എയ്തുവിടുന്ന കോൺഗ്രസ്സുകാർ. സീതിസാഹിബിനെ ഒരു പത്മവ്യൂഹത്തിൽ പെടുത്തുക എന്നതായിരുന്നു അവരുടെ ഗൂഢോദ്ദേശ്യം. സീതിസാഹിബാകട്ടെ എല്ലാം അല്ലാഹുവിൽ അർപ്പിച്ച് തന്റെ കാറുമായി ഒരു സുപ്രഭാതത്തിൽ തലശ്ശേരി വിട്ടിറങ്ങി. സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ ആ സമയം ബർമ്മയിലായിരുന്നു. സീതിസാഹിബ് പലരേയും സമീപിച്ചു, മുസ്ലിംലീഗിന്റെ സ്ഥാനാർത്ഥിയാവാൻ. കൊയപ്പത്തൊടി അഹമ്മദ്കുട്ടി ഹാജിയുടെ നിര്യാണംമൂലം ഒഴിവുവന്ന സീറ്റിലേക്ക് മത്സരിക്കാൻ ഏകനാ

mappilaheritagelibrary.com

യി ചെന്ന് സീതിസാഹിബ് പലരോടും അഭ്യർത്ഥിച്ചു. ആരും അദ്ദേഹത്തിന്റെ അഭ്യർത്ഥന ചെവിക്കൊണ്ടില്ല. പലരും മാറിക്കളഞ്ഞു. ചിലരാകട്ടെ അദ്ദേഹത്തെ ഉപദേശിച്ചു: "സീതിസാഹിബ് താങ്കൾക്ക് മുസ്‌ലിം ലീഗ് പിരിച്ചുവിട്ടുകൂടെ." മറ്റുചിലർ ലീഗിന് രാഷ്ട്രീയം ഉപേക്ഷിച്ചുകൂടെ എന്നും ആരാഞ്ഞു. എന്നിട്ടും അദ്ദേഹം നിരാശനായില്ല. ഉപദേശികളെയും സന്ദേഹികളെയും അദ്ദേഹം ഉശിരൻ മറുപടിയിലൂടെ കീഴടക്കി. "മുസ്‌ലിംലീഗിനെ എനിക്കെന്നല്ല ആർക്കും പിരിച്ചുവിടാനുള്ള അധികാരമില്ല. മുസ്‌ലിംലീഗ് ഒരിക്കലും രാഷ്ട്രീയം ഉപേക്ഷിക്കുന്ന പ്രശ്നം ഉദിക്കുന്നുമില്ല." കൊയപ്പത്തൊടിയുടെ ഒഴിവിലേക്ക് സ്ഥാനാർത്ഥിയാവാൻ ദൂരെയുള്ളവർക്ക് സീതിസാഹിബ് കത്തുകളയച്ചു. മറ്റുചിലർക്ക് ഫോൺ ചെയ്തു. ആരും മറുപടിയയച്ചില്ല. പലരും ഫോൺകോൾ കട്ടുചെയ്തു. ആരും തോറ്റുപോകുന്ന അവസ്ഥ. ഇതെല്ലാം കോൺഗ്രസ്സും അറിയുന്നുണ്ടായിരുന്നു. സർവ്വാധികാരവും കിട്ടിയതുപോലെയായിരുന്നു അവർ. ഹൈദരാബാദ് ആക്ഷന്റെ കാളിമ അപ്പോഴും അന്തരീക്ഷത്തിൽ തങ്ങിനിൽപ്പുണ്ടായിരുന്നു. അതിനാൽ തന്നെ ആ കാളിമ പിന്നെയും പടർന്നേക്കുമോ എന്ന ഭീതി നാട്ടിൽ നിലനിന്നിരുന്നതിനാലാവാം പലരും മുസ്‌ലിംലീഗിൽനിന്നും സീതിസാഹിബിൽനിന്നും ഒഴിഞ്ഞുമാറി നടന്നത്. ചിലർക്ക് ലീഗ് ചതുർത്ഥി. മറ്റു ചിലർക്ക് ലീഗ് സ്ഥാനാർത്ഥിയായി മത്സരിക്കാൻ നിന്നാൽ മാനഹാനി സംഭവിക്കുമോ എന്ന പേടി. ആരേയും കിട്ടാനില്ലാത്ത അവസ്ഥ. കോൺഗ്രസ്സ് ആഹ്ലാദത്തോടെ വിളിച്ചുകൂവി. "ലീഗ് മരിച്ചു."

ഒന്നും തന്നെ ബാധിക്കുന്നതല്ല എന്ന ഭാവമായിരുന്നു സീതിസാഹിബിന്. മല വന്നു വീഴട്ടെ അപ്പോൾ കാണാം എന്ന ചങ്കൂറ്റം. മനസ്സിന്റെ ഗരിമ നിലനിർത്തിക്കൊണ്ട് തന്നെ അദ്ദേഹം ലീഗിനുവേണ്ടി ഒരു സ്ഥാനാർത്ഥിക്കായി പിന്നെയും അന്വേഷിച്ചുകൊണ്ടിരുന്നു. മുസ്‌ലിംലീഗ് മരിച്ചിട്ടില്ലെന്നും മരിക്കുകയില്ലെന്നും ബോധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു ആ സുകൃതജന്മത്തിന്. സീതിസാഹിബിന്റെ ഒരു സ്ഥാനാർത്ഥിക്കുവേണ്ടിയുള്ള അന്വേഷണം എതിരാളികളിൽ പരിഹാസച്ചിരി വിടർത്തി. മുസ്‌ലിംലീഗ് ഇനിയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയോ? അവർ ആർത്തുചിരിച്ചു. മരിച്ചുപോയ മുസ്‌ലിംലീഗിന് ഇനിയൊരു ജന്മമോ? മറ്റൊരുദിവസം തന്റെ കാറുമെടുത്ത് വീണ്ടും സീതിസാഹിബ് ഒരു സ്ഥാനാർത്ഥിക്കുവേണ്ടി ഇറങ്ങിപ്പുറപ്പെട്ടു. ഈ പ്രാവശ്യം അദ്ദേഹം ചെന്നെത്തിയത് തിരൂരങ്ങാടിയിലായിരുന്നു.

തിരൂരങ്ങാടിയിൽ അദ്ദേഹം എം.കെ.ഹാജിയെ കണ്ടു. ഹാജിയേയും കൂട്ടി അദ്ദേഹം കാറിൽ കയറി. കാർ മഞ്ചേരി ലക്ഷ്യമാക്കി കുതിച്ചു. മഞ്ചേരിയിൽ എം.പി.എം.മൊയ്തീൻകുട്ടി കുരിക്കളുടെ ഭവനത്തിന്റെ പടിപ്പുരയിൽ ആ വാഹനം നിന്നു. കാറിൽനിന്നിറങ്ങിയ സീതിസാഹിബിനെയും എം.കെ.ഹാജിയേയും കണ്ടമാത്രയിൽ മൊയ്തീൻകുട്ടി കുരി

mappilaheritagelibrary.com

ക്കൾ ഓടിവന്ന് ഇരുവരേയും ആലിംഗനം ചെയ്ത് അകത്തേക്ക് വിളിച്ചു കൊണ്ടുപോയി. നാട്ടിലെ സ്ഥിതി അവർ പരസ്പരം പങ്കുവെച്ചു. ഒടുവിൽ സീതിസാഹിബ് മൊയ്തീൻകുട്ടി കുരിക്കളോട് പറഞ്ഞു: "മൊയ്തീൻകുട്ടി സാഹിബ് ലീഗിനൊരു സ്ഥാനാർത്ഥിയെ താങ്കൾ തരണം." മൊയ്തീൻകുട്ടി കുരിക്കൾ ആലോചിക്കാനൊന്നും നിന്നില്ല. അദ്ദേഹം പറഞ്ഞു: "സീതിസാഹിബ് താങ്കളിൽനിന്നും സമുദായത്തിന് നന്മ മാത്രമല്ലേ പ്രതീക്ഷിക്കാനുള്ളൂ. താങ്കൾക്ക് ഞാൻ ഉറപ്പുതരുന്നു. ലീഗിനൊരു സ്ഥാനാർത്ഥിയെ ഞാൻ തരും." ആ ഉറപ്പ് പാലിക്കപ്പെട്ടു. ഏറനാടിന്റെ ചൂരും ചുണയുമുള്ള എം.പി.എം.ഹസൻകുട്ടി കുരിക്കൾ ഉപതെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കപ്പെട്ടു. അതറിഞ്ഞ മുസ്ലിംലീഗിന്റെ സാധാരണ പ്രവർത്തകർ ഉച്ചത്തിൽ മുദ്രാവാക്യം വിളിച്ചു. തെരുവുകളിൽ പ്രകടനം നടത്തി. "മുസ്ലിംലീഗ് സിന്ദാബാദ്. സീതിസാഹിബ് സിന്ദാബാദ്". തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം ഏറനാടിന്റെയും വള്ളുവനാടിന്റെയും മുക്കിലും മൂലയിലും സീതിസാഹിബ് എത്തി. അദ്ദേഹത്തിന് മനസ്സിലായി മുസ്ലിംലീഗ് മരിച്ചിട്ടില്ല. ആയിരങ്ങളായ മാപ്പിളമാരുടെ ഹൃദയങ്ങളിൽ ലീഗ് ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഭീരുക്കളായ പ്രമാണിമാരും നേതാക്കളും മാത്രമാണ് പിരിഞ്ഞുപോയിരിക്കുന്നത്.

ഏറനാടിന്റേയും വള്ളുവനാടിന്റേയും ഗ്രാമവീഥികളിൽ തെരഞ്ഞെടുപ്പു കാഹളം മുഴങ്ങി. എവിടെയും പ്രചാരണത്തിന്റെ ചൂട്. ചാക്കീരി അഹമ്മദ്കുട്ടി തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന്റെ ചുക്കാൻ പിടിച്ചു. ഏറനാടിന്റെ വഴിത്താരകളിലൂടെ ചാക്കീരിയുടെ കാറ് തലങ്ങും വിലങ്ങും ഓടിക്കൊണ്ടിരുന്നു. ചാക്കീരി എന്ന ഏകാംഗപട്ടാളത്തിന്റെ ഉശിരൻ പ്രകടനം കണ്ട് എതിരാളികൾ ഞെട്ടി. കാറിന്റെ ബോണറ്റിൽ പച്ചപ്പതാക പറക്കുന്നത് കണ്ട് എതിരാളികൾ പല്ലുഞെരിച്ചു. സീതിസാഹിബും തെരഞ്ഞെടുപ്പ് ഗോദയിൽ ഇറങ്ങി. അദ്ദേഹത്തിന്റെ അംഗരക്ഷകനെപ്പോലെ എം.കെ.ഹാജിയും. എല്ലാം കൂടിയായപ്പോൾ തെരഞ്ഞെടുപ്പുരംഗം ജ്വലിക്കുവാൻ തുടങ്ങി. ഇതൊരു ജീവന്മരണ പോരാട്ടമായി തന്നെയാണ് സീതിസാഹിബ് കണ്ടത്.

ബദർ യുദ്ധത്തിനിറങ്ങുവെ അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ)കൈയ്യുയർത്തി അല്ലാഹുവിനോട് പറഞ്ഞില്ലേ. "നാഥാ ഈ യുദ്ധത്തിൽ ഞങ്ങൾ തോറ്റുപോയാൽ നിന്റെ നാമം ഉച്ചരിക്കുവാൻ ഒരു മുസ്ലിംപോലും ബാക്കിയുണ്ടാവില്ല." അതൊരു പ്രാർത്ഥനയും അർത്ഥനയുമായിരുന്നു. അല്ലാഹു ആ പ്രാർത്ഥന കേട്ടു.

രാത്രിയുടെ ഏകാന്തയാമങ്ങളിൽ സീതിസാഹിബും പ്രാർത്ഥിച്ചിരിക്കില്ലേ "ഈ തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗ് തോറ്റാൽ ഇനിയൊരു ഉയിർത്തെഴുന്നേൽപ്പ് ലീഗിനുണ്ടാവില്ല". അശരണരായ ഒരു സമുദായത്തിനുവേണ്ടിയുള്ള ആ പ്രാർത്ഥനയിൽ അദ്ദേഹത്തിന്റെ കണ്ണുകൾ നിറ

mappilaheritagelibrary.com

ഞ്ഞിരിക്കാം.

മുസ്‌ലിംലീഗ് നേതാക്കളായ മുഹമ്മദ് ഇസ്മയിൽ സാഹിബ്, പോക്കർ സാഹിബ്, എം.കെ.ഹാജി, ചാക്കീരി അഹമ്മദ് കുട്ടി, എൻ.എം.അൻവർ എം.എൽ.എ., എ.മുഹമ്മദ്റസാഖാൻ എം.എൽ.എ., ബാഫക്കി തങ്ങൾ, എം.എസ്.അബ്ദുൽമജീദ് എന്നിവർ സീതിസാഹിബിനൊപ്പം തെരഞ്ഞെടുപ്പിന് നേതൃത്വം നൽകിയപ്പോൾ അതൊരു യുദ്ധത്തിന്റെ കാഹളധ്വനിയായി. അതൊരു പടയോട്ടമായി ഏറനാടിന്റെ മണ്ണിലൂടെ. ഈ പടയോട്ടം കണ്ട് കോൺഗ്രസ്സിന്റെ കോട്ട കൊത്തളങ്ങൾ ചകിതമായി. അവിടെ അപ്പോഴും ഗ്രൂപ്പിസവും കുതികാൽവെട്ടും മുറക്ക് നടക്കുന്നുമുണ്ടായിരുന്നു. കെ.കേളപ്പന്റെ നേതൃത്വത്തിലുള്ള ഗ്രൂപ്പും സി.കെ.ഗോവിന്ദൻനായരുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പും തമ്മിലായിരുന്നു പോരാട്ടം. രണ്ടു ഗ്രൂപ്പുകാരും ഹസൻകുട്ടി കുരിക്കൾക്കെതിരെ സ്ഥാനാർത്ഥികളെ നിർത്തി. സി.കെ.ജിയുടെ സ്ഥാനാർത്ഥിയായി കെ.എ.ഇബ്രാഹിമും കേളപ്പന്റെ സ്ഥാനാർത്ഥിയായി പാലാട്ടുകുഞ്ഞിക്കോയയും നോമിനേഷൻ കൊടുത്തതോടെ ഗ്രൂപ്പിസം എല്ലാ മറകളും ഭേദിച്ച് പുറത്തുചാടി. ഒരുപാർട്ടിക്ക് രണ്ട് സ്ഥാനാർത്ഥികൾ. രണ്ട് സ്ഥാനാർത്ഥികൾക്ക് വേണ്ടിയും കോൺഗ്രസ്സുകാർ പരസ്യമായിത്തന്നെ തർക്കിച്ചു. മാതൃഭൂമി പത്രവും പക്ഷംപിടിച്ചു. പാലാട്ട് കുഞ്ഞിക്കോയ സ്ഥാനാർത്ഥിത്വം പിൻവലിക്കണമെന്ന് മാതൃഭൂമി ആവശ്യപ്പെട്ടു. കുഞ്ഞിക്കോയ അല്ല ഇബ്രാഹിം ആണ് പിൻവലിക്കേണ്ടതെന്ന് കേളപ്പനും. അവർ പരസ്പരം അങ്കം വെട്ടുമ്പോഴും മുസ്‌ലിംലീഗിനെ നഖശിഖാന്തം എതിർക്കുന്നതിൽ ഇരുഗ്രൂപ്പുകളും മത്സരിച്ചു.

1950 ലെ ഗ്രീഷ്മം. മൃഗതൃഷ്ണയായി കത്തിക്കാളുന്ന പകലുകൾ. പുറത്ത് ഗ്രീഷ്മജ്വാലകളാണെങ്കിൽ അകത്ത് തെരഞ്ഞെടുപ്പിന്റെ ഉമിത്തീനീറ്റൽ.

കോഴിക്കോട്ടും കോഴിക്കോടിന്റെ പ്രാന്തപ്രദേശങ്ങളിലും അപ്പോഴും കോൺഗ്രസ്സുകാരുടെ ഗുണ്ടാവിളയാട്ടം മുറക്ക് നടക്കുന്നുണ്ടായിരുന്നു. ദേശീയ മുസ്‌ലിംകളെന്ന ലേബലൊട്ടിച്ച ചിലർ മുസ്‌ലിംലീഗിനെതിരെ ഭീഷണികൾ മുഴക്കിക്കൊണ്ടിരുന്നു. അവരുടെ അനുയായികളാവട്ടെ അക്രമത്തിന്റെ വഴികളിലുമായിരുന്നു. കോഴിക്കോടിന്റെ അന്തരീക്ഷം കോൺഗ്രസ്സിന്റെ ഗുണ്ടാവിളയാട്ടത്താൽ ശ്വാസം മുട്ടുമ്പോഴാണ് പച്ചപ്പതാക പറപ്പിച്ചുകൊണ്ട് ഒരു പടക്കുതിരയെപ്പോലെ ചാക്കീരിയുടെ കാറ് കോഴിക്കോട് പട്ടണത്തിലെത്തിയത്. മുസ്‌ലിംലീഗുകാരെ പരിഹസിക്കുകയും അക്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന വേളയിൽ ഒരാൾ ഇതാ സധൈര്യം മുസ്‌ലിംലീഗിന്റെ പച്ചപ്പതാക പറപ്പിച്ചുകൊണ്ട് കടന്നു വന്നിരിക്കുന്നു. ലീഗിനെ കുഴിച്ചുമൂടുമെന്ന് വീമ്പിളക്കിയവർക്കിടയിലേക്ക് വന്ന ആ കാറ് കണ്ട് പലരും അത്ഭുതപ്പെട്ടു. ഇത്രയും ചങ്കൂറ്റമോ ഒരു ലീഗുകാരന്?

mappilaheritagelibrary.com

വിഭജനത്തിന് ശേഷം മുസ്‌ലിംലീഗിന്റെ പച്ചപ്പതാക കോഴിക്കോട് നഗരത്തിലൊരിടത്തും പാറിക്കളിക്കാൻ കോൺഗ്രസ്സുകാർ സമ്മതിച്ചിരുന്നില്ല. എവിടെയും ലീഗുകൊടികൾ ഉണ്ടായിരുന്നുമില്ല. അതിനിടയിലേക്കാണ് ഈ കാറ്. ആ ധീരനെ കാണുവാൻ ആളുകൾ ഉത്സുകരായി. കോഴിക്കോട് കലക്ടറേറ്റിലാണ് ആ വാഹനം നിന്നത്. കാറിൽനിന്നും ആദ്യം ചാക്കീരി അഹമ്മദ്കുട്ടി തന്നെ പുറത്തിറങ്ങി. തലയെടുപ്പോടെ നെഞ്ചുവിരിച്ച് അദ്ദേഹം ചുറ്റിലും കണ്ണോടിച്ചു. അദ്ദേഹത്തിന്റെ പിന്നാലെ സ്ഥാനാർത്ഥി എം.പി.എം.ഹസൻകുട്ടി കുരിക്കളും പുറത്തിറങ്ങി. പിന്നെ രണ്ടുമൂന്നു പ്രവർത്തകരും. അവർ കലക്ടറേറ്റിന്റെ പടികൾ ചവിട്ടിക്കയറവേ, കലക്ടറേറ്റിൽ ഉണ്ടായിരുന്ന ആളുകളും ജീവനക്കാരും ഈ അതിശയക്കാഴ്ച കാണാൻ തിക്കിത്തിരക്കി. ഹൈദരാബാദ് ആക്ഷന്റെ തീക്ഷ്ണഭാവം നിറഞ്ഞുനിൽക്കുമ്പോൾ ലീഗ് നേതാക്കളെന്ന് പറഞ്ഞുനടന്നവർ മാളങ്ങളിൽ അഭയം തേടിയപ്പോൾ, പ്രമാണിമാർ പോലീസിനെ പേടിച്ച് കഴിയുമ്പോൾ ഇതാ രണ്ട് മനുഷ്യർ നിർഭയരായി കാറിന്റെ ബോണറ്റിൽ പച്ചപ്പതാകയും പറപ്പിച്ച് ചങ്കൂറ്റത്തോടെ വന്നിരിക്കുന്നു. അതും അധികാരത്തിന്റെ കുഞ്ചിക സ്ഥാനത്ത്. അവർ ഒന്നും സംഭവിക്കാത്ത മട്ടിൽ കലക്ടറുടെ ചേംബറിലേക്ക് കടന്നു. കയ്യിൽ കരുതിയ നോമിനേഷൻ പത്രിക ഹസൻകുട്ടി കുരിക്കൾ കലക്ടർക്ക് നൽകി. കലക്ടർ പത്രിക വായിച്ച് തലകുലുക്കി. ചാക്കീരിയും ഹസൻകുട്ടി കുരിക്കളും ഒന്നും സംഭവിക്കാത്ത മട്ടിൽ തിരികെ കാറിൽ വന്നു കയറി. അവരെ വഹിച്ചുകൊണ്ട് ആ കാറ് ഏറനാട്ടിലേക്ക് തന്നെ കുതിച്ചു. അപ്പോഴും ആ പച്ചപ്പതാക കാറിന്റെ ബോണറ്റിൽ പാറിക്കളിക്കുന്നുണ്ടായിരുന്നു. എതിരാളികളെ വെല്ലുവിളിക്കുംവിധം. കോൺഗ്രസ്സുകാർ ആകെ സ്തംഭിച്ചുപോയ ഒരു സംഭവമായിരുന്നു നോമിനേഷൻ സമർപ്പണം. എന്നാൽ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം കോഴിക്കോട് ചേർന്ന മുസ്‌ലിം ലീഗ് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഇസ്മയിൽ സാഹിബിനെതിരെ കോൺഗ്രസ്സുകാർ കരിങ്കൊടി ഉയർത്തി. ചില തെണ്ടിപ്പിള്ളേരെ ദേശീയ മുസ്‌ലിംകൾ ഇതിനായി നേരത്തെതന്നെ ശട്ടംകെട്ടിയിരുന്നു. ഇസ്മയിൽ സാഹിബ് അണുവിട കുലുങ്ങിയില്ല. സമുദായദ്രോഹികൾ ആരൊക്കെയാണെന്നും അവർ എവിടെയൊക്കെയാണ് നിൽക്കുന്നതെന്നും ഈ കരിങ്കൊടി പ്രകടനത്തിലൂടെ വ്യക്തമായി. അവരുടെ ഉള്ളിലെ കരി കൊടിയായി പുറത്തേക്ക് വരികയായിരുന്നു. കണ്ണൂരിൽനിന്നും പുറപ്പെടുന്ന 'ദേശമിത്രം' വാരികയിൽ ഈ കരിങ്കൊടിപ്രകടനത്തെ അതിനിശിതമായി വിമർശിച്ചുകൊണ്ട് പി.വി.കെ.നെടുങ്ങാടി ഉശിരൻ വാർത്താലേഖനമെഴുതി. ആർ.എസ്.എസ്.അനുകൂലപത്രമായ 'പ്രതാപ്' എഴുതി: "മുസ്‌ലിം ജനസമൂഹത്തിന്റെ മനസ്സിൽ മുസ്‌ലിംലീഗ് ഇപ്പോഴും പച്ചപിടിച്ച് നിൽക്കുകയാണെന്നും അവരുടെ മനോഭാവത്തിന് കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ലെന്നും മുസ്‌ലിംലീഗ് നേതാക്കൾക്ക് ലഭി

mappilaheritagelibrary.com

ച്ച സ്വീകരണത്തിൽനിന്നും വ്യക്തമാകുന്നുണ്ട്." ഗ്രീഷ്മജ്വാലകൾപോലെ തെരഞ്ഞെടുപ്പ് രംഗവും ആളിക്കത്തുവാൻ തുടങ്ങി. എണ്ണയിട്ട യന്ത്രം പോലെ ലീഗ് പ്രവർത്തകരും പ്രാർത്ഥനാനിർഭരമായ ഹൃദയത്തോടെ നേതാക്കളും ഒരേസമയം തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിൽ മുഴുകി. ഭീഷണികൾ കൊണ്ടൊന്നും മുസ്ലിംലീഗ് മരിച്ചിട്ടില്ലെന്ന തിരിച്ചറിവിൽ കോൺഗ്രസ്സുകാർ വിറളിപിടിച്ചതുപോലെയായി. കോൺഗ്രസ്സിന് രണ്ട് സ്ഥാനാർത്ഥികൾ ഉണ്ടായാൽ തോൽക്കുമെന്ന് അവർക്കുറപ്പായി. ഇബ്രാഹിമിന് നൽകിയ അംഗീകാരം കെ.പി.സി.സി.പിൻവലിച്ചു.

വിമതസ്ഥാനാർത്ഥിയായിട്ടായിരുന്നു പാലാട്ട് കുഞ്ഞിക്കോയ മത്സരിക്കാനിറങ്ങിയിരുന്നത്. നടപടി വന്നേക്കുമെന്ന ഭയത്താൽ അദ്ദേഹം സ്വയം തെരഞ്ഞെടുപ്പ് രംഗത്തുനിന്ന് പിന്മാറി. നോമിനേഷൻ പത്രിക പിൻവലിക്കുന്ന സമയം കഴിഞ്ഞിരുന്നു. അതിനാൽ ഇരുവരുടേയും പേരും ചിഹ്നവും ബാലറ്റ് പേപ്പറിൽ ഉണ്ടായിരുന്നു. അപ്പോൾ അവർ രഹസ്യമായി വോട്ട് പിടിക്കാൻ തുടങ്ങി.

1950 ഒക്ടോബർ 28. അന്നായിരുന്നു ചരിത്രം നിർമ്മിച്ച തെരഞ്ഞെടുപ്പ് ദിനം. ഒക്ടോബർ 31 ന് വോട്ടെണ്ണി. വമ്പിച്ച ജനക്കൂട്ടമായിരുന്നു വോട്ടെണ്ണൽ കേന്ദ്രത്തിൽ തടിച്ചുകൂടിയിരുന്നത്. മുസ്ലിംലീഗിനെ സംബന്ധിച്ചിടത്തോളം ഇത് വെറുമൊരു ഉപതെരഞ്ഞെടുപ്പ് മാത്രമായിരുന്നില്ല. പാർട്ടി നിലനിൽക്കുമോ ഇല്ലയോ എന്ന് തീരുമാനിക്കപ്പെടുന്ന അതിനിർണ്ണായകമായ ദിവസവും കൂടിയായിരുന്നു. വോട്ടെണ്ണി തീർന്നതായും ഫലപ്രഖ്യാപനം നടത്തുന്നതായും അറിയിപ്പുവന്നപ്പോൾ ആളുകൾ ചെവികൂർപ്പിച്ചു. ഫലപ്രഖ്യാപനം ഒടുവിൽ പുറത്തേക്കൊഴുകി. എം.പി.എം.ഹസൻകുട്ടി കുരിക്കൾ 7754 വോട്ട്, പാലാട്ട് കുഞ്ഞിക്കോയ 214 വോട്ട്, കെ.എ.ഇബ്രാഹിം 290 വോട്ട് എന്നിങ്ങനെ കിട്ടിയതായി ഫലം വന്നപ്പോൾ അമിട്ടുപൊട്ടുന്നതുപോലുള്ള ആഹ്ലാദാരവങ്ങളാണ് മുസ്ലിംലീഗ് പ്രവർത്തകർ ഉയർത്തിയത്. മുദ്രാവാക്യങ്ങളുടെ പേമാരിയാണ് കലക്ടറേറ്റ് പരിസരത്ത് ആർത്തുപെയ്തത്.

വിജയവാർത്ത അറിഞ്ഞ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് ഹസൻകുട്ടികുരിക്കൾക്ക് അഭിനന്ദന സന്ദേശമയച്ചു."അല്ലാഹു അക്ബർ. എന്റെ അകമഴിഞ്ഞ അഭിനന്ദനങ്ങൾ. മുസ്ലിംകൾ അവരുടെ സംഘടനയേയും ഉൽകൃഷ്ട ലക്ഷ്യത്തേയും പതറാതെ നിന്ന് പിന്താങ്ങുന്നുവെന്നത് ശ്ലാഘനീയമാംവിധം പ്രകടമായിരിക്കുന്നു."

ഇതേവർഷം തന്നെ മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് വണ്ടൂരിൽ നടന്ന ഉപതെരഞ്ഞെടുപ്പിലും മുസ്ലിം ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച എൻ.മരക്കാർ ഹാജി വമ്പിച്ച ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ടു. തമിഴ്നാട്ടിൽ നടന്ന ഉപ തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച എ.കെ.ജമാലിയും തെരഞ്ഞെടുക്കപ്പെട്ടു.

മുഖ്യ എതിരാളി കോൺഗ്രസ്സിലെ എസ്.കെ.അഹമ്മദ് ആയിരുന്നു.

mappilaheritagelibrary.com

തന്റെ ജീവനുള്ള കാലത്തോളം മുസ്‌ലിംലീഗിനെ നശിപ്പിക്കാൻ ശ്രമിക്കുമെന്ന് നിയമസഭയിൽ പറഞ്ഞ പഴയ ആഭ്യന്തരമന്ത്രി സുബ്ബരായൻ വരെ കോൺഗ്രസ്സ് സ്ഥാനാർത്ഥിക്ക് വേണ്ടി പ്രചാരണത്തിനായി എത്തിയിരുന്നു. എന്റെ ജീവനുള്ള കാലത്തോളം മുസ്‌ലിംലീഗിനെ നിലനിർത്തുമെന്ന് അന്ന് മറുപടി പറഞ്ഞ സീതിസാഹിബിന്റെ വാക്കുകളാണ് അല്ലാഹു സ്വീകരിച്ചത്.

സീതിസാഹിബിന്റെ ധൈര്യവും അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തിലൂന്നിയുള്ള പ്രവർത്തനവുമായിരുന്നു ലീഗ് മരിച്ചിട്ടില്ലെന്ന് ലോകത്തെ ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞത്. അതിനൊരു നിമിത്തമായിത്തീരുകയായിരുന്നു ഹസൻകുട്ടി കുരിക്കളുടെ തെരഞ്ഞെടുപ്പ്. ഈ തെരഞ്ഞെടുപ്പോടുകൂടി മുസ്‌ലിംലീഗിന്റെ ജൈത്രയാത്ര ആരംഭിക്കുകയായി. കനലാഴിയിൽനിന്നും ജ്വലിച്ചു പൊങ്ങിക്കൊണ്ട്, അഗ്നിജ്വാലയിൽ വസന്തം കിനാവു കണ്ടുകൊണ്ട്.

mappilaheritagelibrary.com

ഇരുപത്
തെരഞ്ഞെടുപ്പുകൾക്കിടയിൽ ചോരപ്പാട്

1948 മാർച്ച് 10 ന് മദിരാശി രാജാജി ഹാളിൽ ചേർന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ പ്രഥമ യോഗത്തിൽ വെച്ച് തന്നെ സംഘടനയുടെ ലക്ഷ്യങ്ങളെക്കുറിച്ചും പരിപാടിയെക്കുറിച്ചും വിശദമായ ചർച്ച നടന്നിരുന്നു. എന്നാൽ പാർട്ടിക്കൊരു ഭരണഘടന ഉണ്ടായിരുന്നില്ല. നിയതമായൊരു ഭരണഘടന അനിവാര്യമായിരുന്നു. ഭരണഘടനാസമിതിയുടെ അധ്യക്ഷനായി സീതിസാഹിബിനെ തെരഞ്ഞെടുത്തിരുന്നു. 1951 സെപ്തംബർ 1 ന് ചേർന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ കൗൺസിലിൽ സീതിസാഹിബ് അവതരിപ്പിച്ച ഭരണഘടന ഐകൃകണ്ഠേന അംഗീകരിച്ചു.

തുടർന്നാണ് 1952 ൽ മദിരാശി നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പ് നടന്നത്. 1950 ജനുവരി 26 ന് ഇന്ത്യ റിപ്പബ്ലിക്കായതിന് ശേഷം നടക്കുന്ന ആദ്യ തെരഞ്ഞെടുപ്പ്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും വോട്ടു ചെയ്യാൻ ലഭിച്ച ആദ്യാവസരം. നേരത്തെ നടന്ന തെരഞ്ഞെടുപ്പുകളിലെല്ലാം നികുതി നൽകുന്നവർക്ക് മാത്രമായിരുന്നു വോട്ടവകാശം. മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിരുന്ന സബ് കമ്മിറ്റി, ശാഖാ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ നിരന്തരമായി ഇടപെട്ടിരുന്നതിനാൽ മുസ്‌ലിംലീഗ് പ്രവർത്തനം ഊർജ്ജസ്വലമായി തന്നെ മുന്നോട്ട് പോയിരുന്നു. എന്നാൽ കോൺഗ്രസ്സിനകത്തെ ഗ്രൂപ്പിസം ആ പാർട്ടിയെ നാൾക്ക് നാൾ ക്ഷീണിപ്പിക്കുകയായിരുന്നു. ഗ്രൂപ്പിസത്തിൽ മനം മടുത്ത പലരും ആ പാർട്ടിയെ ഉപേക്ഷിച്ച് പുതിയ പാർട്ടികൾ രൂപീകരിക്കുകയോ മറ്റു പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കുകയോ ചെയ്തു.

ആചാര്യകൃപലാനി മുതൽ മലബാറിലെ കോൺഗ്രസ്സിന്റെ നെടുംതൂണായിരുന്ന കെ.കേളപ്പൻ വരെ കോൺഗ്രസ് വിട്ടു. അവർ കിസാൻ മസ്ദൂർ പ്രജാ പാർട്ടി എന്ന പേരിൽ പുതിയൊരു രാഷ്ട്രീയ പാർട്ടിയുണ്ടാക്കി. മുഖ്യധാരയിൽ നിന്നകറ്റിനിർത്തിയിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി

mappilaheritagelibrary.com

യുമായി കെ.കേളപ്പന്റെ കെ.എം.പി. മദിരാശി സ്റ്റേറ്റ് തെരഞ്ഞെടുപ്പിൽ സഖ്യമുണ്ടാക്കിയത് പൊതുജനം അതിശയത്തോടെയാണ് കണ്ടത്. അതുവരെ കമ്മ്യൂണിസ്റ്റ് പാർട്ടിയെ അതികഠിനമായി എതിർത്തുപോന്നിരുന്ന കേളപ്പൻ കമ്മ്യൂണിസ്റ്റ് നേതാവായ എ.കെ.ഗോപാലന്റെ കൂടെ വേദി പങ്കിടുന്നത് കണ്ട് ജനം മൂക്കത്ത് വിരൽ വെച്ചു. അധികാര മോഹം മാത്രമായിരുന്നു കെ.കേളപ്പനെ ഇങ്ങിനെ ചെയ്യിച്ചതെന്ന് എം.സി.വടകര 'സി.എച്ച്.മുഹമ്മദ്കോയ: രാഷ്ട്രീയജീവചരിത്രം' എന്ന ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നുണ്ട്.

തനിച്ചുനിന്ന് ശക്തി പരീക്ഷിക്കാനിറങ്ങിയ കോൺഗ്രസ്, കെ.എം.പി. കമ്മ്യൂണിസ്റ്റ് സംഖ്യം, ഒറ്റക്ക് മത്സരിക്കുന്ന സോഷ്യലിസ്റ്റ് പാർട്ടി, പിന്നെ ഇതൊരു തെരഞ്ഞെടുപ്പ് യുദ്ധമായി തന്നെ കണ്ട് കച്ചകെട്ടിയിറങ്ങിയ മുസ്ലിംലീഗ്. ഇതായിരുന്നു തെരഞ്ഞെടുപ്പ് ഗോദയിലെ ചിത്രം.

1952 ജനുവരി 2-ാം തിയ്യതി മുതൽ മൂന്ന് ആഴ്ചകളിലായി തെരഞ്ഞെടുപ്പ് നടന്നു. തിരൂരിൽ നിന്നും മത്സരിച്ച കെ.ഉപ്പിസാഹിബ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് കെ.ദാമോദരന്റെ ജാമ്യസംഖ്യ നഷ്ടപ്പെടുത്തിക്കൊണ്ട് വിജയിച്ചു. കോട്ടക്കലിൽനിന്ന് ചാക്കീരി അഹമ്മദ്കുട്ടിയും പെരിന്തൽമണ്ണയിൽനിന്ന് കെ.കെ.മുഹമ്മദ് ശാഫിയും മലപ്പുറത്ത് നിന്ന് കെ.എം. സീതിസാഹിബും മലപ്പുറം റിസർവേഷൻ സീറ്റിൽനിന്ന് എം.ചടയനും അടക്കം മുസ്ലിംലീഗിന്റെ അഞ്ച് നേതാക്കൾ മദിരാശി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ബി.പോക്കർസാഹിബ് മലപ്പുറം ലോകസഭാ മണ്ഡലത്തിൽനിന്നു പാർലിമെന്റിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. സീതിസാഹിബിനെതിരെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ആനക്കയത്തെ ഇസ്ഹാക്കും കോൺഗ്രസ് സ്ഥാനാർത്ഥി കെ.എ.ഇബ്രാഹീമും മത്സരിച്ചിരുന്നു. മുസ്ലിംലീഗിന്റെ അഞ്ച് നേതാക്കൾ മദിരാശി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ കോൺഗ്രസ്സിന് നാല് എം.എൽ.എ.മാരെക്കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. ഇത് കോൺഗ്രസ്സുകാരെ വിറളിപിടിപ്പിച്ചു. അവർക്ക് മുസ്ലിംലീഗിനോടുള്ള ശത്രുത വർദ്ധിക്കുകയും ചെയ്തു. മദിരാശിയിലെ പ്രമുഖ കോൺഗ്രസ് നേതാക്കളെല്ലാം പരാജയപ്പെട്ടു. കൂട്ടത്തിൽ പഴയ ആഭ്യന്തരമന്ത്രിയായ സുബ്ബരായനും. സീതിസാഹിബ് വജയിശ്രീലാളിതനായി നിയമസഭയിൽ എത്തിയപ്പോൾ സുബ്ബരായൻ അവിടെ ഇല്ലാതെപോയത് വിധിയുടെ മധുരോദാരമായ സമ്മാനംതന്നെയായിരുന്നു.

'കമ്മ്യൂണിസ്റ്റ്' കെ.എം.പി. മുന്നണിക്ക് ഒരു മന്ത്രിസഭ ഉണ്ടാക്കുക സാധ്യമായിരുന്നില്ല. അവർ മുസ്ലിംലീഗിന്റെ പിന്തുണക്ക് വേണ്ടി എല്ലാവിധ ശ്രമങ്ങളും നടത്തി. അസംബ്ലിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് പി.രാമമൂർത്തിയെ പാർട്ടി ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാലുണ്ടാകുന്ന വിപത്ത് മുസ്ലിംലീഗ് മുൻകൂട്ടി കണ്ടു. മന്ത്രിസഭ ഉണ്ടാക്കാനാ

mappilaheritagelibrary.com

യി കോൺഗ്രസ്സിന് മുസ്ലിംലീഗ് പിന്തുണ നൽകുന്നത് ഈ പശ്ചാത്ത ലത്തിലാണ്. ഉപ്പിസാഹിബിന്റെ അധ്യക്ഷതയിൽ അസംബ്ലി പാർട്ടി ഈ തീരുമാനമെടുക്കുകയും ചെയ്തു.

1952 മാർച്ച് 31 ന് സി.രാജഗോപാലാചാരിയെ കോൺഗ്രസ് അസംബ്ലി പാർട്ടി ലീഡറായി തെരഞ്ഞെടുത്തു. 1952 ഏപ്രിൽ 9 ന് രാജാജി മന്ത്രി സഭ അധികാരത്തിൽ വന്നു. രാജാജി മന്ത്രിസഭയുടെ ചർച്ചായോഗങ്ങ ളിലേക്ക് ഉപ്പിസാഹിബും സീതിസാഹിബും പതിവായി ക്ഷണിക്കപ്പെട്ടു. അവരുടെ അഭിപ്രായങ്ങൾക്ക് രാജഗോപാലാചാരി മുന്തിയ പരിഗണന നൽകുകയും ചെയ്തു.

രാജാജി സർക്കാറിന്റെ നയങ്ങളെ കാര്യകാരണസഹിതം അനുകൂ ലിച്ചുകൊണ്ട് സീതിസാഹിബ് സഭയിൽ നടത്താറുള്ള അത്യുജ്ജ്വലങ്ങ ളായ പ്രസംഗങ്ങൾക്ക് സീതിസാഹിബിനോടു കൃതജ്ഞത പ്രകടിപ്പി ക്കാറുണ്ടായിരുന്നു രാജാജി.

ഇതിനിടയിലാണു മദിരാശി സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നത്. മലബാറിലാണെങ്കിൽ കോൺഗ്രസ്സി ന്റെ നില മെച്ചപ്പെട്ടിരുന്നില്ല. കോൺഗ്രസ് നേതൃത്വം മുസ്ലിം ലീഗുമാ യി സഖ്യത്തിലേർപ്പെടാൻ തയ്യാറായി. എന്നാൽ കോൺഗ്രസ്സിലെ ദേ ശീയ മുസ്ലിംകൾ എന്ന പേരിൽ അറിയപ്പെടുന്നവർ ഇതിനെ എതിർ ത്തു. മുസ്ലിംലീഗുമായി ചേർന്നാൽ പാർട്ടിയിൽ അവർക്കുള്ള സ്ഥാന ങ്ങൾ നഷ്ടമായേക്കുമോ എന്നായിരുന്നു അവരുടെ പേടി. തമിഴ്നാട് കോൺഗ്രസ്സ് പ്രസിഡണ്ട് സുബ്ബരായനും മലബാർ ജില്ലാ കോൺഗ്രസ്സ് പ്രസിഡണ്ട് എ.വി.കുട്ടിമാളു അമ്മയും ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ് മയിൽ സാഹിബും സീതിസാഹിബും ചർച്ചചെയ്ത് കോൺഗ്രസ് ലീഗ് സഖ്യം ഉറപ്പിച്ചു. ഇത് സംബന്ധിച്ച് പത്രക്കാർ ചോദിച്ചപ്പോൾ ഇസ്മാ യിൽ സാഹിബ് നടന്ന സത്യം തുറന്ന് പറഞ്ഞു. സഖ്യം നിലവിൽ വന്ന കാര്യം പരസ്യമായത് കോൺഗ്രസ്സുകാർക്കിഷ്ടപ്പെട്ടില്ല. അവർക്ക് വേ ണ്ടിയിരുന്നത് രഹസ്യബാന്ധവമായിരുന്നു.

അവരുടെ ഈ മിഥ്യാഭിമാന കുമിളകൾ പൊട്ടിക്കുന്നതായി ഇസ്മ യിൽ സാഹിബിന്റെ വെളിപ്പെടുത്തൽ. ഇസ്മയിൽ സാഹിബിന്റെ പ്രസ് താവന സുബ്ബരായൻ നിഷേധിക്കുകയാണ് ചെയ്തത്. ലീഗുമായി യാ തൊരു സഖ്യവും ഉണ്ടാക്കിയിട്ടില്ലെന്ന് വ്യക്തമാക്കുവാൻ ആഗ്രഹിക്കു ന്നതായി അദ്ദേഹത്തിന്റെ പ്രസ്താവന സെപ്തംബർ 17 ലെ പത്രങ്ങ ളിൽ പ്രസിദ്ധീകരിച്ചു. പതിവുപോലെ മാതൃഭൂമിയും ഈ സഖ്യത്തിനെ തിരെ രംഗത്ത് വന്നു. സുബ്ബരായന്റെ നിഷേധത്തിന്റെ പൊള്ളത്തരങ്ങൾ ഇസ്മയിൽ സാഹിബ് തുറന്നുകാണിച്ചു. പിന്തുണ ചർച്ച ചെയ്ത് തീരു മാനിച്ചതാണെന്നും അതനുസരിച്ച് മുസ്ലിംലീഗ് സ്ഥാനാർത്ഥികൾ ഉ ള്ള സ്ഥലങ്ങളിൽ അവർക്ക് വേണ്ടി പ്രവർത്തിക്കുമെന്നും അല്ലാത്ത ഇ ടങ്ങളിൽ കോൺഗ്രസ് സ്ഥാനാർത്ഥികൾക്ക് പിന്തുണ നൽകുമെന്നും

mappilaheritagelibrary.com

ഇസ്മയിൽ സാഹിബ് പറഞ്ഞപ്പോൾ സഹായത്തിന് നന്ദിപറയുകയാ യിരുന്നു സുബ്ബരായൻ.

സുബ്ബരായൻ തള്ളിപ്പറഞ്ഞെങ്കിലും ലീഗു കോൺഗ്രസ് സഖ്യം നി ലവിൽ വന്നിരുന്നു. ഇസ്മയിൽ സാഹിബ് പറയുന്നതാണ് സത്യമെന്ന് എല്ലാവർക്കും അറിയാമായിരുന്നു. കോഴിക്കോട് മുനിസിപ്പാലിറ്റിയിലേ ക്ക് നടന്ന തെരഞ്ഞെടുപ്പിൽ സി.എച്ച്.മുഹമ്മദ്കോയ സാഹിബ് അട ക്കം ലീഗിന്റെ അഞ്ച് പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെട്ടു. സി.എച്ചി നെ കൂടാതെ ടി.അബ്ദുൽമജീദ്, പി.പി.ആലിക്കോയ, പി.ടി.അവറാൻകോ യ, ഇട്ടോളി അഹമ്മദ് കോയ എന്നീ ലീഗ് സ്ഥാനാർത്ഥികളാണ് കോഴി ക്കോട് മുനിസിപ്പാലിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്.

സാധാരണ ജനങ്ങൾ മുസ്ലിംലീഗിനെ അംഗീകരിച്ചതിന്റെ തെളിവു കളായിരുന്നു തെരഞ്ഞെടുപ്പ് വിജയങ്ങൾ. തെരഞ്ഞെടുക്കപ്പെട്ട നേതാ ക്കൾ മുഴുവൻ ചെറുപ്പക്കാരും. ചെറുപ്പക്കാരുടെ ഇടയിൽ പാർട്ടിക്ക് വേ രോട്ടം ഉണ്ടായിരിക്കുന്നതായി സീതിസാഹിബിനും നേതാക്കൾക്കും ബോ ധ്യമായി. പുതിയ തലമുറയുടെ കൈകളിൽ പാർട്ടി ഭദ്രമായിരിക്കുമെന്ന് സീതിസാഹിബിന് ഉറപ്പായി. എട്ട് മാസം മുമ്പ് നടന്ന അസംബ്ലി തെര ഞ്ഞെടുപ്പിൽ കോൺഗ്രസിന് നാല് സീറ്റുകൾ കൊണ്ട് മാത്രം തൃപ്തി പ്പെടേണ്ടി വന്നപ്പോൾ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുകളിൽ ലീഗിന്റെ സഹായത്തോടെ മലബാർ ജില്ലയിലെ ഭൂരിപക്ഷം മുനിസിപ്പാലിറ്റികളും അവർക്ക് നേടിയെടുക്കാനായി. അഞ്ച് മുനിസിപ്പാലിറ്റികളിൽ അവർ ഭൂ രിപക്ഷം ഉറപ്പിച്ചു.

മുസ്ലിംലീഗിന്റെ വേരോട്ടത്തിന്റെ മറ്റൊരു നേർപതിപ്പായിരുന്നു കോൺഗ്രസ്സിന്റെ ഈ വിജയം. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ഏറ്റവും വലിയ ഒറ്റകക്ഷി മുസ്ലിം ലീഗായിരുന്നു. കോൺഗ്രസ്സും സിവിൽബോ ഡ് എന്ന പാർട്ടിയും ലീഗിനോട് ചെയർമാൻ സ്ഥാനം ഏറ്റെടുക്കുവാൻ അഭ്യർത്ഥിച്ചു. അത് മുസ്ലിംലീഗിന്റെ ന്യായമായ അവകാശമായിരുന്നെ ങ്കിലും ലീഗ് നേതാക്കൾ അത് വേണ്ടെന്ന് വെക്കുകയായിരുന്നു. മുസ് ലിം ലീഗിന് അധികാര മോഹമല്ല ലക്ഷ്യമെന്ന് മറ്റു കക്ഷികളെ ബോ ധ്യപ്പെടുത്താനും കൂടിയായിരുന്നു ഈ സ്ഥാനത്യാഗം. ആദർശാധിഷ്ഠി തമായ ഒരു നേതൃനിരയാണു മുസ്ലിംലീഗിനുള്ളതെന്ന് ഇതരകക്ഷി കൾക്ക് ബോധ്യപ്പെടുകയായിരുന്നു ഇത് വഴി. ലീഗ് കോൺഗ്രസ്സ് സഖ്യ ത്തിനെതിരെ നിരന്തരം പ്രവർത്തിക്കുകയായിരുന്നു ദേശീയ മുസ്ലിം കൾ. അവർ നേരത്തെ തന്നെ സഖ്യത്തിനെതിരെ കേന്ദ്രനേതൃത്വത്തിന് തുരുതുരാ കമ്പിസന്ദേശങ്ങളയച്ചിരുന്നു. കോൺഗ്രസ്സിലെ വർഗ്ഗീയവാ ദികളുമായി കൈകോർക്കുവാൻ വരെ അവർ സന്നദ്ധരായി. ലീഗിന്റെ സഹായത്തോടെ പാലക്കാട് മുനിസിപ്പാലിറ്റിയിൽ അധികാരത്തിൽ വ ന്ന കോൺഗ്രസ്സ് ഏറെ താമസിയാതെ ലീഗിനെ തള്ളിപ്പറഞ്ഞുകൊണ്ട് അവരുടെ തനിനിറം പുറത്ത് കാണിച്ചു. മുസ്ലിംലീഗ് നേതാക്കളെ ആ

mappilaheritagelibrary.com

ക്ഷേപിച്ചു പ്രമേയം പാസാക്കി.

ഇതിനിടെ മദിരാശി സംസ്ഥാന കോൺഗ്രസ് നേതൃത്വത്തിൽ കുഴപ്പ ങ്ങളാരംഭിച്ചിരുന്നു. രാജാജി മുഖ്യമന്ത്രിസ്ഥാനം രാജിവെച്ചു. പകരം കാ മരാജ നാടാർ മുഖ്യമന്ത്രിയായി. ആ നേരവും കോൺഗ്രസിന് ലീഗ് പി ന്തുണ നൽകി. കാമരാജ് നാടാർ സ്ഥാനാർത്ഥിയായി മത്സരിച്ച ഗുഡി യാട്ടം ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹം ലീഗിന്റെ പിന്തുണ അഭ്യർത്ഥി ച്ചു. ഗുഡിയാട്ടം മണ്ഡലത്തിൽ മുസ്ലിംലീഗിന് നിർണ്ണായക വോട്ടുകളു ണ്ടായിരുന്നു. ലീഗ് അദ്ദേഹത്തിന് പിന്തുണ നൽകി. അദ്ദേഹം വിജയി ക്കുകയും ചെയ്തു. മുസ്ലിംലീഗിന്റെ വോട്ടുകളാണ് തന്നെ വിജയിപ്പി ച്ചതെന്ന് ഇസ്മയിൽ സാഹിബിന്റെ വസതിയൽ ചെന്ന് പിന്തുണക്ക് ന ന്ദി പറയവെ അദ്ദേഹം തുറന്നുപറഞ്ഞു.

ഇതിന് ശേഷമാണ് മലബാർ ഡിസ്ട്രിക്ട് ബോഡ് തെരഞ്ഞെടുപ്പ് വന്നത്. തെരഞ്ഞെടുപ്പിൽ ലീഗുമായി സഖ്യമുണ്ടാക്കാൻ കാമരാജ നാ ടാർ മലബാറിൽ വന്നെങ്കിലും പതിവുപോലെ കോൺഗ്രസ്സിലെ ദേശീയ മുസ്ലിംകൾ എതിർപ്പുമായി രംഗത്ത് വന്നിരുന്നതിനാൽ ആ സഖ്യം ന ടന്നില്ല. ഇതിന്റെ ഫലമായി ഡിസ്ട്രിക്ട് ബോഡ് ഭരണം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ലഭിക്കുകയും ചെയ്തു. ദേശീയ മുസ്ലിംകളുടെ പിടിവാശി വരുത്തിവെച്ച ദുരന്തം. മദിരാശി അസംബ്ലിയിൽ നിയമനിർമ്മാണ പ്ര വർത്തനങ്ങളിൽ മുഴുകുമ്പോഴും പുറത്ത് ദിവസേന രണ്ടുംമൂന്നും പൊ തുയോഗങ്ങളിലും മതസാമൂഹ്യ സാംസ്കാരിക യോഗങ്ങളിലും പങ്കെ ടുത്തു സംസാരിക്കുക സീതിസാഹിബിന്റെ പതിവായിരുന്നു. മാസ്മരി ക പ്രഭാവമുള്ള സീതിസാഹിബിന്റെ പ്രസംഗം വേണമെന്ന് സംഘാട കർക്ക് നിർബന്ധമുണ്ടായിരുന്നു. സീതിസാഹിബിനെ വെല്ലുന്ന ഒരു പ്രാ സംഗികൻ ആ കാലത്ത് ഇല്ലാതിരുന്നതിനാൽ സംഘാടകർക്കെല്ലാം അ ദ്ദേഹം അനിവാര്യമായിത്തീർന്നു. ആരെയും മുഷിപ്പിക്കാതെ അർദ്ധരാ ത്രിവരെ ഇങ്ങിനെ പൊതുയോഗങ്ങളിൽ സീതിസാഹിബ് പങ്കെടുത്തു കൊണ്ടിരുന്നു. ആരോഗ്യം പോലും ശ്രദ്ധിക്കാതെ പിൽക്കാലത്ത് മുസ് ലിംലീഗിൽ ഈ അപൂർവ്വ ബഹുമതിക്കർഹനായ ഏക നേതാവായിരു ന്നു സി.എച്ച്.മുഹമ്മദുകോയാ സാഹിബ്.

***

1952 ഒക്ടോബർ മാസം

മലബാറിന്റെ മാറിടത്തിൽ രക്തമൊഴുകിയ ദിനരാത്രങ്ങൾ. കോഴി ക്കോടിനും തലശ്ശേരിക്കും ഇടയിലുള്ള പയ്യോളിയിൽ സാമുദായിക ക ലാപം പൊട്ടിപ്പുറപ്പെട്ടു. മതസൗഹാർദ്ദത്തിന്റേയും സഹിഷ്ണുതയുടെ യും മൂർത്തിമദ്ഭാവം ഉൾക്കൊണ്ട് പ്രവർത്തിച്ചിരുന്ന മുസ്ലിംലീഗ് പ്ര വർത്തകരായിരുന്നില്ല ഇത്തരമൊരു കലാപത്തിന്റെ കാരണക്കാർ. ഏ തവസ്ഥയിലും മുസ്ലിം സഹോദരന്മാരോട് സംയമനം പാലിക്കുവാൻ ആവശ്യപ്പെടാറുള്ള സീതിസാഹിബിന്റേയും ബാഫക്കിതങ്ങളുടേയും ആ

mappilaheritagelibrary.com

ഹാനങ്ങൾ സദാ ചെവികളിൽ മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ മുസ്‌ലിം ലീഗ് പ്രവർത്തകർക്ക് ഒരിക്കലും കലാപകാരികളാകാൻ കഴിയുമായിരുന്നില്ല.

തികച്ചും വ്യക്തിപരമായ കാരണങ്ങളാലാണ് പയ്യോളിയിൽ ദൗർഭാഗ്യകരമായ സംഭവങ്ങൾ അരങ്ങേറിയത്. പിന്നീടതിന് മതത്തിന്റെ ഛായ നൽകുകയായിരുന്നു. മേലടിക്കടുത്ത മുക്കുവസ്ത്രീയായ ബിന്ദുവിൽ നിന്നാണ് ഒരു ദേശത്തെ മുഴുവൻ വർഗ്ഗീയ ഭ്രാന്തൻമാർക്ക് എറിഞ്ഞു കൊടുത്ത സംഭവം അരങ്ങേറിയത്. ബിന്ദുവിന്റെ രാവുകൾക്കായി മത്സരിച്ചവരിൽ ഇരു സമുദായക്കാരും ഉണ്ടായിരുന്നു. അവർ തമ്മിൽ ആരംഭിച്ച കശപിശ വർഗ്ഗീയ ലഹളയായി പരിണമിക്കുകയായിരുന്നു. എത്രയോ നിരപരാധികളുടെ ചോര പയ്യോളിയിലെ തെരുവിൽ ഒഴുകി. പാടങ്ങളും തെങ്ങിൻതോപ്പുകളും മനുഷ്യരക്തം കൊണ്ട് ചുവന്നു. അനേകം വീടുകൾ ചാമ്പലായി. ധാരാളം പേർ അഭയാർത്ഥികളായി വീടും നാടും ഉപേക്ഷിച്ചു. ഒരു വക്കീൽ ഗുമസ്തനായ കണ്ണൻ കൊല്ലപ്പെടുകയും പക്കു, മൂസ എന്നീ രണ്ടു ചെറുപ്പക്കാർ തൂക്കുമരം കയറേണ്ടിവരികയും ചെയ്തു. ആർഎസ്.എസുകാരുടെ ഗോവധ നിരോധനയോഗ സമീപം ആരോ ഒരു മൂരിയെ അറുത്തു എന്നതായിരുന്നു കലാപത്തിനു പുറമേക്ക് പറഞ്ഞ കാരണമെങ്കിലും അതിന്റെ കേന്ദ്രബിന്ദു ബിന്ദുതന്നെയായിരുന്നു.

ആർ.എസ്.എസുകാർ നടത്തിയ ഒരു പ്രതിഷേധ യോഗത്തിൽ പ്രസംഗിക്കുവാൻ പ്രജാസോഷ്യലിസ്റ്റ് പാർട്ടി നേതാവായി മാറിയ പഴയ കോൺഗ്രസ്സ് നേതാവ് കെ.കേളപ്പൻ വന്നത് ജനം അമ്പരപ്പോടെയാണ് കണ്ടത്. ഒരു മതേതര ഭക്തന്റെ മുഖംമൂടിയാണ് അവിടെ അഴിഞ്ഞുവീണത്. ഒക്ടോബർ 29 മുതൽ പയ്യോളി നഗരം അക്ഷരാർത്ഥത്തിൽ ഒരു യുദ്ധക്കളം തന്നെയായി. ആര് ആരെയാണ് തല്ലുന്നതെന്നറിയാതെ ആളുകൾ കൂട്ടത്തല്ലുകളിൽ ഏർപ്പെട്ടു.

നിർഭാഗ്യകരമായ ആ സംഭവം കേട്ട മാത്രയിൽ സീതിസാഹിബും ബാഫക്കിതങ്ങളും കെ.ഉപ്പിസാഹിബും ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. "പയ്യോളിയിൽ ഇന്നലെ ചില അനിഷ്ട സംഭവങ്ങൾ ഉണ്ടായെന്നും ജീവനാശം സംഭവിച്ചു എന്നുമുള്ള വാർത്ത വളരെ ഖേദത്തോടെയാണ് ഞങ്ങൾ കേട്ടത്. ആർ.എസ്.എസ്സുകാരുടെ ഗോവധനിരോധന യോഗത്തിന് സമീപം മുസ്‌ലിംകളിൽ ആരോ ചിലർ ഒരു മൂരിക്കുട്ടനെ അറുത്തുവെന്ന് ചില പത്രങ്ങളിൽ കാണുകയുണ്ടായി. ഈ വാർത്ത യഥാർത്ഥമാണോ എന്നറിയില്ല. ആണെങ്കിൽ അങ്ങേയറ്റം അക്രമപരവും അധിക്ഷേപാർഹവുമാണ്. ഇസ്‌ലാമിന്റെ ചരിത്രത്തിനും സംസ്കാരത്തിനും നിരക്കാത്തതുമാണ്. പശുവിനെ അറുക്കൽ മുസ്‌ലിംകൾക്ക് അനുവദനീയമാണെങ്കിലും അത് മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുമാറ് വേണമെന്ന് വാശിപിടിക്കുന്നത് ഇസ്‌ലാം ഒരിക്കലും

mappilaheritagelibrary.com

പൊറുക്കുകയില്ല. അന്യ മതക്കാരുടെ ആരാധനാ മൂർത്തികളെ നിന്ദിക്കരുതെന്ന് ഇസ്‌ലാം നിഷ്‌ക്കർഷിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലുള്ള മുസ്‌ലിംകൾ പയ്യോളി സംഭവത്തിന് പ്രതികാരമായോ പ്രത്യാഘാതമായോ എന്തെങ്കിലും പ്രവർത്തിക്കാൻ ഒരു പരിതസ്ഥിതിയിലും പാടില്ലാത്തതാണ്. അത്തരം പ്രതികാര നടപടികൾ ഭീരുത്വവും അധാർമ്മികവും അന്യായവുമാണ്. നിയമം കയ്യിലെടുക്കാനോ ലംഘിക്കാനോ അവിവേകികൾ മുതിരുന്നത് തടയുവാനും എന്ത് ത്യാഗം ചെയ്തും സമുദായ സൗഹാർദം പാലിക്കാനും സമുദായ നേതാക്കൾ പ്രത്യേകിച്ച് മുസ്‌ലിം ലീഗ് നേതാക്കൾ പരിശ്രമിക്കണം." തുടർന്ന് ചന്ദ്രികയുടെ മുഖപ്രസംഗത്തിൽ സി.എച്ച്.മുഹമ്മദ് കോയ എഴുതിയ ഹൃദയസ്പർശിയായ ലേഖനവും സീതിസാഹിബിന്റെ നേതൃത്വത്തിൽ മുസ്‌ലിംലീഗ്-കോൺഗ്രസ് നേതാക്കൾ നടത്തിയ ക്രമവൃദ്ധമായ പ്രവർത്തനങ്ങളും സമാധാനകമ്മറ്റികളുടെ നിരന്തരമായ ഉദ്ബോധനവും കാരണമായി ആ തീ കെട്ടണഞ്ഞു. പയ്യോളി പതുക്കെ പതുക്കെ പ്രശാന്ത രശ്മികളെ എതിരേറ്റു. അതിൽ പിന്നീട് അവിടെ ഇതുവരെ വർഗ്ഗീയാസ്വാസ്ഥ്യങ്ങൾക്ക് കാരണമാകുന്ന ഒരൊറ്റ സംഭവംപോലും അരങ്ങേറിയിട്ടില്ല.

mappilaheritagelibrary.com

ഇരുപത്തിയൊന്ന്
ഒരു സമ്മേളനത്തിന്റെ അലയൊലികൾ

ആയിരത്തിതൊള്ളായിരത്തി അമ്പതുകൾ.

വിഭജനത്തിന്റെ മുറിവുകൾ ഉണങ്ങാതെ നിലനിർത്താൻ, ആ കന ലുകൾ ഊതിയൂതി കത്തുന്ന ജ്വാലയാക്കുവാൻ വർഗ്ഗീയവാദികളും ദേ ശീയ മുസ്‌ലിംകളെന്ന പേരിൽ അറിയപ്പെടുന്ന കോൺഗ്രസ്സുകാരും ചി ല പത്രങ്ങളും കിണഞ്ഞു ശ്രമിച്ചുകൊണ്ടിരുന്ന നാളുകൾ.

ഭയപീഡകൾ നിറഞ്ഞൊരീ കാലഘട്ടത്തിൽ മലബാറിലെ മുസ്‌ലിം കളുടെ ആകാശദീപമായിരുന്നു മുസ്‌ലിംലീഗ്. ആ വിളക്കുമരത്തിന്റെ കാവൽക്കാരനായി സീതിസാഹിബും.

ചുഴികൾക്ക് പിമ്പെ ചുഴികൾ എന്നു പറയുമ്പോലെ എം.പി.എം ഹ സൻകുട്ടി കുരിക്കളുടെ ഉപതെരഞ്ഞെടുപ്പ് കഴിഞ്ഞതിന് പിന്നാലെ മു സ്‌ലിം ലീഗിന് നേരിടേണ്ടിവന്ന ഒരഗ്നിപരീക്ഷയായിരുന്നു പാലക്കാട് ചേർന്ന മുസ്‌ലിം ലീഗു സമ്മേളനത്തോടനുബന്ധിച്ചുണ്ടായ വിവാദ പു കിലുകൾ.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പാർട്ടി നേരിടേണ്ടിവന്ന പരീക്ഷണ ങ്ങളിൽ ഒന്നായിരുന്നു ഇത്. മലബാറിൽ മുസ്‌ലിംലീഗിനെ കുഴിച്ചുമൂടി യേ അടങ്ങൂ എന്ന പ്രതിജ്ഞ എടുത്തത് പോലെയായിരുന്നു കോൺഗ്ര സ്സിലെ വർഗ്ഗീയവാദികളുടെ മുസ്‌ലിംലീഗിനോടുള്ള പെരുമാറ്റം. കോൺ ഗ്രസ്സിലെ ദേശീയ മുസ്‌ലിംകൾ അവർക്ക് ഇതിന് പ്രോത്സാഹനം ചെയ് തുകൊടുത്തു. ഏകാധിപത്യ ഭാവം അത്രമാത്രം തലയ്ക്കുപിടിച്ചിരുന്നു കോൺഗ്രസ്സിന്.

സാമൂഹ്യവിരുദ്ധ ശക്തികളോ, സായുധ വിപ്ലവത്തിലൂടെ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം കരഗതമാകൂ എന്ന് പ്രഖ്യാപിച്ച് പ്രവർത്തിക്കു ന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയോ ആയിരുന്നില്ല കോൺഗ്രസ്സിനെ സംബന്ധി ച്ചേടത്തോളം മുഖ്യ എതിരാളി. അവരുടെ കണ്ണിലെ കരടായി അവർ മു സ്‌ലിംലീഗിനെ കണ്ടു. ജനാധിപത്യ ശക്തികളെ യോജിപ്പിച്ചുകൊണ്ടു ള്ള ഒരു ഐക്യനിര കെട്ടിപ്പടുക്കാൻ ഈ തിമിരബാധ മൂലം കോൺഗ്ര

mappilaheritagelibrary.com

സ്സിനു കഴിഞ്ഞില്ല.

മലബാർ ഡിസ്ട്രിക്ട് ബോഡ് തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗുമായി സഖ്യത്തിലേർപ്പെടണമെന്ന് മദിരാശി മുഖ്യമന്ത്രി കാമരാജ് നാടാർ മലബാറിൽ വന്ന് കോൺഗ്രസ്സ് നേതാക്കളോട് പറഞ്ഞിട്ടുപോലും വഴങ്ങാത്തത്ര അഹങ്കാരം അവരെ ബാധിച്ചിരുന്നു. ഫലമോ ഡിസ്ട്രിക്ട് ബോഡ് ഭരണം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കയ്യിലമരുകയും ചെയ്തു. ഇതിൽനിന്നും പാഠം പഠിക്കുവാൻപോലും കോൺഗ്രസ്സ് മെനക്കെട്ടില്ല. അവർ അവരുടെ ഏകാധിപത്യ സ്വഭാവം തുടർന്നുപോന്നു. മുസ്ലിംലീഗിനെതിരെ ചന്ദ്രഹാസമിളക്കുവാൻ നോമ്പുനോറ്റു കാത്തിരുന്ന അവർക്ക് കിട്ടിയ ഒരു അസുലഭാവസരമായിപ്പോയി പാലക്കാട് ചേർന്ന മുസ്ലിംലീഗ് സമ്മളനം. സ്വാതന്ത്ര്യാനന്തരം മലബാറിൽ ചേരുന്ന വിപുലമായ സമ്മേളനം എന്ന നിലയിൽ ഈ സമ്മേളനത്തിന് സീതിസാഹിബും ബാഫക്കിതങ്ങളും വമ്പിച്ച പ്രാധാന്യമായിരുന്നു നൽകിയിരുന്നത്. അതിനാൽ തന്നെ സമ്മേളനം ഗംഭീര വിജയമാക്കുവാനായി സീതിസാഹിബിന്റെ നേതൃത്വത്തിൽ അതികഠിനമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരുന്നതും. പാലക്കാട്ടെ ഇ.എസ്.എം.ഹനീഫഹാജിയായിരുന്നു മുഖ്യസംഘാടകനെന്ന ദൗത്യം നിർവ്വഹിക്കാനുണ്ടായിരുന്നത്. അദ്ദേഹം രാപ്പകൽ സമ്മേളന വിജയത്തിനായി അദ്ധ്വാനിച്ചു.

1953 ഒക്ടോബർ 23, 24, 25 തിയ്യതികളിലായിരുന്നു സമ്മേളനം നടന്നത്. മലബാർ ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും പ്രവർത്തകർ യോഗത്തിലേക്ക് കുതിച്ചൊഴുകി. തമിഴ്നാട്, തിരുകൊച്ചി, തുടങ്ങിയ പ്രദേശങ്ങളിൽനിന്നും ആളുകൾ കാൽനടയായിപ്പോലും സമ്മേളനത്തിനെത്തിയത് എതിരാളികൾ പല്ല് ഞെരിച്ചുകൊണ്ടാണ് കണ്ടത്. ചുരുക്കത്തിൽ പാലക്കാട് പട്ടണം ഒരു പച്ചക്കടലായി മാറുകയായിരുന്നു മൂന്നു ദിവസങ്ങളിൽ നടന്ന മുസ്ലിംലീഗു സമ്മേളനത്തോടെ. ഉത്തരേന്ത്യയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന 'ഹമാരി ആവാസ്' ഉർദുവാരികയുടെ പത്രാധിപർ ഹുസൈൻ അഹമ്മദ് ബറാവി, അലിഗറിൽ ഒരു അഖിലേന്ത്യാ മുസ്ലിം കോൺഫ്രൻസ് സംഘടിപ്പിച്ച് ശ്രദ്ധേയനായിത്തീർന്ന എം.എം. ബഷീർ സാഹിബ് എന്നിവർ യോഗത്തിൽ സംബന്ധിച്ചത് സമ്മേളനത്തിന്റെ ഗാംഭീര്യത്തിന് മാറ്റ് കൂട്ടി. സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത് ആദരണീയനും തലമുതിർന്ന രാജ്യതന്ത്രജ്ഞനും പ്രഗത്ഭ പാർലമെന്റേറിയനും ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ മദിരാശി സംസ്ഥാന ജനറൽ സെക്രട്ടറിയുമായിരുന്ന കെ.ടി.എം.അഹമ്മദ് ഇബ്രാഹിം സാഹിബായിരുന്നു. സീതിസാഹിബിനു പുറമെ ബാഫക്കി തങ്ങൾ, ബി.പോക്കർസാഹിബ്, കെ.ഉപ്പിസാഹിബ്, സി.എച്ച്.മുഹമ്മദ്കോയ, എം.ചടയൻ, എച്ച്.എച്ച്.ശംനാട് മുതലായ നേതാക്കളും ആദ്യാവസാനം വരെ സമ്മേളന വിജയത്തിനായി പ്രവർത്തിച്ചു.

വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നേതാക്കൾ മൂന്ന് ദിവസങ്ങളി

mappilaheritagelibrary.com

ലായി വിവിധ സെഷനുകളിൽ പങ്കെടുത്ത് സംസാരിച്ചത് വമ്പിച്ച വാർത്താ പ്രാധാന്യം നേടി. സമ്മേളന വിജയം മുസ്ലിംലീഗിന്റെ പ്രധാന എതിരാളിയായ കോൺഗ്രസ്സിനെ വിറളിപിടിപ്പിച്ചു എന്ന് തന്നെ പറയാം. സമ്മേളനത്തിൽ പോക്കർസാഹിബ് ചെയ്ത ഒരു പ്രസംഗം സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത് വിവാദമാക്കി ലീഗിനെ തളർത്താനായി അവർ കുതന്ത്രം മെനഞ്ഞു. പത്രങ്ങളും ഇതിന്റെ പിന്നിൽ നിന്നു. മുസ്ലിംലീഗിന്റെ വളർച്ച അത്രമാത്രം അലോസരപ്പെടുത്തിയിരുന്നു ഈ ശക്തികളെ. "ഇന്ത്യൻ ഭരണഘടന അനുവദിക്കുന്ന സംഘടനാ സ്വാതന്ത്ര്യം ഉപയോഗിച്ച് മുസ്ലിംലീഗ് നിലനിർത്തുന്നതിനെതിരെ അകാരണമായി ആക്ഷേപം ഉന്നയിക്കുന്നത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെയായാലും അത് പുല്ലോളം വകവെക്കേണ്ടതില്ല" എന്ന പോക്കർ സാഹിബിന്റെ പ്രസംഗത്തിൽ നിന്നും "പുല്ലോളം" എന്ന വാക്ക് ഊരിയെടുത്ത് വിവാദമാക്കുകയായിരുന്നു പത്രങ്ങൾ. കോൺഗ്രസ്സ് ഇതിന് അഹമഹമികയാ പിന്തുണ നൽകുകയും ചെയ്തതോടെ വിവാദം കൊഴുത്തു. ഇതിനെത്തുടർന്നാണു പാലക്കാട് മുനിസിപ്പാലിറ്റി ലീഗ് നേതാക്കൾക്കെതിരെ ആക്ഷേപ പരാമർശങ്ങൾ ചൊരിഞ്ഞ് പ്രമേയം പാസാക്കിയത്. മുസ്ലിംലീഗിന്റെ പിന്തുണയോടെയാണ് മുനിസിപ്പാലിറ്റിയിൽ കോൺഗ്രസ് അധികാരത്തിൽ വന്നത് എന്നകാര്യം അവർ ഓർത്തതേയില്ല. മാതൃഭൂമിക്കൊപ്പം ഇന്ത്യയിലെ പ്രമുഖ ഇംഗ്ലീഷ് പത്രങ്ങൾ വരെ വിവാദം ആഘോഷമാക്കി. ഇത് വഴി പാലക്കാട് സമ്മേളനം അഖിലേന്ത്യാ ശ്രദ്ധ പിടിച്ചുപറ്റി. മാതൃഭൂമി വിഷമഷിയിലൂടെ എഴുതിയ മുഖപ്രസംഗം ലീഗ് നേതാക്കളെ ആക്ഷേപിക്കുന്നതായിരുന്നു. വിഭജനത്തിന് ശേഷം ഇന്ത്യയിലെ മുസ്ലിംകൾ അനുഭവിച്ചുകൊണ്ടിരുന്ന ദുരിതങ്ങൾ പോക്കർസാഹിബ് യോഗത്തിൽ അവതരിപ്പിച്ചത് മദിരാശിയിലെ പ്രധാന പത്രമായ എക്സ്പ്രസ്സിന് തീരെ സഹിച്ചില്ല. അവർ വിമർശനങ്ങളുടെ കൊടുങ്കാറ്റാണ് പോക്കർ സാഹിബിനെതിരെയും മറ്റ് ലീഗ് നേതാക്കൾക്കെതിരെയും അഴിച്ചുവിട്ടത്. 'പാകിസ്ഥാൻ ചാരൻ', 'വർഗ്ഗീയവാദി' എന്നീ വാക്കുകൾ കൊണ്ട് അവർ ലീഗ് നേതാക്കളെ ആക്രമിച്ചു. എന്നിട്ടും അരിശം തീരാഞ്ഞ് സമ്മേളനം പാസാക്കിയ പ്രമേയങ്ങൾക്കെതിരെയും ദേശാഭിമാനി, മാതൃഭൂമി തുടങ്ങിയ പത്രങ്ങൾ ലേഖനങ്ങളിലൂടെയും മുഖപ്രസംഗങ്ങളിലൂടെയും വടിയോങ്ങി.

എന്നാൽ ഈ വിമർശനങ്ങളെയൊന്നും സീതിസാഹിബ് ലവലേശം ഭയപ്പെട്ടില്ല. ഒരു യാഗാശ്വം പോലെ സി.എച്ച്.മുഹമ്മദ് കോയ മലബാറിലുടനീളം സഞ്ചരിച്ച് വിമർശകരെ വെള്ളംകുടിപ്പിക്കുന്ന പൊള്ളിക്കുന്ന മറുപടികൾ എയ്തുകൊണ്ടിരുന്നു. മദിരാശി നിയമസഭയിൽ പാലക്കാട് സമ്മേളനത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റ് അംഗങ്ങൾ ശബ്ദായമാനമായ അന്തരീക്ഷം സൃഷ്ടിച്ചപ്പോൾ സീതി സാഹിബിന്റെ മറുപടിയിൽ അവർ തണുത്തുപോയി. തീർന്നില്ല രാജ്യസഭയിലുമെത്തിച്ചു തല്പര ക

mappilaheritagelibrary.com

ക്ഷികൾ പാലക്കാട് സമ്മേളനത്തെ. 1953 ഡിസംബർ 21-ാം തിയ്യതി രാജ്യസഭയിൽ കമ്മ്യൂണിസ്റ്റ് അംഗമായ ഇ.കെ.ഇമ്പിച്ചിബാവ ഉന്നയിച്ച ഒരു ചോദ്യത്തിന് ഉത്തരമായി കേന്ദ്ര ആഭ്യന്തര സഹമന്ത്രിയായിരുന്ന ബി.എൻ.ഭക്തവാർ പറഞ്ഞു: പാലക്കാട് മുസ്‌ലിം സമ്മേളനത്തെ സംബന്ധിച്ച് കോൺഗ്രസ്സ് പാർട്ടിയും മുനിസിപ്പാലിറ്റിയും അയച്ചു തന്നെ ആക്ഷേപങ്ങളെല്ലാം മദിരാശി ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അത് അത്ര വലിയ ഗൗരവമുള്ള കാര്യമല്ല എന്നാണ് മദിരാശി സർക്കാരിൽനിന്ന് കിട്ടിയ മറുപടി."

ഭക്തവാറിന്റെ മറുപടിയിൽ തൃപ്തരാകേണ്ടതിനു പകരം ലീഗിനെതിരെയുള്ള ആക്രമണങ്ങൾക്ക് മൂർച്ച കൂട്ടാനാണ് കോൺഗ്രസ്സും കമ്മ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് ശ്രമിച്ചത്. ഈ ആക്രമണങ്ങൾകൊണ്ടും വിവാദങ്ങൾകൊണ്ടും മുസ്‌ലിംലീഗ് കൂടുതൽ കരുത്താർജ്ജിക്കുകയായിരുന്നു. പലരും കൂട്ടത്തോടെ മുസ്‌ലിംലീഗിലേക്ക് കടന്നുവന്നു എന്നതാണ് ഇത്കൊണ്ടുണ്ടായ നേട്ടം. വിമർശനങ്ങളുടെ ധൂമപടലങ്ങൾ അഖിലേന്ത്യാ തലത്തിൽ തന്നെ മലബാർ ജില്ലാ മുസ്‌ലിംലീഗിനെ ശ്രദ്ധേയമാക്കി.

ഈ സമ്മേളനത്തിന്റെ ആവേശവും പൊലിമയും കെടുത്തിക്കളയുവാനെന്ന വണ്ണം ചങ്ങനാശ്ശേരിയിൽ ഒരു മുസ്‌ലിം കോൺഫ്രൻസ് സംഘടിപ്പിക്കുകയുണ്ടായി. അലീഗറിൽ എം.എം.ബഷീറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മുസ്ലിം കോൺഫ്രൻസിന്റെ ചുവട് പിടിച്ചായിരുന്നു ചങ്ങനാശ്ശേരിയിലെ ഈ കോൺഫ്രൻസ്. അലീഗറിലെ മുസ്‌ലിം കോൺഫ്രൻസ് രാഷ്ട്രീയേതര പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനാണ് തീരുമാനിച്ചിരുന്നത്. ചങ്ങനാശ്ശേരി കോൺഫ്രൻസ് 1953 നവംബർ 22, 23, 24 തിയ്യതികളിലായിരുന്നു നടന്നത്. സമ്മേളനത്തിന്റെ ഒരുക്കങ്ങൾ മുസ്‌ലിംകളിൽ വമ്പിച്ച പ്രതീക്ഷയാണ് ഉണർത്തിയിരുന്നത്. പക്ഷെ സി.എച്ച്.മുഹമ്മദ് കോയസാഹിബ് ചന്ദ്രികയിൽ എഴുതിയത് പോലെ തന്നെ 'മല എലിയെ പ്രസവിച്ചതുപോലെ'യായി കോൺഫ്രൻസിന്റെ സമാപനം.

ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിരുന്നില്ലല്ലൊ തിരുകൊച്ചിയും അതിൽപെട്ട ചങ്ങനാശ്ശേരിയും. സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിൽ മാത്രം പരിമിതപ്പെടുത്തിയിരുന്നു. തിരുകൊച്ചി വേറിട്ട് നിന്നിരുന്നതിനാൽ മുസ്‌ലിം ലീഗിന്റെ സന്ദേശം ഇവിടത്തെ മുസ്‌ലിംകളിലേക്ക് എത്തിയിരുന്നുമില്ല. ഓരോ മുസ്‌ലിം പ്രമാണിമാരും അവർക്കനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ തിരുകൊച്ചിയിലെ മുസ്‌ലിംകളെ ഉപയോഗപ്പെടുത്തുകയായിരുന്നു. അതിനായി അവർ ഓരോരോ സംഘടനകൾ പടച്ചുണ്ടാക്കുകയും ചെയ്തിരുന്നു. മുസ്‌ലിംകളിലെ അടിസ്ഥാന വിഭാഗങ്ങളിൽ ഇത്തരം സംഘടനകളൊന്നും ചലനങ്ങൾ സൃഷ്ടിച്ചിരുന്നുമില്ല.

mappilaheritagelibrary.com

ആഘോഷപൂർവ്വമായി തന്നെയാണ് ചങ്ങനാശ്ശേരി മുസ്‌ലിം കോൺഫ്രൻസ് സംഘടിപ്പിക്കപ്പെട്ടത്. ചങ്ങനാശ്ശേരി പുത്തൂർ പള്ളിക്ക് സമീപത്തെ മൈതാനിയിൽ സജ്ജമാക്കിയ 'തൗഹീദ്' നഗറിൽ വെച്ചായിരുന്നു സമ്മേളനം. പന്തൽ കമനീയമായിരുന്നുവെങ്കിലും മൂന്നു ദിവസങ്ങളിലായി സംഘടിപ്പിച്ച കോൺഫ്രൻസിൽ നിന്നും ഉരുത്തിരിഞ്ഞ തീരുമാനങ്ങൾക്ക് തെല്ലും കമനീയത ഉണ്ടായിരുന്നില്ല. മലബാർ ജില്ലാ മുസ്‌ലിംലീഗ് സെക്രട്ടറി എന്ന നിലയിൽ കോൺഫ്രൻസിലേക്ക് സീതിസാഹിബിനെ ക്ഷണിച്ചിരുന്നു. മദിരാശി നിയമസഭയിലെ പ്രഗത്ഭനായ മുസ്‌ലിംലീഗ് എം.എൽ.എ. എന്ന നിലയിൽ ഇതിനകം സീതിസാഹിബിന്റെ പ്രശസ്തി ഇന്ത്യയിലൊട്ടാകെ തന്നെ പ്രസരിച്ചിരുന്നു. സീതിസാഹിബിന്റെ സാന്നിധ്യം കോൺഫ്രൻസിലെ മുഖ്യ ആകർഷണം തന്നെയായിരുന്നു.

വേദിയിൽ വ്യത്യസ്ത സംഘടനയിൽപെട്ട എ.വി.കൊച്ചുണ്ണി, വി.കെ. കുട്ടി, എ.എ.റഹീം, എ.എം.റഷീദ്, കെ.വി.എം. അഹമ്മദുണ്ണി, പി.കെ. കുഞ്ഞു, ടി.എ.അബ്ദുള്ള, പി.എസ്.ഹസൻ, പി.ഹബീബ് മുഹമ്മദ്, കെ. സി.എം.മേത്തർ, മജീദ് മരയ്ക്കാർ എന്നിവരെല്ലാം ഉണ്ടായിരുന്നു. മുസ്‌ലിംലീഗ് മദിരാശി സംസ്ഥാന സെക്രട്ടറി കെ.ടി.എം. അഹമ്മദ് ഇബ്രാഹിം സാഹിബായിരുന്നു കോൺഫ്രൻസ് ഉദ്ഘാടനം ചെയ്തിരുന്നത്. "ഇന്ത്യയിലെ അഞ്ചുകോടി മുസ്‌ലിംകളുടെ ആധികാരിക രാഷ്ട്രീയ സംഘടന മുസ്‌ലിംലീഗാണെന്നും രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ മുസ്‌ലിംകൾ ഇന്നും ഏറെ പിന്നണിയിലാണെന്നും അത് മാറ്റിയെടുക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയോടെ മുന്നേറുന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ പതാകക്ക് കീഴിൽ അണിനിരക്കണമെന്നും സീതിസാഹിബും ഇബ്രാഹിംസാഹിബും സമ്മേളനത്തെ അഭിസംബോധനം ചെയ്തവെ, ഉറക്കെതന്നെ പ്രഖ്യാപിച്ചു. എന്നാൽ സമ്മേളനത്തിൽ പങ്കെടുക്കുന്ന നേതാക്കളെല്ലാം വ്യത്യസ്ത രാഷ്ട്രീയ സംഘടനകളിൽ പെട്ടവരായിരുന്നു. അവർ ഈയൊരു കോൺഫ്രൻസ് കൊണ്ട് ഉദ്ദേശിച്ചത് തന്നെ അവരുടെ വ്യക്തിതാല്പര്യങ്ങൾ സംരക്ഷിക്കുവാൻ ഒരു സംഘടന എന്ന നിലക്കായിരുന്നു. മൂന്നു ദിവസത്തെ വാദപ്രതിവാദങ്ങൾക്കൊടുവിൽ മുസ്‌ലിംലീഗിനെ നിരാകരിക്കുന്ന പ്രമേയമാണ് സമ്മേളന തീരുമാനമായി പ്രഖ്യാപിക്കപ്പെട്ടത്. തിരുകൊച്ചിയിലെ സാധാരണ മുസ്‌ലിംകളെ രാഷ്ട്രീയമായി ഷണ്ഡീകരിക്കുവാൻ മാത്രമേ ഈ തീരുമാനം ഉപകരിക്കൂ എന്നവർ മനസ്സിലാക്കിയില്ല.

സ്ഥാനമാനങ്ങൾക്ക് വേണ്ടി ആർത്തിയോടെ കടിപിടി കൂടുന്ന ഈ നേതാക്കൾക്ക് ജനപിൻബലം ഉണ്ടായിരുന്നില്ലെന്ന് പിൽക്കാലത്ത് തിരുകൊച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിനുണ്ടായ അഭൂതപൂർവ്വമായ വളർച്ചയിൽ നിന്നും വ്യക്തമാവുകയും ചെയ്തു. രാഷ്ട്രീയമില്ലാത്ത സംഘടനക്ക് കുറെ ഇരിപ്പിടങ്ങൾ അതിന്റെ പ്രസിഡണ്ടിനും ഭാര

mappilaheritagelibrary.com

വാഹികൾക്കും നൽകാൻ കഴിയുമെന്നല്ലാതെ നിരാലംബരായ ജനത ക്ക് ഒരത്താണിയാകാനോ, മുസ്‌ലിംകൾക്ക് നിയമസഭയിൽ പ്രാതിനിധ്യം ലഭിക്കാനോ, ഉദ്യോഗങ്ങളിൽ പ്രവേശിക്കുവാനോ ഇത്തരം 'അധികാര സംഘടന'കൊണ്ട് സാധ്യമാകുകയില്ലെന്ന് സ്വാർത്ഥതാല്പര്യക്കാരായ അതിന്റെ നേതാക്കൾക്ക് അറിയാതെപോയി. എന്നാൽ ഈ വസ്തുത തിരുകൊച്ചി സ്റ്റേറ്റിലെ അടിസ്ഥാന വിഭാഗക്കാരായ മുസ്‌ലിംകളെ ബോ ധ്യപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഈ ചുമതല സീതിസാഹിബിനെയാ ണ് മലബാർ ജില്ലാ മുസ്‌ലിംലീഗ് കമ്മറ്റി ഏല്പിച്ചത്. സീതിസാഹിബ് കൺവീനറായി ഒരു സബ് കമ്മിറ്റി ഇതിനായി രൂപീകരിച്ചു. മലബാർ ജി ല്ലാ മുസ്‌ലിംലീഗ് സെക്രട്ടറി എന്ന ഉത്തരവാദിത്വത്തിന് പുറമെ ഈ ഉ ത്തരവാദിത്വവുംകൂടി സീതിസാഹിബിന് ഏറ്റെടുക്കേണ്ടിവന്നു. പിൽക്കാ ലത്ത് തിരുകൊച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ഉയർച്ച ക്ക് താങ്ങായത് സീതിസാഹിബിന്റെ നേതൃത്വത്തിലുണ്ടായിരുന്ന സബ് കമ്മിറ്റി പ്രവർത്തനം വഴിയായിരുന്നു.

നവംബറിലെ ചങ്ങനാശ്ശേരി കോൺഫ്രൻസിന്റെ തിരനോട്ടം കുറി ക്കും മുമ്പെ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്ത് നിയമസഭാ തെര ഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടു. എ.ജെ.ജോൺ മന്ത്രിസഭ നിലംപൊത്തി യതിനെത്തുടർന്നായിരുന്നു തെരഞ്ഞെടുപ്പ് വേണ്ടിവന്നത്. 1954 ഫെബ്രു വരി 15, 16, 17, 22, 24, 26 തിയ്യതികളിലായിരുന്നു നിയമസഭാ തെരഞ്ഞെ ടുപ്പ്. തിരുകൊച്ചിയിൽ മുസ്‌ലിംലീഗിന്റെ പ്രവർത്തനം കൺവീനറായ സീതിസാഹിബിന്റെ നേതൃത്വത്തിൽ വ്യവസ്ഥാപിതമാംവിധത്തിൽ നട ന്നുവരുന്നതിനിടെയായിരുന്നു ആ തെരഞ്ഞെടുപ്പ്. മുസ്‌ലിംലീഗിന്റെ ശാ ഖകൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനത്തിലായിരുന്നു സീ തിസാഹിബ്.

ഐക്യകേരളം ആഗതമാകുന്നതിന്റെ കാലൊച്ചകൾ കേൾക്കാൻ തു ടങ്ങിയകാലം. ഈയൊരു വേളയിൽ തന്നെയാണ് തെരഞ്ഞെടുപ്പ് വന്ന ത് എന്നതിനാൽ ഇത് അതീവ പ്രാധാന്യമർഹിക്കുന്നതായി മാറി. വിദേ ശ പത്രങ്ങൾപോലും പല രീതിയിലുള്ള വിലയിരുത്തലുകൾ തെരഞ്ഞെ ടുപ്പിനെ സംബന്ധിച്ചെഴുതി. കമ്മ്യൂണിസ്റ്റ് പാർട്ടി, ആർ.എസ്.പി., കെ. എസ്.പി. എന്നീ പാർട്ടികൾ ഒരു ഇടതുപക്ഷ മുന്നണിയായിട്ടാണ് മത്സ രിച്ചത്. ഇടതുമുന്നണിയുമായി സഹകരിച്ചാണ് പട്ടംതാണുപിള്ളയുടെ പി.എസ്.പിയും മത്സരിച്ചത്. പി.എസ്.പിക്ക് മത്സരിക്കാനായി നാല്പത് സീറ്റുകൾ ഇടത് മുന്നണി നൽകി. കമ്മ്യൂണിസ്റ്റ് പാർട്ടി 36 സീറ്റിലും ആർ.എസ്.പി. 9 സീറ്റിലും മത്സരിച്ചു. ഐക്യമുന്നണി പിൻതുണച്ച കു റെ സ്വതന്ത്രന്മാരും മത്സരരംഗത്തിറങ്ങി. കോൺഗ്രസ്സ് തനിച്ച് മത്സരി ക്കുകയായിരുന്നു. അവർ എല്ലാ സീറ്റിലും സ്വന്തം സ്ഥാനാർത്ഥികളെ യും നിർത്തി. ഒട്ടാകെ 117 സ്ഥാനങ്ങളിലേക്ക് 266 സ്ഥാനാർത്ഥികൾ മാ റ്റുരയ്ക്കാൻ ഇറങ്ങി. 73 മണ്ഡലങ്ങളിൽ കോൺഗ്രസ്സും ഇടതുമുന്നണി

mappilaheritagelibrary.com

യും നേർക്ക് നേരെയായിരുന്നു മത്സരം.

മുസ്‌ലിം ലീഗിന്റെ ശാഖാ കമ്മിറ്റികൾ പൂർണ്ണമായും തിരുകൊച്ചിയിൽ രൂപീകരിച്ച് കഴിഞ്ഞിരുന്നില്ല. അതിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നതിനിടയിലാണ് തെരഞ്ഞെടുപ്പ് വന്നതും. അതുകൊണ്ട് മുസ്‌ലിം ലീഗിന് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും തെരഞ്ഞെടുപ്പിൽ മുസ്‌ലിംകൾ എന്ത് നിലപാട് കൈക്കൊള്ളണമെന്നത് സംബന്ധിച്ച് ആലോചിക്കുവാൻ സീതിസാഹിബിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. സുദീർഘമായ ചർച്ചകൾക്കുശേഷം സീതിസാഹിബ് തന്റെ പ്രസ്താനവയിൽ തിരുകൊച്ചി മുസ്‌ലിംകളോട് ഇങ്ങിനെ അഭ്യർത്ഥിച്ചു:

'വരുന്ന തെരഞ്ഞെടുപ്പിൽ തിരുകൊച്ചി മുസ്‌ലിംകൾ എടുക്കേണ്ട നിലയെപറ്റി അവർക്ക് ഉപദേശം നൽകാനായി 7-10-53 ന് കോഴിക്കോട്ട് കൂടിയ ജില്ലാ മുസ്‌ലിംലീഗ് കമ്മിറ്റി പാസാക്കിയ പ്രമേയ പ്രകാരം നിയമിക്കപ്പെട്ടതാണ് ഈ അഡ്‌ഹോക്ക് കമ്മിറ്റി. താഴെ പറയുന്നവർ ഇതിൽ അംഗങ്ങളുമാണ്. ബി.പോക്കർ സാഹിബ് എം.പി., കെ.പി.ഉപ്പിസാഹിബ്, എം.എൽ.എ, മലബാർ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡണ്ട് സയ്യിദ് അബ്ദുറഹിമാൻ ബാഫക്കിതങ്ങൾ, ചന്ദ്രിക പത്രാധിപർ സി.എച്ച്.മുഹമ്മദ്കോയ സാഹിബ്. ഇവരെല്ലാം ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളുമാണ്. ജില്ലാ മുസ്‌ലിംലീഗിനാൽ ഭരമേല്പിക്കപ്പെട്ട ജോലി നിർവ്വഹിക്കാൻ യൂണിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട്, ഈ കമ്മിറ്റിക്ക് ക്രമപ്രകാരം അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. തിരുകൊച്ചിയിലെ രാഷ്ട്രീയ നിലപാടിനെയും നാട്ടിലെ പൊതുരാഷ്ട്രീയ സ്ഥിതിയെയും പറ്റി കമ്മിറ്റി മെമ്പർമാർ കൂലങ്കഷമായ പഠനം നടത്തി. തിരുകൊച്ചി മുസ്‌ലിംകളിൽ നിന്നും ഉപദേശം ആരാഞ്ഞുകൊണ്ട് അനേകം അന്വേഷണങ്ങൾ കിട്ടിയിരിക്കുന്നതിനാൽ അവരുടെ അറിവിലേക്കായി ചില കാര്യങ്ങൾ പറയുകയാണ്.

1947ന് മുമ്പ് മുസ്‌ലിംലീഗിന്റെ പ്രവർത്തനം ബ്രിട്ടീഷ് ഇന്ത്യയിൽ മാത്രം തുടരാനാണ് ലീഗ് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിരുന്നത്. അതുകൊണ്ട് നാട്ടുരാജ്യങ്ങളായ തിരുകൊച്ചി സ്റ്റേറ്റിലേക്ക് പാർട്ടി പ്രവർത്തനം വിപുലപ്പെടുത്തുവാൻ പാർട്ടിക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ത്യാരാജ്യത്തിന്റെ ഭരണഘടനപ്രകാരം ഈ സ്റ്റേറ്റ് ഇന്ത്യൻ യൂണിയന്റെ അവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു. ആകയാൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗിന്റെ ഭരണഘടന പ്രകാരം അതിന്റെ പ്രവർത്തനം ഇന്ത്യൻ യൂണിയനിലെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇന്ത്യൻ യൂണിയനിലെ മുസ്‌ലിംകളുടെ രാഷ്ട്രീയ പ്രാതിനിധ്യമുള്ള ഏക സംഘടനയായി മുസ്‌ലിംലീഗ് തിരു കൊച്ചിയിലെ മുസ്‌ലിംകൾക്ക് അവരുടെ രാഷ്ട്രീയ ജീവിതത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനമായൊരു കാര്യത്തിൽ ഉപദേശം നൽകുക സ്വാഭാ

mappilaheritagelibrary.com

വികമാണ്. ആകയാൽ പൊതുവിൽ ഇന്ത്യൻ റിപ്പബ്ലിക്കിന്റേയും പ്രത്യേകമായി തിരുകൊച്ചി സ്റ്റേറ്റിന്റേയും അതിലെ മുസ്‌ലിംകളുടെയും മറ്റു ന്യൂനപക്ഷങ്ങളുടെയും താല്പര്യങ്ങളെ മുൻനിർത്തി കമ്മ്യൂണിസ്റ്റ് പാർട്ടി, പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, കേരള സോഷ്യലിസ്റ്റ് പാർട്ടി, റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടി, എന്നീ പാർട്ടികളുടേയോ ആ പാർട്ടികൾ തനിച്ചോ കൂട്ടായോ നിർത്തിയിട്ടുള്ള സ്ഥാനാർത്ഥികളേയോ ഏതൊരു പരിതസ്ഥിതിയിലും യാതൊരുവിധത്തിലും സഹായിക്കരുതെന്ന് തിരുകൊച്ചി മുസ്‌ലിംകളെ ഉപദേശിക്കുവാൻ ഗാഢമായ ആലോചനക്ക് ശേഷം കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു.

മേൽപറഞ്ഞ സംഘടനകളുടെ രാഷ്ട്രീയാദർശങ്ങൾ ധാർമ്മികമൂല്യങ്ങളിന്മേൽ അധിഷ്ഠിതമായ ഒരു പ്രജായത്ത ഗവൺമെന്റിന്റെ വളർച്ചക്കും മുസ്‌ലിംകളെ പോലുള്ള മതസാംസ്കാരിക ന്യൂനപക്ഷങ്ങളുടെ സ്വാതന്ത്ര്യത്തിനും ആപൽക്കരമായിരിക്കുമെന്നതുകൊണ്ട് മുസ്‌ലിംകളുടെയും മറ്റ് ന്യൂനപക്ഷങ്ങളുടേയും ന്യായമായ ആവശ്യങ്ങളും താല്പര്യങ്ങളും സംരക്ഷിക്കാമെന്നു ഫലപ്രദമായ ശബ്ദമുയർത്തുന്നതിന് വേണ്ടിയും നാട്ടിലെ രാഷ്ട്രീയ ഘടനയിൽ ന്യായമായ ജീവിതത്തിന് വേണ്ടിയും രാഷ്ട്രീയമായി അവരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുകയും ചെയ്യുന്നവർക്ക് മാത്രമേ അവർ വോട്ട് ചെയ്യാൻ പാടുള്ളൂ.

സീതിസാഹിബിന്റെ ഈ പ്രസ്താവന മുസ്‌ലിംലീഗിന്റെ തീരുമാനവും കൂടിയായിരുന്നു. ഇത് തെരഞ്ഞെടുപ്പ് രംഗത്ത് ചില പുതിയ ചലനങ്ങൾ സൃഷ്ടിച്ചു. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും ഓരോ പുതിയ പ്രലോഭനം വെച്ച് നീട്ടി മുസ്‌ലിം വോട്ടുകൾ മൊത്തമായും ചില്ലറയായും തട്ടിയെടുക്കുന്ന തിരുകൊച്ചിയിലെ മുസ്‌ലിം രാഷ്ട്രീയ പ്രമാണിമാർക്ക് ലീഗിന്റെ തീരുമാനം കനത്തപ്രഹരമാണ് നൽകിയത്. തങ്ങളുടെ വ്യക്തിപരമായ താല്പര്യങ്ങൾക്ക് വേണ്ടി സമുദായത്തെ എക്കാലവും പിന്നിൽ നിർത്താമെന്ന അവരുടെ മോഹം എന്നെന്നേക്കുമായി തകർന്നു.

പ്രധാമന്ത്രി ജവഹർലാൽ നെഹ്റു, മദിരാശി മുഖ്യമന്ത്രി രാജാജി മുതലായ കോൺഗ്രസ്സിന്റെ വൻകിട നേതാക്കൾതന്നെ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി രംഗത്തിറങ്ങി. അത്പോലെ മറ്റു കക്ഷികളിലെ പ്രമുഖരായ നേതാക്കളും പ്രചാരണത്തിനെത്തിയതോടെ തെരഞ്ഞെടുപ്പു രംഗം ചൂട് പിടിച്ചു. ബുദ്ധിജീവികളും സാഹിത്യകാരന്മാരും അവരുടെ ജനസമ്മതി അറിയാനായി മത്സരരംഗത്തിറങ്ങിയിരുന്നു. ജോസഫ് മുണ്ടശ്ശേരി അങ്ങിനെ ഒരാളായിരുന്നു. പി.കേശവദേവ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരെ പ്രചാരണരംഗത്തെത്തി. എന്നാൽ കോൺഗ്രസ്സിലെ ദേശീയ മുസ്‌ലിംകൾ ഈ സന്ദർഭത്തിലും മുസ്‌ലിംലീഗിനെ കല്ലെറിയുന്നതിലാണ് സാഫല്യം തേടിയത്. മുസ്‌ലിം ലീഗിനെ നിരോധിക്കണമെന്ന അവരുടെ, ഉപയോഗിച്ച് തേഞ്ഞുപോയ ആയുധം ഇവിടെയും എടുത്ത് വീ

mappilaheritagelibrary.com

ശി. കോൺഗ്രസ്സിന് മുസ്ലിംലീഗിനെ ഫലദമായി നേരിടുവാൻ കഴിയുന്നില്ലെന്ന് ആക്ഷേപിച്ചുകൊണ്ട് അവർ എ.ഐ.സി.സി. പ്രസിഡണ്ട് യു. എൻ.ധേബർക്ക് മെമ്മോറാണ്ടം നൽകി. മുസ്ലംലീഗ് വളർന്ന് പന്തലിച്ചാൽ വിരലിലെണ്ണാവുന്ന മുസ്ലിംകളായ തങ്ങളുടെ സ്ഥിതിയെന്താകുമെന്ന ആകുലത മാത്രമായിരുന്നു ഇത്തരം നീക്കങ്ങൾക്ക് അവരെ പ്രേരിപ്പിച്ചിരുന്നത്.

തെരഞ്ഞെടുപ്പിൽ പക്ഷേ ഒരു കക്ഷിക്കും ഭൂരിപക്ഷം കിട്ടിയില്ല. തിരുവനന്തപുരത്ത് നിന്ന് പട്ടംതാണുപിള്ള തെരഞ്ഞെടുക്കപ്പെട്ടു. 115 സീറ്റിൽ മത്സരിച്ച കോൺഗ്രസ്സിന് 45 സീറ്റുകൾ കിട്ടി. 36 സീറ്റുകളിൽ മത്സരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് 23 സീറ്റുകളും 40 സീറ്റിൽ മത്സരിച്ച പ്രജാസോഷ്യലിസ്റ്റ് പാർട്ടിക്ക് 19 സീറ്റുകളും ലഭിച്ചു. ഇടതുപക്ഷ മുന്നണി പി എസ്പി സഖ്യം 59 സീറ്റുകൾ നേടി. ഇടതു മുന്നണിക്ക് ഇത് ഭരിക്കാനുള്ള ഭൂരിപക്ഷമായിരുന്നു. എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സഹകരണത്തോടെ ഒരു മന്ത്രിസഭ ഉണ്ടാക്കാൻ പിഎസ്.പി. ആഗ്രഹിച്ചില്ല. അപ്പോൾ പി.എസ്.പി.ക്ക് കോൺഗ്രസ് പിന്തുണ പ്രഖ്യാപിച്ചു. പി.എസ്. പി.ക്ക് അത് സമ്മതവുമായി. അങ്ങിനെ ആദ്യമായി കോൺഗ്രസ്സില്ലാത്ത ഒരു മന്ത്രിസഭ ജന്മമെടുത്തു. പട്ടം താണുപിള്ള മുഖ്യമന്ത്രിയായി. 1954 മാർച്ച് 16 ന് കവടിയാർ കൊട്ടാരത്തിൽ രാജപ്രമുഖൻ പട്ടംതാണുപിള്ളക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇടതുപക്ഷ മുന്നണിക്കൊപ്പം നിന്നു മത്സരിക്കുകയും വിജയിച്ചപ്പോൾ കോൺഗ്രസിന്റെ പിന്തുണയോടെ അധികാര സോപാനത്തിലേറുകയും ചെയ്ത പി.എസ്.പി. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയത്തിന്റെ ആദ്യത്തെ ഉദാഹരണവുമായി.

mappilaheritagelibrary.com

ഇരുപത്തി രണ്ട്
കാറ്റിലുലയാത്ത കനക ദീപസ്തംഭം

കോഴിക്കോട് നിന്നും എട്ട് കിലോമീറ്റർ തെക്ക് പടിഞ്ഞാറായി ബേപ്പൂരിനടുത്ത ഗ്രാമ പ്രദേശമാണ് നടുവട്ടം. ബേപ്പൂരിനും നടുവട്ടത്തിനും ഇടയിലുള്ള പ്രദേശത്ത് നിന്ന് 1954 മാർച്ച് 28-ാം തിയ്യതി കല്ലായി ശ്രീരാമകൃഷ്ണാശ്രമത്തിനടുത്തുള്ള തളിയേടത്ത് കാവിൽ നടന്ന ഉത്സവത്തിലേക്ക് ഒരു ഘോഷയാത്ര പുറപ്പെട്ടു. ഘോഷയാത്ര നടുവട്ടം പള്ളിയുടെ മുമ്പിലൂടെ വാദ്യഘോഷത്തോടെ പോവുകയാണെങ്കിൽ തടയേണ്ടിവരുമെന്ന് ഒരു വിഭാഗം മുസ്ലിംകൾ മുന്നറിയിപ്പ് നൽകുകയുണ്ടായി.

നേരത്തെ പള്ളിക്ക് മുന്നിലൂടെ ഘോഷയാത്ര പോവുമ്പോൾ വാദ്യ ഘോഷം നടത്താറുണ്ടായിരുന്നില്ല. എന്നാൽ ഈ പ്രാവശ്യം വാദ്യ ഘോഷത്തോടെ പോകാനായിരുന്നു ഘോഷയാത്രാ കമ്മിറ്റി തീരുമാനിച്ചിരുന്നത്. ആരുടെയൊക്കെയോ കുബുദ്ധിയിൽ ഉരുത്തിരിഞ്ഞ കുതന്ത്രങ്ങൾ ഈ സൗഹാർദ്ദ വിശുദ്ധിയിൽ കരിനിഴൽ വീഴ്ത്തുകയായിരുന്നു.

ജില്ലാ അധികൃതരിൽ നിന്നും അനുവാദം വാങ്ങി കനത്ത പോലീസ് അകമ്പടിയോടെ ഘോഷയാത്ര പുറപ്പെട്ടു. ഘോഷയാത്ര പള്ളിയുടെ മുമ്പിലെത്തുന്നതിന്റെ ഒരു ഫർലോങ്ങ് ദൂരെ വെച്ച് പോലീസ് തടഞ്ഞു. പള്ളിക്ക് മുമ്പിൽ തടിച്ചുകൂടിയ മുസ്ലിംകളെ അവിടെനിന്ന് ഒഴിപ്പിക്കാനും എന്നിട്ട് ഘോഷയാത്രക്ക് കടന്നുപോകാനും വേണ്ടിയായിരുന്നു ഈ തടയൽ.

അന്ന് രാവിലെ സീതിസാഹിബും ബാഫക്കി തങ്ങളും പള്ളിക്ക് സമീപമെത്തി ആളുകളോട് പിരിഞ്ഞുപോകണമെന്നും ഹിന്ദുസഹോദരന്മാരുടെ ഘോഷയാത്ര കടന്നുപോവാൻ വഴിയൊരുക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. സീതിസാഹിബിന്റേയും ബാഫക്കി തങ്ങളുടേയും അഭ്യർത്ഥന കേട്ട പലരും അവിടെനിന്ന് വിട്ട് പോയി. പോകാൻ കൂട്ടാക്കാത്ത ചിലരും ഉണ്ടായിരുന്നു. അവർ മുസ്ലിം ലീഗ് പ്രവർത്തകരായിരുന്നില്ല. കമ്മ്യൂണിസ്റ്റുകാരായ അവരിൽ നിന്നും ഒരാൾ വന്ന് സീതിസാഹിബിനോടും ബാഫക്കി തങ്ങളോടുമായി ചോദിച്ചു: "താങ്കളെന്തിനാണ് ഇവി

mappilaheritagelibrary.com

ടെ വന്ന് ജനങ്ങളോട് ശാന്തരാകാൻ പറയുന്നത്?" ജനങ്ങൾ ഇളകി വ ശാകണമെന്നായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഗ്രഹം. സംഘർ ഷം വളർന്ന് അതൊരു കലാപമായി ആളിപ്പടരേണ്ടത് അവരുടെ ആവ ശ്യമായിരുന്നു. അതുവഴി രാജാജി സർക്കാറിനെതിരെ ജനരോഷം ക ത്തിക്കാമെന്നും മുസ്‌ലിംലീഗിനെ വർഗ്ഗീയ കക്ഷിയായി ചിത്രീകരിച്ച് ക ലാപത്തിന്റെ ഉത്തരവാദിത്തം ലീഗിന്റെ തലയിൽ കെട്ടിവെക്കാമെന്നും അവർ മനക്കോട്ട കെട്ടി. അതുവഴി മുസ്‌ലിംലീഗിന്റെ സ്വാധീനം മുസ് ലിംകളിൽ നിന്നും അടർത്തിയെടുക്കാമെന്നും അവർ വ്യാമോഹിച്ചു. ഇ ത്രയും ഗൂഢലക്ഷ്യങ്ങളായിരുന്നു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഉണ്ടായിരുന്നത്.

എന്നാൽ സീതി സാഹിബിന്റേയും ബാഫക്കി തങ്ങളുടേയും ശ്രമം സംഘർഷം ഒഴിവാക്കാൻ വേണ്ടിയുള്ളതായിരുന്നു. പള്ളിയുടെ മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർ കൂടി നിന്നു. അവർ ഒഴിഞ്ഞുപോയി ല്ല. ആൾക്കൂട്ടം വികസിച്ചുകൊണ്ടിരുന്നു. അവർ പോലീസിന്റെ അഭ്യർ ത്ഥന മാനിക്കാതെ വന്നപ്പോൾ ജനക്കൂട്ടത്തെ പിരിച്ചുവിടാനായി പോ ലീസ് വെടിവെച്ചു. ലാത്തിച്ചാർജ്ജോ വെടിവെപ്പിന് മുമ്പ് പാലിക്കേണ്ട നടപടിക്രമങ്ങളോ ചെയ്യാതെയായിരുന്നു ഈ വെടിവെയ്പ്. പോലീസ് നാല് റൗണ്ട് തിരയൊഴിച്ചു. വെടിവെപ്പിൽ രണ്ട് പേർ സംഭവസ്ഥലത്ത് തന്നെ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. അവരാൻ കോയ എന്ന നടു വട്ടം സ്വദേശിയും നാടറിയാത്ത മുഹമ്മദ് എന്ന അന്യനാട്ടുകാരനുമായി രുന്നു മരണപ്പെട്ടത്.

വൈകീട്ട് 5 മണിക്കായിരുന്നു ദാരുണമായ ഈ സംഭവം. വെടിവെപ്പി ന് ശേഷം ഘോഷയാത്ര കടന്നുപോകാൻ പോലീസ് വഴിയൊരുക്കി. വെടിവെപ്പ് സംബന്ധിച്ച് പോലീസ് റിപ്പോർട്ടും മാതൃഭൂമി പ്രസിദ്ധീകരി ച്ച റിപ്പോർട്ടും വെടിവെപ്പിനെ ന്യായീകരിക്കുന്നതായിരുന്നു. നിരായുധ രായ ആളുകളെ വെടിവെച്ച് കൊന്ന ഘാതകരെ ന്യായീകരിക്കുവാൻ പ ടച്ചുണ്ടാക്കിയ റിപ്പോർട്ടുകൾ കാരണം യഥാർത്ഥ വസ്തുതകൾ പുറം ലോകം അറിഞ്ഞതുമില്ല. യഥാർത്ഥത്തിൽ ഈ പ്രശ്നത്തിന്റെ തായ് വേര് ആഴ്ന്ന് കിടന്നിരുന്നത് ഒരു ശീട്ട് കളി കേന്ദ്രത്തിലായിരുന്നു. അവി ടെനിന്നും പൊട്ടിമുളച്ചതായിരുന്നു ഈ കലാപം.

പ്രദേശത്തെ നരിമുക്കിൽ അഹമ്മദ് കുട്ടി എന്ന ധനാഢ്യനും നടുവട്ട ത്തെ ആർ.എസ്.എസ്. അനുഭാവിയും പണക്കാരനുമായിരുന്ന, തമ്പി എന്ന് വിളിക്കപ്പെട്ടിരുന്ന രാമചന്ദ്ര മുതലിയാരും തമ്മിൽ ശീട്ട് കളിക്കു മ്പോഴുണ്ടായ ഒരു കശപിശയാണ് പോലീസ് വെടിവെപ്പിൽ കലാശിച്ച ത്. ശീട്ട് കളികേന്ദ്രത്തിൽ വെച്ച് അവർ തമ്മിലുണ്ടായ വാക്കേറ്റം വ്യ ക്തിവൈരാഗ്യത്തിലേക്ക് നീങ്ങുകയായിരുന്നു. അത് ഇരു സമുദായങ്ങൾ തമ്മിലുള്ള സംഘർഷത്തിലേക്കെത്തിയത് എത്ര ദൗർഭാഗ്യകരം. മീഞ്ച ന്ത നുസ്റത്തുൽ ഇസ്‌ലാം സംഘത്തിന്റെ പേരിൽ നരിമുക്കിൽ അഹ മ്മദ്കുട്ടി ഒരു നോട്ടീസ് അടിച്ചിറക്കി. എല്ലാ മുസ്‌ലിംകളും നുസ്റത്തുൽ

mappilaheritagelibrary.com

ഇസ്‌ലാം സംഘം ഓഫീസിൽ എത്തണമെന്നായിരുന്നു സംഘടനാ ഭാരവാഹികളറിയാതെ ഇറക്കിയ നോട്ടീസിൽ പറഞ്ഞിരുന്നത്. ആളെക്കൂട്ടാൻ പയറ്റിയ ഒരു തന്ത്രമായിരുന്നു ഇത്. കാവിലേക്കുള്ള ഘോഷയാത്ര ആരംഭിക്കുന്നത് തമ്പിയുടെ വീട്ടിൽ നിന്നായിരുന്നു. ശീട്ടുകളിക്കാരായ രണ്ട് വ്യക്തികൾ തമ്മിലുണ്ടായ വൈരാഗ്യം രണ്ട് സമുദായങ്ങളെ, ദേവാലയങ്ങളെ എത്ര പെട്ടെന്നാണ് അകറ്റിയത്, മലീമസമാക്കിയത്.

നടുവട്ടം സംഭവത്തെക്കുറിച്ചന്വേഷിക്കുവാൻ സർക്കാർ മദിരാശി റവന്യൂ ബോഡ് മെമ്പറായ ഡബ്ലിയു.ആർ.എസ്. സത്യനാഥനെ കമ്മീഷനായി നിയമിച്ചു. അന്വേഷണത്തെ സീതിസാഹിബും ബാഫക്കി തങ്ങളും സ്വാഗതം ചെയ്തു.

നടുവട്ടം സംഭവത്തിന്റെ ഉത്തരവാദിത്വം മുസ്‌ലിംലീഗിന്റെ തലയിൽ ചാർത്താൻ കമ്മ്യൂണിസ്റ്റ് പാർട്ടി അത്യുത്സാഹം കാണിച്ചതിൽനിന്ന് തന്നെ ഈ ഗൂഢാലോചനയിൽ അവർക്കുള്ള പങ്ക് വ്യക്തമായിരുന്നു. എന്നാൽ എല്ലാവരാലും ശ്ലാഘിക്കപ്പെട്ട നിലപാടായിരുന്നു ലീഗിന്റേത്.

മാർച്ച് 31-ാം തിയ്യതി കോഴിക്കോട് കലക്ടർ പളനിയപ്പൻ ഇരു സമുദായ നേതാക്കളുടെയും യോഗം കലക്ടറേറ്റിൽ വിളിച്ചുകൂട്ടി. സീതിസാഹിബ്, ബാഫക്കി തങ്ങൾ, സി.എച്ച്.മുഹമ്മദ്കോയ, എ.വി.കുട്ടിമാളു അമ്മ, കോഴിപ്പുറത്ത് മാധവമേനോൻ, ബി.ടി.രാമചന്ദ്രൻ, പി.ഗോവിന്ദമേനോൻ, കെ.വി.സൂര്യനാരായണ അയ്യർ, വി.കെ. ഏറാടി, എം.വി.ഹൈദ്രോസ്, പി.പി.ഹസൻകോയ, കെ.എ.ദാമോദരമേനോൻ, എം.പി.വി.അഹമ്മദ്ഹാജി, പി.കെ.മൊയ്തീൻകോയ, സയ്യിദ്അലവിജിഫ്രി തങ്ങൾ, വി.ടി.ഇന്ദുചൂഢൻ, നരിമുക്കിൽ അഹമ്മദ്കുട്ടി എന്നിവരായിരുന്നു യോഗത്തിൽ പങ്കെടുത്തിരുന്നത്. യോഗനടപടികൾ ആരംഭിക്കുകയായി. ചർച്ച ആര് ആദ്യം ആരംഭിക്കണമെന്നായി. കെ.എ.ദാമോദരമേനോൻ എം.പി. പറഞ്ഞു: "സീതിസാഹിബ് ആരംഭിക്കട്ടെ ചർച്ച." എന്നാൽ വിനയപൂർവ്വം ആ ആദ്യാവസരം സീതിസാഹിബ് ഒഴിഞ്ഞു. പകരം സീതിസാഹിബ് നിർദ്ദേശിച്ചത് സൂര്യനാരായണ അയ്യരെയായിരുന്നു. എന്നാൽ സീതിസാഹിബിന്റെ ഉദ്ദേശശുദ്ധി മനസ്സിലാക്കാതെ സൂര്യനാരായണ അയ്യർ പറഞ്ഞു: എനിക്കിതിൽ വലിയ കാര്യമൊന്നും ഇല്ല. ഇത് മിസ്റ്റർ സീതിയും മി.ഏറാടിയും, മി.ബാഫക്കിയും മിസ്റ്റർ തമ്പിയും തമ്മിലുള്ള പ്രശ്നമാണ്. സദസ്സിന് ചേരാത്തതായിരുന്നു ആ പരാമർശം. ഉടനെ സീതിസാഹിബ് എഴുന്നേറ്റ് നിന്നു പറഞ്ഞു: "താങ്കൾക്കിതിൽ കാര്യമില്ലായിരുന്നുവെങ്കിൽ താങ്കളെ ഈ യോഗത്തിലേക്ക് ക്ഷണിക്കേണ്ടതില്ലായിരുന്നുവല്ലൊ. ഇനി അഥവാ ക്ഷണിച്ചിരുന്നെങ്കിൽ തന്നെയും താങ്കൾ പങ്കെടുക്കേണ്ടതില്ലായിരുന്നു."

സീതിസാഹിബിന്റെ മറുപടി അയ്യർക്ക് ഏറ്റ ഷോക്കായി. സദസ്സ് സീതിസാഹിബിന്റെ വാക്കുകളെ മാനിച്ചു. ഹിന്ദുക്കളും മുസ്‌ലിംകളും ത

mappilaheritagelibrary.com

മ്മിൽ കുറെമുമ്പ് കണ്ണൂരിൽ ഒരു ലഹള ഉണ്ടായിരുന്നു. അതിന് ശേഷം അവിടെ ഹിന്ദു-മുസ്‌ലിം നേതാക്കൾ ഒരു ഒത്തുതീർപ്പിൽ എത്തിച്ചേർന്നു. ആ ഒത്തുതീർപ്പിലെ നിബന്ധനകളിലൊന്ന് ഹിന്ദു ദേവാലയങ്ങളെ മുസ്‌ലിംകളും മുസ്‌ലിം ദേവാലയങ്ങളെ ഹിന്ദുക്കളും മാനിക്കണമെന്നും ഇരു ദേവാലയങ്ങളുടെയും മുമ്പിൽ വാദ്യം മുഴക്കൽ നിർത്തണമെന്നുമായിരുന്നു. ഈ നിർദ്ദേശം ഇവിടെ നടപ്പിലാക്കികൂടെ എന്നൊരാൾ യോഗത്തിൽ അഭിപ്രായപ്പെട്ടു. യോഗത്തിനത് സ്വീകാര്യമായി. അതേ മാതൃകയിൽ ഒരു കരാർ യോഗത്തിൽ അവതരിപ്പിച്ചത് യോഗത്തിൽ വായിച്ചപ്പോൾ കെ.മാധവമേനോൻ പറഞ്ഞു: "ഹിന്ദുക്കൾക്ക് ചെണ്ടകൊട്ടുന്നത് ഒരു അനാദരവല്ല. അത് അവരുടെ ആരാധനയുടെ ഒരു ഭാഗമാണ്" സീതിസാഹിബ് വീണ്ടും തന്റെ ഇരിപ്പിടത്തിൽ നിന്നു എഴുന്നേറ്റ് നിന്നുകൊണ്ട് പറഞ്ഞു: "മിസ്റ്റർ മാധവമേനോനേക്കാൾ ഭക്തരായ ഹിന്ദുക്കൾ കക്ഷികളായ ഒരു കരാറാണ് ഇവിടെ വായിച്ചത്."

"ഇതെന്റെ അഭിപ്രായമല്ല. ഞാൻ പൊതുവെ പറഞ്ഞെന്നുമാത്രം." മാധവമേനോൻ തന്റെ മനസ്സുതുറന്നു. രംഗം അതോടെ ശാന്തമായി.

***

നടുവട്ടം സംഭവം കഴിഞ്ഞുവെങ്കിലും അതിന്റെ വിഷപ്പുകയും ചൂടും അന്തരീക്ഷത്തിൽ നിന്നും പാടെ മാഞ്ഞുപോയിരുന്നില്ല. വെടിയൊച്ചയുടെ പ്രകമ്പനം അപ്പോഴും മാറ്റൊലികൊള്ളുന്നത് പോലെ. ഈയൊരു പശ്ചാത്തലത്തിലാണ് ഏപ്രിൽ 10, 11 തിയ്യതികളിലായി കോഴിക്കോട് മലബാർ ജില്ലാ മുസ്‌ലിംലീഗ് സമ്മേളനം നടന്നത്. സമ്മേളനത്തെ എതിർത്തുകൊണ്ടും നടുവട്ടം കുഴപ്പത്തിന്റെ പേരിൽ മുസ്‌ലിം ലീഗിനെ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും ഒരു അനുഷ്ഠാനം പോലെ കോൺഗ്രസ്സും അത്യുത്സാഹത്തോടെ കോൺഗ്രസ്സിലെ ദേശീയ മുസ്‌ലിംകളും രംഗത്തിറങ്ങി.

സമ്മേളനം എങ്ങിനെയെങ്കിലും മുടക്കണമെന്നായിരുന്നു അവരുടെ പദ്ധതി. അതിനായി അവർ കഠിനാദ്ധ്വാനം തന്നെ ചെയ്തു. എന്നാൽ എന്ത് വിലകൊടുത്തും സമ്മേളനം നടത്തുകതന്നെ ചെയ്യുമെന്ന് മുസ്‌ലിംലീഗും സീതിസാഹിബും തീരുമാനിച്ചിരുന്നു. സീതിസാഹിബ് ഇതിനിടെ മലബാർ ജില്ലാ കലക്ടർ ടി.കെ.പളനിയപ്പനിൽ നിന്നും സമ്മേളനം നടത്തുവാനുള്ള അനുമതി കരസ്ഥമാക്കിയിരുന്നു. മന്ത്രിസഭയുടെ അനുമതിയോടെയായിരുന്നു ഈ സമ്മതപത്രം നൽകിയതും. ഇത് പക്ഷെ ബഹളംകൂട്ടിയ കോൺഗ്രസ്സുകാർ അറിഞ്ഞിരുന്നില്ല. സമ്മേളനത്തിൽ ഉത്തരേന്ത്യയിലെ പഴയ മുസ്‌ലിംലീഗ് നേതാവും മുൻ എം.എൽ.എ.യുമായ സയ്യിദ് സാക്കിർ അലി സാഹിബും, തമിഴ്നാട്ടിൽ നിന്ന് പല പ്രമുഖ മുസ്‌ലിം ലീഗ് നേതാക്കളും പങ്കെടുത്തു. തൃശ്ശിനാപള്ളിയിൽ നിന്നും പ്രവർത്തകരെത്തിയത് പ്രത്യേക വാഹനം ഏർപ്പാടാക്കിയായിരുന്നു.

mappilaheritagelibrary.com

പ്രക്ഷുബ്ധമായ അന്തരീക്ഷത്തിലാണ് യോഗം തുടങ്ങിയത്. പ്രസംഗത്തിനിടെ ബാഫക്കിതങ്ങൾ പറഞ്ഞു: "നടുവട്ടത്ത് ഒരേറ്റുമുട്ടൽ ഒഴിവാക്കാൻ മുസ്‌ലിം ലീഗ് നേതാക്കൾ ആവുന്നത്ര ശ്രമിച്ചു. കുറെ ആളുകൾ പിരിഞ്ഞുപോയെങ്കിലും ചിലർ കൂട്ടാക്കിയില്ല. നിർഭാഗ്യവശാൽ രണ്ട് ജീവൻ നഷ്ടപ്പെട്ടു. മറ്റു സ്ഥലങ്ങളിൽ സംഘട്ടനങ്ങളില്ലാതെ കഴിക്കാൻ ലീഗ് നേതാക്കൾ കഠിനശ്രമമാണ് നടത്തിയത്. നിയമവും സമാധാനവും പാലിക്കുവാൻ ജനങ്ങളെ ഉപദേശിച്ചു. അധികൃതരുമായി സഹകരിക്കേണ്ടതിന്റെ ആവശ്യകത ലീഗണികൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനും പാർട്ടിക്ക് കഴിഞ്ഞു.

പരസ്യാന്വേഷണത്തെ സ്വാഗതംചെയ്ത് കൊണ്ട് ബാഫക്കിതങ്ങൾ പറഞ്ഞു: "എന്റെ സമുദായവും ഹിന്ദുസമുദായവും നടുവട്ടം സംഭവത്തിന്റെ തിക്തസ്മരണകൾ മറക്കണം. പരിപൂർണ്ണ സൗഹാർദ്ദത്തോടെയും മമതയോടെയും നിങ്ങൾ തുടർന്നും ജീവിക്കണം."

കോഴിക്കോട്ടെ ജില്ലാ സമ്മളനം കൊണ്ടുണ്ടായ ഫലം നടുവട്ടം സംബന്ധിച്ച മുസ്‌ലിം ലീഗിന്റെ നിലപാട് എല്ലാവരേയും ബോധ്യപ്പെടുത്തുവാൻ കഴിഞ്ഞുവെന്നതാണ്. സീതിസാഹിബ് തയ്യാറാക്കി യോഗം അംഗീകരിച്ച പ്രമേയം ഇങ്ങിനെയായിരുന്നു: 'മാർച്ച് 28-ാം തിയ്യതി നടുവട്ടത്ത് പോലീസ് വെടിവെച്ചതിന്റെ ഫലമായി രണ്ട് പേർ മരണപ്പെടുവാനും മറ്റു ചിലർക്ക് പരിക്കേൽക്കുവാനും ഇടയായ സംഭവത്തിൽ ഈ സമ്മേളനം പരിതാപം രേഖപ്പെടുത്തുന്നു. അതിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബത്തോട് സഹതാപം പ്രകടിപ്പിക്കുകയും ചെയ്യുന്നു. നടുവട്ടത്തുണ്ടായ ആ സംഭവത്തെ കുറിച്ച് ഒരന്വേഷണം നടത്താൻ മദിരാശി സർക്കാർ ഒരു കല്പന പുറപ്പെടുവിച്ചതിൽ നന്ദി പ്രകടിപ്പിക്കുന്നു. അതോടൊപ്പം ശാന്തരായും അക്ഷോഭ്യരായും ഇരിക്കുവാനും മലബാറിലെ ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ ചിരകാലമായി നിലനിന്നുവരുന്ന സൗഹാർദ്ദം നടുവട്ടം സംഭവം മൂലം അലങ്കോലപ്പെടുന്നതിന് അനുവദിക്കാതിരിക്കുവാനും, അധികാരികൾക്കെതിരെ കലാപമനസ്ഥിതി പ്രോത്സാഹിപ്പിച്ചുകൊണ്ട് ജനങ്ങളിൽ അസ്വാസ്ഥ്യവും പരിഭ്രമവും സൃഷ്ടിക്കുന്നതിന് നടുവട്ടം സംഭവത്തെ ചൂഷണം ചെയ്യുവാനുള്ള കമ്മ്യൂണിസ്റ്റുകാരുടെ കുതന്ത്രങ്ങളിൽ പെട്ട് വഴിപിഴച്ച് പോകാതിരിക്കുവാനും ഈ സമ്മേളനം മുസ്‌ലിം ബഹുജനങ്ങളോട് അഭ്യർത്ഥിക്കുന്നു. കൽപറ്റ, തിരൂർ, മുതലായ സ്ഥലങ്ങളിൽ പള്ളിയുടെ മുമ്പിലൂടെ വാദ്യഘോഷയാത്ര വേണ്ടെന്നുവെച്ച ഹിന്ദുസമുദായത്തിന്റേയും ഹിന്ദു ഘോഷയാത്രകളിൽ ഇടപെടാതിരിക്കുവാൻ തീരുമാനിച്ച മുസ്‌ലിംകളുടെയും സഹിഷ്ണുതയും വിശാലമനസ്കതകയും ഈ സമ്മേളനം അഭിമാനപൂർവ്വം വീക്ഷിക്കുകയും പള്ളിയുടെ മുമ്പിലൂടെയുള്ള വാദ്യഘോഷയാത്രാ പ്രശ്നം പരിഹരിക്കുന്നതിന് ഇങ്ങിനെയുള്ള സഹിഷ്ണുതയും പരസ്പര വിട്ടുവീഴ്ചാ മനഃസ്ഥിതിയും കാണിക്കുവാൻ മുസ്‌ലിംകളോടും

mappilaheritagelibrary.com

ഹിന്ദുക്കളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.'

കാതടപ്പിക്കും കരഘോഷത്തോടെയാണ് പ്രമേയം ജനങ്ങൾ സ്വീകരിച്ചത്. നടുവട്ടം സംഭവത്തെക്കുറിച്ച് സത്യനാഥൻ കമ്മീഷൻ നടത്തിയ അന്വേഷണ റിപ്പോർട്ട് മുസ്ലിംലീഗിനേയും സീതിസാഹിബും ബാഫക്കി തങ്ങളും നടത്തിയ പ്രവർത്തനങ്ങളെയും അങ്ങേയറ്റം പ്രശംസിക്കുന്നതായിരുന്നു. അത് ലീഗിനെ നശിപ്പിക്കാനായി കച്ചകെട്ടിയിറങ്ങിയ കോൺഗ്രസ്സുകാരുടെയും കമ്മ്യൂണിസ്റ്റുകാരുടെയും മോഹങ്ങൾക്ക് ഒരിക്കൽ കൂടി ചിതയൊരുക്കി.

***

ആയിരത്തി തൊള്ളായിരത്തി അമ്പത്തിയഞ്ച് ആകുമ്പോഴേക്കും സീതിസാഹിബിന്റെ ആരോഗ്യം ക്ഷയിക്കുവാൻ തുടങ്ങിയിരുന്നു ആരുമറിയാതെ, സീതിസാഹിബ് പോലും. സുബ്ഹി നമസ്കാരം കഴിഞ്ഞാൽ ഏതാനും നാഴിക നടക്കുക സീതിസാഹിബിന്റെ ദിനചര്യകളിൽപെട്ടതായിരുന്നു. എന്നിട്ടും രോഗം ക്ഷണിക്കപ്പെടാത്ത ഒരതിഥിയായി ആ ശരീരത്തിൽ കയറിപ്പറ്റി. കാലൊച്ചകേൾപ്പിക്കാതെ. രാപ്പകൽ ഭേദമന്യെയുള്ള വിശ്രമരഹിതമായ സമുദായ പ്രവർത്തനത്തിന്റെ ഫലമായി കിട്ടിയതായിരുന്നു ഈ രോഗം. പാർട്ടിക്കുവേണ്ടിയുള്ള നീണ്ട നീണ്ട യാത്രകൾ, രാവേറെച്ചെല്ലുന്ന പ്രസംഗങ്ങൾ. മതസാമൂഹിക രംഗത്തെ ഉദ്ബോധനങ്ങൾ, ആ ജീവിതത്തിന്റെ വസന്തങ്ങളെയും ഹേമന്തങ്ങളെയും ഇങ്ങിനെ പകുത്തെടുത്തപ്പോൾ ഗ്രീഷ്മജ്വാലയായി വന്ന അസുഖത്തെപ്പറ്റി ഓർക്കാൻ എവിടെ നേരം.

1955 ജനുവരി 8, 9 തിയ്യതികളിൽ ബോംബെയിൽ വെച്ച് വിവിധ മുസ്ലിം സംഘടനാനേതാക്കളും ചിന്തകരും ഒരുമിച്ചുകൂടിയ ഒരു യോഗത്തിലേക്ക് സീതിസാഹിബും പ്രത്യേക ക്ഷണിതാവായിരുന്നു. കേരളത്തിൽ നിന്നും ക്ഷണിക്കപ്പെട്ട ഏക മുസ്ലിം നേതാവ് സീതിസാഹിബ് ആയിരുന്നു. മുസ്ലിംകളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ആലോചിക്കുവാൻ കൂടിയ യോഗം അഖിലേന്ത്യാ തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിരുന്നു. സീതിസാഹിബിനും ഏറെ താല്പര്യമുണ്ടായിരുന്നു യോഗത്തിൽ പങ്കെടുക്കാൻ. എന്നാൽ ഇതിനിടയിൽ അദ്ദേഹത്തിന് ശാരീരികമായ അസ്വസ്ഥതകൾ അനുഭവപ്പെടാൻ തുടങ്ങിയിരുന്നു. അദ്ദേഹം ക്ഷീണിതനായിരുന്നു. ബോംബെവരെ യാത്ര ചെയ്യാൻ കഴിയുമായിരുന്നില്ല. അദ്ദേഹമൊരു രോഗിയാവുകയായിരുന്നു. കൺവെൻഷനിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അദ്ദേഹം കൺവെൻഷൻ കൺവീനറായ മൗലാഹിഫ്സുറഹ്മാന് എഴുതി. അതിൽ കൺവെൻഷനിൽ താൻ എന്ത് പറയുവാൻ ഉദ്ദേശിച്ചുവോ ആ കാര്യങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

ബഹുമാന്യരെ,

മുസ്ലിം സഹോദരന്മാരെ, അസ്സലാമു അലൈക്കും. 04-12-1954 ന് ഉർദുവിൽ താങ്കൾ അയച്ച കത്തും 24-10-54 ന് സ്വീകരണ സംഘ

mappilaheritagelibrary.com

ത്തിന്റെ കത്തും കൈപറ്റി. നന്ദി പറഞ്ഞുകൊള്ളട്ടെ. അനിവാര്യങ്ങളാ
യ ചില പ്രതിബന്ധങ്ങളാൽ സമ്മേളനത്തിൽ സംബന്ധിക്കുവാൻ സാ
ധിക്കാതെ വന്നതിൽ ഞാൻ ദുഃഖിക്കുന്നു. താങ്കൾ ഇപ്പോൾ കൺവെൻ
ഷൻ വിളിച്ചുകൂട്ടുന്നത് ഏതൊരു പ്രശ്നത്തിന് പരിഹാരം കാണുവാനാ
ണോ അതിനെ മാത്രം ആശ്രയിച്ചാണ് ഇന്ത്യൻ മുസ്ലിംകളുടെ നിലനി
ല്പെന്ന വസ്തുത അനിഷേധ്യമാണ്. മുസ്ലിംകളെന്ന നിലക്ക് തങ്ങളു
ടെ നിലനില്പ് ഇന്ത്യയിൽ ഉറപ്പിക്കുവാൻ അവർക്ക് എങ്ങിനെ സാധി
ക്കും എന്നതാണ് യഥാർത്ഥ പ്രശ്നം. ഭരണഘടനയിൽ മതവിദ്യാഭ്യാ
സം നിരോധിച്ചത് കൊണ്ടുളവായിട്ടുള്ള ഭയാനകമായ പ്രത്യാഘാതങ്ങൾ
മുസ്ലിംകൾ ഗ്രഹിച്ചിട്ടില്ലെന്നത് നിർഭാഗ്യകരംതന്നെ. ഗവൺമെന്റ് വേ
തനത്തിന്മേൽ നടത്തപ്പെടുന്ന പബ്ലിക് സ്കൂളുകളിൽ മതവിദ്യാഭ്യാസ
ത്തിന് അവസരം നൽകുകയില്ലെന്നു ഭരണഘടനയിൽ വ്യക്തമാക്കപ്പെ
ട്ട് കഴിഞ്ഞിരിക്കുന്നു. അതുപോലെതന്നെ ഭരണഘടനയുടെ പ്രസ്തുത
വകുപ്പിനെതിരെ പ്രതികരിച്ച മുസ്ലിംലീഗ് മെമ്പർമാരെ ദേശീയ മുസ്
ലിംകൾ ഒട്ടും തന്നെ സഹായിച്ചിട്ടില്ല. ഇത് മർമ്മഭേദകമായ ഒരു വസ്
തുതയാണ്. ഭരണഘടനയിൽ ഉൾക്കൊള്ളിച്ച ഈ നിയന്ത്രണവും നി
രോധനങ്ങളും ചില ദോഷഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. മുസ്ലിം കുട്ടി
കൾക്ക് മതവിദ്യാഭ്യാസം ലഭിക്കുവാൻ മാർഗ്ഗമില്ലാതായി. അതേ സന്ദർ
ഭത്തിൽ മറ്റു സമുദായക്കാരുടെ കുട്ടികൾ അവരുടെ മതവും സംസ്കാര
വും നല്ലപോലെ പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ പ
ദ്ധതിയിൽ അവരുടെ മതത്തേയും സംസ്കാരത്തേയും സംബന്ധിച്ച് വി
വരിക്കുന്ന പാഠങ്ങളും അടിസ്ഥാന വിദ്യാഭ്യാസ പദ്ധതിയനുസരിച്ചുള്ള
പാഠപുസ്തകങ്ങളിൽ ഇന്ത്യൻ സംസ്കാരത്തെയും ചരിത്രത്തെയും കു
റിച്ചുള്ള അധ്യാപനങ്ങളും വഴി ഹിന്ദുമത തത്വങ്ങളും സംസ്കാരങ്ങളും
മുസ്ലിംകുട്ടികളിൽ മാഞ്ഞുപോകാത്തവിധം സ്ഥാനമുറച്ചുകൊണ്ടിരിക്കു
കയും ചെയ്യുന്നു. യു.പി.യിലെ അടിസ്ഥാന വിദ്യാഭ്യാസവും മുസ്ലിം
കുട്ടികളിൽ അത് ഉളവാക്കിയിട്ടുള്ള ദോഷഫലങ്ങളും ചൂണ്ടിക്കാണിച്ചു
കൊണ്ട് മൗലാനാ മഹ്ഫൂസ് റഹ്മാൻ സാഹിബ് 'മദീന' (ഉർദുപത്രം)
യിൽ എഴുതിയ ലേഖനങ്ങളിലേക്ക് താങ്കളുടെ ശ്രദ്ധ ഞാൻ ക്ഷണിക്ക
ട്ടെ.നമ്മുടെ കുട്ടികളുടെ മതവിദ്യാഭ്യാസത്തിന് വേണ്ടി മറ്റു സ്ഥാപന
ങ്ങൾ മുഖേനയും നമ്മുടെ വീടുകളിലും നമുക്ക് വേണ്ടത് ചെയ്യാമെന്ന്
ചിലർ പറയുന്നുണ്ട്. നമ്മുടെ കുട്ടികൾ പ്രാഥമിക വിദ്യാലയങ്ങളിൽ പോ
കുന്നത് നിർബന്ധവും അവിടെ മതപഠനം നിഷിദ്ധവുമാണെങ്കിൽ മറ്റു
ള്ള ഏർപ്പാടുകളെല്ലാം അപ്രായോഗികവും നിഷ്ഫലവുമായിത്തീരാനാ
ണിടയുള്ളത്. ദരിദ്രരായ മാതാപിതാക്കൾക്ക് സ്വസന്താനങ്ങളുടെ വിദ്യാ
ഭ്യാസത്തിനു പ്രത്യേക ഏർപ്പാട് ചെയ്യുക സാധ്യമല്ലല്ലോ.

അതിനാൽ ഭരണഘടനയിൽ ഉചിതമായ മാറ്റംവരുത്തി മതവിദ്യാഭ്യാ
സത്തിന് ഏർപ്പാട് ചെയ്യുകയും മതവിദ്യാഭ്യാസം സംബന്ധിച്ച തടസ്സ

mappilaheritagelibrary.com

ങ്ങൾ ദുരീകരിക്കുകയും ചെയ്യേണ്ടതാണെന്ന് ഒരു പ്രമേയം മൂലം ആവ ശ്യപ്പെടണമെന്ന് കൺവെൻഷനോട് ഞാൻ അപേക്ഷിക്കുകയാണ്. അ പ്രകാരം തന്നെ ഗവൺമെന്റിന്റെ ഈ നടപടികളെ എതിർക്കേണ്ടതിന് നിയമവിധേയമായ എല്ലാ മാർഗ്ഗങ്ങളും കൈകൊള്ളേണ്ടുന്നതിനും അ ങ്ങിനെ ഗവൺമെന്റിനെ മതപഠനം അനുവദിക്കാൻ നിർബ്ബന്ധമാക്കുന്ന തിനും വേണ്ടി ഒരു സർവ്വേന്ത്യാ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും ഞാനഭ്യർത്ഥിച്ചുകൊള്ളുന്നു. ഭരണഘടനയിൽ ഉചിതമായ മാറ്റം വരു ത്തുന്നതിനനുകൂലമായി പൊതുജനാഭിപ്രായം നേടുവാനും കമ്മിറ്റിക്ക് ശ്രമിക്കാം.

മദിരാശിയിലെ മുൻ പ്രധാനമന്ത്രി മിസ്റ്റർ ഒ.പി.രാമസ്വാമി റെഡ്ഡ്യാർ മുതലായ അമുസ്ലിം നേതാക്കൾപോലും സ്കൂളുകളിൽ മതപഠനം ന ടത്തേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ടെന്ന യാ ഥാർത്ഥ്യം സ്മരണീയമാണ്. അപ്രകാരം തന്നെ ഭരണഘടനയിൽ മാ റ്റം വരുത്തുന്നത് വരേക്കും സ്കൂൾ പഠനത്തിനു പുറമെയുള്ള സമയ ങ്ങളിൽ മതപഠനത്തിനും സ്കൂൾ കെട്ടിങ്ങൾ വിനിയോഗിക്കുന്നതിന് അനുവദിക്കണമെന്നു ഗവൺമെന്റിനോടഭ്യർത്ഥിക്കാം. എന്നാൽ രക്ഷി താക്കളുടെ ചിലവിന്മേൽ മുസ്ലിംകുട്ടികൾക്ക് മതപഠനം സമ്പാദിക്കാ വുന്നതാണ്. പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കു ന്ന മതേതര പാഠങ്ങൾക്കെതിരായി മുസ്ലിംകൾക്കുള്ള ആക്ഷേപങ്ങൾ ഒരു പ്രമേയം മുഖേന ഫലപ്രദമായ രീതിയിൽ ഗവൺമെന്റിനെ അറി യിക്കാൻ സാധിക്കും. ഈ കൺവെൻഷനിൽവെച്ച് മേൽ സൂചിപ്പിച്ച സർ വ്വേന്ത്യാ കമ്മിറ്റി രൂപീകരിക്കുന്നപക്ഷം വിവിധ സംസ്ഥാനങ്ങളിൽ നട ന്നുവരുന്ന അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ സ്വഭാവവും ആ വിദ്യാഭ്യാ സ സമ്പ്രദായം മതപരമായും സാംസ്കാരികമായും മുസ്ലിംകളിൽ ഉ ണ്ടാക്കിത്തീർക്കുന്ന ദോഷഫലങ്ങളും പരിശോധിക്കാൻ പ്രസ്തുത ക മ്മിറ്റിയെ അധികാരപ്പെടുത്താം. അതിനെത്തുടർന്ന് ആ കമ്മിറ്റിക്ക് പ്രാ യോഗികവും സൃഷ്ടിപരവുമായ നിർദ്ദേശങ്ങളോട് കൂടി തങ്ങളുടെ റി പ്പോർട്ട് അവരുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ മുമ്പിൽ സമർപ്പിക്കു കയും ചെയ്യാം.

രാഷ്ട്രത്തിന്റെ ഈ ഭാഗത്ത് (മലബാറിൽ) നമ്മുടെ കുട്ടികൾക്ക് മത വിദ്യാഭ്യാസത്തിന് വേണ്ടി എല്ലാ സ്ഥലങ്ങളിലും മദ്രസ്സകൾ തുറക്കുന്ന തിൽ ഞങ്ങൾ വിജയിച്ചിരിക്കുന്നു. എന്നാൽ ഒരു വിഷമം ഉണ്ട്. മദ്രസക ളിലെ പഠനവും ഗവൺമെന്റ് സ്കൂളുകളിലെ നിർബന്ധ വിദ്യാഭ്യാസ വും കൂട്ടിയിണക്കുവാൻ കഴിയുന്നില്ല. ആ വിദ്യാഭ്യാസം നൽകുന്നതിലു ള്ള നിബന്ധന നമ്മുടെ മാർഗ്ഗത്തിൽ തടസ്സമായി നിൽക്കുന്ന കാലമത്ര യും ഈ വിഷമം നാം അനുഭവിക്കേണ്ടിവരും. ഈ നിബന്ധന പൊതു വെ ഇസ്ലാമിക വിദ്യാഭ്യാസത്തെ മാത്രമേ ബാധിക്കുകയുള്ളൂവെന്ന താണ് പരമാർത്ഥം. ഈ അടിയന്തര പ്രശ്നത്തിലേക്ക് ശ്രദ്ധ തിരിക്കു

mappilaheritagelibrary.com

വാൻ കൺവെൻഷനെ ദൈവം അനുഗ്രഹിക്കുകയും അങ്ങനെ സൽഫലങ്ങൾ കൈവരിക്കുകയും ചെയ്യട്ടെ. താങ്കൾക്ക് വിരോധമില്ലെങ്കിൽ ഈ എളിയ അപേക്ഷ കൺവെൻഷന്റെ മുമ്പിൽ സമർപ്പിക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു."

സീതിസാഹിബിന്റെ എഴുത്ത് കിട്ടിയ ഹിഫുസ് റഹ്മാൻ കൺവെൻഷന്റെ മുമ്പിൽ ഇത് സമർപ്പിക്കുക മാത്രമല്ല അതീവ പ്രാധാന്യത്തോടെ യു.പി.യിലെ ഉർദുപത്രമായ 'മദീന'യിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഉത്തരേന്ത്യയിലെ മതപഠനത്തിൽ മുസ്ലിംകളുടേതായ പങ്ക് നിർവ്വഹിക്കുന്നതിനായി ഇങ്ങേ അറ്റത്തുള്ള സീതിസാഹിബ് തന്റെ കഴിവ് വിനിയോഗിക്കുകയായിരുന്നു ഈ എഴുത്തിലൂടെ. കൺവെൻഷന്റെ തീരുമാനങ്ങളിൽ സീതിസാഹിബിന്റെ നിർദ്ദേശം സജീവമായ പരിഗണനയിൽ വരികയും അതവർ പ്രാവർത്തികമാക്കുകയും ചെയ്തു.

***

1955 ജൂലായ് 5

പതിവുപോലെ അന്നു സുബ്ഹി നിസ്കാരവും നടത്തവും കഴിഞ്ഞ് സീതിസാഹിബ് പത്രപാരായണത്തിനിരുന്നു. അതിനുശേഷം ലളിതമായ പ്രാതലും കഴിഞ്ഞ് കോടതി കേസുകൾ സംബന്ധിച്ച ഫയലുകളും പാർട്ടി സംബന്ധമായി വന്ന എഴുത്തുകളും പഠിക്കുകയും എഴുത്തുകൾക്ക് മറുപടി എഴുതുകയും ചെയ്തു. ഊണ് കഴിഞ്ഞാണ് കോടതിയിലേക്ക് പുറപ്പെടുക പതിവ്. അന്നും ഊണിനു ശേഷം കേസുകെട്ടുകളുമായി കോടതിയിലേക്ക് പുറപ്പെട്ടതായിരുന്നു. വീട്ടിന്റെ പടികളിറങ്ങി മുറ്റത്ത് രണ്ടടി വെച്ചതേയുള്ളൂ. നെഞ്ചിൽ കയ്യമർത്തി കഠിന വേദന സഹിച്ചുകൊണ്ട് അദ്ദേഹം വെറുംനിലത്തിരുന്നുപോയി. കേസുകെട്ടുകൾതാഴെ വീണു. മുഖവും ദേഹവും വിയർപ്പിൽ കുതിർന്നു. വക്കീൽ ഗുമസ്തരും സ്റ്റാഫും ഓടിവന്ന് സീതിസാഹിബിനെ കോരിയെടുത്ത് അകത്ത് കിടത്തി. ശുദ്ധവായു കിട്ടുന്ന രീതിയിൽ വാതിലുകളും ജനലുകളും തുറന്നിട്ടു. വാർത്ത കാട്ടുതീപോലെ മിനിറ്റുകൾക്കകം തലശ്ശേരിയിലും പരിസരങ്ങളിലും വ്യാപിച്ചു. ആളുകൾ കൂട്ടത്തോടെ സീതിസാഹിബിന്റെ വസതിയിലേക്ക് പ്രവഹിക്കാൻ തുടങ്ങി.

ശാരീരികവും മാനസികവുമായി പ്രയാസമേറിയ ഒരവസ്ഥയിലായിരുന്നു സീതിസാഹിബ് അപ്പോൾ. ഏറ്റവും ഇളയ പുത്രിയുടെയും പെങ്ങളുടെയും വിവാഹം നിശ്ചയിച്ചിച്ച് കഴിഞ്ഞിരുന്നു. പണ്ട് ധനവാനായിരുന്നുവെങ്കിലും ഇന്ന് ചില്ലി കാശ്പോലും ബാങ്ക് ബാലൻസായി അദ്ദേഹത്തിനില്ല എന്ന കാര്യം പരക്കെ അറിവുള്ളതായിരുന്നു. ഉടനെതന്നെ രണ്ട് വിവാഹങ്ങളും നടത്തണമെന്നായിരുന്നു അദ്ദേഹം ഉദ്ദേശിച്ചിരുന്നത്. പൊതുരംഗത്തായാലും സ്വകാര്യ ജീവിതത്തിലായാലും എന്ത് കാര്യവും ആസൂത്രണം ചെയ്ത് നടപ്പിലാക്കുക എന്നത് സീതിസാഹിബിന്റെ രീതിയായിരുന്നു. അതിൽ എപ്പോഴും അദ്ദേഹം വിജയിക്കുകയും

mappilaheritagelibrary.com

ചെയ്തു. സാമ്പത്തിക ക്ലേശങ്ങൾ പലപ്പോഴും അലട്ടിയിരുന്നെങ്കിലും ആസൂത്രണത്തോടെയുള്ള ജീവിതമായിരുന്നതിനാൽ മറ്റാരെയും ആശ്രയിക്കാതെ, ആരുടെയും സഹായമില്ലാതെ, തന്നെ എല്ലാം അദ്ദേഹം നടത്തിപ്പോന്നിരുന്നു. അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നതും അതായിരുന്നുവല്ലൊ.

"അല്ലാഹുവിൽ നിന്നല്ലാതെ മറ്റൊരാളിൽ നിന്നും ഞാൻ സഹായം തേടുകയില്ല." അത് ജീവിതത്തിലുടനീളം അക്ഷരംപ്രതി പാലിക്കുന്നതിൽ അതീവ കണിശതയും പുലർത്തി. കുറെ മുമ്പ് തന്നെ ശാരീരികമായ എന്തൊക്കെയോ അസ്വസ്ഥതകൾ തന്നെ അലട്ടുന്നതായി അദ്ദേഹത്തിന് തോന്നിയിരുന്നു. ബോംബെ മുസ്‌ലിം കൺവെൻഷനിൽ പങ്കെടുക്കാൻ കഴിയാതെ വന്നതും അതുകൊണ്ടായിരുന്നു. പല പ്രാവശ്യം ക്ഷീണം ആവർത്തിച്ചപ്പോൾ മദിരാശിയിൽ നിയമസഭാ സമ്മേളനത്തിൽ പങ്കെടുത്ത്കൊണ്ടിരുന്ന നാളിൽ ഒരു ദിവസം മദിരാശി മെഡിക്കൽ കോളേജിലെ ഡോക്ടറായ മസിലാമണിയുടെ പരിശോധനക്ക് വിധേയനുമായതാണ്. എന്തെങ്കിലും ഗൗരവമുള്ള രോഗമുള്ളതായി മസിലാമണിക്ക് അന്ന് തോന്നിയതുമില്ല. അതിനാൽ സീതിസാഹിബും അത്ര കാര്യമാക്കിയില്ല. പൊതുരംഗത്തും രാഷ്ട്രീയ രംഗത്തും പതിവുപോലെ സജീവമാവുകയും ചെയ്തു. എന്നാൽ ഹൃദ്രോഗം പതുക്കെപതുക്കെ ആ ശരീരത്തിൽ പിടിമുറുക്കുകയായിരുന്നു. അതിന്റെ പ്രകടിതമായ ഒരവസ്ഥയിലാണ് അദ്ദേഹം നെഞ്ചത്ത് കൈവെച്ച് മുറ്റത്ത് തളർന്നിരുന്നുപോയത്.

സീതിസാഹിബ് തളർന്ന് വീണ വാർത്ത തലശ്ശേരിയും കടന്ന് മലബാറിലൊട്ടാകെ ഇതിനകം വ്യാപിച്ചുകഴിഞ്ഞിരുന്നു. ജനങ്ങൾക്ക് അത് വിശ്വസിക്കാനായില്ല. അവരത് വിശ്വസിച്ചില്ല. കഴിഞ്ഞ ദിവസം വരെ ഊർജ്ജസ്വലതയോടെ പാർട്ടിപ്രവർത്തനങ്ങളിലും കോടതി കേസുകളിലും മുഴുകുകിയിരുന്ന അവരുടെ പ്രിയങ്കരനായ നേതാവ് തളർന്നുവീണെന്ന് അവരെങ്ങിനെ വിശ്വസിക്കും. കേട്ടവർ കേട്ടവർ പരിഭ്രാന്തരായി സീതിസാഹിബിന്റെ വീട്ടിലേക്കൊഴുകി. പൂർണ്ണ ആരോഗ്യവാനായി മാത്രമേ ജനങ്ങൾ സീതിസാഹിബിനെ കണ്ടിട്ടുള്ളൂ. അദ്ദേഹത്തിന്റെ ദിനചിട്ടകളും അങ്ങിനെതന്നെയായിരുന്നു. അമിത ഭക്ഷണമോ പുകവലിയോ ഇല്ല. നിത്യവും പ്രഭാതത്തിൽ നടക്കുവാൻ പോകുമായിരുന്നു. എന്നാൽ ഊണും ഉറക്കവുമില്ലാത്ത രാപ്പകലുകളില്ലാതെ സമുദായ പ്രവർത്തനമെന്ന ത്യാഗപൂർണ്ണമായ പ്രവർത്തനത്തിലായിരുന്നുവല്ലൊ അദ്ദേഹം. അത് അദ്ദേഹത്തെ രോഗിയാക്കി മാറ്റുകയായിരുന്നു. വീട്ടിലെത്തി പരിശോധിച്ച ഡോക്ടർമാർ നാല്പത്തിയെട്ട് മണിക്കൂർ കഴിയാതെ ഒന്നും പറയുവാൻ പറ്റുകയില്ലെന്ന് അറിയിച്ചു. ഇതിനകം കൊടുങ്ങല്ലൂരിൽ നിന്നും അദ്ദേഹത്തിന്റെ സഹോദരങ്ങൾ ഒരു ഡോക്ടറെയും കൂട്ടി കാറിൽ പുറപ്പെട്ടിരുന്നു. ഡോക്ടർമാരുടെ തീരുമാനമറിഞ്ഞ പാർട്ടിപ്രവർത്തകർ പൊ

mappilaheritagelibrary.com

ട്ടിക്കരഞ്ഞുകൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കൈകൾ ആകാശത്തേക്ക് ഉയർന്നു. കണ്ഠങ്ങളിൽ നിന്നും സീതിസാഹിബിന്റെ ദീർഘായുസ്സിനു വേണ്ടിയുള്ള പ്രാർത്ഥനാ മന്ത്രങ്ങൾ ഉതിർന്നു. പള്ളികളിൽ അദ്ദേഹത്തിന്റെ ആയുസ്സിനുവേണ്ടിയുള്ള ആർദ്രമായ പ്രാർത്ഥനകൾ.

നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ രാഷ്ട്രീയനേതാക്കൾ തലശ്ശേരിയിലേക്ക് പുറപ്പെട്ടു. ഡോക്ടർമാരുടെ കർശനമായ വിലക്കുണ്ടായിരുന്നതിനാൽ സന്ദർശകരെ അദ്ദേഹത്തിനരികിലേക്ക് കടത്തിവിട്ടില്ല. പൂർണ്ണ വിശ്രമമായിരുന്നു അവർ വിധിച്ചത്. 48 മണിക്കൂറിനുവേണ്ടിയുള്ള നീണ്ട കാത്തിരിപ്പ്. താഴെയുള്ള സഹോദരങ്ങൾക്കൊന്നും അദ്ദേഹം ജ്യേഷ്ഠസഹോദരനായിരുന്നില്ല. അവരുടെ പ്രിയപ്പെട്ട ഉപ്പയായിരുന്നുവല്ലൊ അദ്ദേഹം. മരിച്ചുപോയ പിതാവിന്റെ സ്ഥാനത്തായിരുന്നു സഹോദരങ്ങൾ അവരുടെ നെഞ്ചിനകത്ത് സീതിസാഹിബിനെ പ്രതിഷ്ഠിച്ചിരുന്നത്.

നിമിഷങ്ങൾക്കകം സീതിസാഹിബിന്റെ വീടും പരിസരവും ആളുകളെക്കൊണ്ട് നിറഞ്ഞു. പൗരപ്രമുഖർ, അഭിഭാഷകർ, വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, സമുദായ നേതാക്കൾ, സാധാരണക്കാർ, എന്നു വേണ്ട സമൂഹത്തിന്റെ ഒരു ചെറിയ പരിഛേദം തന്നെ ആ കൊച്ചുവീടിന്റെ മുറ്റത്ത് കാണാമായിരുന്നു. തുരുതുരാ വന്നുകൊണ്ടിരിക്കുന്ന കമ്പിസന്ദേശങ്ങൾ ഒരു മൂലയിൽ കുന്നുകൂടുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് ഓക്സിജൻ മാസ്ക്ക് ഘടിപ്പിച്ചിരുന്നു. ഓക്സിജൻ സിലിണ്ടർ കിടക്കയുടെ അരികിലും ഘടിപ്പിച്ചിരുന്നു. സീതിസാഹിബിന്റെ താളക്രമമില്ലാത്ത ശ്വാസോഛ്വാസത്തിന്റെ ചെറുശബ്ദം മാത്രം ആ നിശ്ശബ്ദതയിൽ കേൾക്കാം. ഇതിനിടെ കൊടുങ്ങല്ലൂരിൽ നിന്നു പുറപ്പെട്ട സഹോദരങ്ങൾ അവിടെ എത്തിയിരുന്നു. സീതിസാഹിബ് ഈ നേരം മയക്കത്തിലുമായിരുന്നു. അവരുടെ കൂടെ എറണാകുളത്തുനിന്നുള്ള പ്രഗത്ഭനായ ഡോക്ടർ എം.കെ.മേനോനും ഉണ്ടായിരുന്നു. ക്ലാർക്കും അദ്ദേഹത്തിന്റെ വിശ്വസ്തനുമായ മുഹമ്മദ്സാഹിബ് അവരെ ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു "അപകടഘട്ടം തരണം ചെയ്തു കഴിഞ്ഞുവെന്നാണ് ഡോക്ടർമാർ പറയുന്നത്. ഇപ്പോൾ പൂർണ വിശ്രമം വേണമെന്നാണ് അവരുടെ നിർദ്ദേശം. അദ്ദേഹം സുഖമായി ഉറങ്ങുകയാണിപ്പോൾ."

"അൽഹംദുലില്ലാഹ്." സഹോദരങ്ങൾ ഒന്നിച്ച് അല്ലാഹുവിനെ സ്തുതിച്ചു. എറണാകുളത്ത് നിന്നെത്തിയ ഡോ. എം.കെ.മേനോനും തലശ്ശേരിയിലെ ഡോക്ടറായ മുഹമ്മദും വീണ്ടും അദ്ദേഹത്തെ പരിശോധിച്ചു. ഇതിനകം ഡോക്ടർമാർ പറഞ്ഞ 48 മണിക്കൂർ കഴിഞ്ഞിരുന്നു. അവിടെ കൂടിയിരുന്നവരിൽ നിന്നു പരമകാരുണികന് നന്ദി പറഞ്ഞുകൊണ്ട് നെടുനിശ്വാസങ്ങളുയർന്നു.

മദിരാശി സംസ്ഥാനത്തെ മുഴുവൻ പള്ളികളിലും സുകൃതങ്ങളുടെ

mappilaheritagelibrary.com

നിറവായ ആ മഹാന് വേണ്ടി കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകൾ നട ന്നിരുന്നു. ആധുനിക ചികിത്സയുടെ ഒരു ചെറുശാഖ പോലും വികസി ച്ചിട്ടില്ലാത്ത ആ കാലത്ത് അദ്ദേഹം ജീവിതത്തിലേക്ക് തിരിച്ചു വന്നത് ജ നലക്ഷങ്ങളുടെ ഹൃദയബന്ധിയായ പ്രാർത്ഥനകൾകൊണ്ട് തന്നെയാ യിരുന്നു. ഡോക്ടർമാർ വീട്ടുകാരോടും അനിയന്മാരോടും മുന്നറിയിപ്പ് നൽകി.

"സൂക്ഷിക്കണം. രോഗം ആവർത്തിക്കാൻ ഇടയുണ്ട്. പൂർണ്ണ വിശ്രമ മില്ലാതെ വേറെ വഴികളൊന്നും ഇല്ല. അതുകൊണ്ട് ആറ് മാസം കിടക്ക വിശ്രമം നിർബന്ധമാണ്. അതിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല."

ഡോക്ടർമാരുടെ കൂട്ടായ തീരുമാനം കേട്ട് ബന്ധുക്കളും അനിയന്മാ രും കൂടിയിരുന്നാലോചിച്ചു, എന്ത് ചെയ്യണം? ആറ് മാസം ഇവിടെ കിട ത്തി ചികിത്സിക്കുന്നത് ഗുണകരമല്ല. വിദഗ്ധ ചികിത്സക്കായി തൃശൂരി ലേക്കോ എറണാകുളത്തേക്കോ മാറി താമസിക്കുന്നതായിരിക്കും ഉചി തമെന്നു അവർ തീരുമാനിച്ചു.

ഗുരുതരമായ രോഗമാണ് തന്നെ ബാധിച്ചിരിക്കുന്നതെന്ന് ആ നേരം സീതിസാഹിബ് അറിയുകയായിരുന്നു. അദ്ദേഹം അപ്പോഴേക്കും നിദ്ര യിൽ നിന്നും ഉണർന്നിരുന്നു. ഉണർന്നയുടനെ അദ്ദേഹം അന്വേഷിച്ചത് തന്റെ സഹോദരങ്ങളെയായിരുന്നു. അദ്ദേഹം വിളിച്ച് ചോദിച്ചു:

"അവർ വന്നോ"

നാലു സഹോദങ്ങളായ മുഹ്യുദ്ദീൻ (ഡിസ്ട്രിക്ട് മുൻസിഫ്) ലക് ച്ചറർ കെ.എം.അലി, ഡോ. മുഹമ്മദ്, മുൻസിഫ് മുഹമ്മദലി എന്നിവർ ഒന്നിച്ച് അവരുടെ ഇക്ക കിടക്കുന്ന മുറിയിലേക്ക് ചെന്നു. അവരുടെ ഇ ക്കയുടെ മുഖത്ത് ഒരിക്കലും മായാത്ത ആ പുഞ്ചിരി അവർക്കായി അ പ്പോഴും അവിടെ സാത്വിക പ്രകാശംപോലെ ഉണ്ടായിരുന്നു. സീതിസാ ഹിബ് തന്റെ സഹോദരങ്ങളെ മാറോടണച്ചപ്പോൾ കൊച്ചുകുട്ടികളെപ്പോ ലെ ആ സഹോദരങ്ങൾ തേങ്ങിപ്പോയി. അവരുടെ കണ്ണുകൾ അവർക്ക് നിയന്ത്രിക്കാനായില്ല. ഓർമ്മവെച്ച നാൾമുതൽ ഒരു പിതാവിനെപ്പോലെ സ്നേഹം തന്ന്, ലാളിച്ച്, പഠിപ്പിച്ച് ഉന്നത നിലയിൽ എത്തിച്ച് സംരക്ഷ ണം തന്ന ഇക്ക. ഒരിക്കലും സീതിസാഹിബ് അവർക്ക് ഇക്കയായിരുന്നി ല്ല. ഉപ്പതന്നെയായിരുന്നു. ഹൃദയസ്മിതത്താൽ സീതിസാഹിബ് തന്റെ സഹോദരങ്ങളെ തലോടി ആശ്വസിപ്പിച്ചു.

സഹോദരങ്ങൾ നേരത്തെ പറഞ്ഞുറപ്പിച്ച വിദഗ്ദ്ധ ചികിത്സയെക്കു റിച്ച് സീതിസാഹിബിനെ ധരിപ്പിച്ചു. വിദൂരതയിൽ നോക്കിക്കൊണ്ട് അ തിനു മറുപടിയായി സീതിസാഹിബ് പറഞ്ഞു: "ഈ രോഗത്തിൽ നി ന്നും ഞാൻ രക്ഷപ്പെടില്ല." അദ്ദേഹത്തിന് ഇടക്കിടെ ശ്വാസംമുട്ടൽ അ നുഭവപ്പെടുന്നുണ്ടായിരുന്നു. അതിനാൽ ഓക്സിജൻ സിലിണ്ടർ എപ്പോ ഴും കിടക്കക്കരികിൽ തന്നെ കരുതി. ദിവസങ്ങൾ കഴിയവെ, അദ്ദേഹ ത്തിന്റെ രോഗത്തിന് ശമനം കണ്ടുതുടങ്ങി. മുറിയിൽ അത്യാവശ്യം നട

mappilaheritagelibrary.com

ക്കാമെന്ന് ഡോക്ടർമാർ പറഞ്ഞു. അതനുസരിച്ച് കിടപ്പുമുറിയിൽ ത ന്നെ ഏതാനും ചുവടുകൾ അദ്ദേഹം നടന്ന് തുടങ്ങിയിരുന്നു. സുഖപ്പെ ട്ടു തുടങ്ങിയപ്പോൾ സഹോദരങ്ങളോട് നാട്ടിലേക്ക് മടങ്ങിപ്പോകാൻ സീ തിസാഹിബ് ഉപദേശിച്ചു. പക്ഷേ അവർക്ക് അതിന് താല്പര്യമുണ്ടായി രുന്നില്ല. അവർ ഇക്കയുടെ കൂടെതന്നെ കഴിയാൻ ആഗ്രഹിച്ചു. ഒടുവിൽ സീതിസാഹിബ് നിർബന്ധിച്ച് അവരെ മടക്കി അയച്ചു. മനമില്ലാമനസ്സോ ടെയാണ് നാല് സഹോദരങ്ങളും മടങ്ങിപ്പോയത്.

അപ്പോഴും മദിരാശി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആളുകൾ അദ്ദേഹത്തിന്റെ രോഗ വിവരം അന്വേഷിച്ചു വരുന്നുണ്ടായിരു ന്നു. ക്രമേണ അദ്ദേഹം ആരോഗ്യം വീണ്ടെടുക്കുവാൻ തുടങ്ങി. പക്ഷെ വിദഗ്ദ്ധ ചികിത്സ നിർബന്ധമാണെന്നും രോഗം ഏത് സമയത്തും വ ന്നേക്കാമെന്നും ഡോക്ടർമാർ മുന്നറിയിപ്പ് നൽകി. ഒടുവിൽ സീതിസാ ഹിബിനും അത് ബോധ്യപ്പെട്ടു. തൃശൂരിലേക്കോ എറണാകുളത്തേക്കോ മാറിത്താമസിക്കേണ്ടിവരും. മെച്ചപ്പെട്ട ചികിത്സക്കും ബന്ധുക്കൾക്ക് വ ന്നുകാണുവാനും അതായിരിക്കും സൗകര്യം. ബന്ധുക്കളുടെ സാമീപ്യ വും അദ്ദേഹം ആഗ്രഹിച്ചിരുന്നു. ഈ രോഗത്തിൽ നിന്നും തനിക്കൊരു ശാശ്വതമായ മോചനം ഉണ്ടാകില്ലെന്ന് സീതിസാഹിബ് ഉറപ്പിച്ച് കഴിഞ്ഞി രുന്നു. ഒടുവിൽ അതേ തീരുമാനത്തിലദ്ദേഹം എത്തിച്ചേർന്നു. തലശ്ശേ രി വിടുക. തലശ്ശേരി അദ്ദേഹത്തിനു വെറുമൊരു പട്ടണമായിരുന്നില്ല. ത ലശ്ശേരി എന്നും അദ്ദേഹത്തിന്റെ മോഹന സാന്നിധ്യമായിരുന്നു. അത്ര മേൽ അദ്ദേഹം തലശ്ശേരിയെ സ്നേഹിച്ചിരുന്നു.

mappilaheritagelibrary.com

ഇരുപത്തിമൂന്ന്
കണ്ണീരിന്റെ സ്ഫടിക ജാലകങ്ങൾ

ഒടുവിൽ അങ്ങിനെത്തന്നെ തീരുമാനിച്ചു. തലശ്ശേരി വിടുക!

വീട്ടുകാർ സഹോദരങ്ങൾ എല്ലാവരുടേയും നിർബന്ധം. തുടർ ചികിത്സക്ക് ഏറ്റവും നല്ലത് തൃശൂരോ, കൊച്ചിയോ ആണെന്ന അഭിപ്രായത്തെ തുടർന്ന് കൊച്ചിയിലേക്ക് പോകുവാനാണു സീതിസാഹിബ് തീരുമാനിച്ചത്.

നീണ്ട ഒമ്പത് മാസത്തെ ചികിത്സ. താനൊരു തീരാരോഗിയായിക്കഴിഞ്ഞിരിക്കുന്നുവെന്ന യാഥാർത്ഥ്യം സീതിസാഹിബ് അറിയുകയായിരുന്നു. എന്തായിരുന്നു സീതിസാഹിബിന് തലശ്ശേരി? പിരിയാൻ വിടാത്ത സ്നേഹനഗരമോ? പൊക്കിൾകൊടി ബന്ധമോ? ഓരോരുത്തരുടേയും മനസ്സിൽ അവരവർക്ക് പ്രിയപ്പെട്ട നഗരങ്ങളുണ്ടായിരിക്കാം. അതിന് പല കാരണങ്ങളുമുണ്ടായിരിക്കാം. ലണ്ടൻ നഗരം ജോൺസണ് പ്രിയപ്പെട്ടതായിരുന്നു. അത്തരമൊരു പ്രിയമായിരുന്നുവോ സീതിസാഹിബിന് തലശ്ശേരിയോടുണ്ടായിരുന്നത്. തലശ്ശേരി ഹൃദയസ്പന്ദനമായിരുന്നു. ജീവശ്വാസമായിരുന്നു. തലശ്ശേരി ജനത സീതി വക്കീലിനെ പ്രതിഷ്ഠിച്ചത് അവരുയർത്തിയ മുദ്രാവാക്യങ്ങളിലായിരുന്നില്ല. അവരുടെ നെഞ്ചിനകത്തായിരുന്നു. ആ തലശ്ശേരിയോട് സീതിസാഹിബ് വിട ചോദിക്കുന്നു.

***

1956 ഏപ്രിൽ 2

തലശ്ശേരിയിൽ മുസ്ലിം ലീഗിന്റെ താലൂക്ക് സമ്മേളനം. സമ്മേളന നഗരി ജനനിബിഡം. തലശ്ശേരിയൊട്ടാകെ ഇതിനകം ആ വാർത്ത വ്യാപിച്ച് കഴിഞ്ഞിരുന്നു. സീതിസാഹിബ് തലശ്ശേരി വിടുകയാണ് എന്ന വാർത്ത. താലൂക്ക് സമ്മേളനത്തിൽ സീതിസാഹിബ് പങ്കെടുക്കുന്നുവെന്ന വിവരം അറിവായതോടെ ജനം കൂട്ടമായും ഒറ്റയായും സമ്മേളന നഗരിയിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. തലശ്ശേരിയുടെ പ്രാന്തപ്രദേശങ്ങളിൽ നിന്നുപോലും ജനങ്ങൾ യോഗസ്ഥലം ലക്ഷ്യമാക്കി കിട്ടാവുന്ന വാഹനങ്ങളിലും കാൽനടയായും വന്നുകൊണ്ടിരുന്നു. ഒമ്പത് മാസത്തെ വിശ്രമത്തിന് ശേഷം സീതിസാഹിബ് തലശ്ശേരിയിൽ പങ്കെടുക്കുന്ന ആദ്യ

mappilaheritagelibrary.com

ത്തെ പൊതുപരിപാടി. ജീവിതത്തിന്റെ വസന്തകാലം മുഴുവൻ തങ്ങൾക്കായി എരിവേനലാക്കിയ, തങ്ങളുടെ സുഖദുഃഖങ്ങളിൽ അലിഞ്ഞുചേർന്ന ഇരുളിൽ വഴികാണിച്ച കനകദീപം സീതിസാഹിബ്! അദ്ദേഹത്തെ ഒരിക്കൽ കൂടി ഒന്ന് കാണാൻ, ഒരു വാക്ക് കേൾക്കാൻ, അതിനാണവർ വന്നിരിക്കുന്നത്. സമ്മേളന നഗരി ജനസമുദ്രമാകവെ, അതിന്നിടയിലൂടെ ആ സാത്വികവിശുദ്ധി പതുക്കെപതുക്കെ സ്റ്റേജിലേക്ക് നടന്നു. കാലത്തിനും രോഗത്തിനും മായ്ച്ച് കളയാനാവാത്ത മധുരമന്ദസ്മിതം അപ്പോഴും ആ ചുണ്ടുകളിൽ ഉണ്ടായിരുന്നു. അവിടെ കൂടിയിരുന്ന ആയിരമായിരം കണ്ഠങ്ങൾ അവരറിയാതെ വിതുമ്പലോടെ വിളിച്ചുപോയി "സീതിസാഹിബ് സിന്ദാബാദ്." "മുസ്‌ലിംലീഗ് സിന്ദാബാദ്." മുദ്രാവാക്യം വിളികളാൽ സമ്മേളന നഗരി മുഖരിതമാകവെ സീതിസാഹിബ് വേദിയിൽ ഉപവിഷ്ടനായി. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സീതിസാഹിബ് ചുരുങ്ങിയ വാക്കുകളിൽ തന്റെ വിടവാങ്ങൽ നടത്തി. തക്ബീർ ധ്വനികളുടെ പ്രശാന്താവസ്ഥയിൽ തുടങ്ങിയ സമ്മേളനത്തിൽ ആർദ്രസാന്നിധ്യമായി സീതിസാഹിബ്. അതൊരു യാത്രയയപ്പ് സമ്മേളനവും കൂടിയായി മാറുകയായിരുന്നുവോ?

***

1956 ഏപ്രിൽ 5

സീതിസാഹിബ് തലശ്ശേരി റെയിൽവെ സ്റ്റേഷനിലെത്തി. ആയിരങ്ങളാണ് യാത്രയയക്കാനെത്തിയിരിക്കുന്നത്. റെയിൽവെ സ്റ്റേഷൻ ജനങ്ങളെക്കൊണ്ട് തിങ്ങിനിറഞ്ഞു. നിറമിഴികളോടെ അവർ അദ്ദേഹത്തെ കണ്ടു. നിരുദ്ധകണ്ഠങ്ങളാൽ യാത്രാമൊഴി നേർന്നു. ആയുസ്സിന്റെ സൗഭഗപ്പൊലിമയാർന്ന നീണ്ട ഇരുപത്തിയഞ്ച് വർഷങ്ങളാണു സീതിസാഹിബ് മലബാറിലെ മുസ്‌ലിം ജനതക്ക് വേണ്ടി എരിയിച്ചുകളഞ്ഞത്. അദ്ദേഹം തിരിച്ച് പോകുകയാണ് വെറും കയ്യോടെ. കൂട്ടിന് ഏത് നിമിഷവും അല്ലാഹുവിലേക്ക് തിരികെ കൊണ്ടുപോകാനായി കാത്തുനിൽക്കുന്ന മഹാരോഗം. ഹൃദ്രോഗത്തിന് ഇന്നത്തെപ്പോലെ വിഗദ്ധ ചികിത്സ ഇല്ലാത്ത കാലം.

ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് തലശ്ശേരിയിൽ വണ്ടിയിറങ്ങുമ്പോൾ ആ അഭിഭാഷകൻ സമ്പന്നനായിരുന്നു. പ്രശസ്തനായ വക്കീലായിരുന്നു. അരോഗദൃഢഗാത്രനായിരുന്നു. ജന്മനാട്ടിലേക്ക് മടങ്ങുമ്പോൾ ഇതൊന്നുമില്ല. രോഗമല്ലാതെ തനിക്കുള്ളതെല്ലാം സമുദായത്തിന് നൽകിക്കൊണ്ടുള്ള ഒരു നിസ്വന്റെ മടക്കയാത്ര.

***

വാണിയമ്പാടിയിലെ ദക്ഷിണേന്ത്യാ മുസ്‌ലിം വിദ്യാഭ്യാസ സമ്മേളനത്തിലേക്ക് തന്റെ സമുദായത്തോട് സംവദിക്കാനുള്ള അദമ്യമായ ആഗ്രഹത്തോടെ ചെന്ന ആ കൊച്ചു ഹൈസ്കൂൾ വിദ്യാർഥി. വലിയവരുടെ യോഗമാണ്, പ്രസംഗിക്കാൻ പ്രായമായില്ലെന്ന് പറഞ്ഞ് തിരിച്ചയച്ച

mappilaheritagelibrary.com

സംഘാടകരെ വിസ്മയിപ്പിച്ച് കേരളമൊട്ടാകെ പ്രഭാഷണ കലയുടെ രാജകുമാരനായി വളർന്ന യുഗശില്പി.

ഹൈസ്കൂളിൽ പഠിക്കുമ്പോൾ തന്നെയാണവൻ സാഹിത്യകേസരി എന്ന് സഹൃദയ ലോകത്തിനാൽ വിശേഷിപ്പിക്കപ്പെട്ട മാമ്മൻമാപ്പിളയെ അദ്ദേഹം ഇരിക്കുന്ന വേദിയിൽ വെച്ച് തന്നെ അതിനിശിതമാംവിധം വിമർശിച്ചത്.

മാമ്മൻമാപ്പിള എഴുതിയ 'ഇന്ത്യാചരിത്രം' ലേഖനത്തിൽ വന്ന അബദ്ധങ്ങൾ ചൂണ്ടിക്കാണിച്ച് ആ കൊച്ചുപയ്യൻ ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യയുടെ വാർഷികയോഗത്തിൽ കത്തിക്കയറിയത് ഇന്നലെ കഴിഞ്ഞതുപോലെ.

ചിറയിൻകീഴ് താലൂക്ക് മുസ്ലിം സമാജത്തിന്റെ ഒരു വിശേഷാൽ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ച തിരുവനന്തപുരം കോളേജിലെ മലയാളം പ്രൊഫസർ അയ്യപ്പൻപിള്ള ഇസ്ലാമിനെപറ്റിയും പരിശുദ്ധ ഖുർആനെപറ്റിയും അലോസരമാംവിധം സംസാരിച്ചപ്പോൾ ആ പയ്യൻ അവിടെയും ഉണ്ടായിരുന്നു. പ്രൊഫസറുടെ പ്രസംഗം തീർന്ന ഉടനെ അവൻ സ്റ്റേജിൽ കയറി പ്രഫസർക്ക് പിണഞ്ഞ തെറ്റുകൾ ഓരോന്നായി എടുത്തുപറഞ്ഞു.

മാമ്മൻമാപ്പിളയും അയ്യപ്പൻ പിള്ളയും പറ്റിയ തെറ്റുകൾക്ക് ക്ഷമ ചോദിച്ചത് കാലത്തിന്റേയും കൂടി ചരിത്രമായി. വളർന്നപ്പോൾ അവൻ കൊച്ചി നിയമസഭയിൽ എത്തി. കച്ചിമേമൻ ആക്ട്, സ്ത്രീവിവാഹമോചന ബില്ല്, മുസ്ലിം പിന്തുടർച്ചാ ബില്ല്, വഖഫ്ബില്ല് എന്നിവ അവതരിപ്പിച്ച് നിയമസഭയെക്കൊണ്ട് പാസാക്കിയെടുത്തു. സീതിയെപ്പോലുള്ള സാമാജികർ ഏതൊരു പരിഷ്കൃത പാർലമെന്റിനും അലങ്കാരമായിരിക്കുമെന്ന് അന്ന് മലയാളമനോരമ അടക്കമുള്ള പത്രങ്ങൾ എഴുതി. കൊച്ചി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഹിന്ദി നിർബന്ധ വിഷയമാക്കണമെന്ന അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചതും ആ യുവാവ് തന്നെ. കൊച്ചി രാജാവ് ആ യുവാവിനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എന്തോ അസാധാരണത്വം ആ യുവാവിൽ രാജഭരണം കണ്ടെത്തി. കൊച്ചി ഹാർബർ ബോർഡ്, പോർട്ട് കൺസർവൻസി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ കൊച്ചി സർക്കാറിന്റെ പ്രതിനിധിയായി രാജഭരണം നിയോഗിച്ചത് സീതിയെയായിരുന്നു.

കൊച്ചി സർക്കാർ സ്വന്തം നിലയിൽ നടത്തിവന്ന ഇക്കണോമിക് ഡവല്പമെന്റ് കമ്മിറ്റിയിലും പാഠപുസ്തക്കമ്മിറ്റിയിലും മലയാള ഭാഷാപരിഷ്കരണ കമ്മിറ്റിയിലും നിയമിക്കുവാൻ സർക്കാർ കണ്ടെത്തിയതും സീതി എന്ന യുവാവിനെ തന്നെയായിരുന്നു.

കൊച്ചിയിലെ പ്രഗത്ഭനായ അഭിഭാഷകനായി, സമർത്ഥനായ നിയമസഭാ സാമാജികനായി, സമുന്നത കോൺഗ്രസ് നേതാവായി, ഏതൊരു സദസ്സിന്റേയും സുന്ദരസാന്നിധ്യമായി, ധനിസാന്ദ്രമായ വാക്കുകളുടെ ഉടമ എന്ന നിലയിൽ കൊച്ചിയിൽ മാത്രമല്ല കേരളമൊട്ടാകെ പ്രശസ്ത

mappilaheritagelibrary.com

നായിക്കഴിഞ്ഞിരുന്ന കെ.എം.സീതി സാഹിബ് ഒരു പ്രഭാതത്തിൽ എ ല്ലാം ഉപേക്ഷിച്ച് മലബാറിലേക്ക് വണ്ടികയറി. എല്ലാ അലങ്കാരങ്ങളും പ ദവികൾ നൽകിയ ഉടയാടകളും ഉപേക്ഷിച്ചുകൊണ്ടുള്ള യാത്ര.

മലബാർ കലാപം കഴിഞ്ഞ് പത്ത് വർഷം കഴിഞ്ഞിട്ടും ആരോരുമി ല്ലാതെ, മുന്നിൽ അന്ധകാരമല്ലാതെ വിളക്ക് തെളിയിക്കുവാൻ ഒരാളെ പ്പോലും കാണാതെ ഏറനാട് ദുരിതക്കടൽ നീന്തുമ്പോൾ അവർക്കായി എന്തെങ്കിലും ചെയ്യണമെന്ന ഉദ്ദേശ്യംമാത്രം മനസ്സിൽ വെച്ച്, കൊച്ചി യിൽ എല്ലാം ഉപേക്ഷിച്ച് മലബാറിലേക്ക് വണ്ടികയറുകയായിരുന്നു സീ തിസാഹിബ്.

ബ്രിട്ടീഷ് ഭരണകാലത്ത് സെൻട്രൽ ഗവൺമെന്റിന്റെ എക്സിക്യൂട്ടീ വ് ഹോം മെമ്പറായിരുന്ന സർ സഫറുല്ലാഖാൻ കൊച്ചി സന്ദർശിച്ചത് ആയിടെയായിരുന്നു. അന്നത്തെ ദിവാനായിരുന്ന ഷൺമുഖംഷെട്ടിയോ ട് സഫറുല്ലാഖാൻ ചോദിച്ചു: "താങ്കൾ എന്റെ സമുദായത്തിന് വേണ്ടി ഇവിടെ വല്ല നന്മയും ചെയ്യുന്നുണ്ടോ." ഷെട്ടി മറുപടി പറഞ്ഞു: "കൊ ച്ചിയിൽ ഉദ്യോഗം നൽകാൻ അർഹതയുള്ള മുസ്ലിംകളെ ഞാൻ കാ ണുന്നില്ല."

ഉടനെ സഫറുല്ലാഖാൻ ചോദിച്ചു:

"ഇവിടെയാണല്ലൊ കെ.എം.സീതിസാഹിബ്" അതിന് മറുപടിയായി ഷെട്ടി പറഞ്ഞു.

"ഞാനെന്ത് ചെയ്യാനാണ്? അദ്ദേഹം സമുദായ സേവനത്തിനായി കൊ ച്ചി ഉപേക്ഷിച്ച് മലബാറിലേക്ക് പോയല്ലോ."

ആ സേവനം ഇനി മലബാറിനില്ല. അദ്ദേഹം പോവുകയാണ്. മടക്ക മില്ലാത്ത യാത്ര. തിക്തജന്മത്തിന്റെ ചുമടുകളെടുക്കേണ്ടവരല്ല തന്റെ സ മുദായമെന്ന തിരിച്ചറിവിൽ എല്ലാം ഉപേക്ഷിച്ച് തലശ്ശേരിയിലെത്തിയ സീ തിസാഹിബ് അവരുടെ തപ്തചരിതം മാറ്റിയെഴുതിക്കൊണ്ടാണ് തിരി കെ പോവുന്നത്.

മലബാറിൽ ഖിലാഫത്തിന് നേതൃത്വം നൽകിയവർ, അതൊരു ക ലാപമായി മാറിയപ്പോൾ എവിടെയോ പോയി മറഞ്ഞു. കയറിക്കിടക്കാൻ വീടുകളില്ലാത്ത, ഭക്ഷണമില്ലാതെ, ഉടുക്കാൻ തുണിയില്ലാതെ തെരുവിൽ അലഞ്ഞ ഒരു ജനതയുടെ വീണ്ടെടുപ്പ് സീതിസാഹിബിന്റെ ത്യാഗമാ യി മാറി. നാടുവാഴികളിൽ നിന്നും ജന്മിമാരിൽ നിന്നും കിട്ടിക്കൊണ്ടിരു ന്ന മർദ്ദനങ്ങളുടെ, ഭീഷണികളുടെ തീക്കാറ്റിൽ പൂമരം മുളപ്പിച്ച കാല ത്തിന്റെ ഉർവരതയാകുകയായിരുന്നു സീതിസാഹിബ്. തലശ്ശേരിയിലെ, കോഴിക്കോട്ടെ പ്രമുഖരായ മുസ്ലിം നേതാക്കളും സമുദായ തല്പരരാ യ ധനാഢ്യരും ഇതിനകം സീതിസാഹിബിനെ ഏറെ ഇഷ്ടപ്പെട്ടു.

മലബാർ ജീവിതത്തിൽ എല്ലാറ്റിനും താങ്ങുംതണലുമായി നിന്നവ രിൽ ഏറെ ശ്രദ്ധേയരായിരുന്നു സുൽത്താൻ അബ്ദുറഹിമാൻ അലിരാ ജ, ഹാജി അബ്ദുസത്താർ സേട്ടുസാഹിബ്, സി.പി.മമ്മുക്കേയി, സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ, ബി.പോക്കർസാഹിബ്, കെ.ഉപ്പി

mappilaheritagelibrary.com

സാഹിബ്, എ.കെ.കുഞ്ഞിമായൻ ഹാജി, സി.സി.ഒ.ആലുപ്പിക്കേയി, പാണക്കാട് പൂക്കോയതങ്ങൾ, എം.കെ.ഹാജി, സി.ഒ.ടി.കുഞ്ഞിപ്പക്കിസാഹിബ്, സി.എച്ച്.മുഹമ്മദ്കോയസാഹിബ്, വല്യാട്ട് മുഹമ്മദ് കോയതങ്ങൾ, മഹമൂദ് ഷംനാട് എന്നിവരൊക്കെ.

മലപ്പുറത്തെ ഹൈസ്കൂൾ, ചന്ദ്രികപത്രം, മുസ്ലിം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള മുസ്ലിം എഡുക്കേഷൻ അസോസിയേഷൻ, കേരള മുസ്ലിം മജ്ലിസ് (രാഷ്ട്രീയോദ്ദേശ്യത്തോടെ പടച്ചുണ്ടാക്കുകയും പിന്നീട് നാമാവശേഷമാവുകയും ചെയ്ത ദേശീയ മുസ്ലിംകളുടെ സൃഷ്ടിയായ അഖിലേന്ത്യാ മുസ്ലിം മജ്ലിസ് അല്ല) മുസ്ലിംലീഗിന്റെ പുനരുദ്ധാരണം, ഫാറൂഖ്കോളേജ്, അങ്ങിനെ എണ്ണിയാലൊടുങ്ങാത്ത സ്തംഭങ്ങളാണു അദ്ദേഹം മുസ്ലിം സമുദായത്തിനായി മലബാറിൽ അർപ്പിച്ചത്.

ചാക്കീരി അഹമ്മദ്കുട്ടിയും, ഹസൻകുട്ടി കുരിക്കളും എം.കെ.ഹാജിയും നെഞ്ചുകാട്ടി ഏറനാടൻ മണ്ണിലൂടെ തലയുയർത്തി മുസ്ലിം ലീഗിന്റെ പതാക തോളിലേറ്റി നടന്നത് സീതിസാഹിബ് പകർന്നുകൊടുത്ത ആത്മബലത്തിന്റെ ശക്തിയിലായിരുന്നു. സീതിസാഹിബിന്റെ തലശ്ശേരി വാസകാലത്തിനിടയിൽ അദ്ദേഹം ആവിഷ്കരിച്ച പദ്ധതികളാണു മലബാറിലെ മുസ്ലിംകളുടെ ഇരുളടഞ്ഞ ഭാവിയെ പ്രകാശമാനമാക്കിയത്. ഇന്നത്തെപോലെയായിരുന്നില്ല അന്ന്. സമുദായ സേവനമെന്ന ത്യാഗം സീതിസാഹിബിനേപ്പോലുള്ള ഒരാൾക്ക് മറ്റു സമുദായക്കാരുടേതിനെക്കാൾ ഭാരമേറിയ ഒരു ചുമട് തന്നെയായിരുന്നു. എല്ലാം അദ്ദേഹം മറികടന്നത് അദ്ദേഹത്തിന്റെ നിർമ്മലവും വിശുദ്ധവുമായ സ്വഭാവ മഹിമകൊണ്ടും ബുദ്ധിസാമർത്ഥ്യം കൊണ്ടും പാണ്ഡിത്യംകൊണ്ടും കാര്യവിവരംകൊണ്ടും പകൃതകൊണ്ടും നയകുശലതകൊണ്ടും വാഗ്മികത്വം കൊണ്ടും ശക്തമായ എഴുത്തുകൊണ്ടും സർവ്വോപരി അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ടും കൂടിയായിരുന്നു. ചിന്താഭരിതമായ വട്ടമുഖം, നിഷ്കളങ്കവും നിർമലവുമായ പുഞ്ചിരി, ആഗതന്റെ ഹൃദയത്തിലേക്കിറങ്ങിച്ചെല്ലുന്ന കണ്ണുകൾ, വരുന്ന ഏതൊരാളേയും ബഹുമാനിച്ച് ആദരിച്ച് ഇരുത്തുന്ന നേതാവ്, ആവശ്യം വരുമ്പോൾ ആരേയും എതിർക്കാൻ മടിക്കാത്ത ധീരൻ, മതകാര്യങ്ങളിലെ അഗാധമായ ജ്ഞാനം. പറഞ്ഞതിന് ശേഷം ആലോചിക്കുകയല്ല. ആലോചിച്ചതിന് ശേഷം മാത്രമേ പറയൂ. മൗലവിമാരെ തിരുത്തുന്ന രാഷ്ട്രീയക്കാരൻ.

പ്രശസ്ത ഗ്രന്ഥകാരൻ എം.സി.വടകര സി.എച്ച്.മുഹമ്മദ് കോയാ സാഹിബിനെ 'രാഷ്ട്രീയക്കാർക്കിടയിലെ സാഹിത്യകാരൻ - സാഹിത്യകാരൻമാർക്കിടയിലെ രാഷ്ട്രീയക്കാരൻ' എന്ന് വിശേഷിപ്പിച്ചത് പോലെ മൗലവിമാർക്കിടയിലെ രാഷ്ട്രീയക്കാരനും രാഷ്ട്രീയക്കാർക്കിടയിലെ മൗലവിയുമായിരുന്നു സീതിസാഹിബ്. കച്ചവടം, വിവാഹം, വിവാഹമോചനം, വഖഫ് ശിക്ഷാനിയമങ്ങൾ, സ്വത്തവകാശം, യുദ്ധം, സമാധാനം, രാജ്യഭരണം, നീതിപരിപാലനം തുടങ്ങി ഫിഖ്ഹിന്റെ എല്ലാ അ

mappilaheritagelibrary.com

ധ്യായങ്ങളും അദ്ദേഹം ഹൃദ്യസ്ഥമാക്കിയിരുന്നു. പ്രവാചക സൗമ്യത യായിരുന്നു അദ്ദേഹത്തിന്റെ മുഖപ്രസാദം.

സീതി സാഹിബിന്റെ സ്വഭാവ സവിശേഷതകൾ സ്വന്തം ജീവിത ത്തിൽ പകർത്താൻ ശ്രമിക്കുകയും അതിൽ പരാജയപ്പെട്ടുപോവുകയും ചെയ്ത ഒരു വ്യക്തിയാണ് താനെന്നു കുറ്റസമ്മതം നടത്തി പ്രമുഖ വി ദ്യാഭ്യാസ വിചക്ഷണനും സാഹിത്യകാരനും പണ്ഡിതനുമായരുന്ന പി. ടി.ഭാസ്കരപ്പണിക്കർ. സുദർശനം പത്രാധിപർ പി.വി.കെ.നെടുങ്ങാടി, സീ തിസാഹിബിനെ കാണാൻ ചെന്നപ്പോൾ ആ പത്രാധിപരെ മാറോട് ചേർ ത്തുപിടിച്ചു കരഞ്ഞുപോയി. പി.വി.കെ.നെടുങ്ങാടി. ഇത്രയും സ്നേഹ നിധിയായ ഒരാളെ എന്റെ ജീവിതത്തിൽ താൻ പിന്നീട് കണ്ടിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തി നെടുങ്ങാടി.

സീതിസാഹിബ് മലബാറിൽ വന്നതിന് ശേഷമാണ് മലബാറിലെ മു സ്ലിംകൾ നവോത്ഥാനത്തിന്റെ പാതയിലേക്ക് കാലെടുത്ത് വെക്കുന്ന ത്. തലശ്ശേരിയിൽ അദ്ദേഹം താമസം തുടങ്ങിയതിനു ശേഷമാണ് മല ബാർ മുസ്ലിംകൾക്കിടയിൽ പുതിയ ചിന്താപദ്ധതികളും നിരന്തരമായ പ്രവർത്തനാഭിവാഞ്ഛയും ഉണ്ടാകുന്നത്. അവർക്കൊരു പുതിയ പ്രഭാ തം കാണിച്ചുകൊടുത്തത് സീതിസാഹിബായിരുന്നു.

സീതിസാഹിബ് വിടചോദിക്കുകയാണു തലശ്ശേരിയോട്, മലബാറി നോട്. മലബാർ മുസ്ലിംകളുടെ വളർച്ച, മുന്നോട്ടുള്ള പ്രയാണം നിറ കൺചിരിയോടെ കണ്ട് ആ ധർമ്മതേജസ് മടങ്ങുകയാണ്. ആത്മീയത ക്ക് ശബ്ദരാഹിത്യമുണ്ടെങ്കിൽ അതായിരുന്നു ആ നേതാവ്. രത്നദീപ് തിയാർന്ന പുഞ്ചിരി നൽകിക്കൊണ്ട് അദ്ദേഹം വിടവാങ്ങുകയാണ്.

റെയിൽവെ സ്റ്റേഷനിലെ എല്ലാ മുഖങ്ങളും മ്ലാനമാണ്. തൊണ്ടയിൽ കുരുങ്ങിയ ഗദ്ഗദങ്ങൾ. നെഞ്ചിൽ പുകയുന്ന നെടുവീർപ്പുകൾ. കാൽ നൂറ്റാണ്ട് കാലത്തെ മലബാർ ജീവിതം, തലശ്ശേരി ജീവിതം ഇതാ ഇവി ടെ അവസാനിക്കുന്നു. അവിടെ കൂടിയിരുന്ന ജനങ്ങളോട് "അല്ലയോ സഹോദരരെ ഞാനെന്റെ കടമ നിറവേറ്റിയോ" എന്ന് സീതിസാഹിബ് ഒരു വേള ചോദിച്ചിരുന്നുവെങ്കിൽ. കണ്ണീരോടെ അവർ വിളിച്ചു പറയുമാ യിരുന്നു

"അതെ, താങ്കൾ നിറവേറ്റി."

വിരഹം എത്രമാത്രം വേദനാനിർഭരമാണെന്ന് നിർണ്ണയിക്കാൻ യാ ത്രയാക്കാനെത്തിയ ഉപ്പിസാഹിബിന്റെ സജലങ്ങളായ കണ്ണുകൾ തന്നെ സാക്ഷി.

സീതിസാഹിബ് വണ്ടിയിൽ കയറി.

വാതിൽക്കൽ നിന്ന് അദ്ദേഹം കൈവീശി, പുഞ്ചിരിയോടെ. കറുത്ത പുകപരത്തിക്കൊണ്ട് തലശ്ശേരി സ്റ്റേഷനിൽ നിന്നും വണ്ടി സാവധാനം നീങ്ങി. അവരുടെ പ്രിയപ്പെട്ട, എല്ലാമായിരുന്ന നേതാവ് അതാ അകന്നു പോകുന്നു. കണ്ണീരിന്റെ സ്ഫടികജാലകങ്ങളിലൂടെ അവർ ആ കാഴ്ച കണ്ടുനിന്നു. ഒരു ജലഛായാ ചിത്രംപോലെ.

mappilaheritagelibrary.com

ഇരുപത്തിനാല്
പുതുയുഗപ്പിറവിയിലൊരു ചുവപ്പ് രാശി

1956 നവംബർ 1

കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പുതുയുഗപ്പിറവി. അന്നാണ് ഐക്യകേരളം നിലവിൽ വന്നത്. ഐക്യകേരളത്തിന് വേണ്ടി വളരെക്കാലം മുമ്പെ വാദിച്ചിരുന്നു സീതി സാഹിബ്.

1949 ൽ നാട്ടുരാജ്യങ്ങളായിരുന്ന കൊച്ചിയും തിരുവിതാംകൂറും ലയിച്ചപ്പോൾ തന്നെ ഐക്യകേരളമെന്ന സ്വപ്നം പുലരുകയാണെന്നറിഞ്ഞിരുന്നു.

ഒരു മന്ദമധുരസ്വപ്നം പോലെ ഐക്യകേരളത്തിന്റെ ആവശ്യത്തെപറ്റി മദിരാശി നിയമസഭയിൽ വാദിച്ചത് സീതിസാഹിബായിരുന്നു. മുസ്ലിംലീഗായിരുന്നു.

സംസ്ഥാന പുനർവിഭജന കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ കൊച്ചി സംസ്ഥാനവും മലബാറും കൂടിച്ചേർന്ന് ഐക്യകേരളമായത്. പക്ഷെ ഇത് സാധിതമായപ്പോഴേക്കും തിരുകൊച്ചിയിലെ തെക്കൻ തിരുവിതാംകൂറും മലബാറിലെ ഗൂഡല്ലൂരും കേരളത്തിന് നഷ്ടപ്പെട്ടു. ഇത് മദിരാശിക്ക് വിട്ടു കൊടുത്തു കൊണ്ടാണ് വിജ്ഞാപനം വന്നത്. ഇതിനെതിരെ വ്യാപകമായ പ്രതിഷേധങ്ങൾ ഉയർന്നുവെങ്കിലും ക്രിയാത്മകമായ നടപടികളെടുക്കുവാൻ കേരളത്തിൽ ഒരു സർക്കാർ ആ സമയത്ത് ഇല്ലാതെ പോയി.

1956 മാർച്ച് 11 ന് പനമ്പിള്ളി മന്ത്രിസഭ നിലം പതിച്ചിരുന്നു. ആറ് വിമത കോൺഗ്രസ് എം.എൽ.എ മാർ കൂറുമാറിയതിനെത്തുടർന്നായിരുന്നു ഈ പതനം. പ്രസിഡണ്ട് ഭരണത്തിന്റെ കിതപ്പിലേക്കാണ് കേരളം പിറന്ന് വീണത്. സീതിസാഹിബും മുസ്ലിം ലീഗും വളരെ മുമ്പെ ഐക്യകേരളത്തിന് വേണ്ടി വാദിച്ചപ്പോൾ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയും കോൺഗ്രസ്സിലെ ഒരു വിഭാഗവും ഐക്യകേരള രൂപീകരണത്തെ എതിർക്കുകയായിരുന്നു. സംസ്ഥാന പുനഃസംഘടനാ കമ്മിറ്റിക്ക് മുമ്പാകെ അവർ ഐക്യകേരളത്തിനെതിരെ മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുക പോ

mappilaheritagelibrary.com

ലും ചെയ്തു. ഐക്യകേരളം നിലവിൽ വന്നതോടെ അത് വരെ സർ ക്കാറിന്റെ തലവേദനായിരുന്ന രാജപ്രമുഖന്റെ പദവിയും ഇല്ലാതായി. പ കരം ആ സ്ഥാനത്ത് ഗവർണർമാർ നിയമിതരായി. കേരളത്തിന്റെ പ്രഥ മ ഗവർണറായി ഹൈദരാബാദിലെ മുൻ മുഖ്യമന്ത്രി ബി.രാമകൃഷ്ണ റാവു ചുമതലയേറ്റു. അതിന് മുമ്പ് താല്ക്കാലിക ഗവർണറായി 1956 ന വം.ഒന്നിന് പി.എസ്.റാവു സത്യപ്രതിജ്ഞ ചെയ്തിരുന്നു. അത്വരെ അ ദ്ദേഹം രാജപ്രമുഖന്റെ ഉപദേഷ്ടാവായാണ് പ്രവർത്തിച്ചിരുന്നത്. ബി. രാമകൃഷ്ണറാവുവിന്റെ ഉപദേഷ്ടാവായി വന്നത് കെ.രാമുണ്ണി മേനോ നായിരുന്നു. സംസ്ഥാന പുനഃസംഘടനയെത്തുടർന്ന് മുസ്ലിംലീഗിനാ ണ് നഷ്ടം സംഭവിച്ചത്. കാരണം ആ സമയത്ത് കേരളത്തിൽ തെര ഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഇല്ലായിരുന്നുവല്ലൊ. മദിരാശി നിയമ സ ഭയിലെ എം.എൽ.എമാരായിരുന്ന മലബാറിലെ മുസ്ലിംലീഗ് നേതാക്കൾ ക്ക് അവരുടെ നിയമസഭാ അംഗത്വം നഷ്ടവുമായി. എന്നാൽ തെക്കൻ കർണ്ണാടകത്തിൽ നിന്നും മദിരാശി നിയമസഭയിലേക്ക് തെരഞ്ഞെടുക്ക പ്പെട്ടിരുന്ന എം.എൽ.എമാർക്ക് പുതിയ കർണ്ണാടക നിയമസഭയിൽ അം ഗങ്ങളാകാനും കഴിഞ്ഞു.

1954 ൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ ചെയർമാൻ ഫസൽ അലിയുടെ നേതൃത്വത്തിൽ സർദാർ കെ.എം.പണിക്കർ, പണ്ഡിറ്റ് ഹൃദ യനാഥ് കുൻസ്രു എന്നിവർ തെളിവുകൾ ശേഖരിക്കാൻ എത്തിയപ്പോൾ മെമ്മോറാണ്ടം സമർപ്പിക്കാൻ എത്തിയത് സീതിസാഹിബിന്റെ നേതൃ ത്വത്തിലുള്ള മുസ്ലിംലീഗ് പ്രതിനിധി സംഘമായിരുന്നു. ബി.പോക്കർ സാഹിബ്, സി.എച്ച്.മുഹമ്മദ്കോയ എന്നിവരായിരുന്നു അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നത്.

തിരുകൊച്ചി, ലക്ഷദ്വീപ്, തൊവാല, അഗസ്തീശ്വരം, കാൽക്കുളം, വിളവൻകോട് തുടങ്ങിയ തമിഴ് താലൂക്കുകളും മലബാറും ഗൂഡല്ലൂരും കാസർകോടും ഐക്യകേരളത്തിൽ ഉൾപ്പെടുത്തണമെന്ന് ഈ മെമ്മോ റാണ്ടത്തിൽ മുസ്ലിംലീഗ് ആവശ്യപ്പെട്ടിരുന്നു. 1956 നവംബർ ഒന്നിന് ഐക്യകേരളം നിലവിൽ വന്നപ്പോൾ ഏറെ സന്തോഷിച്ചത് സീതിസാ ഹിബായിരുന്നു. പക്ഷെ അപ്പോഴേക്കും അദ്ദേഹം ഹൃദ്രോഗത്തിന്റെ പി ടിയിലമർന്ന് കഴിഞ്ഞിരുന്നു. പ്രയാസകരങ്ങളായ ജോലികൾ ചെയ്യുന്ന തിൽ നിന്നും ഡോക്ടർമാർ അദ്ദേഹത്ത വിലക്കിയിരുന്നു. തലശ്ശേരി വി ട്ടെങ്കിലും സ്വപ്നസന്നിഭമായ ഒരു മധുരമായി ആ പട്ടണം എന്നും അദ്ദേ ഹത്തിനുള്ളിൽ ഉണ്ടായിരുന്നു.

എറണാകുളം ശിവരാമൻ മേനോൻ റോഡിലുള്ള വീട്ടിലേക്ക് താമ സം മാറിയെങ്കിലും മനസ്സ് മലബാറിനെ വട്ടമിട്ട് പറക്കുകയായിരുന്നു. അനാരോഗ്യം മൂലം യാത്രകളും പ്രസംഗങ്ങളും കുറച്ചിരുന്നതിനാൽ ഏ റെക്കുറെ പൊതുരംഗത്ത് നിന്നും വിട്ടു നിന്നത് പോലെയായിരുന്നു. എ ന്നാൽ പാർട്ടി നേതാക്കളും മലബാറിൽ നിന്നുള്ള സാധാരണക്കാരായ

mappilaheritagelibrary.com

ലീഗ് പ്രവർത്തകരും എറണാകുളത്ത് അദ്ദേഹത്തിന്റെ വസതിയിൽ എത്തിക്കൊണ്ടിരുന്നു. അവർക്ക് ഒന്നും വേണ്ടിയിരുന്നില്ല. സീതി സാഹിബിനെ ആരോഗ്യവാനായി കണ്ടാൽ മാത്രം മതിയായിരുന്നു. വിശ്രമം അനിവാര്യമായിരുന്നെങ്കിലും സാധാരണ പ്രവർത്തകരെ അദ്ദേഹം ഒഴിവാക്കിയില്ല. സന്ദർശകബാഹുല്യം നാൾക്ക് നാൾക്ക് വർദ്ധിച്ചു കൊണ്ടേയിരുന്നു. മന്ദാനിലൻപൊഴിക്കും ഉതിർ നിലാവിന്റെ പുഞ്ചിരിയോടെ അവരെയെല്ലാം അദ്ദേഹം സ്വീകരിച്ചു.

സാന്ത്വനസമാർദ്രമായ ആ ആലിംഗനത്തിലമർന്ന നിഷ്ക്കളങ്കരായ സാധാരണ പ്രവർത്തകർ. അവരുടെ കണ്ണീർ കണങ്ങൾ അവരുടെ കണ്ണുകൾ വിട്ടിറങ്ങി. അതൊരു സ്ഫടിക സത്യമായി താഴെ വീണു ചിതറി.

ചിട്ടകൾ അക്കാലത്തും അദ്ദേഹം തെറ്റിച്ചില്ല. സുബ്ഹിക്ക് എഴുന്നേറ്റ് നിസ്കരിച്ചു. പിന്നെ ഒരു മണിക്കൂർ നേരം ഖുർആൻ പാരായണം. അതിന് ശേഷം മുൻവശത്തെ വരാന്തയിൽ വന്നിരിക്കും. അന്ന് വന്ന പത്രങ്ങളെല്ലാം വായിക്കും. അപ്പോഴേക്ക് സന്ദർശകർ വരാനും തുടങ്ങും.

ചില ദിവസങ്ങളിൽ അദ്ദേഹം നടക്കാനിറങ്ങുമായിരുന്നു. രണ്ട് നാഴികയിൽ കുറയാതെ അദ്ദേഹം നടക്കും. ആരോഗ്യവാനായിരുന്ന കാലത്ത് ദിവസവും അഞ്ചും ആറും നാഴിക അദ്ദേഹം പ്രഭാത നടത്തത്തിനിറങ്ങുമായിരുന്നു.

ശിവരാമൻ മേനോൻ റോഡിലേക്ക് താമസം മാറ്റിയപ്പോൾ പോക്കർ സാഹിബും സീതിസാഹിബിനടുത്തേക്ക് താമസം മാറ്റി. സീതി സാഹിബിന്റെ വീടിന് തൊട്ടരികെ പോക്കർ സാഹിബും വീട് വാടകക്കെടുത്ത് താമസം തുടങ്ങി. സഹോദരങ്ങളെപ്പോലെയായിരുന്നു അവർ. അതിനാൽ തന്നെ എറണാകുളത്ത് വന്ന് സീതിസാഹിബ് താമസിക്കുമ്പോൾ വേറിട്ട് താമസിക്കുവാൻ പോക്കർ സാഹിബ് മെനക്കെട്ടില്ല.

പോക്കർ സാഹിബിന്റെ അയൽപക്കവാസം സീതിസാഹിബിന് എന്തെന്നില്ലാത്ത ആശ്വാസവും മനഃസമാധാനവുമാണ് നൽകിയത്. ഒരു പക്ഷെ ഇതിന് കൂടി വേണ്ടിയായിരിക്കാം സീതിസാഹിബിന്റെ ഹൃദയം തൊട്ടറിഞ്ഞിരുന്ന പോക്കർ സാഹിബ് അദ്ദേഹത്തിന്റെ തൊട്ടയൽപക്കത്തേക്ക് താമസം മാറിയതും.

രണ്ട് പേരുടെയും അയൽപക്ക വാസം മുസ്ലിം സമുദായത്തിന് വേണ്ടി പല പുതിയ ചിന്തകളും പദ്ധതികളും രൂപീകരിക്കുവാനും കാരണമായി. ഇത്തരമൊരു ചിന്തയിൽ നിന്ന് രൂപപ്പെട്ടതാണ് 'കേരള മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷൻ' എന്ന സംഘടന. ഒരു ദിവസം ഒരു നേരമെങ്കിലും ഇവർ തമ്മിൽ കാണാതിരിക്കില്ല. സംസാരിക്കാതിരിക്കില്ല. രണ്ട് സുകൃത ജന്മങ്ങളുടെ സംഗമം മുസ്ലിം സമുദായത്തിന് ഭാവിയുടെ ഭാസുരഛായ പകരുകയായിരുന്നു. മുസ്ലിം വിദ്യാർത്ഥികളുടെ കോളേജ് പ്രവേശന കാര്യവും സർക്കാർ സർവ്വീസിലെ അസമത്വ

mappilaheritagelibrary.com

ങ്ങളും എന്ന് വേണ്ട മുസ്‌ലിം സമുദായം നേരിടുന്ന ഒട്ടു മുക്കാൽ പ്രശ്നങ്ങളും ഈ രണ്ട് നിഷ്ക്കാമ കർമ്മികളും ഇരുന്ന് ചിന്തിക്കുകയാണെന്നും അതിന് പരിഹാരം കാണുവാനുള്ള ഫോർമുലകൾ ആവിഷ്ക്കരിച്ചു കൊണ്ടിരിക്കുകയാണെന്നും ആരുമറിഞ്ഞില്ല. അവരത് ആരോടും പറയാനും പോയില്ല. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി സീതിസാഹിബ് അധികൃതർക്ക് എഴുതിയ കത്തുകളുടെ കോപ്പികളുടെയും അതിന് കിട്ടിയ മറുപടികളുടെയും ഒരു കൂമ്പാരം തന്നെ എറണാകുളത്തെ വീട്ടിലുണ്ടായിരുന്നുവെന്ന് സഹോദരൻ കെ.എം.അലി ഓർക്കുന്നു (സീതിസാഹിബ് സ്മാരകഗ്രന്ഥം)

ഭാഷാടിസ്ഥാനത്തിൽ ഐക്യകേരളം ഉടലെടുത്തതിന് തൊട്ടു പിന്നാലെ 1956 നവംബർ 18 ന് എറണാകുളത്ത് ചേർന്ന വമ്പിച്ച മുസ്‌ലിംലീഗ് പൊതുയോഗത്തിൽ വെച്ച് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് കമ്മിറ്റിയുടെ ഔപചാരികമായ ഉദ്ഘാടനം അഖിലേന്ത്യാ പ്രസിഡണ്ട് ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് നിർവ്വഹിച്ചു.

സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ പ്രസിഡണ്ടും സീതി സാഹിബ് ജനറൽ സെക്രട്ടറിയുമായി ഖാഇദെമില്ലത്ത് പ്രഖ്യാപിച്ച സംസ്ഥാന മുസ്‌ലിം ലീഗ് കമ്മിറ്റിയെ ജനങ്ങൾ തക്ബീർധ്വനികളോടെ അംഗീകരിച്ചു. ലീഗ് നേതാക്കളായ ബി.പോക്കർ സാഹിബ്, സീതിസാഹിബ് എന്നിവരോടൊപ്പം വേദിയിൽ പി.എസ്.പി നേതാവ് പി.കെ.കുഞ്ഞു, കോൺഗ്രസ് നേതാക്കളായ പി.കെ.കൃഷ്ണൻ കുട്ടിമേനോൻ ഹാജി കെ. സി.എം. മേത്തർ, വി.കെ.കുട്ടി മുതലായവരും സന്നിഹിതരായിരുന്നു.

കേരള സംസ്ഥാന രൂപീകരണത്തോടെ മുസ്‌ലിം ലീഗിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം പൂർവ്വാധികം ഉത്സാഹത്തോടെ നടന്ന് കൊണ്ടിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നു കൊണ്ടിരുന്ന മുസ്‌ലിംലീഗിന്റെ വമ്പിച്ച പൊതുയോഗങ്ങളിലെല്ലാം അനിവാര്യനായിരുന്നു സീതിസാഹിബ്. പക്ഷെ രോഗപീഡകാരണം ദീർഘയാത്രകളിൽ നിന്നും പ്രസംഗങ്ങളിൽ നിന്നും അദ്ദേഹത്തിന് ഒഴിഞ്ഞ് നില്ക്കേണ്ടി വന്നു. സീതിസാഹിബിന്റെ അഭാവം അന്നത്തെ പൊതുയോഗങ്ങളിൽ നികത്തിയിരുന്നത് സി.എച്ച്.മുഹമ്മദ് കോയാ സാഹിബായിരുന്നു.

'തിരുകൊച്ചി മേഖലയിൽ മുസ്‌ലിംലീഗ് കുതിച്ചുയരുകയായി. രാഷ്ട്രീയം അലർജിയായി കരുതിയിരുന്ന 'തിരുകൊച്ചി ലീഗി'ന്റെ അസ്തിവാരം തന്നെ തകർന്നു പോയിരുന്നു. അവർ പെരുമ്പാവൂരിൽ ഒരു വാർഷിക സമ്മേളനം ചേർന്ന് സംഘടനയുടെ പേര് തന്നെ മാറ്റിക്കളഞ്ഞു. കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷൻ എന്നാക്കി. കാലപ്രവാഹത്തിൽ ആ സംഘടനയും എവിടെക്കോ കുത്തിയൊലിച്ചു പോയി. ഇതര സംസ്ഥാനങ്ങളിലും മുസ്‌ലിംലീഗ് ചലനം സൃഷ്ടിക്കുവാൻ തുടങ്ങിയത് ഈ കാലത്താണ്. 1956 മാർച്ചിൽ കോയമ്പത്തൂർ ഗോപാൽ ബാഗിൽ ചേർന്ന സമ്മേളനം മുസ്‌ലിംലീഗിന്റെ ചരിത്രപഥത്തിൽ ഇടം നേടി.

mappilaheritagelibrary.com

***

കേരളം ജനിച്ച് വീണ് ഏറെ കഴിയും മുമ്പ് പൊതു തെരഞ്ഞെടുപ്പിന്റെ കാഹളമാണ് കേട്ടത്. ഒരു തെരഞ്ഞെടുപ്പ് പോരാട്ടത്തിന്റെ ഞാണൊലി. ഇന്ത്യയിൽ ഇത് രണ്ടാമത്തെ പൊതു തെരഞ്ഞെടുപ്പായിരുന്നു. ഐക്യകേരളത്തിനിത് ആദ്യത്തെ തെരഞ്ഞെടുപ്പും. ലോക്സഭയിലേക്കും നിയമസഭകളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പിന് വാശിയും വീറും കൂടുക സ്വാഭാവികം. 1957 ലെ രണ്ടാം ലോക്സഭയിലേക്ക് അഞ്ഞൂറു സീറ്റിലേക്കായിരുന്നു മത്സരം. ഒരു തെരഞ്ഞെടുപ്പിന്റെ കാലൊച്ചകൾക്ക് നേരത്തെ തന്നെ രാഷ്ട്രീയ പാർട്ടികൾ ചെവിയോർത്ത് തുടങ്ങിയിരുന്നു. തദടിസ്ഥാനത്തിൽ കാലേക്കൂട്ടി തന്നെ തെരഞ്ഞെടുപ്പ് തന്ത്രങ്ങൾ മെനയാനും തുടങ്ങിയിരുന്നു. മുസ്ലിംലീഗിന്റെ നയ പരിപാടികൾ ആവിഷ്കരിച്ചിരുന്നത് സീതിസാഹിബിന്റെ വീട്ടിൽ വെച്ചായിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ മുസ്ലിംലീഗിന്റെ അഭിപ്രായങ്ങൾക്കായി രാവും പകലും സീതിസാഹിബിന്റെ വീട് കയറിയിറങ്ങി.

കമ്യൂണിസ്റ്റിതര കക്ഷികൾ യോജിച്ച് തെരഞ്ഞെടുപ്പിനെ നേരിടുന്നില്ലെങ്കിൽ ത്രികോണമത്സരമാണ് ഉണ്ടാവുക എന്നും ഇത് വഴി കമ്യൂണിസ്റ്റ് പാർട്ടിയായിരിക്കും അധികാരത്തിൽ വരിക എന്നും കമ്മ്യൂണിസ്റ്റിതര പാർട്ടികൾക്ക് ബോധ്യപ്പെട്ടിരുന്നു. ഈയൊരു ഘട്ടത്തിലാണ് ബോംബെ പി.സി.സി പ്രസിഡണ്ടും അഖിലേന്ത്യാ കോൺഗ്രസ് ഭാരവാഹികളിൽ പ്രധാനിയുമായിരുന്ന എസ്.കെ.പാട്ടീലും പി.എസ്.പി.നേതാക്കളും മുസ്ലിംലീഗുമായി തെരഞ്ഞെടുപ്പ് ധാരണ വേണമെന്ന് അഭിപ്രായപ്പെട്ടത്.

ആന്ധ്രയിൽ കമ്മ്യൂണിസ്റ്റ് തന്ത്രങ്ങളെ പാടെ പരാജയപ്പെടുത്തി കോൺഗ്രസ് മന്ത്രിസഭയെ അധികാരത്തിലെത്തിച്ചതിന്റെ ക്രെഡിറ്റുമായാണ് പാട്ടീൽ കേരളത്തിലെത്തിയത്. കേരളത്തിലെ രാഷ്ട്രീയ സ്ഥിതിഗതികൾ അദ്ദേഹത്തിന് നേരിട്ട് തന്നെ മനസ്സിലാക്കുവാൻ കഴിഞ്ഞു. 1956 ഡിസംബർ 20-ാം തീയതി എസ്.കെ.പാട്ടീൽ, പനമ്പിള്ളി ഗോവിന്ദ മേനോൻ എന്നിവർ സീതിസാഹിബിനെ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് കണ്ടു. പാട്ടീലിനൊപ്പം കെ.പി.സി.സി.പ്രസിഡണ്ട് കെ.എ.ദാമോദരമേനോനും ഉണ്ടായിരുന്നു. കെ.സി.എം.മേത്തറും ഈ ചർച്ചയിൽ പങ്കെടുത്തു. തെരഞ്ഞെടുപ്പ് സംബന്ധമായ ചർച്ചകളിൽ അവർ മുഴുകി.

കോൺഗ്രസ്സും മുസ്ലിംലീഗും പി.എസ്.പിയും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് ധാരണക്കായി താൻ ശ്രമിക്കുമെന്നും അതിനായി കോൺഗ്രസ്സ് ഹൈക്കമാണ്ടിന്റെ അനുമതി തേടുമെന്നും ഈ കൂടിക്കാഴ്ചയിൽ പാട്ടീൽ സീതിസാഹിബിനെ അറിയിച്ചു.

പാർട്ടിയുടെ നിലപാടും കേരളത്തിലെ സ്ഥിതിഗതികളും വിശദമായി തന്നെ സീതിസാഹിബ് പാട്ടീലിനെ ബോധ്യപ്പെടുത്തിയിരുന്നു. ചർച്ചയിൽ സംതൃപ്തനായാണ് പാട്ടീൽ മടങ്ങിയത്.

mappilaheritagelibrary.com

സംഭാഷണം കഴിഞ്ഞതിന് ശേഷം പത്രപ്രതിനിധികൾ സീതിസാഹിബിനെ സന്ദർശിച്ചു. സീതിസാഹിബ് അവരോടായി പറഞ്ഞു: "കോൺഗ്രസ്സും മുസ്ലിംലീഗും മറ്റു ജനാധിപത്യ പാർട്ടികളും തമ്മിൽ ഒരു തെരഞ്ഞെടുപ്പ് ധാരണ ഉണ്ടാക്കുന്നതിനുള്ള സാധ്യതകളെ കുറിച്ചാണ് ഞങ്ങൾ സംസാരിച്ചത്."

കേരളത്തിലെ മുസ്ലിം ഭൂരിപക്ഷം മുസ്ലിംലീഗിന്റെ പിന്നിലാണെന്ന് തനിക്ക് ബോധ്യപ്പെട്ടതായി പാട്ടീൽ 1956 ഡിസംബർ 24 ന് പിടിഐ ലേഖകനുമായി നടത്തിയ ഒരു അഭിമുഖ സംഭാഷണത്തിൽ വെളിപ്പെടുത്തുകയും ചെയ്തു.

പി.എസ്.പി, കെ.പി.പി എന്നീ പാർട്ടികളുമായി പൊതു അടിസ്ഥാനത്തിൽ കോൺഗ്രസ് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ സാധ്യതയുണ്ടെന്ന് കേരളത്തിൽ നാല് ദിവസം പര്യടനം നടത്തി തിരിച്ച് ബോംബയിലെത്തിയ പാട്ടീൽ ഡിസംബർ 21 ന് പ്രസ്താവിച്ചു. ഒരു കമ്യൂണിസ്റ്റിതര സഖ്യം കേരളത്തിലുണ്ടാകുമെന്ന് കേരള ജനത ആശ്വസിച്ചു. അതു കഴിഞ്ഞ് പത്ത് ദിവസങ്ങൾക്ക് ശേഷം ഡിസംബർ 3 ന് മുസ്ലിംലീഗ് നേതാക്കൾ സീതിസാഹിബിന്റെ വീട്ടിൽ സമ്മേളിച്ചു. നേതാക്കൾ പാട്ടീലുമായി നടത്തിയ ചർച്ച വിലയിരുത്തി. ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബും ഈ ചർച്ചയിൽ പങ്കെടുത്തിരുന്നു. അന്ന് രാത്രി കോൺഗ്രസ് നേതാക്കളായ പനമ്പിള്ളി ഗോവിന്ദ മേനോൻ, കെ.പി.സി.സി പ്രസിഡണ്ട് കെ.എ.ദാമോദര മേനോൻ വി.കെ.കുട്ടി എന്നിവർ സീതി സാഹിബിന്റെ വീട്ടിലെത്തി. അവിടെ സീതിസാഹിബിനൊപ്പം പോക്കർ സാഹിബും ഉണ്ടായിരുന്നു. മുസ്ലിംലീഗിന്റെ ഉപാധികൾ രേഖപ്പെടുത്തിയ കത്ത് സീതിസാഹിബ് പനമ്പിള്ളി ഗോവിന്ദ മേനോന് കൈമാറി. ഈ രേഖ ഇൻഡോറിൽ നടക്കുന്ന എഐസിസി സമ്മേളനത്തിൽ പരിഗണിക്കാനായി താൻ കൊണ്ട് പോകുമെന്ന് പനമ്പിള്ളി ചർച്ചയിൽ വ്യക്തമാക്കി.

എന്നാൽ ഇൻഡോറിലെ എഐസിസി യോഗത്തിൽ സീതിസാഹിബ് നൽകിയ രേഖ അംഗീകരിപ്പിക്കുവാൻ കേരളത്തിൽ നിന്ന് പോയ കോൺഗ്രസ്സ് നേതാക്കൾക്ക് കഴിഞ്ഞില്ല. കോൺഗ്രസ്സിലെ തന്നെ ഒരു വിഭാഗം ഈ ധാരണയെ തുരങ്കം വെക്കാൻ നേരത്തെ തന്നെ ശ്രമം തുടങ്ങിയിരുന്നു. അവരുടെ മുൻപന്തിയിലാകട്ടെ അസംബന്ധ നാടകം ആവർത്തിക്കുന്നത് പോലെ ദേശീയ മുസ്ലിംകളെന്ന കോൺഗ്രസ്സുകാരും ഉണ്ടായിരുന്നു.

ഒടുവിൽ കേരളത്തിൽ മുസ്ലിംലീഗുമായി കോൺഗ്രസ് സഖ്യത്തിലെത്തുക എന്ന സാധ്യത ഇൻഡോർ എഐസിസിയിൽ തകർന്നു. എഐസിസിയുടെ ഈ തീരുമാനം വന്നതോടെ അത് വരെ മുസ്ലിംലീഗുമായി ധാരണക്ക് ഓടിപ്പാഞ്ഞ് നടന്നിരുന്ന പനമ്പിള്ളി താനൊന്നുമറിഞ്ഞില്ല എന്ന ഭാവത്തിലായി. തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കുന്നതിനെ

mappilaheritagelibrary.com

ക്കുറിച്ച് നിർദ്ദേശമോ ചർച്ചകളോ ലീഗുമായി നടന്നിട്ടില്ലെന്നു വരെ കോൺഗ്രസ്സ് നേതാക്കൾ തട്ടി വിട്ടു. 'കളവ് പറയുന്നവനെ പരിഗണിക്കരുത്. അവൻ എത്ര തന്നെ സത്യം പറഞ്ഞാലും' എന്ന ആപ്തവാക്യം എന്ത് മാത്രം ശരി.

അതുവരെ എസ്.കെ.പാട്ടീലും കേരളത്തിലെ നേതാക്കളും രാവെന്നില്ലാതെ പകലെന്നില്ലാതെ സീതിസാഹിബിന്റെ വീടിന്റെ പടികൾ കയറി ഇറങ്ങിയതും രോഗിയായിരുന്നിട്ട് പോലും ക്ഷമയോടെ സീതി സാഹിബ് അവരെ കേട്ടിരുന്നതും എത്രപെട്ടെന്നാണ് അവർ വിസ്മരിച്ചു കളഞ്ഞത്. അതെല്ലാം ഏതോ പുതിയ കാറ്റിൽ അലിഞ്ഞസ്തമിച്ചത് പോലെ.

തീർത്ഥവിശുദ്ധിയോടെ സീതിസാഹിബ് പറഞ്ഞു: "ഇൻഡോറിൽ നിന്നും കോൺഗ്രസ്- ലീഗ് ധാരണക്കെതിരായി വന്ന റിപ്പോർട്ടുകൾ മുസ്ലിംലീഗിനെ അത്ഭുതപ്പെടുത്തുന്നില്ല. ഇത് ഞങ്ങൾ പ്രതീക്ഷിച്ചത് തന്നെയായിരുന്നു." 1957 ജനുവരി ഒന്നിന് സീതിസാഹിബ് ഇത് പറഞ്ഞപ്പോൾ കോൺഗ്രസ് അധരങ്ങൾ മൗനമുദ്രിതങ്ങളായി. കേരളത്തിലെ കോൺഗ്രസ്സിന് നേരത്തെ തന്നെ ഈ സഖ്യത്തിന്റെ കാര്യത്തിൽ ആത്മാർത്ഥതയില്ലായിരുന്നുവെന്ന ഞങ്ങളുടെ സംശയം ബലപ്പെടുക മാത്രമാണിപ്പോൾ ഉണ്ടായിട്ടുള്ളതെന്ന് സീതിസാഹിബ് കൂട്ടിച്ചേർത്തപ്പോൾ കോൺഗ്രസ്സിന് വിരാമസ്വരം കേൾപ്പിക്കുക എന്നത് മാത്രമേ വഴിയുണ്ടായിരുന്നുള്ളൂ.

ഇതിനിടെ കമ്യൂണിസ്റ്റ് പാർട്ടി പി.എസ്.പിയുമായി സഖ്യത്തിന് ശ്രമിക്കുന്നുണ്ടായിരുന്നു. പി.എസ്.പി ഒറ്റക്കെട്ടായി തന്നെ ആ നീക്കത്തെ എതിർത്തതിനാൽ ആ ശ്രമം വിജയിച്ചില്ല.

ജനുവരി 18ന് കൊച്ചിയിൽ ചേർന്ന മുസ്ലിംലീഗ് സ്റ്റേറ്റ് വർക്കിംഗ് കമ്മിറ്റി, കോൺഗ്രസ്സുമായി മേലിൽ തെരഞ്ഞെടുപ്പ് ധാരണയെക്കുറിച്ച് ചർച്ചകളൊന്നും വേണ്ടെന്ന തീരുമാനമെടുത്തു. ഇതിനിടെ പി.എസ്.പി നേതാക്കളായ ഡോ:കെ.ബി.മേനോൻ, അരങ്ങിൽ ശ്രീധരൻ മുതലായവർ ബാഫക്കി തങ്ങളെ കണ്ട് പി.എസ്.പി ലീഗ് സഖ്യത്തിന് ശ്രമിക്കുന്നുണ്ടായിരുന്നു.

ജനുവരി 14ന് പട്ടം താണുപിള്ള, എം.പി.ഗോവിന്ദമേനോൻ, പി.കെ.കുഞ്ഞ്, സി.ജി.ജനാർദ്ദനൻ എന്നിവർ സീതിസാഹിബിനെ തേടി അദ്ദേഹത്തിന്റെ വസതിയിലെത്തി. അവർ തമ്മിൽ നടന്ന ചർച്ചകളെ തുടർന്ന് പി.എസ്.പിയും മുസ്ലിംലീഗും തമ്മിൽ തെരഞ്ഞെടുപ്പ് ധാരണാ പത്രത്തിൽ ഒപ്പു വെച്ചു. മുസ്ലിംലീഗിനെ പ്രതിനിധീകരിച്ച് സെക്രട്ടറി സീതി സാഹിബും പി.എസ്.പിക്ക് വേണ്ടി ഡോ.കെ.ബി.മേനോനും രേഖകളിൽ ഒപ്പു വെച്ചു.

മലബാറിൽ പതിനാറ് അസംബ്ലി സീറ്റിലും മൂന്ന് ലോക്സഭാമണ്ഡലങ്ങളിലും മുസ്ലിംലീഗും 23 സീറ്റുകളിൽ പി.എസ്.പിയും മത്സരിക്കു

mappilaheritagelibrary.com

മെന്നു കരാറുകളിൽ വ്യവസ്ഥ ചെയ്തിരുന്നു.

മുസ്ലിംലീഗിനെ വർഗ്ഗീയ പാർട്ടി എന്നാരോപിച്ച് അകറ്റി നിർത്തിയ വർക്കുള്ള മറുപടിയായി ഈ സഖ്യം. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തവരും രാജ്യതന്ത്രജ്ഞതയിൽ നിപുണരുമായിരുന്ന തല മുതിർന്ന നേതാക്കളാൽ നയിക്കപ്പെട്ടിരുന്ന സോഷ്യലിസ്റ്റ് പാർട്ടി നേതാക്കൾ മുസ്ലിംലീഗിനോട് സ്നേഹാർദ്രമായാണ് പെരുമാറിയത്. മുസ്ലിം ന്യൂന പക്ഷത്തിന്റെ വികാരങ്ങളെ മാനിക്കുന്ന നിലപാടുകളായിരുന്നു അവരുടേത്. അതിൽ പിന്നീട് കോൺഗ്രസ്സും കമ്യൂണിസ്റ്റ് പാർട്ടിയും ഒരു ഭീഷണസത്വമായി പിഎസ്പി ലീഗ് സഖ്യത്തിന് നേരെ തിരിയുകയായിരുന്നു. നുണകളുടെ പെരുങ്കാറ്റാണ് അവർ അഴിച്ചു വിട്ടത്. പാക്കിസ്ഥാനും അമേരിക്കയും ഈ സഖ്യത്തെ സഹായിക്കുന്നുവെന്നു വരെ യാതൊരു സങ്കോചവും കൂടാതെ അവർ പറഞ്ഞു പരത്തി. പാക്-അമേരിക്കൻ കൂട്ടുകെട്ടിന്റെ പതിപ്പാണ് സഖ്യമെന്നും അവർ ആരോപിച്ചു. ദേശാഭിമാനി പോലുള്ള പത്രങ്ങൾ ഇതിനായി പേജുകൾ തന്നെ നീക്കിവെച്ചു. എന്നാൽ മുസ്ലിംലീഗിന്റെ അനിരോധ്യമായ പ്രചാരണ കൊടുങ്കാറ്റിൽ, സി.എച്ച്.മുഹമ്മദ്കോയയും അരങ്ങിൽ ശ്രീധരനും അഴിച്ചു വിട്ട പ്രസംഗപേമാരിയിൽ ഇവയൊക്കെ അലിഞ്ഞില്ലാതായി.

പ്രഭാഷണങ്ങൾക്ക് മാന്ത്രിക സ്പർശം നൽകിയിരുന്ന സീതിസാഹിബ് പ്രചാരണ യോഗത്തിലൊന്നും പങ്കെടുക്കുവാൻ കഴിയാതെ വന്നപ്പോൾ പകരക്കാരായി എത്തിയത് സി.എച്ചും, അരങ്ങിൽ ശ്രീധരനുമായിരുന്നു. രാത്രിയുടെ ഏകാന്ത യാമങ്ങൾ വരെ നീണ്ട് നിന്ന മുസ്ലിം ലീഗിന്റെ യോഗങ്ങളിൽ ഉറക്കമൊഴിച്ച് ജനം കേട്ടു നിന്നു. തെരഞ്ഞെടുപ്പ് രംഗത്തെ അഗ്നിപടർച്ച പതിയെ ആളിപ്പടരുകയായി. പതിനെട്ട് നിയോജകമണ്ഡലങ്ങളിൽ നേരിട്ടുള്ള മത്സരമായിരുന്നു. 56 സീറ്റുകളിൽ ത്രികോണ മത്സരവും മറ്റിടങ്ങളിൽ 5 മുതൽ 11 വരെ സ്ഥാനാർത്ഥികളും മത്സരിച്ചു. സീതിസാഹിബിനെ പാർട്ടി കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ നിന്നും പാർലമെന്റിലേക്ക് മത്സരിപ്പിക്കുവാനാണ് തീരുമാനിച്ചത്. താരതമ്യേന മുസ്ലിം വോട്ടുകൾ കുറഞ്ഞ ഒരു മണ്ഡലമായിരുന്നു കോഴിക്കോട് പാർലിമെന്റ് സീറ്റ്. അവിടെ സീതിസാഹിബ് വിജയിക്കുമെന്നതിന് യാതൊരു ഉറപ്പും ഇല്ലായിരുന്നു. എന്നിട്ടും ആ മണ്ഡലമാണ് സീതിസാഹിബ് തെരഞ്ഞെടുത്തത്. സീതി സാഹിബ് മത്സരിക്കുന്ന വിവരമറിഞ്ഞ കെ.എം.മൗലവി ഇങ്ങനെ പറഞ്ഞു: "സീതിസാഹിബിന് ആരോഗ്യമുണ്ടെങ്കിൽ ഈ മത്സരത്തിൽ അല്ലാഹു അദ്ദേഹത്തെ വിജയിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ ആരോഗ്യം അനുവദിക്കുന്നില്ലെങ്കിൽ അല്ലാഹു അദ്ദേഹത്തെ പരാജയപ്പെടുത്തട്ടെ." കെ.എം.മൗലവിയുടെ പ്രാർത്ഥന അല്ലാഹു കേട്ടു. സീതി സാഹിബ് തോറ്റു. വെറും രണ്ടായിരത്തി ചില്ലാനം വോട്ടുകൾക്കാണ് സീതിസാഹിബ് പരാജയപ്പെട്ടത്. ലീഗിന്റെ സാധാരണ പ്രവർത്തകർ മുതൽ നേതാക്കൾ വരെ വേദനിച്ച ഒ

mappilaheritagelibrary.com

രു സംഭവമായിരുന്നു ഇതെങ്കിലും സീതി സാഹിബിന് പറയത്തക്ക ഭാവ വ്യത്യാസമൊന്നും ഉണ്ടായില്ല. അദ്ദേഹം ദുഃഖിച്ചില്ല. നിരാശപ്പെട്ടില്ല. നിരാശ എന്ന വാക്ക് ജീവിത നിഘണ്ടുവിൽ നിന്ന് നേരത്തെ തന്നെ അദ്ദേഹം നീക്കം ചെയ്തതാണ്. അല്ലാഹുവിൽ നിന്നും വരുന്നതെല്ലാം നല്ലതിനായിരിക്കുമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ചു. അതിനാൽ തന്നെ ഈ തെരഞ്ഞെടുപ്പ് തോൽവി അദ്ദേഹം അത്ര കാര്യമാക്കിയതുമില്ല.

മഞ്ചേരി ലോക്സഭാ മണ്ഡലത്തിൽ നിന്നും പാർലിമെന്റിലേക്ക് മത്സരിച്ച ബി.പോക്കർ സാഹിബിന്റെ എതിരാളി കമ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥി കെ.പി.മുഹമ്മദ് കോയക്ക് ജാമ്യസംഖ്യ നഷ്ടപ്പെട്ടു. മുഖ്യ എതിരാളി കോൺഗ്രസ് സ്ഥാനാർത്ഥി പാലാട്ട് കുഞ്ഞിക്കോയയായിരുന്നു. തെരഞ്ഞെടുപ്പ് ഫലങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിക്ക് അനുകൂലമായി. പി.എസ്.പി. മുസ്ലിംലീഗ് സഖ്യമില്ലായിരുന്നുവെങ്കിൽ അവർക്ക് കേവലഭൂരിപക്ഷം ലഭിക്കുമായിരുന്നു. ആ വിപത്ത് ഒഴിവായെങ്കിലും സ്വതന്ത്രന്മാരായി മത്സരിച്ച വി.ആർ.കൃഷ്ണയ്യർ, ഡോ.എ.ആർ.മേനോൻ, മഞ്ചേശ്വരത്ത് നിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ഉമേശ്വരറാവു എന്നിവർ കമ്യൂണിസ്റ്റ് പാർട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചതിനാൽ അവർക്ക് മന്ത്രിസഭ ഉണ്ടാക്കുവാൻ കഴിഞ്ഞു. ഇതിൽ വി.ആർ.കൃഷ്ണയ്യർക്കും, എ.ആർ.മേനോന്നും മുസ്ലിംലീഗ് പിന്തുണ പ്രഖ്യാപിച്ചിരുന്നു. ഇ.എം.എസ്.നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രണ്ട് സ്വതന്ത്രന്മാരടക്കം പതിനൊന്ന് മന്ത്രിമാരും അധികാരത്തിലേറി. ചരിത്രത്തിൽ ആദ്യമായി ബാലറ്റ് പെട്ടിയിലൂടെ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് ഭരണകൂടം എന്ന ഖ്യാതി അങ്ങനെ ഇ.എം.എസ് മന്ത്രിസഭ കരസ്ഥമാക്കി.

mappilaheritagelibrary.com

ഇരുപത്തി അഞ്ച്

ശാശ്വതസത്ത പകരുമൊരു ജീവരേഖ

സംസ്ഥാന രൂപീകരണത്തിന് ശേഷം 1957 മാർച്ചിൽ നടന്ന പൊതു തെരഞ്ഞെടുപ്പ് മുസ്‌ലിംലീഗ് കേരള രാഷ്ട്രീയത്തിൽ അവഗണിക്കാനാവാത്ത ഒരു ശക്തിയാണെന്ന് തെളിയിച്ചു. തെരഞ്ഞെടുപ്പിൽ കിട്ടിയ വോട്ടുകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ മുസ്‌ലിം ലീഗിനെ ഒരു സംസ്ഥാന പാർട്ടിയായി അംഗീകരിച്ചു. സ്വന്തമായ തെരഞ്ഞെടുപ്പ് ചിഹ്നം അനുവദിക്കുകയും ചെയ്തു.

മുസ്‌ലിംലീഗ് അംഗങ്ങൾ സി.എച്ച്.മുഹമ്മദ് കോയാ സാഹിബിന്റെ നേതൃത്വത്തിൽ നിയമസഭയിൽ ക്രിയാത്മക പ്രതിപക്ഷമായാണ് പ്രവർത്തിച്ചത്. സർക്കാറിന്റെ ജനക്ഷേമ പരിപാടികൾക്ക് പിന്തുണ നൽകുകയും ജനദ്രോഹനടപടികളെ നഖശിഖാന്തം എതിർക്കുകയും ചെയ്തു. മുസ്‌ലിംലീഗിന്റെ ഈ നടപടി സംസ്ഥാനമൊട്ടാകെ പ്രശംസിക്കപ്പെട്ടു. പത്രങ്ങളും പൊതുസമൂഹവും ലീഗിന്റെ നിലപാടുകളെ സർവ്വാത്മനാ പുകഴ്ത്തി. പൊതു സമൂഹത്തിൽ ലീഗിന്റെ സ്വാധീനം വർദ്ധിക്കുകയായിരുന്നു ഇത് മൂലം.

മാർച്ചിലെ തെരഞ്ഞെടുപ്പിനു ശേഷം പാർട്ടി അണികളെ സജീവമായി നിലനിർത്തേണ്ടുന്നതിന്റെ ആവശ്യകതയെ കുറിച്ച് സീതിസാഹിബ് ഉൾപ്പെടെയുള്ള നേതാക്കൾ ബോധവാന്മാരായിരുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞതോടെ അവർ ആലസ്യത്തിൽ വീഴുന്നത് ഒഴിവാക്കേണ്ടതുണ്ടായിരുന്നു.

സംസ്ഥാനം നിലവിൽ വന്നതിന് ശേഷമുള്ള കേരള സ്റ്റേറ്റ് മുസ്‌ലിം ലീഗിന്റെ ആദ്യത്തെ സംസ്ഥാന സമ്മേളനം ആലപ്പുഴ ലജ്നത്ത് നഗറിൽ വമ്പിച്ച ജനപങ്കാളിത്തത്തോടെയാണ് ആരംഭിച്ചത്. 1958 ഏപ്രിൽ 26, 27, 28 തീയതികളിലായിരുന്നു ഈ പ്രഥമ സമ്മേളനം.

സംസ്ഥാന രൂപീകരണശേഷം നടക്കുന്ന മുസ്‌ലിംലീഗിന്റെ ആദ്യ സമ്മേളനമെന്ന നിലക്ക് സംസ്ഥാനത്തിനകത്തും പുറത്തും സമ്മേളനം വമ്പിച്ച വാർത്താപ്രാധാന്യം നേടി. പച്ചപ്പതാകകളാൽ അലംകൃതമായ ആ

mappilaheritagelibrary.com

ലപ്പുഴ പട്ടണം ഒരു മരതക ദ്വീപ് പോലെ തോന്നിപ്പിച്ചു. സമ്മേളനവേദി യാകട്ടെ ഹരിതാഭമായിരുന്നു. മൂന്ന് ദിവസം തുടർച്ചയായി നടന്ന സ മ്മേളനം ആലപ്പുഴയുടെ രാഷ്ട്രീയ ഭൂപടത്തിൽ ഒരിടം നേടി തിരുവി താംകൂർ മുസ്‌ലിംലീഗിന്റെ ശക്തി പ്രഭ ചിതറും പ്രദേശമാണെന്ന് സ മ്മേളനം തെളിയിച്ചു. ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് പ്രസിഡണ്ട് ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്, തിരുച്ചി ജില്ലാ ലീഗ് പ്രസിഡണ്ട് പി.എച്ച്.മുഹമ്മദ്, നസീറുദ്ദീൻ, എ.എം.യൂസഫ് (മരുമലർ ച്ചി പത്രാധിപർ) എ.കെ.എ.അബ്ദുസ്സമദ്, സി.അബ്ദുൽ ബാസിത്ത് തു ടങ്ങിയ നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

സുൽത്താൻ സലാഹുദ്ദീൻ ഉവൈസി, പി.എം.അസ്‌ലം അലി എന്നീ നേതാക്കളും സൗഹാർദ പ്രതിനിധികളായി പങ്കെടുത്തു. സമ്മേളനത്തിൽ മഹാകവി ടി.ഉബൈദ് സാഹിബ് സീതിസാഹിബിനെക്കുറിച്ച് 'വാഴ്ക കേരള വ്യാഘ്രം' എന്ന പേരിൽ ഒരു കവിത എഴുതി അവതരിപ്പിച്ചത് സദസ്സ് കാതടപ്പിക്കും കരഘോഷത്തോടെയാണ് സ്വീകരിച്ചത്. അത് ഏ റെ നേരം നീണ്ട് നില്ക്കുകയും ചെയ്തു. ആ പാട്ട് കേട്ടു നിന്നവരുടെ കണ്ണും കരളും നിറയ്ക്കുന്നതായിരുന്നു. ചരിത്രത്തിന്റെ ദാനവരമായ ഒ രു നേതാവിന് അനുയായികൾ നൽകിയ ആദരം. 27-ാം തിയതി ഞായ റാഴ്ച രാവിലെ എം.എസ്.എഫ് സമ്മേളനമായിരുന്നു. സമ്മേളനാധ്യ ക്ഷനായി എം.എസ്.എഫ് അവരോധിച്ചത് സീതി സാഹിബിനെ. അദ്ദേ ഹം അവിടെ നൽകിയ ഉപദേശം എം.എസ്.എഫിന്റെ ഭാവി പ്രവർത്തന ത്തിനുള്ള മാർഗ്ഗദീപവുമായി.

കേരള സംസ്ഥാനം നിലവിൽ വന്നതിനു ശേഷം എം.എസ്.എഫി ന്റെ പ്രവർത്തനം സംസ്ഥാന വ്യാപകമാക്കുവാൻ തീരുമാനിച്ചത് ഈ സമ്മേളനത്തിലായിരുന്നു. സമ്മേളനത്തിൽ വെച്ച് എം.എസ്.എഫിന്റെ പുതിയ സ്റ്റേറ്റ് കമ്മിറ്റി രൂപീകരിച്ചു. കെ.എം.കുഞ്ഞിമായൻ പ്രസിഡ ണ്ടും ഇ.അഹമ്മദ് സെക്രട്ടറിയുമായി പുതിയ കമ്മിറ്റി നിലവിൽ വന്നു. ആലപ്പുഴ സമ്മേളനാനന്തരം 1958 ഒക്ടോബറിൽ ചേർന്ന കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് പ്രതിനിധികളുടെ സമ്മേളനത്തിൽ വെച്ച് പുതിയ കേര ളാ സ്റ്റേറ്റ് മുസ്‌ലിംലീഗ് കൗൺസിലും രൂപീകരിച്ചു.

ആലപ്പുഴ സമ്മേളനത്തെ തുടർന്ന് സംസ്ഥാനത്തൊട്ടാകെ മുസ്‌ലിം ലീഗ് പ്രവർത്തകർക്ക് പുതിയൊരാവേശവും ഉന്മേഷവും ആത്മവിശ്വാ സവും കൈവന്നത് പോലെ. ഊർജ്ജസ്വലതയോടെ പാർട്ടി പ്രവർത്തന ങ്ങളിൽ പങ്കാളികളായി യുവാക്കൾ. സംസ്ഥാനം നിലവിൽ വന്നതോടെ പാർട്ടിക്ക് സംഘടനാതലത്തിൽ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതു ണ്ടായിരുന്നു. അതിനായി വിവിധ കമ്മിറ്റികൾ രൂപീകൃതമായി. സംഘട നക്ക് പുതിയ ഭരണഘടനയും നിയമാവലിയും ആവശ്യമായി വന്നു.

നേരത്തെ മലബാർ ജില്ലാ മുസ്‌ലിംലീഗിന്റെ ഭരണഘടന കുറ്റമറ്റ രീ തിയിൽ തയ്യാറാക്കിയ സീതിസാഹിബിനെ തന്നെ പുതിയ ഭരണഘടന

mappilaheritagelibrary.com

യും തയ്യാറാക്കാൻ സ്റ്റേറ്റ് കൗൺസിൽ ഐക്യകണ്ഠേന ചുമതലപ്പെടുത്തി. സർവ്വേന്ത്യാ മുസ്‌ലിംലീഗിന്റെ ഭരണഘടനയിൽ നിന്നും ഏറെ വ്യത്യസ്തമായിരുന്നു മലബാർ ജില്ലാ മുസ്‌ലിം ലീഗിന്റെ ഭരണഘടന. ഇപ്പോൾ സ്വതന്ത്ര ഇന്ത്യയിൽ പുതിയ സംസ്ഥാന രൂപീകരണത്തോടെ പാർട്ടിക്ക് പുതിയ ഭരണഘടന അനിവാര്യമായി വന്നിരിക്കുന്നു. യാതൊരു വൈമനസ്യവും കൂടാതെ സീതിസാഹിബ് തന്നെ ഏല്പിച്ച ചുമതല ഏറ്റെടുത്തു. 1957 ൽ സീതി സാഹിബ് തയ്യാറാക്കിയ ഭരണഘടനയാണ് ഇന്നും പാർട്ടി അതിന്റെ മാർഗ്ഗരേഖയായി പിന്തുടരുന്നത്.

വാർഡ് കമ്മിറ്റി തൊട്ട് സ്റ്റേറ്റ് കമ്മിറ്റി വരെയുള്ള ഘടകങ്ങൾ എങ്ങനെ പ്രവർത്തിക്കണമെന്നും ഒരു മുസ്‌ലിംലീഗ് അംഗം യഥാർത്ഥ മുസ്‌ലിമായി എങ്ങിനെ ജീവിക്കണമെന്നും പൊതുസമൂഹത്തിൽ അവൻ എങ്ങിനെ ഇടപെടണമെന്നും പെരുമാറണമെന്നും സവിസ്തരം വിവരിക്കുന്ന ദീർഘങ്ങളായ സർക്കുലറുകൾ സ്വന്തം കൈപ്പടയിൽ തയ്യാറാക്കി സീതിസാഹിബ് എല്ലാ കമ്മിറ്റികൾക്കും അയച്ചു കൊടുത്തു. ഒരു മുസ്‌ലിംലീഗ് പ്രവർത്തകൻ യഥാർത്ഥ ജനസേവകനായിത്തീരുന്നതെങ്ങിനെയാണെന്നും അവന് എങ്ങിനെ മാതൃകാ പ്രവർത്തകനായി മാറുവാൻ കഴിയുമെന്നും തന്റെ നീണ്ട സർക്കുലറിൽ അദ്ദേഹം നേതാക്കളെയും പ്രവർത്തകരെയും അക്കമിട്ട് ഉണർത്തി. നിരവധി പ്രവർത്തന പരിപാടികൾ ഉൾകൊള്ളിച്ചതായിരുന്നു ആ പ്രവർത്തന രേഖ. സമുദായത്തിനും സമൂഹത്തിനും ഗുണകരമായിത്തീരുന്ന ഒരു ഉത്തമ നേതൃത്വത്തെ വിഭാവനം ചെയ്തു കൊണ്ട് ദീർഘദൃഷ്ടിയോടെ തയ്യാറാക്കിയിട്ടുള്ള ആ പ്രവർത്തന രേഖ മുസ്‌ലിം ലീഗ് പ്രവർത്തകർക്ക് ഇന്നും ഒരു പ്രകാശ ഗോപുരമാണ്. ഇരുളുറങ്ങുന്ന സമുദായ മധ്യത്തിലേക്ക് പ്രസരിച്ച രജതസ്ഫുരണം:

"മുസ്‌ലിംലീഗിന്റെ കൊടിക്കൂറയിൽ നാം അണി നിരന്നിട്ടുള്ളത് ഒരു മഹത്തായ ലക്ഷ്യം വെച്ചു കൊണ്ടാണല്ലൊ. ഇന്ത്യയിലെ നാലരക്കോടി മുസ്‌ലിംകൾക്ക് അവരുടെ മതത്തിലും സംസ്ക്കാരത്തിലും ഉറച്ച് നിന്ന് കൊണ്ട് സമുദായത്തിനും നാടിനും വേണ്ടി സേവനം ചെയ്യുവാൻ, ഇതര രാഷ്ട്രീയ പാർട്ടികളുടെ- അവയിൽ ചിലത് നിരീശ്വരത്വത്തിലും നിർമ്മതത്വത്തിലും അടിയുറച്ചവയാണ് താനും- ഭാണ്ഡം പേറികളായി മുസ്‌ലിം സമുദായം ചിന്നിച്ചിതറി പോവാതെ ഈ നാട്ടിലെ പൗരജീവിതത്തിൽ ന്യായവും മാന്യവുമായ ഒരു നില കൈവരുത്തുവാനും നമ്മുടേതായ ഒരു സംഘടനയുടെ കീഴിൽ ഒരു ശരീരമെന്നോണം ഉറച്ച് നില്ക്കുക എന്നുള്ളതാണ് ആ ലക്ഷ്യം.

ഈ ലക്ഷ്യം വിസ്മരിച്ച് മുസ്‌ലിംകൾ ഇഷ്ടമുള്ള രാഷ്ട്രീയ പാർട്ടികളിൽ ചേർന്ന് കൊള്ളട്ടെ എന്നുവെക്കുകയോ രാഷ്ട്രീയ പ്രവർത്തനങ്ങൾ കൂടാതെ സാമൂഹിക കാര്യങ്ങൾ മാത്രം ശ്രദ്ധിച്ച് കഴിഞ്ഞു കൊള്ളട്ടെ എന്നുള്ള നില കൈകൊള്ളുകയോ ചെയ്യുന്ന പക്ഷം വരാവുന്ന

mappilaheritagelibrary.com

വിപത്തുകൾ നാം കണ്ടു കഴിഞ്ഞതാണ്.

മുസ്ലിംലീഗിന്റെ അഭാവത്തിൽ മുസ്ലിംകൾ പലരും കമ്യൂണിസ്റ്റ് ആദിയായ പാർട്ടികളിൽ ചേർന്ന് പോയിരുന്നു. ലീഗിന്റെ സംഘടന വന്നതോട് കൂടി അവരിൽ ഒരു വിഭാഗം ലീഗിൽ ചേരുക വഴി ഇസ്ലാമിന്റെ കരുത്തിലേക്ക് വീണ്ടും വന്നതും ലീഗിന്റെ അത്യാവശ്യം സന്ദേഹമന്യെ തെളിയിച്ചിരുന്നു. നിയമസഭകളിലേക്കും പാർലിമെന്റിലേക്കും കുറെ പ്രതിനിധികളെ തെരഞ്ഞെടുക്കുവാനോ തെരഞ്ഞെടുപ്പുകളിൽ സ്വാധീനം ചെലുത്തുവാനോ മാത്രമല്ല മുസ്ലിംലീഗ് നില കൊള്ളുന്നതെന്നും ആ കാര്യപരിപാടി ഇല്ലെങ്കിൽ തന്നെയും മുസ്ലിംസമുദായം മുസ്ലിം സമുദായമായി നിലനില്ക്കുന്നതിന് ലീഗ് സംഘടന ഒഴിച്ചു കൂടാത്ത ആവശ്യമാണെന്നും കാണിക്കുവാനാണ് പ്രസ്തുത സംഗതി ഞാൻ മുസ്ലിംകളുടെ ശ്രദ്ധക്ക് വിഷയീഭവിപ്പിക്കുന്നത്. പാർലിമെന്റിലും നിയമസഭകളിലും ലീഗ് പ്രതിനിധികൾ ഉണ്ടാവുക എന്നത് കൊണ്ടുള്ള പ്രയോജനം നാം കണ്ടുകഴിഞ്ഞതാണ്. മദിരാശി അസംബ്ലിയിൽ മുസ്ലിംകളുടെ പലവിധ അവശതകൾക്ക് പരിഹാരം നൽകുവാനും ഒരു ശരീഅത്ത് ആക്ട് തന്നെ പാസാക്കിക്കുവാനും മുസ്ലിംലീഗ് പാർട്ടിക്ക് സാധിച്ചു. സ്കൂൾ സമയത്തിന് മുമ്പോ പിമ്പോ മതപഠനം സ്കൂളിൽ തന്നെ അവാമെന്ന് സർക്കാർ ഓർഡർ പുറപ്പെടുവിക്കാനും, അറബി പണ്ഡിതൻമാരോട് മലബാർ ഡിസ്ട്രിക് ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചെയ്യപ്പെട്ട കടുത്ത അനീതിക്ക് പരിഹാരം ഉണ്ടാക്കുവാനും, പബ്ലിക് സർവ്വീസ് കമ്മീഷനിൽ കലക്ടർ ഗ്രേഡിലുള്ള ഉദ്യോഗങ്ങളിൽ മുസ്ലിം പ്രാതിനിധ്യം കൈവരിക്കുവാനും ലീഗു അസംബ്ലി പാർട്ടിക്ക് കഴിഞ്ഞിട്ടുണ്ട്. പാർല്ലിമെന്റിൽ ലീഗ് പ്രതിനിധികളായ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്, ബി.പോക്കർ സാഹിബ് എന്നിവർ ചെയ്ത ശക്തിയേറിയ വാദങ്ങളുടെ ഫലമായിട്ടാണ് സ്പെഷ്യൽ വിവാഹനിയമം വഴി ശരീഅത്ത് നിയമത്തിൽ ചില കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെങ്കിലും മുസ്ലിംകൾക്ക് അവരുടെ വ്യക്തിനിയമം അഥവാ ശരീഅത്ത് നിയമം അനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം ഭരണഘടനയിലെ ഒരു ലക്ഷ്യമായ ഏകീകൃത സിവിൽ കോഡിന്റെ പേരിൽ ഇത് വരെ നിഷേധിക്കപ്പെടാതിരുന്നിട്ടുള്ളത് എന്ന പരമാർത്ഥം ആർക്ക് നിഷേധിക്കുവാൻ കഴിയും. പാർലിമെന്റിലും നിയമസഭകളിലും നമ്മുടെ കുറെ പ്രതിനിധികൾ ഉണ്ടായത് കൊണ്ട് എന്ത് പ്രയോജനം എന്ന് ചോദിക്കുന്നവർ മേൽപറഞ്ഞ സംഗതികൾ ഓർക്കുന്നത് നന്നായിരിക്കും. കൂടാതെ ലീഗിന്റെ ആഹ്വാനമനുസരിച്ച് സംഘടിതമായ വിധത്തിൽ മുസ്ലിംകൾ വോട്ട് ചെയ്യുന്നത് കൊണ്ട് അവർക്ക് ജനായത്ത വ്യവസ്ഥിതിയിൽ നമ്മുടെ സ്ഥാനാർത്ഥികൾ ഇല്ലാത്ത സ്ഥലങ്ങളിൽപ്പോലും വിലയേറിയ പല നേട്ടങ്ങളും ഉണ്ടാവുന്നതാണെന്ന് പറയേണ്ടതില്ലല്ലൊ. നമ്മുടെ അവശതാ പരിഹാരത്തിന്, ആവശ്യ നിർവ്വഹണത്തിന്, നാം പി

mappilaheritagelibrary.com

ന്താങ്ങി വിജയിപ്പിക്കുന്ന അമുസ്‌ലിം സ്ഥാനാർത്ഥികൾ പലപ്പോഴും പ്ര യോജനപ്പെടുന്നതാണ്. ഈ മാതിരി പരിഗണനകൾ വെച്ചാണ് മുസ്‌ലിം ലീഗ് അതിന്റെ പാർല്ലിമെന്ററി പ്രോഗ്രാം അഥവാ തെരഞ്ഞെടുപ്പ് പരി പാടി നിലനിർത്തുന്നത്.

എന്നാൽ ലീഗിന് സംഘടനാപരവും സാമൂഹികവും സാമ്പത്തികവു മായ ഒരു കാര്യപരിപാടി ഉണ്ടെന്നുള്ളത് പലപ്പോഴും നാം വിസ്മരിച്ച് ക ളയും. ആ കാര്യപരിപാടിയിലേക്ക് ഈ സന്ദർഭത്തിൽ മുസ്‌ലിം ലീഗ് ശാഖാ കമ്മിറ്റികളുടെയും ലീഗ് പ്രവർത്തകരുടേയും ശ്രദ്ധ ഞാൻ ക്ഷ ണിച്ചു കൊള്ളുന്നു. തെരഞ്ഞെടുപ്പുകളിൽ ലീഗിന്റെ ആഹ്വാനമനുസരി ച്ച് അവർ ചെയ്ത ഏറ്റവും മഹത്തരവും നിസ്വാർത്ഥവുമായ സേവന ങ്ങൾ മൂലം നമുക്കുണ്ടായ വമ്പിച്ച വിജയം ഞാൻ ഉള്ളഴിഞ്ഞ കൃത ജ്ഞതയോടെ സ്മരിക്കുകയും അവരെ ഹൃദയപൂർവ്വം അഭിനന്ദിക്കുക യും ചെയ്യുന്നതോടൊപ്പം താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് പ്രാധാ ന്യം നൽകിക്കൊണ്ട് നമ്മുടെ സൃഷ്ടിപരമായ കാര്യപരിപാടി വിജയ പൂർവ്വം നടപ്പിൽ വരുത്തുവാൻ സാദരം അഭ്യർത്ഥിക്കുന്നു.

കേരളത്തിൽ തെരഞ്ഞെടുപ്പിന് ശേഷമുണ്ടായിട്ടുള്ള രാഷ്ട്രീയ സം ഭവവികാസങ്ങളെ ചൂഷണം ചെയ്ത് കൊണ്ട് കമ്യൂണിസ്റ്റ്കളാദിയായ കക്ഷികൾ ജനങ്ങളുടെ ഇടയിൽ ചിന്താകുഴപ്പങ്ങൾ ഉണ്ടാക്കുവാനും പാർ ട്ടി ആധിപത്യം സ്ഥാപിക്കുവാനും കിണഞ്ഞു പരിശ്രമിക്കുന്നു. നമ്മുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിപ്പിക്കാനു ള്ള ഒരു ആഹ്വാനമായി വേണം നാം അതിനെ കണക്കാക്കുവാൻ. എറ ണാകുളത്ത് വെച്ച് 1956 മാർച്ച് 30 ന് ചേർന്ന കേരള മുസ്‌ലിംലീഗ് കൗൺ സിൽ യോഗം ഈ കാര്യത്തിൽ നമുക്ക് ഒരു ഉൽബോധനം നൽകിയിട്ടു ണ്ടല്ലൊ. അതുകൊണ്ട് കേരളത്തിൽ മുസ്‌ലിംലീഗ് ശാഖകൾ ഇല്ലാത്ത എല്ലാ മഹല്ലുകളിലും ശാഖകൾ സ്ഥാപിക്കുവാൻ ഓരോ ലീഗ് കമ്മിറ്റി യും പ്രവർത്തകരും സംഘടിതമായോ വ്യക്തിഗതമായോ പരിശ്രമിക്ക ണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ആവശ്യമുള്ള മെമ്പർഷിപ്പ് പുസ്തകങ്ങളും നിർദ്ദേശങ്ങളും അതത് ഡിസ്ട്രിക്റ്റ് കമ്മിറ്റി ഓഫീസിൽ നിന്നോ സ്റ്റേറ്റ് കമ്മിറ്റി ഓഫീസിൽ നി ന്നോ ലഭിക്കുന്നതാണ്. ലീഗ് അനുഭാവികളുടെ യോഗങ്ങൾ വിളിച്ചു കൂ ട്ടി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് താമസം വരുത്താതിരിക്കുകയാണ് വേണ്ടത്. മെമ്പർമാരെ ഔപചാരികമായി ചേർക്കുന്നത് പലപ്പോഴും ക മ്മിറ്റി രൂപീകരണത്തിന് ശേഷമായിരിക്കും പ്രായോഗികമായിരിക്കുക. അം ഗങ്ങളെ ചേർത്തതിന് ശേഷം അവരുടെ യോഗത്തിൽ വെച്ച് പ്രസ്തുത കമ്മിറ്റിയെ പുനഃസംഘടിപ്പിക്കാമല്ലൊ.

മേൽ സൂചിപ്പിച്ച പ്രകാരം ലീഗ് ശാഖാ കമ്മിറ്റികൾ സൃഷ്ടിപരമായ കാര്യപരിപാടി പ്രവൃത്തിയിൽ കൊണ്ടുവരാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ കാര്യപരിപാടി കഴിഞ്ഞ രണ്ട് ദശാബ്ദമായി പല പ്രാവശ്യം ലീഗ്

mappilaheritagelibrary.com

ശാഖകളുടെ ദൃഷ്ടിയിൽപ്പെടുത്തിയിട്ടുള്ളതും ചില കമ്മിറ്റികൾ അതിലെ ചില ഇനങ്ങൾ നടപ്പിൽ കൊണ്ട് വന്നിട്ടുള്ളതുമാണ്.

എന്നാൽ അഭൂതപൂർവ്വമായ ഉത്സാഹത്തോട് കൂടി നാട്ടിൽ സർവ്വത്ര അത് പ്രയോഗത്തിൽ കൊണ്ട് വരികയാണ് നമ്മുടെ ഇന്നത്തെ അടിയന്തരമായ ആവശ്യം. റംസാൻ ആരംഭിക്കുന്നതിന് മുമ്പായി തന്നെ ചില ലീഗ് കമ്മിറ്റികൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സബ്കമ്മിറ്റികൾ ഏർപ്പെടുത്തിയത് തികച്ചും അഭിനന്ദനാർഹമാണ്.

സൃഷ്ടിപരമായ കാര്യ പരിപാടിയിൽ മുൻഗണന നൽകേണ്ട വിഷയങ്ങൾ

1. വിദ്യാഭ്യാസത്തിന് പ്രായമായ എല്ലാ മുസ്ലിം ബാലികാ ബാലൻമാരെയും വിദ്യാലയങ്ങളിൽ അയച്ച് പഠിപ്പിക്കുകയും പ്രായപൂർത്തി വന്നവർക്ക്, വിശേഷിച്ച് തൊഴിലാളികൾ, സാധുക്കളായ കർഷകർ എന്നിവർക്ക് സാമാന്യമായ മതപഠനവും ലൗകിക വിദ്യാഭ്യാസവും നൽകുന്ന നിശാപാഠശാലകൾ ഏർപ്പെടുത്തുകയും ചെയ്യുക. തൊഴിലാളികളുടെയും കർഷകരുടെയും അവശതാപരിഹാരത്തിന് മുൻകൈ എടുക്കുകയും എല്ലാ സഹായങ്ങളും ചെയ്ത് കൊടുക്കുകയും ചെയ്യുക.

2. പത്രങ്ങളും പുസ്തകങ്ങളും വായിക്കുവാൻ മുസ്ലിം പൊതു ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതിലേക്ക് വേണ്ട വായനശാലകളെ, വായനാകേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്യുക.

3. 'സക്കാത്ത്' മതവിധിപ്രകാരം അതത് കമ്മിറ്റികളുടെ അധികാരാതിർത്തിയിൽ പെട്ട എല്ലാവരിൽ നിന്നുമോ, ഇല്ലെങ്കിൽ അതിനു സമ്മതിക്കുന്നവരിൽ നിന്നോ പിരിച്ചെടുത്ത് അത് ലഭിക്കുവാൻ അർഹതയുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുക. കൂടാതെ സദഖയായി ഫണ്ട് ശേഖരിച്ച് ജാതിമത ഭേദമന്യെ സാധുക്കളും ദുരിതം അനുഭവിക്കുന്നവരുമായ ആളുകൾക്ക് ആശ്വാസവും രക്ഷയും നൽകുക.

4. അനിസ്ലാമികമായ ആചാരങ്ങളും ദുർവ്യയങ്ങളും ഉപേക്ഷിക്കുവാൻ ജനങ്ങളെ ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

5. ശാഖാ സംഘങ്ങൾ അതത് സ്ഥലങ്ങളിൽ ഉപകാരപ്രദവും വിജയപ്രദവും ആയിത്തീരുമെന്ന് കാണുന്ന കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും വ്യവസ്ഥപ്പെടുത്തുകയും സ്വദേശി സാധനങ്ങളെ കഴിയുന്നതും പ്രചരിപ്പിക്കുകയും ചെയ്യുക. പഞ്ചവത്സര പദ്ധതി സംബന്ധമായ പ്രവർത്തനങ്ങളിലും ദേശീയ വികസനപദ്ധതികൾ വിജയിപ്പിക്കുന്നതിലും സജീവമായി പങ്കെടുക്കുക.

6. മുസ്ലിംകളുടെ ഇടയിലുണ്ടാകുന്ന കക്ഷി മത്സരങ്ങളെയും ദുർവ്യയങ്ങളെയും ഇല്ലാതാക്കി ഐക്യത്തെയും സാഹോദര്യത്തെയും പാലിക്കുവാൻ പരിശ്രമിക്കുക.

7. മുസ്ലിംകളുടെ മതബോധത്തെ വളർത്തുവാനും അവർ മതാനുഷ്ഠാനങ്ങളിൽ നിഷ്ഠയുള്ളവരായിരിക്കുവാനും പ്രതിദിനം ജമാഅത്താ

mappilaheritagelibrary.com

യുള്ള നമസ്കാരവും ജുമുഅ നമസ്കാരവും മുസ്ലിംകൾ അനുഷ്ഠിക്കുകയും ചെയ്യുക.

8. മുസ്ലിംകളുടെ ഇടയിൽ കായിക പരിശീലന കേന്ദ്രങ്ങൾ ഏർപ്പെടുത്തുക.

9. മുസ്ലിംലീഗിന്റെ സൃഷ്ടിപരമായ കാര്യപരിപാടി നടപ്പിൽ വരുത്തുവാനും മറ്റും സഹായമായിത്തീരുന്ന ഒരു സന്നദ്ധ സംഘം ഓരോ ലീഗ് ശാഖാ സംഘത്തോടും അനുബന്ധിച്ച് രൂപീകരിക്കുക.

10. ഫലപ്രദവും പ്രായോഗികവുമായ മറ്റു പദ്ധതികൾ ആസൂത്രണം ചെയ്യുക. അഭിലഷണീയവും സാധ്യവുമാണെന്ന് കമ്മിറ്റികൾക്ക് തോന്നുന്ന പക്ഷം അപ്രകാരം ചെയ്യുക.

ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് ശാഖാ സംഘങ്ങൾക്ക്:

ഇന്ത്യൻ യൂണിയനിലെ ഏക മുസ്ലിം രാഷ്ട്രീയ സംഘടനയായ മുസ്ലിംലീഗിൽ അണിനിരന്ന് പ്രവർത്തിക്കുന്നത് കൊണ്ട് മാത്രമേ കേരളത്തിലെ മുസൽമാന്മാരായ നമുക്ക് നമ്മുടെ വിവിധ അവശതകൾ പരിഹരിക്കുവാനും ഭരണകൂടത്തിൽ ഫലപ്രദമായ സ്വാധീനം ചെലുത്തുവാനും ഇതര സ്റ്റേറ്റുകളിലെ സഹോദരന്മാർക്ക് കൂടി സേവനമർപ്പിക്കുവാനും സാധിക്കുകയുള്ളൂ.

രാഷ്ട്രീയമില്ലാത്ത സംഘടനക്ക് ഫലപ്രദമായി ഒന്നും ചെയ്യാൻ കഴിയില്ല. അതിന്റെ ശബ്ദം ശ്രവിക്കപ്പെടുകയില്ല. അതിനെ കൈകൊടുത്താദരിക്കുവാൻ ആരും ഉണ്ടാവില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കി മുസ്ലിംകൾ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ പിന്നിൽ അഹമഹമികയാ അണി നിരന്നു കാണുന്നതിൽ എനിക്ക് അനല്പമായ ചാരിതാർത്ഥ്യമുണ്ട്.

പ്രാരംഭത്തിലുള്ളതും ക്ഷണികവുമായ വിഷമതകളെ നിർഭയമായും ദൃഢനിശ്ചയത്തോടെയും നേരിട്ട് സംഘടന കെട്ടിപ്പടുക്കാനുള്ള നിങ്ങളുടെ ഭഗീരഥ ശ്രമത്തിന് ഞാൻ വിജയമാശംസിക്കുന്നു. മുസ്ലിംലീഗിൽ മുസ്ലിംകൾ സംഘടിച്ച് നിൽക്കുന്നത് കൊണ്ട് മുസ്ലിംകൾക്ക് പ്രത്യേകമായും നാട്ടിനു പൊതുവെയും നന്മയല്ലാതെ യാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്ന് നമ്മുടെ പ്രവർത്തനങ്ങൾ കൊണ്ട് അധികൃതർക്കും സഹോദര സമുദായങ്ങൾക്കും നല്ല പോലെ ബോധ്യപ്പെട്ടതാണ്. മുസ്ലിം സമുദായത്തിന്റെ നിലനില്പിനും അഭിവൃദ്ധിക്കും സ്വതന്ത്രമായ പൊതു ജീവിതത്തിനും സംഘടന കൂടാതെ യാതൊരു നിവൃത്തിയുമില്ല. സംഘടനാ സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടതാണ്. മുസ്ലിംലീഗിൽ സംഘടിക്കുക വഴി ആ സ്വാതന്ത്ര്യം നാം ഉപയോഗപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളൂ.

അത്കൊണ്ട് നാം മുസ്ലിംലീഗിനെ ശക്തിപ്പെടുത്തുന്നതിനും ലീഗിന്റെ കാര്യപരിപാടി നടപ്പിൽ വരുത്തുവാനും വേണ്ടി ചെയ്യുന്ന പരിശ്രമ

mappilaheritagelibrary.com

ങ്ങൾ തുടർന്ന്പോകുന്നതിൽ യാതൊരു ഭയാശങ്കകൾക്കും വിധേയരാ കേണ്ടതില്ല. മുസ്ലിംലീഗിന് നിയമവിരുദ്ധമോ രഹസ്യമോ ആയ യാ തൊരു ഉദ്ദേശങ്ങളും കാര്യപരിപാടിയുമില്ല. നാട്ടിൽ നിയമവും സമാധാ നവും നിലനിർത്താനുള്ള എല്ലാ ഉദ്യമങ്ങളെയും സഹായിക്കുകയും അ ട്ടിമറി പ്രസ്ഥാനങ്ങളെയും നിയമവിരുദ്ധ പ്രവർത്തനങ്ങളെയും പരാജ യപ്പെടുത്തുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ഭിന്നസമുദായ ങ്ങൾ തമ്മിൽ ഐക്യവും സൗഹാർദ്ദവും നിലനിർത്തുകയും ചെയ്യുക എന്നുള്ളതാണ് മുസ്ലിംലീഗിന്റെ നയം. മുസ്ലിംകൾ ലീഗിൽ സംഘടി ക്കുന്നതിന്റെ ആവശ്യവും ഉദ്ദേശവും മനസ്സിലാക്കാതെ ചിലർ നമ്മെ തെ റ്റിദ്ധരിക്കുന്നുണ്ട്. ഇനിയും ആ തെറ്റിദ്ധാരണ വെച്ചു കൊണ്ട് അവർ ന മ്മുടെ പ്രവർത്തന മാർഗ്ഗത്തിൽ പ്രതിബന്ധങ്ങൾ വലിച്ചു വെച്ചേക്കാം.

പക്ഷേ അതുകൊണ്ട് ക്ഷോഭിക്കുകയോ മനം പതറുകയോ ചെയ്യാ തെ ക്ഷമയോടും സഹനത്തോടും സർവ്വോപരി അല്ലാഹുവിലുള്ള അച ഞ്ചലമായ വിശ്വാസത്തോടും കൂടി നമ്മുടെ പ്രവർത്തനം തുടർന്ന് പോവുക. അത് തികച്ചും നിയമാനുസൃതമായ മാർഗ്ഗങ്ങളിൽ കൂടിയായി രിക്കണമെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ടല്ലൊ. കോടതികളുടെയോ, അധി കാരമുള്ള ഉദ്യോഗസ്ഥരുടെയോ നിരോധകൽപ്പനകളെ നാം ഇത്വരെ ആദരിച്ചു വന്നത് പോലെ മേലിലും ആദരിക്കുക തന്നെ വേണം.

നമ്മുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിധം അന്യായമായ കൈകടത്തൽ വല്ല ഉദ്യോഗസ്ഥന്മാരിൽ നിന്നോ, ഇതര രാഷ്ട്രീയ ക ക്ഷികളിൽ പെട്ട പ്രവർത്തകരിൽ നിന്നോ ഉണ്ടാകുന്ന പക്ഷം വിവരം ഉ ടനടി ഓർഗനൈസിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മുസ്ലിം ലീഗിൽ മെമ്പർമാരെ ചേർക്കാനുള്ള പുസ്തകങ്ങൾ ഓർഗനൈസിംഗ് കമ്മിറ്റികൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്. നിങ്ങളുടെ ശാഖയ്ക്ക് ആവ ശ്യമായ പുസ്തകങ്ങൾ അവർ അയച്ചു തന്നിരിക്കുമെന്ന് വിശ്വസിക്കു ന്നു. ഇല്ലെങ്കിൽ സെക്രട്ടറിയെ സമീപിച്ച് പുസ്തകങ്ങൾ വാങ്ങാനപേ ക്ഷ. പുസ്തകങ്ങൾ ലഭിച്ചാൽ കഴിയുമെങ്കിൽ നിങ്ങളുടെ അതിർത്തി യിൽപ്പെട്ട മുഴുവൻ മുസ്ലിം സ്ത്രീകളെയും പുരുഷന്മാരെയും നമ്മുടെ ജമാഅത്തിൽ അംഗമാക്കി ചേർത്ത് ഓർഗനൈസിംഗ് കമ്മിറ്റിക്ക് കൗ ണ്ടർ ഫോയിലുകളും വിഹിതസംഖ്യയും അയക്കേണ്ടതാണ്. മെമ്പർ ഷിപ്പ് പുസ്തകത്തിൽ ഒരംഗം മൂന്ന് ഫോറത്തിൽ ഒപ്പു വെക്കണം. കാർ ബൺ കടലാസ് ഉപയോഗിക്കുന്നതാണ് സൗകര്യം. ഒന്ന് ഇങ്ങോട്ടയച്ചു തരികയും വേണം. ആ മൂന്ന് കടലാസിലും ഒരേ നമ്പർ ആണ് ചേർക്കേ ണ്ടത്.

ശാഖാ കമ്മിറ്റികൾ ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡണ്ട് അവർകളുടെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യപരിപാടിയിൽപ്പെട്ട പ്രദേശങ്ങളിലെ സ്ഥിതിഗതികൾ മുമ്പിൽ വെച്ചു കൊണ്ട് പ്രായോഗിക മായ പ്രവർത്തന പദ്ധതികൾ സ്വീകരിച്ച് നടപ്പിൽ വരുത്തണമെന്ന് അ

mappilaheritagelibrary.com

ഭ്യർത്ഥിക്കുന്നതോട് കൂടി താഴെ ചേർക്കുന്ന നിർദ്ദേശങ്ങളിലേക്ക് കമ്മിറ്റികളുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

ഓരോ ശാഖാ ലീഗിലും അതിന്റെ അതിർത്തിയിലും അയൽപ്രദേശങ്ങളിലും ഉൾക്കൊള്ളുന്ന മുസ്ലിംകളുടെ ഇടയിൽ പൂർണ്ണമായ ഐക്യവും സാഹോദര്യവും നിലനിർത്താൻ പരിശ്രമിക്കണം. ഭിന്നതയുണ്ടാക്കുന്ന വാദപ്രതിവാദങ്ങളിലും കക്ഷിമത്സരങ്ങളിലും ചേരാതെ കഴിയുന്ന വിധമെല്ലാം ഭിന്നതകൾ ഇല്ലാതാക്കുവാൻ വേണ്ട നടപടികളെടുക്കണം. മുസ്ലിംകളുടെ അഭിവൃദ്ധിക്ക് വേണ്ടി നില കൊള്ളുന്ന മറ്റു സാമുദായിക സംഘങ്ങളുമായി സഹകരണത്തിലും ഐക്യത്തിലും വർത്തിക്കുകയും അവയുടെ സഹായം വേണ്ട സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്തുകയും ചെയ്യുക. ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും മാഹാത്മ്യത്തിന്റെയും ഗുണങ്ങളെയും ഭിന്നതയുടെയും കക്ഷിത്വത്തിന്റെയും ദോഷങ്ങളെയും ജനങ്ങൾക്ക് ഉപദേശിക്കുന്ന സദുപദേശ പ്രസംഗങ്ങൾ പള്ളികൾ വഴിയും അല്ലാതെയും നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.

ഭിന്നതകൾ പറഞ്ഞവസാനിപ്പിക്കുവാൻ യോഗ്യന്മാരായ മധ്യസ്ഥന്മാരെ ഉണ്ടാക്കിക്കൊടുക്കുവാനും ലീഗു ശാഖകൾ പരിശ്രമിച്ചാൽ നന്നായിരിക്കും. മുസ്ലിംങ്ങളിൽ മതബോധവും മതനിഷ്ഠയും ഉളവാക്കുവാൻ നല്ല പ്രസംഗങ്ങളും ആവശ്യമെന്നു തോന്നുന്ന പക്ഷം ലഘുലേഖകളും വഴിക്ക് ഏർപ്പാട് ചെയ്യണം. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഒഴിവ് സമയങ്ങളിൽ പള്ളികൾ വഴിക്കോ, മദ്രസകൾ വഴിക്കോ മതപഠനം നൽകുവാൻ ഏർപ്പാട് ചെയ്യണം. പ്രായപൂർത്തി വന്നവർക്കും മതപഠനത്തിനുള്ള കേന്ദ്രങ്ങൾ ഏർപ്പെടുത്തി മതപഠനം നൽകണം. ഒരു വിദ്യാഭ്യാസ കമ്മിറ്റി വഴിക്ക് ശാഖാകമ്മിറ്റിയുടെ പരിധിയിൽപ്പെട്ട പ്രദേശത്തെ മുസ്ലിം ജനങ്ങളുടെയും വിദ്യാഭ്യാസ വയസ്സിലുള്ള കുട്ടികളുടെയും അവരിൽ സ്കൂളുകളിൽ പോകുന്നവരുടെയും ഒരു സെൻസസ് എടുക്കുന്നത് വളരെ നന്നായിരിക്കും.

പ്രാഥമിക വിദ്യാലയങ്ങളിൽ പോകാതെ ഒരു മുസ്ലിം കുട്ടിയും ഒഴിഞ്ഞ് പോകരുതെന്നുള്ള ദൃഢനിശ്ചയത്തോട് കൂടി പ്രവർത്തിക്കണം. ദരിദ്രരായ കുട്ടികൾക്ക് പുസ്തകങ്ങളും ഫീസും മറ്റും കൊടുക്കുന്നതിന് ഒരു സ്കോളർഷിപ്പ് ഫണ്ട് തന്നെ ഉണ്ടാക്കി വെക്കുകയും വർഷാരംഭത്തിൽ കുട്ടികളെ ഒന്നൊഴിയാതെ വിദ്യാലയങ്ങളിൽ ചേർക്കുകയും വേണം. അനാഥ കുട്ടികളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും അവരെ രക്ഷിക്കുവാൻ വേണ്ട ഏർപ്പാടുകൾ സ്ഥലത്ത് തന്നെ ചെയ്യുകയോ അതിന് സാധ്യമല്ലാതെ വരുമ്പോൾ അവരെ യതിംഖാനകളിൽ ചേർക്കുകയോ വേണം. നമ്മുടെ അശ്രദ്ധ കൊണ്ട് അനാഥ കുട്ടികൾ അന്യരുടെ അധീനത്തിൽപ്പെട്ട് ഇസ്ലാമിൽ നിന്നും പുറത്ത് പോയിട്ടുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുള്ള വിവരം ഓർമ്മപ്പെടുത്തിക്കൊ

mappilaheritagelibrary.com

ള്ളുന്നു.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞ കുട്ടികളെ ഉയർന്ന വിദ്യാഭ്യാസത്തിന് പ്രേരിപ്പിച്ചയക്കുന്ന വിഷയത്തിലും കഴിവില്ലാത്തവരെ സഹായിച്ച് പഠിപ്പിക്കുന്ന വിഷയത്തിലും ശാഖാകമ്മിറ്റികൾ പ്രത്യേകം ശ്രദ്ധിക്കണം. വിദ്യാഭ്യാസത്തിൽ മുസ്‌ലിം സമുദായത്തിന് സ്വന്തം കാലുകളിൽ നിൽക്കാവുന്ന ഒരു നിലയിലെത്തിക്കഴിഞ്ഞാൽ നമ്മുടെ അവശതകൾ മിക്കവയും തീർന്നു പോകുന്നതാണെന്ന് പ്രത്യേകം ഓർമ്മ വേണം. അത്കൊണ്ട് ശാഖാകമ്മിറ്റികൾ വിദ്യാഭ്യാസ പരിശ്രമങ്ങൾക്ക് തങ്ങളുടെ കാര്യപരിപാടിയിൽ മുൻഗണന നൽകണമെന്ന് പറയേണ്ടതില്ലല്ലൊ.

മുസ്‌ലിം തൊഴിലാളികളുടെ അവശതകൾക്ക് പരിഹാരം കാണുവാനും അവരുടെ സ്ഥിതിഗതികൾ നന്നാക്കുവാനുമുള്ള ന്യായമായ പരിശ്രമങ്ങളിൽ സഹകരിക്കുകയും അവരും മുതലാളിമാരും തമ്മിൽ കഴിയുന്നത്ര സൗഹാർദം ഉണ്ടാക്കുവാൻ യത്നിക്കുകയും ചെയ്യുക. മധ്യവർത്തികളുടെ ചൂഷണത്തിനിരയാകുന്ന തൊഴിലാളികൾക്ക് പരസ്പര സഹായ സഹകരണ സംഘങ്ങൾ സ്ഥാപിച്ചും മറ്റു പ്രകാരത്തിലും വേണ്ട രക്ഷ നൽകുവാൻ ഏർപ്പാട് ചെയ്യുക. കച്ചവടത്തിലും വ്യവസായങ്ങളിലും വിശിഷ്യാ കുടിൽ വ്യവസായങ്ങളിൽ, സമുദായത്തിന് അഭിവൃദ്ധിയും ഉയർച്ചയും ഉണ്ടാക്കുവാൻ പരിശ്രമിക്കണം. സക്കാത്ത് വസൂലാക്കി വിതരണം ചെയ്യാനുള്ള ഏർപ്പാട് നടപ്പിൽ വരുത്തുവാൻ ശ്രമിക്കണം.

ഉടനടി എല്ലാവരും സക്കാത്ത് കൊടുക്കുവാൻ ഒരുങ്ങിയെന്ന് വരികയില്ല. എന്നാൽ അതിനു ഒരുക്കമുള്ളവരുടെ വീതമെങ്കിലും ശേഖരിച്ച് വിതരണം ചെയ്യാൻ ശ്രമിക്കുന്ന പക്ഷം കാലക്രമത്തിൽ മറ്റുള്ളവരും അതിൽ സഹകരിച്ചുകൊള്ളും. സമുദായത്തിലെ ദരിദ്രന്മാർക്കും ആതുരന്മാർക്കും രക്ഷ നൽകുവാൻ സക്കാത്തും സദ്ഖയും നൽകുവാൻ ധനവാന്മാരെ പ്രേരിപ്പിക്കണം. ഈ വക വിഷയങ്ങളിൽ നയത്തോടും വിവേകത്തോടും ക്ഷമയോടും കൂടി പ്രവർത്തിക്കുവാൻ ശ്രദ്ധിക്കണം. ജമാഅത്തായുള്ള നമസ്ക്കാരത്തിലും ജുമുഅനമസ്ക്കാരത്തിലും മുസ്‌ലിംകളെ കൂടുതൽ സംബന്ധിപ്പിക്കുവാൻ എപ്പോഴും ശ്രമിച്ചു കൊണ്ടിരിക്കണം. ഇസ്‌ലാം നിഷിദ്ധമാക്കിയ ദുഷ്കർമ്മങ്ങളിൽ നിന്നും മുസ്‌ലിംകളെ പിന്തിരിപ്പിക്കുവാനും ഇസ്‌ലാമിക ഗുണങ്ങളായ സന്മാർഗ്ഗ നിഷ്ഠ, സത്യനിഷ്ഠ, വിശ്വസ്തത, ക്ഷമ, കാരുണ്യം, ശുചിത്വം, ആദിയായവ മുസ്‌ലിമീങ്ങളിൽ വളർത്തുവാനും യത്നിക്കുക.

സൽകർമ്മങ്ങളെ ഉപദേശിക്കുകയും ദുഷ്കർമ്മങ്ങളെ നിരോധിക്കുകയും ചെയ്യുന്നതിൽ ലീഗ് ശാഖകൾക്കുള്ള കടപ്പാട് നിർവ്വഹിക്കുവാൻ യുക്തമായ നടപടികൾ എടുക്കണം. ഉപയോഗമുള്ള മതപ്രസംഗങ്ങളും മിതവും ലളിതവുമായ ഭാഷയിലുള്ള ലഘുലേഖകളുടെ വിതരണവും ഈ മാർഗ്ഗത്തിൽ ഉത്തമ ഫലങ്ങൾ ഉളവാക്കുന്നതാണ്. മറ്റു സമുദായ

mappilaheritagelibrary.com

ങ്ങളുമായി മുസ്‌ലിംകൾ മാന്യമായ നിലയിൽ സൗഹാർദത്തിലും സ് നേഹത്തിലും സഹകരണത്തിലും കഴിഞ്ഞു കൂടുവാൻ എപ്പോഴും ശ്ര ദ്ധിക്കണം.

നിയമവിരുദ്ധമായ യാതൊരു പ്രവർത്തനങ്ങളിലും ഏർപ്പെടാതിരിക്കു കയും നിയമസമാധാനം പാലിക്കുന്നതിൽ അധികൃതരോട് പൂർണ്ണമാ യി സഹകരിക്കുകയും ചെയ്യുന്ന നയം തുടർന്ന് പോകുവാൻ മുസ്‌ലിം കളെ ഉപദേശിക്കണം. കമ്യൂണിസ്റ്റുകാർ തെളിഞ്ഞും ഒളിഞ്ഞും നടത്തു ന്ന കുപ്രചാര വേലകളിൽ വഞ്ചിതരാകാതിരിക്കുവാൻ മുസ്‌ലിംകളെ എ പ്പോഴും ഉണർത്തണം. രാജ്യത്തിന്റെ പൊതു നന്മക്ക് വേണ്ട പരിശ്രമ ങ്ങളിൽ മറ്റു രാഷ്ട്രീയ പാർട്ടികളോട് നല്ല പോലെയും വ്യക്തിത്വം വി ടാതെയും സഹകരിക്കുന്നതിന് യാതൊരു വിരോധവുമില്ലെന്ന് മാത്രമല്ല അങ്ങിനെ ചെയ്യുന്നത് ആവശ്യവുമാണ്.

ഗൗരവമേറിയ കാര്യങ്ങളിൽ കേന്ദ്രകമ്മിറ്റിയോട് ആലോചിച്ച് നടപ ടിയെടുക്കുന്നത് എപ്പോഴും ഉചിതമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. ഇസ്‌ലാമിക വിജ്ഞാനവും പൊതുവിജ്ഞാനവും വർദ്ധിപ്പിക്കാനുതകു ന്ന പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും ഉൾകൊള്ളുന്ന വായനശാ ലകൾ ഏർപ്പെടുത്തുവാൻ ശ്രദ്ധിക്കണം. ലീഗിന്റെ സംഘടനാ പരിശ്രമ ങ്ങൾക്ക് ഏറ്റവും വലിയ താങ്ങും തണലുമായിരിക്കുന്ന ചന്ദ്രികക്ക് ധാ രാളം വായനക്കാരെയും വരിക്കാരെയും ഉണ്ടാക്കുവാൻ ചെയ്യുന്ന വിജ യപൂർവ്വമായ പരിശ്രമം ലീഗിന് ചെയ്യുന്ന വലിയൊരു സഹായമായിരി ക്കുമെന്ന് പറയേണ്ടതില്ലല്ലൊ. ശാഖാ സംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേന്ദ്രകമ്മിറ്റി ആപ്പീസിലേക്ക് ഇടക്കിടെ റിപ്പോർട്ടുകൾ അ യക്കുന്നത് വളരെ ഉപകാരപ്രദമായിരിക്കും. സ്റ്റേറ്റിലെ മുസ്‌ലിംലീഗ് ശാ ഖകളുടെ പ്രശംസനീയമായ പ്രവർത്തനങ്ങൾ വഴിക്ക് മുസ്‌ലിംലീഗിന് ഉത്തരോത്തരം അഭിവൃദ്ധിയും തൽഫലമായി മുസ്‌ലിം സമുദായത്തിന് സർവ്വത്ര ക്ഷേമൈശ്വര്യങ്ങളും അല്ലാഹു നൽകുമാറാകട്ടെ. (ആമീൻ)"

1956 നവംബർ 11 ന് കേരള സ്റ്റേറ്റ് മുസ്‌ലിംലീഗ് രൂപീകരണത്തിന് ശേഷം സെക്രട്ടറി കെ.എം.സീതിസാഹിബ് ശാഖകൾക്ക് അയച്ച് കൊ ടുത്ത സർക്കുലറിന്റെ പൂർണ്ണ രൂപമാണിത്. ഒരു മുസ്‌ലിംലീഗുകാരൻ എങ്ങിനെ മുസ്‌ലിമായി ജീവിക്കണമെന്നും തൊഴിൽ രംഗത്തും വിദ്യാ ഭ്യാസ രംഗത്തും അവന്റെ കടമകൾ എന്തൊക്കെയാണെന്നും നാടിനും സമൂഹത്തിനും സമുദായത്തിനും അവൻ എങ്ങിനെയെല്ലാം പ്രയോജന പ്പെടുമെന്നും ഇത്രമേൽ വിശദീകരിച്ച ഒരു ലീഗ് നേതാവ് മുമ്പോ പി മ്പോ ഉണ്ടായിട്ടില്ല. ലീഗിന്റേതായ നിരവധി പ്രവർത്തനപദ്ധതികൾ ഉൾ പ്പെടുത്തിയിട്ടുള്ള ഈ സർക്കുലർ മുസ്‌ലിം സമുദായത്തിന്റെ മുന്നോട്ടു ള്ള പ്രയാണത്തിന് വഴി കാണിക്കുന്ന പ്രഭാകിരണങ്ങളത്രെ.

mappilaheritagelibrary.com

ഇരുപത്തി ആറ്
വിഭ്രാന്തമായ ദുരന്തകാലം

സംസ്ഥാനം നിലവിൽ വന്നതിന് ശേഷം ആദ്യമായി സംസ്ഥാന മുസ്‌ലിംലീഗ് സമ്മേളനം നടന്നത് ആലപ്പുഴ ലജ്നത്തുൽ നഗറിലായിരുന്നുവല്ലോ. ലജ്നത്തുൽ നഗറിലെ സമ്മേളനത്തിന് ശേഷം 1958 നവംബർ 15, 16 തിയതികളിൽ കണ്ണൂർ മൗലാനാ മുഹമ്മദലി നഗറിൽ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബിന്റെ അധ്യക്ഷതയിൽ ജില്ലാ സമ്മേളനം നടക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ഒരു ലക്ഷത്തിലധികം പ്രവർത്തകരാണ് പങ്കെടുത്തത്. മുസ്‌ലിംലീഗ് വളർന്ന് പന്തലിച്ച് ഒരു വൻ വൃക്ഷമായിക്കഴിഞ്ഞുവെന്ന് തെളിയിക്കുന്നതായിരുന്നു സമ്മേളനം. തുടർന്ന് കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലും മുസ്‌ലിംലീഗ് സമ്മേളനം നടന്നു.

മുസ്‌ലിംലീഗിനോടും പി.എസ്.പിയോടുമൊപ്പം കോൺഗ്രസ്സ് തെരഞ്ഞെടുപ്പ് സഖ്യത്തിൽ ഏർപ്പെട്ടിരുന്നുവെങ്കിൽ ബാലറ്റ് പേപ്പറിലൂടെ ലോകത്തിൽ ആദ്യമായി വന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം എന്ന സുഖസ്മൃതി കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടാകുമായിരുന്നില്ല. അക്കാലത്തൊരിക്കൽ കോൺഗ്രസ് നേതാവ് സി.കെ.ഗോവിന്ദൻനായർ പറയുകപോലുമുണ്ടായി; "കോൺഗ്രസിന് കേരളത്തിൽ ശക്തി ലഭിക്കണമെങ്കിൽ ലീഗിന്റെ പിന്തുണ അനിവാര്യമാണ്." മഴക്കാല മേഘങ്ങളുടെ ധൂർത്ത് പോലെയായിരുന്നു കമ്യൂണിസ്റ്റ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ. മോഹിപ്പിക്കുന്ന പ്രകടന പത്രികയുമായി അവർ ജനങ്ങൾക്ക് മുമ്പിൽ പെരുമഴയായി പെയ്തു.

തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ സാക്ഷാൽ രൂപം കമ്മ്യൂണിസ്റ്റ് പാർട്ടി ചുവന്ന യവനിക മാറ്റി പുറത്തെടുത്തു. ജനങ്ങൾ അത് കണ്ട് ഞെട്ടി. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ മധുരവാഗ്ദാനങ്ങൾ ഇതിനകം പാർട്ടി ആപ്പീസിലെ ചവറ്റുകൊട്ടയിൽ അഭയം കണ്ടെത്തിയിരുന്നു. കരാള കർക്കശമായ ഒരു ഭരണം കണ്ട് ജനത സ്തംഭിച്ചു. സ്വേച്ഛാധിപതികളെപ്പോലെ പെരുമാറുന്ന മന്ത്രിമാർ. പാർട്ടി സെല്ലുകളിൽ നിന്നയക്കുന്ന തിട്ടൂരമനുസരിച്ച് നിരപരാധികളെ പീഡിപ്പിക്കുന്ന പോലീസ്. പോലീസ് സ്റ്റേഷനുകളിലും കസേരകളിൽ കയറിയിരുന്ന് ക്രമസമാധാനം

mappilaheritagelibrary.com

നിയന്ത്രിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ.

കേരളത്തെ ക്ഷണനേരം കൊണ്ട് ഹങ്കറിയോ റഷ്യയോ ആക്കിക്കള യാമെന്നവർ മോഹിച്ചു കാണും. കമ്മ്യൂണിസത്തിന്റെ സ്റ്റീം റോളറിൽ കേരള ജനതയുടെ പൗരാവകാശങ്ങൾ ഞെരിഞ്ഞമരാനായിരുന്നു വിധി.

ഇ.എം.എസ്. മന്ത്രിസഭ അധികാരത്തിൽ കയറിയ ഉടനെ ജയിൽ പു ള്ളികളെ മുഴുവൻ തുറന്ന് വിട്ടിരുന്നു. ഇവരിൽ കൊലപാതകികളും രാ ജ്യദ്രോഹികളും ഉണ്ടായിരുന്നു. യഥാർത്ഥത്തിൽ കമ്മ്യൂണിസത്തിന്റെ തൽസ്വരൂപം എന്തെന്നറിയാതെ പോയ സാധു ജനങ്ങൾ അവരുടെ മ ധുരിക്കും വാക്കുകൾ കേട്ട് അവർക്ക് വോട്ട് ചെയ്യുകയായിരുന്നു.

കമ്മ്യൂണിസം വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരു മുതലയാണെ ന്നവരറിഞ്ഞില്ല. അതിന്റെ തലയുടെ ചെറിയൊരു ഭാഗം മാത്രമേ പുറ മേക്ക് കാണൂ എന്നും അവർ അറിയാതെ പോയി. അവസാനമില്ലാത്ത മർദനങ്ങൾ, ഒടുക്കമില്ലാത്ത യാതനകൾ, ഇതായിരുന്നു 1957 ഏപ്രിൽ 5 ന് അധികാരത്തിലേറിയ ഇ.എം.എസ്. മന്ത്രിസഭയുടെ പൊതുജന 'സേ വനങ്ങൾ.' രണ്ടേകാൽ വർഷത്തോളം അതായത് 848 ദിവസം ഈ തി ക്തകാലം ജനം അനുഭവിച്ച് തീർത്തു. ഇതിന് പുറമെ ജനാധിപത്യ രാ ഷ്ട്രീയ കക്ഷികൾക്കിടയിൽ സ്പർദ്ധയും വിദ്വേഷവും വളർത്താനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും പാർട്ടി തലത്തിൽ നടക്കുന്നുണ്ടായിരുന്നു. ദാരിദ്ര്യവും പട്ടിണിയും തീർത്ത കണ്ണീർക്കയങ്ങളായി സാധാരണക്കാര ന്റെ കുടിലുകൾ. നിത്യോപയോഗ സാധനങ്ങളുടെ വില ആറുമാസത്തി നുള്ളിൽ മൂന്നിരട്ടിയായി. റേഷൻ വിതരണം സംസ്ഥാനത്തൊട്ടാകെ നി ശ്ചലമായി. തൊഴിലില്ലാത്ത യുവാക്കൾ ഹതാശരായി. അവർ ലക്ഷ്യമി ല്ലാതെ നാടു നീളെ അലഞ്ഞു.

ജോസഫ് മുണ്ടശ്ശേരിയുടെ വികലമായ വിദ്യാഭ്യാസ നയം ആ രംഗ ത്തെ മുച്ചൂടും നശിപ്പിച്ചു. അഴിമതിയുടെ കളിയരങ്ങായി കമ്മ്യൂണിസ്റ്റ് ഭ രണകൂടം. ദാരിദ്ര്യത്തിനും പട്ടിണിക്കും പുറമെ അരക്ഷിതമായ ഒരവ സ്ഥയും കൂടി സംജാതമായതോടെ കേരള ജനത ഭ്രാന്ത് പിടിച്ചത് പോ ലെയായി.

കോൺഗ്രസ് നേതാവായിരുന്ന പി.ടി.ചാക്കോയായിരുന്നു പ്രതിപക്ഷ നേതാവ്. എന്നാൽ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിന്റെ നെറികേടുകളും അ ഴിമതിയും സഭാതലത്തിൽ വേണ്ടുംവിധം കൊണ്ടുവരാൻ അദ്ദേഹത്തി നു കഴിഞ്ഞില്ല. എന്നാൽ സീതിസാഹിബിന്റെ ഒരു നേർപതിപ്പായി അ ക്കാലത്ത് കേരള രാഷ്ട്രീയ നഭോമണ്ഡലത്തിൽ ഒരു പൊൻതാരകമാ യി ഉയർന്ന് കൊണ്ടിരുന്ന യുവാവായ സി.എച്ച്.മുഹമ്മദ് കോയ, മദിരാ ശി അസംബ്ലിയിൽ സീതി സാഹിബ് നടത്തിയ സൂക്ഷ്മ തീക്ഷ്ണങ്ങ ളായ പ്രകടനങ്ങളെ അനുസ്മരിപ്പിക്കും വിധമായിരുന്നു കേരള അസം ബ്ലിയിൽ തന്റെ ഭാവഭാഷ കൊണ്ട് സഭയെ പിടിച്ചിരുത്തിയത്. മാതൃഭൂ മി പോലുള്ള പത്രങ്ങൾ സീതിസാഹിബിന്റെ മദിരാശി അസംബ്ലി പ്ര

mappilaheritagelibrary.com

സംഗങ്ങളെ സ്മരിച്ച് കൊണ്ടാണ് സി.എച്ചിന്റെ അസംബ്ലി പ്രസംഗങ്ങളെ വാഴ്ത്തിയത്.

കോൺഗ്രസ്സിന്റെ മുഖപത്രം പോലെ പെരുമാറിയിരുന്ന മാതൃഭൂമിയിൽ നിന്നാണ് മുസ്ലിംലീഗിനും അതിന്റെ നേതാക്കൾക്കും ഈ വിധം പ്രശംസ കിട്ടിയത്. മുസ്ലിംലീഗിന്റെയും നേതാക്കളുടെയും ക്രിയാത്മകമായ നിലപാടുകൾക്കുള്ള അംഗീകാരമായിരുന്നു ഇത്. 1957 ജൂണിന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പ്രഥമ ബജറ്റ് ധനകാര്യമന്ത്രി സി.അച്യുതമേനോൻ മന്ത്രിസഭയിൽ അവതരിപ്പിച്ചു. 232.5 ലക്ഷം നികുതിയുടെ കടുത്ത ഭാരം ജനങ്ങളുടെ മേൽ ചാർത്തിക്കൊണ്ടുള്ളതായിരുന്നു ബജറ്റ്. ബജറ്റ് അവതരിപ്പിക്കും മുമ്പെ അത് ചോർന്നു. ബജറ്റിലെ എല്ലാ വിവരവും കൗമുദിയിൽ കൗമുദി ബാലകൃഷ്ണൻ പ്രസിദ്ധപ്പെടുത്തിയിരുന്നു. ചോർച്ചയുടെ കാരണക്കാരൻ കൗമുദി ബാലകൃഷ്ണനാണെന്ന് ആരോപിച്ച് പോലീസ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഇങ്ങിനെയൊരു ബജറ്റ് ചോർച്ച.

ഇതിനിടെ ദേവികുളത്തുനിന്ന് മത്സരിച്ച ബി.കെ.നായരുടെ നോമിനേഷൻ പത്രിക തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളിയിരുന്നു. കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയായിരുന്ന റോസമ്മ പുന്നൂസ് അവിടെ നിന്നും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഇതിനെതിരെ ബി.കെ.നായർ കോടതിയിൽ കേസു കൊടുത്തു. കോടതി വീണ്ടും തെരഞ്ഞെടുപ്പ് നടത്തുവാൻ വിധി പ്രസ്താവിച്ചു. വീണ്ടും ബി.കെ.നായരും റോസമ്മയും മത്സരിച്ചു. മുസ്ലിംലീഗിന്റെ പിന്തുണ ബി.കെ.നായർക്കായിരിക്കുമെന്ന് സീതിസാഹിബ് പ്രഖ്യാപിച്ചു. കമ്മ്യൂണിസത്തിന്റെ വിപത്ത് ഒഴിവാക്കാനായി ജനാധിപത്യ കക്ഷികൾക്കാണ് പിന്തുണ നൽകേണ്ടതെന്ന ലീഗ് നിലപാടിനനുസൃതമായിട്ടായിരുന്നു ഈ പിന്തുണ.

തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ റോസമ്മ പുന്നൂസ് തന്നെ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. പക്ഷെ ഈ തെരഞ്ഞെടുപ്പ് ജനാധിപത്യ കക്ഷികൾക്കൊരു പാഠമായി. ഒന്നിച്ച് നിന്നാൽ കമ്മ്യൂണിസമെന്ന കലാപ ഭരണത്തെ കേരള മണ്ണിൽ നിന്നും പിഴുതെറിയാൻ കഴിയുമെന്ന് ബി.കെ.നായർക്കും സ്വതന്ത്രന്മാർക്കും കിട്ടിയ വോട്ടുകൾ തെളിയിച്ചു. റോസമ്മക്ക് 53038 വോട്ടുകളും ബി.കെ.നായർക്ക് 46830 വോട്ടുകളും കിട്ടിയപ്പോൾ സ്വതന്ത്രന്മാരായി മത്സരിച്ച കെ.എസ്.സുബ്രഹ്മണ്യന് 7640 വോട്ടുകളും മറ്റൊരു സ്വതന്ത്രൻ ഡൊമിനിക്കിന് 643 വോട്ടുകളും കിട്ടി. ഇതിൽ നിന്നും ഒരു സത്യം ഉരുത്തിരിയുകയായിരുന്നു. ജനാധിപത്യ കക്ഷികൾ ഒന്നിച്ചു നിന്നാൽ കേരള ഭരണത്തിൽ നിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെ തുടച്ചു മാറ്റാനാവും എന്ന സത്യം. പിന്നീട് കേരള രാഷ്ട്രീയത്തിന്റെ ചിന്തകളും ചലനങ്ങളും ആ വഴിക്കായിരുന്നു.

കേരളത്തിലെ സമാധാനാന്തരീക്ഷം ദിനേനയെന്നോണം പ്രക്ഷുബ്ധമായിക്കൊണ്ടിരുന്നു. രാഷ്ട്രീയ കൊലപാതകങ്ങൾ, കൊള്ളകൾ, സം

mappilaheritagelibrary.com

ഘട്ടനങ്ങൾ ഇതെല്ലാം നിത്യസംഭവങ്ങളായി. മൂന്നാറിലും ചന്ദനതോപ്പിലും തൊഴിലാളികൾക്ക് നേരെ പോലീസ് വെടിവെപ്പ് നടത്തി. വെടിവെപ്പിന്റെ വാർത്ത അഖിലേന്ത്യാ തലത്തിൽ കോളിളക്കം സൃഷ്ടിച്ചു. കമ്യൂണിസ്റ്റ് ഭരണകൂടം ഭരണകൂട ഭീകരതയായി മാറിയ വാർത്ത ഇന്ത്യയിലുടനീളം വ്യാപിച്ചു. തൊഴിലാളികളുടെയും സാധാരണക്കാരുടെയും ജീവിത പ്രശ്നങ്ങളിൽ ഒന്നുപോലും നിവർത്തിച്ചു കൊടുക്കാൻ കഴിയാത്ത സർക്കാർ രാജി വെച്ചൊഴിയണമെന്ന് ഇടത്പക്ഷ കക്ഷികളായ ഫോർവേഡ് ബ്ലോക്ക്, കെ.എസ്.പി എന്നീ പാർട്ടികൾ ആവശ്യപ്പെട്ടു.

ന്യൂനപക്ഷങ്ങൾക്കു നേരെയും ഭരണകൂടത്തിന്റെ ഉരുക്ക് മുഷ്ടി നീണ്ടു. അവരുണ്ടാക്കിയ ഭരണപരിഷ്ക്കാര കമ്മിറ്റി റിപ്പോർട്ട് ചെയ്തത് സാമ്പത്തിക സംവരണം വേണമെന്നായിരുന്നു. ഇതിനെതിരെ മുസ്ലിം ലീഗ് രംഗത്ത് വന്നു. 1958 ഒക്ടോബർ 5 ന് എറണാകുളത്ത് ചേർന്ന സംസ്ഥാന മുസ്ലിംലീഗ് പ്രവർത്തക സമിതി ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന സമുദായ പ്രാതിനിധ്യത്തെ പറ്റിയുള്ള ഭാഗം നീക്കം ചെയ്യണമെന്ന് സർക്കാറിനോട് ആവശ്യപ്പെട്ടു.

കേരളത്തിലെ അവസ്ഥ ലോക്സഭയിലും രാജ്യസഭയിലും അലയടിക്കുവാൻ തുടങ്ങി. കേരളത്തിലെ സ്ഥിതി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ: കെ.ബി.മേനോൻ ലോക്സഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ചു. ഇതിനെതിരെ മുഖ്യമന്ത്രി ഇ.എം.എസ് നമ്പൂതിരിപ്പാട് ആഭ്യന്തര മന്ത്രിക്ക് കത്തെഴുതി. ഇത് സഭയുടെ അവകാശലംഘനമാണെന്ന് കാണിച്ച് സ്വതന്ത്ര പാർട്ടി നേതാവ് എം.ആർ. മസാനി പ്രമേയം അവതരിപ്പിച്ചു. ഒരു മുഖ്യമന്ത്രിക്കെതിരെ ലോക്സഭയിൽ അവകാശലംഘന പ്രമേയം വരുന്നത് ഇത് ആദ്യമായിരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷനിലും ഹൈക്കോടതിയിലും മറ്റു സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിലും മുസ്ലിംകൾക്ക് അർഹമായ സംവരണം അനുവദിക്കണമെന്ന് ലീഗ് യോഗം സർക്കാറിനോടാവശ്യപ്പെട്ടു. 35 ശതമാനം പിന്നോക്ക സംവരണമുണ്ടായിരുന്നതിൽ മുസ്ലിംകൾക്ക് നാമമാത്ര സംവരണം പോലും ലഭിച്ചിരുന്നില്ല. മുസ്ലിംകൾക്കായി പ്രത്യേക സംവരണം വേണമെന്ന മുസ്ലിം ലീഗ് തീരുമാനം സി.എച്ച്.മുഹമ്മദ് കോയ നിയമസഭയിൽ അവതരിപ്പിക്കുകയും നേടിയെടുക്കുകയും ചെയ്തു. മുസ്ലിം ലീഗിനെ സംബന്ധിച്ചേടത്തോളം ഇത് അതിപ്രധാനമായ ഒരു നേട്ടം തന്നെയായിരുന്നു.

സംഘടിതരായ ജനതക്ക് അല്ലാഹുവിനെയല്ലാതെ ഭയപ്പെടേണ്ടതില്ലെന്നും സംഘടിച്ചാൽ എന്തും നേടിയെടുക്കാമെന്നുമുള്ള സീതിസാഹിബിന്റെ വാക്കുകൾ ഇവിടെ പുലരുകയായിരുന്നു. കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരെ ജനവികാരം ആളിക്കത്തുന്ന വേളയിലാണ് മുസ്ലിം ലീഗിന്റെ രണ്ടാം വാർഷികസമ്മേളനം 1959 ഫെബ്രുവരി 13, 14 തിയതികളിൽ കോഴിക്കോട് ഇഖ്ബാൽ നഗറിൽ ചേർന്നത്. സമ്മേളനത്തിൽ

mappilaheritagelibrary.com

പങ്കെടുക്കാനെത്തിയ ഒരു ലോറി വടകരക്കടുത്ത് ഇരിങ്ങലിൽ വെച്ച് അ പകടത്തിൽ പെട്ടു. മുസ്‌ലിംലീഗ് പ്രവർത്തകരായ നാല്പേർ സംഭവ സ്ഥലത്ത് മരണപ്പെടുകയുണ്ടായി. ഇവരുടെ മരണവിവരം സമ്മേളന ന ഗരിയെ അറിയിക്കുമ്പോൾ സീതി സാഹിബ് നിരുദ്ധകണ്ഠനായിരുന്നു. ഗദ്ഗദത്തോടെയാണ് അദ്ദേഹം മരിച്ചവരുടെ പേരു വിവരങ്ങൾ പറഞ്ഞ ത്. തട്ടാന്റെ വീട് ഉമ്മർ, കെ.പി.ഉമ്മർ കുട്ടി, മലയിൽ മമ്മദ്, ടി.എ.അബ് ദുറഹിമാൻ എന്നിവരായിരുന്നു മരണപ്പെട്ടത്.

മരണപ്പെട്ടവരുടെ മഗ്ഫിറത്തിന് വേണ്ടി അവിടെ വെച്ച് തന്നെ കൂട്ട പ്രാർത്ഥന നടത്തി. കുടുംബത്തിന് വേണ്ടി പാർട്ടി ഒരു ഫണ്ട് രൂപീകരി ക്കുകയും കുടുംബത്തെ ആശ്വസിപ്പിക്കുകയും ചെയ്തു.

കമ്യൂണിസ്റ്റ് സർക്കാറിനെതിരെയുള്ള പ്രക്ഷോഭം അനുദിനമെന്നോ ണം ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുമ്പോഴാണ് ആന്ധ്രാ അരി കുംഭകോ ണം ഉയർന്ന് വന്നത്. ഭക്ഷ്യവകുപ്പ് മന്ത്രിയായിരുന്ന കെ.സി.ജോർജ്ജ് ആന്ധ്രയിലെ ഒരു കമ്പനിയിൽ നിന്നും അരി ഇറക്കുക വഴി സംസ്ഥാന ത്തിന് വമ്പിച്ച നഷ്ടമുണ്ടായിട്ടുണ്ടെന്നും അഴിമതി നടന്നിട്ടുണ്ടെന്നും ആരോപണമുയർന്നു. ആരോപണത്തെ തുടർന്ന് സർക്കാർ അന്വേഷ ണ കമ്മീഷനെ വെച്ചു. കമ്മീഷൻ അഴിമതി നടത്തിയിട്ടുണ്ടെന്ന് കണ്ടെ ത്തി. ഇതിന് പുറമെയായിരുന്നു വിദ്യാഭ്യാസ മന്ത്രിയായിരുന്ന ജോസ ഫ് മുണ്ടശ്ശേരിയുടെ വിവാദം സൃഷ്ടിച്ച മറ്റൊരു നടപടി. അദ്ദേഹത്തി ന്റെ വിദ്യാഭ്യാസ ബില്ല് സർക്കാറിനെതിരെയുള്ള രോഷം ഇരട്ടിപ്പിച്ചു. സ്വകാര്യ സ്കൂൾ മാനേജർമാർ സ്കൂളുകൾ അടച്ചിടുവാൻ തീരുമാനി ക്കുകയും ചെയ്തു.

അന്തരീക്ഷം കൂടുതൽ വഷളാവുകയായിരുന്നു. ഒരു സമരത്തിന്റെ വഴിയിലേക്കാണ് കാര്യങ്ങൾ എത്തിച്ചേർന്നത്. 1959 ജൂൺ 12-ാം തീയ തി കമ്മ്യൂണിസ്റ്റ് സർക്കാറിനെതിരെ വിമോചന സമരം പ്രഖ്യാപിക്കപ്പെ ട്ടു. സർക്കാർ ഓഫീസുകൾ പിക്കറ്റ് ചെയ്യപ്പെട്ടു. വിദ്യാലയങ്ങളും വ്യവ സായശാലകളും അടച്ചിട്ടു. കോൺഗ്രസ്സും പ്രജാസോഷ്യലിസ്റ്റ് പാർട്ടി യും തുടങ്ങി വെച്ച സമരത്തിൽ പങ്കെടുക്കുവാൻ മുസ്‌ലിംലീഗ് തീരുമാ നിച്ചിരുന്നില്ല. മുസ്‌ലിംലീഗിന്റെ അസംബ്ലി പാർട്ടി ലീഡർ സി.എച്ച്.മുഹ മ്മദ് കോയ ഈ അവസരത്തിൽ സീതിസാഹിബിനെ ഇടക്കിടെ സന്ദർ ശിച്ചു കൊണ്ട് അദ്ദേഹത്തിന്റെ ഉപദേശം ആരാഞ്ഞു കൊണ്ടിരുന്നു. അ തേപോലെ തന്നെ ഭരണപക്ഷ എം.എൽ.എമാരും മന്ത്രിമാരും സീതി സാഹിബിനെ സന്ദർശിച്ച് അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്കായി കാ ത്തുനിന്നു. പ്രതിപക്ഷ നേതാവ് പി.ടി.ചാക്കോ, പട്ടം താണുപിള്ള, എം. നാരായണക്കുറുപ്പ്, എം.എൻ.ഗോവിന്ദൻ നായർ, വി.ആർ.കൃഷ്ണയ്യർ, ടി.എ. മജീദ് തുടങ്ങിയ നേതാക്കളും നിത്യേനയെന്നോണം സീതിസാ ഹിബിന്റെ വസതിയിൽ കയറി ഇറങ്ങി.

മുസ്‌ലിംലീഗ് മറ്റു രാഷ്ട്രീയ പാർട്ടികൾക്കിടയിൽ നേടിയെടുത്ത ആ

mappilaheritagelibrary.com

ദരവും നീതിസാഹിബിന്റെ വ്യക്തിപ്രഭാവവുമായിരുന്നു ഇതിന് കാരണം. തികച്ചും രചനാത്മകമായ നിലപാടായിരുന്നു മുസ്‌ലിംലീഗ് സർക്കാറിനോട് പുലർത്തിയിരുന്നത്. മന്നത്ത് പത്മനാഭനെ നേതാവാക്കിക്കൊണ്ട് വിമോചന സമരം പ്രഖ്യാപിക്കപ്പെട്ടെങ്കിലും മുസ്‌ലിംലീഗ് വിമോചന സമരത്തോട് ആഭിമുഖ്യം കാണിച്ചില്ല. അതിന് വ്യക്തമായ കാരണവും ഉണ്ടായിരുന്നു. ജനായത്ത രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാറിനെ ജനാധിപത്യ വിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ തകർക്കുന്നത് ഒട്ടും ആശാസ്യമല്ല എന്ന അഭിപ്രായക്കാരനായിരുന്നു സീതിസാഹിബും ബാഫഖി തങ്ങളും. കെ.കേളപ്പൻ പ്രഖ്യാപിച്ച നിരാഹാര സമരത്തോടും ഇതേ അഭിപ്രായമാണ് സീതിസാഹിബ് പ്രകടിപ്പിച്ചത്.

ഇ.എം.എസ്.സർക്കാർ രാജി വെക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് 1959 ൽ തിരുന്നാവായയിൽ കെ.കേളപ്പൻ നിരാഹാര സമരം ആരംഭിച്ചു. നാളെ കോൺഗ്രസ് സർക്കാർ അധികാരത്തിൽ വന്നാൽ അവർക്കെതിരെ ഇത്പോലെ നിരാഹാര സമരം വന്നാൽ അതിനെ എതിർക്കാൻ പറ്റുമോ എന്ന ചോദ്യമായിരുന്നു സീതിസാഹിബ് ഉന്നയിച്ചത്. സർക്കാറിന് ഭൂരിപക്ഷമുള്ളേടത്തോളം അവർ ഭരിക്കട്ടെ. ആ ഭൂരിപക്ഷം ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടത്. സീതിസാഹിബിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചായിരുന്നു മുസ്‌ലിംലീഗ് നിലപാടുകൾ എടുത്തിരുന്നത്.

എന്നാൽ ദിവസം കഴിയുന്തോറും സർക്കാറിനെതിരെയുള്ള സമരങ്ങൾക്ക് ഊക്ക് കൂടിക്കൊണ്ടിരുന്നു. ക്രമസമാധാന നില തകർന്നു. എൻ.എൻ.എസിന്റെയും ക്രൈസ്തവ സംഘടനകളുടെയും പ്രവർത്തകർ തെരുവിലിറങ്ങി. വിദ്യാഭ്യാസ ബില്ലിനെതിരെയുള്ള സമരവും ചൂട് പിടിച്ചു. സർക്കാർ വിരുദ്ധവികാരം അലയടിക്കുകയായി എവിടെയും. സമരത്തെ തന്ത്രപൂർവ്വം നേരിടുന്നതിൽ സർക്കാർ പരാജയപ്പെട്ടു. പകരം ലാത്തിയും തോക്കും ഉപയോഗിച്ച് അടിച്ചമർത്താനാണ് തുനിഞ്ഞത്. ഇത് നില കൂടുതൽ പരിതാപകരമാക്കി. ജന വികാരം മൊത്തത്തിൽ സർക്കാറിനെതിരായപ്പോൾ പൊതു ധാരയിൽ നിന്നും മാറി നില്ക്കാൻ മുസ്‌ലിം ലീഗിന് ആകുമായിരുന്നില്ല.

1959 ജൂൺ 22 ന് ചേർന്ന സംസ്ഥാന മുസ്‌ലിംലീഗ് കൗൺസിൽ വിമോചന സമരത്തിൽ സജീവമായി പങ്കെടുക്കുവാൻ തീരുമാനിച്ചു. മുസ്‌ലിംലീഗ് സമരത്തിൽ പങ്കാളിയായതോടെ സമരത്തിന് വീറും വാശിയും കൂടി. ഈ നേരത്തും വിദ്യാർത്ഥികൾ സമരത്തിനിറങ്ങുന്നതിനും പഠിപ്പ് മുടക്കി തെരുവിലിറങ്ങുന്നതിനും സീതി സാഹിബ് എതിരായിരുന്നു. സീതിസാഹിബിന്റെ നിർദ്ദേശം മാനിച്ച് എം.എസ്.എഫ് പഠിപ്പ് മുടക്കിൽ നിന്നും മാറി നിന്നു. വിദ്യാർത്ഥികൾ പഠനത്തിൽ നിന്നും മാറി നിൽക്കുന്നത് സമൂഹത്തിനും സമുദായത്തിനും ഗുണം ചെയ്യില്ലെന്നും മറിച്ചു അത് നഷ്ടമേ വരുത്തിത്തീർക്കുകയുള്ളൂവെന്നും ഭാവി തലമുറയോട് ചെയ്യുന്ന അനീതിയായിരിക്കുമതെന്നും സീതിസാഹിബ് പ്രഖ്യാപിച്ചു.

mappilaheritagelibrary.com

രാജ്യത്ത് ഉടനീളം അറസ്റ്റും പിക്കറ്റിംഗും നടന്നു കൊണ്ടിരുന്നു. പോലീസ് സ്റ്റേഷനുകൾ മതിയാകാതെ വന്നപ്പോൾ സ്കൂളുകളിലും ഫാക്ടറികളിലുമാണ് അറസ്റ്റ് ചെയ്യപ്പെട്ടവരെ സർക്കാർ പാർപ്പിച്ചത്. വിമോചന സമരത്തെ അടിച്ചമർത്തുക എന്നത് തന്നെയായിരുന്നു സർക്കാർ നയം. മൂന്നാറിലും ചന്ദനത്തോപ്പിലും വെടിവെപ്പ് നടന്നു. ഗർഭിണിയായ ഫ്ളോറി എന്നൊരു തൊഴിലാളി സ്ത്രീ വെടിയേറ്റു മരിച്ചതോടെ സമരം അതിരൂക്ഷമായി. സംസ്ഥാനത്തിന്റെ അന്തരീക്ഷം യുദ്ധ സമാനമായി.

ഇത്രയുമായപ്പോൾ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു തന്നെ സ്ഥിതിഗതികൾ നേരിട്ടു വിലയിരുത്തുവാൻ കേരളത്തിലെത്തി. കമ്മ്യൂണിസ്റ്റ് സർക്കാറിനെതിരെയുള്ള സമരത്തിന് ജവഹർലാൽ നെഹ്റു തുടക്കത്തിൽ അനുകൂലമായിരുന്നില്ല. വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളുമായി അദ്ദേഹം ആശയവനിമയം നടത്തി.

തന്നെ വന്ന് കണ്ട മുഖ്യമന്ത്രി ഇ.എം.എസിനോട് നെഹ്റു ചോദിച്ചു; "ഇത്ര ചുരുങ്ങിയ നാൾകൊണ്ട് എങ്ങനെ ഇത്രയും ജനങ്ങളെ നിങ്ങൾ സർക്കാറിനു എതിരാക്കി?" മുഖ്യമന്ത്രിക്ക് ഉത്തരമുണ്ടായിരുന്നില്ല. സർക്കാറിനെതിരെ ജനലക്ഷങ്ങൾ പങ്കെടുത്ത ഒരു പ്രതിഷേധ പ്രകടനം കണ്ട് നില്ക്കവെ നെഹ്റു പറഞ്ഞുപോയി. ദിസ് ഈസ് എ മാസ് അപ്സേർജ് (ഇതൊരു ബഹുജന മുന്നേറ്റം തന്നെ) കമ്മ്യൂണിസ്റ്റ് വിരുദ്ധനായ ഫാദർ വടക്കനായിരുന്നു വിമോചന സമരത്തെ ഏകോപിപ്പിച്ചു കൊണ്ടിരുന്നത്. അദ്ദേഹത്തിന്റെ ശ്രമഫലമായി നായർ സർവ്വീസ് സൊസൈറ്റി പ്രസിഡണ്ട് മന്നത്ത് പത്മനാഭൻ സീതി സാഹിബിനെ അദ്ദേഹത്തിന്റെ വസതിയിൽ ചെന്ന് കണ്ടു. വർഷങ്ങൾക്ക് മുമ്പ് തന്നെ മന്നത്ത് പത്മനാഭന്റെ ഹൃദയം കവർന്ന വിദ്യാർത്ഥിയായിരുന്നു സീതിസാഹിബ്. സീതിസാഹിബ് തിരുവനന്തപുരത്ത് വിദ്യാർത്ഥിയായി കഴിയുമ്പോഴാണ് മന്നത്ത് പത്മനാഭനുമായി പരിചയപ്പെടുന്നത്. തുടർന്ന് ഗാന്ധിജിയുടെ പ്രസംഗം ഹൃദയാവർജ്ജകമായി പരിഭാഷപ്പെടുത്തിയ വിദ്യാർത്ഥി എന്ന നിലയിൽ പ്രശസ്തനായപ്പോൾ മന്നത്ത് പത്മനാഭൻ ആ വിദ്യാർത്ഥിയുമായി താല്പര്യപൂർവ്വം ഇടപെടുകയായിരുന്നു. സീതിസാഹിബിനും അദ്ദേഹത്തോട് സ്നേഹാദരവുകളായിരുന്നു. വർഷങ്ങൾക്ക് ശേഷം അവർ വീണ്ടും കാണുകയായിരുന്നു. മന്നത്ത് പത്മനാഭനെ കണ്ട മാത്രയിൽ എഴുന്നേറ്റ് ചെന്ന് സീതിസാഹിബ് അദ്ദേഹത്തെ ആശ്ലേഷിച്ചു. ഇരു നേതാക്കളും ആലിംഗനത്തിൽ തെല്ലിട നിന്നു. നീണ്ട നാല്പത് വർഷത്തെ ഇടവേളക്ക് ശേഷമുള്ള പുനഃസമാഗമം. അവർ സംസാരിക്കാനിരുന്നു. അപ്പോഴേക്കും സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങളും അവിടെ എത്തി. പിന്നീട് കേരള രാഷ്ട്രീയത്തിലെ സുപ്രധാനമായ പല ഗതിവിഗതികൾക്കും കാരണമായിത്തീർന്നു ഈ കൂടിക്കാഴ്ച.

ഇതിനിടെ കേരളത്തിലെ ഗുരുതരാവസ്ഥ വിവരിച്ച് കൊണ്ട് കെ.പി.സി.സി.പ്രസിഡണ്ട് ആർ.ശങ്കർ രാഷ്ട്രപതി രാജേന്ദ്ര പ്രസാദിന് ഒരു ക

mappilaheritagelibrary.com

ത്ത് നൽകി. ഇതൊരു കുറ്റപത്രം കൂടിയായിരുന്നു. സംസ്ഥാനത്തെ ബഹുഭൂരിപക്ഷം പഞ്ചായത്ത് ബോർഡുകളും മുനിസിപ്പാലിറ്റികളും സർക്കാർ രാജിവെക്കണമെന്ന പ്രമേയം പാസാക്കി. ദിനപത്രങ്ങളും ഇത് തന്നെ അഭിപ്രായപ്പെട്ടു. ദേശീയ നേതാക്കളായിരുന്ന ജയപ്രകാശ് നാരായണനെപ്പോലുള്ളവരും നമ്പൂതിരിപ്പാട് രാജി വെക്കണമെന്നാവശ്യപ്പെട്ടു. ആയിടെ കോൺഗ്രസ് പാർട്ടി ദേശീയ അധ്യക്ഷയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീമതി ഇന്ദിരാഗാന്ധിയും കേരള സർക്കാറിന്റെ കാര്യത്തിൽ കേന്ദ്രം ഇടപെടാൻ സമയമായെന്ന് പ്രഖ്യാപിച്ചു. എന്നിട്ടും സർക്കാർ രാജി വെച്ചില്ല. ഭൂരിപക്ഷത്തിന്റെ ബലത്തിൽ സർക്കാർ പിടിച്ച് നില്ക്കുകയായിരുന്നു. 1959 ജൂലായ് 31 ന് ഇന്ത്യൻ ഭരണഘടനയുടെ 356-ാം വകുപ്പ് പ്രകാരം കേരള സർക്കാറിനെ രാഷ്ട്രപതി ഡോ: രാജേന്ദ്ര പ്രസാദ് പിരിച്ചു വിട്ടു.

ബാലറ്റ് പെട്ടിയിലൂടെ ലോകത്ത് ആദ്യമായി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭക്ക് ആ പൊലിമ നിലനിർത്താനായില്ല. അധികാരമേറ്റ് രണ്ടര വർഷം കഴിഞ്ഞപ്പോഴേക്കും ഭരണകൂടം ദാരുണമായ ഒരന്ത്യത്തിന് കീഴടങ്ങുകയായിരുന്നു. ആ ദുരന്തകാലം കേരള രാഷ്ട്രീയത്തിലെ ഒരു ദുഃസ്വപ്നമാണിന്നും.

mappilaheritagelibrary.com

ഇരുപത്തി ഏഴ്
മൗനത്തിന്റെ ഹൃദ്യനാദം

കേരള ഗവർണ്ണർ ബി.രാമകൃഷ്ണറാവുവിന്റെ ശുപാർശയെ തുടർന്ന് കേരളത്തിൽ ഒരിടക്കാല തെരഞ്ഞെടുപ്പിന് രാഷ്ട്രപതി ഡോ: രാജേന്ദ്ര പ്രസാദ് ഉത്തരവിട്ടു. അതോടെ കേരളം തെരഞ്ഞെടുപ്പിന്റെ സൂര്യജ്ജ്വരത്തിലേക്ക്.

കോൺഗ്രസ്സും പി.എസ്.പിയും മുസ്ലിംലീഗും ഒന്നിച്ചു നടത്തിയ വിമോചന സമരം പരിപൂർണ്ണമായി വിജയിച്ചതിനാൽ ഇവർ തന്നെ ഒന്നിച്ച് തെരഞ്ഞെടുപ്പിനെ നേരിടണമെന്ന ചിന്ത കേരളത്തിൽ ശക്തിപ്പെട്ടു. കോൺഗ്രസ് ദേശീയ നേതൃത്വം കേരളത്തിലെ രാഷ്ട്രീയ ചർച്ചകൾ നയിക്കുവാൻ ചുമതലപ്പെടുത്തിയത് ലാൽ ബഹദൂർ ശാസ്ത്രിയെയായിരുന്നു. കേന്ദ്രമന്ത്രി സഭയിലെ രണ്ടാമനായിരുന്ന ശാസ്ത്രി തെരഞ്ഞെടുപ്പ് ചർച്ചകൾക്കായി എറണാകുളം ഗസ്റ്റ് ഹൗസിൽ എത്തി. ആദ്യം തന്നെ അദ്ദേഹം കാണുവാൻ താല്പര്യപ്പെട്ടത് സീതിസാഹിബിനെയായിരുന്നു. അദ്ദേഹത്തിന്റെ ക്ഷണപ്രകാരം സീതിസാഹിബും ബി.പോക്കർ സാഹിബും ശാസ്ത്രിയുമായി ചർച്ച നടത്തുവാൻ ഗസ്റ്റ് ഹൗസിൽ എത്തി.

ഗസ്റ്റ് ഹൗസിന്റെ മുകൾ നിലയിലായിരുന്നു ശാസ്ത്രി താമസിച്ചിരുന്നത്. കോവണി കയറരുതെന്ന ഡോക്ടർമാരുടെ കർശന നിർദേശമുണ്ടായിരുന്നതിനാൽ സീതിസാഹിബും പോക്കർ സാഹിബും താഴെ തന്നെ നിന്നു. വിവരമറിഞ്ഞ ലാൽ ബഹദൂർ ശാസ്ത്രി താഴെക്കിറങ്ങി വന്ന് സീതിസാഹിബിനെയും പോക്കർ സാഹിബിനെയും താഴത്തെ നിലയിലുള്ള ഒരു മുറിയിലേക്ക് കൂട്ടിക്കൊണ്ട് പോയി. അവിടെ അടച്ചിട്ട മുറിക്കുള്ളിൽ ഇരുന്ന് നേതാക്കൾ ചർച്ച ആരംഭിച്ചു. അല്പനേരം കഴിഞ്ഞ് കോൺഗ്രസ്സ് നേതാക്കളായ പനമ്പിള്ളി ഗോവിന്ദമേനോൻ, എം.എം.തോമസ്, കെ.പി.സി.സി പ്രസിഡണ്ട് ആർ.ശങ്കർ, സെക്രട്ടറി മുസ്തഫ ഗനിറാവുത്തർ എന്നിവരെത്തി. അവർ മുറിക്ക് പുറത്ത് കാത്ത് നിന്നു. ചർച്ച കഴിഞ്ഞ് നേതാക്കൾ പുറത്ത് വന്നു. ലീഗ് നേതാക്കളുമായുള്ള ചർച്ചയിൽ ശാസ്ത്രി സംതൃപ്തി പ്രകടിപ്പിച്ചു. "നമുക്കൊരുമിച്ചു തന്നെ മുന്നോട്ട് പോകണം" ശാസ്ത്രി ലീഗ് നേതാക്കളെ യാത്രയാക്കുമ്പോൾ പ

mappilaheritagelibrary.com

റഞ്ഞു. തുടർന്ന് പനമ്പിള്ളിയും മറ്റു നേതാക്കളും ശാസ്ത്രിയുമായി കൂടിയാലോചന നടത്തി. ചർച്ചയെത്തുടർന്ന് സഖ്യം നിലവിൽ വന്നതായി പ്രഖ്യാപനമുണ്ടായി.

തുടർന്ന് സീറ്റ് വിഭജനവും സുഗമമായി തന്നെ നടന്നു. ഈ കാര്യത്തിൽ മുസ്‌ലിംലീഗ് നേതാക്കൾ കാണിച്ച സൗമനസ്യത്തെ ശാസ്ത്രി മുക്തകണ്ഠം പ്രശംസിച്ചു. വിമോചന സമരത്തിൽ ഒന്നിച്ചു പങ്കെടുത്ത രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പിനെയും ഒന്നിച്ചു നേരിടുവാനെടുത്ത തീരുമാനമറിഞ്ഞ് അണികൾ ആഹ്ലാദഭരിതരായി. നേതാക്കന്മാരുടെ തീരുമാനം കേരളമൊട്ടാകെ സഹർഷം സ്വാഗതം ചെയ്യപ്പെട്ടു. ജനാധിപത്യ വ്യവസ്ഥിതി നിലനില്ക്കണമെന്ന ഉൽക്കടമായ അഭിലാഷമായിരുന്നു ഈ സ്വീകാരത്തിന് പിന്നിൽ. 1960 ഫെബ്രുവരി ഒന്നിന് ഇടക്കാല തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ് 81 സീറ്റുകളിലും പി.എസ്.പി. 33 സീറ്റുകളിലും മുസ്‌ലിംലീഗ് 12 സീറ്റുകളിലും ജനവിധി തേടി. പിരിച്ചുവിടപ്പെട്ട നിയമസഭയിലെ അംഗങ്ങളിൽ 107 പേർ വീണ്ടും മത്സരിക്കാനെത്തിയിരുന്നു. ജനുവരി 18 ന് പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കേരളത്തിലെത്തി. തെരഞ്ഞെടുപ്പ് ഫലങ്ങൾ ഐക്യകക്ഷികൾക്കനുകൂലമായിരുന്നു. ഇ.എം.എസ്. നമ്പൂതിരിപ്പാട് നീലേശ്വരത്ത് നിന്നും മാറി പട്ടാമ്പിയിലായിരുന്നു ജനവിധി തേടിയത്. അവിടെ അദ്ദേഹം കഷ്ടിച്ച് ജയിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ പ്രമുഖരായിരുന്ന ടി.വി.തോമസ്, കെ.സി. ജോർജ്ജ്, ജോസഫ് മുണ്ടശ്ശേരി, വി.ആർ.കൃഷ്ണയ്യർ, ടി.എ.മജീദ്, കെ.പി.ഗോപാലൻ എന്നിവരെല്ലാം പരാജയപ്പെട്ടു.

ജനാധിപത്യ മുന്നണിക്ക് 93 സീറ്റുകളും കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്വതന്ത്രരടക്കം 29 സീറ്റും ലഭിച്ചു. പന്ത്രണ്ട് സീറ്റിൽ മത്സരിച്ച മുസ്‌ലിംലീഗ് 11 സീറ്റുകൾ നേടി. കുറ്റിപ്പുറത്ത് നിന്നും മത്സരിച്ച സീതിസാഹിബിന് 29073 വോട്ടും മുഖ്യ എതിരാളി കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പി.ആർ.കുട്ടികൃഷ്ണന് 12430 വോട്ടും കിട്ടി. 16,643 വോട്ടിന്റെ ഭൂരിപക്ഷത്തിന് സീതിസാഹിബ് കുറ്റിപ്പുറം മണ്ഡലത്തിൽ നിന്നും നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കേറ്റ കനത്ത പരാജയം പാർട്ടി എക്സിക്യൂട്ടീവ് യോഗം ചേർന്ന് സമ്മതിച്ചു.

തെരഞ്ഞെടുപ്പ് ഉദ്ഘാടന സമ്മേളനത്തിന് മാത്രമാണ് സീതിസാഹിബ് കുറ്റിപ്പുറത്ത് വന്നത്. അദ്ദേഹത്തിനെ പ്രവർത്തകർ വിശ്രമിക്കാൻ നിർബ്ബന്ധിക്കുകയായിരുന്നു. അവർക്ക് സീതിസാഹിബിനെ വേണമായിരുന്നു. ഇനി അടുത്ത പടി മന്ത്രിസഭാ രൂപീകരണമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ, ജനങ്ങൾ അത്വരെ വെച്ചു പുലർത്തിയ പ്രതീക്ഷകളെ കടപുഴക്കിയെറിയുന്നതായി തുടർന്നു വന്ന തീരുമാനങ്ങൾ. ഇതിന്റെ മുഖ്യ കാരണക്കാർ കോൺഗ്രസ് നേതാക്കളായിരുന്നു. കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി കേരളത്തിൽ ഒരു സംയുക്ത മന്ത്രിസഭയാണ് അ

mappilaheritagelibrary.com

ധികാരത്തിൽ വരേണ്ടതെന്ന് അഭിപ്രായപ്പെടുകയും ചെയ്തിരുന്നു. പ ക്ഷേ സംഭവിച്ചത് നേർ വിപരീതമായിപ്പോയി. പത്രങ്ങളും ജനങ്ങളും മുസ്ലിംലീഗിന്റെ നിർണായക ശക്തിയെക്കുറിച്ചും മുസ്ലിംലീഗിന്റെ പി ന്തുണയില്ലായിരുന്നുവെങ്കിൽ പല കോൺഗ്രസ് നേതാക്കളും പരാജയ പ്പെടുമായിരുന്നുവെന്നും പറഞ്ഞെങ്കിലും മുസ്ലിംലീഗുമായി സഹകരി ച്ച് ഒരു മന്ത്രിസഭ രൂപീകരിക്കുന്നതിന് കോൺഗ്രസ് വൈമനസ്യം പ്രക ടിപ്പിച്ചു. തുടർന്നുണ്ടായത് നിർണ്ണായക ചർച്ചകളായിരുന്നു. മുസ്ലിംലീ ഗിന്റെ ചർച്ചകൾ നയിച്ചിരുന്നത് സീതിസാഹിബായിരുന്നു. രോഗം വക വെക്കാതെ അദ്ദേഹം രാപ്പകൽ ഭേദമെന്യേ സ്വന്തം പാർട്ടിയിലെ നേതാ ക്കളുമായും ഇതര രാഷ്ട്രീയ പാർട്ടി നേതാക്കളുമായും ചർച്ചകളിൽ മു ഴുകി. കോൺഗ്രസിന് തനിയെ ഭരിക്കാനുള്ള ഭൂരിപക്ഷം കിട്ടിയിരുന്നു. അത്കൊണ്ടായിരുന്നു അവർ ഈ കടുംപിടുത്തം നടത്തിയതും. കോൺ ഗ്രസിന്റെ ഈ നിലപാട് പി.എസ്.പിക്കും ഇഷ്ടമായില്ല. മന്ത്രിസഭയിൽ മുസ്ലിംലീഗില്ലെങ്കിൽ ഞങ്ങളുമില്ലെന്ന നിലപാടിൽ അവരെത്തിച്ചേർന്നു. കോൺഗ്രസ് നേതാക്കളിൽ തന്നെ പലരും പാർട്ടി നേതൃത്വത്തിന്റെ ഈ നിലപാടിൽ അസംതൃപ്തി പ്രകടിപ്പിച്ചിരുന്നു. സ്ഥാനമാനങ്ങളെക്കുറി ച്ചുള്ള ചിന്തകളൊന്നും സീതിസാഹിബിനെ അലട്ടിയതേയില്ല. ജനവി ധി അതെന്തായാലും അനുസരിക്കാൻ ബാധ്യസ്ഥരാണ് സഖ്യകക്ഷികൾ എന്ന നിലപാടിലായിരുന്നു അദ്ദേഹം. അതിനാൽ തന്നെ മന്ത്രിസ്ഥാന മോ സ്പീക്കർ സ്ഥാനമോ സ്വീകരിക്കുന്നതിൽ അദ്ദേഹത്തിന് ഒട്ടും ത ന്നെ താല്പര്യമുണ്ടായിരുന്നില്ല.

മന്ത്രിസഭാ ചർച്ച ഡൽഹിയിലേക്ക് നീണ്ടു. ആരോഗ്യപരമായ കാര ണങ്ങളാൽ ഡൽഹിയിലേക്ക് പോകുവാൻ സീതിസാഹിബിന് കഴിയു മായിരുന്നില്ല. അദ്ദേഹത്തിന് പകരം സി.എച്ച്.മുഹമ്മദ് കോയ ഡൽഹി യിലെത്തി ചർച്ചകളിൽ പങ്കെടുത്തു. എന്നാൽ ഉദ്ദേശിച്ച ഫലം കാണാ നാവാതെ അദ്ദേഹം മടങ്ങി. ചർച്ച വീണ്ടും കേരളത്തിലേക്കെത്തി. നിര വധി ചർച്ചകളെത്തുടർന്ന് രണ്ട് പ്രധാന നിർദ്ദേശങ്ങളാണ് ഉണ്ടായത്. കോൺഗ്രസ്സും മുസ്ലിംലീഗും പി.എസ്.പിയും ചേർന്ന് കൂട്ടുമന്ത്രി സഭ യുണ്ടാക്കുക. അല്ലെങ്കിൽ പി.എസ്.പിയും ലീഗും ചേർന്ന് ഭരിക്കുക. കോൺഗ്രസ് നേതാവ് നീലംസഞ്ജീവ് റെഡ്ഡിയായിരുന്നു ഈ നിർദ്ദേ ശം മുന്നോട്ട് വെച്ചത്. ഈ നിർദ്ദേശം ലീഗിനും പി.എസ്.പിക്കും സ്വീകാ ര്യമായില്ല.

ജനവികാരം ഐക്യ മുന്നണി ഒന്നിച്ച് ഭരിക്കണമെന്നായിരുന്നുവെ ങ്കിലും അതിന് സാഹചര്യമൊരുങ്ങാതെ വന്നപ്പോൾ ഏറെ വിഷമിച്ചത് സീതി സാഹിബായിരുന്നു. ജനവികാരം നേരെ എതിരായി തിരിഞ്ഞാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെ കുറിച്ച് ഏറെ ബോധവാനായിരുന്നു അ ദ്ദേഹം. തന്റെ ചിന്ത അദ്ദേഹം ബാഫഖി തങ്ങളുമായി പങ്കു വെച്ചു. ഒടു വിൽ സീതി സാഹിബ് എഴുതിയുണ്ടാക്കിയ ഒരു പ്രസ്താവന സീതി

mappilaheritagelibrary.com

സാഹിബും ബാഫഖി തങ്ങളും സംയുക്തമായി പ്രസിദ്ധീകരണത്തിന് നൽകി. 1960 ജനുവരി 21 ന് ആയിരുന്നു ഈ പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് വന്നത്. അതിപ്രകാരമായിരുന്നു.

"മുസ്ലിംലീഗിന്റെ മന്ത്രിസഭാ പ്രവേശനം സംബന്ധിച്ച സഹകരണം നിരസിക്കുന്നതിന് കോൺഗ്രസ് പറയുന്ന കാരണങ്ങൾ തികച്ചും അസ്വീകാര്യവും സാങ്കല്പികവുമാണ്. അവർക്ക് പ്രത്യുത്തരം എന്ന നിലയ്ക്ക് ഒന്നും പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാരണം ജനാധിപത്യ കക്ഷികളുടെ ഐക്യത്തെ അപകടപ്പെടുത്തുകയോ ദുഷിപ്പിക്കുകയോ ചെയ്യുന്ന എന്തെങ്കിലും പറയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുസ്ലിംലീഗ് ഒരു വർഗീയ സംഘടനയാണെന്ന് പറയുന്നത് തികച്ചും അവാസ്തവമാണ്. ഇന്ത്യൻ യൂണിയനിലെ മുസ്ലിം ന്യൂനപക്ഷത്തിന്റെ ഒരു ദേശീയ സംഘടനയാണത്. ഭരണഘടനയിലെ വകുപ്പുകൾ പ്രകാരം അതിന് രാജ്യത്തിലെ രാഷ്ട്രീയരംഗത്ത് നിയമവിധേയവും അന്തസ്സുറ്റതുമായ ഒരു സ്ഥാനമുണ്ട്. ഒരു ന്യൂനപക്ഷ സമുദായത്തിന്റെ നിയമവിധേയമായ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുവാനും അതിന്റെ ആവലാതികൾക്ക് ശബ്ദം കൊടുക്കുവാനും അത്യന്താപേക്ഷിതമായ ഒരു സംഘടനയെ, വർഗീയാധിപത്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന ഭൂരിപക്ഷ സംഘടനകളുമായി കൂട്ടിപ്പറയുന്നത് അന്യായവും പാടില്ലാത്തതുമാണ്. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെയും രാജ്യത്തിന്റെ സൽതാല്പര്യങ്ങൾക്ക് വേണ്ടി കമ്മ്യൂണിസത്തിനെതിരായി ശക്തിയായി സമരം ചെയ്ത കേരള ഘടകത്തിന്റെയും സേവന ചരിത്രം എല്ലാവർക്കും അറിയാവുന്നതുമാണ്. അതിന്റെ ഏറ്റവും വലിയ ശത്രുക്കൾ പോലും അത് സമ്മതിച്ചിട്ടുണ്ട്. ഇപ്പോഴത്തെ രാഷ്ട്രീയാനിശ്ചിതത്വത്തെക്കുറിച്ച് മറ്റു രാഷ്ട്രീയ നേതാക്കളുമായും മറ്റു പ്രമുഖ പൗരന്മാരുമായും ഞങ്ങൾ സംസാരിച്ചു. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡണ്ട് ജനാബ് മുഹമ്മദ് ഇസ്മയിൽ സാഹിബിന്റെ ഉപദേശം ആരായുകയും അങ്ങിനെ അവസാനം രാജ്യത്തിന്റെ ഉത്തമ താല്പര്യങ്ങൾ മുൻനിർത്തി ഒരു കൂട്ടു മന്ത്രിസഭയുണ്ടാക്കുന്നതിന് കോൺഗ്രസ്സിനോട് ചേരാൻ പി.എസ്.പി യോട് അഭ്യർത്ഥിക്കുവാനും പ്രസ്തുത മന്ത്രിസഭക്ക് നിരുപാധിക പിന്തുണ കൊടുക്കുവാനും ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. അങ്ങിനെ ഉണ്ടാകുന്ന കൂട്ടുമന്ത്രിസഭക്ക് സംസ്ഥാനത്തിലെ ജനങ്ങളുടെ ഹൃദയംഗമായ പിന്തുണ ലഭിക്കുമെന്നും അത് കേരളത്തിൽ ഒരു ഉറച്ച ഭരണം പ്രദാനം ചെയ്യുമെന്നും കമ്മ്യൂണിസത്തിന്റെ ഭയങ്കര വിപത്തിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കുമെന്നും ഞങ്ങൾ ആശിക്കുന്നു" മുസ്ലിംലീഗിന്റെ ഈ പ്രസ്താവന വന്നതോടുകൂടി അത് വരെ കേരള രാഷ്ട്രീയത്തിൽ ഉരുണ്ടു കൂടിയിരുന്ന അനിശ്ചിതത്വത്തിന്റെ കാർമേഘങ്ങൾ അകന്ന് പോയി. മാതൃഭൂമിയടക്കമുള്ള പത്രങ്ങൾ മുസ്ലിംലീഗ് സംസ്ഥാന താല്പര്യത്തിന് വേണ്ടി ചെയ്ത

mappilaheritagelibrary.com

ത്യാഗത്തെ സഹർഷം സ്വാഗതം ചെയ്യുകയും പ്രശംസിക്കുകയും ചെയ്തു.

11.2.60 ന് മാതൃഭൂമി എഴുതിയ മുഖപ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ ഇങ്ങിനെയായിരുന്നു: കോൺഗ്രസ്സിനോടും പ്രജാസോഷ്യലിസ്റ്റ് പാർട്ടിയോടും ആത്മാർത്ഥമായ ഒരു ഒത്ത്തീർപ്പിലൂടെ ഒന്നിച്ച് നിന്ന് കമ്മ്യൂണിസത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പിടിയിൽ നിന്ന് കേരളത്തെയും അത്വഴി ഭാരതത്തെയും സംരക്ഷിച്ചു കൊണ്ട് നടന്ന വിമോചന സമരത്തിലും അതിന്റെ വിജയകരമായ പര്യവസാനത്തെത്തുടർന്നുണ്ടായ ഇടക്കാല തെരഞ്ഞെടുപ്പിലും മുസ്ലിംലീഗ് വഹിച്ച മഹത്തായ പങ്കിന് കമ്മ്യൂണിസ്റ്റിതര വൃത്തങ്ങളിൽ പരക്കെ അംഗീകാരം ലഭിച്ചു കാണുന്നുണ്ട്. ഇന്ത്യയുടെ ദേശീയ ഭാവത്തെ ശക്തിപ്പെടുത്തുവാനും ഭദ്രമാക്കാനും ഇത് വളരെയധികം സഹായിച്ചിട്ടുണ്ടെന്ന് അവർ ചൂണ്ടികാണിക്കുന്നു. മുസ്ലിംലീഗ് നേതൃത്വം വിവേക പൂർവ്വം സ്വീകരിച്ച ഈ നിലപാട് പൊതുവെ മുസ്ലിംകളെ ദേശീയത്വത്തിലേക്ക് ആകർഷിക്കുവാനും കേരളത്തിന്റെ പൊതുവികസന പ്രവർത്തനങ്ങളിൽ അവരെ കൂടുതൽ ഭാഗവാക്കുകളാക്കാനും പ്രലോഭനം നൽകും. മുസ്ലിംലീഗ് ഒരു വർഗ്ഗീയ സംഘടനയാണെന്ന വാദഗതി ആവർത്തിക്കുന്നത് കേരളത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ അവഹേളിക്കലാവും. ആരെന്ത് പറഞ്ഞാലും സാധാരണക്കാരായ ആയിരക്കണക്കിന് ആളുകൾ മുസ്ലിം ലീഗ് തങ്ങളുടെ സമുന്നമനത്തിന് വേണ്ടി നിലകൊള്ളുകയാണെന്ന് വിശ്വസിക്കുന്നു. വലിയൊരു വിഭാഗം മുസ്ലിംകളെ പ്രതിനിധീകരിക്കുന്ന മുസ്ലിംലീഗിനെ തങ്ങളോടൊന്നിച്ച് നിൽക്കാൻ പ്രോത്സാഹിപ്പിച്ചതാണ് കേരളത്തിലെ ജനാധിപത്യ കക്ഷികളുടെ ഏറ്റവും വലിയ വിജയമെന്നും ചൂണ്ടികാണിക്കപ്പെടുന്നു."

ഐക്യമുന്നണിയിലെ മന്ത്രിസഭാ രൂപീകരണ പ്രതിസന്ധി തീർന്നതോടെ നിയമസഭാ സ്പീക്കർ സ്ഥാനം മുസ്ലിംലീഗിന് നൽകുന്നതിനെക്കുറിച്ചായി പിന്നീട് ചർച്ച. മുസ്ലിംലീഗിനും ഐക്യമുന്നണി ഘടകകക്ഷികൾക്കെന്നല്ല കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് പോലും ആ സ്ഥാനത്തേക്ക് ഒരാളെ മാത്രമേ നിർദേശിക്കാനുണ്ടായിരുന്നുള്ളൂ. ഹൃദയസ്മിതം കൊണ്ട് എതിരാളികളെപ്പോലും ആത്മമിത്രമാക്കുന്ന ആ മാസ്മരിക വ്യക്തിത്വത്തിന്റെ ഉടമയെ, സീതിസാഹിബിനെ. അസംബ്ലി പാർട്ടി ലീഡറായി നേരത്തെ മുസ്ലിംലീഗ് സീതിസാഹിബിനെ തെരഞ്ഞെടുത്തിരുന്നു. ഫെബ്രുവരി 6 ന് കോഴിക്കോട് ചേർന്ന സംസ്ഥാന മുസ്ലിംലീഗ് വർക്കിംഗ് കമ്മിറ്റിയുടെയും നിയമസഭാ അംഗങ്ങളുടെയും സംയുക്ത യോഗമായിരുന്നു സീതിസാഹിബിനെ തെരഞ്ഞെടുത്തത്.

ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന യോഗം ഡെപ്യൂട്ടി ലീഡറായി സി.എച്ച്.മുഹമ്മദ് കോയാ സാഹിബിനെയും ചീഫ് വിപ്പായി കെ.ബാവഹാജിയേയും സെക്രട്ടറിയായി എ.പി.എം.അഹമ്മദ് കുരി

mappilaheritagelibrary.com

ക്കളെയും തെരഞ്ഞെടുത്തിരുന്നു.

മാർച്ച് 6 ന് താല്ക്കാലിക സ്പീക്കറായി നാമനിർദ്ദേശം ചെയ്യപ്പെട്ട എൻ.കുഞ്ഞുരാമന്റെ അധ്യക്ഷതയിൽ ചേർന്ന അസംബ്ലിയുടെ ആദ്യ സെഷനിൽ തന്നെ സീതിസാഹിബിന്റെ പേര് സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടു. പ്രതിപക്ഷം അദ്ദേഹത്തിനെതിരെ സ്ഥാനാർത്ഥിയെ നിർത്തിയില്ല. 1960 മാർച്ച് 12 ന് പുതുതായി തെരഞ്ഞെടുക്കപ്പെട്ട നിയമ സഭയുടെ സ്പീക്കറായി സീതിസാഹിബ് ഐകൃകണ്ഠേന തെരഞ്ഞെ ടുക്കപ്പെട്ടു.

സ്വതന്ത്ര ഇന്ത്യയിൽ ഒരു മുസ്ലിംലീഗുകാരൻ ഐകൃകണ്ഠേന നി യമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നത് അത് ആദ്യമായിരു ന്നു. സ്പീക്കറായതിനാൽ അസംബ്ലി പാർട്ടി ലീഡർ സ്ഥാനം സീതി സാഹിബ് ഒഴിഞ്ഞു. പകരം സി.എച്ച്.മുഹമ്മദ് കോയാ സാഹിബ് ലീഡ റായി. നിയമസഭാ സ്പീക്കർ ചെയറിലേക്ക് കാലം കരുതി വെച്ച മോഹ ന സാന്നിധ്യം.

***

സ്ഥാനം സ്പീക്കർ എന്നതാണെങ്കിലും സഭയിൽ ഏറ്റവും കൂടുതൽ നിശ്ശബ്ദനാവാൻ വിധിക്കപ്പെട്ട ആളാണ് സഭാധ്യക്ഷനായ സ്പീക്കർ. ആ നിശ്ശബ്ദതക്ക് പോലും ആയിരം നാവുകൾ നൽകിയ, ആ മൗനത്തി ന് നാദത്തിന്റെ മനോഹാരിത നൽകിയ സ്പീക്കറായി സീതിസാഹിബ് വാഴ്ത്തപ്പെടുകയായിരുന്നു. സ്പീക്കർ സ്ഥാനം ഏറ്റെടുത്ത് ദിവസങ്ങൾ ക്കകം തന്നെ ഇന്ത്യയൊട്ടാകെ ശ്രദ്ധിക്കപ്പെടുന്ന നിയമസഭാ സ്പീക്ക റായിത്തീർന്നു അദ്ദേഹം. നിയമസഭ വളരെ സമർത്ഥമായും അനുനയ ത്തോടെയും നിയന്ത്രിച്ചു കൊണ്ടു പോകുന്നതിലുള്ള അദ്ദേഹത്തിന്റെ അപാരമായ സിദ്ധി ഏറെ പ്രശംസിക്കപ്പെട്ടു. സഭയിലെ പ്രക്ഷുബ്ധത മാറ്റാതെ പ്രശാന്താവസ്ഥ നിലനിർത്തുന്നതിൽ അദ്ദേഹം വിജയിച്ചു. സ് പീക്കർ പദം ഏറ്റെടുത്ത വേളയിൽ ഭരണ-പ്രതിപക്ഷ നേതാക്കൾ ഒരു സ്പീക്കറിൽ നിന്നും എന്താണോ പ്രതീക്ഷിക്കുന്നതെന്ന് മനസിലാക്കി യപ്പോൾ അത് സഫലമാക്കുന്നതിൽ അദ്ദേഹം വിജയിച്ചു. വൃത്തിയുള്ള പെരുമാറ്റം, പരിചയ സമ്പന്നനായ നിയമസഭാ സാമാജികൻ, വിനയാ നിതൻ, പക്വമതി തുടങ്ങിയ അർത്ഥദീപ്തിയാർന്ന എത്രയെത്ര വിശേ ഷണങ്ങളാണ് ആ സാത്വിക രൂപൻ നേടിയെടുത്തത്. ഔപചാരികമായ പ്രസംഗമായിരുന്നിട്ട് പോലും പ്രതിപക്ഷ നേതാവ് ഇ.എം.എസ്. സീതി സാഹിബിന്റെ പഴയകാല പ്രവർത്തനങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് പ്ര സംഗിച്ചത് സ്മൃതിതരളമായിരുന്നു. കൊച്ചി, മദിരാശി നിയമസഭകളിൽ നിയമസഭാസാമാജികനായതിന്റെ അനുഭവസാഗരമായിരുന്നുവല്ലോ അ ദ്ദേഹം. ആ അനുഭവ ഗരിമ തന്റെ ചെയറിലിരുന്നു പ്രയോജനപ്പെടുത്തു വാനും അദ്ദേഹത്തിന് കഴിഞ്ഞു.

ഒന്നാം നിയമസഭയിലെ സ്പീക്കർ ശങ്കരൻ നാരായണൻ തമ്പിയാ

mappilaheritagelibrary.com

യിരുന്നു. മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടും ധനകാര്യമന്ത്രിയാ യിരുന്ന പ്രഗത്ഭനായ സി.അച്യുതമേനോനും അടക്കമുള്ള നിയമസഭ യെ ശരിയാംവണ്ണം നയിക്കുന്നതിലും നിയന്ത്രിക്കുന്നതിലും ശങ്കരനാ രായണൻ തമ്പി തികഞ്ഞ പരാജയമായിരുന്നു.

കോലാഹലങ്ങളാൽ ശബ്ദമുഖരിതമാകുന്ന സഭാതലത്തെ അദ്ദേഹം നിസ്സഹായതോടെ നോക്കിയിരിക്കും. ഇതിന്റെ നേർവിപരീതമായി, രണ്ടാം നിയമസഭയിൽ സീതിസാഹിബ് സ്പീക്കർ ചെയറിലിരുന്നു തന്റെ ആ ത്മജ്ഞാനത്താൽ സഭക്ക് തീർത്ഥ ശുദ്ധി നൽകുകയായിരുന്നു. വൈ ഡൂര്യ സ്മേരമാർന്ന അദ്ദേഹത്തിന്റെ പുഞ്ചിരിയോടെയുള്ള ഇടപെടൽ കാരണം സ്പീക്കർ നിയമസഭയുടെ പ്രിയങ്കരനാവുകയായിരുന്നു. എ ല്ലാവർക്കും തുല്യപരിഗണയും തുല്യഅവസരവും നൽകാൻ അദ്ദേഹം ജാഗരൂകനായി. പ്രതിപക്ഷ നേതാവ് ഇ.എം.എസ്.സ്പീക്കറുടെ ഹൃദയ ലാവണ്യത്തിൽ ആകൃഷ്ടനായി സീതിസാഹിബിനോട് ആദരവോടെയും ബഹുമാനത്തോടെയും മാത്രമേ ഇടപെട്ടിരുന്നുള്ളൂ.

സീതിസാഹിബിന്റെ സഭാനിയന്ത്രണത്തെ പ്രശംസിച്ചു കൊണ്ട് പ്ര ഗത്ഭ പ്രാസംഗികനും കോൺഗ്രസ് നേതാവുമായ വിദ്യാഭ്യാസമന്ത്രി ഉ മ്മർകോയ പറഞ്ഞു: ഒരു കോളിളക്കം സൃഷ്ടിച്ച അന്തരീക്ഷത്തിൽ നി ന്നും തികച്ചും വ്യത്യസ്തമായ ശാന്തമായ ഒരന്തരീക്ഷമാണ് സീതിസാ ഹിബിന്റെ അധ്യക്ഷതയിൽ രണ്ടാം നിയമസഭ കാഴ്ച വെച്ചത്.

അംഗങ്ങളുടെ അവകാശ സ്വാതന്ത്ര്യം പാലിക്കുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധ പുലർത്തി. സഭയിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ വസ്തു നിഷ്ഠമായി പഠിക്കുകയും ലോക്സഭയിലേയും രാജ്യസഭയിലേയും പ ഴയ റൂളുകൾ പരിശോധിക്കുകയും ചെയ്തതിന് ശേഷമായിരുന്നു അദ്ദേ ഹം റൂളിംഗ് നൽകിയിരുന്നത്. തൽഫലമായി സ്പീക്കറുടെ നിലപാടുക ളിൽ ആർക്കും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നില്ല. നിയമസഭാ ചട്ട ങ്ങളെ മറികടക്കുന്ന ജോസഫ് ചാഴിക്കാടൻ പോലും സീതിസാഹിബി ന്റെ മുന്നിൽ അടങ്ങിയൊതുങ്ങി കഴിഞ്ഞു.

പത്രങ്ങളിൽ സീതിസാഹിബിന്റെ പ്രാഗത്ഭ്യത്തെ കുറിച്ചുള്ള വാർ ത്തകൾ നിറഞ്ഞു. സംസ്ഥാനത്തിന് ഏറ്റവും പ്രഗത്ഭനായ ഒരു സ്പീ ക്കറെ സംഭാവന ചെയ്തു എന്ന കാര്യത്തിൽ മുസ്ലിംലീഗിന് എന്നെ ന്നും അഭിമാനിക്കാമെന്ന് പത്രങ്ങൾ എഴുതി. 'കേരള ഭൂഷണം' പത്ര ത്തിന്റെ പ്രതിനിധിയായിരുന്ന പ്രശസ്ത പത്രപ്രവർത്തകൻ കെ.ആർ.ര വി തന്റെ നിയമസഭാ അവലോകനത്തിൽ എഴുതി; ഒരു കക്ഷിരഹിത ന്റെ സ്ഥാനമാണ് അദ്ദേഹത്തിന്റേത്. അതദ്ദേഹം പാലിക്കുന്നു. എല്ലാ മെമ്പർമാരുടെയും അവകാശാധികാരങ്ങളുടെ സംരക്ഷകനും സഭയുടെ അന്തസ്സിന്റെ പ്രതീകവും സ്പീക്കറാണ്. സഭ എത്ര ക്ഷോഭിച്ചാലും അ ദ്ദേഹം അക്ഷോഭ്യനായിരിക്കും. ലഗാനില്ലാതെ ചാടിമറിയുന്ന പടക്കുതി രയെ പോലും നിയന്ത്രിക്കുന്ന മർമജ്ഞത, ആജ്ഞാശക്തി, അമേയമാ

mappilaheritagelibrary.com

യ പാണ്ഡിത്യം, സഭാചടങ്ങുകളിലും റൂളിംഗുകളിലും ഉള്ള അഗാധമാ യ അറിവ്, എന്തിനേറെ കേരള നിയമസഭയുടെ അധ്യക്ഷ വേദിയിൽ ലോങ്ങ്കോട്ടും ഫർ ക്യാപ്പും ധരിച്ച അറുപത് കഴിഞ്ഞ ആ നിയമപ ണ്ഡിതൻ ഇരിപ്പുറപ്പിച്ചിരിക്കുന്നേടത്തോളം സമയം സഭ അതിന്റെ അ ന്തസ് നിലനിർത്താറുണ്ട്.

കേരള കൗമുദിയുടെ അവലോകനത്തിൽ ജി.വേണുഗോപാൽ എഴു തി: അടുത്തകാലത്ത് അസംബ്ലി മന്ദിരത്തിലെ ചെയർ അലങ്കരിച്ച ഏറ്റ വും നല്ല സ്പീക്കർ സീതിസാഹിബാണ്. പ്രായവും പരിചയവും കൊ ണ്ട് അദ്ദേഹം എല്ലാ കക്ഷികളുടെയും ആദരവ് നേടിയിരിക്കുന്നുവെന്ന് മാത്രമല്ല നിയമസഭാ നടപടികളിലുള്ള നിശ്ചയം സഭാ നടപടികൾക്ക് ഒരൊഴുക്ക് നൽകാനും സഹായിക്കുന്നുണ്ട്. അദ്ദേഹം ചെയറിലിരുന്ന പ്പോൾ സഭയിലെ ബഹളങ്ങൾ വളരെ കുറവായിരുന്നു. സീതിസാഹി ബിന്റെ സ്നേഹമസൃണവും കാരുണ്യപൂർണ്ണവുമായ സമീപന രീതി യെ എതിർത്ത് സംസാരിക്കാൻ അംഗങ്ങൾക്ക് കഴിയുമായിരുന്നില്ല എ ന്നതായിരുന്നു സത്യം. ആ പെരുമാറ്റം സഭയുടെ അന്തസ്സ് ഉയർത്തുക യായിരുന്നു. ഏതിനും കയറി അഭിപ്രായം പറയുന്ന സ്പീക്കറായിരുന്നി ല്ല, മിതഭാഷിയായിരുന്ന സീതിസാഹിബ്.

***

അമരാവതിയിലെ കുടിയൊഴിപ്പിക്കലിനെതിരെ കമ്യൂണിസ്റ്റ് പാർട്ടി നേതാവായ എ.കെ.ഗോപാലൻ അവിടെ നിരന്തര സമരം ആരംഭിച്ചിരു ന്നു. സംഭവങ്ങളുടെ നിജസ്ഥിതി അറിയുവാനായി മുസ്ലിംലീഗും എം. എൽ.എ കെ.മൊയ്തീൻ കുട്ടി എന്ന ബാവ ഹാജിയും അവിടം സന്ദർ ശിച്ചു. ഇദ്ദേഹം പില്ക്കാലത്ത് കേരള നിയമസഭയുടെ സ്പീക്കറായി. സ്ഥിതിഗതികൾ നേരിൽ കണ്ട ബാവഹാജി വികാരഭരിതനായി. മടങ്ങി യെത്തിയ അദ്ദേഹം അതേ വികാര വായ്പോടെ അമരാവതിയിൽ താൻ കണ്ട കാഴ്ചകൾ നിയമസഭയിൽ അവതരിപ്പിച്ചു. സ്പീക്കർ സീതി സാ ഹിബ് അദ്ദേഹത്തിന്റെ പ്രസംഗം ചെയറിലിരുന്നു സശ്രദ്ധം കേൾക്കു ന്നുണ്ടായിരുന്നു. പ്രസംഗം കഴിഞ്ഞ് മൊയ്തീൻകുട്ടി ഹാജി സീറ്റിലിരു ന്നതേയുള്ളൂ അപ്പോഴേക്കും സ്പീക്കറുടെ ശിപായി അദ്ദേഹത്തിനരികിൽ എത്തി ഒരു തുണ്ട് കടലാസ് നീട്ടി. അതിൽ സ്പീക്കർ തന്നെ വന്ന് കാ ണാൻ ബാവഹാജിയോട് നിർദ്ദേശിച്ചിരുന്നു. കുറിപ്പ് വായിച്ച ഉടനെ ബാ വഹാജി സീറ്റിൽ നിന്നെഴുന്നേറ്റു. ഈ വിളി താൻ പ്രതീക്ഷിച്ചതായിരു ന്നുവെന്ന് ബാവഹാജി തന്നെ പിന്നീട് അനുസ്മരിച്ചു. സ്പീക്കറുടെ ചേ മ്പറിലെത്തിയ ബാവഹാജിയുടെ സുഖവിവരങ്ങൾ സ്പീക്കർ അന്വേ ഷിച്ചു. ഫ്ളാസ്ക്കിൽ നിന്നും ഒരു കപ്പ് ചായ പകർന്ന് ബാവഹാജിക്ക് നീട്ടിക്കൊണ്ട് സീതിസാഹിബ് അമരാവതിയിലെ യാത്രയെക്കുറിച്ചും ചോ ദിച്ചറിഞ്ഞു. മനമുഴിഞ്ഞ് നൽകിയ മന്ദസ്മിതത്തോടെ സീതിസാഹിബ് അദ്ദേഹത്തെ കേട്ടിരുന്നു. എല്ലാം കേട്ടതിന് ശേഷം സീതിസാഹിബ് പ

mappilaheritagelibrary.com

റഞ്ഞു: "പ്രസംഗം അല്പം കൂടിപ്പോയി. വികാരത്തിനടിമപ്പെടരുത്. യ ഥാർത്ഥ വസ്തുതകൾ പറയേണ്ടത് തന്നെയാണ്. എന്നാൽ പരിധിലം ഘിക്കരുതായിരുന്നു. അതിൽ പിന്നീട് തന്റെ നിയമസഭാ കാലഘട്ട ജീ വിതത്തിൽ മൊയ്തീൻ കുട്ടി ഹാജിയുടെ ഹൃദയത്തിൽ എന്നും ഈ വാക്കുകൾ തിരയടിച്ചു.

***

1960 നവംബർ- ഡിസംബർ മാസങ്ങളിൽ ബാംഗ്ളൂരിൽ നടന്ന അഖി ലേന്ത്യാ പ്രിസൈഡിംഗ് ഓഫീസർമാരുടെ സമ്മേളനത്തിൽ സീതിസാ ഹിബ് ചെയ്ത ഉജ്ജ്വല പ്രസംഗത്തെ സമ്മേളനാധ്യക്ഷനായിരുന്ന ലോ ക്സഭാ സ്പീക്കർ ശ്രീ അനന്തശയനം അയ്യങ്കാർ ഹൃദയം നിറഞ്ഞു പോവുന്ന ആനന്ദത്തോടെയാണ് പ്രശംസിച്ചത്.

ഇന്ത്യയിൽ തന്നെ സീതിസാഹിബിനെപ്പോലുള്ള ഒരു സ്പീക്കർ ഉ ണ്ടോ എന്ന കാര്യം സംശയമാണ് എന്നായിരുന്നു മുഖ്യമന്ത്രി പട്ടം താ ണുപിള്ള പറഞ്ഞത്. എന്ത് പോയിന്റ് ഓഫ് ഓർഡർ വന്നാലും അത് ശരിയാണ് ഇത് ശരിയാണ് എന്നിങ്ങനെ നിലം തൊടാതെയുള്ള റൂളിംഗ് നൽകുന്ന വർഗ്ഗീസ്, പോയിന്റ് ഓഫ് ഓർഡറോ? എന്ത് പോയിന്റ് ഓ ഫ് ഓർഡർ എന്ന് മെമ്പർമാരുടെ നേരെ തട്ടിക്കയറുന്ന കെ.പി.നീലക ണ്ഠപിള്ള, പോയിന്റ് ഓഫ് ഓർഡർ ഉണ്ടായാലുടൻ സഹവർത്തിത്വ സിദ്ധാന്തം, പഞ്ചശീലം എന്നിവ അടിസ്ഥാനമാക്കി നിങ്ങൾ വഴക്ക് കൂട രുത്, എന്നെ ഇങ്ങിനെ വിഷമിപ്പിക്കരുത് എന്നഭ്യർത്ഥിക്കുന്ന, റൂളിംഗ് നൽകാതെ ഒഴിഞ്ഞു മാറുന്ന ഗംഗാധരൻ, ആർ.വി.തോമസ് എന്നിവരു ടെ പാരമ്പര്യപശ്ചാതലത്തിൽ നിന്നുവേണം സീതിസാഹിബിന്റെ മഹ ത്വമറിയേണ്ടതെന്ന് കെ.ആർ.രവി തന്റെ മറ്റൊരു നിയമസഭാ അവലോ കനത്തിൽ ചൂണ്ടിക്കാട്ടി.

മുസ്ലിംലീഗിന് വേണ്ടിയായിരുന്നു സീതിസാഹിബ് സ്പീക്കർ സ്ഥാ നമേറ്റെടുത്തതെങ്കിലും ആ സ്ഥാനം ഏറ്റെടുക്കാൻ യോഗ്യനായ മറ്റൊ രാൾ വേറൊരു പാർട്ടിയിലുമുണ്ടായിരുന്നില്ലെന്ന് സഹോദരൻ അയ്യപ്പൻ തന്റെ 'സഹോദരൻ' പത്രത്തിൽ നിരീക്ഷിക്കുകയുണ്ടായി.

ഫാദർ വടക്കനോട് ഉന്നതനായ ഒരു കോൺഗ്രസ്സ് നേതാവ് ഡൽഹി യിൽ പറഞ്ഞു: "കോൺഗ്രസ് നിയമസഭാ കക്ഷിയിൽ അസോസിയേറ്റ ഡ് മെമ്പർമാരാകാനെങ്കിലും ലീഗ് എം.എൽ.എമാർ സമ്മതിക്കുകയാ ണെങ്കിൽ സീതിസാഹിബായിരിക്കും കേരളത്തിന്റെ മുഖ്യമന്ത്രി."

ഡൽഹിയിലെ കോൺഗ്രസ്സ് നേതൃത്വത്തിന് വരെ എത്രയോ അഭി കാമ്യനായിരുന്നു മുസ്ലിംലീഗിന്റെ നേതാവ് എന്ന് തെളിയിക്കുന്ന മറ്റു നിരവധി സംഭവങ്ങൾ സീതി സാഹിബിന്റെ സ്പീക്കർ കാലഘട്ടത്തിൽ ഉണ്ടായി. ജീവിതത്തെ പ്രാർത്ഥനാ നിർഭരമായി കൊണ്ട്നടന്നതിന്റെ ഔ ഷമ്യമില്ലാത്ത അംഗീകാരങ്ങൾ. നിയമസഭകളില്ലാത്ത ദിവസങ്ങളിൽ ക്ലാർ ക്ക് അഹമ്മദുമൊന്നിച്ച് അദ്ദേഹം രാവിലെ നടക്കാനിറങ്ങും. ശാസ്തമം

mappilaheritagelibrary.com

ഗലത്തുള്ള 'ബല്ലജം,' ബംഗ്ലാവായിരുന്നു സ്പീക്കറുടെ ഔദ്യോഗിക വ സതി. ഈ യാത്രയിലാണ് പല പ്രശ്നങ്ങൾക്കുമുള്ള ഉത്തരങ്ങൾ അഹ മ്മദുമായി സീതിസാഹിബ് ചർച്ച ചെയ്യുന്നതും തീരുമാനത്തിലെത്തു ന്നതും. തലേന്ന് വന്ന കത്തുകൾക്കെല്ലാം മറുപടി എഴുതേണ്ടുന്നതിനെ കുറിച്ച് അഹമ്മദിനെ ഓർമ്മപ്പെടുത്തും. സാധാരണക്കാരായ പാർട്ടി പ്ര വർത്തകരുടെ കത്തുകൾക്ക് സീതിസാഹിബ് എപ്പോഴും മുൻഗണന നൽകി. അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്ന

"ഇവർക്ക് വേറെ ആര് കക്ഷികൾ?"

രാവിലെ മുതൽ തന്നെ ആവലാതിക്കാരുടെ ഒരു നീണ്ട നിര സ്പീ ക്കറുടെ വസതിയിൽ കാത്തു നില്പുണ്ടാവും. ഒരാളെയും അദ്ദേഹം ഒ ഴിവാക്കിയില്ല.

മന്ത്രിതലങ്ങളിൽ പരിഹാരം കാണേണ്ട പ്രശ്നങ്ങളായിരിക്കും അ ധികവും. ആർക്ക് എന്ത് പ്രശ്നങ്ങൾ ഉണ്ടായാലും മറ്റുള്ളവർ ഉപദേശി ക്കുക സീതി സാഹിബിനെ പോയി കാണാനായിരിക്കും. സീതിസാഹി ബിനെ കണ്ടാൽ പ്രശ്നങ്ങൾക്ക് പരിഹാമുണ്ടാകുമെന്നവർ വിശ്വസിച്ചു. അതവരെ കാത്തു.

ഒരിക്കൽ ട്രാൻസ്പോർട്ടിൽ ജോലിയുള്ള ഒരാളുടെ ഭാര്യ സ്പീക്കർ സീതിസാഹിബിന്റെ അടുത്ത് വന്ന് പറഞ്ഞു. "എന്റെ ഭർത്താവിനെ പോ ലും പോലീസുകാർ അന്വേഷിക്കുന്നു." അങ്ങ് ഡി.എസ്.പിയെ വിളിച്ച് ഞങ്ങളെ ദ്രോഹിക്കരുതെന്ന് പറയണം." ആരോ അവരെ സീതി സാ ഹിബിന്റെ അടുത്തേക്ക് പറഞ്ഞ് വിടുകയായിരുന്നു. മുസ്ലിംലീഗ് കേര ളാ രാഷ്ട്രീയത്തിൽ അവിഭാജ്യ ഘടകമായിത്തീരുകയാണെന്നറിഞ്ഞ പ്പോൾ പണ്ട് ഓടിയൊളിച്ചവർ മാളങ്ങളിൽ നിന്നും പുറത്ത് വന്ന് സീതി സാഹിബിനെ മുഖം കാണിക്കുവാൻ തുടങ്ങിയിരുന്നു. ആളുകളെ അവ രുടെ ജന്മ തിയതി മുതൽ എല്ലാ കാര്യങ്ങളും ഹൃദ്യസ്ഥമാക്കിയിരുന്ന സീതിസാഹിബിന് അവരെ കുറിച്ച് പ്രത്യേകം ചോദിച്ചറിയേണ്ടതും ഉ ണ്ടായിരുന്നില്ല.

ആ കൂട്ടത്തിൽ പെട്ട ഒരു മുസ്ലിം ഉദ്യോഗാന്വേഷി സ്പീക്കർ സീതി സാഹിബിനെ കാണാൻ ചെന്നു. ബ്രിട്ടീഷ് ഭരണകാലത്ത് അവരുടെ വി ദ്യാഭ്യാസ വകുപ്പിൽ ഉയർന്ന ഉദ്യോഗം വഹിച്ചിരുന്ന ആളായിരുന്നു ആ ഗതൻ. പിന്നീട് സ്വാതന്ത്ര്യം കിട്ടിയപ്പോൾ അങ്ങേര് കോൺഗ്രസ്സിൽ ചേ രുകയും ഉയർന്ന ഉദ്യോഗം നേടിയെടുക്കുകയും ചെയ്തു. പിന്നീട് ക മ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം കമ്മ്യൂണി സ്റ്റായി. കമ്മ്യൂണിസ്റ്റ് സർക്കാറിൽ ഒരു ഉയർന്ന തസ്തികക്ക് വേണ്ടി ത ന്നെ ശ്രമിക്കുകയും ചെയ്തു. ആ സർക്കാർ 5 കൊല്ലം തികയ്ക്കാത്തത് കൊണ്ടോ എന്തോ അദ്ദേഹത്തിന്റെ ശ്രമം വിജയിച്ചില്ല. ഇപ്പോൾ ഐ ക്യമുന്നണി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം സമുദായ പ്രേമിയായി സീതിസാഹിബിനെ കാണാൻ വന്നതാണ്. സീതിസാഹി

mappilaheritagelibrary.com

ബ് ആതിഥ്യമര്യാദയോടെ തന്നെ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി. ആഗതന്റെ ചരിത്രമെല്ലാം സീതി സാഹിബിന് അറിയാമായിരുന്നു.

കുശലാന്വേഷണങ്ങൾക്ക് ശേഷം ആഗതൻ ഗൗരവമേറിയ ഒരു വിഷയം അവതരിപ്പിക്കും മട്ടിൽ സീതിസാഹിബിനോട് പറഞ്ഞു; "നമ്മുടെ സമുദായത്തിന്റെ അധഃസ്ഥിതിയെ കുറിച്ച് ഞാനൊരു പുസ്തകം എഴുതുന്നുണ്ട്." സീതിസാഹിബ് ചിരിച്ചു. പിന്നീട് സംഭാഷണ മധ്യേ ആഗതൻ പരിതപിച്ചു. "മുസ്ലിം യുവാക്കളിൽ ഒരു വലിയ വിഭാഗം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വലയത്തിൽ കുടുങ്ങിപ്പോവുകയാണല്ലൊ." അപ്പോൾ സീതിസാഹിബ് മറുപടി പറഞ്ഞു. "അതെയതെ മി.സാഹിബ്, ഭരിക്കുന്ന സർക്കാറിന്റെ പിറകെ നക്കാപിച്ചക്ക് വേണ്ടി നടക്കുന്നവർ നമ്മുടെ സമുദായത്തിൽ മുമ്പും ഉണ്ടായിട്ടുണ്ട്." അയാൾ പിന്നെ കുറെ നേരം ഇരുന്നില്ല. അതായിരുന്നു സീതിസാഹിബ്. വിനയാന്വിതനും കാരുണ്യവാനും ആയിരുന്നെങ്കിലും പറയാനുള്ളത് ആരുടെയും മുഖത്ത് നോക്കി പറയും. അത് മദിരാശി ആഭ്യന്തര മന്ത്രി സുബ്ബരായന്റെ മുഖത്ത് നോക്കിയാണെങ്കിൽ അങ്ങിനെയും. പാർട്ടിക്ക് യാതൊരു പിൻബലവും ഇല്ലാത്ത കാലത്താണ് സുബ്ബരായന് സീതിസാഹിബ് ചൂടുള്ള പ്രഹരമേല്പിച്ചത്. ഇതൊക്കെയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യനില അനുദിനം വഷളാവുകയായിരുന്നു. ശരീരം ക്ഷയിച്ചു വരികയായിരുന്നു. ഡോ.കെ.എൻ.പൈ ആയിരുന്നു അദ്ദേഹത്തെ ചികിത്സിക്കാനെത്തിയിരുന്നത്. വളരെ ശാന്തനും ബുദ്ധിമാനുമായ ഡോക്ടർ പൈയെ സീതിസാഹിബ് വളരെയേറെ ഇഷ്ടപ്പെട്ടിരുന്നു. മാനസികവും ശാരീരികവുമായ അധ്വാനം അദ്ദേഹത്തെ തളർത്തുകയായിരുന്നുവെന്ന് ആരും അറിഞ്ഞില്ല. ഹൃദ്രോഗം രൗദ്രമാകാൻ തുടങ്ങിയിരുന്നു. അധിക സമയം നിയമസഭയിൽ ഇരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ചില ദിവസങ്ങളിൽ രണ്ട് മണിക്കൂറിലധികം ക്ഷീണഭാരത്താൽ സഭ നിയന്ത്രിക്കാൻ കഴിയാതെ വന്നു. അന്നേരം അദ്ദേഹം പതുക്കെ തന്റെ സീറ്റിൽ നിന്നും എഴുന്നേറ്റ് ചേംബറിലേക്ക് മടങ്ങും. സഭ ആ കാഴ്ച ദുഃഖഭാരത്തോടെയായിരുന്നു നോക്കിക്കണ്ടിരുന്നത്. സഭ വിഷാദാർദ്രവും വിമൂകവും ആയിപ്പോയ നിമിഷങ്ങൾ.

mappilaheritagelibrary.com

ഇരുപത്തിയെട്ട്
യുഗസന്ധ്യ

തലശ്ശേരി വിട്ടിട്ട് വർഷങ്ങളാകുന്നു. എങ്കിലും ഒരു ദീപ്ത സ്മൃതിയായി ആ പട്ടണം സീതി സാഹിബിനുള്ളിൽ ഇപ്പോഴും മുനിഞ്ഞ് കത്തുന്നുണ്ട്. അത്കൊണ്ടാണ് രോഗാതുരനായിട്ടും ദീർഘയാത്രകൾ പാടില്ലെന്ന് ഡോക്ടർമാർ വിലക്കിയിട്ടും തലശ്ശേരി കേരള സ്പീക്കർക്ക് നൽകുന്ന സ്വീകരണത്തിൽ പങ്കെടുക്കുവാൻ സീതിസാഹിബ് തീരുമാനിച്ചത്. മഹാനായ ഡോക്ടർ ജോൺസണ് ലണ്ടൻ നഗരത്തോട് ഉണ്ടായിരുന്ന പ്രതിപത്തിയാണ് തലശ്ശേരിയോട് സീതിസാഹിബിന് ഉണ്ടായിരുന്നതെന്ന് അദ്ദേഹത്തിന്റെ അനുജൻ കെ.എം.അലി സ്മരിക്കുന്നു. ഇതളടരാത്ത ഓർമ്മകളുടെ സുഗന്ധം! അതായിരുന്നു തലശ്ശേരി സീതി സാഹിബിന്. 1960 മാർച്ച് 12 ന് കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുത്തതിന് ശേഷമുള്ള ഈ സന്ദർശനത്തിന് തലശ്ശേരി ജനത ഏറെ പകിട്ടാണ് നൽകിയത്. അവരുടെ ഹൃദയങ്ങൾ താലത്തിൽ വെച്ച് നൽകുന്നത് പോലെ അത്രയും സ്നേഹനിർഭരമായിരുന്നു ആ സമാഗമം. അവിടെ രാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങൾ ജനങ്ങൾ മറന്ന് പോയിരുന്നു. അവർ തലശ്ശേരിക്കാർ മാത്രമായി. സ്പീക്കർ സീതിസാഹിബ് അവരുടെ പ്രിയപ്പെട്ട സീതി വക്കീലായി. സമുദായത്തിന് തരണം ചെയ്യേണ്ടിയിരുന്ന കനൽക്കാലം മുമ്പിൽ ഉണ്ടായപ്പോഴും ഇതര സമുദായങ്ങളുമായും രാഷ്ട്രീയപാർട്ടിക്കാരുമായും നറും ചന്ദന സുഗന്ധം വീശും ബന്ധമായിരുന്നുവല്ലൊ അദ്ദേഹത്തിനുണ്ടായിരുന്നത്. അശാന്തമായ മനസ്സുകളെ മാറോട് ചേർത്ത് ആശ്ലേഷിക്കുന്ന ആ മഹത്വം പലരുടെയും കണ്ണുകളെ നനയിച്ചിട്ടേയുള്ളൂ. അവരെ നേരിൽ കാണാൻ ഇതാ ഒരിക്കൽ കൂടി. ഒരാഘോഷം പോലെയാണ് തലശ്ശേരി സീതിസാഹിബിനെ എതിരേറ്റത്. നാട് അണിഞ്ഞൊരുങ്ങിയിരുന്നു. ഒരു ഹരിത വൃന്ദാവനം പോലെ. ഒരു ജനതക്ക് വേണ്ടി ആയുസ്സ് എരിയിച്ച് തീർത്ത ധർമ്മ തേജസ്. സീതിസാഹിബിന്റെ വരവ് അവർക്കൊരു മോഹന സാന്നിധ്യമായിരുന്നു. സീതിസാഹിബിനെ സ്വാഗതം ചെയ്തു കൊണ്ടുള്ള കമാനങ്ങളും ബാനറുകളും തോരണങ്ങളും പട്ടണത്തെ വനപ്പച്ചയാക്കിയത് പോലെ.

നഗരാതിർത്തിയിൽ എത്തിയ സ്പീക്കറെ വിവിധ രാഷ്ട്രീയ പാർട്ടി

mappilaheritagelibrary.com

നേതാക്കളും സാമൂഹ്യ സാംസ്കാരിക സാഹിത്യ പ്രമുഖരും ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു. തലശ്ശേരി ടി.ബി.യിലായിരുന്നു സ്വീകരണ ചടങ്ങ്. ടി.ബി.യും പരിസരവും സൂചി കുത്താൻ ഇടമില്ലാത്ത വിധം ജനങ്ങളെക്കൊണ്ട് നിറഞ്ഞു. നേതാക്കൾ സീതിസാഹിബിന്റെ ഗുണഗണങ്ങളെ വാഴ്ത്തി. അന്ന് കാലത്ത് തലശ്ശേരിക്കടുത്ത് ധർമ്മടത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിലും സീതിസാഹിബിന് സ്വീകരണം നൽകിയിരുന്നു. കോൺഗ്രസ് നേതാവ് വേലാണ്ടി കുഞ്ഞിക്യഷ്ണൻ സ്വീകരണത്തിന് നേതൃത്വം നൽകി. വൈകീട്ട് തലശ്ശേരി ബി.ഇ.എം.പി. ഹൈസ്കൂൾ ഗ്രൗണ്ടിൽ തലശ്ശേരി പൗരാവലിയുടെ നേതൃത്വത്തിൽ അതിഗംഭീരമായ സ്വീകരണമാണ് സ്പീക്കർക്ക് നൽകിയത്. വിവിധ ജാതി മത സ്ഥർ പങ്കെടുത്ത സമ്മേളനം നാനാത്വത്തിന്റെ പവിഴമണികളാൽ കോർത്തെടുത്ത മനോഹര ഹാരം പോലെയായി.

തലശ്ശേരിക്ക് എന്നെന്നും ഹൃദയത്തിൽ സൂക്ഷിക്കാനുള്ള ഒരു സ്വീകരണ ചടങ്ങായി അത് മാറി. മനസ്സിൽ തൊട്ടവാക്കുകളായിരുന്നു ഓരോ പ്രാസംഗികനും സീതിസാഹിബിനെ കുറിച്ച് പറയുവാനുണ്ടായിരുന്നത്. ഒരു ജന്മം മുഴുവൻ തങ്ങൾക്കായി തന്ന, ഭൗതികമായ ആർത്തികൾ എന്നോ കുടഞ്ഞുകളഞ്ഞ സൗഹൃദമനസ്സിന് അവർക്ക് നൽകാനുണ്ടായിരുന്നത് സ്നേഹസുരഭില വാക്കുകളായിരുന്നു. തലശ്ശേരി മുനിസിപ്പൽ കൗൺസിലും സീതിസാഹിബിന് സ്വീകരണം നൽകി. മുനിസിപ്പൽ ചെയർമാനായിരുന്ന കെ.ടി.ഹരീന്ദ്രനാഥ്, പി.കുഞ്ഞിരാമൻ കോൺഗ്രസ്സിന്റെ പ്രമുഖ നേതാവ് കനാത്തി നാരായണൻ, മുസ്ലിംലീഗ് നേതാക്കളായ സി.കെ.ചെറിയ മമ്മുക്കേയി, എൻ.കുഞ്ഞാലിഹാജി തുടങ്ങിയവരായിരുന്നു സ്വീകരണത്തിന് നേതൃത്വം നൽകിയിരുന്നത്. സ്വീകരണങ്ങൾക്കെല്ലാം നന്ദി പറഞ്ഞു കൊണ്ടുള്ള മറുപടി പ്രസംഗങ്ങളിൽ ഒരേ ഒരു കാര്യം മാത്രമായിരുന്നു അദ്ദേഹം പറഞ്ഞിരുന്നത്. എന്ത് വില കൊടുത്തും സാമുദായിക സൗഹാർദം കാത്ത് സൂക്ഷിക്കണം. പരസ്പരം സ്നേഹവും സഹകരണവും ഒരു അണയാത്തിരി പോലെ കാത്ത് സൂക്ഷിച്ച് അന്യർക്ക് വെളിച്ചമാകുക. അതായിരുന്നു എല്ലായിടത്തും സീതിസാഹിബിന് പറയുവാനുണ്ടായിരുന്നത്. സ്വീകരണ യോഗങ്ങൾ തലശ്ശേരി കൊണ്ടവസാനിച്ചില്ല. തൊട്ടയൽ പ്രദേശമായ പെരിങ്ങത്തൂരിലും, ചൊക്ലിയിലും അദ്ദേഹത്തെ വരവേല്ക്കാൻ ആയിരങ്ങളാണ് തടിച്ചു കൂടിയിരുന്നത്. ജനങ്ങൾ ഇത്ര മേൽ സ്നേഹിച്ച മറ്റൊരു നേതാവ് തലശ്ശേരി അന്ന്വരെ കണ്ടിരുന്നില്ല.

കോഴിക്കോട്ടെ പൗരാവലിയും സീതി സാഹിബിന് അതിഗംഭീരമായ സ്വീകരണമാണ് നൽകിയത്. ബീച്ച് ഹോട്ടലിൽ നൽകിയ സ്വീകരണത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിലുമുള്ള ആളുകൾ പങ്കെടുത്തു. പലരേയും അദ്ദേഹത്തിന് നേരിട്ട് പരിചയമുണ്ടായിരുന്നു. എല്ലാവരുടെയും ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ കരം ഗ്രഹിച്ച് സീതിസാഹിബ് തന്റെ സൗഹൃദപ്പഴമ പുതുക്കവെ അവരുടെ കണ്ണുകൾ നിറഞ്ഞു.

mappilaheritagelibrary.com

കോഴിക്കോട്ടെ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളും സാംസ്കാരിക സാമൂഹ്യ പ്രവർത്തകരും സ്നേഹാർദ്രമായ സ്വീകരണം നൽകിയപ്പോൾ മുസ്ലിം ലീഗിന്റെ സാധാരണ പ്രവർത്തകർക്ക് നൽകാനുണ്ടായിരുന്നത് കാലത്തിന് അലിയിച്ചു കളയാനാവാത്ത, കണ്ണീരുപ്പിനാൽ തീർത്ത സ്നേഹത്തിന്റെ താജ്മഹലായിരുന്നു.

സ്വീകരണങ്ങളെല്ലാം കഴിഞ്ഞ് തിരുവനന്തപുരത്ത് മടങ്ങിയെത്തിയപ്പോഴേക്കും അദ്ദേഹം പാടെ ക്ഷീണിതനായി. ഏറെ പരിക്ഷീണമായി ആ മുഖം. കിതപ്പും ശ്വാസതടസ്സവും അദ്ദേഹത്തെ തളർത്തുന്നത് പോലെ. ഉടനെ എത്തിയ ഡോ.പൈനി നിർബന്ധിത വിശ്രമമാണ് വിധിച്ചത്. അസംബ്ലി നടക്കുന്ന സമയമായിരുന്നു. പക്ഷെ ക്ഷീണിതനായ അദ്ദേഹത്തിന് പങ്കെടുക്കുവാൻ കഴിയുമായിരുന്നില്ല. സാനഡുവിലേക്ക് താമസം മാറ്റിയിരുന്ന അദ്ദേഹത്തെ ഏപ്രിൽ മാസത്തെ കഠിന വേനൽ ഏറെ ക്ലേശിപ്പിച്ചു. ആ നേരത്താണ് 1961 ഏപ്രിൽ 12 ന് അദ്ദേഹത്തിന്റെ ആത്മാവിനെ തൊട്ടറിഞ്ഞിരുന്ന സുഹൃത്തും നേതാവുമായ ഖാഇദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ് അദ്ദേഹത്തെ കാണാൻ എത്തുന്നത്. ഇസ്മയിൽ സാഹിബിന്റെ സന്ദർശനം ഒരു കുളിർതെന്നലായി സീതി സാഹിബിനെ പൊതിഞ്ഞു. ഇസ്മയിൽ സാഹിബാകട്ടെ മുസ്ലിംലീഗിന്റെ ഭാവിയിലേക്ക് ഇരുൾ വീഴ്ത്താൻ സാധ്യതയുള്ള ദുഃഖവാർത്തയുമായിട്ടായിരുന്നു വന്നിരുന്നത്. കോൺഗ്രസ്സിന്റെ ദേശീയ കമ്മിറ്റി ദുർഗ്ഗാപൂരിൽ അവതരിപ്പിച്ച പ്രമേയങ്ങളെ കുറിച്ചായിരുന്നു അദ്ദേഹത്തിന് സീതിസാഹിബിനെ ഉണർത്താനുണ്ടായിരുന്നത്. വർഗ്ഗീയ കക്ഷികളുമായി യാതൊരു തരത്തിലുള്ള ബന്ധവും പാടില്ലെന്നും വർഗ്ഗീയ കക്ഷികളെ നിരോധിക്കണമെന്നുമായിരുന്നു പ്രമേയം. പക്ഷെ വർഗ്ഗീയ പാർട്ടികളുടെ കൂട്ടത്തിൽ മുസ്ലിംലീഗിനെയും ഉൾപ്പെടുത്തി വടക്കേ ഇന്ത്യയിൽ പ്രചാരം നടത്തുന്നത് സംബന്ധിച്ച ആകുലതകളായിരുന്നു ഇസ്മയിൽ സാഹിബിന് സീതിസാഹിബുമായി പങ്ക് വെക്കാനുണ്ടായിരുന്നത്. ഒരു പോംവഴി കാണാനായി അദ്ദേഹം മൂന്ന് ദിവസം സീതിസാഹിബിനൊപ്പം സാനഡുവിൽ കഴിഞ്ഞു. മൃത്യുവിന്റെ പാതപതനശബ്ദം ഏത് നേരത്തും അടുത്തെത്താമെന്ന നിലയിൽ കഴിയുന്ന സീതി സാഹിബിന് ചിന്തിക്കാനുണ്ടായിരുന്നത് തന്റെ സമുദായത്തിന്റെ വിഹ്വലമായേക്കാവുന്ന ഭാവിയെക്കുറിച്ചുള്ള ഖേദചിന്തയായിരുന്നു. ഏപ്രിൽ 14-ാം തീയതി ഖാഇദെമില്ലത്ത് യാത്ര ചോദിച്ച് വിട വാങ്ങുമ്പോൾ സീതിസാഹിബ് സന്തോഷവാനായിരുന്നു. എങ്കിലും ക്ഷീണത്തിന്റെ അസ്വസ്ഥതകൾ അദ്ദേഹത്തെ വലയം ചെയ്തിരുന്നു. മൂന്ന് ദിവസം അദ്ദേഹം ഒരേ കിടപ്പിൽ തന്നെ വിശ്രമിച്ചു. 1961 ഏപ്രിൽ 17 ന് തൃശൂർ ജില്ലാ മുസ്ലിം ലീഗിന്റെ സമ്മേളനം നടക്കുന്നുണ്ടായിരുന്നു. സമ്മേളനം അദ്ദേഹത്തെ കൂടുതൽ സന്തോഷവാനാക്കി. തന്റെ സഹചാരി മമ്മുവിനോട് അദ്ദേഹം ചോദിച്ചു: 'ആരെല്ലാമാണ് യോഗത്തിൽ പങ്കെടുത്തത്? മമ്മു യോഗത്തിൽ പ്രസംഗിച്ചവരുടെ പേരു വിവരങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചു.

mappilaheritagelibrary.com

"മന്ത്രിമാർ യോഗത്തിനെത്തിയിരുന്നോ'? അദ്ദേഹം വീണ്ടും ചോദിച്ചു. "എത്തിയിരുന്നു." മമ്മു മറുപടിയും പറഞ്ഞു.

ആർ.ശങ്കറും ബാഫഖി തങ്ങളും ഇസ്മയിൽ സാഹിബും യോഗത്തിൽ പങ്കെടുത്തു വെന്ന് മമ്മു ഹാജി പറഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു.

"ചന്ദ്രികയിൽ അതിന്റെ വാർത്ത വന്നോ"

വാർത്ത വന്നുവെന്ന് മമ്മു പറഞ്ഞപ്പോൾ ആ ചുണ്ടുകളിൽ പവിഴമന്ദഹാസം. പെട്ടെന്നാണ് വൈദ്യുതി പോയത്. അത്യുഷ്ണം കൊണ്ട് സീതിസാഹിബ് പൊറുതിമുട്ടി. മുകളിലേക്ക് പോയാൽ ചിലപ്പോൾ തണുത്ത കാറ്റ് കിട്ടിയേക്കുമെന്ന് അദ്ദേഹത്തിന് തോന്നി. പതുക്കെ അദ്ദേഹം കോണിപ്പടികൾ കയറിത്തുടങ്ങി. മുകളിലെത്തിയപ്പോഴേക്കും അദ്ദേഹം വല്ലാതെ കിതച്ചു. ക്ഷീണിച്ചവശനായി കിടക്കയിലേക്ക് ചരിഞ്ഞു. വീട്ടുകാർ പരിഭ്രാന്തരായി. ഡോക്ടർ പൈ പാഞ്ഞെത്തി. സഹോദരങ്ങളെ വിവരമറിയിച്ചു. ഉച്ചയായപ്പോൾ അവരും എത്തി.

ഡോക്ടർ പൈ നൽകിയ മരുന്നിന്റെ ആലസ്യത്തിലായിരുന്നു സീതിസാഹിബ്. ഉച്ച കഴിഞ്ഞപ്പോൾ സഹോദരൻ കെ.എം.അലി പറഞ്ഞു. "ആസ്പത്രിയിൽ പോകാം. അതായിരിക്കും കൂടുതൽ നല്ലത്." സഹോദരന്റെ വാക്കുകൾ കേട്ടപ്പോൾ സീതിസാഹിബ് പുഞ്ചിരിച്ചു. വാത്സല്യത്തിന്റെ ഉറവ് പോലെയായിരുന്നു ആ പുഞ്ചിരി. ആ ഖേദ മുഹൂർത്തത്തിൽ സഹോദരനോടും എന്നാൽ തന്നോടു തന്നെയും എന്നത് പോലെ അദ്ദേഹം പറഞ്ഞു:

"ഇനി എവിടെ പോകാൻ." ശാശ്വതമായ ഒരു സത്യത്തെ താൻ തിരിച്ചറിയുകയയാണെന്ന് ഒരു വേള ആ നേരം ആ മഹാമനീഷി മനസ്സിലാക്കിയോ? രോഗം വന്നപ്പോൾ ഡോക്ടർമാർ വിധിച്ച പൂർണ്ണ വിശ്രമം പാലിക്കുവാൻ പലപ്പോഴും അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. നിസ്തുല ശോഭയോടെ പ്രകാശിക്കുന്ന സമുദായത്തിന്റെ ഭാവി. അതായിരുന്നു എന്നും അദ്ദേഹത്തിന്റെ സ്വപ്നം. ഇക്കഴിഞ്ഞ മൂന്ന് ദിവസം മുമ്പ് വരെ ഇസ്മയിൽ സാഹിബുമായി ചർച്ച ചെയ്തിരുന്നതും അതായിരുന്നുവല്ലൊ. ഇന്ന് 1961 ഏപ്രിൽ 17. അല്പനേരം കഴിഞ്ഞതോടെ അദ്ദേഹം ഉറങ്ങി. ശാന്തമായ ധ്യാനം പോലുള്ള നിദ്ര. വൈകീട്ട് നാല് മണിയായപ്പോൾ അദ്ദേഹം ഉണർന്നു. അപ്പോഴും സഹോദരൻ അലി നിർബ്ബന്ധിച്ചു.

"നമുക്ക് ആസ്പത്രിയിൽ പോകാം."

സീതി സാഹിബ് അനിയനെ നോക്കി മന്ദഹസിച്ചു.

"വരട്ടെ. അസർ നിസ്ക്കരിച്ചിട്ട് പോകാം." അദ്ദേഹം അനിയനെ സമാധാനിപ്പിച്ചു. സീതിസാഹിബ് വുളു എടുത്തു. കിടന്ന് കൊണ്ട് നമസ്ക്കരിച്ചു. നമസ്ക്കാരത്തിന് ശേഷം അദ്ദേഹം ഒരു ഗ്ലാസ് വെള്ളം ചോദിച്ചു. വീട്ടുകാർ പെട്ടെന്ന് ഒരു ഗ്ലാസ് നാരങ്ങ നീരുണ്ടാക്കി അദ്ദേഹത്തിനു നൽകി. ഒരൊറ്റ വീർപ്പിന് അദ്ദേഹമത് വലിച്ചു കുടിച്ചു. അത്രക്ക് പരവശനായിരുന്നു അദ്ദേഹം. നാരങ്ങ നീര് കുടിച്ചു കഴിഞ്ഞപ്പോഴേക്കും ക

mappilaheritagelibrary.com

ണ്ണുകൾ താനെ അടയുന്നത് പോലെ. വല്ലാത്ത തളർച്ച. അദ്ദേഹം വീ ഴാൻ പോകുകയായിരുന്നു. അരികിൽ തന്നെയുണ്ടായിരുന്ന സഹോദ രൻ അലി പെട്ടെന്ന് തന്നെ അദ്ദേഹത്തെ താങ്ങി. കട്ടിലിൽ നേരാംവ ണ്ണം കിടത്തി. പ്രാർത്ഥനാ നിർഭരമായ നിമിഷങ്ങൾ. 'ലാഇലാഹഇല്ലല്ലാ ഹു മുഹമ്മദു റസൂലുല്ലാഹ്' ആ ചുണ്ടുകൾ മന്ത്രിച്ചു. ഒരിക്കൽ കൂടി ആ ചുണ്ടുകൾ ചലിച്ചു. "അല്ലാഹു" മന്ത്രസ്വനമായി ആ ശബ്ദം മുറി ഞ്ഞു. മൃത്യുവിന്റെ ദർശനം. ആ കണ്ണുകൾ എന്നെന്നേക്കുമായി അട ഞ്ഞു. മന്ദാനിലനെപ്പോലുള്ള ചുണ്ടുകളിൽ നിന്നും രത്നദീപ്തിയാർന്ന ആ തൂമന്ദഹാസം മാഞ്ഞുപോയി.

ഒരു യുഗം അസ്തമിച്ചു.

ഇത്രമേൽ സകല ഗുണങ്ങളും സമജ്ജസമായി സമ്മേളിച്ച ഒരു വ്യ ക്തിയെ തനിക്കിത് വരെ കാണാൻ കഴിഞ്ഞിട്ടില്ലെന്ന് കെ.എം.മൗലവി സാക്ഷ്യം പറഞ്ഞ, തനിക്കും അത്പോലെ മന്ദഹസിക്കുവാൻ കഴിഞ്ഞെ ങ്കിലെന്ന് പ്രശസ്തനായ വിദ്യാഭ്യാസ വിചക്ഷണനും എഴുത്തുകാരനു മായ പി.ടി.ഭാസ്ക്കരപ്പണിക്കർ കൊതിച്ച, പ്രവാചകന്റേതിന് തുല്യമായ ഹൃദയ സ്മിതമായിരുന്നു ആ അധരങ്ങളിലെന്ന് എൻ.വി.അബ്ദുസലാം മൗലവി സത്യപ്പെടുത്തിയ ആ സാത്വിക പ്രകാശം അണഞ്ഞു പോയി.

ക്ഷണനേരം കൊണ്ടാണ് വാർത്ത കാട്ടുതീപോലെ പരന്നത്. സ്പീ ക്കർ സീതിസാഹിബ് അന്തരിച്ചു. ആൾ ഇന്ത്യാ റേഡിയോ മറ്റു പ്രക്ഷേ പണ പരിപാടികൾ നിർത്തിവെച്ച് സീതിസാഹിബിന്റെ നിര്യാണ വാർ ത്ത പ്രക്ഷേപണം ചെയ്യാൻ തുടങ്ങി. സംസ്ഥാനം ഒട്ടാകെ ദുഃഖസാന്ദ്ര മായി. വാർത്തകൾ കേട്ട ജനങ്ങൾ തേങ്ങിക്കരഞ്ഞു. അവരുടെ കണ്ണു കൾ നിറഞ്ഞൊഴുകി.

സ്പീക്കറുടെ ഔദ്യോഗിക വസതിയിലേക്ക് വാഹനങ്ങൾ കുതിച്ചു. മന്ത്രിമാരും നേതാക്കളും എം.എൽ.എ മാരും ആ വീട്ടിലേക്ക് എത്താൻ ധൃതിപ്പെട്ടു. മരണവാർത്ത അറിഞ്ഞയുടനെ മുഖ്യമന്ത്രി പട്ടം താണുപി ള്ള എല്ലാം നിർത്തി വെച്ച് സീതിസാഹിബിന്റെ ജനാസ കാണുവാൻ ഓടിയെത്തി. സംസ്ഥാന സർക്കാറിന് വേണ്ടി മയ്യത്തിൽ പുഷ്പചക്രം അർപ്പിക്കപ്പെട്ടു. സംസ്ഥാനത്തൊട്ടാകെ അടുത്ത ദിവസം അവധിയായി രിക്കുമെന്ന സർക്കാർ അറിയിപ്പ് റേഡിയോ പ്രക്ഷേപണം ചെയ്തു. സീ തിസാഹിബിന്റെ ചെറുപ്പകാലം മുതല്ക്കുള്ള ചരിത്രം റേഡിയോ പ്ര ക്ഷേപണം ചെയ്യുന്നുണ്ടായിരുന്നു. സർക്കാർ ആപ്പീസുകളിൽ രാഷ്ട്ര പതാക പകുതി താഴ്ത്തി കെട്ടി. കറുത്ത കൊടികളാൽ നാട് നിറഞ്ഞു. സാനഡുവിന്റെ ചുമരിൽ ചാരി പൊട്ടിക്കരയുന്ന വിവിധ മതസ്ഥരായ ആളുകളെ കണ്ട് നിന്നവർപ്പോലും കരഞ്ഞുപോയി. ചീഫ് എഞ്ചിനീ യർ കുട്ട്യാമു സാഹിബിന്റെ നേതൃത്വത്തിൽ അനന്തര ചടങ്ങുകൾ നട ന്നു. മയ്യിത്ത് കുളിപ്പിച്ച് കഫൻ ചെയ്തു. ജനാസ നാട്ടിലേക്കെടുക്കുക യായി. രാത്രി പത്ത് മണിക്ക് മയ്യിത്ത് വഹിച്ചു കൊണ്ടുള്ള ആംബുലൻ സ് നിരവധി വാഹനങ്ങളുടെ അകമ്പടിയോടെ സാനഡു വിട്ടിറങ്ങി. ക

mappilaheritagelibrary.com

ണ്ണുകൾ വിട്ടിറങ്ങിയ കണ്ണീർ തുള്ളികളെപ്പോലെ അവിടെ കൂടിയിരുന്ന ജനങ്ങളും പുറത്തേക്കൊഴുകി. ജന്മദേശമായ കൊടുങ്ങല്ലൂരിലേക്കുള്ള അന്ത്യയാത്ര. ഒരു ജനതയുടെ ആത്മസാന്ത്വനത്തിനായി കൊടുങ്ങല്ലൂരിൽ നിന്നും യാത്ര തിരിച്ചു ശക്തി പ്രഭാ സുകൃതങ്ങളുടെ നിറവായി സ്വദേശത്തേക്ക് മടങ്ങുന്നു, നിത്യനിതാന്ത വിശ്രമത്തിനായി. വഴിമധ്യേ ആയിരങ്ങളാണ് ആ പുരുഷരത്നത്തിന് അവസാനത്തെ യാത്രാമൊഴി നേരാനെത്തിയത്. വഴിമധ്യേ പലയിടത്തും മയ്യിത്ത് നമസ്ക്കാരങ്ങൾ നടന്നു. മയ്യത്തിനോടൊപ്പം ചീഫ് എഞ്ചിനീയർ കുട്ട്യാമു സാഹിബ്, സഹോദരൻ കെ.എം.അലി, കെ.മൊയ്തീൻകുട്ടി ഹാജി, ടി.ഒ.ബാവ എന്നിവർ സഞ്ചരിച്ചു. കമ്മ്യൂണിസ്റ്റുകാരനായ ബാലചന്ദ്രമേനോൻ എം.എൽ.എ. പാതിരാ നേരത്ത് റീത്തുമായി സീതിസാഹിബിന് അഞ്ജലികളർപ്പിക്കാനായി കാത്തുനില്പുണ്ടായിരുന്നു. ഡി.എസ്.പി. ലത്തീഫിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പോലീസുകാർ മയ്യത്തിന് അകമ്പടിയായി. സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥരും മറ്റു പ്രമുഖരായ വ്യക്തികളും വാഹനങ്ങളിൽ തിരുവനന്തപുരത്ത് നിന്ന് കൊടുങ്ങല്ലൂർ വരെ ജനാസയെ അനുഗമിച്ചത് ആ പുണ്യ പുരുഷൻ ജനമനസ്സുകളിൽ എത്രമാത്രം ആഴത്തിലാണ് പതിഞ്ഞിരുന്നതെന്ന് തെളിയിക്കുന്നതായിരുന്നു. പല സ്ഥലങ്ങളിലും ജനങ്ങളുടെ അപേക്ഷ മാനിച്ച് അവരുടെ 'ദു ആക്ക്' വേണ്ടി വാഹനവ്യൂഹം നിർത്തേണ്ടി വന്നു. തലശ്ശേരിയിൽ മുനിസിപ്പാലിറ്റി സൈറണിലൂടെ ഇടതടവില്ലാതെ സീതിസാഹിബിന്റെ ചരമ വാർത്ത അറിയിക്കുന്നുണ്ടായിരുന്നു. തലശ്ശേരിയിൽ നിന്നും മുസ്ലിംലീഗ് നേതാവ് സി.കെ.ചെറിയ മമ്മുക്കേയിയുടെ നേതൃത്വത്തിൽ മുസ്ലിംലീഗ് നേതാക്കൾ കൊടുങ്ങല്ലൂരിലേക്ക് പുറപ്പെട്ടിരുന്നു. വഴിക്ക് അവർ 'ചന്ദ്രിക'യിൽ ഇറങ്ങി. കേട്ടതൊന്നും സത്യമാകരുതേ എന്ന പ്രാർത്ഥനയോടെ. ചന്ദ്രികയിലെത്തിയ അവർ സിലിണ്ടർ പ്രസ്സിന്റെ മെഷീനിൽ നിന്നും അച്ചടിച്ച് കൊണ്ടിരിക്കുന്ന ആ വലിയ കറുത്ത അക്ഷരങ്ങൾ കണ്ണീരിന്റെ ചില്ലു ജാലകങ്ങളിലൂടെ കണ്ടു. തേങ്ങലടക്കി അവരത് വായിച്ചു. സ്പീക്കർ സീതിസാഹിബ് അന്തരിച്ചു. രാത്രിയുടെ അന്ത്യയാമങ്ങളിൽപ്പോലും എറണാകുളത്ത് വസിച്ച ജനക്കൂട്ടം മയ്യിത്ത് കാണാൻ തടിച്ചു കൂടിയിരുന്നു. ഏപ്രിൽ 17 ന് മരണ ദിവസം സീതിസാഹിബ് അന്വേഷിച്ച തൃശൂർ ജില്ലാ സമ്മേളന നഗരിയിലൂടെ ആ ജനാസ നീങ്ങവെ, സമ്മേളന നഗരിയിലെ വിളക്ക് കാലുകളിൽ നിന്നും വിളറിയ വെളിച്ചം ആ വാഹന വ്യൂഹത്തിലേക്കൊഴുകി. രാവിലെ എട്ടര മണിക്ക് ജനാസ നമ്പൂരി മഠത്തിൽ കിടത്തി. ഹരിത സ്വപ്നങ്ങളുമായി ഈ വീട് വിട്ടിറങ്ങിയ സർഗ്ഗസമ്പന്നൻ പൂർണ്ണശാന്തിക്കായി ഇതാ മടങ്ങിയെത്തിയിരിക്കുന്നു. നമ്പൂതിരി മഠത്തിൽ ജനങ്ങൾ മനുഷ്യസാഗരം തീർക്കുകയായിരുന്നു. ഒരു നോക്ക് കാണാൻ പതിനായിരങ്ങൾ കാത്തുനിന്നു. മന്ത്രി ദാമോദര മേനോൻ, ലീലാദാമോദര മേനോൻ, മുഖ്യമന്ത്രി പട്ടംതാണുപിള്ള, ഡെപ്യൂട്ടി സ്പീക്കർ നഫീസത്ത് ബീവി, കെ.സി.എം.മേക്കർ, പബ്ലിക് സർവ്വീസ് ക

mappilaheritagelibrary.com

മ്മീഷൻ അംഗം കുഞ്ഞിപ്പക്കി സാഹിബ്, മന്ത്രിമാരായ കെ.വേലപ്പേൻ, ചന്ദ്രശേഖരൻ, പൗലൂസ് തുടങ്ങിയവർ മയ്യിത്തിനെ അനുഗമിച്ച് ഇതിന കം നമ്പൂതിരി മഠത്തിൽ എത്തിച്ചേർന്നിരുന്നു. ബാഫഖി തങ്ങൾ, ഖാഇ ദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബ്, സി.എച്ച്.മുഹമ്മദ് കോയ തുടങ്ങിയവരും കോഴിക്കോട്ടെയും തലശ്ശേരിയിലെയും വമ്പിച്ചൊരു പൗ രാവലിയും നമ്പൂതിരി മഠത്തിൽ എത്തിയിരുന്നു.

കണ്ണീരടക്കിക്കൊണ്ട് മുസ്ലിം ലീഗ് നേതാക്കൾ മയ്യിത്ത് കട്ടിൽ അ വരുടെ ചുമലിലേക്ക് ഏറ്റുവാങ്ങിക്കൊണ്ട് കബറിടത്തിലേക്ക് യാത്രയാ യി. മയ്യിത്ത് ചുമന്ന് നിന്ന സി.എച്ച്. അടക്കമുള്ള നേതാക്കൾ വഴി നീ ളെ കണ്ണീരൊഴുക്കുന്നുണ്ടായിരുന്നു. മുത്തുമണികളെപ്പോലെ ആ കണ്ണീർ മാലകൾ താഴെ വീണു ചിതറി. കണ്ട് നിന്നവരെപ്പോലും ആ കാഴ്ച ക രളലിയിപ്പിച്ചു. മയ്യിത്ത് കട്ടിലിന് മുമ്പിൽ കേരളത്തിന്റെ മുഖ്യമന്ത്രി പ ട്ടം താണുപിള്ളയടക്കമുള്ള മന്ത്രിമാർ പതുക്കെ നീങ്ങുന്നുണ്ടായിരുന്നു.

തൃശൂർ ഡിവൈഎസ്പി മുഹമ്മദിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം പോലീസ് തോക്ക് താഴ്ത്തിപിടിച്ച് ജനാസയെ അനുഗമിച്ചു. അഴീക്കോ ട് പുത്തൻപള്ളിയിലെത്തിയ മയ്യിത്തിന് മുമ്പിൽ ബാഫഖി തങ്ങൾ ആ ദ്യത്തെ മയ്യിത്ത് നമസ്ക്കാരത്തിന് നേതൃത്വം നൽകി. പള്ളിയിൽ സ്ഥ ലം മതിയാകാതെ വന്നപ്പോൾ പള്ളിമുറ്റവും കഴിഞ്ഞ് റോഡിലേക്കിറ ങ്ങി ജനങ്ങൾ മയ്യിത്ത് നമസ്കാരം നിർവ്വഹിച്ചു. തിളച്ചു മറിയുന്ന ഏ പ്രിൽ മാസത്തെ വെയിലിൽ നിന്ന് കൊണ്ട് മൂന്ന് തവണകളിലായി ആ യിരങ്ങളാണ് മയ്യിത്ത് നമസ്ക്കാരം നിർവ്വഹിച്ചത്.

നമസ്ക്കാരാനന്തരം മയ്യിത്ത് ഖബറിടത്തിലേക്കെടുത്തു. പോലീസ് തോക്കുകൾ ആകാശത്തേക്ക് ചൂണ്ടി ആചാരവെടികൾ മുഴക്കി.

സീതിസാഹിബിന്റെ വിയോഗത്തിൽ അനുശോചിച്ചു കൊണ്ട് രാജ്യ ത്തും വിദേശരാജ്യങ്ങളിലും യോഗങ്ങൾ ചേർന്നു. പള്ളികളിൽ കൂട്ട പ്രാർ ത്ഥനകൾ നടന്നു. മക്കയിലെ ഹറമിലും പാക്കിസ്താനിൽ കറാച്ചിയി ലും മയ്യിത്ത് നമസ്ക്കാരങ്ങൾ നടന്നു. ആരും ആഹ്വാനം ചെയ്യാതെ ത ന്നെ കടകമ്പോളങ്ങൾ അടഞ്ഞു കിടന്നു.

മയ്യിത്ത് ഖബറിലേക്ക് താഴ്ത്തവെ മുഖ്യമന്ത്രി പട്ടം താണുപിള്ള വി ങ്ങിക്കരഞ്ഞത് കണ്ട് നിന്നവരുടെ നിയന്ത്രണങ്ങളും പൊട്ടിച്ചു. വിഷാദ ഭരിതമായ അന്തരീക്ഷത്തിൽ നിശ്ശബ്ദ നിലവിളികൾ മാത്രം. ഖബറി ന്റെ ആഴങ്ങളിലേക്ക് വിടവാങ്ങവെ ആ തേജോമയൻ അവിടെ കൂടിയി രുന്നവരുടെ ഖൽബുകളിൽ ചെരാതായി സ്മൃതിദീപമായി മിഴി തുറക്കു കയായിരുന്നു. കേരളം കണ്ട എക്കാലത്തേയും മഹിതജന്മങ്ങളിൽ മ ഹർഷിതുല്യനായിരുന്ന സൗമ്യസുന്ദരൻ ഓർമ്മകളുടെ മധുരക്കടലായി.

mappilaheritagelibrary.com

ഗ്രന്ഥരചനയ്ക്ക് സഹായകരമായ പുസ്തകങ്ങൾ

1 മക്തി തങ്ങളുടെ ജീവചരിത്രം
കെ.കെ.മുഹമ്മദ് അബ്ദുൽ കരീം
2 കേരള മുസ്ലിം ചരിത്രം
പി.എ. സെയ്തുമുഹമ്മദ്
3 മുഹമ്മദ് അബ്ദുറഹിമാൻ:എസ്.കെ. പൊറ്റക്കാട്
പി.പി. ഉമ്മർകോയ,എൻ.പി.മുഹമ്മദ്, കെ.എ.കൊടുങ്ങല്ലൂർ
4 മൂസ്ലിം രാഷ്ട്രീയത്തിന്റെ നൂറ്വർഷങ്ങൾ
എം.സി. വടകര
5 സീതിസാഹിബ് സ്മാരക ഗ്രന്ഥം
6 സീതി സാഹിബ്
ടി.എം.സാവാൻകുട്ടി
7 ശേറെ കേരള സീതിസാഹിബ്
കെ.കെ.മുഹമ്മദ് അബ്ദുൽ കരീം
8 സീതി സാഹിബ്
അബുസിദ്ദീഖ്
9 കെ.എം. സീതി സാഹിബ്
എം.ആലിക്കുഞ്ഞി
10 സീതിസാഹിബ്
എ.എം. കുഞ്ഞിബാവ
11 സീതിസാഹിബിന്റെ ഓർമ്മക്കുറിപ്പുകൾ: അബു സിദ്ദീഖ്
കെ.പി. ഷംസുദീൻ തിരൂർക്കാട്
12. സീതിസാഹിബിന്റെ ലേഖനങ്ങൾ
13 സി.എച്ച്.മുഹമ്മദ്കോയ: രാഷ്ട്രീയ ജീവചരിത്രം
എം.സി.വടകര

mappilaheritagelibrary.com

mappilaheritagelibrary.com

നേതൃസ്മൃതി

കെ.എം. സീതിസാഹിബ്

പി. ഖാലിദ്

എല്ലാ പ്രശസ്തികളെയും താരാ യുഗവും
പുനരാലോചനയ്ക്കുവിധേയമാക്കുന്നു.
മാറ്റി പ്രതിഷ്ഠിക്കപ്പെടുന്നതിലൂടെ
അപൂർവം മനുഷ്യരെ മാത്രമേ
ചരിത്രത്തിനു ഉയർത്തിക്കാണിക്കാനുള്ളൂ.

-- എമേഴ്സൺ

കേരളീയജീവിതത്തെ സ്വാധീനിച്ച അതുല്യവ്യക്തിയായിരുന്നു കെ.എം. സീതിസാഹിബ് (1898-1961). സ്വാതന്ത്ര്യസമരസേനാനി, നിയമസഭാസാമാജികൻ, സ്പീക്കർ, ഉജ്ജ്വല വാഗ്മി, എഴുത്തുകാരൻ, സമുന്നത മുസ്ലിംലീഗ് നേതാവ്, വിദ്യാഭ്യാസ പ്രവർത്തകൻ എന്നീ നിലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. അനുകരണീയമായിരുന്നു ആ വ്യക്തിവൈശിഷ്ട്യം. നവോത്ഥാനനായകനായ ആ മഹാമനീഷിയെ പത്രപ്രവർത്തകനും കഥാകാരനുമായ പി. ഖാലിദ് ആർദ്ര മനോഹരമായി വരച്ചിടുന്നു ഈ കൃതിയിൽ.

വില : 260.00

ജീവചരിത്രം

Grace books

ISBN – 978-81-928952-0-8

9 788192 895208

കെ. എം സീതി സാഹിബ്

പി. ഖാലിദ്